# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

### 2017 മാർച്ച് 16, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 165 - നമ്പർ 15

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

2017 മാർച്ച് 16, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

805/2019

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....26
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....72

**II അടിയന്തരപ്രമേയം**

വിജിലൻസ് ഡയറക്ടർക്കെതിരെയുള്ള ആരോപണങ്ങൾ

(അവതരണാനുമതി നിഷേധിച്ചു) ....282

**III ശ്രദ്ധ ക്ഷണിക്കൽ**

1. മരുന്നുകളുടെ ജനറിക് നാമം

— ശ്രീ. ഇ.കെ. വിജയൻ ....299

2. രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം

— ശ്രീ. അനൂപ് ജേക്കബ് ....302

**IV സബ്മിഷൻ**

1. ബാലികയുടെ ആത്മഹത്യ

പ്രതിപക്ഷനേതാവ്(ശ്രീ. രമേശ് ചെന്നിത്തല) ....305

2. കെട്ടിട നിർമ്മാണത്തിനുള്ള തടസ്സങ്ങൾ

—ശ്രീ. എസ്. രാജേന്ദ്രൻ ....307

3. പെൺകുട്ടിയെ കാണാതായ സംഭവം

—ശ്രീ. പി. ടി. തോമസ് ....308

4. വേമ്പനാട്ട് കായൽ വികസന അതോറിറ്റി

— ശ്രീ. ജോൺ ഫെർണാണ്ടസ് ....310

പേജ്

5. കോട്ടയം ക്യാമ്പസിലെ അക്രമം

— ശ്രീ. എ. എൻ. ഷംസീർ ....312

6. പ്രായപരിധി ഉയർത്തൽ

— ശ്രീ. എ. എം. ആരിഫ് ....315

7. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

— ശ്രീ. എൽദോസ് കുന്നപ്പിള്ളി ...316

8. ധനസഹായം

—ശ്രീ. ബി. സത്യൻ ....317

9. ബണ്ട് നിർമ്മാണം

—ശ്രീ. സി. കൃഷ്ണൻ ....318

10. പെർമിറ്റ് ഇല്ലാത്ത പ്രൈവറ്റ് ബസ് സർവ്വീസ്

—ശ്രീമതി വീണാ ജോർജ്ജ് ...319

11. നിർമ്മാണ മേഖലയിലെ സ്തംഭനം

—ശ്രീമതി പി. അയിഷാ പോറ്റി ....321

12. കളിമണ്ണിന്റെ ദൗർലഭ്യം

—ശ്രീ. വി. കെ. സി. മമ്മത് കോയ ....323

13. മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും തുറമുഖ നിർമ്മാണവും

—ശ്രീ. വി.എസ്. ശിവകുമാർ ...327

14. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ

—ശ്രീ. ആർ. രാമചന്ദ്രൻ ....330

*പേജ്*

15. കെട്ടിട നിർമ്മാണം

—ശ്രീ. എൻ. ഷംസുദ്ദീൻ ...333

16. ശുചീകരണ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ

—ശ്രീ. എം. നൗഷാദ് .... 335

17. കെ. എസ്. ഇ.ബി. -യുടെ പ്രവർത്തനം

—ശ്രീ. പി. സി. ജോർജ് ....336

18. കരാർത്തൊഴിലാളി സംരക്ഷണ നിയമം

—ശ്രീ. റോഷി അഗസ്റ്റിൻ ....339

19. നാലുവരിപ്പാത നിർമ്മാണം

—ശ്രീ. ബി. ഡി. ദേവസ്സി ....341

**V ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന**

1. കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, 2016

—ശ്രീ. എൻ. ഷംസുദ്ദീൻ ...344

2. കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) റൂൾസ്, 2016

—ശ്രീ. പി. ഉബൈദുള്ള ...348

3. 2016-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) പദ്ധതി

—ശ്രീ. വി.ഡി. സതീശൻ ...352

4. 2016-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) ചട്ടങ്ങൾ

—പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ...354

5. 2017-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) പദ്ധതി

—ശ്രീ. വി. ഡി. സതീശൻ ....356

**VI ക്രമപ്രശ്നം**

1. ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

—ശ്രീ. എൻ. ഷംസുദ്ദീൻ ...357

2. ആന്വൽ സ്റ്റേറ്റ്മെന്റും ആഡിറ്റ് റിപ്പോർട്ടും യഥാസമയം സമർപ്പിക്കുന്നത് സംബന്ധിച്ച്.

— ശ്രീ. പി. ടി. തോമസ് ...360

**റൂളിംഗ്**

**VII നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

i. 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ ....364

ii. 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ ....371

iii. 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ ...392

എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ...405

iv. 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ...408

**VIII അവകാശലംഘന പ്രശ്നങ്ങൾ** ....408

**IX പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

**X അവലോകനം** ...409

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

*2017 മാർച്ച് 16, വ്യാഴം*

വാല്യം 165] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 2017 മാർച്ച് മാസം 16-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *361

### വ്യാവസായിക പരിശീലന ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ

1(*361) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ ഐ.ടി.ഐ.-കൾ 'കിഫ്ബി' പദ്ധതിയിൽ ഉൾപ്പെടുത്തി അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പുതുതായി ആരംഭിച്ച ഐ.ടി.ഐ.കളിൽ പുതിയ ട്രേഡുകൾ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) ഉണ്ട്.

(ബി) വിവരങ്ങൾ ചുവടെ ചേർക്കുന്നു:

(a) കാലഹരണപ്പെട്ടതും തൊഴിൽ സാധ്യത ഇല്ലാത്തതുമായ ട്രേഡുകൾ നിർത്തലാക്കി തൊഴിൽ സാധ്യതയുള്ള കാലത്തിന് യോജിച്ച ട്രേഡുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചു.

(b) തിരുവനന്തപുരം ജില്ലയിലെ ചാക്ക ഐ.ടി.ഐ., കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ഐ.ടി.ഐ. എന്നിവയെ അന്താരാഷ്ട്ര നിലവാരമുള്ളവയാക്കി മാറ്റുന്നതിന് 7,99,83,914 (ഏഴുകോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി എൺപത്തി മൂവായിരത്തി തൊള്ളായിരത്തി പതിനാല്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(c) 10 ഐ.ടി.ഐ-കൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിന് നടപടികൾ കൈക്കൊണ്ടു.

(d) ഐ.ടി.ഐ.-കളെ KASE, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് എന്നിവയുമായി ബന്ധപ്പെടുത്തി പ്ലേസ്മെന്റ് ലിങ്ക്ഡ് എംപ്ലോയബിലിറ്റി പ്രോഗ്രാമിന് (PLEP) രൂപം നൽകിയിട്ടുണ്ട്.

(e) പുതിയ 9 ഐ.ടി.ഐ.-കൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു.

(f) പോഷകാഹാര പദ്ധതിയും ഉച്ചഭക്ഷണ പദ്ധതിയും കൂടുതൽ മെച്ചപ്പെടുത്തി.

(g) കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) മുഖേന 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾക്ക് രൂപം നൽകി.

(സി) ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 ഐ.ടി.ഐ.-കളെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ (KIIFB) ധനസഹായത്തോടെ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.-കളാക്കി മാറ്റുന്നതിന് 228,92,31,600 (ഇരുന്നൂറ്റി ഇരുപത്തെട്ടുകോടി തൊണ്ണൂറ്റിരണ്ട് ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി അറുന്നൂറ്) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിന് സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ M/s KASE (Kerala Academy for Skill Excellence) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ ആരംഭിച്ച പുതിയ ഐ.ടി.ഐ.-യിൽ ഡ്രാഫ്റ്റ്സ്മാൻ/ സിവിൽ, മെക്കാനിക്കൽ അഗ്രികൾച്ചർ മെഷീനറി എന്നീ ട്രേഡുകൾ അനുവദിച്ച് ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിന് വ്യാവസായിക പരിശീലന വകുപ്പ് ലഭ്യമാക്കിയിട്ടുള്ള ശിപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, വ്യാവസായിക പരിശീലനം ഉദ്ദേശിച്ചുകൊണ്ട് നടപ്പാക്കുന്ന ഐ.ടി.ഐ.-കളിലെ കോഴ്സുകൾ കാലാനുസൃതമാക്കുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുവെന്നുള്ളത് അഭിനന്ദനാർഹമാണ്. വ്യവസായ മേഖലയുമായി കുട്ടികൾക്ക് നേരിട്ട് ബന്ധപ്പെടാനും അവരുടെ കഴിവും പരിചയവും വർദ്ധിപ്പിക്കാനും സാധിക്കുന്ന തരത്തിൽ 'ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് ഇന്ററാക്ഷൻ' പോലുള്ള ഒരു പ്രോഗ്രാം പ്ലാൻ ചെയ്യുന്നതിനും ഫലപ്രദമായി നടപ്പാക്കുന്നതിനും തയ്യാറാകുമോ;

<u>ശ്രീ. ജി. സുധാകരൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ വിഷയം പരിശോധിക്കാം. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രധാനപ്പെട്ട ന്യൂനതയാണ് ചോദ്യത്തിന്റെ ആദ്യഭാഗത്തിൽ പരാമർശിച്ചത്. ഐ.ടി.ഐ., ഡിപ്ലോമ, എഞ്ചിനീയറിംഗ് കോഴ്സുകൾ പഠിക്കുന്നവർക്കും പ്രൊഫഷണൽ സ്ഥാപനങ്ങൾക്കും നിലവിലുള്ള വ്യാവസായിക സ്ഥാപനങ്ങളുമായോ ടെക്നോപാർക്കുമായോ ഇന്ററാക്ഷനുള്ള അനുമതി ഇതുവരെ നൽകിയിട്ടില്ല. ടെക്നോപാർക്ക് സ്ഥാപിക്കുമ്പോൾ കേരള യൂണിവേഴ്സിറ്റി കൊടുത്ത ഒരു കണ്ടീഷൻ സ്റ്റുഡന്റ്സിന് ഇന്ററാക്ഷന് അവസരം നൽകണമെന്നതായിരുന്നെങ്കിലും അത് ഇതുവരെ കൊടുത്തിട്ടില്ല. ഇതെല്ലാം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, വ്യാവസായിക മേഖലപോലെതന്നെ വളരെ പ്രധാനമാണ് കാർഷിക മേഖലയും. കാർഷിക മേഖല ലാഭകരമാകുന്നതിന് ഉൽപ്പാദന ചെലവ് കുറയേണ്ടതുണ്ട്. ഉൽപ്പാദന ചെലവ് കുറയ്ക്കാനുള്ള ഏക മാർഗ്ഗം ആധുനിക യന്ത്രസാമഗ്രികൾ ഉപയോഗിക്കുക എന്നുള്ളതാണ്. സംസ്ഥാന കൃഷി വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമുൾപ്പെടെ വ്യത്യസ്ത മേഖലകളിൽനിന്നും ധാരാളം ധനസഹായം കാർഷികോപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടി വകയിരുത്താറുണ്ട്. ഇത്തരം കാർഷികോപകരണങ്ങൾ ഒരിക്കൽ കേടായാൽ പിന്നീടത് നന്നാക്കുക അസാദ്ധ്യമായി തീരുകയും അതുപേക്ഷിക്കപ്പെടുകയും ചെയ്യുന്ന നിലയാണുള്ളത്. നമുക്ക് മെക്കാനിക്കൽ അഗ്രികൾച്ചർ മെഷീനറി എന്ന ട്രേഡുണ്ട്. പേരാമ്പ്രയിൽ ആരംഭിച്ച പുതിയ ഐ.ടി.ഐ.-യിൽ ഈ കോഴ്സ് തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടെന്ന് മന്ത്രി ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. പേരാമ്പ്രയിൽ ഉൾപ്പെടെ വന്നാൽപ്പോലും കേരളത്തിലാകെ 3 ഐ.ടി.ഐ.-കളിൽ മാത്രമാണ് ഈ കോഴ്സ് ഉണ്ടാകുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ കാർഷിക മേഖലയെ സഹായിക്കാൻ സാധിക്കുന്ന മെക്കാനിക്കൽ അഗ്രികൾച്ചർ മെഷീനറി ട്രേഡ് മറ്റ് ഐ.ടി.ഐ.-കളിൽക്കൂടി ആരംഭിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, കൃഷിയും വ്യവസായവും തമ്മിലുള്ള ബന്ധമില്ലായ്മയാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു തകരാറായി നമ്മളെല്ലാവരും ചൂണ്ടിക്കാണിക്കുന്നത്. ഐ.ടി.ഐ.-കൾ പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പഠിക്കുന്നവരുടെ പ്രൊഫഷണൽ സ്കിൽ കാർഷിക മേഖലയുടെ ആധുനികവൽക്കരണത്തിനും ശാസ്ത്രവൽക്കരണത്തിനും ഉൽപ്പാദനവൽക്കരണത്തിനും പ്രയോജനപ്പെടുത്തുന്നത് ആലോചിക്കേണ്ടതും ചെയ്യേണ്ടതുമായ കാര്യമാണ്. അതേപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നതാണ്. റെയ്ഡ്കോപോലുള്ള സ്ഥാപനങ്ങളുണ്ട്. നല്ല കാർഷികയന്ത്രങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളും ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. എ. എം. ആരിഫ്: സർ, നമ്മുടെ നാട്ടിൽ ഐ.ടി.ഐ. പാസ്സായ നിരവധിപേർ തൊഴിലന്വേഷകരായി അലയുമ്പോൾ ധാരാളം തൊഴിൽ സംരംഭകർ വിദഗ്ദ്ധ തൊഴിലാളികളെ തിരഞ്ഞ് നടക്കുകയാണ്. ഇവർ തമ്മിൽ കണ്ടുമുട്ടുന്നമില്ല. നമ്മുടെ നാട്ടിലും മറുനാട്ടുകളിലും പ്രവർത്തിക്കുന്ന വ്യവസായ സംരംഭങ്ങളെക്കുറിച്ച് പഠിക്കുകയും അവയ്ക്കാവശ്യമായ വിദഗ്ദ്ധ തൊഴിലാളികളെ സംഭാവന ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള ട്രേഡുകൾ ആരംഭിക്കുക യെന്നതാണ് പ്രധാനം. കാലഹരണപ്പെട്ട ട്രേഡുകൾ മാറ്റി കാലാനുസൃതമായ

പുതിയ കോഴ്സുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നുവെന്ന് അങ്ങയുടെ ഉത്തരത്തിലെ 'എ' പിരിവിൽ പറയുന്നുണ്ട്. എന്നാൽ ചില ട്രേഡുകളിൽ തുടർന്നുള്ള പഠനം വേണ്ടിവരും. ഐ.ടി.ഐ. പാസ്സായി വരുന്ന കുട്ടികൾക്ക് പ്രത്യേക സംവരണം നൽകി തുടർന്ന് പഠിപ്പിക്കേണ്ടതായി വരും. എന്റെ മണ്ഡലത്തിൽ അരൂരിലെ കെൽട്രോണിൽ കെൽടാക് എന്ന ഒരു സ്ഥാപനമുണ്ട്. അവിടെയുള്ള 'ടൂൾ ആന്റ് ഡൈ മേക്കിംഗ് കോഴ്സ് പഠിച്ച് പുറത്തുവരുന്ന മുഴുവൻ പേർക്കും പ്ലേസ്മെന്റാണ്. അത്തരത്തിൽ സ്ഥാപനങ്ങൾക്കനുയോജ്യമായ തൊഴിലാളികളെ സംഭാവന ചെയ്യുന്നതിനായി സ്ഥാപനങ്ങളെക്കുറിച്ച് പഠിച്ച് അതിനാവശ്യമായ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട 4 മെമ്പർമാരുടെ ചോദ്യങ്ങളിലും ഗവൺമെന്റിന്റെ ഉത്തരത്തിലും കാലത്തിനനുസൃതമായ കോഴ്സുകൾ കൊണ്ടുവരുന്നതിനാണ് ഊന്നൽ നൽകുന്നത്. കെൽട്രോണിന്റെ കോഴ്സുകൾക്ക് പ്രാധാന്യം നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കും. നമ്മുടെ ഇപ്പോഴത്തെ വ്യവസ്ഥിതിയുടെ ഭാഗമായിട്ടാണ് ഐ.ടി.ഐ., പോളിടെക്നിക് എന്നിവിടങ്ങളിൽ പഠിക്കുന്നവർക്ക് തൊഴിലില്ലായ്മ ഉണ്ടാകുന്നത്. എഞ്ചിനീയർമാരേക്കാൾ കൂടുതലായി താഴ്ന്നതലങ്ങളിൽ പ്രയോജനപ്പെടുത്തേണ്ടത് ഐ.ടി.ഐ., പോളിടെക്നിക് എന്നിവിടങ്ങളിൽ പഠിച്ച ആളുകളെയാണ്. അതിനെല്ലാം പ്രാധാന്യം നൽകുന്ന പുതിയ സമീപനമാണ് ഈ ഗവൺമെന്റിനും വകുപ്പിനുമുള്ളത്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആധുനിക സാങ്കേതികവിദ്യയുടെ പുതിയ സാധ്യതകൾ സ്വീകരിക്കേണ്ടത് ഐ.ടി.ഐ.-കളിലെ നിലവിലുള്ള കോഴ്സുകളുടെ നവീകരണത്തിന് അനിവാര്യമാണ്. അതിനാവശ്യമായ ഉപകരണങ്ങളും യന്ത്രസാമഗ്രികളും പർച്ചേസ് ചെയ്യാൻ വകുപ്പ് മുൻകയ്യെടുക്കുകയും വാങ്ങി നൽകുകയും ചെയ്യുന്നുണ്ട്. എന്നാൽ ആ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം ഇൻസ്ട്രക്ടർമാർക്ക് നൽകാനോ തുടർ സർവ്വീസ് ലഭ്യമാക്കാനോ ശ്രദ്ധിക്കുന്നില്ല. എന്റെ മണ്ഡലത്തിലെ കുഴൽമന്ദം ഐ.ടി.ഐ.-യിൽ 'ഫിറ്റർ' കോഴ്സിനുവേണ്ടി 2012-ൽ 'കമ്പ്യൂട്ടറൈസ്ഡ് ന്യൂമെറിക് കൺട്രോൾ മെഷീൻ' വാങ്ങിച്ചു. അവിടെ മാത്രമല്ല, കോടിക്കണക്കിന് രൂപ ചെലവഴിച്ച് കേരളത്തിലെ വിവിധ ഐ.ടി.ഐ.കളിൽ വാങ്ങിച്ചു. അത് പിന്നീട് ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ പരിശീലനം ഇൻസ്ട്രക്ടർമാർക്ക് നൽകുന്നതിനോ സർവ്വീസിംഗിനോ ഇത് വിതരണം ചെയ്ത കമ്പനി പിന്നീട് തയ്യാറായിട്ടില്ല. ഇത്തരം പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ മുൻകയ്യെടുക്കുമോ; സമയബന്ധിതമായി ഇത്തരം ആധുനിക യന്ത്രോപകരണങ്ങൾ പരിശീലിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച പ്രശ്നം ദീർഘകാലമായി ഉള്ളതാണ്. നമ്മുടെ കെടുകാര്യസ്ഥതയുടെയും അലംഭാവത്തിന്റെയും ഭാഗമായിട്ടാണ് വാങ്ങിയ ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാതിരിക്കുന്നത്. ഇതിന് പരിഹാരമുണ്ടാക്കാനാണ് 'കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്' സ്ഥാപിച്ചിട്ടുള്ളത്. ആ സ്ഥാപനംവഴി ഇതിനെല്ലാം പരിഹാരം കാണാൻ കഴിയും.

ശ്രീ. ഐ. ബി. സതീഷ്: സർ, സംസ്ഥാനത്തെ ഐ.ടി.ഐ.കളിൽ 70,000-ത്തോളം വിദ്യാർത്ഥികളാണ് ഓരോ വർഷവും പഠനം കഴിഞ്ഞ് പുറത്തിറങ്ങുന്നത്. അവർക്ക് പുതിയ കാലത്തെ തൊഴിൽ പഠന സാധ്യതകൾ പരിചയപ്പെടുത്തുന്ന തരത്തിൽ 'ഗൈഡൻസ് സെന്ററുകൾ' ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഗൈഡൻസ് സെന്ററുകളെപ്പറ്റി ഗവൺമെന്റ് പരിശോധിക്കാം. 'കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ്' എന്ന സ്ഥാപനത്തിന്റെ സേവനം പൂർണ്ണമായും എല്ലാ അസംബ്ലി മണ്ഡലങ്ങളിലും പ്രയോജനപ്പെടുത്താൻ കത്തുകൾ ലഭ്യമാക്കുന്നുണ്ട്. അതിന്മേൽ തുടർനടപടികൾ കൂടി സ്വീകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് സാം പിട്രോഡ ചെയർമാനായി സ്കിൽ ഡെവലപ്മെന്റിന് ഒരു കമ്മീഷനെ വയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് എല്ലാ സംസ്ഥാനങ്ങൾക്കും നൽകുകയും ചെയ്തിരുന്നു. അതിന് കേന്ദ്രസഹായവുമുണ്ട്. കൂടുതൽ സ്കിൽ ഡെവലപ്മെന്റ് ഉണ്ടാക്കുകയെന്നുള്ളതാണ് അതിന്റെ ഉദ്ദേശം. അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പോളിടെക്നിക്കുകൾ, ഐ.റ്റി.ഐ.കൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് കൂടുതൽ സാങ്കേതിക മികവുണ്ടാക്കാനും തൊഴിൽ അവസരങ്ങൾകൂടി കണക്കിലെടുത്തു കൊണ്ട് കൂടുതൽ കോഴ്സുകൾ ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, അങ്ങയുടെ ഉപചോദ്യം ഒരു മെയിൻ ചോദ്യമായതുകൊണ്ട് എല്ലാ കാര്യങ്ങൾക്കും നോട്ടീസില്ലാതെ മറുപടി പറയാൻ കഴിയില്ല. എങ്കിലും അങ്ങ് പറഞ്ഞ കമ്മിറ്റി പ്രസിദ്ധമായൊരു കമ്മിറ്റിയാണ്. അത് കേരളത്തിൽ ചർച്ച ചെയ്യപ്പെട്ടതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് കേരള അക്കാദമി ഫോർ സ്കിൽ എക്സലൻസ് സ്ഥാപിച്ചിരിക്കുന്നത്. അതൊരു പ്രധാനപ്പെട്ട സ്ഥാപനമാണ്. പിന്നീട് ആധുനികവൽക്കരിക്കാനും ശാസ്ത്രസാങ്കേതിക വിദ്യകൾ കൊണ്ടുവരാനുമുള്ള എല്ലാ നടപടികളും അതിന്റെ ഭാഗമായിട്ടും അല്ലാതെയും ഗവൺമെന്റ് സ്വീകരിച്ചുവരുന്നു. കഴിഞ്ഞ ഗവൺമെന്റും പലതും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എൽദോ എബ്രഹാം : സർ, 2006 വരെ സംസ്ഥാനത്ത് ആകെ 33 ഗവൺമെന്റ് ഐ.റ്റി.ഐ.-കളാണ് ഉണ്ടായിരുന്നത്. എന്നാൽ 2006 മുതൽ 2011 വരെയുള്ള എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ് പുതിയ ഐ.റ്റി.ഐ.-കൾ തുടങ്ങുന്ന കാര്യത്തിൽ വിപ്ലവകരമായ മാറ്റം കേരളത്തിലുണ്ടായത്. പുതിയ ഗവൺമെന്റ് 46 ഐ.റ്റി.ഐ.-കൾ സംസ്ഥാനത്ത് ആരംഭിച്ചു. അങ്ങനെ മൊത്തം 79 ഐ.റ്റി.ഐ.-കളായി. ജീവനക്കാരുടെ അപര്യാപ്തത സംസ്ഥാനത്തെ ഐ.റ്റി.ഐ.-കളിൽ ഇന്ന് നിലനിൽക്കുകയാണ്. ഈ വിഷയം പരിഹരിക്കാൻ ഗവൺമെന്റ് ഇടപെടുമോ? ഇപ്പോഴും ഐ.റ്റി.ഐ.കളിൽ പഴയകാലത്തെപ്പോലെതന്നെ അപേക്ഷകൾ നൽകുന്നതിന് വേണ്ടത്ര സൗകര്യങ്ങളില്ല. ഐ.റ്റി.ഐ. പ്രവേശനത്തിന്റെ കാര്യത്തിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുമോ? ഒരു കാര്യംകൂടി ചോദിക്കട്ടെ.

മി. സ്പീക്കർ : നോ..നോ. അങ്ങനെ മൂന്ന് ചോദ്യം ഒരുമിച്ച് ചോദിക്കാൻ പാടില്ല. പ്ലീസ്.

ശ്രീ. എൽദോ എബ്രഹാം : സർ, പുതിയ ഏതെങ്കിലും മെഷിനറികൾ വന്നാൽ പഴയവ മാറ്റുന്നതിനോ ഉള്ളവയ്ക്ക് മെയിന്റനൻസ് നടത്തുന്നതിനോ സർക്കാർ ഐ.റ്റി.ഐ.കളിൽ സൗകര്യങ്ങളില്ല. ഇക്കാര്യത്തിൽ വളരെ ഗൗരവതരമായ ഇടപെടൽ സർക്കാർ നടത്തുമോ?

ശ്രീ. ജി. സുധാകരൻ : സർ, ഇക്കാര്യത്തിൽ വളരെ ഗൗരവതരമായ ഇടപെടലുകൾ നടത്തിവരികയാണ്. അതീവ പ്രാധാന്യമുള്ള സാങ്കേതിക മേഖലയാണിത്. ഐ.റ്റി.ഐ.-കളെ ആധുനികവൽക്കരിക്കാൻ ഇപ്പോൾ 240 കോടി രൂപ നീക്കിവച്ചിരിക്കുകയാണ്. ഇനിയും ഐ.റ്റി.ഐ.കൾ കൊണ്ടുവരേണ്ടതായിട്ടുണ്ട്. ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കും. ഐ.റ്റി.ഐ. വിദ്യാഭ്യാസത്തിനും പോളിടെക്നിക് വിദ്യാഭ്യാസത്തിനും മുന്തിയ പ്രാധാന്യം കൊടുക്കണമെന്നുള്ള സാങ്കേതിക ഉപദേശം കേരളത്തിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, കൃഷി വകുപ്പും ഐ.റ്റി.ഐ.യും കൂടിച്ചേർന്ന് അഗ്രികൾച്ചർ സ്കിൽ ഡെവലപ്മെന്റ് സെന്റർ, പോളിഹൗസ്, വെർച്വൽ ഫാമിംഗ്, ഹൈ ബ്രിഡ് വിത്തുണ്ടാക്കൽ, പ്രോസസ്സിംഗ് മുതലായ യൂണിറ്റുകളിൽ ധാരാളം തൊഴിൽ സാധ്യതയുണ്ട്. കേരളത്തിലും വിദേശത്തുമടക്കം ഈ ട്രേഡ് പാസ്സായ ആളുകൾക്ക് വലിയ ഡിമാന്റുണ്ട്. അങ്ങനെ കൃഷി വകുപ്പുമായി ചേർന്നുകൊണ്ട് അഗ്രികൾച്ചർ സ്കിൽ ഡെവലപ്മെന്റ് സെന്റർ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ജി. സുധാകരൻ: സർ, തീർച്ചയായും. ആധുനിക കാർഷിക സാങ്കേതിക വിദ്യ പരീക്ഷിക്കുന്ന ഒരു കർഷകനെന്ന നിലയിലാണ് അങ്ങ് സംസാരിച്ചത്. ഇത് ഗവൺമെന്റ് ഗൗരവമായി കാണും. കൃഷിയാണ് ഏറ്റവും പ്രധാനം. നാല് സുസ്ഥിര വികസന പദ്ധതികളിൽ ഒന്നാമത്തേത് ഹരിത കേരളമാണ്. ഇത്തരം പദ്ധതികൾ പരിശോധിക്കാനും നടപ്പിലാക്കാനും ഗവൺമെന്റിന് വളരെയേറെ സന്തോഷമുണ്ട്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, 2006- ൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് തൃപ്പൂണിത്തുറ മണ്ഡലത്തിൽപ്പെട്ട മരടിൽ ഒരു ഐ.റ്റി.ഐ. ആരംഭിച്ചത്. ഇപ്പോൾ മരട് ഐ.റ്റി.ഐ. വളരെ മോശമായ സ്ഥിതിയിലാണ് പ്രവർത്തിക്കുന്നത്. അത് മെച്ചപ്പെടുത്താനും പുതിയ കോഴ്സുകൾ ആരംഭിക്കാനും അങ്ങയുടെ ഭാഗത്തുനിന്നും നടപടിയുണ്ടാകുമോ?

ശ്രീ. ജി. സുധാകരൻ : സർ, അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന നിരവധി ഐ.റ്റി.ഐ.-കളുണ്ട്. സമ്മർദ്ദങ്ങളുടെയും പ്രാദേശികാവശ്യങ്ങളുടെയും അടിസ്ഥാനത്തിൽ ഐ.റ്റി.ഐ.കൾ സ്ഥാപിച്ചതിന്റെ അസന്തുലിതാവസ്ഥയുണ്ട്. ചിലപ്പോൾ അങ്ങനെ ഗവൺമെന്റിന് ഐ.റ്റി.ഐ.കൾ അനുവദിക്കേണ്ടിവരും. സ്ഥലമില്ല, സ്വന്തം കെട്ടിടമില്ല. ഒരുപാട് പ്രശ്നങ്ങളുണ്ട്. ഇത്തരത്തിലുള്ള എല്ലാ പ്രശ്നങ്ങളും പരിഹരിച്ച് ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ എല്ലാ ഐ.റ്റി.ഐ.കളേയും മുന്നോക്കം കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങ് പറഞ്ഞ ഐ.റ്റി.ഐ.യും അതിനകത്ത് വരും.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, നമ്മുടെ സമൂഹത്തിൽ യന്ത്രങ്ങൾ ആധുനികവൽക്കരിക്കുകയും പുതിയ ടെക്നോളജി വരികയും ചെയ്യുമ്പോൾ, വാങ്ങി സൂക്ഷിക്കുന്ന യന്ത്രങ്ങൾ കേടായാൽ കേരളത്തിൽ അത് പണിചെയ്യാനുള്ള ആധുനികമായ അറിവ് നമ്മുടെ ഐ.റ്റി.ഐ.-കളിൽ നിന്ന് പഠിച്ചിറങ്ങുന്നവർക്ക് കുറവാണ്. ഒരു ഉദാഹരണം പറഞ്ഞാൽ കൊയ്ത്ത്-മെതി യന്ത്രത്തിന് ചെറിയ കേടുവന്നാൽപ്പോലും അത് പൂർവ്വസ്ഥിതിയിലാക്കാൻ വളരെ പ്രയാസമാണ്. ആധുനിക കാലത്ത് ആ ടെക്നോളജിയിൽ നമ്മുടെ ഐ.റ്റി.ഐ. പാസ്സായ കുട്ടികൾക്ക് തുടർ പരിശീലനം കൊടുക്കുന്നതിനും ഐ.റ്റി.ഐ.യിൽ അവസാനത്തെ ആറുമാസക്കാലമെങ്കിലും ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ പരിശീലനം കൊടുക്കുന്നതിനുള്ള പഠന സംവിധാനം സിലബസ്സിൽതന്നെ ഉൾപ്പെടുത്തി നടപ്പാക്കുമോ?

ശ്രീ. ജി. സുധാകരൻ : സർ, അത് പരിഗണിക്കാം. ഇവിടെ രണ്ട് പ്രശ്നമാണ് അങ്ങ് ഉന്നയിച്ചത്. ഒന്നാമതായി സ്റ്റുഡന്റ്സിന് എഡ്യൂക്കേഷൻ സമയത്ത് പ്രവൃത്തി പരിചയം കൊടുക്കണമെന്നതാണ്. കേരളത്തിൽ അതില്ല. ഇപ്പോൾ പോളിടെക്നിക്കുകളിലും ഐ.റ്റി.ഐ.-കളിലും പഠിക്കുന്നവരെ നിർമ്മാണ പ്രവർത്തനം നടക്കുന്ന സ്ഥലങ്ങളിൽ കൊണ്ടുപോയി പ്രായോഗിക പരിശീലനം കൊടുക്കണം. അപ്പോൾ നമുക്ക് സാമ്പത്തിക ലാഭവും അവർക്ക് അക്കാദമിക് എക്സലൻസും ഉണ്ടാകും. അങ്ങനെയൊരു കാര്യത്തിലേയ്ക്ക് നമ്മൾ ഇനി പോകണം. മറ്റൊന്ന്, അങ്ങ് കൊയ്ത്ത് യന്ത്രത്തിന്റെ കാര്യം പറഞ്ഞു. അഗ്രോ മെഷിനറി കോർപ്പറേഷന്റെ ജോലിയെന്താണ്; അവർ എന്താണ് ഇങ്ങനെ ആയത്?

അവരെല്ലാം എഞ്ചിനീയേഴ്സല്ലേ; കേരളത്തിലെയൊരു പ്രശ്നം ആരും പ്രൊഫഷണൽ മൈൻഡല്ല എന്നുള്ളതാണ്. ഈ ഗവൺമെന്റിന് പ്രൊഫഷണൽ മൈൻഡുണ്ട്, അതായത് ഒരു കാര്യം ചെയ്താൽ ചെയ്യേണ്ടതുപോലെ ചെയ്യണം. റഷ്യൻ വിപ്ലവം കഴിഞ്ഞ് മഹാനായ വിപ്ലവ നായകൻ റഷ്യക്കാരോട് പറഞ്ഞു, you should have the Russian Revolutionary scene. റഷ്യൻ വിപ്ലവത്തിന്റെ വൈകാരികത കൊണ്ടാണ്. പക്ഷേ you should have the American efficiency. കാര്യങ്ങൾ ചെയ്യുന്നതിനുള്ള കൃത്യത. അതാണ് അമേരിക്കൻ എഫിഷ്യൻസി. അതില്ല, അതുണ്ടാകണം. അതിനുള്ള ട്രെയിനിംഗ് ഐ.റ്റി.ഐ.-കളിലും പോളിടെക്നിക്കുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും കൊണ്ടുവരണം. ഒരുപാട് എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിച്ചിട്ട് കാര്യമില്ല. പ്രൊഫഷണലായി വളർത്തുകയാണ് ചെയ്യേണ്ടത്. അതിലേയ്ക്ക് ഞങ്ങൾ വരികയാണ്. അതിന്റെ ചർച്ച നടക്കുകയാണ്. അങ്ങയുടെ ചോദ്യവും അതിലേയ്ക്ക് വഴിവയ്ക്കുമെന്ന് ഞാൻ ആശിക്കുന്നു.

ശ്രീ. കെ. ബാബു: സർ, നമ്മുടെ സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന നിരവധി ഐ.റ്റി.ഐ.കളുണ്ട്. പല വകുപ്പുകളുടെ കീഴിലും ഉപയോഗശൂന്യമായി കിടക്കുന്ന ഭൂമി വിട്ടുതരികയാണെങ്കിൽ അവിടെ ഐ.റ്റി.ഐ.കൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാനാവശ്യമായ ഫണ്ട് അനുവദിക്കാൻ കഴിയുമോ?

മി. സ്പീക്കർ: സ്പെസിഫിക്കായ ചോദ്യങ്ങൾ, പ്രാദേശിക ചോദ്യങ്ങൾ മുതലായവ പെട്ടെന്ന് ഉപചോദ്യങ്ങളായി ചോദിച്ചാൽ വിഷമമുണ്ടാകും. ഉപചോദ്യങ്ങൾ ചോദിക്കുമ്പോൾ അതൊന്ന് ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

ശ്രീ. ജി. സുധാകരൻ: സർ, ഈ ആവശ്യം ഐ.റ്റി.ഐ. വകുപ്പിനെ അറിയിക്കുന്ന മുറയ്ക്ക് പരിഹരിക്കുന്നതാണ്.

**വനാതിർത്തി സംരക്ഷിക്കുന്നതിന് നടപടി**

2 (*362) ശ്രീ. രാജു എബ്രഹാം :

ശ്രീ. ഡി. കെ. മുരളി :

ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനും സ്വത്തിനും ഭീഷണിയാകുന്ന വന്യജീവി ശല്യം ഇല്ലാതാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വനാതിർത്തികളിൽ മതിൽ, ജൈവ/സൗരോർജ്ജ വേലികൾ, കിടങ്ങുകൾ മുതലായവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വനാതിർത്തി വേർതിരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ജണ്ടകൾ സ്ഥാപിച്ച് അതിരുകൾ കൃത്യമായി വേർതിരിച്ച് മുഴവൻ വനപ്രദേശങ്ങളും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കേരളത്തിലെ വനാതിർത്തികളിൽ സ്ഥിരം ജണ്ട നിർമ്മിച്ചാണ് സ്വകാര്യ ഭൂമിയിൽ നിന്നും വേർതിരിക്കുന്നത്. ഇത്തരത്തിൽ സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം, ജണ്ട സ്ഥാപിക്കേണ്ട സ്ഥലം എന്നീ വിവരങ്ങൾ റെയിഞ്ച്/ഡിവിഷൻ തലങ്ങളിൽ നിർണ്ണയിച്ച് ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വനാതിർത്തി വേർതിരിക്കുന്നതിനായി 2016-17 വർഷാരംഭത്തിൽ 53000-ത്തോളം ജണ്ടകൾ സ്ഥാപിക്കേണ്ടതായി കണക്കാക്കിയിട്ടുണ്ട്.

വനാതിർത്തി പൂർണ്ണമായും ജണ്ട സ്ഥാപിച്ച് വേർതിരിക്കുന്നതിലേയ്ക്കായി അവശേഷിക്കുന്ന ജണ്ട നിർമ്മാണം, വർഷം തിരിച്ച് സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം നിശ്ചയിച്ച് തുടർ നടപടി സ്വീകരിച്ചുവരുന്നു. വനാതിർത്തി കണ്ടെത്തുന്നതിനുള്ള സർവ്വേ ജോലികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി 120 വനം വകുപ്പുദ്യോഗസ്ഥർക്ക് മൂന്നുമാസത്തെ സർവ്വേ പരിശീലനം നൽകി ഇവരുടെ സേവനം ഉപയോഗിച്ചുവരുന്നുണ്ട്. ഈ പ്രവൃത്തിക്കാവശ്യമായ ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്.

ജണ്ട നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനായി ഡിമാർക്കേഷൻ ഓഫ് ഫോറസ്റ്റ് ബൗണ്ടറീസ് എന്ന പ്രത്യേക മോഡ്യൂൾ തയ്യാറാക്കി സർക്കിൾ, ഹെഡ് ക്വാർട്ടേഴ്സ്, സർക്കാർ തലത്തിൽ പ്രതിമാസ അവലോകനം നടത്തിവരുന്നു.

(സി) ജണ്ടകൾ സ്ഥാപിച്ച് അതിരുകൾ വേർതിരിച്ച് വനപ്രദേശങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു.

ശ്രീ. ഡി. കെ. മുരളി: സർ, വനാതിർത്തി കൃത്യമായും നിശ്ചയിക്കപ്പെടാത്തതു കൊണ്ട് വനാതിർത്തിയ്ക്ക് അടുത്തുള്ള കൈവശഭൂമിയും പട്ടയഭൂമിയുമൊക്കെ കൈമാറ്റം ചെയ്യാനും പോക്കുവരവ് ചെയ്യാനും ഭൂവുടമകൾ വലിയ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. വന്യമൃഗശല്യം ഒഴിവാക്കുന്നതിന് പ്രാദേശിക കമ്മിറ്റികൾ രൂപീകരിച്ചതുപോലെ ഈ തർക്കങ്ങൾ പരിഹരിക്കുന്നതിന് വനം, റവന്യൂ, പഞ്ചായത്ത് എന്നീ വകുപ്പുദ്യോഗസ്ഥന്മാരെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി പ്രാദേശിക കമ്മിറ്റികൾ രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കെ. രാജു: സർ, കേരളത്തിലെ വനാതിർത്തി 16585 കിലോമീറ്റർ ആണ്. ഇതിൽ പ്രകൃത്യാലുള്ള വനാതിർത്തി ഉൾപ്പെടെ 13583 കിലോമീറ്റർ നാളിതുവരെ ജണ്ട നിർമ്മിച്ച് വേർതിരിച്ച് സംരക്ഷിച്ചുവരികയാണ്. ഇനി 3002 കിലോമീറ്റർ വനാതിർത്തി അവശേഷിക്കുന്നതായിട്ടാണ് 2016 ഏപ്രിൽ മാസത്തിൽ കണക്കാക്കിയിട്ടുള്ളത്. ഇത് സർവ്വേ ചെയ്ത് ജണ്ടയിട്ട് തിരിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. റവന്യൂ വകുപ്പിലെ സർവ്വേയർമാരെയായിരുന്നു നമ്മൾ ഇതിനുവേണ്ടി ആശ്രയിച്ചിരുന്നത്. അവർക്കുമാത്രമായി ഇത് ചെയ്ത് തീർക്കാൻ കഴിയാത്ത സാഹചര്യത്തിൽ, വനം വകുപ്പുദ്യോഗസ്ഥർക്കുകൂടി മോഡേൺ സർവ്വേ, ഹയർ സർവ്വേ, ചെയിൻ സർവ്വേ തുടങ്ങിയവയിൽ പരിശീലനം നൽകി സർട്ടിഫിക്കറ്റ് നൽകിക്കൊണ്ട് അവരുടെ സേവനം കൂടി ഉപയോഗിച്ചുവരുന്നു. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു പോലെ അതിർത്തി ജണ്ടയിട്ട് തിരിച്ചുകഴിഞ്ഞാൽ ഇന്നുള്ള പ്രശ്നങ്ങൾക്ക് പരിഹാരമാകും. എന്നാൽ ചില പ്രദേശങ്ങളിൽ തർക്കങ്ങൾ നിലവിലുണ്ട്. ജണ്ടയിടുന്നതിൽ വരുന്ന കാലതാമസം കൂടാതെ ജണ്ടയിടുന്നതിനുവേണ്ടി വനം വകുപ്പ് ഉദ്യോഗസ്ഥർ ചെല്ലുമ്പോൾ അവിടെ കയ്യേറ്റക്കാരുമായും കൈവശം വച്ചിരിക്കുന്നവരുമായും തർക്കങ്ങളുമുണ്ടാകുന്നുണ്ട്. അതുകൊണ്ട് ആ മേഖലയിലെ സർവ്വേ പൂർത്തീകരിച്ചാൽ മാത്രമേ അതിർത്തി നിർണ്ണയിക്കാൻ കഴിയുകയുള്ളൂ. ഇപ്പോൾ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. അതിർത്തി നിർണ്ണയവുമായി ബന്ധപ്പെട്ട് ജണ്ടയിടുന്നതിൽ തർക്കങ്ങളുണ്ടെങ്കിൽ ജനജാഗ്രതാ സമിതികൾക്ക് ഇടപെട്ട് പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, എന്റെ മണ്ഡലത്തിലെ മലയോര മേഖലകളായ അതിരപ്പിള്ളി, കോടശ്ശേരി, പരിയാരം, കൊടകര പഞ്ചായത്തുകളിൽ വന്യജീവികളുടെ ആക്രമണം വർദ്ധിച്ചുവരികയാണ്. ഇത് ജീവനും സ്വത്തിനും നാശമുണ്ടാക്കുന്നു. കൃഷി വ്യാപകമായി നശിപ്പിക്കുന്ന അവസ്ഥയുമുണ്ട്. പ്രതിരോധത്തിനുവേണ്ടി നിർമ്മിച്ചിട്ടുള്ള സൗരോർജ്ജ വേലികൾ പലതും തകരാറിലാണ്. സൗരോർജ്ജ വേലികൾ പ്രോപ്പറായി മെയിന്റനൻസ് ചെയ്യാനുള്ള സംവിധാനമില്ല. കിടങ്ങുകൾ പലതും നികന്നുപോയി. അങ്ങ് ആ പ്രദേശം സന്ദർശിച്ച് അവിടത്തെ ദുരിതങ്ങളെല്ലാം നേരിട്ടു മനസ്സിലാക്കിയതാണ്. കാട്ടാനക്കൂട്ടത്തെ ഓടിച്ച് കാട്ടിലേയ്ക്ക് വിടുന്നതിനുവേണ്ടി റാപ്പിഡ് റെസ്പോൺസ് ടീമിനെ ചാലക്കുടി കേന്ദ്രമാക്കി അനുവദിക്കാമെന്ന് പറയുകയുണ്ടായി. അതുപോലെ പുറമ്പോക്കുകളിൽ താമസിക്കുന്ന ആളുകൾക്ക് കൃഷിനാശമോ വീടുനാശമോ വന്നാൽ നഷ്ടപരിഹാരം കൊടുക്കാനുള്ള സംവിധാനം ഇന്നില്ല. മലക്കപ്പാറ തോട്ടം തൊഴിലാളികളുടെ ലയങ്ങളിൽ ആനകളുടെ ആക്രമണം വർദ്ധിച്ചുവരികയാണ്. ഇതിനാവശ്യമായ പ്രതിരോധ നടപടികളുണ്ടാകണം. നഷ്ടപരിഹാര സംഖ്യ ഉടൻ കൊടുക്കാനും അത് വർദ്ധിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. മറ്റൊരു കാര്യം, വനമേഖലയിൽ ഇത്തരം പ്രവർത്തനങ്ങൾ ജാഗ്രതയോടുകൂടി നടക്കാൻ സുതാര്യമായ ഒരു മോണിറ്ററിംഗ്; സോഷ്യൽ ഓഡിറ്റ് സമ്പ്രദായത്തോടുകൂടി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം നേരിടുന്നതിന് പലവിധത്തിലുള്ള പ്രതിരോധ മാർഗ്ഗങ്ങളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. സൗരോർജ്ജ കമ്പിവേലിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ടാണ് ബഹുമാനപ്പെട്ട അംഗം ചോദ്യം ഉന്നയിച്ചത്. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകഴിഞ്ഞാൽ മതിയായ സംരക്ഷണമില്ലാത്തതുകൊണ്ട് അത് defunct ആയി പോകുന്ന സ്ഥിതിയുണ്ട്. അതിനുള്ള പരിഹാരമെന്ന നിലയിൽ ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ജനജാഗ്രതാ സമിതിയിൽ തന്നെയുള്ള ആളുകൾക്ക് അവരവരുടെ മേഖലയിൽ സൗരോർജ്ജ വേലി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട ചുമതല കൂടി കൊടുക്കുകയാണ്. അവർക്ക് അതിനുവരുന്ന ചെലവ് വഹിക്കാനുള്ള പ്രൊവിഷൻ കൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആ നിലയിൽ സൗരോർജ്ജ വേലി ബഹുജന പങ്കാളിത്തത്തോടുകൂടി സംരക്ഷിക്കാൻ കഴിയും. സംസ്ഥാനത്ത് വനാതിർത്തിയിൽ 1500 കിലോമീറ്റർ സൗരോർജ്ജ വേലി പൂർത്തീകരിച്ചിട്ടുണ്ട്. ആനയെ പ്രതിരോധിക്കുന്നതിന് ആനപ്രതിരോധ കിടങ്ങ് നിർമ്മിക്കുന്ന സംവിധാനമുണ്ട്. അത് സംസ്ഥാനത്തൊട്ടാകെ 584.62 കിലോമീറ്റർ നീളത്തിൽ ചെയ്തിട്ടുണ്ട്. ആന വിചാരിച്ചാലും തകർക്കാൻ സാധിക്കാത്ത തരത്തിലാണ് ആനപ്രതിരോധ മതിൽ 34 കിലോമീറ്റർ ദൂരത്തിൽ ഇതുവരെ ചെയ്തുതീർത്തിട്ടുള്ളത്. ശ്രീ. സണ്ണി ജോസഫിന്റെ മണ്ഡലത്തിൽ അത് ചെയ്തിട്ടുണ്ട്, വളരെ ഫലപ്രദമാണെന്നാണ് ജനപ്രതിനിധികൾ അഭിപ്രായപ്പെട്ടിട്ടുള്ളത്. പ്രശ്നക്കാരായ ആനകളെ നിരീക്ഷിക്കുന്നതിന് ആവശ്യമായിട്ടുള്ള റേഡിയോ കോളറുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. വന്യമൃഗങ്ങൾ കാർഷിക മേഖലയിലേയ്ക്ക് ഇറങ്ങുന്നത് സംബന്ധിച്ച് കർഷകർക്ക് മുന്നറിയിപ്പ് നൽകുന്നതിനായി എസ്.എം.എസ്. അലെർട്ട് സിസ്റ്റം വയനാട്, മൂന്നാർ എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയതിന് ഫലം കാണുന്നുണ്ട്. ബാക്കിയുള്ള പ്രദേശങ്ങളിൽ കൂടി അത് വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഈ പ്രവൃത്തികളുടെ മോണിറ്ററിംഗ് ഉൾപ്പെടെയുള്ള ജോലികളാണ് ജനജാഗ്രതാ സമിതിക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്നത്. 2014-ലാണ് ഏറ്റവും അവസാനമായി നഷ്ടപരിഹാരത്തുകയിൽ വർദ്ധനവ് വരുത്തിയിട്ടുള്ളത്. നഷ്ടപരിഹാരത്തിന്റെ തോത് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. വന്യജീവി ആക്രമണംമൂലം ഒരാൾ മരണപ്പെട്ടാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ നഷ്ടപരിഹാരം എത്തിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ വനമുള്ള ഒരു മണ്ഡലമാണ് അരുവിക്കര. അവിടെ വിതുര, ആര്യനാട്, കുറ്റിച്ചൽ, തൊളിക്കോട് പഞ്ചായത്തുകളിലൊക്കെ കടുത്ത വന്യജീവിശല്യമാണ്. ടൂറിസ്റ്റുകൾ ഏറ്റവും കൂടുതൽ വരുന്ന കല്ലാർ മേഖലയിലും തിരുവനന്തപുരം പൊന്മുടി റോഡിലും ആനകൾ വരുന്ന അവസ്ഥയാണുള്ളത്. ഇതുമായി ബന്ധപ്പെട്ട് അങ്ങ് ജനപ്രതിനിധികളുമായി മീറ്റിംഗ് നടത്തുകയും ജനകീയ സമിതികളും ആർ.ആർ.ടി.-കളും ശക്തിപ്പെടുത്തുമെന്നും പറഞ്ഞിരുന്നു. സൗരോർജ്ജ വേലിയൊക്കെ മറികടക്കാനുള്ള ബുദ്ധി ഇപ്പോൾ ആനകൾക്കുണ്ട്. ആനക്കിടങ്ങാണ് അതിൽ പ്രധാനപ്പെട്ടത്, അങ്ങയുടെ മണ്ഡലത്തിലുമുള്ളതാണ്. അടിയന്തരമായി ആനക്കിടങ്ങുകൾ ഉണ്ടാക്കുമെന്നാണ് അങ്ങ് പറഞ്ഞത്. ഇപ്പോൾ ഞാൻ മനസ്സിലാക്കുന്നത് ഇൻഫ്രാസ്ട്രക്ചറായതുകൊണ്ട് ആനക്കിടങ്ങിനുള്ള ഫണ്ടും കിഫ്ബിയിലേയ്ക്ക് പോയിരിക്കുകയാണ് എന്നാണ്. ഫണ്ട് കിഫ്ബിയിലേയ്ക്ക് പോയാൽ രണ്ട് തലമുറ കഴിഞ്ഞാലും ഈ കിടങ്ങ് വരുമോയെന്നുള്ള പേടി എനിക്കുണ്ട്. അതുകൊണ്ട് കിഫ്ബി പ്രോജക്ടുകളുടെ ഒന്നാം ഘട്ടത്തിൽ തന്നെ ആനക്കിടങ്ങുകൾ സ്ഥാപിക്കാനുള്ള പ്രൊപ്പോസലുകൾക്ക് പ്രാമുഖ്യം നൽകി പ്രാവർത്തികമാക്കുമോ?

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട മെമ്പർക്ക് കിഫ്ബി സംബന്ധിച്ച ആശങ്ക ഇതുവരെ മാറിയിട്ടില്ല. കഴിഞ്ഞ മൂന്നുനാലു ദിവസമായി ചർച്ച ചെയ്ത് അതിനെ സംബന്ധിച്ചുള്ള വ്യക്തമായ ധാരണ എല്ലാവർക്കുമുണ്ടായിട്ടുണ്ട്. പക്ഷേ മെമ്പർക്ക് അതിന്റെ സംശയം ഇതുവരെ മാറിയിട്ടില്ലെന്നുതോന്നുന്നു. ഏതായാലും ഇത് എക്സ്പെൻസീവായിട്ടുള്ള കാര്യമാണെന്ന് മെമ്പർക്ക് തന്നെ അറിയാം. അതിനുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്ന ആദ്യ ബജറ്റിൽ തന്നെ കിഫ്ബിയിൽ ഉൾപ്പെടുത്തി 100 കോടി രൂപ വകയിരുത്തുകയും 25 കോടി രൂപ റിലീസ് ചെയ്യുകയും ചെയ്തു. ഈ വർഷവും അടുത്ത വർഷവും 25 കോടി രൂപ അനുവദിച്ചു തരും. രണ്ടുമൂന്നു വർഷമായിട്ടാണ് 100 കോടി രൂപ നൽകുന്നത്. 25 കോടി രൂപ ചെലവഴിച്ചുകൊണ്ട് കിടങ്ങോ ആനപ്രതിരോധ മതിലോ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ വളരെ ഊർജ്ജിതമായി വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. അങ്ങയുടെ മണ്ഡലം ഉൾപ്പെടുന്ന തിരുവനന്തപുരം ജില്ലയിൽ അങ്ങ് അടക്കമുള്ളവരുടെ സാന്നിദ്ധ്യത്തിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ അടിയന്തരമായി നടപ്പിലാക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കും.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഏറ്റവും കൂടുതൽ വനമേഖലയുള്ളത് ദേവികുളത്താണ്. അവിടെ ചന്ദനത്തിൽ നിന്നും മറ്റ് വിഭവങ്ങളിൽ നിന്നും ധാരാളം വരുമാനം ഗവൺമെന്റിന് ലഭിക്കുന്നുണ്ട്. ആനകളുടെ ശല്യം കാരണം

ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിക്ക് ഒരുമാസമായി ഉറക്കമില്ല. വനം വകുപ്പിന്റെ പ്രവർത്തനങ്ങളിൽ എങ്ങനെയാണോ വേഗത കൂടിയിട്ടുള്ളത് അതുപോലെ ആനകളുടെ വേഗതയും കൂടിയിട്ടുണ്ട്. ആനയുടെ ആക്രമണം തടയുന്നതിനുവേണ്ടി പ്രത്യേക സ്ക്വാഡും കൃഷിനാശം സംഭവിക്കുമ്പോൾ ഇന്നത്തെ മാർക്കറ്റ് റേറ്റ് അനുസരിച്ച് നഷ്ടപരിഹാരം നേരിട്ട് കൊടുക്കാനുള്ള നടപടിയും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, കഴിഞ്ഞ ഒരാഴ്ചക്കാലമായി ഇടുക്കി ജില്ലയിൽ ബഹുമാനപ്പെട്ട മെമ്പറുടെയും ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ യുമൊക്കെ മണ്ഡലം ഉൾപ്പെട്ടുവരുന്ന ബെയ്സൺ വാലി, രാജകുമാരി തുടങ്ങിയ പഞ്ചായത്തുകളിൽ ആറ് കാട്ടാനകൾ മനുഷ്യ ജീവന് ഭീതിയുണ്ടാക്കുന്ന തരത്തിൽ നിലയുറപ്പിച്ചിരിക്കുകയാണെന്ന് ഇവർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ കുമളി കേന്ദ്രീകരിച്ച് ഒരു ആർ.ആർ.ടി. ഗ്രൂപ്പ് കഴിഞ്ഞ ദിവസം രൂപീകരിച്ചിട്ടുണ്ട്. അത് മെച്ചപ്പെട്ട അംഗസംഖ്യയുള്ള ആർ.ആർ.ടി.യാണ്. അവർക്ക് ആയുധമുൾപ്പെടെയുണ്ട്. കുമളിയിലുള്ള ആർ.ആർ.ടി. ഫോഴ്സ് ആന നിൽക്കുന്ന മേഖലയിലേയ്ക്ക് ഉടൻ എത്തി ആനയെ കാട്ടിലേയ്ക്ക് പറഞ്ഞയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ആവശ്യത്തിന് അടിയന്തരമായി പരിഹാരം കാണുന്നതാണ്. വന്യമൃഗങ്ങൾ ഇറങ്ങി കൃഷി നശിപ്പിച്ചാൽ ആവശ്യമായ നഷ്ടപരിഹാരം നൽകുന്നതിന് കൃഷി വകുപ്പിലോ വില്ലേജ് ഓഫീസിലോ അപേക്ഷ കൊടുക്കേണ്ട ആവശ്യമില്ല. നേരിട്ട് അവിടത്തെ റേഞ്ച് ഓഫീസിൽ അപേക്ഷ കൊടുത്താൽ മതി. ഉദ്യോഗസ്ഥർ വന്ന് നോക്കിയതിനുശേഷം വനം വകുപ്പ് നിശ്ചയിച്ചിട്ടുള്ള വർദ്ധിപ്പിച്ച തുകയാണ് കൊടുക്കുന്നത്. കൃഷി വകുപ്പ് കൊടുക്കുന്നതോ അല്ലെങ്കിൽ പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട നഷ്ടം കണക്കാക്കി കൊടുക്കുന്നതോ ആയ തുകയേക്കാളും വർദ്ധിച്ച തുകയാണ് കൊടുക്കുന്നത്. ചില ഡിവിഷനുകളിൽ ഫണ്ട് തീർന്നുപോകും. അങ്ങനെ വരുമ്പോഴാണ് അൽപ്പം താമസമുണ്ടാകുന്നത്. ഫണ്ട് ഉള്ള മേഖലകളിൽ നിന്ന് ഫണ്ടില്ലാത്തിടത്തേയ്ക്ക് മാറ്റി കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയാണ്. ഏതെങ്കിലും മേഖലയിൽ പെന്റിംഗ് ഇഷ്യൂ ഉണ്ടെന്ന് പ്രത്യേകം ചൂണ്ടിക്കാണിച്ചാൽ വ്യക്തിപരമായി ഇടപെട്ട് അടിയന്തരമായി പരിഹാരം കാണുന്നതാണെന്ന് മെമ്പർക്ക് ഉറപ്പ് നൽകുകയാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, എന്റെ നിയോജകമണ്ഡലം മലയോര മേഖലയിലാണ്. മലയോര മേഖലയിൽ വന്യജീവികളുടെ ആക്രമണം ഇപ്പോൾ വലിയ തോതിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പലയിടങ്ങളിലും ആന

വനത്തിൽ നിന്ന് ഇറങ്ങി ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് എത്തുകയാണ്. ഫോറസ്റ്റ് ഉദ്യോഗസ്ഥരെ വിളിച്ചുപറഞ്ഞാൽ ഇവരാരും തിരിഞ്ഞുനോക്കാറില്ല. ഞാൻ കഴിഞ്ഞ ദിവസം മലയാലപ്പുഴ പഞ്ചായത്തിൽ ചെന്നപ്പോൾ അവിടെയുള്ള ആളുകൾ ഇക്കാര്യം എന്നോട് പറഞ്ഞു. ഞാൻ അവിടെവച്ചുതന്നെ ഡി.എഫ്.ഒ.-യെ വിളിച്ചപ്പോൾ ആളിനെ വിടാമെന്ന് പറഞ്ഞു. പക്ഷേ, റാന്നി ഡി.എഫ്.ഒ.-യെ വിളിച്ചാൽ പറയുന്നത് ഇവിടെ അങ്ങനെയുള്ള ഏർപ്പാടില്ലെന്നാണ്. വനാതിർത്തികൾ സംരക്ഷിച്ച്, ആനകൾ ഇപ്പുറത്തേയ്ക്ക് വരാതിരിക്കത്തക്ക വിധത്തിൽ വൻമതിലുകൾ ഉണ്ടാക്കുന്നുണ്ടെന്ന് പറഞ്ഞത് നല്ല കാര്യമാണ്. ഇത്തരം പ്രദേശങ്ങൾ തെരഞ്ഞെടുത്തുകൊണ്ട് വൻമതിലുകൾ നിർമ്മിക്കുന്നതിനോടൊപ്പം കോന്നി പോലുള്ള പ്രദേശങ്ങളിലും നിർമ്മാണ പ്രവർത്തനമാരംഭിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജു</u>: സർ, കോന്നി ഉൾപ്പെടെ കേരളത്തിൽ ഇതുപോലുള്ള വനാതിർത്തി പങ്കുവയ്ക്കുന്ന എല്ലാ മേഖലകളിലും ഓരോ പ്രദേശത്തിന്റെ പ്രത്യേകതയനുസരിച്ച് ചെയ്യുന്നതാണ്. ചിലയിടത്ത് കിടങ്ങായിരിക്കും പ്രായോഗികം. തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ചുകൊണ്ട് കിടങ്ങുകൾ കുഴിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുംകൂടി ബന്ധപ്പെട്ടാൽ അക്കാര്യത്തിൽ വളരെയധികം മുന്നോട്ട് പോകാൻ കഴിയും. സൗരോർജ്ജ വേലി എല്ലായിടത്തും പ്രായോഗികമല്ല. ഇനി അവശേഷിക്കുന്നിടത്ത് അടിയന്തരമായി സൗരോർജ്ജ വേലി കെട്ടാൻ നടപടി സ്വീകരിക്കും. അങ്ങയുടെ മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ശല്യം കൂടാനുള്ള സാധ്യതയുണ്ട്. കാരണം, വനത്തോട് ചേർന്നുകിടക്കുന്ന പഞ്ചായത്തുകൾ കൂടുതലുള്ള മണ്ഡലമാണ് കോന്നി. അതുമാത്രമല്ല, അങ്ങ് തന്നെ മുൻകൈ എടുത്ത് ആന പരിപാലന കേന്ദ്രം അവിടെ സ്ഥാപിച്ചിട്ടുണ്ട്. അതുപോലെതന്നെ കുട്ടവഞ്ചി പോലുള്ള ടൂറിസ്റ്റ് സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. അതെല്ലാം കൊണ്ട് ടൂറിസ്റ്റുകൾ മാത്രമല്ല വന്യജീവികളും അവിടേയ്ക്ക് ആകർഷിക്കപ്പെടുന്നു എന്നുള്ളത് വസ്തുതയാണ്. കാട്ടുമൃഗങ്ങളിൽ ആനയുടെ ശല്യമാണ് കേരളത്തിലെ കർഷകർ ഇന്ന് നേരിടുന്ന ഏറ്റവും വലിയ വിഷയം. മറ്റ് മൃഗങ്ങളുടെ ശല്യം അതിനേക്കാൾ കുറവാണ്. കാട്ടാനകളെ കൂടാതെ കാട്ടുപന്നി, മാനുകൾ, കുരങ്ങ്, കടുവ എന്നിവമൂലമുള്ള പ്രശ്നങ്ങളും റിപ്പോർട്ട് ചെയ്യുന്നുണ്ട്. കേരളത്തിലെ വനങ്ങളിൽ വന്യജീവികളുടെ എണ്ണം മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചുവരുന്നതായാണ് കാണുന്നത്. ഏറ്റവും ഒടുവിലത്തെ കണക്ക് പ്രകാരം 6177 കാട്ടാനകളും, 48034 കാട്ടുപന്നികളും, 136 കടുവകളും 43000 മാനുകളും, 50000-ന് പുറത്ത് കുരങ്ങുകളും കേരളത്തിലെ വനത്തിനകത്ത് ഉണ്ടെന്നാണ് കരുതുന്നത്. കുരങ്ങിന്റെയും

പന്നിയുടെയും എണ്ണം ഇനിയും വർദ്ധിച്ചിട്ടുണ്ടാകും. ഇത് മൂന്ന് വർഷം മുമ്പ് എടുത്ത കണക്കാണ്. വനത്തിനുള്ളിൽ ഭക്ഷണസാധനങ്ങളുടെയും വെള്ളത്തിന്റെയും ലഭ്യതക്കുറവ് വന്ന സാഹചര്യത്തിൽ അവയെല്ലാം പുറത്തോട്ട് വരുന്നു എന്നുള്ളത് ശരിയാണ്. ബഹുജന പങ്കാളിത്തത്തോടുകൂടി അവയെ തിരിച്ച് കാട്ടിലേയ്ക്ക് അയയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, വന്യജീവി ആക്രമണം വർദ്ധിച്ചു വരുന്നതുമൂലം കർഷകർ വല്ലാത്ത പ്രതിസന്ധിയിലാണ്. എന്റെ മണ്ഡലം കോന്നിയുടെ ഭാഗമാണ്. അവിടെയുള്ള കൊട്ടമൺ പഞ്ചായത്ത് അടക്കമുള്ള പ്ലാന്റേഷൻ മേഖലയിൽ നിരവധി കാട്ടുപന്നികൾ പെറ്റുപെരുകി കിടക്കുകയാണ്. വന്യജീവികൾ നാട്ടിൽ ഇറങ്ങി കർഷകരുടെ കൃഷി നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. വന്യജീവി ആക്രമണംമൂലം നഷ്ടമുണ്ടായാൽ നഷ്ട പരിഹാരത്തിനുള്ള അപേക്ഷകളിന്മേൽ സുതാര്യമായ നടപടി സ്വീകരിക്കുന്നതിന് ഓൺലൈൻ സംവിധാനം പ്രയോജനപ്പെടുത്തുമോ എന്നുള്ളതാണ് വ്യക്തമാക്കേണ്ടത്. അതോടൊപ്പം ഒരേ കൃഷി ഭൂമിയിൽ ഒന്നിൽക്കൂടുതൽ തവണ വന്യജീവി ആക്രമണംമൂലം നാശനഷ്ടമുണ്ടായാൽ ഓരോ തവണയും നഷ്ടപരിഹാരം നൽകാൻ കഴിയുമോ; അത് എങ്ങനെയാണ് എന്നുള്ളത് വിശദീകരിക്കുമോ?

ശ്രീ. കെ. രാജു: സർ, വന്യജീവി ആക്രമണംമൂലം ഒരു വർഷം നാല് തവണ കൃഷി നശിപ്പിച്ചാൽ കർഷകന് നഷ്ടപരിഹാരം കൊടുക്കുന്നതിന് ഇപ്പോൾ വ്യവസ്ഥയുണ്ട്. അതുകൊണ്ട് ഒരു തവണയല്ല നാല് തവണ കാട്ട് പന്നികളോ മൃഗങ്ങളോ ഇറങ്ങി കൃഷി നശിപ്പിച്ചാലും അപേക്ഷ കൊടുക്കാം. മറ്റൊന്ന്, ഓൺലൈൻ വഴി അപേക്ഷ കൊടുക്കാനാണ് ഇപ്പോൾ നിർദ്ദേശം നൽകിയിട്ടുള്ളത്. ഓൺലൈൻ വഴി അപേക്ഷ കൊടുക്കാൻ നിവൃത്തിയില്ലാത്ത സാധാരണക്കാരായ ആളുകൾ ഫോറസ്റ്റ് റേഞ്ച് ഓഫീസിൽ ചെന്ന് പറഞ്ഞാൽ അത് ഓൺ ലൈൻ വഴി അപേക്ഷ ആക്കി മാറ്റുന്നതിന് സഹായിക്കും. അതല്ലാതെ വെള്ള പേപ്പറിൽ അപേക്ഷ കെടുത്താലും സ്വീകരിക്കുന്നതാണ്. ഓൺലൈൻ സിസ്റ്റം ഇപ്പോൾ നിലവിലുണ്ട്. കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചു കൊല്ലാൻ 19-03-2013-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പക്ഷേ, ആ ഉത്തരവ് ഉപയോഗിച്ച് നാളിതുവരെ ഒരു കർഷകനും ഒരു പന്നിയെ പോലും വെടിവച്ചിട്ടില്ല. ഇതിലെ വ്യവസ്ഥകൾ അത്രമാത്രം അപ്രായോഗികമാണ്. ആ ഉത്തരവിന്റെ കാലാവധി അവസാനിച്ചതുകൊണ്ട് പുതിയ ഉത്തരവ് ഇറക്കാനും വ്യവസ്ഥകളിൽ ചില റിലാക്സേഷൻ വരുത്താനുമാവശ്യമായ ആലോചനകളാണ് ഗവൺമെന്റ് നടത്തുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആനകൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നത് ആനത്താരകൾ ഇല്ലാതാകുന്നതുകൊണ്ടാണ്. ആനകൾ ആവാസ കേന്ദ്രങ്ങളിൽ വളരെ പ്രയാസം അനുഭവിക്കുകയാണ്. വെള്ളത്തിന്റെയും ഭക്ഷണത്തിന്റെയും പ്രശ്നങ്ങളുണ്ട്. മൂന്ന് രൂപത്തിലുള്ള കാര്യങ്ങളാണ് നമ്മൾ പരിശോധിക്കുന്നത്. ഒന്ന്, പ്രതിരോധ പ്രവർത്തനം, രണ്ട്, ഏതെങ്കിലും പ്രദേശത്ത് ആന നാശനഷ്ടങ്ങൾ ഉണ്ടാക്കിയാൽ അതിനുള്ള നഷ്ടപരിഹാര തോത്. മൂന്ന്, കാട്ടിൽ നമ്മൾ ചെയ്തുകൊടുക്കേണ്ട ചില നടപടികൾ. ആനയിറങ്ങിയാൽ എന്ന സ്ഥലമുണ്ട്. ശ്രീ. എം.എം. മണിക്ക് അത് കൃത്യമായി അറിയാം. ആനിയിറങ്ങി ആ തടാകത്തിൽ നിന്നാണ് വെള്ളം കുടിച്ച് പോകുന്നത്. ആനയ്ക്ക് ഇവിടെ റെപ്രസെന്റേഷനില്ലാത്തതുകൊണ്ട് ആനയുടെ പ്രയാസം ആർക്ക് പറയാൻ പറ്റും.

മി. സ്പീക്കർ: അങ്ങ് ആനയ്ക്ക് വേണ്ടിയാണോ സംസാരിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതെ. നമ്മൾ കാടിനോട് ചേർന്ന് പൈനാപ്പിൾ കൃഷി ചെയ്യും. ഇതിന്റെ മണം വരുമ്പോൾ ആനയിറങ്ങും. ഇവിടെ നല്ല ചക്കപ്പഴമുണ്ട്. അതിന്റെ മണം കൊണ്ടും ആനയിറങ്ങും. അതേസമയത്ത് ആനയ്ക്കാവശ്യമായ ആഹാരം പല രൂപത്തിൽ കാട്ടിലെത്തിക്കാം. ഞാൻ അതിന്റെ വിശദവിവരം പറയുന്നില്ല. ഇക്കാര്യം അങ്ങയോട് നേരിട്ട് സംസാരിക്കാം. എങ്ങനെ വെടിവയ്ക്കാം എങ്ങനെ പിടിക്കാം തുടങ്ങിയ പ്രതിരോധ പ്രവർത്തനം മാത്രമല്ല, ആന ആരെയെങ്കിലും ചവിട്ടി കൊന്നാൽ എത്ര രൂപ കൊടുക്കണം, എന്നതൊക്കെ ഇതിന്റെ പ്രതിരോധ പ്രവർത്തനവും നഷ്ടപരിഹാര പ്രവർത്തനവുമാണ്. 7000-ത്തോളം ആനകൾ കാട്ടിലുണ്ടെന്ന് അങ്ങ് പറഞ്ഞു. ആനകൾ ഇറങ്ങാതിരിക്കണമെങ്കിൽ ആനയ്ക്ക് യോജിച്ച വിധത്തിലുള്ള ആവാസ കേന്ദ്രമാക്കി വനത്തെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണം.

മി. സ്പീക്കർ: ഏതായാലും ആനയ്ക്കുവേണ്ടി ചോദ്യം ചോദിക്കാൻ കാണിച്ച അങ്ങയുടെ ജനാധിപത്യബോധത്തെ അഭിനന്ദിക്കുകയാണ്.

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ച വിഷയങ്ങൾ വനം വകുപ്പിന്റെ സജീവ പരിഗണനയിലുള്ളതാണ്. ആന അടക്കമുള്ള വന്യമൃഗങ്ങൾ വനത്തിന് വെളിയിലേയ്ക്ക് വരുന്നതിന്റെ കാരണം വനത്തിനകത്ത് പഴയതുപോലെ വെള്ളവും ഭക്ഷണ സാധനങ്ങളും ലഭ്യമാകുന്നില്ല എന്നുള്ളതാണ്. അവയ്ക്ക് താമസിക്കുന്നതിനാവശ്യമായ ആവാസ വ്യവസ്ഥ അവിടെയില്ല. അത് വീണ്ടെടുക്കുന്നതിനുള്ള കാര്യങ്ങളാണ് വനം വകുപ്പ് ഇപ്പോൾ ആലോചിക്കുന്നത്. വനത്തിനകത്ത് ഇടതൂർന്ന് മരങ്ങളില്ലാത്ത പ്രദേശങ്ങളിൽ കുരങ്ങുകൾക്കടക്കം ഭക്ഷിക്കാൻ കഴിയുന്ന ഫലവൃക്ഷങ്ങൾ വച്ചുപിടിപ്പിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. കെ.എഫ്.ഡി.സി. മിക്കവാറും എല്ലായിടത്തും യൂക്കാലി, മാഞ്ചിയം

തുടങ്ങിയ മരങ്ങൾ നട്ടുപിടിപ്പിക്കുന്ന സ്ഥിതിയുണ്ടായിരുന്നു. അത് അവസാനിപ്പിച്ചു. നേരത്തേ നട്ടിട്ടുള്ളതുമാത്രമാണ് ഇപ്പോൾ നിൽക്കുന്നത്. ആ രീതിയിലുള്ള വൃക്ഷങ്ങൾ നടുന്നതിനുപകരം പരമാവധി ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനാവശ്യമായ നടപടികളാണ് ഗവൺമെന്റ് ആലോചിക്കുന്നത്. വന്യജീവികൾക്കാവശ്യമായ ഭക്ഷണവും വെള്ളവും വനത്തിനകത്ത് ഉറപ്പാക്കുക എന്നതാണ് വന്യജീവികളെ വനത്തിനകത്തുതന്നെ നിർത്തുന്നതിനുള്ള പ്രധാന മാർഗ്ഗം. അതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും. അതിനുവേണ്ടി അങ്ങയുടെ വിലപ്പെട്ട നിർദ്ദേശങ്ങളും ക്ഷണിക്കുകയാണ്.

ശ്രീ. പി. വി. അൻവർ: സർ, നാല്പത്തിയേഴായിരത്തോളം പന്നികളുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രിക്ക് ഡിപ്പാർട്ട്മെന്റ് കൊടുത്ത കണക്ക്. ഒരു ലക്ഷം പന്നികളെ നിലമ്പൂരിൽനിന്നും കയറ്റി അയയ്ക്കാനാകും. രാത്രി കാലങ്ങളിൽ സെക്കന്റ് ഷോ കഴിഞ്ഞ് ആളുകൾ വരുന്നതുപോലെയാണ് മെയിൻ റോഡിലൂടെ പന്നിക്കൂട്ടങ്ങൾ പോകുന്നത്. എട്ടുമണി കഴിഞ്ഞാൽ ആളുകൾക്ക് മോട്ടോർ സൈക്കിളിൽപ്പോലും യാത്ര ചെയ്യാൻ കഴിയില്ല. പല സ്ഥലങ്ങളിലും നിത്യേന പന്നിയിടിച്ച് അപകടങ്ങളുണ്ടാകുന്നുണ്ട്. അതുകൊണ്ട് ഡിപ്പാർട്ട്മെന്റ് തന്ന കണക്ക് പുനഃപരിശോധിക്കുമോ?

ശ്രീ. കെ. രാജു: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. മൂന്ന് വർഷങ്ങൾക്ക് മുമ്പുള്ള കണക്കാണിതെന്ന് ഉത്തരം പറഞ്ഞപ്പോൾത്തന്നെ ഞാൻ പറഞ്ഞു. പന്നിയുടെ ഒരു പ്രസവത്തിൽ ഇരുപതോളം കുട്ടികളുണ്ടാകുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ നിലയിൽ കണക്കാക്കിയാൽ ഒരു വർഷംകൊണ്ട് പന്നിയുടെ എണ്ണത്തിൽ വലിയ വർദ്ധനവ് വരും. അതുകൊണ്ട് മെമ്പർ പറഞ്ഞത് ശരിയായിരിക്കും. കൃത്യമായ പുതിയ കണക്കെടുത്താൽ ഇവിടെ പറഞ്ഞ കണക്കിൽ നിന്നും വ്യത്യാസം കാണും. ഏതായാലും ആക്കുറേറ്റായിട്ടുള്ള കണക്കെടുക്കാൻ ഉദ്യോഗസ്ഥരോട് ആവശ്യപ്പെടാം.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം**

3 (*363) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം പുനഃസംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം ഏതൊക്കെ ഒഴിവുകളാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന നികത്തേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) ആക്ടിലെ വ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എന്തൊക്കെ നടപടികളാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്; കഴിഞ്ഞ രണ്ട് വർഷത്തിനിടെ അത്തരത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പുനഃസംഘടിപ്പിക്കാനും നവീകരിക്കാനും നടപടി സ്വീകരിച്ചുവരുന്നു. കൂടുതൽ വിശദാംശങ്ങളുടെ പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നുണ്ടെങ്കിലും പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രം പറയുകയാണ്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള ഇന്റർനെറ്റ് സേവനം ലഭ്യമാക്കാൻ നടപടികൾ പൂർത്തിയായിവരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കടലാസ് രഹിത ഓഫീസുകളാക്കി മാറ്റുന്നതിന് ഇലക്ട്രോണിക് ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കിവരുന്നു. ഡയറക്ടറേറ്റിലും റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റിലും അത് തുടങ്ങിയിട്ടുണ്ട്. ഡിസ്ട്രിക്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും താലൂക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും 2017-18-ൽ ഇത് ആരംഭിക്കുന്നതാണ്. തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും മാറ്റുക എന്നതാണ് ലക്ഷ്യം. അതിനുവേണ്ടി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് മുഖേന നടപ്പിലാക്കിവരുന്ന എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ കണക്കിലെടുത്ത് സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖാന്തരം പരിശീലനം ആരംഭിച്ചിട്ടുണ്ട്. 10 ജില്ലകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങിയിട്ടുണ്ട്. മറ്റ് ജില്ലകളിലും ഇത് ആരംഭിക്കുന്നതാണ്. തിരുവനന്തപുരം, പത്തനംതിട്ട, വയനാട്, ഇടുക്കി ജില്ലകളിലാണ് തുടങ്ങാനുള്ളത്. അവിടെ വാടക കെട്ടിടങ്ങൾ മാത്രമേ ലഭ്യമാകുന്നുള്ളൂ. അതുകൊണ്ടാണ് തുടങ്ങാത്തത്. തീർച്ചയായും 3200 സ്ക്വയർ ഫീറ്റ് ഇതിന് വേണ്ടിവരും. അവിടെയും ഇതിന് ഉചിതമായ കെട്ടിടങ്ങൾ കണ്ടെത്തി തുടങ്ങേണ്ടതാണ്.

തൊഴിൽദാതാക്കളുമായി നേരിട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും തൊഴിൽ അന്വേഷകർക്ക് തൊഴിൽ കൊടുക്കുന്ന കാര്യം നല്ല നിലയിൽ പരിഗണിച്ചുവരികയാണ്. കരിയർ ഡെവലപ്‌മെന്റ് സെന്ററുകൾ ആരംഭിക്കുന്നുണ്ട്. 2016-17-ൽ ചിറ്റൂരിലും പേരാമ്പ്രയിലും തുടങ്ങി എല്ലായിടത്തേയ്ക്കും അത് വ്യാപിപ്പിക്കുന്നതാണ്.

(ബി) 1959-ലെ കമ്പൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് നിയമ പ്രകാരം പൊതുമേഖലകളിലടക്കം ഇരുപത്തിയഞ്ചോ അതിലധികമോ ആളുകൾ തൊഴിൽ ചെയ്യുന്ന സ്ഥാപനങ്ങൾ, സ്വകാര്യ മേഖലകളടക്കം എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചുവഴി വിജ്ഞാപനം ചെയ്യേണ്ടതായിട്ടുണ്ട്. ഇതിന് കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ടെങ്കിലും പലയിടത്തും ഇത് പാലിക്കുന്നില്ല എന്നുള്ളതാണ്. പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിക്കുപുറത്തുള്ള ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തരം 1959-ലെ സി.എൻ.വി. ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ്. എന്നാൽ പലരും ഇത് നടപ്പാക്കുന്നില്ല എന്നുള്ളതാണ്. ഈ നിയമനങ്ങൾ സംബന്ധിച്ചും അതിന്റെ ലംഘനത്തിനുള്ള ശിക്ഷകൾ സംബന്ധിച്ചുമുള്ള ശക്തമായ ഒരു ബിൽ സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്.

(സി) ഈ നിയമത്തിന്റെ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്. ഇതിന് 500 രൂപ മുതൽ 1000 രൂപവരെ മാത്രം പിഴ ഈടാക്കുന്ന നിയമമാണ് ഇപ്പോഴുള്ളത്. വേണ്ടിവന്നാൽ പിഴത്തുക വർദ്ധിപ്പിക്കുന്ന കാര്യവും നിയമഭേദഗതിയിലൂടെ പരിഗണിക്കാവുന്നതാണ്.

2015-16-ൽ 119 സ്ഥാപനങ്ങളിൽ ഈ നിയമപ്രകാരം ആക്ടിന്റെ ലംഘനം ശ്രദ്ധയിൽപ്പെട്ടു. അവരുടെ പേരിൽ നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്താൽ ജോലി കിട്ടുമെന്ന പ്രതീക്ഷയാണ് എല്ലാവർക്കുമുള്ളതെങ്കിലും പലർക്കും വാർദ്ധക്യം ബാധിച്ചാലും ഒരു കാർഡുപോലും വരുന്നില്ലെന്ന പരാതി മന്ത്രിമാർക്കുൾപ്പെടെ എല്ലാവർക്കും നിരന്തരം കിട്ടിക്കൊണ്ടിരിക്കുകയാണ്. അങ്ങ് ഡിജിറ്റലൈസ് ചെയ്യുമെന്നുപറഞ്ഞ നടപടിക്ക് വേഗത കൂട്ടേണ്ടതാണ്. ആളുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്താൽ എന്തുകൊണ്ടാണ് അവർക്ക് നേരത്തേ കാർഡ് കൊടുക്കാൻ കഴിയാത്തത്. സി.എൻ.വി. ആക്ട് പ്രകാരം സ്വകാര്യമേഖലയിൽ അപ്പോയിന്റ്‌മെന്റ് നടത്തുന്നത് എംപ്ലോയ്‌മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രമേ പറ്റുകയുള്ളൂവെന്ന് പറഞ്ഞു. ഹൈപ്പർ മാർക്കറ്റ്, സൂപ്പർ മാർക്കറ്റ് എന്നിവിടങ്ങളിലൊക്കെ സെയിൽസ് ഗേൾ ആയും സെയിൽസ് മാൻ ആയും ലക്ഷക്കണക്കിന് ഒഴിവുകളുണ്ട്. ഇതിൽ എവിടെയാണ് എംപ്ലോയ്‌മെന്റ്

എക്സ്ചേഞ്ച് മുഖേന നിയമനം നടക്കുന്നത്? ഇപ്പോൾ ആക്ഷൻ എടുക്കുമെന്ന് പറഞ്ഞു. 1000 രൂപയാണ് പിഴ. അത് അടച്ചാലും പ്രശ്നമില്ല. പത്ര പരസ്യം കൊടുത്താണ് ഇവർ ഇന്റർവ്യൂ നടത്തുന്നത്. പരസ്യം കാണുമ്പോൾത്തന്നെ ഉദ്യോഗസ്ഥന്മാർ നടപടിയെടുക്കാൻ മുന്നോട്ടുവന്നാൽ തീർച്ചയായും ഇത് അവസാനിപ്പിക്കാൻ കഴിയും. അങ്ങനെ എടുക്കുന്ന ആളുകൾ ക്വാളിഫൈഡാണ്, കോമ്പീറ്റന്റ് അല്ല എന്ന കാരണംകൊണ്ട് സ്വകാര്യ മേഖലയിൽ അപ്പോയിന്റ് ചെയ്യുകയില്ല. നൈപുണ്യ കേന്ദ്രങ്ങളെ ഫിനിഷിംഗ് സ്കൂൾ പോലെ വളരെ ശാസ്ത്രീയമായ രീതിയിൽ വ്യാപകമായി നടത്തുന്നതിനും എല്ലാ ജില്ലകളിലും ഓരോ നൈപുണ്യ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും ആക്ടിൽ പറയുന്നതുപോലെ സ്വകാര്യ മേഖലയിലുള്ള മുഴുവൻ നിയമനങ്ങളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നടത്താനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, തീർച്ചയായും അതിപ്പോൾ ആരംഭിച്ചിട്ടുണ്ട്. ഇത് കേരളത്തിൽ വ്യാപകമാക്കുക എന്നുള്ളതാണ് ഉദ്ദേശം. അതാണ് ഇതിന്റെ ശരിയായ പരിഹാര മാർഗ്ഗം. 1959-ലെ സി.എൻ.വി. (Compulsory Notification Vacancy) നിയമപ്രകാരം പി.എസ്.സി.-ക്ക് വെളിയിലുള്ള എല്ലാ ഒഴിവുകളും അറിയിക്കേണ്ടതാണ്. പക്ഷേ ഗവൺമെന്റ് സ്ഥാപനങ്ങൾ പോലും അറിയിക്കുന്നില്ല. അവർക്ക് കൊടുക്കുന്ന ശിക്ഷയിൽ മാറ്റം വരുത്തുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള നിയമം ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, അങ്ങ് പറഞ്ഞതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയേ നടത്താവൂ എന്നുണ്ട്. എന്നാൽ പിന്നോക്ക വിഭാഗങ്ങൾ, അധഃസ്ഥിത വർഗ്ഗങ്ങൾ എന്നിവർക്കുള്ള സംവരണം നടക്കുന്നില്ല. കോൺട്രാക്ട് ബെയ്സിലാണ് ജോലിക്കാരെ നിയമിക്കുന്നത്. കോൺട്രാക്ട് ബെയ്സിൽ നിയമിക്കുമ്പോൾ സ്വാഭാവികമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലിസ്റ്റ് വാങ്ങുന്നില്ല. പൊതുമേഖലാ സ്ഥാപനങ്ങളിലെ മേലധികാരികൾ അവർക്കിഷ്ടമുള്ളതുപോലെ തീരുമാനിക്കുകയാണ്. അങ്ങനെവരുമ്പോൾ പിന്നോക്ക വിഭാഗത്തിന് അവകാശപ്പെട്ട അവസരങ്ങൾ നഷ്ടപ്പെടുന്നു. മാത്രമല്ല, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത ക്വാളിഫൈഡും കോമ്പീറ്റന്റുമായ ആളുകൾ ഉള്ളപ്പോൾപോലും പുറത്തുനിന്ന് നേരിട്ട് നിയമനം നടത്തുകയാണ്. ഇതുപോലെയുള്ള അപാകതകൾ പരിഹരിക്കുന്നതിനുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളിൽ കർശനമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുമാത്രമേ നിയമനങ്ങൾ നടത്താൻ പാടുള്ളൂ എന്നത് ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇത്തരം നിയമങ്ങളെല്ലാം നിലവിലുണ്ട്. എന്നാൽ അതിൽ നിന്ന് ഒഴിവായിപ്പോകുന്ന പല സ്ഥാപനങ്ങളുടെയും കാര്യങ്ങളാണ് നമ്മുടെ മുമ്പാകെയുള്ളത്. അതുകൊണ്ട് ഒരിക്കലും ഒഴിവാകാൻ പറ്റാത്തവിധം ഇതിന്റെ ശിക്ഷാനടപടികളും അതിനെ നിയന്ത്രിക്കുന്ന നടപടികളും ശക്തിപ്പെടുത്തുകയും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഇക്കാര്യത്തിൽ ജാഗ്രത പാലിക്കേണ്ടതായിട്ടുമുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ കാലതാമസം വരുന്നുണ്ടെന്ന് ഇവിടെ പലരും പറഞ്ഞു. ഒരു സ്ഥാപനത്തിൽ അവരുടെ ആവശ്യത്തിനായി വളരെ പെട്ടെന്ന് കുറച്ച് ആളുകളെ നിയമിക്കേണ്ടി വരുമ്പോഴാണ് അവർ പുറത്ത് നിന്ന് ആളുകളെ എടുക്കുന്നത്. നിയമനിർമ്മാണം നടത്തുമ്പോൾ ഇതെല്ലാം പരിശോധിച്ച് അതിനൊരു പഴുതുമില്ലാത്ത തരത്തിൽ ചെയ്യണമെന്നുള്ളതാണ് എന്റെ അഭിപ്രായം.

ശ്രീ. പി. കെ. അബ്ദു റബ്ബിനു വേണ്ടി ശ്രീ. പി. ഉബൈദുള്ള: സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് ജോലിക്കുവേണ്ടി കാത്തിരിക്കുന്നവരുടെ എണ്ണം വളരെ കൂടുതലാണ്. 10-30 വർഷമായി പേര് രജിസ്റ്റർ ചെയ്ത് കൃത്യമായി രജിസ്ട്രേഷൻ പുതുക്കി സർക്കാർ സർവ്വീസിൽ കയറേണ്ട പ്രായം എത്തിയിട്ടുപോലും ഒരവസരം കിട്ടാത്ത ആളുകൾ നിരവധിയാണ്. ഇതിന് കാരണം, ഒരിക്കൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ഒരാളുടെ പേര് നാമനിർദ്ദേശം ചെയ്താൽ അദ്ദേഹത്തിന് പ്രയോറിറ്റിയായി. ഒരു കൊല്ലം കഴിഞ്ഞാൽ വീണ്ടും അദ്ദേഹത്തിന്റെ പേര് തന്നെ നാമനിർദ്ദേശം ചെയ്യും. അപ്പോൾ മറ്റുള്ള ആളുകൾക്ക് ഇതോടുകൂടി അവസരം നഷ്ടപ്പെടുകയാണ്. വിധവകൾ, വിവാഹ മോചിതർ, ഭിന്നശേഷിക്കാർ ഇവർക്കൊക്കെയാണ് 50 ശതമാനം മുൻഗണന കൊടുക്കുന്നത്. അവർക്ക് ലഭിക്കുന്ന മുൻഗണന ഒരിക്കൽ ജോലി ലഭിച്ചവർക്കുകൂടി ലഭിക്കുകയാണ്. 'Discharged Government employee' എന്നുപറയുന്ന വ്യവസ്ഥയാണിത്. ആ വ്യവസ്ഥ പ്രകാരം 50 ശതമാനത്തിന്റെ പ്രയോറിറ്റി ഒരിക്കൽ ലഭിച്ചവർക്കുതന്നെ വീണ്ടും ലഭിക്കുന്നതുകൊണ്ട് ജോലി ലഭിക്കാത്തവർക്ക് ജോലി ലഭിക്കേണ്ട പ്രായം കഴിയുന്നതുവരെ അവരുടെ രജിസ്ട്രേഷൻ പുതുക്കിയാൽപ്പോലും അവിടെത്തന്നെ നിൽക്കുകയാണ്. ഈ വ്യവസ്ഥയിൽ മാറ്റം വരുത്തി തീരെ ജോലി ലഭ്യമാകാത്തവരുടെ പേരുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്ന് പുതിയ തൊഴിലവസരങ്ങൾക്ക് നാമനിർദ്ദേശം ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഇപ്പോഴുള്ള നിയമപ്രകാരമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിയമനം നടക്കുന്നത്. ഇപ്പോഴുള്ള നിയമം അങ്ങ് പറഞ്ഞതുപോലെയാണ്. യഥാർത്ഥത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ

പേര് രജിസ്റ്റർ ചെയ്ത 5 ശതമാനത്തിനുപോലും തൊഴിൽ കിട്ടുന്നില്ല. തൊഴിൽ രഹിതർ 'അൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചസ്' എന്ന് കളിയാക്കി വിളിക്കുന്നുണ്ട്. സ്ത്രീകൾ, വികലാംഗർ, മറ്റ് ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ഇവർക്കെല്ലാം 6 മാസത്തേയ്ക്കാണ് ജോലി കൊടുക്കുന്നത്. അതുകഴിഞ്ഞ് അവർ ജോലിയിൽ നിന്ന് പോകും; ബ്രേക്കിനുശേഷം ചിലപ്പോൾ ജോലി കൊടുക്കുന്നുണ്ട്; ചിലപ്പോൾ ജോലി കിട്ടില്ല. ഇത് വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണ്. ലഭ്യമായ തൊഴിലുകൾ എങ്ങനെ സാമൂഹ്യനീതി അടിസ്ഥാനപ്പെടുത്തി വിതരണം ചെയ്യാം എന്നുള്ളതിനെപ്പറ്റി നമുക്ക് ചർച്ച ചെയ്യാവുന്നതാണ്. റൂളുകളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തേണ്ടതുണ്ടെങ്കിൽ അത് പരിശോധിച്ച് ചെയ്യാവുന്നതാണ്.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്കിനുവേണ്ടി ശ്രീ. കെ. എം. ഷാജി: സർ, കേരളത്തിൽ വ്യാപിച്ചുകിടക്കുന്ന ഒരു വലിയ നെറ്റ്‌വർക്കാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ. ഇതിനെ തൊഴിൽ പരിശീലന കേന്ദ്രങ്ങളായും തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുന്ന കേന്ദ്രമായും മാറ്റുന്നതിനുള്ള പുതിയ പരിശ്രമങ്ങൾ എന്തൊക്കെയാണ്? രജിസ്ട്രേഷൻ പുതുക്കാൻ വിട്ടുപോയവരുടെ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ശ്രമങ്ങൾ എന്തൊക്കെയാണ്?

ശ്രീ. ജി. സുധാകരൻ: സർ, കൂടുതൽ കേന്ദ്രങ്ങൾ തുറക്കുന്ന കാര്യം ആലോചിക്കാം. ആലപ്പുഴ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 1990-നുശേഷം രജിസ്റ്റർ ചെയ്ത ആരെയും ഇതുവരെയും ജോലിക്ക് വിളിച്ചിട്ടില്ല. ജോലി കിട്ടാനുള്ള സാദ്ധ്യതകൾ ഇന്ന് കുറവാണ്; തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സ്കിൽഡും അൺ സ്കിൽഡും വിഭാഗങ്ങളിൽ തൊഴിൽ ലഭിക്കേണ്ടവർ ധാരാളമുണ്ട്; സ്കിൽഡായിട്ടുള്ളവർക്ക് പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുണ്ട്. അവിടെയും വളരെ കുറച്ചുപേർക്ക് മാത്രമേ ജോലി കിട്ടുന്നുള്ളൂ. നമ്മുടെ അടിസ്ഥാന വികസന പദ്ധതികൾ വഴി തൊഴിൽ എന്താണെന്നുള്ള ബോധവൽക്കരണം കൊടുക്കേണ്ടതായിട്ടുണ്ട്. നല്ല ബോധവൽക്കരണത്തോടും ഗവൺമെന്റ് നടപടിയോടുംകൂടി ഇന്നത്തെക്കാൾ മെച്ചപ്പെട്ട സ്ഥിതി കൈവരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ക്ഷമയ്ക്ക് നോബൽ സമ്മാനം ഏർപ്പെടുത്തുകയാണെങ്കിൽ അത് നമ്മുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് കിട്ടുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എസ്.എസ്.എൽ.സി.യും പ്ലസ് ടു-വും ഡിഗ്രിയുമൊക്കെ പാസ്സായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ

ചെയ്ത് ജോലി കിട്ടാതെ രോഗം ബാധിച്ച് ജോലിക്കുള്ള പ്രായപരിധി കഴിഞ്ഞ് ഈ ലോകത്തോട് യാത്ര പറയേണ്ടിവരുന്ന ഹതഭാഗ്യരായ ആളുകളാണ് എല്ലായിടത്തുമുള്ളത്. അതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. അവർക്ക് ഇപ്പോൾ ഒരു അധികാരവുമില്ല. എല്ലാം പി.എസ്.സി.ക്ക് വിട്ടുകൊടുത്തിരിക്കുകയാണ്. ഈ അടുത്തകാലം വരെ പോലീസ് ഡ്രൈവർമാരെ നിയമിക്കാനുള്ള അധികാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനുണ്ടായിരുന്നു; ഇപ്പോൾ അതും ഇല്ല. ഇപ്പോഴുള്ള അധികാരം പാർട്ട് ടൈം സ്വീപ്പറെ നിയമിക്കുക എന്നതാണ്. അപ്പോൾ അടിമുടി ഒരു മാറ്റമുണ്ടായാലേ ഇതിന് പരിഹാരമുണ്ടാകുകയുള്ളൂ. എന്തുമാറ്റമാണ് സർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, പാവപ്പെട്ട ഒരു തൊഴിൽ മന്ത്രിക്ക് ഈ കാര്യത്തിൽ മൗലികമായ മാറ്റങ്ങളൊന്നും വരുത്താൻ കഴിയില്ല. നിലവിലുള്ള സ്ഥിതിയിൽ മാറ്റം വരുത്താമെന്ന് പറഞ്ഞു. കൂടുതൽ മെച്ചപ്പെട്ട സ്ഥിതി കൊണ്ടുവരാൻ കഴിയുമെന്ന് ഞാൻ പ്രത്യാശ പ്രകടിപ്പിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത 5 ശതമാനം ആളുകൾക്കുപോലും തൊഴിൽ കിട്ടുന്നില്ലെന്നാണ് അങ്ങ് പറയുന്നത്. പക്ഷേ, ജനാധിപത്യ/ പാർലമെന്ററി വ്യവസ്ഥയിൽ വേറെ വഴിയില്ലാത്തതുകൊണ്ടാണ് അവർ ക്ഷമിക്കുന്നത്. അവരിൽ പലരുടെയും പ്രായപരിധി കഴിഞ്ഞു. പിന്നെ അവർ മറ്റെന്തെങ്കിലും തൊഴിലിന് പോകണം. ഇടതുപക്ഷക്കാർ മാത്രമല്ല, അമർത്യാ സെന്നിനെപ്പോലെ നിഷ്പക്ഷമതികളായ പ്രമുഖ ലോക പണ്ഡിതന്മാർപോലും ഇതൊരു മുതലാളിത്ത വ്യവസ്ഥയാണെന്ന് പറയുന്നു. അതൊരു പാർട്ടിയെ കുറ്റപ്പെടുത്തുന്നതല്ല; തൊഴിൽ കമ്പോളത്തിൽ കൂടുതൽ ആളുകൾ വേണം. കൂടുതൽ ആളുകളുണ്ടെങ്കിലേ കുറഞ്ഞ കൂലിക്ക് റിക്രൂട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. എല്ലാം മനസ്സിലാക്കി തൊഴിൽ അന്വേഷിക്കുന്നവരെ രക്ഷപ്പെടുത്താനുള്ള മെച്ചപ്പെട്ട കാര്യങ്ങളിലേയ്ക്ക് നമുക്ക് കടക്കാം. അങ്ങയുടെ ചോദ്യം അതിനൊക്കെ സഹായകരമാകുമെന്ന് ഞാൻ പ്രത്യാശിക്കുകയാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, നമ്മുടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് ഇന്ന് ലഭിക്കുന്ന തൊഴിലില്ലായ്മ വേതനം വളരെ പരിമിതമാണെന്നുമാത്രമല്ല, വരുമാനപരിധിയും ഉയർത്തേണ്ടതായിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സജീവമാക്കാൻ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതായി മനസ്സിലാക്കുന്നു. എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും കരിയർ ഡെവലപ്മെന്റ് സെന്ററുകളാക്കുകയും അതോടൊപ്പം കേന്ദ്ര-സംസ്ഥാന യു.പി.എസ്.സി.,

പി.എസ്.സി. ടെസ്റ്റ്, ബാങ്ക് ടെസ്റ്റ് തുടങ്ങിയ മത്സര പരീക്ഷകൾക്കുള്ള പരിശീലന കേന്ദ്രങ്ങളാക്കി മാറ്റുകയും ചെയ്താൽ ഗ്രാമീണ മേഖലയിലെ അഭ്യസ്ത വിദ്യരായിട്ടുള്ള യുവതീയുവാക്കൾക്ക് വളരെയേറെ പ്രയോജനം ചെയ്യുമെന്നാണ് കരുതുന്നത്. ആ നിലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മാറ്റിയെടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, അത്തരം നടപടികൾ നേരത്തേതന്നെ സ്വീകരിച്ചുവരികയാണ്. എന്നാൽ അത് എല്ലായിടത്തും എത്തിയിട്ടില്ല. കരിയർ ഡെവലപ്മെന്റ് സെന്ററുകളും എംപ്ലോയബിലിറ്റി സെന്ററുകളും വ്യാപകമാക്കാൻ ഉദ്ദേശിക്കുകയാണ്. അങ്ങനെ വ്യാപകമാക്കുമ്പോൾ കുറേക്കൂടി അവസരങ്ങൾ കിട്ടുകയും നീതിയോടെ കാര്യങ്ങൾ ചെയ്യാനും സ്കിൽഡ് വർക്ക്ഫോഴ്സിനെ സൃഷ്ടിക്കാനും സാധിക്കും.

ശ്രീ. പി. ടി. തോമസ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾപോലും 20-25 വർഷമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് ഒരു പ്രാവശ്യമെങ്കിലും ജോലിക്ക് വിളിക്കുമെന്ന് കാത്തിരിക്കുന്ന നാടാണ് നമ്മുടേത്. അങ്ങനെയുള്ള അവസരത്തിൽ പല നിയമനങ്ങളും ഇതിനെ മറികടന്ന് നടക്കുന്നുണ്ട്. ഉദാഹരണത്തിന്, എറണാകുളത്ത് ഉദ്ഘാടനം ചെയ്യാൻ പോകുന്ന മെട്രോ റെയിലിൽ കുടുംബശ്രീക്കാരെയാണ് നിയമിക്കുന്നത്. അത് നല്ല കാര്യമാണ്; ഞാൻ കുറ്റപ്പെടുത്തുന്നില്ല. എന്നാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ സീനിയോറിറ്റിയുള്ള, 20-30 വർഷമായി ജോലിക്കുവേണ്ടി കാത്തിരിക്കുന്ന ആളുകളെ തെരഞ്ഞെടുത്ത് പരിശീലനം കൊടുത്ത് അവിടെ നിയമിച്ചാൽ കുറേ ആളുകൾക്ക് ജോലി കിട്ടാനുള്ള സാഹചര്യമുണ്ടാകും. അത്തരം കാര്യം ഗവൺമെന്റ് പരിശോധിക്കുമോ ?

ശ്രീ. ജി. സുധാകരൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ അവകാശങ്ങൾ ഭരണഘടനയിൽ ആലേഖനം ചെയ്തിട്ടുള്ളതാണ്. അത് പി.എസ്.സി.-യിൽ മാത്രമല്ല, സ്വകാര്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്ന നിയമവും നമുക്കുണ്ടെന്ന് നേരത്തേ പറഞ്ഞു; അതെല്ലാം പാലിക്കേണ്ടതാണ്. മെട്രോ റെയിലിലും പാലിക്കേണ്ടതാണ്. ഈ പറഞ്ഞ പ്രശ്നം മെട്രോ റെയിൽ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തണം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വളരെ unattractive ആണ്. അവിടെ ചെല്ലുമ്പോൾ കുറെ ഫയലുകൾ കുമിഞ്ഞുകൂടി കിടക്കുന്നതും, നീണ്ട ക്യൂവും കാണാൻ കഴിയും. ഇതിന്റെ പ്രഷർ കാരണം പല ഉദ്യോഗസ്ഥരുടെയും പെരുമാറ്റംപോലും വളരെ മോശമാണ്. അവിടെ ചെല്ലുന്നവർ

നിരാശരായി പോരേണ്ട ഒരവസ്ഥയാണുള്ളത്. ഇത് കൂടുതൽ attractive ആക്കുന്നതിന് ട്രെയിനിംഗ് തുടങ്ങിയ മുഴുവൻ സംവിധാനവും സോഫ്റ്റ്വെയർ വഴി ആക്കുക, ഡിജിറ്റലൈസ് ചെയ്യുക എന്നിവയാണ്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുമോ; കൂടാതെ പട്ടാമ്പിയടക്കമുള്ള താലൂക്ക് ആസ്ഥാനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഇല്ല. അത് കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കെട്ടിടങ്ങളുടെ അനാകർഷകത്വത്തേയും അവിടത്തെ ജീവനക്കാരുടെ പെരുമാറ്റത്തേയും കുറിച്ചാണ് ഇവിടെ പറഞ്ഞത്. ഉള്ള കെട്ടിടങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികളെടുക്കാം. 5 ശതമാനം ആളുകൾക്കുപോലും തൊഴിൽ കൊടുക്കാനാകാതെ വർഷങ്ങളായി അവിടെയിരുന്ന് മാനവികത നശിച്ച ഒരു വിഭാഗമായി മാറുന്നതിൽ മനഃശാസ്ത്രപരമായി കാരണങ്ങളുണ്ട്, അവരങ്ങനെ മനഃപൂർവ്വം പെരുമാറുന്നതാണ്. ഏത് സ്ഥാപനത്തിലിരുന്നാലും വരുന്നവരോട് ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ചും മനുഷ്യത്വപരമായും പെരുമാറുക എന്നുള്ളതിന് ക്ലാസ്സെടുക്കേണ്ട കാര്യമില്ല; സ്വയം ചെയ്യേണ്ടതാണ്. എന്നാലും ചിലപ്പോൾ ഗവൺമെന്റിനെ അറിയിക്കേണ്ടിവരും. എവിടെയാണ് മോശമായി പെരുമാറുന്നതെന്ന് അറിഞ്ഞാൽ ഉടൻ തന്നെ അത് അവസാനിപ്പിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i)നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം

4(*364) <u>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ:</u>
<u>ശ്രീ. സി. കൃഷ്ണൻ:</u>
<u>ശ്രീ. പി. ഉണ്ണി:</u>
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് തീർത്തും നിഷ്ക്രിയമായിരുന്നതും ക്ഷേമനിധി ആനുകൂല്യങ്ങൾ ദീർഘകാലമായി കുടിശ്ശിക ഉണ്ടായിരുന്നതുമായ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷേമനിധി ബോർഡുകളുടെ ദൈനംദിന പ്രവർത്തനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി അംഗങ്ങളുടെ രജിസ്ട്രേഷൻ, അംശദായം, ആനുകൂല്യ വിതരണം, പെൻഷൻ എന്നിവയ്ക്കായി പുതിയ സോഫ്റ്റ്‌വെയർ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ക്ഷേമനിധി ബോർഡുകൾ വിവിധ പദ്ധതികൾ പ്രകാരം അംഗങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങളുടെ ഡേറ്റാ ഡിജിറ്റൈസ് ചെയ്ത് തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) വിലയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വിവിധ ക്ഷേമനിധി ബോർഡുകളിൽ 2015 ആഗസ്റ്റ് മുതൽ കുടിശ്ശികയുണ്ടായിരുന്ന പെൻഷൻ തുക ഉൾപ്പെടെ ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 2016 ഒക്ടോബർ മാസംവരെ 152857 പേർക്ക് വിതരണം ചെയ്തു. ഇതിനായി സർക്കാർ 125,57,04,000 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമനിധി ബോർഡുകൾക്ക് ഗ്രാന്റിനത്തിൽ 305,37,305 രൂപ നൽകിയിട്ടുണ്ട്. 2016 ജൂൺ 1 മുതൽ പ്രാബല്യത്തിൽ ക്ഷേമനിധി പെൻഷൻ തുക 600 രൂപയിൽനിന്ന് 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 2017 ഏപ്രിൽ 1 മുതൽ പെൻഷൻ തുക 1100 രൂപയായി വർദ്ധിപ്പിക്കുമെന്ന് സർക്കാർ പ്രഖ്യാപനം നടത്തിയിട്ടുണ്ട്. ക്ഷേമപെൻഷനുകൾ കാലോചിതമായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ഏകീകരിക്കുന്നതിലേയ്ക്കായി എല്ലാ ബോർഡുകളിലും കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ക്ഷേമനിധി അംശദായം നേരിട്ട് ഓഫീസുകളിലെത്തി അടയ്ക്കുന്നതിനുപകരം എൻ.ഇ.എഫ്.റ്റി. സൗകര്യമുള്ള ബാങ്ക് വഴി അടയ്ക്കുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. പെൻഷൻ ഉൾപ്പെടെയുള്ള എല്ലാവിധ ആനുകൂല്യങ്ങളും ബാങ്ക് വഴി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആനുകൂല്യ വിതരണം, ആനുകൂല്യ അപേക്ഷകളുടെ തീർപ്പാക്കൽ, അംശദായം ഒടുക്കുക എന്നിവ എസ്.എം.എസ്. വഴി തൊഴിലാളികളെ അറിയിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വിവിധ ക്ഷേമനിധി ബോർഡുകളിൽ അംശദായം വർദ്ധിപ്പിക്കുന്നതും അംശദായ വർദ്ധനവിന് ആനുപാതികമായി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതും സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ഇ) ക്ഷേമനിധി ബോർഡുകളിൽ ഡിജിറ്റൈസേഷനുവേണ്ടി അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം എന്ന സോഫ്റ്റ് വെയർ കെൽട്രോണിന്റെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. അക്ഷയ സെന്ററുകളുടെ സഹായത്തോടെ അംഗങ്ങളുടെ വ്യക്തിഗത വിവരങ്ങൾ, ആധാർ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, ഫോട്ടോ എന്നിവ കൂടി ഉൾപ്പെടുത്തി ഡേറ്റ ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. 30-8-2014-ന് അക്ഷയ സെന്ററുകളുടെ സേവനം അവസാനിപ്പിച്ച് പ്രസ്തുത ജോലികൾ അതാത് ക്ഷേമനിധി ബോർഡിന്റെ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസുകൾ മുഖേന നടത്തിവരുന്നു. തിരിച്ചറിയൽ കാർഡ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജലഗ്രാമം പദ്ധതി**

5 (*365) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വേനലിൽ സംസ്ഥാനം വരളുമ്പോഴും ജലസംരക്ഷണ ത്തിനായുള്ള കേന്ദ്ര പദ്ധതികളോട് സർക്കാർ മുഖം തിരിക്കുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പഞ്ചായത്തുകൾക്കായി കേന്ദ്രം ആസൂത്രണം ചെയ്ത ജലഗ്രാമം പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) കേന്ദ്ര ജലവിഭവ മന്ത്രാലയത്തിന്റെ ജലക്രാന്തി അഭിയാന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്;

(ഡി) കേന്ദ്ര ജലസംരക്ഷണ പദ്ധതികൾ സമയബന്ധിതമായി സംസ്ഥാനത്ത് നടപ്പാക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾക്ക് രൂപം നൽകുമോ; എങ്കിൽ വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേന്ദ്ര സർക്കാരിന്റെ ജലക്രാന്തി അഭിയാനിൽ ഉൾപ്പെട്ട ജലഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിനായി എല്ലാ ജലഗ്രാമങ്ങളിലും ബ്ലോക്ക് ലെവൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതികൾ നടപ്പിലാക്കേണ്ട വകുപ്പുകളുടെ

ശിപാർശകൾ ബ്ലോക്ക് ലെവൽ കമ്മിറ്റിയിൽ അംഗീകരിച്ച് ജില്ലാതല കമ്മിറ്റിക്ക് നൽകും. ജില്ലാതല കമ്മിറ്റിയിൽ അംഗീകരിക്കുന്ന ശിപാർശകൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ അംഗീകരിച്ചശേഷം കേന്ദ്ര വിഹിതം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമർപ്പിക്കും. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി തെരഞ്ഞെടുത്ത 28 ജലഗ്രാമങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇവിടങ്ങളിൽ പൊതുജന പങ്കാളിത്തത്തോടെ ജലസുരക്ഷയും സംരക്ഷണത്തിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി സുസ്ഥിരമായ ജലലഭ്യത ഉറപ്പുവരുത്തുക എന്നതാണ് ലക്ഷ്യം.

(സി) ജലക്രാന്തി അഭിയാന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട ജലഗ്രാമങ്ങളിൽ ജലസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി വില്ലേജ്/ ഗ്രാമ പഞ്ചായത്തുതല, ജില്ലാതല കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജലസുരക്ഷാ പദ്ധതികൾ രൂപീകരിച്ച് കഴിഞ്ഞ തിരുവനന്തപുരത്തെ കാരോട്, കണ്ണൂർ ജില്ലയിലെ നാറാത്ത് എന്നീ പഞ്ചായത്തുകൾക്ക് യഥാക്രമം 3.53 കോടി രൂപയും 18.01 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കോട്ടയം ജില്ലയ്ക്കായി 25.7 കോടി രൂപയുടെ പദ്ധതിയുൾപ്പെടെ മറ്റ് ജലഗ്രാമങ്ങൾക്കുള്ള പദ്ധതി വിഹിതത്തിനുള്ള പ്രൊപ്പോസൽ വിവിധ ഘട്ടങ്ങളിലായി പരിഗണനയിലാണെന്ന് സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡ് അറിയിച്ചിട്ടുണ്ട്.

(ഡി) കേന്ദ്ര പദ്ധതിയായ PMKSY നടപ്പിലാക്കുന്നതിന് നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കൃഷി വകുപ്പാണ്. PMKSY-ൽപ്പെട്ട വിവിധ പദ്ധതികൾ നടപ്പിലാക്കുന്നത് ജലസേചനം, മണ്ണ് സംരക്ഷണം, തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, ഭൂജലം തുടങ്ങിയ വകുപ്പുകളാണ്. ജലസേചന വകുപ്പിന്റെ ജില്ലാതല നോഡൽ ഓഫീസർ ചെറുകിട ജലസേചന വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറാണ്. PPM CELL (Agriculture Department) ആണ് അവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ജലക്രാന്തി അഭിയാന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കേന്ദ്ര ഗ്രൗണ്ട് വാട്ടർ ബോർഡാണ് (CGWB). Regional Director, CGWB ആണ് പ്രസ്തുത പദ്ധതി കേരളത്തിൽ ഏകോപിപ്പിക്കുന്നത്. ഇതുസംബന്ധിച്ച് ജില്ലാതല എംപവേർഡ് കമ്മിറ്റി ചെയർമാൻ അതാത് ജില്ലാ കളക്ടർമാരാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന വികസന പദ്ധതികൾ

6 (*366) ശ്രീ. ഒ. ആർ. കേളു:
ശ്രീ. ബി.സത്യൻ:
ശ്രീ. കെ.ഡി. പ്രസേനൻ:

ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന വികസന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഇവയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ്;

(സി) പഞ്ചവത്സര പദ്ധതികൾ നിർത്തിയതിനെ തുടർന്ന് എസ്.സി.എസ്.പി., ടി.എസ്.പി. എന്നിങ്ങനെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായുള്ള ഉപപദ്ധതികൾ ഇല്ലാതായത് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതത്തെ ഏത് തരത്തിൽ ബാധിക്കാനിടയുണ്ട്;

(ഡി നിലവിൽ കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന എസ്.സി./എസ്.ടി. വികസന പദ്ധതികൾക്കായുള്ള പ്രത്യേക കേന്ദ്ര സഹായം തുടർന്നും ലഭ്യമാകാനിടയുണ്ടോ; ഇല്ലെങ്കിൽ ഇത് വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതിക്കാർക്കായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന വികസന പദ്ധതികൾ

1. ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ഭൂമി
2. ഭവനരഹിതർക്ക് ഭവനം
3. പട്ടികജാതി വിഭാഗത്തിലെ ദുർബ്ബല വിഭാഗത്തിനുള്ള വികസന പരിപാടികൾ
4. പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രത്യേക പ്രോജക്ടുകൾക്കുള്ള പൂൾഡ് ഫണ്ട്
5. മരാമത്തും കെട്ടിടവും
6. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും
7. പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (വികസന പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ പദ്ധതി)

8. പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷനുള്ള ധനസഹായം
9. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം
10. വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മാതൃകാ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്
11. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനായുള്ള ധനസഹായം
12. തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം
13. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് - എസ്.സി.പി. (51% സംസ്ഥാന വിഹിതം)
14. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം)
15. പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കലും (50% സംസ്ഥാന വിഹിതം)
16. തദ്ദേശ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ (എസ്.സി.പി. ഫണ്ട് ഉപയോഗിച്ച്)
17. പ്രീ-മെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി
    a) പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് കളിക്കോപ്പുകളും പഠന സാമഗ്രികളും വാങ്ങുന്നതിനും അദ്ധ്യാപകർക്ക് ഓണറേറിയം നൽകുന്നതിനുമുള്ള പദ്ധതി
    b) ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്ക് ബോർഡിംഗ് ഗ്രാന്റ് നൽകുന്നതിനുള്ള പദ്ധതി
    c) പ്രീ-മെട്രിക് ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനുള്ള പദ്ധതി
18. പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം

19. താഴെപ്പറയുന്ന 100%, 50% കേന്ദ്ര ധനസഹായത്തോടെയുള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നു.

a) പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

b) പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

c) പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി)

d) വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ

e) 9-ഉം 10-ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്ര വിഹിതം)

f) പ്രധാനമന്ത്രി ആവാസ് യോജന പ്രത്യേക ഘടക പദ്ധതി (60% കേന്ദ്ര വിഹിതം)

g) എൻ.ആർ.എൽ.എം. (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ) പ്രത്യേക ഘടക പദ്ധതി (60% കേന്ദ്ര വിഹിതം)

<u>പട്ടികജാതിക്കാർക്കായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന വികസന പദ്ധതികൾ</u>

പട്ടികവർഗ്ഗ സമൂഹത്തെ പൊതുധാരയിൽ കൊണ്ടുവരുന്നതിനും അവരുടെ സമഗ്ര വികസനത്തിനും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, ഭവനം, ഭൂമി, തൊഴിൽ ലഭ്യമാക്കൽ എന്നിവ ലക്ഷ്യംവച്ച് വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതി വിവരം ചുവടെ ചേർക്കുന്നു.

I. <u>വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും</u>

1. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം
2. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി
3. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠന യാത്രയ്ക്കുള്ള സഹായം
4. അനാഥരായ കുട്ടികൾക്കുള്ള സഹായം
5. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

II. <u>പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം</u>

1. വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി (ഐ.ഇ.സി.)
2. ദേശീയ കലാ വ്യാപാരമേള
3. പട്ടികവർഗ്ഗ വികസന വകുപ്പ് നവീകരണം
4. ആദികലാഗ്രാമം

III. <u>പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം</u>

1. പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം
2. സിക്കിൾ-സെൽ അനീമിയ രോഗികൾക്കുള്ള സഹായം
3. ജനനി -ജൻമരക്ഷ
4. പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം

IV. <u>ഭക്ഷണ സഹായ പദ്ധതി</u>

V. <u>സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം</u>

1. ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളുടെ നടത്തിപ്പ്
2. ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം
3. പട്ടികവർഗ്ഗ ആശ്വാസനിധി

VI. <u>ഭവനനിർമ്മാണം</u>

1. പുതിയ ഭവനങ്ങളുടെ നിർമ്മാണം
2. സ്പിൽ ഓവർ ഭവനങ്ങളുടെ പൂർത്തീകരണം
3. ഭവനങ്ങളുടെ പുനരുദ്ധാരണം

VII. <u>ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം</u>

1. ട്രൈബൽ പ്രൊമോട്ടർമാർ
2. ഊരുകൂട്ടങ്ങളുടെ സംഘാടനം
3. മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കുമുള്ള ഓണറേറിയം
4. ഹോസ്റ്റലുകളിലും എം.ആർ.എസ്.-ലുമുള്ള കൗൺസിലർമാർക്ക് ഓണറേറിയം
5. പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ

VIII. <u>ചെറുസങ്കേതങ്ങളുടെ വികസന പദ്ധതി (ഹാംലെറ്റ് പദ്ധതി)</u>

IX. <u>പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ</u>

എ) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ

ബി) പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തൽ

1. പ്രാകൃത ഗോത്രവർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം
2. വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി
3. ഗോത്ര സാരഥി

സി) പട്ടികവർഗ്ഗ കുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

ഡി) പ്രീ-മെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (ഇതര കേന്ദ്രസഹായം)

ഇ) ഗുരുകുലം (കലിംഗാ മാതൃക) പദ്ധതി

X. <u>പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്)</u>

XI. <u>എ.റ്റി.എസ്.പി./ പ്രത്യേക പാക്കേജ്</u>

<u>സ്കോളർഷിപ്പുകൾ</u>:

- പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം
- പത്താം ക്ലാസ്സിലും ഒൻപതാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (100% കേന്ദ്ര സഹായ പദ്ധതി)
- പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100% കേന്ദ്ര സഹായം)
- മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം ആർട്ടിക്കിൾ 275(1) പ്രകാരം)
- ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റ് പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ)
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം

- പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി. പദ്ധതി)
- കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ
- കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം
- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ
- പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ

(ബി) <u>പട്ടികജാതി വികസന വകുപ്പ്</u>

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ:</u>

താഴെപ്പറയുന്ന 100%, 50% കേന്ദ്ര ധനസഹായത്തോടെയുള്ള പദ്ധതികൾ വകുപ്പ് നടപ്പിലാക്കിവരുന്നു:

1. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്
2. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ
3. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ജഗജീവൻ റാം ഛത്രവാസ് യോജന (100% കേന്ദ്രാവിഷ്കൃത പദ്ധതി)
4. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ
5. ഒൻപതും പത്തും ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (100% കേന്ദ്ര വിഹിതം)
6. പ്രധാനമന്ത്രി ആവാസ് യോജന ഗ്രാമീൺ
7. എൻ.ആർ.എൽ.എം. (ദേശീയ ഗ്രാമീണ ഉപജീവന മിഷൻ)
8. പ്രത്യേക ഘടക പദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതി
9. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് എസ്.സി.പി. (51% സംസ്ഥാന വിഹിതം)
10. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (കേന്ദ്ര വിഹിതം)
11. പൗരാവകാശ സംരക്ഷണ നിയമവും അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ (50% സംസ്ഥാന വിഹിതം)

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

<u>50% കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

- പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും ആശ്രമം സ്കൂളുകളുടെയും നിർമ്മാണം (50% സംസ്ഥാന വിഹിതം)
- ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം ( സംസ്ഥാന വിഹിതം 50%)
- കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി
- കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം

    1. ഗവേഷണ പ്രവർത്തനങ്ങൾ
    2. പരിശീലനം

- അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50%)
- പട്ടികവർഗ്ഗ ഉപപദ്ധതി-തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ
- ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം.)
- പൂൾഡ് ഫണ്ട്-പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫണ്ട്
- പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സൗകര്യങ്ങളുടെ വികസനം (ഇതര കേന്ദ്ര സഹായം)
- ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റ് ഇൻ-എയ്ഡ് പദ്ധതി (ഇതര കേന്ദ്ര സഹായം)
- പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം

- അടിയൻ, പണിയൻ, പ്രാക്തന ഗോത്രവർഗ്ഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി
- അടിയൻ, പണിയൻ, പ്രാക്തന ഗോത്രവർഗ്ഗ വിഭാഗം
- വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം
- അഗതി മന്ദിരം
- 1999-ലെ ഭൂമി കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകലും നിയമം നടപ്പാക്കലും
- പട്ടികവർഗ്ഗ പാരമ്പര്യ വൈദ്യൻമാർക്കുള്ള സ്റ്റേറ്റ് സെന്റർ

50% കേന്ദ്രാവിഷ്കൃത പദ്ധതികൾ

- പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റസിഡൻഷ്യൽ സ്കൂളുകളുടെയും ആശ്രമം സ്കൂളുകളുടെയും നിർമ്മാണം (50% സംസ്ഥാന വിഹിതം)
- ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (സംസ്ഥാന വിഹിതം 50%)
- കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി
- കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം

    1. ഗവേഷണ പ്രവർത്തനങ്ങൾ
    2. പരിശീലനം

അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50%) പട്ടികവർഗ്ഗ ഉപപദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ

100% കേന്ദ്രാവിഷ്കൃത പദ്ധതികൾ:

- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ
- പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം
- പത്താം ക്ലാസ്സിലും ഒൻപതാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (100% കേന്ദ്ര സഹായ പദ്ധതി)

- പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100% കേന്ദ്ര സഹായം)
- മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം ആർട്ടിക്കിൾ 275(1) പ്രകാരം)
- ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും മറ്റ് പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ)
- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം
- പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി. പദ്ധതി)
- കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ
- കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം
- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ
- പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടിയ ഹോസ്റ്റലുകൾ

(സി) സംസ്ഥാനത്ത് പഞ്ചവത്സര പദ്ധതികൾ നിർത്തലാക്കിയിട്ടില്ല. എസ്.സി.എസ്.പി. ഉപപദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ഡി) നിലവിൽ ലഭിക്കുന്നുണ്ട്. തുടർന്നും ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതികൾ**

7 (*367) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എസ്.ശർമ്മ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ളക്ഷാമം കണക്കിലെടുത്ത് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കുടിവെള്ള പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ച് പണി ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെ;

(സി) ഗ്രാമീണ കുടിവെള്ള പദ്ധതികളടക്കം വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുള്ള കുടിവെള്ള പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ&ബി) 2016-17-ലെ പുതുക്കിയ ബജറ്റിൽ സംസ്ഥാനത്തെ 10 മുനിസിപ്പാലിറ്റികൾക്കും സമീപ പഞ്ചായത്തുകൾക്കുമായി പ്രഖ്യാപിച്ച പദ്ധതികളിൽ ഷൊർണ്ണൂർ മുനിസിപ്പാലിറ്റിക്കും വാണിയംകുളം പഞ്ചായത്തിനും വേണ്ടിയുള്ള വിപുലീകരണ പദ്ധതി, തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള വിപുലീകരണ പദ്ധതി, കൊല്ലം കോർപ്പറേഷൻ രണ്ടാംഘട്ടം കുടിവെള്ള പദ്ധതി വിപുലീകരണം, കാസർഗോഡ് മുനിസിപ്പാലിറ്റിക്കും ചെമ്മനാട് പഞ്ചായത്തിനും വേണ്ടിയുള്ള കുടിവെള്ള പദ്ധതി - ഒന്നാംഘട്ടം, പൊന്നാനിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി, കൊയിലാണ്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി, തൊടുപുഴ മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, കോട്ടയം മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, തൃശ്ശൂർ കോർപ്പറേഷനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി- ഒന്നാം ഘട്ടം, മട്ടന്നൂർ-ഇരിട്ടി മുനിസിപ്പാലിറ്റിക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി എന്നിവയ്ക്ക് 909 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്നും ലഭിച്ചതനുസരിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ചതും വിതരണ ശൃംഖലകൾ ഇല്ലാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്നതുമായ പദ്ധതികളായ ധർമ്മടം കുടിവെള്ള പദ്ധതി വിപുലീകരണം, കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി- വിതരണ ശൃംഖല മെച്ചപ്പെടുത്തൽ, മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കൽ, തിരുവാലിക്കും സമീപ വില്ലേജുകൾക്കുമായുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, നെന്മാറയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം, കടമക്കുടി പഞ്ചായത്തിന്റെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ, വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ,

പെരുനാട്-അത്തിക്കയം വില്ലേജുകളുടെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ എന്നിവയ്ക്ക് 163.1 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കടമക്കുടി പഞ്ചായത്തിന്റെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ, വാരാപ്പുഴ പഞ്ചായത്തിന്റെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ എന്നിവ ഒഴികെയുള്ള 6 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കോട്ടയം ഗ്രാമപഞ്ചായത്ത് (കണ്ണൂർ) കുടിവെള്ള പദ്ധതി-വിതരണ ശൃംഖല മെച്ചപ്പെടുത്തൽ, മാനന്തവാടി, എടവക, നല്ലൂർനാട് വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിക്കൽ, തിരുവാലിക്കും സമീപ വില്ലേജുകൾക്കുമായുള്ള പദ്ധതിയുടെ വിതരണ ശൃംഖല വിപുലീകരണം, പെരുനാട്-അത്തിക്കയം വില്ലേജുകളുടെ വിതരണ ശൃംഖല മെച്ചപ്പെടുത്തൽ പാക്കേജ്-1, നെന്മാറയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി വിപുലീകരണം പാക്കേജ്-1 എന്നിവയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് ചെയ്യുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മേൽപ്പറഞ്ഞ പദ്ധതികളെ കൂടാതെ 2016-17-ലെ പുതുക്കിയ ബജറ്റിന്റെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളായ ചീക്കോട് കുടിവെള്ള പദ്ധതിയുമായി സംയോജിപ്പിച്ചുള്ള രാമനാട്ടുകര കുടിവെള്ള പദ്ധതിയുടെ മെച്ചപ്പെടുത്തൽ, കല്ലുവാതുക്കൽ-പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ള പദ്ധതി-ഒന്നാംഘട്ടം, അമ്പലപ്പാറ പഞ്ചായത്തിനു വേണ്ടിയുള്ള കുടിവെള്ള പദ്ധതി, തച്ചനാട്ടുകര-അലനല്ലൂർ-കോട്ടോപാടം പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി,താനൂർ കുടിവെള്ള പദ്ധതി, എന്നിവയ്ക്കായി 185 കോടി രൂപയുടെ അനുമതി കിഫ്ബിയിൽനിന്നും ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കല്ലുവാൽക്കൽ- പാരിപ്പള്ളി-വെളിനല്ലൂർ വില്ലേജുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി- ഒന്നാംഘട്ടം ഒഴികെയുള്ള 4 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. സ്ഥലലഭ്യത അനുസരിച്ച് നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് ചെയ്യുന്ന മുറയ്ക്ക് മേൽപ്പറഞ്ഞ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. 148 ട്രാൻസ്മിഷൻ മെയിനുകൾ മാറ്റി സ്ഥാപിക്കുന്നതിന് ഭരണാനുമതിക്കായി കേരള വാട്ടർ അതോറിറ്റി സമർപ്പിച്ച 433.33 കോടി രൂപയുടെ പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിനുവേണ്ടി ചുമതലയുള്ള ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിന് പുറമേ സൂപ്രണ്ടിംഗ് എഞ്ചിനീയർ/ചീഫ് എഞ്ചിനീയർ/ഹെഡ് ഓഫീസ്/സർക്കാർ തുടങ്ങിയ വിവിധ തലങ്ങളിൽ പുരോഗതി സംബന്ധിച്ച് അവലോകനം നടത്താറുണ്ട്. പ്രവൃത്തികൾ സുഗമമായി നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുവേണ്ടി സർക്കാർ, മറ്റ് വകുപ്പുകൾ തുടങ്ങി വിവിധ തലങ്ങളിൽ നടപടികൾ സ്വീകരിക്കാറുണ്ട്.

**ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യം**

8 (*368) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എ.പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; തൊഴിലാളികളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദവിവരം നല്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

പദ്ധതികളുടെ രൂപരേഖ തയ്യാറായിവരുന്നു. ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പദ്ധതി പ്രാബല്യത്തിൽ വരുന്നതോടുകൂടി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സുരക്ഷിതത്വം ഉറപ്പുവരുത്താനും അതോടൊപ്പം വിവരശേഖരണം നടത്തി ഡാറ്റാബാങ്ക് തയ്യാറാക്കാനും തിരിച്ചറിയൽ കാർഡ് വിതരണം ചെയ്യുവാനും കഴിയും.

**ആദിവാസികളുടെ ആരോഗ്യ വികസനത്തിന് നടപടി**

9 (*369) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി.സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ ആരോഗ്യ വികസനത്തിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളത്;

(ബി) ഇവർക്ക് സമ്പൂർണ്ണ ആരോഗ്യ സുരക്ഷ നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയത്; വിശദമാക്കുമോ;

(സി) ആദിവാസി കുടുംബങ്ങളിലെ ശിശുമരണ നിരക്ക് കുറയ്ക്കാനും പട്ടിണി മരണം ഇല്ലാതാക്കാനും കഴിഞ്ഞിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ആദിവാസികളുടെ ആരോഗ്യ വികസനത്തിന് പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സ്വന്തം നിലയ്ക്ക് പോഷകാഹാരം വാങ്ങി കഴിക്കുന്നതിലേയ്ക്കായി പ്രതിമാസം 1,000 രൂപാവീതം നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

സാമൂഹ്യനീതി വകുപ്പിൻ കീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രീമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.

(ബി) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി. പ്രോജക്ട് ഓഫീസർമാർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും വകുപ്പ് അദ്ധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹു. വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ച് വരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL (Hindustan Lifecare Limited) മുഖേന വകുപ്പിന് കീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ KMSCL (Kerala Medical Services Corporation Limited) മുഖേന കൊല്ലം, ഇടുക്കി ജില്ലയിലെ അടിമാലി എന്നിവിടങ്ങളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവ് മൂലമുള്ള അസുഖങ്ങളുടെ ചികിത്സയ്ക്കായി 3 NRC (Nutrition Rehabilitation Centre)കളും പ്രവർത്തിക്കുന്നു.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേയ്ക്കായി പ്രതിമാസം 2,000 രൂപാവീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000 രൂപാവീതം 18 മാസത്തേയ്ക്ക് നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്. അമ്മമാരുടെ പോഷകാഹാരക്കുറവുമൂലം തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നതായി ആരോഗ്യ വകുപ്പ് മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽനിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി ക്ഷേമപദ്ധതികൾ സർക്കാർ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സ്വന്തം നിലയ്ക്ക് പോഷകാഹാരം വാങ്ങി കഴിക്കുന്നതിലേയ്ക്കായി പ്രതിമാസം 1,000 രൂപാവീതം നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

സാമൂഹ്യനീതി വകുപ്പിൻ കീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രീമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സ്വന്തം നിലയ്ക്ക് പോഷകാഹാരം വാങ്ങി കഴിക്കുന്നതിലേയ്ക്കായി പ്രതിമാസം 1,000 രൂപാവീതം നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതി എന്നിവ നടപ്പിലാക്കുന്നു.

ശിശുമരണ നിരക്ക് കൂടുതലായി അനുഭവപ്പെട്ടിരുന്ന അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കിവരുന്നു.

അട്ടപ്പാടിയിലെ ശിശുമരണനിരക്ക് കുറയ്ക്കാനായി മേൽപ്പറഞ്ഞവ കൂടാതെ 3 NRC (Nutrition Rehabilitation Centre)കളും കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെ കീഴിൽ പ്രവർത്തിക്കുന്നു. ഇവിടെ പോഷകാഹാരക്കുറവ് മൂലമുള്ള രോഗങ്ങൾക്ക് ചികിത്സ നൽകുന്നു.

കോട്ടത്തറ, ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു. സംവിധാനവുമുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയുമുണ്ട്.

പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശുസംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ-അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾ**

10 (*370) ശ്രീ. എ. എൻ. ഷംസീർ:

ശ്രീ.സി.കെ. ഹരീന്ദ്രൻ:

ശ്രീമതി വീണാ ജോർജ്ജ്:

ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരാർ/ദിവസ വേതന നിയമനങ്ങൾ വ്യാപകമാകുന്നതിനനുസൃതമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താൽക്കാലിക നിയമനങ്ങൾ കുറഞ്ഞു വരുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി)നാൽപ്പതരലക്ഷം തൊഴിലന്വേഷകർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഒരു വർഷം കേവലം 7800 പേർക്ക് മാത്രം താൽക്കാലികാടിസ്ഥാനത്തിൽ തൊഴിൽ നൽകാൻ സാധ്യമായ സാഹചര്യത്തിൽ, സംസ്ഥാനത്തെ എൺപത്തിനാല് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ തൊഴിൽദായകരെന്ന സ്ഥിതി ഏതാണ്ട് അപ്രസക്തമായതു കൊണ്ട് ഈ സ്ഥാപനങ്ങളെ ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിൽ ഉൾപ്പെടെ തൊഴിൽ നേടാൻ വേണ്ട അവസരം സൃഷ്ടിക്കുന്ന കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ;

(സി) ഉദ്യോഗാർത്ഥികൾക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ ഈ സ്ഥാപനങ്ങളുടെ സേവനം ഏതൊക്കെ തരത്തിൽ പരിണമിപ്പിക്കാൻ ഉദ്ദേശിക്കുന്നെന്ന് അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. ചില സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും നിയമനങ്ങൾ നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വാഭാവികമായും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള താൽക്കാലിക നിയമനങ്ങളുടെ എണ്ണം കുറയുകയും ചെയ്തിട്ടുണ്ട്. 1959-ലെ Compulsory Notificatiion of Vacancy ആക്ട് പ്രകാരം എല്ലാ ഒഴിവുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. ഇത് പാലിക്കാതെ നടത്തിയിട്ടുള്ള കരാർ/ദിവസവേതന നിയമനങ്ങളിൽ യാതൊരു വിധത്തിലുള്ള സംവരണ തത്വങ്ങളും പാലിക്കപ്പെടുന്നില്ല. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനായി കാത്തിരിക്കുമ്പോൾ ഇത്തരം നിയമനങ്ങൾ അഭികാമ്യമല്ല. എംപ്ലോയ്മെന്റ് വകുപ്പിന്റെ നിരന്തരമായ ഇടപെടലും എംപ്ലോയ്മെന്റ് മാർക്കറ്റിംഗ്

പരിശോധനകളും മുഖേന നിരവധി സ്ഥാപനങ്ങളിലെ അനധികൃത നിയമനങ്ങൾ ഒഴിവാക്കാനും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യിക്കുന്നതിനും സാധിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ 1959-ലെ സി.എൻ.വി. ആക്ട് പ്രകാരം സർക്കാർ/അർദ്ധ സർക്കാർ/ബോർഡ്/കമ്പനി/കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലെ പി.എസ്.സി. നിയമനത്തിന്റെ പരിധിയിൽപ്പെടാത്ത ഒഴിവുകളിലേയ്ക്കുള്ള നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ സേവനം നിർബന്ധമായും പ്രയോജനപ്പെടുത്തണമെന്നും അല്ലാത്തപക്ഷം ബന്ധപ്പെട്ട വകുപ്പ് മേധാവികൾ/ചീഫ് എക്സിക്യൂട്ടീവുകൾ എന്നിവർക്കെതിരെ ടി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം കർശന നടപടിയെടുക്കുന്നതാണെന്നും 5-2-2014 തീയതിയിലെ 25941/ജി2/2013/തൊഴിൽ നമ്പർ പ്രകാരം സർക്കുലർ (അനുബന്ധമായി ചേർക്കുന്നു) പുറപ്പെടുവിച്ചിരുന്നു.* ടി സർക്കുലർ കർശനമായി പാലിക്കുന്നതിന് 26-12-2016-ലെ 1046913/ജി2/16 നമ്പർ കത്ത് പ്രകാരം മേൽപ്പറഞ്ഞ മേധാവികൾക്ക് വീണ്ടും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുന്ന സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ഒഴിവുകൾക്ക് പുറമേ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങളെക്കൂടി ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന "എംപ്ലോയബിലിറ്റി സെന്റർ" പദ്ധതി എംപ്ലോയ്മെന്റ് വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ ഈ വർഷം എംപ്ലോയബിലിറ്റി സെന്റർ പ്രവർത്തനസജ്ജമാകും. 2016-17 വർഷം കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

ഗ്രാമീണ മേഖലയിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഉപകാരപ്രദമാകുന്ന വിധത്തിൽ താലൂക്ക് തലത്തിൽ ആരംഭിക്കുന്ന പദ്ധതിയാണ് "കരിയർ ഡെവലപ്മെന്റ് സെന്ററുകൾ." വിദ്യാഭ്യാസ മേഖലയിലെയും തൊഴിൽ മേഖലയിലെയും നൂതന പ്രവണതകളെയും കാലാനുസൃത മാറ്റങ്ങളെയും കുറിച്ച് അറിവും അവബോധവും നൽകുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉപരിപഠനം തെരഞ്ഞെടുക്കുന്നതിനും അവരുടെ കഴിവിനും യോഗ്യതയ്ക്കും അനുസരിച്ചുള്ള തൊഴിൽ കണ്ടെത്തുന്നതിനും സഹായിക്കുകയാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസസ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി വരുന്നുണ്ട്. സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ വഴിയും പരിശീലനം നൽകുന്നുണ്ട്. ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി ബന്ധപ്പെട്ട് നേരിട്ട് ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ വഴിയും അവസരമുണ്ടാക്കി കൊടുക്കുന്നുണ്ട്.

കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസിലിംഗ്, കരിയർ ഇന്ററസ്റ്റ്, ഗോൾ സെറ്റിംഗ്, മോട്ടിവേഷൻ ക്ലാസ്സുകൾ, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ, മത്സര പരീക്ഷാ പരിശീലന പരിപാടികൾ തുടങ്ങി മികച്ച കോഴ്സുകളും തൊഴിലും സംബന്ധിച്ച് ഉദ്യോഗാർത്ഥികൾക്ക് അറിവ് ലഭ്യമാക്കുന്ന നിലയിലും ആവശ്യമായ പിന്തുണ നൽകുകയും ചെയ്യുന്നവയാണ് കരിയർ ഡെവലപ്മെന്റ് സെന്ററുകൾ.

**ക്ഷീരകർഷകരെ സഹായിക്കുന്നതിന് നടപടി**

11 (*371) ശ്രീ. സി. ദിവാകരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി.കെ. ആശ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ വിലവർദ്ധനവിന്റെ ഗുണം കർഷകന് ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ;

(ബി) സംസ്ഥാനത്ത് തീറ്റപ്പുല്ലിന്റെ ദൗർലഭ്യം അനുഭവപ്പെടുന്നതിനാൽ, തരിശുകിടക്കുന്ന ഭൂമിയിൽ തീറ്റപ്പുൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കർഷകർക്ക് ഉൽപ്പാദന

ചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് സംഭരണ വില വർദ്ധിപ്പിച്ച് നൽകുന്നതിനായിട്ടാണ് പാൽ വില വർദ്ധിപ്പിച്ചത്. ഈ കാരണത്താൽ വർദ്ധിപ്പിച്ച വിൽപ്പന വിലയുടെ 83.75% അതായത് വിൽപ്പന വില 4 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽനിന്നും 3.35 രൂപയും കർഷകർക്ക് നൽകുകയാണുണ്ടായത്. അതോടൊപ്പം പാൽ വില ചാർട്ടിൽ കാര്യമായ പരിഷ്കരണം നടത്തുക വഴി കർഷകർക്ക് കൂടുതൽ ഗുണം ലഭിക്കാനായി. സാധാരണയായി പാൽ വില വർദ്ധിപ്പിക്കുമ്പോൾ സംഭരണ വില വർദ്ധിപ്പിക്കുന്നത് 3.5% കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളും അടങ്ങിയ പാലിനാണ്. എന്നാൽ ഇത്തവണ അത് 3.5% കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളും അടങ്ങിയ പാലിനാണ് സംഭരണ വിലയിൽ ലിറ്ററൊന്നിന് 3.35 രൂപ വർദ്ധിപ്പിച്ചത്. ഈ കാരണത്താൽ സംസ്ഥാനത്ത് ഇന്ന് സംഭരിക്കുന്ന പാലിന്റെ ശരാശരി ഗുണനിലവാരമായ 4.1% കൊഴുപ്പും 8.3% കൊഴുപ്പിതര ഖര പദാർത്ഥങ്ങളും അടങ്ങിയ പാലിന് ക്ഷീരകർഷകന് ലിറ്ററിന് 4.02 രൂപ വർദ്ധനവ് ലഭ്യമായിട്ടുണ്ട്. അതായത് പാലിന്റെ വിൽപ്പന വില ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചപ്പോൾ കർഷകന് ലിറ്ററിന് 4.02 രൂപ വർദ്ധനവ് ലഭ്യമായി. ഇത്തവണ പാൽ വില വർദ്ധനവ് മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ കർഷകന് ഏറ്റവും ഗുണകരമാണെന്നും പാൽ വില ചാർട്ട് പരിഷ്കരണത്തിലൂടെ പാൽ വില വർദ്ധനവിന്റെ ഗുണം കർഷകന് പൂർണ്ണമായും ലഭ്യമായിട്ടുണ്ടെന്നും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷീര കർഷകർ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മേഖലാ യൂണിയനുകൾ ക്ഷീരകർഷകർക്ക് പാൽ വിലയിൽ ഇൻസെന്റീവും നൽകിവരുന്നു.

പുതുക്കിയ പാൽവില ചാർട്ട് സംഘം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതിന് എല്ലാ ക്ഷീരസംഘങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പംതന്നെ പാൽ വിലയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള പരാതികൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ക്വാളിറ്റി കൺട്രോൾ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു. തീറ്റപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ, പൊതുമേഖല, സ്വകാര്യ വ്യക്തികൾ എന്നിവരുടെ ഉടമസ്ഥതയിലുള്ള തരിശ് കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തീറ്റപ്പുൽക്കൃഷി നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ തീറ്റപ്പുൽക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നം

12 (*372) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ;

(ബി) ഭവന രഹിതരായവർക്ക് വീടുവയ്ക്കാൻ സ്ഥലവും ധനസഹായവും നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇവരുടെ വീടുകളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) നടപ്പ് സാമ്പത്തിക വർഷാരംഭത്തിൽ സംസ്ഥാനത്തൊട്ടാകെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാരുടെ വിശദാംശങ്ങൾ ജില്ലാ ഓഫീസർമാർ മുഖേന ശേഖരിക്കുകയും അപ്രകാരം 15149 പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തുകയുമുണ്ടായി. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്നതിനും പണി പൂർത്തിയാകാത്ത വീടുകൾ വാസയോഗ്യമാക്കി തീർക്കുന്നതിനും യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു. ഇതിന്റെ ഭാഗമായി നടപ്പു സാമ്പത്തിക വർഷം ഭവനരഹിതരായ 6709 പട്ടികവർഗ്ഗക്കാർക്ക് വിവിധ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി വീട് അനുവദിച്ചിട്ടുണ്ട്. കൂടാതെ മുൻവർഷങ്ങളിൽ അനുവദിച്ച 23197 വീടുകളുടെ പണി സ്പിൽ ഓവറായി ബാക്കിയുണ്ടായിരുന്നു. ഇവ പൂർത്തീകരിക്കാനായി 31-1-2017 വരെ ആകെ 166,78,94,000 രൂപ അനുവദിച്ചു.

(ബി) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗക്കാരുടെ വിശദാംശങ്ങൾ ശേഖരിക്കുകയും അർഹരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഭൂമിയും വീടും നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 'ഭൂമി വാങ്ങി നൽകൽ പദ്ധതി', ആദിവാസി പുനരധിവാസ വികസന മിഷൻ,

വനാവകാശ നിയമം എന്നീ പദ്ധതികൾ പ്രകാരം ഭൂമി ലഭ്യമാക്കിവരുന്നു. ഭൂരഹിതരായ 211 പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചു. വനാവകാശ നിയമ പ്രകാരം 136 പേർക്ക് 705 ഏക്കർ ഭൂമിക്കുള്ള ROR വിതരണം ചെയ്തു. വനാവകാശ നിയമ പ്രകാരം നടപടികൾ പൂർത്തീകരിച്ച് 5075 പേർക്ക് ROR നൽകാൻ നടപടി സ്വീകരിച്ചു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിതരണത്തിനായി ലഭിച്ച നിക്ഷിപ്ത വനഭൂമിയിൽനിന്നും 4000 പേർക്ക് 7149 ഏക്കർ ഭൂമികൂടി വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചു. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ജനറൽ ഹൗസിംഗ് പദ്ധതി, എ.ടി.എസ്.പി. ഭവന പദ്ധതി, ഹഡ്കോ ഭവന പദ്ധതി എന്നിവയിലുൾപ്പെടുത്തി വീടുകൾ അനുവദിച്ചുവരുന്നു. ഇത് കൂടാതെ നടപ്പു സാമ്പത്തിക വർഷം വനബന്ധു കല്യാൺ യോജന പദ്ധതിയിൽപ്പെടുത്തിയും വീടുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമവികസന വകുപ്പ് മുഖേന ഐ.എ.വൈ. പദ്ധതി പ്രകാരവും അർഹരായ പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിച്ചുവരുന്നു.

(സി) പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിവിധ സർക്കാർ ഏജൻസികൾ മുഖേന അനുവദിച്ച് നൽകിയതും നിലവിൽ വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പണി പൂർത്തിയാക്കുന്നതിനും അറ്റകുറ്റപ്പണി, നവീകരണം എന്നിവയ്ക്കുമായി വീടൊന്നിന് പരമാവധി ഒരു ലക്ഷം രൂപവരെ അനുവദിച്ചുവരുന്നു. നടപ്പു സാമ്പത്തിക വർഷം ഇത്തരത്തിൽ 500 വീടുകളുടെ പുനരുദ്ധാരണത്തിനായി വിവിധ ജില്ലകൾക്ക് തുക അനുവദിച്ചിട്ടുണ്ട്.

## അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ

13 (*373) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഗ്രാമീണ മേഖലയിലെ തൊഴിൽ അന്വേഷകർക്കും വിദ്യാർത്ഥികൾക്കും കരിയർ സംബന്ധമായ സേവനങ്ങളും പരിശീലനങ്ങളും നൽകുന്നതിന് കരിയർ ഡെവലപ്മെന്റ് സെൻററുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കൂടുതൽ ഗ്രാമീണ മേഖലകളിലേക്ക് ഇത്തരം സെൻററുകളുടെ പ്രവർത്തനം വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) തൊഴിൽരഹിതർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും മറ്റുമായി ഏർപ്പെടുത്തിയ എംപ്ലോയബിലിറ്റി സെൻററുകളുടെ പ്രവർത്തനം വിശദമാക്കാമോ;

(ഇ) പ്രസ്തുത സെൻററുകൾ മുഖേന തൊഴിൽ മേളകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിലേയ്ക്ക് നിലവിലുള്ള നിയമങ്ങൾക്കും മാനദണ്ഡങ്ങൾക്കും വിധേയമായി സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ അനുയോജ്യമായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നിലവിൽ നൽകിവരുന്നു. ഇതിന് പുറമേ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ് സംഘടിപ്പിച്ച് വരുന്ന 'നിയുക്തി' ജോബ്ഫെസ്റ്റ് മുഖേനയും എംപ്ലോയബിലിറ്റി സെന്ററുകൾ നടത്തിവരുന്ന ജോബ് ഡ്രൈവുകൾ വഴിയും സ്വകാര്യ മേഖലയിൽ നിലവിലുള്ള തൊഴിലവസരങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കി വരുന്നുണ്ട്.

(ബി) ഗ്രാമീണ മേഖലയിലെ തൊഴിൽ അന്വേഷകർക്കും വിദ്യാർത്ഥികൾക്കും കരിയർ സംബന്ധമായ സേവനങ്ങളും പരിശീലനങ്ങളും നൽകുന്നതിന് 2016-17 സാമ്പത്തിക വർഷം മുതൽ കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിലും പാലക്കാട് ജില്ലയിലെ ചിറ്റൂരിലും തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകരയിലും കരിയർ ഡെവലപ്മെന്റ് സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുകയും പേരാമ്പ്രയിലും ചിറ്റൂരിലും ഡെവലപ്മെന്റ് സെന്ററുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) വരും വർഷങ്ങളിൽ ഇത്തരം കരിയർ ഡെവലപ്മെന്റ് സെന്ററുകളുടെ പ്രവർത്തനം കൂടുതൽ ഗ്രാമീണ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ "തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക" എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പ് മുഖേന സംസ്ഥാന

സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതിയാണ് "എംപ്ലോയബിലിറ്റി സെന്റർ" . ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസസ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി സോഫ്റ്റ് സ്കില്ലുകൾക്കും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ വഴിയും പരിശീലനം നൽകി തൊഴിൽ നൈപുണ്യമുള്ളവരാക്കി മാറ്റി, ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരമുണ്ടാക്കി കൊടുക്കുന്നുണ്ട്.

(ഇ) നാഷണൽ എംപ്ലോയ്മെന്റ് വകുപ്പിന് കീഴിലുള്ള എംപ്ലോയബിലിറ്റി സെന്ററുകളുടെ സഹകരണത്തോടെ വകുപ്പ് ഈ സാമ്പത്തിക വർഷത്തിൽ 217 തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും അതിൽ 1370 ഉദ്യോഗദായകരും 70171 ഉദ്യോഗാർത്ഥികളും പങ്കെടുക്കുകയും 3338 പേർക്ക് സ്പോട്ട് സെലക്ഷൻ നൽകുകയും 12215 പേർക്ക് ജോബ് ഓഫറുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**പ്ലാച്ചിമട സ്പെഷ്യൽ ട്രൈബ്യൂണൽ രൂപീകരണത്തിനായുള്ള നിയമം**

14 (*374) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. പി.കെ. ശശി:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമടയിൽ, കൊക്കക്കോള കമ്പനിയുടെ ജലചൂഷണത്തിന് ഇരയായവർക്ക് കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം നേടിക്കൊടുക്കുന്നതിനായി എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത ആവശ്യത്തിനായി, മുൻ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയ പ്ലാച്ചിമട സ്പെഷ്യൽ ട്രൈബ്യൂണൽ രൂപീകരണത്തിനായുള്ള നിയമം കേന്ദ്ര ആഭ്യന്തര മന്ത്രാലയം തിരികെ അയച്ചത് ബഹു.രാഷ്ട്രപതിക്കു സമർപ്പിക്കാതെയായിരുന്നോ; ആണെങ്കിൽ കാരണം എന്താണെന്നാണ് അറിയിച്ചിരിക്കുന്നത്;

(സി) ഇക്കാര്യത്തിൽ എന്തു തുടർ നടപടി സാധ്യമാകുമെന്ന് അറിയിക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ-സി) 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള നിയമവുമായി 'The Plachimada Coca-Cola Victims Relief and Compensation Claims Special Tribunal Bill, 2011-ലെ വ്യവസ്ഥകൾ പൊരുത്തപ്പെടുന്നില്ലെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയയ്ക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി വീണ്ടും അയയ്ക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയയ്ക്കുകയായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ പ്ലാച്ചിമടയിൽ നാശനഷ്ടങ്ങൾക്കിരയായവർക്ക് എപ്രകാരം നഷ്ടപരിഹാരം ലഭ്യമാക്കാൻ കഴിയുമെന്നതിന്റെ നിയമവശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

**കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം**

15 (*375) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കശുവണ്ടി മേഖലയിലെ പ്രതിസന്ധി പ്രസ്തുത ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക അടിത്തറയ്ക്ക് കാര്യമായ ക്ഷതം ഏൽപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) പ്രസ്തുത ക്ഷേമനിധി ബോർഡിനെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആലോചിക്കുന്നതെന്ന് വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് നൽകുന്നതിന് ലേബർ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കശുവണ്ടി മേഖലയിലെ പ്രതിസന്ധി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക അടിത്തറയ്ക്ക് കാര്യമായ ക്ഷതം ഏൽപ്പിച്ചിട്ടുണ്ട്. നിലവിലെ പ്രതിസന്ധി മൂലം 50 ശതമാനത്തോളം ഫാക്ടറികളും അടഞ്ഞുകിടക്കുന്നതിനാൽ ബോർഡിന്റെ വരുമാനം ഗണ്യമായി കുറഞ്ഞിട്ടുണ്ട്.

(സി) അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും പ്രവൃത്തി ദിനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സർക്കാർ തലത്തിൽ നടന്നുവരുന്നു. അതുവഴി കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ അംശദായ വിഹിതത്തിൽ വർദ്ധനയുണ്ടാകുമെന്നും സാമ്പത്തിക പ്രതിസന്ധിയ്ക്ക് അയവ് വരുമെന്നും സർക്കാർ കരുതുന്നു.

**ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ**

16 (*376) ശ്രീ.എം. മുകേഷ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡി-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് പരിശോധിക്കാറുണ്ടോ; പരിശോധിക്കുന്നതിന് സംവിധാനം നിലവിലുണ്ടോ ;

(ബി) സംസ്ഥാനതലത്തിൽ ആധുനിക സജ്ജീകരണങ്ങളോടെ ഒരു മാതൃകാ സ്പെഷ്യാലിറ്റി ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(സി) എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രികളുമായി ബന്ധപ്പെടുത്തി ഡി-അഡിക്ഷൻ സെന്ററുകൾ രൂപീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ടോ; വിശദാംശം നൽകുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ ഡീ-അഡിക്ഷൻ സെന്ററുകളുടെയും പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് പരിശോധിക്കാറില്ല. എന്നാൽ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷന്റെ സാമൂഹ്യ പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി 2014-15 സാമ്പത്തിക വർഷത്തിൽ ലഹരി വിമുക്ത ചികിത്സാ ധനസഹായം നൽകിയ 11 ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം എക്സൈസ് വകുപ്പ് പരിശോധിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 23-8-2013-ലെ ജി.ഒ.(എം.എസ്.) നമ്പർ 147/2013/റ്റി.ഡി. പ്രകാരം ഒരു മാർഗ്ഗരേഖ രൂപീകരിച്ചിട്ടുണ്ട്. ഇതിൻ പ്രകാരമാണ് മേൽ ഡീ-അഡിക്ഷൻ സെന്ററുകൾ പരിശോധിച്ചുവരുന്നത്.

(ബി) ദേശീയ നിലവാരത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു ഡീ-അഡിക്ഷൻ സെന്റർ സംസ്ഥാനത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ- 'വിമുക്തി'-യുടെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ലാ ആശുപത്രികളോട് ചേർന്ന് ഡീ-അഡിക്ഷൻ സെന്ററുകൾ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടുകൂടി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

### പ്ലാച്ചിമട കൊക്കക്കോള ട്രൈബ്യൂണൽ ബിൽ

17 (T* *377) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമട കൊക്കക്കോള ട്രൈബ്യൂണൽ ബിൽ പുനരവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി)ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങളോടുകൂടിയാണ് പുനരവതരിപ്പിക്കുന്നത് എന്നുള്ള വിശദാംശങ്ങൾ നൽകാമോ;

(സി) ആയതിന് ഇതുവരെ നിയമ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ&ബി) 24-2-2011-ൽ കേരള നിയമസഭ പാസ്സാക്കി, ഗവർണർ രാഷ്ട്രപതിയുടെ അനുമതിക്കായി അയച്ചിരുന്ന കേരള പ്ലാച്ചിമട കൊക്കക്കോള ബിൽ രാഷ്ട്രപതി 20-11-2015-ന് അനുമതി withhold ചെയ്ത് തിരിച്ചയച്ചിട്ടുള്ളതാണ്. പ്രസ്തുത ബില്ലിലെ വിഷയം ഭരണഘടനയുടെ 253-ാം അനുച്ഛേദപ്രകാരം പാർലമെന്റ് പാസ്സാക്കിയ 2010-ലെ ഗ്രീൻ ട്രൈബ്യൂണൽ ആക്ടിന്റെ പരിധിയിൽ വരുന്നതാണ്. ആയതിനാൽ കേരള സംസ്ഥാന നിയമസഭയ്ക്ക് ഈ ബിൽ പുനരവതരിപ്പിക്കാൻ കഴിയില്ല എന്നാണ് നിയമോപദേശം ലഭിച്ചിട്ടുള്ളത്.

(സി) നഷ്ടപരിഹാരം കമ്പനിയിൽനിന്നും നേടിയെടുക്കുവാൻ സാധ്യമായ മാർഗ്ഗമുണ്ടോയെന്ന് നിയമപരമായി പരിശോധിച്ചുവരുന്നു.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ആർ.എസ്.ബി.വൈ. പദ്ധതി

18 (*378) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ബി. സത്യൻ:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് കാർഡ് പുതുക്കി ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കിടപ്പ് രോഗികളടക്കമുള്ള നിരവധിയാളുകൾക്ക് യഥാസമയം കാർഡ് പുതുക്കാൻ സാധിക്കാത്തതുമൂലം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ളവർക്ക് ആർ.എസ്.ബി.വൈ കാർഡ് പുതുക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നേരത്തേ ഈ സൗകര്യം അനുവദിച്ചിരുന്ന സ്വകാര്യ ആശുപത്രികളിൽ പലതും പദ്ധതിയിൽ നിന്ന് പിന്മാറിയിട്ടുണ്ടോ;

(ഇ) കൂടുതൽ സ്വകാര്യ -സഹകരണ ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. ആർ.എസ്.ബി.വൈ. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് കാർഡ് പുതുക്കി നൽകുന്നതിനായി പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പുതുക്കൽ കേന്ദ്രങ്ങൾ 2017 മാർച്ച് മാസം മൂന്നാംവാരത്തോടെ പ്രവർത്തനക്ഷമമാകുന്നതും തുടർന്നുള്ള നാലുമാസങ്ങളിൽ ടി പഞ്ചായത്തുകളിൽ തുടരുന്നതുമാണ്. കാർഡ് പുതുക്കേണ്ടവർക്ക് പ്രസ്തുത കേന്ദ്രങ്ങളുടെ സേവനം പ്രയോജന പ്പെടുത്താവുന്നതാണ്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാർഡ് പുതുക്കുന്ന അവസരത്തിൽ കിടപ്പുരോഗികൾ അടക്കമുള്ള ആളുകൾക്കുവേണ്ടി അവരുടെ ഭവനങ്ങളിൽ ചെന്ന് സേവനം നൽകുന്നതിനായി സംസ്ഥാനത്തുടനീളം മൊബൈൽ യൂണിറ്റുകൾ സജ്ജീകരിച്ചിട്ടുണ്ട്. അത്യാവശ്യമായി ചികിത്സ വേണ്ടിവരുന്നവർക്ക് പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളിലും കാർഡ് പുതുക്കുന്നതിനുള്ള എമർജൻസി യൂണിറ്റുകൾ സജ്ജീകരിച്ചിട്ടുണ്ട്. യഥാസമയം കാർഡ് പുതുക്കാത്തവർക്ക് ആ വർഷത്തേയ്ക്ക് കാർഡ് ലഭിക്കുന്നതല്ല. അവർ നടപ്പുവർഷം തന്നെ അക്ഷയ കേന്ദ്രത്തിൽ ചെന്ന് പുതുതായി രജിസ്റ്റർ ചെയ്ത് പുതിയ കാർഡിന് യോഗ്യത ഉറപ്പാക്കുന്നപക്ഷം അവർക്ക് തുടർന്നുള്ള സാമ്പത്തിക വർഷം കാർഡ് ലഭിക്കുന്നതാണ്.

(ഡി) ഉണ്ട്. വിവിധ കാരണങ്ങളാൽ നേരത്തേ പദ്ധതിയിൽ ഉൾപ്പെട്ടിരുന്ന വളരെ ചുരുക്കം സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽനിന്നും പിൻമാറിയിട്ടുണ്ട്. 2016-17 വർഷത്തിൽ ഒരു ആശുപത്രി, പദ്ധതിയിൽനിന്നും പിൻമാറിയപ്പോൾ 45 സ്വകാര്യ ആശുപത്രികൾ പദ്ധതിയിലേയ്ക്ക് പുതുതായി കടന്നുവന്നിട്ടുണ്ട്. നിലവിൽ 229 സ്വകാര്യ-സഹകരണ ആശുപത്രികളിലും 261 സർക്കാർ ആശുപത്രികളിലും ആർ.എസ്.ബി.വൈ. സേവനം ലഭ്യമാണ്.

(ഇ) കൂടുതൽ സ്വകാര്യ സഹകരണ ആശുപത്രികളെ ഈ പദ്ധതിയിലേയ്ക്ക് ആകർഷിക്കുന്നതിനായി വർഷംതോറും വ്യത്യസ്ത ഇടവേളകളിലായി ജില്ലാതല ശിൽപ്പശാലകൾ സംഘടിപ്പിക്കുകയും സ്വകാര്യ സഹകരണ ആശുപത്രികളുടെ പങ്കാളിത്തം പരമാവധി ഉറപ്പാക്കുകയും ചെയ്തുവരുന്നു.

**തൊഴിൽ നിയമ ലംഘനങ്ങൾ**

19 (*379) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്ത് തൊഴിൽ നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) തൊഴിൽ നിയമ ലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റുകളിൽ തൊഴിലാളി പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ന്യായ വേതനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും വകുപ്പ്

(ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ തർക്കങ്ങളുണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/അഡ്ജൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിവിധ നിയമപ്രകാരമുള്ള സേവന വേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥാപന പരിശോധനകൾ, സ്ക്വാഡ് ഇൻസ്പെക്ഷൻ, സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്തുന്നുണ്ട്. 2016-ൽ 41431 സ്ഥാപന പരിശോധനകൾ നടത്തുകയും 5457 പ്രോസിക്യൂഷൻ, 694 ക്ലെയിം പെറ്റീഷൻ എന്നിവ നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) തൊഴിൽ നിയമലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിക്കുന്ന കാര്യം സജീവ പരിഗണനയിലാണ്.

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റുകളിൽ തൊഴിലാളി പ്രാതിനിധ്യം ഉറപ്പുവരുത്തുന്ന കാര്യം അതാത് സ്ഥാപനങ്ങളാണ് തീരുമാനിക്കുന്നത്.

(ഡി) ന്യായവേതനം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നത് സർക്കാർ പരിഗണനയിലാണ്.

## അസംഘടിത തൊഴിലാളികൾക്ക് വേതന സുരക്ഷയും പാർപ്പിട സൗകര്യവും

20(*380) ശ്രീ .കെ.ജെ. മാക്സി :

ശ്രീ. കെ. ദാസൻ :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് വേതനം ഉറപ്പുവരുത്തുന്നതിനും വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്കുകൾ വഴി നൽകുന്നതിനുമായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിൽ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന കുറഞ്ഞ വരുമാനക്കാരായ തൊഴിലാളികൾക്ക് പാർപ്പിടം നിർമ്മിച്ചു നൽകുന്നതിനുള്ള സമഗ്ര പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്ലാന്റേഷൻ മേഖലയിൽ സ്വന്തമായി വീടില്ലാത്ത തൊഴിലാളികൾക്ക് വീട് നിർമ്മിച്ചു നൽകുന്നതിനും മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിനും നിലവിലെ ലയങ്ങൾ നവീകരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനായി വേതന സുരക്ഷാ പദ്ധതി 25-8-2015-ൽ നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ പൂർത്തിയാക്കിയതിനെത്തുടർന്ന് ഇത് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ടി പദ്ധതിവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈനായിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന തൊഴിൽ ഉടമകൾക്കെതിരെ സ്ഥാപന പരിശോധന കൂടാതെതന്നെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയും.

(ബി) സംസ്ഥാനത്തെ നഗര പ്രദേശങ്ങളിൽ അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന കുറഞ്ഞ വരുമാനക്കാരായ തൊഴിലാളികൾക്ക് പാർപ്പിടം നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. എറണാകുളം ജില്ലയിലെ പെരുമ്പാവൂരിൽ 296 ഫ്ലാറ്റുകളുടെയും (715 സ്ക്വയർ ഫീറ്റ്) ഇടുക്കി ജില്ലയിലെ അടിമാലിയിൽ 216 ഫ്ലാറ്റുകളുടെയും (645 സ്ക്വയർ ഫീറ്റ്), നിർമ്മാണം പുരോഗമിച്ചുവരുന്നു. ഈ രണ്ട് സ്കീമുകളിലുമുള്ള അപ്പാർട്ടുമെന്റുകൾക്ക് രണ്ട് ബെഡ്റൂം, ഡ്രോയിംഗ് കം ഡൈനിംഗ്, അടുക്കള, ബാത്ത്റൂം എന്നീ സൗകര്യങ്ങളുണ്ട്. പെരുമ്പാവൂരിൽ നടപ്പിലാക്കുന്ന പാർപ്പിട പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് 2018-ഓടുകൂടിയും അടിമാലിയിലെ ഗുണഭോക്താക്കൾക്ക് 2017-നോടുകൂടിയും പാർപ്പിടം പൂർത്തീകരിച്ച് കൈമാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഭവനം പദ്ധതിയുടെ ഭാഗമായി തോട്ടം മേഖലയിൽ "സ്വന്തം വീട് സ്കീം" നടപ്പിലാക്കുവാനുള്ള അനുമതിക്കായി ഭവനം ഫൗണ്ടേഷൻ തയ്യാറാക്കി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരുന്നു. ഈ സ്കീം അനുസരിച്ച് സ്വന്തമായി മൂന്നുസെന്റ് ഭൂമിയെങ്കിലും ഉള്ളവർക്ക് 400 സ്ക്വയർ ഫീറ്റുള്ള വ്യക്തിഗത വീടുകളും സ്വന്തമായി സ്ഥലമില്ലാത്തവർക്ക് 400 സ്ക്വയർ ഫീറ്റുള്ള അപ്പാർട്ട്മെന്റുകളും നിർമ്മിച്ച് നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

**പട്ടികജാതിയിൽപ്പെട്ടവരുടെ ക്ഷേമത്തിനായി ജനസംഖ്യാനുപാതികമായി ഫണ്ട്**

21 (*381) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ടവരുടെ ക്ഷേമത്തിനായി 2016-17 വർഷത്തിൽ ജനസംഖ്യാനുപാതികമായി ഫണ്ട് നീക്കി വച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ജനസംഖ്യാനുപാതികമായി അനുവദിച്ച തുകയുടെ നടപ്പുവർഷത്തെ വിനിയോഗം എത്രത്തോളമാണെന്ന് വ്യക്തമാക്കുമോ;

(സി) പട്ടികജാതി വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ തുടങ്ങിയ വിദ്യാഭ്യാസ സൗകര്യ വർദ്ധനയ്ക്കുള്ള പദ്ധതികളുടെ നടപ്പു വർഷത്തെ നേട്ടങ്ങൾ വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതിയിൽപ്പെട്ടവരുടെ ക്ഷേമത്തിനായി 2016-17 വർഷത്തിൽ ജനസംഖ്യാനുപാതികമായി തുക വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന/കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിനായി 1746.42 കോടി രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതമായി 1038.9 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) വകുപ്പ് മുഖേന നടപ്പിലാക്കുന്ന സംസ്ഥാന/കേന്ദ്ര പദ്ധതികളുടെ നടത്തിപ്പിനായി നീക്കിവച്ച തുകയിൽ 949.83 കോടി രൂപ 28-2-2017 വരെ ചെലവഴിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവച്ച തുകയിൽ 14-3-2017 വരെ 364.13 കോടി രൂപ ചെലവഴിച്ചു.

(സി) നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഹോസ്റ്റൽ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും കെട്ടിട നവീകരണത്തിനുമായി 3,27,94,206 രൂപയും ഹോസ്റ്റൽ പ്രവർത്തനം സുഗമമാക്കുന്നതിനായി ഹോസ്റ്റലുകളിൽ അത്യാവശ്യം വേണ്ട സാധനങ്ങൾ വാങ്ങുന്നതിനായി 45,53,667 രൂപയും അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കാർബൺ ന്യൂട്രൽ ജില്ലയാക്കാനുള്ള പദ്ധതി**

22 (*382) ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർബൺ ന്യൂട്രൽ ജില്ലയായി വയനാടിനെ മാറ്റിയെടുക്കുന്ന പദ്ധതി പ്രകാരം വനംവകുപ്പ് ഇതേവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഇതിന് പൈലറ്റ് പ്രോജക്ട് ഉണ്ടാക്കി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ ഫലപ്രാപ്തിയെക്കുറിച്ച് വിശദമാക്കുമോ;

(സി) ഈ പദ്ധതി സംസ്ഥാനത്താകെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വയനാട് ജില്ലയെ മുഴുവനായും കാർബൺ ന്യൂട്രൽ ജില്ലയായി മാറ്റിയെടുക്കുന്നതിന് വനം വകുപ്പ് ഇതേവരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എങ്കിലും വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ ഇത് സംബന്ധിച്ച് ഒരു പൈലറ്റ് പ്രോജക്ട് നടപ്പിലാക്കിവരുന്നു.

(ബി) വയനാട് ജില്ലയിലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട പ്രദേശങ്ങളെയാണ് കാർബൺ ന്യൂട്രൽ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. ഈ പരിപാടിക്ക് ആവശ്യമായ പ്രാരംഭ പ്രവർത്തനങ്ങളും പ്രോജക്ടുകളും മീനങ്ങാടി ഗ്രാമപഞ്ചായത്താണ് നടപ്പിലാക്കിവരുന്നത്.

(സി) ഈ പരിപാടി സംസ്ഥാനത്താകെ നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനങ്ങളൊന്നുംതന്നെ കൈക്കൊണ്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം

23 (*383) ശ്രീ. സി.കൃഷ്ണൻ
ശ്രീ. കെ. ആൻസലൻ
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാന തൊഴിലാളികൾക്കായുള്ള ലേബർ ക്യാമ്പുകളിലെ ശുചിത്വ സൗകര്യങ്ങൾ സംബന്ധിച്ച് പരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ:

(സി) ഇവർക്കായി വിവിധ വകുപ്പുകളുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ-സി) ഇതര സംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി ഡെപ്യൂട്ടി ഡയറക്ടർ (തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ (കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് സ.ഉ.(സാധാ.) 1717/15/തൊഴിൽ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. കൂടാതെ തൊഴിലാളികളുടെ സൗകര്യവും ശുചിത്വവും ഉറപ്പുവരുത്തുന്നതിനായി 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 3-8-2016-ൽ സ.ഉ.(സാധാ.) 960/16/തൊഴിൽ നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കാൻ എല്ലാ ജില്ലാ ലേബർ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ജില്ലാ ലേബർ ഓഫീസർ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ പരിശോധനകൾ

നടത്തിവരുന്നു. പരിശോധനയിൽ കണ്ടെത്തുന്ന നിയമലംഘനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ച് ടി തൊഴിലാളികളുടെ ആരോഗ്യം, തൊഴിൽ സുരക്ഷ, ക്ഷേമം എന്നിവ ഉറപ്പുവരുത്തുന്നു. ആരോഗ്യ വകുപ്പുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും ഇവർക്കായി സംഘടിപ്പിച്ചുവരുന്നു.

(ഡി) ഇവർക്ക് മെഡിക്കൽ ക്യാമ്പ് നടത്തുവാനും വിവിധ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുവാനുമായി 7-9-2016-ലെ സ.ഉ. (സാധാ) 1210/16/ തൊഴിൽ നമ്പരായി 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് നടപടി**

24 (*384) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി)പട്ടികജാതിക്കാരുടെ വാസയോഗ്യമല്ലാത്ത വീടുകൾ നന്നാക്കുന്നതിന് എന്തെല്ലാം ധനസഹായങ്ങളാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഭവനരഹിതർക്ക് വീട് നിർമ്മിക്കുന്നതിനായി ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3,00,000 രൂപയും ദുർബ്ബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3,50,000 രൂപയും ധനസഹായമായി അനുവദിക്കുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 15000 വീടുകളും ദുർബ്ബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 236 വീടുകളും നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു. കൂടാതെ 2007-08 മുതൽ 2015-16 വർഷം വരെ ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ അവശേഷിച്ച 16,363 വീടുകളിൽ 4295 വീടുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ദുർബ്ബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 2008-09 മുതൽ 2015-16 വർഷം വരെ അനുവദിച്ച വീടുകളിൽ പൂർത്തിയാകാതെ

അവശേഷിച്ച 762 വീടുകളുടെ പൂർത്തീകരണത്തിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 2007-08 മുതൽ 2012-13 വർഷംവരെ ധനസഹായം അനുവദിച്ച വീടുകളിൽ പൂർത്തിയാകാത്തവയ്ക്ക് പഴയ നിരക്കിൽ ഒടുവിൽ വാങ്ങിയ ധനസഹായത്തുക 2,00,000 രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ അധിക ധനസഹായമായി അനുവദിച്ച് പണി പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പട്ടികജാതിക്കാരുടെ അഞ്ചുവർഷം മുതൽ 25 വർഷം വരെ പഴക്കം ചെന്ന വീടുകളുടെ നവീകരണത്തിനായി ഭവനപുനരുദ്ധാരണം/ അഡീഷണൽ റൂം ധനസഹായ പദ്ധതി പ്രകാരം 50,000 രൂപ ധനസഹായമായി അനുവദിച്ച് നൽകുന്നുണ്ട്.

## പട്ടികജാതി വിഭാഗക്കാരുടെ വിദഗ്ദ്ധ ചികിത്സയ്ക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി

25 (*385) ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പി. വി. അൻവർ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽപ്പെട്ട നിരവധി പേർക്ക് സാമ്പത്തിക പ്രതിസന്ധിമൂലം മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വിഭാഗങ്ങളുടെ ചികിത്സാ ധനസഹായത്തിനായി എത്ര രൂപയാണ് നീക്കിവെച്ചത്; ഇതിൽ ആകെ എത്ര തുക വിതരണം ചെയ്തെന്നും എത്രപേർ ഇതിന്റെ ഗുണഭോക്താക്കളായി എന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) ഇവരുടെ ചികിത്സാ ധനസഹായത്തിനുള്ള വരുമാന പരിധി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത വിഭാഗക്കാരുടെ വിദഗ്ദ്ധ ചികിത്സയ്ക്കായി പ്രത്യേക ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2016-17 വർഷത്തിലേയ്ക്ക് പ്ലാൻ ശീർഷകത്തിൽ 60 കോടി രൂപയും നോൺ പ്ലാനിൽ ഒരു കോടി 10 ലക്ഷം രൂപയും അടക്കം 61 കോടി 10 ലക്ഷം രൂപ ജില്ലകൾക്ക് അനുവദിച്ച് നൽകിയിരുന്നു. ഇതിൽ 28-2-2017 വരെ 18590 പേർക്കായി 35,10,22,991 രൂപ ചെലവഴിച്ചു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(സി) നിലവിൽ വരുമാന പരിധി 50,000 രൂപയാണ്. ടി തുക ഒരു ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) പട്ടികജാതി വിഭാഗക്കാരുടെ വിദഗ്ദ്ധ ചികിത്സയ്ക്കായി വകുപ്പിൽനിന്നും പ്രത്യേക ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. ആരോഗ്യ വകുപ്പുവഴി നടപ്പിലാക്കുന്ന ഇൻഷ്വറൻസ് പദ്ധതിയിൽ എല്ലാ ബി.പി.എൽ. വിഭാഗക്കാരേയും ഉൾപ്പെടുത്തി സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്ന പേരിൽ പദ്ധതി നിലവിലുണ്ട്.

**കുളങ്ങളുടെയും അരുവികളുടെയും നീർച്ചാലുകളുടെയും സംരക്ഷണം**

26 (*386) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. രാജൻ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുളങ്ങളും അരുവികളും മറ്റു നീർച്ചാലുകളും സംരക്ഷിക്കുന്നതിനായി ഹരിത കേരളം മിഷൻ മുഖേന ജലവിഭവ വകുപ്പ് എന്തെങ്കിലും പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന് തൊഴിലുറപ്പു പദ്ധതിയെ ഏതെല്ലാം വിധത്തിൽ ഉപയോഗപ്പെടുത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(സി) കുളങ്ങളുടെയും തോടുകളുടെയും മറ്റും ചരിവുകൾ സംരക്ഷിക്കുന്നതിന് കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ&ബി) ഉണ്ട്. ഹരിത കേരളം മിഷനിൽ ഉൾപ്പെട്ട ജലവിഭവ സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ജലസേചന വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ളത്തിനും ജലലഭ്യത വർദ്ധിപ്പിക്കാൻ കഴിയും. കൂടാതെ ഭൂഗർഭ ജലസ്രോതസ്സ് വർദ്ധിപ്പിക്കുന്നതിനും ഈ പ്രവർത്തനം സഹായകരമാണ്. ഇതിനായി ആദ്യഘട്ടത്തിൽ കുളങ്ങളും തോടുകളും പുനരുജ്ജീവിപ്പിക്കുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും രണ്ടാംഘട്ടത്തിൽ നദികൾ, കായലുകൾ, മറ്റ് ജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ ശുചീകരണവും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ജലസ്രോതസ്സുകളുടെ ശുചീകരണ പ്രവർത്തനങ്ങൾ തൊഴിലുറപ്പ് പദ്ധതിവഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ സംയോജിത പദ്ധതികളായി നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു.

(സി) ഹരിത കേരളം മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ജൈവമാർഗ്ഗങ്ങൾക്ക് കൂടുതൽ മുൻഗണന നൽകാൻ ഉദ്ദേശിക്കുന്നു. ഓരോ നീർത്തടത്തിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് അധികൃതർ, ഗുണഭോക്താക്കൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരുടെ സഹായത്തോടെ വിലയിരുത്തി ജൈവമാർഗ്ഗങ്ങൾ ഏതെല്ലാം വിധത്തിൽ ഉപയോഗപ്പെടുത്താമെന്ന് പരിശോധിച്ച് നിർവ്വഹണ ഘട്ടത്തിൽ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ ഈ ഘട്ടത്തിൽ ഓരോ പ്രദേശത്തെയും ഭൂപ്രകൃതിയും ബണ്ടിന്റെ ചരിവും മണ്ണിന്റെ ഘടനവും ജലലഭ്യതയും കണക്കിലെടുത്ത് കയർ ഭൂവസ്ത്രം, കൈത, മുള തുടങ്ങി പ്രാദേശികമായി ലഭ്യമാകുന്ന വസ്തുക്കളും ചെടികൾ, മണ്ണ് എന്നിവയും ജലസംരക്ഷണത്തിനായി ഉപയോഗപ്പെടുത്താനും ഹരിതകേരളം ലക്ഷ്യമിടുന്നു.

**കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കാൻ നടപടികൾ**

27 (*387) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. അനിൽ അക്കര:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം ഭരണ നടപടികളാണ് കൈക്കൊണ്ടത്; വിവരിക്കുമോ;

(സി) കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കാൻ നിലവിലുള്ള ഏതൊക്കെ പദ്ധതികളാണ് പ്രയോജനപ്പെടുത്തിയത്; വിശദാംശങ്ങൾ എന്തെല്ലാം?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):

(എ&ബി) സംസ്ഥാനത്തെ കുടിവെള്ള വിതരണത്തിനുള്ള പൈപ്പുകൾ വ്യക്തമായ പൈപ്പ് പോളിസിയുടെ അടിസ്ഥാനത്തിൽ ഓരോ സാഹചര്യത്തിനും യോജിച്ച രീതിയിലാണ് തെരഞ്ഞെടുക്കുന്നത്. നിലവിലെ കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കാൻ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു:

1. പഴയതും കേടുവന്നതുമായ എ.സി., പ്രിമോ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റി പൈപ്പ് പോളിസി അടിസ്ഥാനമാക്കി ഗുണമേൻമയുള്ള പുതിയ പൈപ്പുകൾ സ്ഥാപിക്കൽ
2. ജലശുദ്ധീകരണശാലകളുടെ സ്ഥാപിതശേഷി പൂർണ്ണമായും ഉപയോഗിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവൃത്തികൾ നടത്തി വിതരണത്തിന് കൂടുതൽ ജലം ലഭ്യമാക്കൽ
3. പമ്പിംഗ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി കേടുവന്ന പമ്പുസെറ്റുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കുകയും സ്റ്റാന്റ് ബൈ പമ്പുസെറ്റുകൾ വാങ്ങി സ്ഥാപിക്കുകയും ചെയ്യുക
4. വ്യാസം കുറഞ്ഞ പഴയ പൈപ്പുകൾ മാറ്റി വ്യാസം കൂടിയ പൈപ്പുകൾ സ്ഥാപിക്കുക
5. വിതരണ ശൃംഖലയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താൻ ആവശ്യമായ കരാർ സംവിധാനങ്ങളും ബ്ലൂ ബ്രിഗേഡ് യൂണിറ്റുകളും ഏർപ്പെടുത്തുക
6. രൂപകൽപ്പന അനുസരിച്ച് എല്ലാവർക്കും വെള്ളമെത്തിക്കാൻ ആവശ്യമായ വാൽവുകളും മീറ്ററുകളും മർദ്ദ നിയന്ത്രണ സംവിധാനങ്ങളും സ്ഥാപിക്കുക.

(സി) കുടിവെള്ള വിതരണ ശൃംഖല കാര്യക്ഷമമാക്കുവാൻ സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പദ്ധതി ഉപയോഗപ്പെടുത്തിവരുന്നു. കേന്ദ്ര ഗ്രാമീൺ ശുദ്ധജല പദ്ധതി ഉപയോഗപ്പെടുത്തി ഗ്രാമങ്ങളിലെ വിതരണ ശൃംഖല വിപുലീകരണ പദ്ധതികളും നടപ്പിലാക്കിവരുന്നു.

സംസ്ഥാന പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലകൾ കാര്യക്ഷമമാക്കുന്നതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 32.89 കോടി രൂപയുടെ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനായുള്ള തുടർനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

കൂടാതെ പ്രത്യേക നിക്ഷേപ പദ്ധതിയിൽ (കിഫ്ബി) ഉൾപ്പെടുത്തി 433.33 കോടി രൂപയ്ക്ക് പ്രധാന വിതരണ കുഴലുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

**കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനങ്ങൾ**

28 (*388) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എ.എം. ആരിഫ്:
ശ്രീ. ആന്റണി ജോൺ:
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് അക്കാദമി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) അക്കാദമിയുടെ മേൽനോട്ടത്തിൽ തൊഴിൽ അന്വേഷകർക്കും തൊഴിൽ ദാതാക്കൾക്കുമായി വെബ് അധിഷ്ഠിത ജോബ് പോർട്ടൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ ആരുടെയെല്ലാം പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ഉണ്ട്.

(ബി) വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന നൈപുണ്യ വികസന പദ്ധതികൾ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിനായി KASE-നെ സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷൻ ആയി ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള നടപടികൾ അക്കാദമി സ്വീകരിച്ചുവരുന്നു.

(സി&ഡി) ഉണ്ട്. തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള വ്യാവസായിക പരിശീലന വകുപ്പ്, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്, കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ്, ലേബർ കമ്മീഷണറേറ്റ്, ഫാക്ടറീസ് & ബോയിലേഴ്സ്, ഓവർസീസ് ഡെവലപ്മെന്റ് & എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് (ODEPC) തുടങ്ങിയവരുടെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**ബാലവേല നിർമ്മാർജ്ജന നടപടി**

29 (*389) ശ്രീ. എം. നൗഷാദ്:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ബാലവേല നിയന്ത്രിക്കുന്നതിനായി ജില്ലാതലത്തിൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ ഇതുസംബന്ധിച്ച് പരിശോധനകളും അവബോധ പ്രവർത്തനങ്ങളും നടത്തുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ബാലവേല കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനുമായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) 1986-ലെ ബാലവേല (നിയന്ത്രണം & നിരോധനം) നിയമത്തിന്റെ ഇൻസ്പെക്ടർമാരായി അസിസ്റ്റന്റ് ലേബർ ഓഫീസർ (ഗ്രേഡ്-II) മാരെയും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്) മാരെയും ചുമതലപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിയമം സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നതിനോടൊപ്പം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ

ജില്ലകളിലും ജില്ലാ കളക്ടർമാർ ചെയർമാനായും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-മാരെ കൺവീനർമാരായും ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സിന്റെ നിർദ്ദേശാനുസരണം കേരളത്തിൽ എല്ലാ ജില്ലകളിലും കളക്ടറെ ചെയർമാനാക്കിയും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-നെ കൺവീനറാക്കിയും വിവിധ വകുപ്പുകളെയും സന്നദ്ധ സംഘടനകളെയും സാമൂഹ്യ പ്രവർത്തകരെയും അംഗങ്ങളാക്കിയും ജില്ലാതല ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിലെ വിവിധ ഇടങ്ങളിൽ ചൈൽഡ് ലേബർ കം റീഹാബിലിറ്റേഷൻ കമ്മിറ്റിയുടെയും സന്നദ്ധ സംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടെയും സഹകരണത്തോടെ സെമിനാറുകൾ, ശിൽപ്പശാലകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു. ജില്ലാതലത്തിലെ ടാസ്ക്ഫോഴ്സിന്റെയും ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾകൊണ്ടും തൊഴിൽ വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനവുംമൂലം ടി നിയമം സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നുണ്ട്.

(ബി-ഡി) രൂപീകരിച്ചിട്ടുണ്ട്. നാഷണൽ കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സിന്റെ നിർദ്ദേശാനുസരണം കേരളത്തിൽ എല്ലാ ജില്ലകളിലും കളക്ടറെ ചെയർമാനാക്കിയും ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-നെ കൺവീനറാക്കിയും വിവിധ വകുപ്പുകളെയും സന്നദ്ധ സംഘടനകളെയും സാമൂഹ്യ പ്രവർത്തകരെയും അംഗങ്ങളാക്കിയും ജില്ലാതല ടാസ്ക്ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിലെ ടാസ്ക്ഫോഴ്സിന്റെയും ചൈൽഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ കമ്മിറ്റിയുടെയും പ്രവർത്തനങ്ങൾകൊണ്ടും അതോടൊപ്പം ശക്തമായ എൻഫോഴ്സ്മെന്റ് സംവിധാനവുംമൂലം പ്രസ്തുത നിയമം സംസ്ഥാനത്ത് ഊർജ്ജിതമായി നടപ്പിലാക്കാൻ കഴിയുന്നു. കൂടാതെ വിവിധ ഇടങ്ങളിൽ ചൈൽഡ് ലേബർ കം റീഹാബിലിറ്റേഷൻ കമ്മിറ്റിയുടെയും സന്നദ്ധ സംഘടനകളുടെയും സാമൂഹ്യ പ്രവർത്തകരുടെയും സഹകരണത്തോടെ സെമിനാറുകൾ, ശിൽപ്പശാലകൾ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു.

## സിനിമാ തിയേറ്ററുകളിലെ നികുതി വെട്ടിപ്പ്

30 (*390) ശ്രീ. എൽദോ എബ്രഹാം:

ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിനിമാ തിയേറ്ററുകളിൽ വ്യാപകമായി നികുതി വെട്ടിപ്പ് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാംസ്കാരിക ക്ഷേമബോർഡിന് സെസ് ഇനത്തിൽ നല്കുന്ന തുകയുടെ നിരക്ക് എത്രയാണെന്നും ആയത് കൃത്യമായി ബോർഡിൽ അടയ്ക്കുന്നുണ്ടോയെന്നും അറിയിക്കുമോ;

(സി) പ്രേക്ഷകരിൽ നിന്ന് ഈടാക്കുന്ന വിനോദ നികുതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കൃത്യമായി അടയ്ക്കുന്നില്ലെന്നും ആയതിൽ തിരിമറി നടക്കുന്നുവെന്നുമുള്ള പരാതികളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സംസ്ഥാനത്തെ ചില തിയേറ്ററുകളിൽ അംഗീകൃത നിരക്കുകൾക്ക് പകരം കൂടുതൽ ടിക്കറ്റ് ചാർജ്ജ് ഈടാക്കുന്നതായും വിനോദ നികുതി, സെസ്സ് എന്നിവ കൃത്യമായി ഒടുക്കുന്നില്ല എന്നും ശ്രദ്ധയിൽവന്നു. സാംസ്കാരിക ക്ഷേമനിധി ബോർഡ് ഇത് സംബന്ധിച്ച് ഒരു പരാതി വിജിലൻസിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) 25 രൂപയിൽ കൂടുതലുള്ള ടിക്കറ്റ് ഒന്നിന് 3 രൂപ എന്ന നിരക്കിലാണ് സാംസ്കാരിക ക്ഷേമനിധി ബോർഡിന് സെസ്സ് ഇനത്തിൽ നൽകുന്നത്. ആയത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ഷേമനിധി ബോർഡിൽ കൃത്യമായി അടയ്ക്കുന്നുണ്ട്.

(സി) സംസ്ഥാനത്ത് നഗരപരിധിയിലുള്ള തിയേറ്ററുകളിൽ സ്ക്വാഡുകൾ രൂപീകരിച്ച് കർശന പരിശോധന നടത്തിവരുന്നു. നഗരസഭകളിലെ എല്ലാ വിഭാഗത്തിലുമുള്ള ജീവനക്കാരെ ചെക്കിംഗ് സൂപ്പർവൈസർ, ചെക്കിംഗ് ഓഫീസർ, ചെക്കിംഗ് അസിസ്റ്റന്റ് എന്നിങ്ങനെ സ്ക്വാഡുകളായി തിയേറ്റർ പരിശോധനയ്ക്കായി നിയോഗിക്കാറുണ്ട്. കൂടാതെ തിയേറ്ററുകളിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിന് നഗരസഭകളിലെ ഉന്നത ഉദ്യോഗസ്ഥർ തിയേറ്ററുകളിൽ മിന്നൽ പരിശോധന നടത്താറുണ്ട്. വിനോദ നികുതി/സെസ്സ് പിരിവ് കുറ്റമറ്റ രീതിയിൽ ശേഖരിക്കുന്നതിനായി സിനിമാ തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ കുടിവെള്ള പദ്ധതികൾ

1 (4011) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന പട്ടികജാതി കോളനികളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കോർപ്പസ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയ കുടിവെള്ള പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത കോളനികളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ ഭരണാനുമതി നൽകിയതിന്റെ വിശദാംശങ്ങളും, അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2015-16 വർഷത്തെ കോർപ്പസ് ഫണ്ടുപയോഗിച്ച് കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ വെളിയം ഗ്രാമപഞ്ചായത്തിലെ മറവൻകോട് IHDP കോളനി, എഴുകോൺ ഗ്രാമപഞ്ചായത്തിലെ അമ്പലത്തുംകാല പാലാംകോണം കോളനി എന്നിവിടങ്ങളിലെ കുടിവെള്ള പദ്ധതികൾക്കായി യഥാക്രമം 19,00,000 രൂപയും, 19,60,000 രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

(ബി) ഈ സർക്കാർ വന്നശേഷം 2016-17 സാമ്പത്തിക വർഷത്തെ കോർപ്പസ് ഫണ്ടുപയോഗിച്ച് നെടുവത്തൂർ ഗ്രാമപഞ്ചായത്തിലെ ലക്ഷം വീട്

കോളനിയിലേയ്ക്കും, മലമുകൾ കോളനിയിലേയ്ക്കുമുള്ള കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി, 25,00,000 രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

## എസ്.സി./എസ്.ടി. ചികിത്സാധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ

2(4012) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആറന്മുള നിയോജക മണ്ഡലത്തിൽ നിന്നും എസ്.സി./എസ്.ടി. ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്;

(സി) എസ്.സി./എസ്.ടി. വകുപ്പുകൾ വഴി നൽകുന്ന ധനസഹായം അറിയാതെ പോകുന്ന ജനങ്ങളെ കണ്ടെത്തി ധനസഹായം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇതിനായി വീടുകളിൽ പോയി സർവ്വേ നടത്തുവാൻ ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആറന്മുള നിയോജക മണ്ഡലത്തിൽനിന്നും ചികിത്സാധനസഹായത്തിനായി എസ്.സി./എസ്.ടി. വിഭാഗക്കാരുടെ 282 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(എസ്.സി. - 274, എസ്.ടി. - 8)

(ബി) ഇതിൽ 262 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

(എസ്.സി. - 254, എസ്.ടി. - 8)

(സി) പട്ടികജാതി വകുപ്പ് നൽകുന്ന സഹായപദ്ധതികളെക്കുറിച്ചുള്ള വിവരം എസ്.സി. പ്രൊമോട്ടർമാർ പട്ടികജാതി ജനവിഭാഗങ്ങളിലെത്തിക്കുന്നുണ്ട്.

കൂടാതെ ബ്ലോക്ക്/പഞ്ചായത്തുതലങ്ങളിലും ഇതുസംബന്ധിച്ച

ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. പട്ടികവർഗ്ഗവികസന വകുപ്പ് നൽകുന്ന ധനസഹായം സംബന്ധിച്ച വിവരം എസ്.ടി. പ്രൊമോട്ടർമാർ ഭവനസന്ദർശനം നടത്തി നൽകുന്നുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് അർഹതപ്പെട്ട സംവരണം**

3 (4013) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് അർഹതപ്പെട്ട സംവരണം അട്ടിമറിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരമുള്ള സ്ഥിതി വിശേഷം ആവർത്തിയ്ക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ചുള്ള സാഹചര്യങ്ങൾ വിശദമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി)) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എൻ.ജി.ഒ.കൾ വഴി നടപ്പിലാക്കിയിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗ വികസന പദ്ധതികൾ**

4 (4014) <u>ശ്രീ. കെ. വി. വിജയദാസ്:</u>
<u>ശ്രീ. എസ്. ശർമ്മ:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിലായി എന്തെല്ലാം പദ്ധതികളാണ് എൻ.ജി.ഒ.-കൾ വഴി നടപ്പിലാക്കിയിട്ടുള്ളത്;

(ബി) പദ്ധതികളുടെ വിശദവിവരം തുകയുൾപ്പെടെ നൽകുമോ;

(സി) ഈ പദ്ധതികളുടെയെല്ലാം ഓഡിറ്റ് പൂർത്തീകരിച്ചിരുന്നോ; ഓഡിറ്റിൽ

ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ഏതെല്ലാം സോഫ്റ്റ്‌വെയറുകൾ വകുപ്പുകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ഇ) പ്രസ്തുത സോഫ്റ്റ്‌വെയറുകളുടെ പകർപ്പുകൾ വകുപ്പുകളിൽ നിന്ന് ലഭിക്കുമോ; ഇതുമൂലം വകുപ്പിനുണ്ടായിട്ടുള്ള നേട്ടങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ & ബി) <u>പട്ടികജാതി വികസന വകുപ്പ്:</u>

മുൻ സർക്കാരിന്റെ കാലയളവിൽ ഭാരതീയ മാനവ വികസന സേവാ സംഘം, മാറനല്ലൂർ എന്ന സ്ഥാപനം റെഡിമെയ്ഡ് വസ്ത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് നൽകിയ പ്രോജക്ട് അംഗീകരിച്ച് നൽകിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം ടി സംഘത്തിന് 9,80,000 രൂപ 18 ആധുനിക തയ്യൽ മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്കായി അനുവദിച്ച് നൽകിയിരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്:</u>

2012-13 സാമ്പത്തിക വർഷം വയനാട് ജില്ല മുക്കിപ്പീടിക പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 73 ഗ്രീൻ ഹോംസ് നിർമ്മിക്കുന്നതിനായി 25 ലക്ഷം രൂപ എം.എസ്.സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ വയനാടിന് അനുവദിച്ചിരുന്നു.

(സി) പട്ടികജാതി വികസന വകുപ്പിൽ ഇത് പരിശോധിച്ചുവരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്:</u>

ടി പദ്ധതി ഓഡിറ്റിന് വിധേയമായിട്ടുണ്ട്. എന്നാൽ ക്രമക്കേട് ഒന്നും കണ്ടെത്തിയിട്ടില്ല.

(ഡി) <u>പട്ടികജാതി വികസന വകുപ്പ്</u>

2013-14 കാലയളവിൽ ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ ഇ-ഹൗസിംഗ് സോഫ്റ്റ്‌വെയർ പദ്ധതി വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. G.O.(Rt)1520/2014/SCSTDD dated 5-9-2014 പ്രകാരം 4,44,946 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്:</u>

1. ഇ -ഹൗസിംഗ്
2. 1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള E-District സോഫ്റ്റ് വെയർ
3. പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി SOAS Software.
4. ജനനി ജന്മരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി "ജനനി ജന്മരക്ഷാ സോഫ്റ്റ്‌വെയർ"
5. 5. എം.ആർ.എസുകളുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിനായി SOAS Software (ST online Application suit)

1. <u>ഇ-ഹൗസിംഗ് സോഫ്റ്റ്‌വെയർ:</u>

ഭവനനിർമ്മാണ പദ്ധതിയിൽ ഗുണഭോക്താക്കൾക്കുള്ള ധനസഹായ വിതരണം കൂടുതൽ സുതാര്യമായും കാര്യക്ഷമമായും കേന്ദ്രീകൃതാടിസ്ഥാനത്തിൽ പുരോഗതി വിലയിരുത്തുന്നതിന്

2. <u>ഇ-ഡിസ്ട്രിക്ട് സോഫ്റ്റ്‌വെയർ:</u>

1-ാം ക്ലാസ് മുതൽ 10-ാം ക്ലാസ് വരെയുള്ള സ്കൂൾ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളായ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ രക്ഷിതാവിന്റെ വിലാസത്തിൽ മണി ഓർഡർ ആയി ലഭ്യമാക്കുന്നതിനായിട്ടാണ് ഈ സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുള്ളത്.

3. <u>സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി സോഫ്റ്റ്‌വെയർ:</u>

പട്ടികവർഗ്ഗക്കാർക്കായുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായിട്ടാണ് വികസിപ്പിച്ചിട്ടുള്ളത്.

4. <u>ജനനീ -ജന്മ രക്ഷാ സോഫ്റ്റ്‌വെയർ:</u>

ഗർഭിണികളായ പട്ടികവർഗ്ഗക്കാർക്ക് പ്രതിമാസം നൽകുന്ന തുക നൽകുന്നതിനുള്ള സോഫ്റ്റ്‌വെയർ

5. <u>എം.ആർ.എസ്. സോഫ്റ്റ്‌വെയർ:</u>

എം.ആർ.എസുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനുള്ളത്.

(ഇ) സി-ഡിറ്റ് മുഖേനയാണ് സോഫ്റ്റ്‌വെയർ വികസിപ്പിച്ചിട്ടുള്ളത്. സോഫ്റ്റ്‌വെയർ വികസിപ്പിച്ചതിലൂടെ സംസ്ഥാനത്ത് ഒട്ടാകെയുള്ള ഭവന നിർമ്മാണ പദ്ധതിയുടെയും ഭവന പുനരുദ്ധാരണ പദ്ധതിയുടെയും കാര്യക്ഷമമായ നടത്തിപ്പിന് സാധിക്കുന്നുണ്ട്. സോഫ്റ്റ്‌വെയറുകളുടെ പ്രവർത്തനം പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല.

## പട്ടികജാതി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ

5 (4015) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിർദ്ധന കുടുംബത്തിലുള്ള പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായമായി നിലവിൽ എത്ര തുകയാണ് അനുവദിക്കുന്നത്; ആയത് സർക്കാർ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

പട്ടികജാതി വിഭാഗത്തിപ്പെട്ട നിർദ്ധന കുടുംബത്തിലുള്ള പെൺകുട്ടികളുടെ വിവാഹത്തിനുള്ള ധനസഹായമായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 6% പലിശ നിരക്കിൽ പരമാവധി 2,00,000 രൂപ വരെ വായ്പയായും 50,000 രൂപയിൽ താഴെ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് പട്ടികജാതി വികസന വകുപ്പ് 50,000 രൂപ വിവാഹ ധനസഹായമായും നൽകി വരുന്നുണ്ട്. ധനസഹായ തുക 1-4-2017 മുതൽ 75000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

## പട്ടികജാതി വിഭാഗക്കാരുടെ സമഗ്ര പുരോഗതിക്കായി പദ്ധതികൾ

6 (4016) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പട്ടികജാതി വിഭാഗക്കാരുടെ സമഗ്ര പുരോഗതിക്കായി എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

ഉത്തരം

പട്ടികജാതിക്കാരുടെ സമഗ്ര പുരോഗതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ പുതുതായി ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വീടിനോട് ചേർന്ന് ആധുനിക പഠന സൗകര്യങ്ങളുള്ള ഒരു പഠന മുറി കൂടി നിർമ്മിക്കുന്നതിനുള്ള പദ്ധതി.
2. പട്ടികജാതി പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തി സാമൂഹിക സുരക്ഷാ പദ്ധതി 'വാത്സല്യനിധി' എന്ന പേരിലുള്ള പുതിയ പദ്ധതി, ജനനം, ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം തുടങ്ങി എല്ലാ സംരക്ഷണങ്ങളും ഉറപ്പുവരുത്തി 18 വയസ്സ് കഴിയുമ്പോൾ മൂന്ന് ലക്ഷം രൂപ ഇൻഷ്വറൻസ് വഴി നൽകുന്ന പദ്ധതി.
3. പട്ടികജാതിക്കാരായ വനിതാ ജീവനക്കാർക്ക് എല്ലാ ജില്ലകളിലും ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി.
4. പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ലാപ്ടോപ്പ് കൂടുതൽ കോഴ്സുകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന പദ്ധതി
5. സ്റ്റേറ്റ്/യൂണിവേഴ്സിറ്റി തലത്തിൽ മികവു പുലർത്തുന്ന പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി
6. 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുകൂടി പ്രീ-സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്.
7. KIIFB-ൽ ഉൾപ്പെടുത്തി എം.ആർ.എസുകളിൽ പ്രീ-മെട്രിക് ഹോസ്റ്റലുകളും പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും സ്ഥാപിക്കുന്ന പദ്ധതി.

**പട്ടിക സമുദായത്തിൽപ്പെട്ടവർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി**

7 (4017) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ പുറം ബണ്ടുകളിൽ താമസിക്കുന്ന പട്ടിക സമുദായത്തിൽപ്പെട്ടവർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) കോളനികളായി ജീവിക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിശ്ചിത പ്രദേശത്ത് താമസിക്കുന്ന പട്ടിക സമുദായത്തിൽപ്പെട്ടവരെ, ടി പ്രദേശം ഒരു കോളനിയായി കരുതി അവർക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ ആനുകൂല്യങ്ങളും നൽകുവാൻ നടപടി സ്വീകരിക്കുമോ?

(സി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) എസ്.സി. പ്രൊമോട്ടർമാർ, ഗ്രാമ പഞ്ചായത്തധികൃതർ, ജനപ്രതിനിധികൾ എന്നിവർ മുഖേന പ്രചരണം നടത്തിയും അപേക്ഷകൾ ക്ഷണിച്ചുമാണ് പട്ടികജാതി വികസന വകുപ്പ് കുട്ടനാട്ടിലെ പുറം ബണ്ടുകളിൽ താമസിക്കുന്ന പട്ടികസമുദായത്തിൽപ്പെട്ടവർക്ക് വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത്. ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ, എസ്.ടി. പ്രൊമോട്ടർ എന്നിവർ മുഖേന പട്ടികവർഗ്ഗ കുടുംബങ്ങളെ കണ്ടെത്തി അർഹതയുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും ത്രിതല പഞ്ചായത്ത് മുഖേനയുമുള്ള വ്യക്തിഗതവും അടിസ്ഥാന സൗകര്യവികസനത്തിനുമായുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കി വരുന്നു.

(ബി&സി) ഒരു പ്രദേശത്തെ ജനസംഖ്യയിൽ 50%ത്തിലധികം പട്ടികജാതിക്കാർ താമസിക്കുന്നുണ്ടെങ്കിൽ പട്ടികജാതി വികസന വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പ്രത്യേക ഘടകപദ്ധതി ഫണ്ടുപയോഗിച്ച് അവർക്കാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട്. ഒരു പ്രദേശത്ത് അഞ്ചോ അതിലധികമോ പട്ടികജാതി കുടുംബങ്ങളുണ്ടെങ്കിൽ അതിനെ കോളനിയായി കണക്കാക്കി കുടിവെള്ളവും വൈദ്യുതിയും ലഭ്യമാക്കുന്നുണ്ട്. പത്തോ അതിൽ കൂടുതലോ കുടുംബങ്ങളുണ്ടായിരിക്കുകയും അതിൽ 51% പട്ടികജാതിക്കാർ ആയിരിക്കുകയും ചെയ്താൽ ആ പ്രദേശത്ത് റോഡും മറ്റ്

പശ്ചാത്തല വികസന പദ്ധതികളും നടപ്പാക്കുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ക്ഷേമപദ്ധതികൾ പ്രകാരമുള്ള ധനസഹായം, വിദ്യാഭ്യാസാനുകൂല്യങ്ങൾ, ആരോഗ്യ സംരക്ഷണ ധനസഹായ പദ്ധതികൾ എന്നിവ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് അർഹതയുടെയും ഫണ്ട് ലഭ്യതയുടെയും അടിസ്ഥാനത്തിൽ നൽകി വരുന്നുണ്ട്.

## പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനം

8 (4018) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇവിടെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ പ്രവർത്തന പുരോഗതി എന്തെല്ലാമാണെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

കണ്ണൂർ ജില്ലയിലെ പട്ടുവം മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

I. <u>4 കോടി 11 ലക്ഷം രൂപയുടെ പ്രവൃത്തികൾ:</u>

1. സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം - 65% പൂർത്തിയായി
2. ഹൈസ്കൂൾ ക്ലാസ്സ് റൂം, ഐ.ടി. ലാബ്, സ്മാർട്ട് റൂം നവീകരണം - പൂർത്തിയായി

II. <u>85 ലക്ഷം രൂപയുടെ പ്രവൃത്തികൾ:</u>

ഹയർ സെക്കണ്ടറി ബ്ലോക്ക് ഒന്നാം നില നിർമ്മാണം - പൂർത്തിയായി

III. <u>3 ലക്ഷം രൂപയുടെ പ്രവൃത്തികൾ:</u>

ഹയർ സെക്കണ്ടറി കമ്പ്യൂട്ടർ ലാബ് നിർമ്മാണം - പൂർത്തിയായി

ഹൈസ്കൂൾ ഹോസ്റ്റൽ, യു.പി. സ്കൂൾ ഹോസ്റ്റൽ നവീകരണം, മെസ് ഹാൾ

ബിൽഡിംഗ്, +2 ക്ലാസ് റൂം, +2 ടോയ്‌ലെറ്റ്, യു.പി. സ്കൂൾ ടോയ്‌ലെറ്റ്, സ്റ്റാഫ് ക്വാർട്ടേഴ്സ് ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്, സീനിയർ സൂപ്രണ്ടിന്റെ സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം, വോളിബോൾ കോർട്ട്, ബാസ്കറ്റ് ബോൾ കോർട്ട്, ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മാണം എന്നിവയ്ക്കായി 1,91,32,780 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**വർക്കല ഐ.ടി.ഐ.യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് ആരംഭിക്കുന്നതിന് നടപടി**

9 (4019) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വർക്കല ഐ.ടി.ഐ. യിൽ നിലവിലുള്ള പ്ലംബർ ട്രേഡിന് പുറമേ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തായി എന്ന് വ്യക്തമാക്കുമോ;

(ബി) ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വർക്കല ഐ.ടി.ഐ.യിൽ ഡി/സിവിൽ ട്രേഡ് ആരംഭിക്കുന്നതിനും, ട്രെയിനിംഗ് ഇൻസ്ട്രക്ടർ (ആർക്കിടെക്ചർ) തസ്തിക ട്രെയിനിംഗ് ഇൻസ്ട്രക്ടർ (ഡി/സിവി.) തസ്തികയാക്കി മാറ്റുന്നതിനും 2-3-2015-ലെ സ.ഉ.(സാധാ)നമ്പർ 344/2015/പജപവവിവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ബി) ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ സ്വീകരിച്ച നടപടി**

10 (4020) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്ര വർഗ്ഗ കമ്മിഷന്റെ 292/എ 4/2016/എ.എൽ.പി./കെ.എസ്.സി.എസ്.സി. എസ്. ടി. നമ്പർ ഉത്തരവനുസരിച്ച് സംസ്ഥാന പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പുകൾ എന്തൊക്കെ

നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മിഷന്റെ 292/എ 4/2016/എ.എൽ.പി./കെ.എസ്.സി.എസ്.സി.എസ്.ടി. നമ്പർ ഉത്തരവിൽ ഐ.എ.വൈ. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി ഗുണഭോക്താക്കളിൽ 11-7-2014-ന് മുമ്പ് ധനസഹായം ലഭിക്കുന്നതിന് എഗ്രിമെന്റ് വച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് കൂടി ധനസഹായ തുക മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 11-7-2014-ൽ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരമുള്ള തുക രണ്ട് ലക്ഷം രൂപയിൽ നിന്ന് മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരുന്നു. ആയത് ഐ.എ.വൈ. വീടുകൾക്കും ബാധകമാക്കി 17-7-2015-ൽ തദ്ദേശ സ്വയംഭരണവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 11-7-2014-ന് മുമ്പ് തെരഞ്ഞെടുക്കപ്പെട്ട ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് മൂന്ന് ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ നിലവിൽ ഉത്തരവില്ല.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിക്കുന്ന വീടുകളുടെ ഭവനനിർമ്മാണ ഗ്രാന്റ് 3.50 ലക്ഷം രൂപയായി ഉയർത്തുകയും ടി വർദ്ധനവ് ഐ.എ.വൈ പദ്ധതി പ്രകാരം വീട് ലഭിക്കുന്ന പട്ടികവർഗ്ഗക്കാർക്കുകൂടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം അർഹരായ ഐ.എ.വൈ ഗുണഭോക്താക്കൾക്ക് അധികം നൽകേണ്ട തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും വഹിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഇതിൻ പ്രകാരം ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ നിന്നും ഐ.എ.വൈ. പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് ലഭിക്കേണ്ട വിഹിതം അനുവദിച്ചു വരുന്നു. ശേഷിക്കുന്ന തുക 2016-17 സാമ്പത്തിക വർഷം ഐ.എ.വൈ. പദ്ധതി നിർവ്വഹണത്തിനായി എൽ.എസ്.ജി.ഡി. (സി.ആർ.ഡി) സംസ്ഥാന വിഹിതത്തിലെ നീക്കിയിരിപ്പ് തുകയായ 20.51 കോടി രൂപ അനുവദിക്കുന്നതിനും തീരുമാനമായിട്ടുണ്ട്.

## പട്ടികജാതി സഹകരണ സംഘങ്ങളുടെ പ്രവർത്തനം

11 (4021) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി സഹകരണ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സംഘങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് ആവശ്യമായ സഹായം പട്ടികജാതി വികസന വകുപ്പ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) വകുപ്പിൽ നിന്നും ധനസഹായം നൽകുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(ബി) പട്ടികജാതി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് വകുപ്പ് സഹായം നൽകുന്നുണ്ട്.

പട്ടികജാതി സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക, സ്വാശ്രയ ഗ്രൂപ്പുകളിൽ സാമ്പത്തിക പുരോഗതി ഉണ്ടാക്കുക, ഗ്രൂപ്പുകൾക്ക് തിരിച്ചടവ് ശേഷി വർദ്ധിപ്പിക്കുക എന്നിവയിലൂടെ സഹകരണ സംഘങ്ങളെ ലാഭത്തിലേക്ക് നയിക്കുക, സ്വാശ്രയ ഗ്രൂപ്പുകളിലൂടെ പട്ടികജാതി ജനവിഭാഗങ്ങളെ സ്വയം പര്യാപ്തരാക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനുവേണ്ടി തുക വിനിയോഗിക്കുന്നു. ഇതിനുപുറമേ SC ST ഫെഡറേഷൻ മുഖേന സന്നദ്ധ സംഘങ്ങളെ സഹായിക്കുന്നതിനായി 1 കോടി രൂപ നൽകിയിട്ടുണ്ട്.

**അംബേദ്കർ സ്വാശ്രയ ഗ്രാമം**

12 (4022) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത മലപ്പുറം ജില്ലയിലെ കോളനികളുടെ പേരുവിവരം, നിയോജകമണ്ഡലം തിരിച്ച് അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുത്ത കോളനികളിൽ നടപ്പാക്കിയ പദ്ധതികൾ വിശദമാക്കാമോ;

(സി) 2017-18 വർഷത്തിൽ ഇതേ കോളനികളിൽ തുടർപ്രവർത്തനങ്ങൾക്ക് സാധ്യതയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ- സി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ കോളനികളെ തിരഞ്ഞെടുക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്. പദ്ധതി അംഗീകരിച്ച ശേഷമേ വിശദാംശങ്ങള വെളിപ്പെടുത്തുവാൻ കഴിയുകയുള്ളൂ.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംവരണപ്രകാരമുള്ള നിയമനങ്ങളുടെ അവലോകനം

13 (4023) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംവരണ പ്രകാരമുള്ള നിയമനങ്ങളുടെ അവലോകനം കൃത്യമായ ഇടവേളകളിൽ നടത്തി അർഹതപ്പെട്ട റിസർവേഷൻ ശതമാനം പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ടോ; വിശദ വിവരം നൽകുമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ അവലോകന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ഇക്കാര്യത്തിൽ കണ്ടെത്തിയിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശവും പരിഹരിക്കപ്പെട്ട ന്യൂനതകളുടെ വിശദാംശവും ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ വകുപ്പുകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം എല്ലാ വർഷവും ജനുവരി 1 അടിസ്ഥാനമാക്കി അവലോകനം ചെയ്യുകയും നിയമാനുസൃത പ്രാതിനിധ്യം ഇല്ലാത്ത വകുപ്പുകളിൽ കുറവുള്ള ജീവനക്കാരുടെ എണ്ണത്തിനനുസരിച്ച് തസ്തികകൾ കണ്ടെത്തി പ്രത്യേക നിയമനത്തിനായി റിസർവ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തുവരുന്നു. ഇത്തരത്തിൽ ഓരോ വകുപ്പിലും റിസർവ് ചെയ്ത് നൽകിയ തസ്തികകളിലെ നിയമനങ്ങളുടെ പുരോഗതി സംബന്ധിച്ച പ്രതിമാസ റിപ്പോർട്ടുകൾ എല്ലാ വകുപ്പുകളിൽനിന്നും ലഭ്യമാക്കുകയും ഇവ ത്രൈമാസ റിപ്പോർട്ടുകളായി പ്രസിദ്ധീകരിച്ച് അതത് വകുപ്പുകൾക്ക് നൽകാറുമുണ്ട്. കേരള സർക്കാരിന്

കീഴിലുള്ള 83 വകുപ്പുകളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിന് അഡീഷണൽ ചീഫ് സെക്രട്ടറി (ജലവിഭവ വകുപ്പ്) അദ്ധ്യക്ഷനായും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും ഒരു ഉന്നതതല സമിതി നിലവിലുണ്ട്. പ്രസ്തുത കമ്മിറ്റി വകുപ്പ് അദ്ധ്യക്ഷന്മാരെക്കൂടി പങ്കെടുപ്പിച്ച് സമയബന്ധിതമായി യോഗങ്ങൾ ചേരുകയും വിവിധ വകുപ്പുകളിൽ റിപ്പോർട്ട് ചെയ്യാതെ കിടക്കുന്ന ഒഴിവുകൾ ഉണ്ടെങ്കിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പൊതുഭരണ വകുപ്പിലേയും പി.എസ്.സി.യിലേയും ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് ജോയിന്റ് വെരിഫിക്കേഷൻ നടത്തിയിരുന്നു. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18-1-2017-ൽ എല്ലാ സെക്രട്ടറിമാരേയും വകുപ്പ് അദ്ധ്യക്ഷന്മാരേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു അവലോകനയോഗം ചേരുകയും നിയമാനുസൃതമായ പ്രാതിനിധ്യം ഉറപ്പാക്കാനായി നിയമന നടപടികൾ ത്വരിതപ്പെടുത്താൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ തസ്തികകളിലേയ്ക്ക് പട്ടികവർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി അവരുടെ വിദ്യാഭ്യാസ യോഗ്യത തിരിച്ച് ഒരു ഡേറ്റാ ബാങ്ക് പട്ടികവർഗ്ഗ വികസന വകുപ്പ് തയ്യാറാക്കി വകുപ്പ് അദ്ധ്യക്ഷന്മാർക്ക് നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ത്രൈമാസ അവലേകന റിപ്പോർട്ടിന്റേയും അവലോകന യോഗങ്ങളുടെയും അടിസ്ഥാനത്തിൽ റിസർവ് ചെയ്ത് നൽകിയിട്ടും നിയമനം വൈകുന്ന വകുപ്പുകളിൽ നിയമന നടപടികൾ ത്വരിതപ്പെടുത്താൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമന നടപടികൾ വേഗത്തിലാക്കുന്നത് സംബന്ധിച്ച് ചർച്ച നടത്താൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ വിഭാഗത്തിന് പ്രത്യേക നിയമനത്തിനായി ആവശ്യമായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത വിഷയം സംബന്ധിച്ച് പഠനം നടത്തി ഇടക്കാല റിപ്പോർട്ട് സമർപ്പിക്കാൻ ജലവിഭവ വകുപ്പ് മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. ഈ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

**മാവേലിക്കര മണ്ഡലത്തിൽ കോർപ്പസ് ഫണ്ട്**

14 (4024) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് ലഭിക്കുന്നതിന് മാവേലിക്കര മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര പേർക്ക് വീട് നിർമ്മിക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതിക്കായി നൽകിയത് എത്ര രൂപയുടെ പ്രവൃത്തികൾക്കെന്നും ഇതിൽ ഭരണാനുമതി ലഭ്യമായത് ഏതൊക്കെ പ്രവൃത്തികൾക്കെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട് ലഭിക്കുന്നതിന് മാവേലിക്കര മണ്ഡലത്തിൽ നിന്നും 341 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടില്ല.

(ബി) ഇവിയിൽ 181 പേർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) 2016-17 വർഷം മാവേലിക്കര മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതിക്കായി 1,40,33,000 രൂപയുടെ പ്രവൃത്തികളാണ് നൽകിയത്. ഇതിൽ 1,01,45,000 രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഭരണാനുമതി ലഭിച്ച പദ്ധതികളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു*. 2016-17 വർഷം പട്ടികവർഗ്ഗ വികസന വകുപ്പിൽ കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികളില്ല.

**പയ്യന്നൂർ മണ്ഡലത്തിലെ മോഡൽ റസിഡൻഷ്യൽ സ്കൂൾ**

15 (4025) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോത്ത് മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നുവോ; എങ്കിൽ അതിന്റെ നിർമ്മാണ പ്രവർത്തനം ഏത് വരെയായി;

(ബി) സ്കൂളിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളിലേയ്ക്ക് 2017-18 വർഷം അഡ്മിഷൻ ആരംഭിക്കാൻ സാധിക്കുമോ; എങ്കിൽ ആവശ്യമായ തസ്തികകൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിൽ പയ്യന്നൂർ മണ്ഡലത്തിൽ പെരിങ്ങോം വില്ലേജിൽ എം.ആർ.എസ്. ഉടങ്ങുന്നതിനാവശ്യമായ സ്ഥലം തളിപ്പറമ്പ് താലൂക്കിൽ പെരിങ്ങോം വില്ലേജിൽ റീ-സർവ്വെ നമ്പർ 51-ൽപ്പെടുന്ന 4.070 ഹെക്ടർ ഭൂമി വകുപ്പിന് കൈമാറി നൽകി ഉത്തരവായിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കായി KIIFB യിൽ 25 കോടിയുടെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ആരംഭിക്കുന്നതാണ്.

(സി) പയ്യന്നൂർ മണ്ഡലത്തിൽ എം.ആർ.എസ്. ആരംഭിക്കുന്നതിനായി പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 2000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു കെട്ടിടം താൽക്കാലികമായി ലഭ്യമാക്കിയതായും ടി കെട്ടിടത്തിൽ 35 വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കുന്നതിനുള്ള സൗകര്യം മാത്രമേയുള്ളൂവെന്നും താൽക്കാലിക കെട്ടിടത്തിൽ നിലവിലുള്ള സൗകര്യങ്ങൾക്കുപുറമേ അധികമായി ചില പ്രവൃത്തികൾകൂടി പൂർത്തിയാക്കിയാൽ മാത്രമേ നിലവിലുള്ള കെട്ടിടം ക്ലാസ്സ് ആരംഭിക്കാൻ പര്യാപ്തമാകുന്ന രീതിയിൽ സജ്ജമാകൂയെന്നും ജില്ലാ പട്ടികജാതി വികസന ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ക്ലാസ് ആരംഭിക്കുന്നതിന് ആവശ്യമായ പ്രവൃത്തികളുടേയും വാങ്ങേണ്ട സാധനങ്ങളുടേയും എസ്റ്റിമേറ്റ്/ഇൻവോയിസ് എന്നിവ ഹാജരാക്കാൻ ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എം.ആർ.എസ്. ആരംഭിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പട്ടികവിഭാഗം സംവരണ ഒഴിവുകൾ**

16 (4026) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗങ്ങൾക്കായുള്ള അറുന്നൂറിലേറെ ഒഴിവുകൾ യഥാസമയം അറിയിക്കാതെ പൂഴ്ത്തിവെച്ചതായ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ കൈക്കൊള്ളും;

(സി) വിവിധ വകുപ്പുകളിലെ പട്ടികവിഭാഗം സംവരണ ഒഴിവുകളിലേക്കുള്ള റിക്രൂട്ട്മെൻറ് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) സർക്കാർ വകുപ്പുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കാൻ ഒരു നോഡൽ ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

<u>ഉത്തരം</u>

(എ-ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിലെ എൻട്രി കേഡർ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ്വഴി പട്ടികജാതി വിഭാഗങ്ങൾക്കായി സംവരണം ചെയ്യപ്പെട്ട ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 6-3-2017-ലെ ഇ 1/1060/16 നമ്പർ ഉത്തരവ് പ്രകാരം വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ പട്ടികജാതി പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നോഡൽ ഓഫീസറായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 2-2-2017-ലെ എസ്റ്റാ.എ 1-2295/15 ഉത്തരവ് പ്രകാരം പട്ടികജാതി വികസന വകുപ്പിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുള്ളതാണ്.

**പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ**

17 (4027) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാനസൗകര്യങ്ങളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ;

(ബി) കൂടുതൽ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അറ്റകുറ്റപ്പണികൾ ആവശ്യമുള്ള ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഹോസ്റ്റൽ കെട്ടിടങ്ങൾ നവീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഹോസ്റ്റലുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന എല്ലാ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും നവീകരിച്ച് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് പി.ഒ./ടി.ഡി.ഒ.മാർക്ക് നിർദ്ദേശം നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ ലഭ്യമാക്കുകയും ലഭ്യമായ പ്രൊപ്പോസലുകൾ പ്രകാരം ഹോസ്റ്റലുകളുടെ നവീകരണം നടപ്പിലാക്കി വരികയും ചെയ്യുന്നുണ്ട്.

(ബി) ഉണ്ട്.

(സി) പട്ടികജാതി വികസന വകുപ്പിന് കീഴിൽ നിലവിലുള്ള

ഹോസ്റ്റലുകൾക്ക് പുറമേ എറണാകുളം, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ പോസ്റ്റ്-മെട്രിക് ഹോസ്റ്റലും കണ്ണൂരിൽ ഒരു പ്രീ-മെട്രിക് ഹോസ്റ്റലും സ്ഥാപിക്കുന്നതിന് KIIFB -ൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

KIIFB മുഖേന പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കുന്നതിനായി 22-10-2016-ലെ സ.ഉ. (സാധാ.) നമ്പർ 1581/2016/പ.ജ.പ.വ.വി.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ഹോസ്റ്റലിന്റെ പേര് | ആകെ തുക (കോടി) |
|---|---|---|
| 1. | പ്രീ-മെട്രിക് ഹോസ്റ്റൽ, ബേഡഡുക്ക, (ഗേൾസ്), കാസർഗോഡ് | 5 |
| 2. | പ്രീ-മെട്രിക് ഹോസ്റ്റൽ കുറ്റിക്കോൽ (ബോയ്സ്) കാസർഗോഡ് | 5 |
| 3. | പ്രീ-മെട്രിക് ഹോസ്റ്റൽ, അച്ചൻകോവിൽ (ഗേൾസ്) കൊല്ലം | 5 |
| 4. | പ്രീ-മെട്രിക് ഹോസ്റ്റൽ, നെടുങ്കണ്ടം (ഗേൾസ്), ഇടുക്കി | 5 |
| 5. | പ്രീ-മെട്രിക് ഹോസ്റ്റൽ, ഇടമലയാർ (ബോയ്സ്) എറണാകുളം | 5 |
| | ആകെ | 25 |
| | <u>പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ</u> | |
| 1. | പോസ്റ്റ് മെട്രിക് ഹോസ്റ്റൽ, നേര്യമംഗലം (ഗേൾസ്), എറണാകുളം | 5 |
| 2. | പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ, കോടാലിപ്പാറ (ബോയ്സ്), കട്ടപ്പന, ഇടുക്കി | 5 |
| | ആകെ | 10 |

പെൺകുട്ടികൾക്കായി തിരുവനന്തപുരം, കോഴിക്കോട്, അട്ടപ്പാടി എന്നീ സ്ഥലങ്ങളിൽ പുതിയ പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ നിർമ്മിക്കുന്നതിനായും നടപടി സ്വീകരിച്ചു വരുന്നു.

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി കോളനികൾ

18(4028) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികൾ നിലവിലുണ്ട്; പ്രസ്തുത കോളനികളിൽ എത്ര കുടുംബങ്ങൾ ഉണ്ട്; വിശദാംശം നൽകുമോ; ഇവയിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന കോളനികൾ ഏതൊക്കെയാണ്;

(ബി) പട്ടികജാതി വികസന കോർപ്പസ് ഫണ്ട് ഉപയോഗിച്ച് 2014-15, 2015-16, 2016-17 വർഷങ്ങളിൽ എന്തൊക്കെ പ്രവൃത്തികളാണ് പ്രസ്തുത കോളനികളിൽ ചെയ്തിട്ടുള്ളത്; വിശദാംശം നൽകുമോ?

### ഉത്തരം

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ 131 പട്ടികജാതി കോളനികളുണ്ട്. പ്രസ്തുത കോളനികളിൽ 2041 കുടുംബങ്ങളുണ്ട്. ടി കോളനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* ഇവയിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന കോളനികൾ താഴെപ്പറയുന്നവയാണ്:

1. കട്ടകുളം പട്ടികജാതി കോളനി (ചെറുകുന്ന് ഗ്രാമപഞ്ചായത്ത്)
2. വെള്ളച്ചാൽ പട്ടികജാതി കോളനി (മാടായി ഗ്രാമപഞ്ചായത്ത്)
3. കോട്ടുമണൽ പട്ടികജാതി കോളനി (ഏഴോം ഗ്രാമപഞ്ചായത്ത്)
4. കക്കാടൻചാൽ പട്ടികജാതി കോളനി (മാട്ടൂൽ ഗ്രാമപഞ്ചായത്ത്)

(ബി) പട്ടികജാതി വികസന കോർപ്പസ് ഫണ്ട് വിനിയോഗിച്ച് 2014-15, 2015-16, 2016-17 വർഷങ്ങളിൽ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പട്ടികജാതി കോളനികളിൽ നടപ്പിലാക്കിയിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**2014-15**

| | | |
|---|---|---|
| 1. | പട്ടുവം ഗ്രാമപഞ്ചായത്ത് | പടിഞ്ഞാറേച്ചാൽ കോളനി റോഡ് നിർമ്മാണം |
| 2. | മാട്ടൂൽ ഗ്രാമ പഞ്ചായത്ത് | അരിയിൽചാൽ ശ്മശാനം വൈദ്യുതീകരണം |
| 3. | കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് | മാങ്ങാട് കോളനിയിൽ ശ്മശാനകെട്ടിട വൈദ്യുതീകരണം |
| 4. | ചെറുതാഴം ഗ്രാമപഞ്ചായത്ത് | അവിഞ്ഞിയിൽ കോളനി റോഡ് നിർമ്മാണം |

**2015-16**

| | | |
|---|---|---|
| 1. | പട്ടുവം ഗ്രാമപഞ്ചായത്ത് | മുതുകട കോളനി കുടിവെള്ള പദ്ധതി |
| 2. | ചെറുതാഴം ഗ്രാമപഞ്ചായത്ത് | അവിഞ്ഞിയിൽ കോളനി റോഡ് നിർമ്മാണം. |
| 3. | എഴോം ഗ്രാമപഞ്ചായത്ത് | വെടിയപ്പൻചാൽ കോളനി ഫുട്പാത്ത് നിർമ്മാണം. |
| 4. | പട്ടുവം ഗ്രാമപഞ്ചായത്ത് | കൂത്താട്ട് കോളനി കുടിവെള്ള പദ്ധതി |

**2016-17**

| | | |
|---|---|---|
| 1. | കണ്ണപുരം ഗ്രാമപഞ്ചായത്ത് | കണ്ണപുരം-ചുണ്ട രണ്ടാം പാലം കോളനി റോഡ് നിർമ്മാണം |
| 2. | ചെറുകുന്ന് ഗ്രാമപഞ്ചായത്ത് | ചിടങ്ങിൽ കോളനി സംരക്ഷണ ഭിത്തി നിർമ്മാണം |

### ആയമാർക്ക് 24 മണിക്കൂറും ഡ്യൂട്ടി ചെയ്യേണ്ടി വരുന്ന സാഹചര്യം

19(4029) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/വർഗ്ഗ വകുപ്പുകളിലെ ഹോസ്റ്റലുകളിലും മറ്റും ജോലി ചെയ്യുന്ന ആയമാർക്ക് 24 മണിക്കൂറും ഡ്യൂട്ടി ചെയ്യേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയമാരായി ജോലി ചെയ്യുന്നവർ ഇത്തരത്തിൽ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ ഉണ്ടാകുമോ; ഇവർക്ക് ഡ്യൂട്ടി ചെയ്ത് ലഭിക്കുന്ന തരത്തിൽ താൽക്കാലികമായോ ദിവസവേതന പ്രകാരമോ ആയമാരെ നിയമിക്കാൻ നടപടികൾ ഉണ്ടാകുമോ?

ഉത്തരം

(എ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലിരിക്കുന്ന മാനദണ്ഡമനുസരിച്ച് ഹോസ്റ്റലുകളിലും മറ്റും ജോലി ചെയ്യുന്ന ആയമാർക്ക് 24 മണിക്കൂറും ഡ്യൂട്ടി ചെയ്യേണ്ടിവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**പി.കെ. കാളൻ കുടുംബപദ്ധതിയുടെ പ്രവർത്തനം**

20 (4030) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ പണി പൂർത്തിയാകാതെ കിടക്കുന്ന ആദിവാസി ഭവനങ്ങളുടെ എണ്ണം എത്രയാണ്;

(ബി) ആദിവാസി വീടുകളുടെ പണി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) ബജറ്റിൽ പ്രഖ്യാപിച്ച പി.കെ. കാളൻ കുടുംബപദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചോ?

ഉത്തരം

(എ) 1054

(ബി) പട്ടികവർഗ്ഗക്കാരുടെ വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് ജില്ലാതല ഓഫീസർമാർ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാധാരണഗതിയിൽ ഗുണഭോക്താക്കൾ നേരിട്ടാണ് ഭവന നിർമ്മാണം നടത്തുന്നത്. നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനും ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പി.കെ. കാളൻ കുടുംബ പദ്ധതി നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളുമായി വിശദമായ ചർച്ച ആവശ്യമുണ്ട്. ഇതുസംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു.

**യസ്മിത എന്ന വിദ്യാർത്ഥിനി നേടിയ ബഹുമതി**

21 (4031) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് ജില്ലയിലെ ബെള്ളൂർ പഞ്ചായത്തിൽ മിത്തജാലിൽ താമസിക്കുന്ന പട്ടികവർഗ്ഗത്തിൽപ്പെട്ട യസ്മിത എന്ന വിദ്യാർത്ഥിനി ഈയടുത്ത കാലത്ത് വലിയ ബഹുമതി നേടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ബഹുമതി നേടിയ യസ്മിതയെ അഭിനന്ദിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) സ്വന്തമായി വീടില്ലാത്ത നിർദ്ധന കുടുംബാംഗമായ യസ്മിതയുടെ കുടുംബത്തിന് വീട് നിർമ്മിച്ചു നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) യസ്മിതയുടെ വിദ്യാഭ്യാസ ചെലവ് വഹിക്കാൻ തയ്യാറാകുമോ; എങ്കിൽ ഇക്കാര്യത്തിൽ ചെയ്യാനുദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 28-12-2016-ന് മലേഷ്യയിൽ വച്ച് നടന്ന ജൂനിയർ ഏഷ്യൻ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ വിജയിച്ച കുമാരി യസ്മിതയെ പട്ടികവർഗ്ഗ വികസന വകുപ്പ് സംഘടിപ്പിച്ച കളിക്കളം-2017 എന്ന കായികമേളയിൽ വച്ച് ബഹു കേരള സ്പോർട്സ് മന്ത്രി ഉപഹാരം നൽകി ആദരിക്കുകയുണ്ടായി. കുമാരി. യസ്മിതയ്ക്ക് മലേഷ്യയിലേക്കുള്ള യാത്രാചെലവുകൾക്കായി പട്ടികവർഗ്ഗ വികസന വകുപ്പ് യാത്രയ്ക്ക് മുമ്പ് തന്നെ 50,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായമായ 3.5 ലക്ഷം രൂപ നിരക്കിലുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(ഡി) കാസർഗോഡ് ജില്ലയിൽ അഗളിപ്പാടി എസ്.എ.എച്ച്.എസ്.എസ്-ൽ പ്ലസ് വൺ വിദ്യാർത്ഥിനിയായ കുമാരി യസ്മിതയ്ക്ക് പട്ടികവർഗ്ഗ വികസന വകുപ്പു മുഖേനയുള്ള അർഹമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ അനുവദിച്ചിട്ടുണ്ട്.

**വേടൻ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടികൾ**

22 (4032) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വേടൻ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ബി) വേടൻ സമുദായത്തെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നത്

സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് കിർത്താഡ്സിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) കിർത്താഡ്സ് ഇതിനകം പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ പട്ടികജാതി വിഭാഗമായ വേടൻ സമുദായത്തിന് പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ;

(ഇ) വേടൻ സമുദായത്തെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വേടൻ സമുദായത്തെ സംസ്ഥാന പട്ടികജാതിപ്പട്ടികയിൽ നിന്നൊഴിവാക്കി പട്ടിക വർഗ്ഗപ്പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് രണ്ട് പ്രാവശ്യം ശിപാർശ സമർപ്പിച്ചിരുന്നു. എന്നാൽ പട്ടികവർഗ്ഗപ്പട്ടികയിൽ ഉൾപ്പെടുവാൻ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ടി സമുദായം പുലർത്തുന്നില്ലെന്ന രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യയുടെ രേഖപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ ടി ശിപാർശകൾ കേന്ദ്ര സർക്കാർ നിരസിക്കുകയാണുണ്ടായത്.

(ബി) നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കിർത്താഡ്സ് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഭരണഘടന പ്രകാരം ഒരു സമുദായത്തെ പട്ടികജാതി/പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടത് പാർലമെന്റാണ്. വേടൻ സമുദായത്തെ പട്ടികജാതി ലിസ്റ്റിൽ നിന്നുമാറ്റി പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര പട്ടികവർഗ്ഗ മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നെങ്കിലും നിലവിലുള്ള' approved modalities' പാലിയ്ക്കുന്നില്ലെന്ന കാരണത്താൽ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ ആയത് നിരസിക്കുകയാണുണ്ടായത്.

**പനത്തടി പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ**

23 (4033) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പനത്തടി പഞ്ചായത്തിലെ ഒമ്പതാം

വാർഡിൽ മാവുക്കൽ കോട്ടക്കുന്നിൽ ആദിവാസികൾക്കായി കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഫണ്ടിൽ നിന്ന് എത്ര തുക ചെലവഴിച്ച് നിർമ്മിച്ചതാണെന്നും എപ്പോഴാണ് പ്രവർത്തനം ആരംഭിച്ചതെന്നും വ്യക്തമാക്കാമോ;

(സി) കമ്മ്യൂണിറ്റി ഹാൾ ആരുടെ നിയന്ത്രണത്തിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഏത് ആവശ്യത്തിനുവേണ്ടിയാണ് കമ്മ്യൂണിറ്റി ഹാൾ ഉപയോഗിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ കമ്മ്യൂണിറ്റി ഹാൾ ആരെങ്കിലും കയ്യേറിയതായി പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) പ്രസ്തുത ഹാൾ ചിലർ കയ്യേറിയതിൽ പ്രതിഷേധിച്ച് കോളനി നിവാസികളായ സ്ത്രീകൾ കാസർഗോഡ് കളക്ടറേറ്റ് ജംഗ്ഷനിൽ സമരം ചെയ്തുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) കമ്മ്യൂണിറ്റി ഹാൾ കയ്യേറിയതാരാണെന്നും കളക്ടറേറ്റ് ജംഗ്ഷനിലെ സമരക്കാർ ആരാണെന്നും വ്യക്തമാക്കാമോ; സമരം അവസാനിപ്പിക്കാൻ സർക്കാർ നടത്തിയ ശ്രമം വിശദമാക്കാമോ; ഇല്ലെങ്കിൽ ഇടപെടാൻ ഇനി ആലോചനയുണ്ടോയെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ-സി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന പനത്തടി ഗ്രാമപഞ്ചായത്തിലെ കോട്ടക്കുന്നിൽ ആദിവാസികൾക്ക് മാത്രമായി പട്ടികവർഗ്ഗ വികസന വകുപ്പ് കമ്മ്യൂണിറ്റി ഹാൾ നിർമ്മിച്ചിട്ടില്ല.

(ഡി) പ്രദേശത്തെ ജനങ്ങളുടെ പൊതു ആവശ്യങ്ങൾ, ഊരുകൂട്ട യോഗങ്ങൾ, അയൽക്കൂട്ടങ്ങൾ, ബാലസഭകൾ, ബോധവൽക്കരണ ക്ലാസ്സുകൾ മുതലായവയ്ക്കായി കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് SGRY പദ്ധതിയിൽ നിർമ്മിച്ച ഈ പ്രദേശത്തെ ഒരു കമ്മ്യൂണിറ്റി ഹാൾ ഉപയോഗിച്ച് വരുന്നു.

(ഇ) പരാതി ലഭിച്ചിട്ടില്ല.

(എഫ്&ജി) കയ്യേറിയതായി പരാതി ലഭിച്ചിട്ടില്ല. SGRY പദ്ധതി പ്രകാരം പണികഴിപ്പിച്ച കമ്മ്യൂണിറ്റി ഹാൾ തങ്ങൾക്ക് മാത്രമായി കൈകാര്യം ചെയ്യണമെന്നാവശ്യപ്പെട്ട് ഒരു വിഭാഗം മാവുക്കൽ കോട്ടക്കുന്ന് കോളനിയിലെ ആദിവാസികൾ കളക്ടറേറ്റിന് മുന്നിൽ സമരം ചെയ്യുന്നുണ്ട്. ഒരു വിഭാഗത്തിന് മാത്രമായി SGRY പദ്ധതി പ്രകാരം നിലവിൽ വന്ന കമ്മ്യൂണിറ്റി ഹാൾ അനുവദിക്കാൻ കഴിയില്ലായെന്ന കാര്യം അവരെ അറിയിച്ചിട്ടുണ്ട്.

## വാമനപുരം മണ്ഡലത്തിൽ എസ്.ടി. കോർപ്പസ് ഫണ്ട് പദ്ധതികൾ

24 (4034) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽ 2015-16, 2016-17 വർഷങ്ങളിൽ എസ്.ടി. കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

വാമനപുരം നിയോജകമണ്ഡലത്തിൽ 2015-16, 2016-17 വർഷങ്ങളിൽ പട്ടികവർഗ്ഗ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടത്തിയ പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി

25 (4035) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ട കോളനികളെ തെരഞ്ഞെടുത്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടിക്രമങ്ങളുടെ നിലവിലുള്ള സ്ഥിതി എന്താണ്;

(സി) എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട കോളനികളിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്;

(ഡി) കോളനികളെ തെരഞ്ഞെടുക്കുന്നതിലുള്ള കാലതാമസം പദ്ധതിവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ മന്ദഗതിയിലാക്കുന്നതിന് ഇടയാക്കുമെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ അടിയന്തരമായി ഇത്തരം കോളനികളെ തെരഞ്ഞെടുത്ത് പദ്ധതി പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

(സി) അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന കോളനികളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇന്റേണൽ റോഡ്/ഫുട്പാത്ത്

2. ആശയ വിനിമയ സൗകര്യം

3. കുടിവെള്ള സൗകര്യങ്ങൾ

4. ഡ്രെയിനേജ് സൗകര്യങ്ങൾ

5. വൈദ്യുതീകരണം/ വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം

6. സോളാർ തെരുവു വിളക്ക്

7. സാനിട്ടേഷൻ

8. ഭവന പുനരുദ്ധാരണം

9. മാലിന്യ നിർമ്മാർജ്ജനം

10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)

11. സംരക്ഷണ ഭിത്തി നിർമ്മാണം

12. ഇറിഗേഷൻ

13. അടുക്കളത്തോട്ടം

14. വരുമാനദായകപദ്ധതി

മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)

(ഡി) കോളനികളെ തെരഞ്ഞെടുക്കുന്നത് MLA മാരുടെ നിർദ്ദേശം കൂടി കണക്കിലെടുത്താണ്. സമയബന്ധിതമായി നിർദ്ദേശം ലഭിച്ചാൽ കാലതാമസം ഒഴിവാക്കാൻ കഴിയും. ഇതിനായി നടപടികൾ സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ പട്ടികവർഗ്ഗ കുടുംബങ്ങൾ

26 (4036) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്; മണ്ഡലം തിരിച്ച് കണക്ക് വ്യക്തമാക്കുമോ;

(ബി) സ്വന്തമായി വാസയോഗ്യ വീടില്ലാത്ത എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ജില്ലയിലുണ്ട്;

(സി) സർക്കാർ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിന് അനുവദിക്കപ്പെട്ട വീടുകളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ ബാക്കിയുണ്ടോ;

(ഡി) ഇത്തരം പണി പൂർത്തീകരിക്കാത്ത വീടുകൾ വാസയോഗ്യ മാക്കുന്നതിന് അധിക ഫണ്ട് അനുവദിക്കുമോ; വംശനാശം നേരിടുന്ന വിഭാഗം എന്നുള്ള നിലയിൽ പട്ടികവർഗ്ഗ വിഭാഗത്തിന്റെ സമുദ്ധരണത്തിന് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്യുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 21283 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | മണ്ഡലം | എണ്ണം |
|---|---|---|
| 1. | തൃക്കരിപ്പൂർ | 2231 |
| 2. | കാഞ്ഞങ്ങാട് | 9079 |
| 3. | ഉദുമ | 5054 |
| 4. | കാസർഗോഡ് | 983 |
| 5. | മഞ്ചേശ്വരം | 3936 |
| | ആകെ | 21283 |

(ബി) വാസയോഗ്യമായ വീടില്ലാത്ത 3242 കുടുംബങ്ങളും ഭൂമിയും വീടുമില്ലാത്ത 835 കുടുംബങ്ങളും ഉൾപ്പെടെ 4077 കുടുംബങ്ങളുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ 2006-07 മുതൽ അനുവദിച്ചതിൽ 1161 വീടുകൾ പണി പൂർത്തീകരിക്കാത്തതായുണ്ട്.

(ഡി) മുൻവർഷങ്ങളിൽ അനുവദിച്ച വീടുകളിൽ നിലവിലെ മാനദണ്ഡപ്രകാരം പണി പൂർത്തിയായി 6 വർഷം പൂർത്തിയായ ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പൂർത്തീകരിക്കാത്ത വീടുകൾ വാസയോഗ്യമാംവിധം പൂർത്തീകരിക്കുന്നതിനും പരമാവധി ഒരു ലക്ഷം രൂപാവരെ അനുവദിച്ചു തരുന്നു.

പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി കാലാകാലങ്ങളിൽ നവീന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള പദ്ധതി വിഹിതം**

27 (4037) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ.കെ.വിജയൻ:
ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജനസംഖ്യയ്ക്ക് ആനുപാതികമായി പദ്ധതി വിഹിതം ഈ വിഭാഗങ്ങൾക്ക് വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ കേന്ദ്ര സർക്കാർ ജനസംഖ്യാനുപാതികമായി ഈ വിഭാഗങ്ങളുടെ ക്ഷേമത്തിനായി തുക വകയിരുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് താരതമ്യം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച പുതിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ഗോത്രവാത്സല്യ നിധി:

പട്ടികവർഗ്ഗ പെൺകുട്ടികളുടെ സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ ഉന്നമനത്തിനായി ഗോത്രവാത്സല്യനിധി എന്ന ഒരു ദീർഘകാല ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

2. സാമൂഹിക പഠനമുറി:

ഒരോ സങ്കേതത്തിലും പൊതു കെട്ടിടങ്ങളിലോ സമാനമായ സൗകര്യമുള്ള മറ്റു സ്ഥലത്തോ ഒരു മോണിറ്ററുടെ സഹായത്തോടെ പഠന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു പൊതു ഇടം ലഭ്യമാക്കുകയാണ് ലക്ഷ്യം.

ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ,പെണ്ണോ) തെരഞ്ഞെടുത്ത് മാസം തോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി കേന്ദ്രത്തിൽ നിയോഗിക്കുന്നതായിരിക്കും.

3. ആരോഗ്യ വിദ്യാഭ്യാസ പരിപാടി തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക.:

2017-18 സാമ്പത്തിക വർഷം സമഗ്രപട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണമെന്ന ശീർഷകത്തിൽ ഉൾപ്പെടുത്തി പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുന്ന പദ്ധതി.

4. പോഷകാഹാരക്കുറവ്, ശിശുമരണ-മാതൃമരണ നിരക്ക് എന്നിവ കുറയ്ക്കുന്നതിനായുള്ള പോഷകാഹാര പുനരധിവാസപ്രചരണ പരിപാടി - ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ:

ഗുരുതര പോഷകാഹാരക്കുറവുള്ള പട്ടികവർഗ്ഗ മേഖലകളിൽ ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ സഞ്ചരിക്കുന്ന മെഡിക്കൽ യൂണിറ്റ് ഉപയോഗിച്ച് പോഷകാഹാര പുനരധിവാസ പ്രചരണം നടപ്പിലാക്കുന്ന പദ്ധതി. ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ.

1. പരിശോധന
2. പോഷകാഹാര പൂരകം നൽകൽ
3. പോഷകാഹാര ബോധവൽക്കരണ പ്രചരണ പരിപാടി.
4. ശുചിത്വ ബോധവൽക്കരണ പ്രചാരണ പരിപാടി.
5. പ്രസവത്തിന് മുമ്പും പിമ്പുമുള്ള പരിശോധന
6. റഫറൽ സേവനം

ഈ പദ്ധതി ആർദ്രം മിഷന്റെ പരിധിയിൽ വരുന്നതാണ്. 2017-18-ൽ മുകളിൽ പറഞ്ഞ ആറ് ഘടകങ്ങൾക്കുമായി 2000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. അംബേദ്ക്കർ സെറ്റിൽമെന്റ് വികസന പദ്ധതി (പുതുക്കിയ എ.റ്റി.എസ്.പി.എഫ്. പ്രത്യേക പാക്കേജ്) 2017-18 ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയാണ്. താഴെപ്പറയുന്നവയാണ് പദ്ധതിയുടെ ഘടകങ്ങൾ:

1. അടിസ്ഥാന സൗകര്യങ്ങൾ:

സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സാമൂഹിക സാമ്പത്തിക വികസനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അടിയന്തരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമുള്ള അടിസ്ഥാന ആവശ്യങ്ങൾ എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, കുടിവെള്ളം, ശുചിത്വ പരിപാടികൾ, ദുർഘട സാഹചര്യങ്ങളിൽ വസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ പുനരധിവാസവും അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

2. എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലിനുള്ള വേതനം:

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ രഹിതരായ പട്ടിക വർഗ്ഗക്കാർക്ക് തൊഴിൽ വേതനം ലഭ്യമാക്കുന്നതോടൊപ്പം ആവശ്യമെങ്കിൽ 100 തൊഴിൽ ദിനത്തിന് ഉപരിയായി അധിക തൊഴിൽ ഈ പദ്ധതി പ്രകാരം നൽകുന്നതാണ്. ഇതിന് ആവശ്യമുള്ള തുക ഗ്രാമവികസന കമ്മീഷണറേറ്റിന് കൈമാറേണ്ടതാണ്.

3. ആരോഗ്യം:

മെച്ചപ്പെട്ട ആരോഗ്യപ്രവർത്തനങ്ങൾ, പോഷകാഹാരം നൽകൽ കൂടാതെ ആവശ്യമെങ്കിൽ വനിതകൾക്കും കുട്ടികൾക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പിലാക്കുന്നതാണ്. വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികളായ ഭവന നിർമ്മാണം, തൊഴിൽദാനം (എം.എൻ.ആർ.ഇ.ജി.എസ്), ആരോഗ്യം, വിദ്യാഭ്യാസം, കുടുംബശ്രീ പദ്ധതികൾ, ഐ.സി.ഡി.എസ്, എൻ.എസ്.എ.പി. (പെൻഷൻ സ്കീമുകൾ) തുടങ്ങിയ പദ്ധതികൾ സംയോജിപ്പിച്ച് നടപ്പിലാക്കാനുള്ള ശ്രമങ്ങൾ എടുക്കുന്നതാണ്.

4. 2013-14 മുതൽ വകുപ്പ് നടപ്പിലാക്കിയിരുന്ന ഹാംലെറ്റ് ഡെവലപ്മെന്റ് സ്കീമിന്റെ സ്പിൽഓവർ പണികൾക്കുള്ള തുക ഈ പദ്ധതിയിൽ നിന്ന് ചെലവാക്കുന്നതാണ്.

5. <u>പി.കെ കാളൻ കുടുംബക്ഷേമ പദ്ധതി:</u>

ചിന്നിച്ചിതറി താമസിക്കുന്ന ഗോത്ര വിഭാഗങ്ങളുടെ വികസനത്തിനായി പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഓരോ സെറ്റിൽമെന്റിനും പദ്ധതി തയ്യാറാക്കുന്നത് ഊരുകൂട്ടങ്ങളുടെ പങ്കാളിത്ത ഗ്രാമീണ വിലയിരുത്തലിന്റെ സഹായത്തോടെ മൈക്രോ പ്ലാൻ തയ്യാറാക്കിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

6. <u>ഗോത്രബന്ധു-പ്രൈമറി സ്കൂളുകളിൽ ഗോത്ര വിഭാഗ അദ്ധ്യാപകരുടെ സേവനം:</u>

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുള്ള പ്രൈമറി സ്കൂളുകളിൽ അവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റ്റി.റ്റി.സി./ബി.എഡ്. യോഗ്യതയുള്ള പ്രദേശത്തെ ഒരു യുവ വിദ്യാസമ്പന്നനെ (ആണോ/പെണ്ണോ) ആദിവാസി ഭാഷയുടെയും മലയാള ഭാഷയുടെയും അറിവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് വേണ്ട പരിശീലനം നൽകി മാസം 15000 രൂപ ഓണറേറിയം നിരക്കിൽ പ്രൈമറി സ്കൂളിൽ ടീച്ചറോ വിദ്യാഭ്യാസ ഉപദേശകനായോ പ്രവർത്തിപ്പിക്കാൻ ഈ പദ്ധതിവഴി ഉദ്ദേശിക്കുന്നു. വിദ്യാഭ്യാസം നൽകുന്നതിനോടൊപ്പം ഗോത്ര വിഭാഗത്തിലുള്ള വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ പരിഹരിക്കുകയും കൊഴിഞ്ഞ് പോക്ക് കുറയ്ക്കുകയും 100 ശതമാനം ആദിവാസി കുട്ടികളുടെ സ്കൂൾ പ്രവേശനം ഉറപ്പാക്കുകയും കുട്ടികൾക്കുവേണ്ട പരിശീലനം നൽകി ഒരു സോഷ്യൽ വർക്കറായും ഉപദേശകനായും ഇവർ പ്രവർത്തിക്കേണ്ടതാണ്. കൂടാതെ വിദ്യാർത്ഥികളെ പരിചരിച്ചുകൊണ്ട് സമൂഹത്തിന്റെയും സ്കൂളിന്റെയും ഇടയിൽ പ്രവർത്തിക്കുന്നവരുമായിരിക്കണം. 2017-18-ൽ 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. <u>വയനാട് ഗോത്രഭാഷാ പഠനകേന്ദ്രം</u>

വിവരണാത്മക രീതിയിലും അപഗ്രഥനാപരമായ പ്രവർത്തന സമ്പ്രദായങ്ങളിലൂടെയും പട്ടികവർഗ വിഭാഗക്കാരുടെ ശ്രേഷ്ഠമായ സാംസ്കാരിക പൈതൃകത്തെ ഡോക്യുമെന്റ് ചെയ്യുക (ഭാഷയും കലാ രൂപങ്ങളും വായ്മൊഴിയായ സാഹിത്യത്തെയും) പ്രാഥമിക ദ്വിതീയ തലത്തിലുള്ള ഔദ്യോഗിക രേഖകൾ, സർവ്വേ, വ്യക്തിഗത അഭിമുഖം, ഫീൽഡ് വർക്ക് എന്നിവയുടെ സഹായത്തോടെ ശേഖരിച്ച് സമാഹരിക്കും. 2017-18-ൽ 10.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ പട്ടികജാതി വിഭാഗത്തിന്റെ ക്ഷേമത്തിനായി പ്രഖ്യാപിച്ചിട്ടുള്ള പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ഹൈസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വീടിനോട് ചേർന്ന് ആധുനിക പഠന സൗകര്യങ്ങളുള്ള ഒരു പഠനമുറി കൂടി നിർമ്മിക്കുന്നതിനുള്ള പദ്ധതി.

2. പട്ടികജാതി പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തി സാമൂഹിക സുരക്ഷാ പദ്ധതി 'വാത്സല്യനിധി' എന്ന പേരിലുള്ള പുതിയ പദ്ധതി, ജനനം, ആരോഗ്യ പരിരക്ഷ, വിദ്യാഭ്യാസം തുടങ്ങി എല്ലാ സംരക്ഷണങ്ങളും ഉറപ്പു വരുത്തി 18 വയസ്സ് കഴിയുമ്പോൾ മൂന്ന് ലക്ഷം രൂപ ഇൻഷ്വറൻസ് വഴി നൽകുന്ന പദ്ധതി.

3. പട്ടികജാതിക്കാരായ വനിതാ ജീവനക്കാർക്ക് എല്ലാ ജില്ലകളിലും ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള പദ്ധതി.

4. പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് നൽകി വരുന്ന ലാപ്ടോപ്പ് കൂടുതൽ കോഴ്സുകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന പദ്ധതി.

5. സ്റ്റേറ്റ്/യൂണിവേഴ്സിറ്റിതല സ്പോർട്സ് മത്സരത്തിൽ മികവു പുലർത്തുന്ന പ്രീ-മെട്രിക്/ പോസ്റ്റ്-മെട്രിക് വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ് നൽകുന്ന പദ്ധതി.

6. 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുകൂടി പ്രീ സെക്കൻഡറി എഡ്യുക്കേഷൻ എയിഡ്.

7. KIIFB-യിലുൾപ്പെടുത്തി എം.ആർ.എസുകളും പ്രീ-മെട്രിക് ഹോസ്റ്റലുകളും പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും സ്ഥാപിക്കുന്ന പദ്ധതി.

(ബി) ഉണ്ട്. സംസ്ഥാന ജനസംഖ്യയുടെ 1.45% വരുന്ന പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റ് വിഹിതത്തിൽ 2.83% ആയ 751 കോടി രൂപ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി വകയിരുത്തിയിട്ടുണ്ട്.

കേരളത്തിലെ ജനസംഖ്യയിൽ 9.1% വരുന്ന പട്ടികജാതിക്കാർക്ക് സംസ്ഥാന പദ്ധതിയുടെ 9.81% തുക വകയിരുത്തിയിട്ടുണ്ട്. (ആകെ 2600 കോടി) ചട്ടപ്രകാരമുള്ള ജനസംഖ്യാനുപാതത്തെക്കാൾ കൂടുതലായി 188 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഭാരതത്തിലെ ജനസംഖ്യയുടെ 16.6% വരുന്ന പട്ടികജാതിക്കാരും 8.6% വരുന്ന പട്ടികവർഗ്ഗക്കാരും ചേർന്ന് ആകെ 25.2% വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ ജന വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര സർക്കാർ 2014-15 സാമ്പത്തിക വർഷത്തിൽ 14.4 ശതമാനവും 2015-16-ൽ 10.09% വും 2016-17-ൽ 11.5% വും ബജറ്റ് വിഹിതമാണ് വകയിരുത്തിയിട്ടുള്ളത്.

**പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുടെ ഹോസ്റ്റലുകൾ**

28 (4038) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളുടെ ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചെന്നും നവീകരണ പ്രവർത്തനങ്ങളുടെ പുരോഗതിയും വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി അറ്റകുറ്റപ്പണികൾ ആവശ്യമുള്ള ഹോസ്റ്റലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പഴയ കെട്ടിടങ്ങൾ നവീകരിക്കുന്നതിനും തുക അനുവദിച്ച് നൽകിയിട്ടുണ്ട്. ഹോസ്റ്റലുകളിൽ അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളും നവീകരിച്ച് നല്ല പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ച മാതൃകയിൽ നവീകരണം നടപ്പിലാക്കി വരുന്നു.

(ബി) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളുടെ നവീകരണത്തിനായി വാങ്ങലുകൾക്ക് 45,53,667 രൂപയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് 3,27,94,206 രൂപയും അനുവദിച്ചിട്ടുണ്ട്. അനുമതി നൽകിയ നവീകരണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിന് എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ നവീകരണ പ്രവർത്തനങ്ങൾക്കായി വിവിധ കണക്ക ശീർഷകങ്ങളിലായി 5,79,44,237 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ആകെ 59 പ്രവൃത്തികൾക്കാണ് 2016-17 സാമ്പത്തിക വർഷം അനുമതി നൽകിയിട്ടുള്ളത്. അവയിൽ 36 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 23 പ്രവൃത്തികൾ പുരോഗമിക്കുന്നു.

## ഏകാദ്ധ്യാപക വിദ്യാലയങ്ങൾ

29 (4039) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.റ്റി.ഡി.പി.-യുടെ കീഴിൽ നിലവിൽ എത്ര ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഈ വിദ്യാലയത്തിലെ ജീവനക്കാർക്ക് നല്കിവരുന്ന വേതനം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ഇവരുടെ വേതന ഘടന അവസാനമായി പരിഷ്കരിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവരുടെ വേതനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അധികാരപരിധിയിൽ വിവിധ ഐ.റ്റി.ഡി.പി./ടി.ഡി.ഒ ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഇടുക്കി ഐ.റ്റി.ഡി.പി. | - 1 എണ്ണം |
| ടി.ഡി.ഒ അടിമാലി | -22 എണ്ണം |
| ഐ.റ്റി.ഡി.പി. നിലമ്പൂർ | -1 എണ്ണം |

ടി.ഡി.ഒ സുൽത്താൻബത്തേരി -3 എണ്ണം

ടി.ഡി.ഒ മാനന്തവാടി - 3 എണ്ണം

(ബി) ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് 5000 രൂപയും ആയമാർക്ക് 2000 രൂപയും വേതനമായി അനുവദിച്ചു നൽകുന്നു.

(സി) 12-5-2015-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 34/2015/ പജ.പവ.വിവ. പ്രകാരമാണ് വേതന ഘടന അവസാനമായി പരിഷ്കരിച്ചത്.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 25-11-2016-ലെ നമ്പർ സി3/6028/16 കത്ത് പ്രകാരം ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ വേതനം 12,500 രൂപയായും ആയമാരുടെ വേതനം 7000 രൂപയായും വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ 22/ഡി.1/17 പജ പവ. വിവ. നമ്പർ ഫയലിൽ പരിശോധിച്ചു വരുന്നു.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ പട്ടികവർഗ്ഗ കുടുംബങ്ങൾ

30 (4040) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുറിച്ചി, വാഴപ്പള്ളി, മാടപ്പള്ളി, തൃക്കൊടിത്താനം എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലും ചങ്ങനാശ്ശേരി മുനിസിപ്പൽ ടൗണിലുമായി ആകെ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കുടുംബങ്ങളുടെ ക്ഷേമത്തിനുവേണ്ടി 2016-2017 സാമ്പത്തിക വർഷത്തിൽ എത്ര തുക പട്ടികവർഗ്ഗ ക്ഷേമവകുപ്പിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കുറിച്ചി പഞ്ചായത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വേണ്ടി ഒരു പൊതുശ്മശാനം നിർമ്മിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

| | | |
|---|---|---|
| 1. | കുറിച്ചി പഞ്ചായത്ത് | 36 |
| 2. | വാഴപ്പള്ളി പഞ്ചായത്ത് | 1 |
| 3. | തൃക്കൊടിത്താനം പഞ്ചായത്ത് | 5 |
| 4. | മാടപ്പള്ളി പഞ്ചായത്ത് | 20 |
| 5. | ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി | ഇല്ല |
| | **ആകെ** | 62 |

(ബി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 2016-17 സാമ്പത്തിക വർഷം കുറിച്ചി പഞ്ചായത്തിലെ മത്സ്യബന്ധന തൊഴിലിൽ ഏർപ്പെടുന്ന 4 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വള്ളവും വലയും വാങ്ങി നൽകുന്നതിനായി 1,12,000 രൂപ വകയിരുത്തിയിട്ടുണ്ട്. ടി പഞ്ചായത്തിലെ 15 പട്ടികവർഗ്ഗ വനിതകൾക്ക് തയ്യൽമെഷീനും അനുബന്ധ സാമഗ്രികളും വാങ്ങി നൽകുന്നതിനായി 2,39,250 രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതികൾ വൈക്കം ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മുഖേന നടപ്പിലാക്കി വരുന്നു. കൂടാതെ കുറിച്ചി പഞ്ചായത്തിലും തൃക്കൊടിത്താനം പഞ്ചായത്തിലും ഓരോ കുടുംബങ്ങൾക്കും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭവന പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന പുനരുദ്ധാരണ ഗ്രാന്റ് ( 1 ലക്ഷം രൂപ) വീതം അനുവദിച്ചിട്ടുണ്ട്. ആയതിൽ ഒരു കുടുംബം ഒന്നാം ഗഡു തുക (40,000 രൂപയും) മറ്റൊരു കുടുംബം 2 ഗഡുക്കളും (80,000 രൂപ) കൈപ്പറ്റിയിട്ടുണ്ട്.

(സി&ഡി) നിലവിൽ ഇതുസംബന്ധിച്ച അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല.

**പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള സ്കൂളുകൾ**

31 (4041) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വകുപ്പിന് കീഴിലുള്ള സ്കൂളുകൾ ഏതൊക്കെയെന്ന് അറിയിക്കുമോ;

(ബി) ഇവിടെ വിദ്യാർത്ഥികൾക്ക് എന്തെല്ലാം സൗകര്യങ്ങൾ/ ആനുകൂല്യങ്ങൾ നൽകുന്നു എന്ന് അറിയിക്കുമോ;

(സി) ഇവർക്കായി ചെലവഴിക്കുന്ന തുക കൃത്യമായും ചെലവഴിക്കുന്നുണ്ടോ എന്ന കർശന പരിശോധന നടത്താറുണ്ടോ;

(ഡി) എങ്കിൽ എങ്ങനെയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെ 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം, താമസം, ഭക്ഷണം, വസ്ത്രം മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയെല്ലാം വകുപ്പ് ഒരുക്കുന്നുണ്ട്. സ്കൂളിലും ഹോസ്റ്റലിലും ആവശ്യമായ എല്ലാ സൗകര്യങ്ങളുമുണ്ട്. അദ്ധ്യാപകർക്കും ക്വാർട്ടേഴ്സുകളുണ്ട്. മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 8 എണ്ണത്തിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി സംവിധാനം നിലവിൽ ഇല്ലാത്ത എല്ലാ സ്കൂളുകളിലും സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ട്. സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ പ്രസ്തുത സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്ലെറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്സ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം/ അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ എന്നിവയ്ക്കും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ ഹയർസെക്കണ്ടറി സ്കൂളുകൾക്ക് ആവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് വ്യക്തിത്വ വികസനത്തിനും തൊഴിൽ പരിശീലനത്തിലെ കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/ യൂണിഫോം എന്നിവ ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടി സ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, നാഷണൽ സർവ്വീസ് സ്കീം, എൻ.സി.സി. എന്നീ പദ്ധതികളും 'സർഗ്ഗോത്സവം' എന്ന പേരിൽ സംസ്ഥാനതല കലാമേളയും 'കളിക്കളം' എന്ന പേരിൽ സംസ്ഥാനതല കായികമേളയും നടത്തുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ജില്ലാ ഓഫീസർമാർ ടി സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ട്. കൂടാതെ പ്രസ്തുത സ്ഥാപനങ്ങളിലെ ചെലവ് വിവരങ്ങൾ ഓഡിറ്റിന് വിധേയമാക്കാറുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റിലെ ഉയർന്ന ഉദ്യോഗസ്ഥർ ടി സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ട്.

**അടിച്ചിൽതൊട്ടി ട്രൈബൽ കോളനിയിലേക്ക് റോഡ്**

32(4043) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ അടിച്ചിൽതൊട്ടി ട്രൈബൽ കോളനിയിലേയ്ക്ക് റോഡു നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) ഫണ്ട് അനുവദിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും റോഡിന്റെ നിർമ്മാണം ആരംഭിക്കാത്തത് എന്താണ് എന്ന് വ്യക്തമാക്കാമോ;

(സി) തടസ്സങ്ങൾ നീക്കി അടിച്ചിൽതൊട്ടി കോളനി റോഡ് നിർമ്മാണം ഉടൻ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന പത്തടിപ്പാലം അടിച്ചിൽതൊട്ടി കോളനി റോഡ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുത്തിട്ടുണ്ട്. ടി പ്രവൃത്തിക്കായി വാഴച്ചാൽ, മലയാറ്റൂർ വനം ഡിവിഷനുകളിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടി കോളനി റോഡ് നിർമ്മാണത്തിനായി 874 ലക്ഷം രൂപയിൽ അധികരിക്കാതെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കണമെന്ന് തൃശ്ശൂർ പൊതുമരാമത്ത് വകുപ്പ് (റോഡ്സ് വിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തിക്കായി 11 കോടി രൂപയോളം എസ്റ്റിമേറ്റ് വരുമെന്നും കൂടാതെ ടി പ്രവൃത്തിക്കായി വനം വകുപ്പ് നൽകിയ അനുമതിയിൽ കോളനി റോഡിന്റെ വീതി 3 മീറ്ററോളമാണ് കാണിച്ചിരിക്കുന്നതെന്നും ആവശ്യമായ ഗ്രേഡിയന്റ് നൽകുന്നതിന് റോഡ് താഴ്ന്ന സ്ഥലങ്ങളിൽ 6 മുതൽ 12 മീറ്റർ വരെ വീതിയിൽ മൺപണികൾ ചെയ്യേണ്ടി വരികയും 3 മീറ്റർ സ്ഥലം കലിങ്കുകളുടെ നിർമ്മാണത്തിനും വേണ്ടി വരുമെന്നും മേൽപ്പറഞ്ഞ വീതിയിൽ തന്നെ സ്ഥലം വനം വകുപ്പിൽ നിന്നും വിട്ടുകിട്ടിയാൽ മാത്രമേ ഈ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ സാധിക്കുകയുള്ളൂവെന്നും പൊതുമരാമത്ത് വകുപ്പ് (റോഡ്സ് വിഭാഗം) ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് തുടർ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുടെ അടിയന്തിര യോഗം വിളിക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടികവർഗ്ഗക്കാരുടെ ഉന്നമനം

33 (4044) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികൾ ആണ് ഈ സർക്കാർ വന്നതിന് ശേഷം സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പട്ടികവർഗ്ഗങ്ങളുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, ഭവനം, ഭൂമി, തൊഴിൽ ലഭ്യമാക്കൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് സംസ്ഥാനത്ത് ആകെ 810.16 കോടി രൂപയുടെ ട്രൈബൽ സബ്പ്ലാൻ പദ്ധതിയിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

2016-17 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യ സഹായ പദ്ധതി വഴി ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി 83103 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ വിതരണം നടത്തിയിട്ടുണ്ട്. അട്ടപ്പാടിയിൽ 3.50 കോടി രൂപ ചെലവഴിച്ച് കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ ഫലമായി പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശുമരണനിരക്ക് ഗണ്യമായി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്.

- പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതിയിൽ സ്പിൽ ഓവർ ആയ 23,197 വീടുകളുടെ നിർമ്മാണത്തിനായി 31-1-2017 വരെ 166.78 കോടി രൂപ അനുവദിച്ചു നൽകി. ഇതിൽ 3945 വീടുകൾ പൂർത്തീകരിച്ചു.
- ഈ സാമ്പത്തിക വർഷം 6709 പേർക്ക് പുതിയ വീടുകൾ അനുവദിക്കാനുള്ള നടപടികൾ സ്വീകരിച്ചു.
- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1199 പട്ടികവർഗ്ഗക്കാരുടെ 1 ലക്ഷം രൂപ വരെയുള്ള കടം എഴുതി തള്ളി.

അർഹരായ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഭൂരഹിതരായ 56 ഗുണഭോക്താക്കൾക്ക് 25.59 ഏക്കർ ഭൂമി വാങ്ങിയ ഇനത്തിൽ 565.76 ലക്ഷം രൂപ അനുവദിച്ചു നൽകി. ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭിക്കുന്ന വൈദ്യുതീകരണം, കുടിവെള്ളം എന്നിവയ്ക്കായുള്ള പദ്ധതികൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ

സമർപ്പിക്കുകയും അംഗീകാരം ലഭ്യമാക്കുകയും ചെയ്തു. പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങൾ സമ്പൂർണ്ണമായി വൈദ്യുതീകരിക്കുന്നതിനായി മതിയായ തുക വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കുന്നതാണ്. 2017 മാർച്ചിന് മുമ്പ് പട്ടികവർഗ്ഗക്കാരുടെ ഭവനങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

2016-17 സാമ്പത്തിക വർഷം എൻ.റ്റി.റ്റി.എഫ്. മുഖേന 250 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സും 100 വിദ്യാർത്ഥികൾക്ക് മൂന്ന് വർഷത്തെ ഡിപ്ലോമ കോഴ്സും നടത്തി വരുന്നു. ഈ വർഷം മുതൽ ഗ്രൂപ്പ് സംരംഭങ്ങളിലൂടെ പുതിയ തൊഴിൽ സൃഷ്ടിക്കുന്നതിനും അതിലൂടെ കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കുന്നതിനുമായുള്ള സ്വയം തൊഴിൽ പദ്ധതിക്ക് 5 കോടി രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കുന്നതിന്റെ നടപടി സ്വീകരിച്ച് വരുന്നു.

2016-17 വർഷം ഗോത്രസാരഥി പദ്ധതിയിൽ 6,66,57,320 രൂപാ ചെലവഴിച്ച് 353 സ്കൂളുകളിൽ പഠിക്കുന്ന 12,831 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം നൽകി വരുന്നു.

മോഡൽ റസിഡൻഷ്യൽ സ്കൂൾ, ആശ്രമം സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കുകയും വിദഗ്ദ്ധ സമിതി ഹോസ്റ്റലുകളുടേയും മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും നവീകരണത്തിന് മാനദണ്ഡങ്ങൾ തയ്യാറാക്കുകയും ആയത് പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അയച്ചു കൊടുക്കുകയും ടി മാനദണ്ഡങ്ങൾ പാലിച്ച് മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യ വർദ്ധനവിനായി പ്രൊപ്പോസലുകൾ ലഭ്യമാക്കി അവയ്ക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.

KIIFB മുഖേന 100 കോടി രൂപ ചെലവഴിച്ച് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

1. തിരുവനന്തപുരം ജില്ലയിൽ കുറ്റിച്ചലിൽ എം.ആർ.എസ് നിർമ്മാണം ( 25 കോടി)
2. കണ്ണൂർ ജില്ലയിൽ ആറളത്ത് പുതിയ എം.ആർ.എസ്. നിർമ്മാണം (25 കോടി)
3. കാസർഗോഡ് ജില്ലയിൽ ബദഡുക്കയിൽ പെൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം ( 5 കോടി)
4. കാസർഗോഡ് ജില്ലയിൽ കുറ്റിക്കോലിൽ ആൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം ( 5 കോടി രൂപ)

5. കൊല്ലം ജില്ലയിൽ അച്ചൻകോവിലിൽ പെൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ ( 5 കോടി)
6. ഇടുക്കി ജില്ലയിൽ നെടുങ്കണ്ടത്ത് പെൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ (5 കോടി)
7. എറണാകുളം ജില്ലയിൽ ഇടമലയാറിൽ പെൺകുട്ടികൾക്കായുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ നിർമ്മാണം ( 5 കോടി)
8. എറണാകുളം ജില്ലയിൽ നേര്യമംഗലത്ത് പെൺകുട്ടികൾക്കായുള്ള പോസ്റ്റ്-മെട്രിക് ഹോസ്റ്റൽ നിർമ്മാണം ( 5 കോടി)
9. ഇടുക്കി ജില്ലയിൽ കോടാലിപ്പാറയിൽ ആൺകുട്ടികൾക്കായുള്ള പോസ്റ്റ്- മെട്രിക് ഹോസ്റ്റൽ നിർമ്മാണം (5 കോടി)
10. വി.റ്റി.സി. ഇടുക്കിയിൽ പുതിയ അക്കാദമിക് ബ്ലോക്കിന്റെയും ഹോസ്റ്റലിന്റെയും നിർമ്മാണം (10 കോടി)
11. തിരുവനന്തപുരം ജില്ലയിൽ പാലോടിൽ എസ്.ടി. യൂത്ത് ഹോസ്റ്റൽ നിർമ്മാണം ( 5 കോടി)

എം.ആർ.എസ്.-കളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ കലാപരവും കായികപരവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് "സർഗ്ഗോത്സവം" എന്ന പേരിൽ സംസ്ഥാനതല യൂത്ത് ഫെസ്റ്റിവലും "കളിക്കളം" എന്ന പേരിൽ സംസ്ഥാനതല കായികമേളയും "ഗദ്ദിക" എന്ന പേരിൽ ഗോത്രവർഗ്ഗ നാടൻ കലാമേളയും പ്രദർശന വില്പന മേളയും സംഘടിപ്പിച്ചു.

കൂടാതെ പുനരധിവസിപ്പിച്ച പട്ടികവർഗ്ഗക്കാരുടെ നിരവധി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി പുനരധിവാസ പ്രവർത്തനങ്ങൾക്കു വേണ്ടി രൂപീകരിച്ചിട്ടുള്ള ട്രൈബൽ മിഷനായ റ്റി.ആർ.ഡി.എം. മിഷൻ മുഖേന പുനരധിവാസ പ്രോജക്ടുകൾ നടപ്പിലാക്കുകയും ചെയ്യുന്നു. പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു:

1. അടിസ്ഥാന സൗകര്യങ്ങളായ വീട്, കുടിവെള്ളം, റോഡ്, വൈദ്യുതി എന്നിവയുടെ പുരോഗതി.
2. പുനരധിവസിക്കപ്പെട്ട കുടുംബങ്ങളും ജീവനും സ്വത്തും സംരക്ഷിക്കുന്നതിനുവേണ്ടി വനാതിർത്തിയിലുള്ള ചുറ്റുമതിൽ നിർമ്മാണം.
3. കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നിവയ്ക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ, സ്വയം തൊഴിൽ പരിശീലന പരിപാടികൾ, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസപരമായ ഇടപെടൽ.

1999-ലെ ഭൂമികൈമാറ്റ നിയമവും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകലും നിയമത്തിന് കീഴിൽ പട്ടികവർഗ്ഗക്കാർക്ക് കിട്ടേണ്ട നേട്ടങ്ങൾ അവർക്ക് ലഭ്യമാക്കുന്നതിന് സഹായം നൽകാൻ ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ഈ നിയമപ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഇടുവിലയുള്ള ഭൂമി കൈമാറ്റം നിയന്ത്രിക്കുകയും അവരുടെ അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകുകയും ചെയ്യുന്നു. നടപ്പുവർഷം ടി പദ്ധതിക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയ്ക്ക് വിധേയമായി സ്വയം സഹായ സംഘങ്ങൾ നടത്തുന്ന യൂണിറ്റുകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് ക്ലസ്റ്റർ സമീപനത്തിലൂടെ അധിക ഉത്പാദനം, മൂല്യവർദ്ധനവ്, എന്നിവ ലക്ഷ്യമിടുന്ന വരുമാനദായക പരിപാടികൾക്ക് മുൻഗണന. നടപ്പുവർഷം ടി പദ്ധതിക്കായി 120 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

പട്ടികവർഗ്ഗക്കാരുടെയും മറ്റു പരമ്പരാഗതമായി വനങ്ങളിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പിലാക്കുന്നതിനായി 1 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

1. പ്രീ-മെട്രിക്, പോസ്റ്റ് മെട്രിക് തലത്തിൽ പഠനം നടത്തി വരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപ്പെന്റ്, ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ 50% വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചു.
2. മഹിളാ സമഖ്യാ സൊസൈറ്റി മുഖേന മലപ്പുറം ജില്ലയിൽ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കുന്നതിനായി 256.92 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു.
3. 153825 കുടുംബങ്ങൾക്ക് ഓണക്കിറ്റും 14800 പേർക്ക് ഓണക്കോടിയും വിതരണം ചെയ്തു.
4. പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി 4.99 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി.
5. ആദിവാസി ഊരുകളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതി (എ.ടി.എസ്.പി.), ഹാംലെറ്റ് വികസന പദ്ധതി, കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ (275), എസ്.സി.എ. ടു ടി.എസ്.പി., ടി.ആർ.ഡി.എം, നബാർഡ് ഫണ്ട് എന്നീ പദ്ധതികളിലായി വിവിധ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

## പട്ടികവർഗ്ഗക്കാർക്ക് ഭൂമി

34 (4045) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വിലയ്ക്കു വാങ്ങി നൽകുന്നതിനായി കഴിഞ്ഞ വർഷം (2016-17) എത്ര കോടി രൂപ ബജറ്റിൽ വകയിരുത്തിയിരുന്നുവെന്നും ആയതിൽ എത്ര കോടി രൂപ ചെലവഴിക്കുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ ;

(ബി) ഇതിലൂടെ എത്രമാത്രം ഭൂമി വാങ്ങി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് നൽകുവാൻ കഴിഞ്ഞു; വിശദവിവരം നൽകുമോ;

(സി) പ്രസ്തുത ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിയ്ക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത തുക വിനിയോഗിയ്ക്കാത്ത സമീപനം ഏതെങ്കിലും ഉദ്യോഗസ്ഥർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വീഴ്ച വരുത്തിയിട്ടുള്ളവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;

(ഇ) ഫണ്ട് വിനിയോഗിക്കാത്ത സാഹചര്യമുണ്ടെങ്കിൽ സാമ്പത്തിക വർഷം അവസാനിയ്ക്കുന്നതിനു മുൻപ് ഫണ്ട് ഉപയോഗിച്ച് ഭൂമി വാങ്ങി ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതുൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്കായി നടപ്പു സാമ്പത്തിക വർഷം (2016-17) ആദിവാസി പുനരധിവാസ വികസന മിഷന് (TRDM) 45,08,80,000 രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി നടപ്പുവർഷം (2016-17) 6,44,75,800 രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുക മറ്റ് പുനരധിവാസ പ്രവർത്തനങ്ങൾക്ക് നീക്കിവെച്ചിട്ടുണ്ട്.

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം ഈ വർഷം 211 പേർക്ക് ഭൂമി വാങ്ങാനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 29.588 ഏക്കർ ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

(സി) നടപ്പുവർഷം പ്രസ്തുത ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം നിലവിലില്ല.

(ഡി) എല്ലാവിധത്തിലുള്ള നടപടിക്രമങ്ങളും പൂർത്തീകരിച്ച് ഭൂമി വാങ്ങി നൽകുന്നതിനായി അനുവദിച്ച തുക വിനിയോഗിക്കാത്ത സമീപനം സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) നടപ്പുവർഷം നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുള്ള ഭൂമി ടി സാമ്പത്തിക വർഷം തന്നെ വാങ്ങി നൽകുന്നതാണ്.

## ഒ.ഇ.സി. വിഭാഗങ്ങൾക്ക് നൽകിവരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

35 (4046) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ. ഇ. സി. വിഭാഗങ്ങൾക്ക് നിലവിൽ നൽകി വരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ വിശദവിവരം നൽകുമോ;

(ബി) ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സാമ്പത്തിക പരിധി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സാമ്പത്തിക പരിധി നിശ്ചയിക്കുന്നത് ഒഴിവാക്കി, എസ്.സി. വിഭാഗങ്ങൾക്ക് എപ്രകാരമാണോ വിദ്യാഭ്യാസ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നത് അപ്രകാരം ഒ.ഇ.സി. വിഭാഗങ്ങൾക്കും ആയത് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ;

(ഡി) സാമൂഹ്യ പിന്നോക്കാവസ്ഥയുള്ളതുകൊണ്ടാണ് ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന സാഹചര്യം കണക്കിലെടുത്ത്, സാമ്പത്തിക പരിധി എടുത്തുകളയുകയോ ഉയർത്തുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആനുകൂല്യങ്ങൾ സംബന്ധിച്ച ഉത്തരവ് അനുബന്ധമായി നൽകുന്നു.*

(ബി) ഒ.ഇ.സി. വിഭാഗങ്ങൾക്ക് ആനുകൂല്യം നൽകുന്നതിന് വരുമാന പരിധിയില്ല.

(സി) പട്ടികജാതി വിഭാഗത്തിന് സമാനമായി സാമ്പത്തിക പരിധി ഒഴിവാക്കിയാണ് ഒ.ഇ.സി. വിഭാഗങ്ങൾക്കും വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സാമ്പത്തിക പരിധി ഒ.ഇ.സി. വിഭാഗത്തിന് ബാധകമല്ല.

എന്നാൽ സ.ഉ. (എം.എസ്.) നമ്പർ 10/2014/ പി.സ.വി.വ. പ്രകാരം പുതുതായി ഒ.ഇ.സി. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ച 30 സമുദായങ്ങൾക്ക് 6 ലക്ഷം രൂപ വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ട്. അവർ അതുവരെ നിലവിലുള്ള ഒ.ഇ.സി. ലിസ്റ്റിൽ ഉൾപ്പെടാത്തവരാകയാൽ ഈ വരുമാന പരിധി ഉയർത്തുന്ന കാര്യം പരിഗണനയിലില്ല.

**കെ.എസ്.ബി.സി.ഡി.സി.**

36 (4047) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ബി.സി.ഡി.സി. വഴി പ്രത്യേക വായ്പാ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) പിന്നോക്ക ജനവിഭാഗങ്ങളിലെ സ്ത്രീകൾക്കും യുവാക്കൾക്കും സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പാ പദ്ധതികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കെ.എസ്.ബി.സി.ഡി.സി. ജില്ലാ ഓഫീസുകൾ വഴി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തു തുക വായ്പ നൽകിയിട്ടുണ്ട്; ഓരോ ഓഫീസിനും എന്തു ഗ്രാന്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ബി.സി.ഡി.സി മുഖേന താഴെ പറയുന്ന പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സംരംഭകത്വ പരിശീലനവും സ്വയം തൊഴിൽ വായ്പയും നൽകുന്നതിനുവേണ്ടി 'ദിശ 2017' എന്ന പദ്ധതി ആരംഭിച്ചു. രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. പ്രവാസി ക്ഷേമ വായ്പാ പദ്ധതി, ക്ഷീര സമൃദ്ധി വായ്പാ പദ്ധതി, പരമ്പരാഗത തൊഴിൽ നവീകരണ വായ്പാ പദ്ധതി, ഹരിത കേരളം വായ്പാ പദ്ധതി എന്നിവയാണ് പുതിയ പദ്ധതികൾ

(ബി) പിന്നോക്ക ജനവിഭാഗങ്ങളിലെ സ്ത്രീകൾക്കും യുവാക്കൾക്കും സ്വയംതൊഴിൽ കണ്ടെത്തുന്നതിന് വായ്പാ പദ്ധതികൾ കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. (പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു).*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 221.13 കോടി രൂപ ജില്ലാ ഓഫീസുകൾവഴി വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ ഓഫീസുകൾക്ക് ഗ്രാന്റ് നൽകിയിട്ടില്ല. വായ്പാ വിതരണത്തിന് ആവശ്യമായ തുക ജില്ലാ ഓഫീസുകൾക്ക് ആവശ്യാനുസരണം ലഭ്യമാക്കുകയും അത് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നു.

**ജാതിയും മതവും അറിയാതെ അനാഥാലയത്തിൽ വളർന്നവരെ പിന്നോക്കവിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി**

37 (4048) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജാതിയും മതവും അറിയാതെ അനാഥാലയങ്ങളിലും മറ്റും വളരുന്ന കുട്ടികൾക്ക് ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ വിഷയങ്ങളിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ജാതിയും മതവും അറിയാതെ അനാഥാലയങ്ങളിൽ വളർന്നവരെ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) അനാഥാലയങ്ങളിൽ വളരുന്ന കുട്ടികളുടെ സാമൂഹ്യ പിന്നോക്കാവസ്ഥ പരിഗണിച്ച് ഇക്കാര്യം പരിശോധിക്കുന്നതിന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷനോട് ആവശ്യപ്പെടുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### പിന്നോക്ക സമുദായ വികസനം

38 (4049) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ വികസനത്തിന്റെ ഭാഗമായി മൺപാത്ര തൊഴിലാളികൾ ഉൾപ്പെടെ ഏതെല്ലാം തൊഴിലാളികൾക്ക് തൊഴിൽ നവീകരണത്തിനുൾപ്പെടെ എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കി;

(ബി) ഇതിന്റെ ഭാഗമായി അയൽക്കൂട്ടങ്ങൾക്ക് പുനർ വായ്പാ സഹായം തുടങ്ങി എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കി;

(സി) ഇവ കൂടാതെ പിന്നോക്ക സമുദായ വികസനത്തിന് എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങൾ ഈ സർക്കാർ നടപ്പാക്കി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൺപാത്ര നിർമ്മാണ തൊഴിലാളികൾ, പരമ്പരാഗത ബാർബർമാർ, പരമ്പരാഗത കരകൗശല സമുദായങ്ങൾ എന്നിവർക്ക് തൊഴിൽ നവീകരണത്തിനായി 25,000 രൂപ ഗ്രാന്റ് അനുവദിച്ച് വരുന്നു.

മൺപാത്ര തൊഴിലാളികൾക്കുള്ള ആനുകൂല്യം 632 പേർക്ക് 158 ലക്ഷം രൂപ അനുവദിച്ചു. ബാർബർ തൊഴിലാളികൾക്ക് 110 ലക്ഷം രൂപ അനുവദിച്ചു. ടൂൾകിറ്റിനുള്ള ധനസഹായം 1480 പേർക്ക് 148 ലക്ഷം രൂപ അനുവദിച്ചു.

(ബി) അയൽക്കൂട്ടങ്ങൾക്ക് പുനർ വായ്പാ സഹായം നൽകിയിട്ടില്ല.

(സി) പിന്നോക്ക സമുദായ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

### പിന്നോക്ക സമുദായങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിന് നടപടി

39 (4050) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി.എസ്.ജയലാൽ:
ശ്രീമതി ഗീതാ ഗോപി:
ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നോക്ക സമുദായങ്ങളുടെ പട്ടിക എത്ര വർഷം കൂടുമ്പോഴാണ് പുതുക്കുന്നത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ഉദ്യോഗസംവരണത്തിന് സംസ്ഥാന ഒ.ബി.സി. ലിസ്റ്റും വിദ്യാഭ്യാസ സംവരണത്തിന് എസ്.ഇ.ബി.സി.ലിസ്റ്റും തയ്യാറാക്കുന്നതിനു പകരം രണ്ടും കൂടി ഉൾപ്പെടുത്തിയിട്ടുള്ള ഒ.ബി.സി.പട്ടിക തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ജാതി അധിഷ്ഠിതമായ സാമൂഹിക, സാമ്പത്തിക,വിദ്യാഭ്യാസ സർവ്വേ റിപ്പോർട്ടും, സർക്കാർ സർവ്വീസിലും, മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിലും ജാതി അടിസ്ഥാനത്തിലുള്ള നിയമന പ്രാതിനിധ്യം സംബന്ധിച്ച റിപ്പോർട്ടും നിലവിലുണ്ടോ;ഇല്ലെങ്കിൽ ഇവ തയ്യാറാക്കാത്തത്എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രത്യേക കാലപരിധി നിശ്ചയിച്ചിട്ടില്ല.

(ബി) പ്രസ്തുത വിഷയം കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് ശിപാർശ ചെയ്യുന്ന സമയം ആലോചിക്കാവുന്നതാണ്.

(സി) ജാതി അധിഷ്ഠിതമായ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ സർവ്വേ റിപ്പോർട്ട് ലഭ്യമല്ല. സർക്കാർ സർവ്വീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജാതി അടിസ്ഥാനത്തിലുള്ള നിയമന പ്രാതിനിധ്യം സംബന്ധിച്ച റിപ്പോർട്ട് നിലവിലില്ല. ഇതിലേയ്ക്കായി സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ വെബ്പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഒഴിവ്

40 (4051) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൽ നിലവിലുള്ള രണ്ട് ഡെപ്യൂട്ടി ഡയറക്ടർമാരുടെ തസ്തികയിലെ ഒഴിവ് നികത്തുന്നതിന് സ്പെഷ്യൽ റൂൾസ് നിലവിലില്ലാത്ത സാഹചര്യത്തിൽ പി.എസ്.സി.-യുടെ അംഗീകാരത്തോടെ എക്സിക്യൂട്ടീവ് ഉത്തരവ് മുഖേന നിയമനം നടത്താവുന്നതാണെന്നും ആയത് സർക്കാരിന്റെ പരിഗണനയിലാണെന്നും 15-10-2016 ലെ 1868-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് മറുപടി നൽകിയതുപ്രകാരം പ്രസ്തുത തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത നിയമനം നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) നിയമനം നടത്തിയിട്ടില്ല. ഡെപ്യൂട്ടി ഡയറക്ടർമാരുടെ നിലവിൽ ഒഴിവുള്ള 2 തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വകുപ്പിന് സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ**

41 (4052) ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :

ശ്രീ. വി. ജോയി :

ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് നിയമസഹായം സൗജന്യമായി നൽകുന്ന കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) നിലവിൽ എന്തെല്ലാം നിയമ സഹായങ്ങളാണ് 'കെൽസ' യിൽ നിന്നും ലഭിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് 'കെൽസ' അഭിഭാഷകരുടെ സേവനം സൗജന്യമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കുറ്റവാളികളുടെ ആശ്രിതർക്കായി നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റി (NALSA)-യുമായി ചേർന്ന് പദ്ധതി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റി, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ, ഇതര തർക്ക പരിഹാര കേന്ദ്രങ്ങൾ (എ.ഡി.ആർ. സെന്റർ), പെർമനന്റ് ലോക് അദാലത്തുകൾ എന്നിവ പ്രവർത്തിച്ചുവരുന്നു. കോടതിയിൽ നിലനിൽക്കുന്നതും കോടതിയിൽ വരാത്തതുമായ, നിമയപരമായി ഒത്തുതീർപ്പാക്കാവുന്ന എല്ലാ തർക്കങ്ങളും

അദാലത്തുകളിലൂടെ ഒത്തുതീർപ്പാക്കാവുന്നതാണ്. എല്ലാ ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളും സ്ഥിരമായി അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. ദേശീയ നിയമ സേവന അതോറിറ്റിയുടെ നിർദ്ദേശപ്രകാരം വിവിധ വിഷയങ്ങളിൽ കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ദേശീയ ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ സഞ്ചരിക്കുന്ന ലോക് അദാലത്ത് വാൻ വഴി പഞ്ചായത്തുകളിലെ ഉൾനാടൻ ഗ്രാമ പ്രദേശങ്ങളിലും അദാലത്തുകൾ സംഘടിപ്പിച്ചുവരുന്നു. നോട്ടിഫൈ ചെയ്ത പബ്ലിക് യൂട്ടിലിറ്റി സർവ്വീസുകളിലെ പ്രശ്നപരിഹാരത്തിനു വേണ്ടി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പെർമനന്റ് ലോക് അദാലത്തുകൾ പ്രവർത്തിക്കുന്നു. കേരളത്തിൽ 14 ജില്ലാ സെന്ററുകളിലും മാവേലിക്കര, വടക്കൻ പറവൂരിലുമായി 16 എ.ഡി.ആർ. സെന്ററുകൾ പ്രവർത്തിക്കുന്നു. കൂടാതെ 44 മീഡിയേഷൻ സബ്സെന്ററുകളും പ്രവർത്തിക്കുന്നു. കോടതികളിൽ നിലനിൽക്കുന്ന കേസ്സുകൾ മീഡിയേഷനിലൂടെ രമ്യമായി പരിഹരിക്കപ്പെട്ടുവരുന്നു.

നിയമ സഹായം

കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി, ഹൈക്കോടതി ലീഗൽ സർവ്വീസസ് കമ്മിറ്റി, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികൾ എന്നീ സ്ഥാപനങ്ങൾ മുഖാന്തരം അർഹരായ വിഭാഗങ്ങൾക്ക് സൗജന്യ നിയമ സേവനം നൽകിവരുന്നു. കൂടാതെ ജയിലുകൾ, ആശുപത്രികൾ, പഞ്ചായത്ത്/വില്ലേജ് ഓഫീസുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ആകെ 1324 നിയമ സഹായ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു.

നിയമ അവബോധം

9-ാം ക്ലാസ്സിലും ഹയർ സെക്കൻഡറിയിലും പഠിക്കുന്ന കുട്ടികൾക്കായി നിയമപാഠം എന്ന് മലയാളത്തിലും ലെസ്സൺസ് ഇൻ ലോ എന്ന് ഇംഗ്ലീഷിലും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നു. കൂടാതെ സ്ത്രീകൾക്കായി 'സ്ത്രീയും നിയമവും' എന്ന പുസ്തകവും പ്രസിദ്ധീകരിച്ചുവരുന്നു.

ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി സംസ്ഥാന തലത്തിൽ നിയമ പാഠത്തെ ആസ്പദമാക്കി ക്വിസ്സ് മൽസരം കെൽസ നടത്തിവരുന്നു.

നിയമ ബോധനം മാധ്യമങ്ങളിലൂടെ

ആകാശവാണി കൊച്ചി എഫ്. എം. റേഡിയോയിലൂടെ ഭരണഘടനാ മൂല്യങ്ങളെക്കുറിച്ചുള്ള 'നീതിപൂർവ്വം' എന്ന പരിപാടി ദിവസേന നടത്തിവരുന്നു.

ദൂരദർശൻ കേന്ദ്രം തിരുവനന്തപുരവുമായി സഹകരിച്ചുകൊണ്ട് 'സാമൂഹ്യപാഠം' എന്ന പരിപാടിയിലൂടെ മാസത്തിൽ ഒരിക്കൽ പൊതുജനങ്ങളുടെ സംശയങ്ങൾക്ക് മറുപടി നൽകുന്നു.

ആകാശവാണിയിലൂടെ ആഴ്ചയിൽ ഒരു തവണ ' ഹലോ ആകാശവാണി ' എന്ന പരിപാടിയിലൂടെ നിയമ പ്രശ്നങ്ങൾക്ക് മറുപടി നൽകുന്ന പരിപാടി നടന്നുവരുന്നു.

(ബി) കോടതിയിൽ നിലനിൽക്കുന്നതും കോടതിയിൽ വരാത്തതുമായ, നിയമപരമായി ഒത്തുതീർപ്പാക്കാവുന്ന എല്ലാ തർക്കങ്ങളും അദാലത്തിലൂടെ ഒത്തുതീർപ്പാക്കുക, കോടതികളിൽ നിലനിൽക്കുന്ന നിയമപരമായി ഒത്തുതീർപ്പാക്കാൻ സാധിക്കുന്ന കേസ്സുകളിൽ മീഡിയേറ്റർമാരുടെ സഹായത്തോടെ കക്ഷികൾ തമ്മിൽ കേസ്സുകൾ ഒത്തുതീർപ്പാക്കുവാൻ വേണ്ട ശ്രമം നടത്തുക, സമൂഹത്തിലെ വിവിധ വിഭാഗങ്ങൾക്ക് പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് നിയമ അവബോധം നൽകുക, ദേശീയ നിയമ സേവന അതോറിറ്റി (NALSA) സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് നിയമ സഹായത്തിനുവേണ്ടി രൂപകൽപ്പന ചെയ്ത വിവിധ പദ്ധതികൾ നടപ്പിലാക്കുക, അർഹരായ വിഭാഗങ്ങൾക്ക് കോടതികളിൽ കേസ്സ് നടത്തുന്നതിനായി സൗജന്യമായി അഭിഭാഷകരുടെ സേവനം ലഭ്യമാക്കുക തുടങ്ങിയവയാണ്.

(സി) 1. സ്ത്രീകൾ

2. കുട്ടികൾ

3. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ

4. പ്രകൃതിക്ഷോഭത്തിനോ, വംശീയ അതിക്രമത്തിനോ ഇരയായവർ

5. വ്യവസായ തൊഴിലാളികൾ

6. കസ്റ്റഡിയിൽ എടുക്കപ്പെട്ടവർ

7. വികലാംഗർ

8. നിർബന്ധിതവേലയ്ക്ക് വിധേയമാക്കപ്പെട്ടവർ, എന്നിവർക്ക് വരുമാന പരിധി ഇല്ലാതെയും.

9. മറ്റുള്ളവർക്ക് 1,00,000 രൂപ വാർഷിക വരുമാന പരിധിക്ക് വിധേയമായും സൗജന്യ നിയമ സഹായം ലഭിക്കും.

(ഡി) കുറ്റവാളികളുടെ ആശ്രിതർക്കായി കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ ബഹുമാനപ്പെട്ട എക്സിക്യൂട്ടീവ് ചെയർമാൻ ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണൻ അവർകളുടെ നിർദ്ദേശ പ്രകാരം ഒരു പദ്ധതി തയ്യാറാക്കുകയും ആ

പദ്ധതി 8-3-2017 – ന് ഹൈക്കോടതിയിൽ നടന്ന ചടങ്ങിൽ വച്ച് നാടിനായി സമർപ്പിക്കുകയും ചെയ്തു. പദ്ധതി പ്രകാരം കുറ്റവാളികളുടെ ആശ്രിതർക്കായി സൗജന്യ നിയമ സഹായം നൽകുന്നതിനും വിവിധ സർക്കാർ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നതുമായ ആശ്രിതർക്ക് കിട്ടേണ്ടതായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നു.

## ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനം

42 (4053) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനുഷ്യാവകാശ കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ഡെപ്യൂട്ടേഷൻ നിയമനം ലഭിക്കുന്നതിനായി ശ്രീ. ശിവപ്രസാദ്. പി നൽകിയ അപേക്ഷയിൽ (ഫയൽ നമ്പർ 13949/H3/2015/നിയമം) അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ വിഷയത്തിൽ ശ്രീ. ശിവപ്രസാദിന്റെ അപേക്ഷയ്ക്ക് ശേഷം ലഭിച്ച എത്ര അപേക്ഷകൾ പരിഗണിക്കുകയും ഡെപ്യൂട്ടേഷൻ നിയമനം നൽകുകയും ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) മനുഷ്യാവകാശ കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ എത്ര ഒഴിവ് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മനുഷ്യാവകാശ കമ്മിഷനിൽ ദിവസ വേതനത്തിൽ എത്ര ഓഫീസ് അറ്റൻഡന്റുമാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിൽ എത്ര പേരെ ഡെപ്യൂട്ടേഷനിലൂടെ നിയമിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രീ. ശിവപ്രസാദ്. പി.-യുടെ 6-2-2015 തീയതിയായുള്ള അപേക്ഷയോടൊപ്പം ശ്രീ. അജിത്കുമാർ. ബി.-യുടെ 27-2-2015 തീയതിയായുള്ള അപേക്ഷയും ശ്രീ. അജിത്ത്മോൻ. എൻ. വി.യുടെ 5-2-2016 തീയതിയായുള്ള അപേക്ഷയും 13949/എച്ച്3/2015/നിയമം എന്ന നമ്പർ ഫയലിൽ കൈകാര്യം ചെയ്തിരുന്നു. പ്രസ്തുത ഫയലിൽ 16-3-2016-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 324/2016/നിയമം പ്രകാരം കോളേജിയറ്റ് വിദ്യാഭ്യാസ വകുപ്പിലെ നൈറ്റ് വാച്ച്മാനായ ശ്രീ.അജിത്ത്മോൻ എൻ.വി.യെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റായി ഒരു വർഷത്തേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഈ വിഷയത്തിൽ ശ്രീ. ശിവപ്രസാദ് പി.യുടെ 6-2-2015 തീയതിയായുള്ള അപേക്ഷയോടൊപ്പം ശ്രീ. അജിത്കുമാർ ബി.-യുടെ 27-2-2015 തീയതിയായുള്ള അപേക്ഷയും ശ്രീ. അജിത്ത്മോൻ എൻ. വി.-യുടെ 5-2-2016 തീയതിയായുള്ള അപേക്ഷയും 13949/എച്ച്. 3/2015/നിയമം എന്ന നമ്പർ ഫയലിൽ പരിഗണിച്ചിരുന്നു. പ്രസ്തുത ഫയലിൽ 16-3-2016-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 324/2016/നിയമം പ്രകാരം കോളേജിയറ്റ് വിദ്യാഭ്യാസ വകുപ്പിലെ നൈറ്റ് വാച്ച്മാനായ ശ്രീ.അജിത്ത്മോൻ എൻ. വി.യെ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റായി ഒരു വർഷത്തേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിലവിൽ ഒഴിവുകളില്ല.

(ഡി) കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ ദിവസ വേതനാടിസ്ഥാനത്തിൽ അഞ്ച് ഓഫീസ് അറ്റൻഡന്റുമാർ ജോലിചെയ്യുന്നുണ്ട്. അതിൽ മൂന്നുപേരെ നിയമ വകുപ്പിൽനിന്നോ സബോർഡിനേറ്റ് സർവ്വീസിൽനിന്നോ ഉള്ള ഓഫീസ് അറ്റൻഡന്റുമാരുടെ വിഭാഗത്തിൽനിന്നും അന്യത്ര സേവന വ്യവസ്ഥ പ്രകാരം നിയമിക്കാവുന്നതാണ്.

## ആലപ്പുഴ ജില്ലയിൽ ബാലസൗഹൃദ കോടതി

43 (4054) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ബാലസൗഹൃദ കോടതി സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോടതി സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) നിലവിൽ ഏതെല്ലാം ജില്ലകളിൽ ബാലസൗഹൃദ കോടതി പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആലപ്പുഴ ജില്ലയിലെ അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതിയെ ചിൽഡ്രൻസ് കോർട്ടായി ചുമതലപ്പെടുത്തിയിട്ടുണ്ട്. 31-03-2015-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ 23/2015/സാ.നി.വ. പ്രകാരം സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന 14 ജില്ലകളിലേയും അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻസ് കോടതികളെ ചിൽഡ്രൻസ് കോർട്ടായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ചിൽഡ്രൻസ് കോർട്ടുകൾ പ്രവർത്തിക്കുന്നുണ്ട്.

**അഭിഭാഷകരുടെ ക്ഷേമനിധി**

44 (4055) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്രാക്ടീസ് ആരംഭിക്കുന്ന ജൂനിയർ അഭിഭാഷകർക്ക് അഭിഭാഷകരുടെ ക്ഷേമനിധിയിൽ നിന്നും പ്രതിമാസം ഒരു നിശ്ചിത കാലയളവിലേക്കായി പ്രതിമാസ അലവൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വരുമാനമില്ലായ്മ ജൂനിയർ അഭിഭാഷകരുടെ നിലനില്പിനെ ബാധിക്കുന്നുണ്ടെന്നുള്ളത് കണക്കിലെടുത്ത് ഈ വിഭാഗത്തിനായി സാമ്പത്തിക സഹായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച നയം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുപ്പത് വയസ്സ് പൂർത്തിയാകാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതുമായ എൻറോൾ ചെയ്ത ജൂനിയർ അഭിഭാഷകർക്ക് 3 വർഷം വരെ കേരള അഭിഭാഷക ക്ഷേമനിധിയിൽനിന്നും സ്റ്റൈപ്പെന്റ് നൽകുന്നതിനായി വ്യവസ്ഥ ഉൾപ്പെടുത്തി 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്ടിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) വരുമാനമില്ലായ്മ ജൂനിയർ അഭിഭാഷകരുടെ നിലനിൽപ്പിനെ ബാധിക്കരുതെന്ന വിലയിരുത്തലിനെ തുടർന്നാണ് മേൽപ്രകാരം നിയമം ഭേദഗതി ചെയ്ത് ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പെന്റ് അനുവദിക്കാൻ നടപടി സ്വീകരിച്ചത്.

## ഒ. മാധവന്റെ ഓർമ്മയ്ക്കായി നാടക മ്യൂസിയം

45 (4056) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ മാറ്റങ്ങൾക്ക് ശക്തി പകർന്ന് നാടകവേദിയിൽ ശക്തമായ സംഭാവനകൾ നൽകിയ അന്തരിച്ച പ്രമുഖ നടൻ ഒ. മാധവന്റെ സ്മരണ നിലനിർത്തുവാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഒ. മാധവന്റെ ഓർമ്മകൾ നിലനിർത്താൻ കഴിയുന്ന ഒരു നാടക മ്യൂസിയം അദ്ദേഹത്തിന്റെ ജന്മനാട്ടിൽ നിർമ്മിക്കാൻ തയ്യാറാകുമോ?

### ഉത്തരം

(എ) അന്തരിച്ച പ്രമുഖ നാടകാചാര്യൻ ഒ. മാധവന്റെ സ്മരണ നിലനിർത്തുന്നതിന് കേരള സംഗീത നാടക അക്കാദമി ക്യാമ്പസിൽ അദ്ദേഹത്തിന്റെ നാമധേയത്തിൽ ഒരു ഓപ്പൺ എയർ തിയേറ്റർ ഉണ്ട്.

(ബി) ഒ. മാധവന് ജന്മനാട്ടിൽ ഒരു സ്മാരക മ്യൂസിയം നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമാക്കി പ്ലാൻ, എസ്റ്റിമേറ്റ് സഹിതം ബന്ധപ്പെട്ട സാംസ്കാരിക സംഘടനകൾ സർക്കാരിൽ സമീപിച്ചാൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

## മാതൃഭാഷ സംസാരിക്കുന്നതിന് വിലക്ക്

46 (4057) ശ്രീ. പുരുഷൻ കടലുണ്ടി:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരവധി അൺ എയ്ഡഡ് സ്വകാര്യ സ്കൂളുകളിലും നേഴ്സറി സ്കൂളുകളിൽ പോലും മാതൃഭാഷ സംസാരിക്കുന്നതിന് വിലക്കുള്ളതും അത് ലംഘിക്കുന്നവരെ പ്രാകൃത രീതിയിൽ ശിക്ഷിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രക്ഷിതാക്കളുടെ അഭീഷ്ടപ്രകാരം ഉണ്ടായിരിക്കുന്ന ഈ സാംസ്കാരിക അപചയം തടയാനായി എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) രക്ഷിതാക്കളുടെയും സമൂഹത്തിൻെറ ആകെയും വികല ധാരണയുടെ ഫലമായി സർക്കാർ സ്കൂളുകളിൽ പോലും അദ്ധ്യയനം ഇംഗ്ലീഷ് മാധ്യമത്തിലാക്കാൻ നിർബന്ധിതമായ സാഹചര്യത്തിൽ ഈ തെറ്റായ ധാരണ തിരുത്താനായി സാംസ്കാരിക വകുപ്പ് ഏത് തരത്തിൽ ഇടപെടാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

ഉത്തരം

(എ) ഉണ്ട്.

(ബി) വിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(സി) സംസ്ഥാനത്തെ സ്കൂളുകൾ വിദ്യാഭ്യാസ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ആയതിനാൽ സാംസ്കാരികകാര്യ വകുപ്പിന് ഈ വിഷയത്തിൽ ഫലപ്രദമായി ഇടപെടാൻ സാധിക്കുന്നതല്ല. എന്നാൽ വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിക്കുകയാണെങ്കിൽ മലയാള ഭാഷാ പഠനത്തിന് ആവശ്യമായ സംയുക്ത നടപടികൾ സാംസ്കാരിക വകുപ്പ് ഏറ്റെടുക്കാൻ തയ്യാറാവുന്നതാണ്.

**നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ**

47(4058) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. സണ്ണി ജോസഫ്:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി അനുസരിച്ച് ഇതിനകം എത്ര കേന്ദ്രങ്ങൾ സ്ഥാപിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രത്യേക നിക്ഷേപപദ്ധതിയിൽ നിന്നും ഇതിനായി എന്ത് തുക അനുവദിച്ചു എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതിക്കായി ഏതൊക്കെ ജില്ലകളിൽ സ്ഥലം ഏറ്റെടുക്കേണ്ടി വരും; അതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എല്ലാ ജില്ലകളിലും 40 കോടി വീതം ചെലവിൽ കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിനായി 4-5 ഏക്കർ സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. 2016-17

സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം കേരളത്തിൽ 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം Kerala Infrastructure Investment Fund Board (KIIFB) -ന്റെ പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലെയും പ്രോജക്ടുകളുടെ Special Purpose Vehicle (SPV) ആയി കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ (KSFDC) നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ Request for Proposal (RfP) KIIFB അംഗീകരിച്ചിട്ടുണ്ട്. Kerala Infrastructure Investment Fund Board (KIIFB) മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിക്ക് Detailed Project Report തയ്യാറാക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്ന ടെണ്ടർ നടപടി പൂർത്തിയായി വരുന്നു.

(ബി) എല്ലാ ജില്ലകളിലും കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത് പ്രകാരം കേരളത്തിൽ 14 ജില്ലകളിലും 40 കോടി വീതം ചിലവ് പ്രതീക്ഷിക്കുന്ന സാംസ്കാരിക സമുച്ചയ നിർമ്മാണം കിഫ്ബിയുടെ പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) എല്ലാ ജില്ലാകേന്ദ്രങ്ങളിലും 4-5 ഏക്കർ സ്ഥലം ആവശ്യമായിവരും. കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, പാലക്കാട് ജില്ലകളിൽ സ്ഥലം ലഭ്യമാണെന്ന് ബന്ധപ്പെട്ട കളക്ടർമാർ അറിയിച്ചതിനെത്തുടർന്ന് നിർദ്ദേശിച്ച സ്ഥലം സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ പേരിൽ ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിന് ആവശ്യമായ നടപടികൾ ആരംഭിച്ചു. തിരുവനന്തപുരം ജില്ലയിൽ കവടിയാറിലെ റവന്യൂ വകുപ്പിന്റെ ഭൂമി പരിഗണിക്കുവാൻ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ ശിപാർശ ചെയ്തിട്ടുണ്ട്. കൊല്ലം താലൂക്കിൽ ടൂറിസം വകുപ്പിന്റെ സ്ഥലം പരിഗണിക്കണമെന്ന് സ്ഥലം എം.എൽ.എ. അറിയിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി**

48 (4059) ശ്രീ. ടി. എ. അഹമ്മദ് കബീർ :
ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നടപ്പുവർഷം ഇതിനായി എന്തു തുക വകയിരുത്തിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികൾ ഇതേവരെ പൂർത്തിയായിട്ടുണ്ടെന്നും എന്നത്തേക്ക് പദ്ധതി പൂർണ്ണമാക്കാനാവുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെയാണ് പദ്ധതിയുടെ Special Purpose Vehicle ആയി നിശ്ചയിച്ചിട്ടുള്ളത്. Detailed Project Report തയ്യാറാക്കുന്നതിനുള്ള ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി കാസർഗോഡ്, എറണാകുളം, ഇടുക്കി, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിൽ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം എന്നിവിടങ്ങളിൽ റവന്യൂ വകുപ്പിന്റെ സ്ഥല ലഭ്യത പരിശോധിച്ചുവരുന്നു. ഇതിനായി 4-5 ഏക്കർ സ്ഥലം ആവശ്യമാണ്.

(ബി) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത് പ്രകാരം കേരളത്തിൽ 14 ജില്ലകളിലും 40 കോടി വീതം ചെലവ് പ്രതീക്ഷിക്കുന്ന സാംസ്കാരിക സമുച്ചയ നിർമ്മാണം കിഫ്ബിയുടെ പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. 2016-17 സാമ്പത്തിക വർഷംതന്നെ KIIFB അംഗീകാരം ലഭിച്ചിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം കേരളത്തിൽ 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം Kerala Infrastructure Investment Fund Board (KIIFB)-ന്റെ പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലെയും പ്രോജക്ടുകളുടെ Special Purpose Vehicle (SPV) ആയി കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ (KSFDC)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ Request for Proposal (RFP) KIIFB അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് Detailed Project Report തയ്യാറാക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്ന ടെൻഡർ നടപടി സ്വീകരിച്ചു വരുന്നു. കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, പാലക്കാട് ജില്ലകളിൽ സ്ഥലം ലഭ്യമാണെന്ന് ബന്ധപ്പെട്ട കളക്ടർമാർ അറിയിച്ചതിനെ തുടർന്ന് നിർദ്ദേശിച്ച സ്ഥലം സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ പേരിൽ ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിന് ആവശ്യമായ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. നവോത്ഥാന നായകരുടെ പേരിലായിരിക്കും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. നാടകശാല, സിനിമ

തിയേറ്റർ, സംഗീതശാല, ഗ്യാലറി, പുസ്തകകക്കടകൾ, ചർച്ചകൾക്കുംമറ്റുമുള്ള സെമിനാർ ഹാളുകൾ, ശിൽപ്പികൾക്കും കരകൗശല വിദഗ്ധർക്കും പണിശാലകൾ, നാടക റിഹേഴ്സൽ സൗകര്യം, കലാ-സാഹിത്യകാരൻമാർക്ക് ഹ്രസ്വകാല താമസസൗകര്യം എന്നിവയൊക്കെ അടങ്ങുന്നതാണ് ഈ സാംസ്കാരിക സമുച്ചയങ്ങൾ. ശരാശരി 40 കോടി രൂപ ചെലവ് വരുന്ന ഓരോ സാംസ്കാരിക കേന്ദ്രങ്ങളുടെയും സ്ഥല സൗകര്യത്തിനനുസരിച്ചാണ് അവയുടെ രൂപകൽപ്പന നടത്തുന്നത്.

**ഊരാച്ചേര ഗുരുക്കൻമാർ സ്മാരകം**

49 (4060) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ഊരാച്ചേരി ഗുരുക്കൻമാർ സ്മാരകം സാംസ്കാരിക വകുപ്പ് ഏറ്റെടുക്കുമോ;

(ബി) ഇതിനായി വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) തലശ്ശേരി നിയോജക മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ഊരാച്ചേരി ഗുരുക്കൻമാർ സ്മാരകം സാംസ്കാരിക വകുപ്പ് ഏറ്റെടുക്കുന്നത് നിലവിൽ പരിഗണനയിലില്ല.

**തിയേറ്റർ നിർമ്മാണത്തിന് സ്ഥലം**

50 (4061) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിയേറ്റർ നിർമ്മാണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ, തിയേറ്റർ സമുച്ചയങ്ങൾ നിർമ്മിക്കുന്ന കെ.എസ്.എഫ്.ഡി.സി.-യുടെ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് തിയേറ്റർ നിർമ്മാണത്തിന് സ്ഥലം നൽകാമെന്ന് കെ.എസ്.എഫ്.ഡി.സി.- യെ അറിയിച്ചിട്ടുണ്ടോ; ആയതു സംബന്ധിച്ച് കെ.എസ്.എഫ്.ഡി.സി. കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 ബജറ്റിൽ കെ.എസ്.എഫ്.ഡി.സി.-യുടെ കീഴിൽ തിയേറ്റർ ശൃംഖല സ്ഥാപിക്കുന്നതിന് കിഫ്ബിയിൽനിന്നും 100 കോടി രൂപ നിക്ഷേപിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. തിയേറ്റർ നിർമ്മാണത്തിനായി 50 സെന്റിൽ കുറയാത്ത സ്ഥലം ലഭ്യമാക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ തിയേറ്റർ നിർമ്മാണത്തിന്റെ സാദ്ധ്യത വിലയിരുത്തിയതിനുശേഷം തിയേറ്റർ സമുച്ചയം വ്യവസ്ഥകൾക്ക് വിധേയമായി നിർമ്മിക്കുന്നതിനുള്ള പദ്ധതി കെ.എസ്.എഫ്.ഡി.സി.-യുടെ പരിഗണനയിലുണ്ട്.

(ബി) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനല്ലൂർ ഗ്രാമപഞ്ചായത്ത് തിയേറ്റർ നിർമ്മാണത്തിന് സ്ഥലം നൽകുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് തിയേറ്റർ നിർമ്മാണത്തിന്റെ സാദ്ധ്യത പരിശോധിച്ച് വിലയിരുത്തിയതിനുശേഷം മാത്രമേ തുടർ നടപടികൾ കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

**മലയാറ്റൂർ രാമകൃഷ്ണന് ജന്മനാട്ടിൽ സ്മാരകം**

51 (4062) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരനും കേരളത്തിലെ ഉന്നത ഉദ്യോഗസ്ഥനുമായിരുന്ന മലയാറ്റൂർ രാമകൃഷ്ണന്റെ ഓർമ്മകൾ നിലനിർത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) അദ്ദേഹത്തിന്റെ ജന്മനാട്ടിൽ സ്മാരകം എന്ന നിലയിൽ എന്തെങ്കിലും സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടോ;

(സി) മലയാറ്റൂരിന്റെ പേരിൽ മലയാള സർവ്വകലാശാലയിൽ പ്രത്യേക ചെയർ ആരംഭിക്കുവാൻ സാംസ്കാരിക വകുപ്പ് മുൻകയ്യെടുക്കുമോ?

<u>ഉത്തരം</u>

(എ & ബി) മലയാറ്റൂർ രാമകൃഷ്ണന്റെ സ്മരണ നിലനിർത്തുന്നതിന് സ്മാരകം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലില്ല.

(സി) മലയാറ്റൂർ രാമകൃഷ്ണന്റെ പേരിൽ മലയാള സർവ്വകലാശാലയിൽ പ്രത്യേക ചെയർ ആരംഭിക്കുവാനുള്ള നടപടികൾ പരിഗണനയിലില്ല.

## സാംസ്കാരിക സമുച്ചയങ്ങൾ

52 (4063) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാംസ്കാരിക സമുച്ചയങ്ങൾ എല്ലാ ജില്ലകളിലും സ്ഥാപിക്കും എന്ന പ്രഖ്യാപനത്തിന്റെ നിലവിലെ സ്ഥിതി എന്താണ്;

(ബി) പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കുമോ;

(സി) സമയബന്ധിതമായി ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എന്നത്തേയ്ക്ക് ഈ പ്രവർത്തനം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം കേരളത്തിൽ 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണം Kerala Infrastructure Investment Fund Board (KIIFB)-ന്റെ പ്രത്യേക ധനസഹായം മുഖേന പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ ജില്ലകളിലെയും പ്രോജക്ടുകളുടെ Special Purpose Vehicle (SPV) ആയി കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ (KSFDC)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ Request for Proposal (RFP) KIIFB അംഗീകരിച്ചിട്ടുണ്ട്. Kerala Infrastructure Investment Fund Board (KIIFB) മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിക്ക് Detailed Project Report തയ്യാറാക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്ന ടെൻഡർ നടപടി സ്വീകരിച്ചു വരുന്നു. കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, പാലക്കാട് ജില്ലകളിൽ സ്ഥലം ലഭ്യമാണെന്ന് ബന്ധപ്പെട്ട കളക്ടർമാർ അറിയിച്ചതിനെ തുടർന്ന് നിർദ്ദേശിച്ച സ്ഥലം സാംസ്കാരിക വകുപ്പ് ഡയറക്ടറുടെ പേരിൽ ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിന് ആവശ്യമായ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കവടിയാറിലെ റവന്യു വകുപ്പിന്റെ ഭൂമി പരിഗണിക്കുവാൻ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ ശിപാർശ ചെയ്തിട്ടുണ്ട്. കൊല്ലം താലൂക്കിൽ ടൂറിസം വകുപ്പിന്റെ സ്ഥലം പരിഗണിക്കണമെന്ന് സ്ഥലം എം.എൽ.എ. അറിയിച്ചിട്ടുണ്ട്. ആയത്

ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. നവോത്ഥാന നായകരുടെ പേരിലായിരിക്കും സാംസ്കാരിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നത്. നാടകശാല, സിനിമ തിയേറ്റർ, സംഗീതശാല, ഗ്യാലറി, പുസ്തക കടകൾ, ചർച്ചകൾക്കും മറ്റുമുള്ള സെമിനാർ ഹാളുകൾ, ശിൽപ്പികൾക്കും കരകൗശല വിദഗ്ധർക്കും പണിശാലകൾ, നാടക റിഹേഴ്സൽ സൗകര്യം, കലാ-സാഹിത്യകാരൻമാർക്ക് ഹ്രസ്വകാല താമസസൗകര്യം എന്നിവയൊക്കെ അടങ്ങുന്നതാണ് ഈ സാംസ്കാരിക സമുച്ചയങ്ങൾ. ശരാശരി 40 കോടി രൂപ ചെലവ് വരുന്ന ഓരോ സാംസ്കാരിക കേന്ദ്രങ്ങളുടെയും സ്ഥല സൗകര്യത്തിനനുസരിച്ചാണ് അവയുടെ രൂപകൽപ്പന നടത്തുന്നത്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) ഇതിനായി വിവിധ ജില്ലാ കേന്ദ്രങ്ങളിൽ അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചു വരികയാണ്. ആയത് ലഭ്യമായാൽ മാത്രമേ ഈ ബൃഹത് പദ്ധതിയുടെ പൂർത്തീകരണത്തെപ്പറ്റി സ്പഷ്ടമാക്കാൻ സാധിക്കുകയുള്ളൂ.

**മങ്കട മണ്ഡലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തിയ പ്രവർത്തനങ്ങൾ**

53 (4064) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതേതര ജനാധിപത്യം എന്ന വിഷയത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതിന് മങ്കട നിയോജകമണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(ബി) യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവയുടെ രൂപീകരണവുമായി മങ്കട മണ്ഡലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ) മങ്കട മണ്ഡലത്തിൽപ്പെട്ട മക്കരപ്പറമ്പ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിനെ മതേതര ജനാധിപത്യം എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുന്നതിനായി തെരഞ്ഞെടുത്തിരുന്നുവെങ്കിലും ടി സ്കൂളിൽ സെമിനാർ ഇതുവരെയും നടത്തിയിട്ടില്ല.

(ബി) മക്കരപ്പറമ്പ് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, പാങ്ങ് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, കടുങ്ങപുരം ജി.എച്ച്.എസ്.എസ്., മങ്കട പള്ളിപ്പുറം

ജി.എച്ച്.എസ്.എസ്., ചെറിയം ജി.എച്ച്.എസ്.എസ്. മങ്കട ജി.എച്ച്.എസ്. എന്നീ സ്കൂളുകളെ യൂത്ത് പാർലമെന്റ് കോമ്പറ്റീഷൻ, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവയുടെ രൂപീകരണത്തിനായി തെരഞ്ഞെടുക്കുകയും ക്ലബ്ബ് രൂപീകരണ നിർദ്ദേശങ്ങളും ട്രെയിനിംഗും നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ മങ്കട പള്ളിപ്പുറം ജി.എച്ച്.എസ്.എസും മങ്കട ജി.എച്ച്.എസ്.എസും പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കിയതിനാൽ ടി സ്കൂളുകൾക്ക് ഫണ്ട് തുക അനുവദിച്ചിട്ടുണ്ട്.

## പാർലമെന്ററി സംവിധാനം

54 (4065) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്ററികാര്യ വകുപ്പ് മുൻകയ്യെടുത്ത് കേരളത്തിൽ എന്തെല്ലാം പദ്ധതികളും പഠന പരിപാടികളും നടത്തിവരുന്നു;

(ബി) പാർലമെന്ററി സംവിധാനത്തെക്കുറിച്ച് ജനങ്ങളിൽ അറിവ് പകരുവാൻ തുടർച്ചയായ പഠന-പരിശീലന-പരസ്യ പ്രചാരണങ്ങൾക്ക് മുൻകൈ എടുക്കുമോ;

(സി) ഇന്ത്യയിലെ മികച്ച പാർലമെന്റേറിയൻമാരുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കേരള പാർലമെന്ററികാര്യ വകുപ്പ് പുനഃസംഘടിപ്പിക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) പാർലമെന്ററികാര്യ വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരങ്ങൾ, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം/ക്വിസ്/പ്രസംഗം എന്നിവയിൽ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് പാർലമെന്ററി സംവിധാനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചുവരുന്നു. പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള അവബോധം വിദ്യാർത്ഥികൾക്കും യുവതലമുറയ്ക്കും നൽകുന്നതിനായി സ്കൂൾ/കോളേജ് തലത്തിൽ സെമിനാറുകളും ജനാധിപത്യ പാർലമെന്ററി സംവിധാനത്തെപ്പറ്റി കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നതിനായി യൂത്ത് പാർലമെന്റ് മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നു.

(സി) തല്ക്കാലം പരിഗണനയിലില്ല.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി സ്റ്റഡീസ്

55 (4066) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി സ്റ്റഡീസിന്റെ പ്രവർത്തനങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) മുൻകാലങ്ങളിലെപ്പോലെ നിയമസഭാ സാമാജികർക്കും അവരുടെ സെക്രട്ടറിമാർക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കാറുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനം പരിശീലന പ്രവർത്തനങ്ങൾ നടത്തുന്നതിൽ കാലതാമസം വരുത്തുന്നതിനാൽ മറ്റു ഏജൻസികൾ പരിശീലന പരിപാടികൾ ഏറ്റെടുത്തു നടത്തുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി സ്റ്റഡീസ് നടത്തുന്നത്; വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാർലമെന്ററി കാര്യ വകുപ്പിനുകീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് ആണ്. പ്രസ്തുത സ്ഥാപനം സംസ്ഥാനത്തെ സർക്കാർ / എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് മത്സരങ്ങൾ, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം/ ക്വിസ്/പ്രസംഗം എന്നിവയിൽ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കൂടാതെ ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ്, പാർലമെന്ററി സംവിധാനവുമായി ബന്ധപ്പെട്ട പുസ്തകങ്ങൾ എന്നിവയും പ്രസിദ്ധീകരിച്ചുവരുന്നു. പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള അവബോധം വിദ്യാർത്ഥികൾക്കും യുവതലമുറയ്ക്കും നൽകുന്നതിനായി സ്കൂൾ/കോളേജ് തലത്തിൽ സെമിനാറുകളും ജനാധിപത്യ പാർലമെന്ററി സംവിധാനത്തെപ്പറ്റി കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നതിനായി യൂത്ത് പാർലമെന്റ് മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നു.

(ബി) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഇപ്പോൾ നിയമസഭാ സാമാജികർക്കും അവരുടെ സെക്രട്ടറിമാർക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കാറില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരളത്തിൽ 140 നിയോജക മണ്ഡലങ്ങളിലുമുള്ള ഓരോ സ്കൂളുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറുകൾ സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 138 സ്കൂളുകളിൽ യൂത്ത് പാർലമെന്റ് മത്സരം നടത്തുന്നതിനും 182 സ്കൂളുകളിൽ ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും 232 സ്കൂളുകളിൽ പാർലമെന്ററി ലിറ്ററസി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നും സ്കൂളുകൾക്ക് നിർദ്ദേശം നൽകുകയും ഇവയുടെ പ്രവർത്തനം നടന്നു വരികയുമാണ്. വിവിധ ജില്ലകളിലെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തിലുള്ള സെമിനാറുകൾ നടന്നുവരുന്നു. അതോടൊപ്പം യൂത്ത് പാർലമെന്റ് സംഘടിപ്പിക്കുകയും മനുഷ്യാവകാശ പരിശീലന ക്ലബ്ബുകളും പാർലമെന്ററി ലിറ്ററസി ക്ലബ്ബുകളും കോളേജുതലത്തിലും പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

**ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സിന്റെ വിവിധ സംരംഭങ്ങൾ**

56 (4067) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വിവിധ സ്കൂളുകളിൽ സെമിനാർ , യൂത്ത് പാർലമെന്റ് മത്സരം, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് രൂപീകരണം എന്നിവ സംഘടിപ്പിക്കുന്നതിന് ഓരോ നിയോജകമണ്ഡലത്തിലും സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ സംരംഭങ്ങൾ ഏതൊക്കെ തീയതികളിൽ സംഘടിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ അദ്ധ്യയനവർഷം തന്നെ ഇത് സംഘടിപ്പിക്കുവാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനും ഈഅദ്ധ്യയന വർഷം തന്നെ ഇവ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിൽനിന്നും ഓരോ സ്കൂളുകൾ തെരഞ്ഞെടുത്ത് അവിടെ പാർലമെന്ററി ജനാധിപത്യം എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറുകൾ നടത്തുന്നതിന് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. 36 സ്കൂളുകൾ ടി സെമിനാർ നടത്തി ഇൻസ്റ്റിറ്റ്യൂട്ട് റിപ്പോർട്ട്

നൽകിയിട്ടുണ്ട്. കൂടാതെ യൂത്ത് പാർലമെന്റ് മത്സരം, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് എന്നിവ സംഘടിപ്പിക്കുന്നതിനും തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ യൂത്ത് പാർലമെന്റ് മത്സരം 62 സ്കൂളുകളിലും പാർലമെന്ററി ലിറ്ററസി ക്ലബ്ബ് 25 സ്കൂളുകളിലും ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് 13 സ്കൂളുകളിലും സംഘടിപ്പിച്ചിട്ടുള്ളതാണ്.

(സി) മാർച്ച് മാസം ഈ അദ്ധ്യയന വർഷം അവസാനിക്കുന്നതിനാൽ ഇതുവരെയും സംഘടിപ്പിച്ചിട്ടില്ലാത്ത സ്കൂളുകളിൽ ഈ വർഷത്തിൽ നടത്തുവാൻ സാധിക്കുകയില്ല.

## ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി

57 (4068) ശ്രീ. കെ. മുരളീധരൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) അതിനായി സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് സ്ഥലം കണ്ടെത്തിയതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) തിരുവല്ലം ചിത്രാഞ്ജലി സ്റ്റുഡിയോ കോമ്പൗണ്ടിൽനിന്നും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഏകദേശം 15 ഏക്കർ സ്ഥലം ചലച്ചിത്രോത്സവത്തിന് സ്ഥിരം വേദി നിർമ്മിക്കുന്നതിന് കൈമാറുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രസ്തുത പദ്ധതിക്കായി 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. തിയേറ്ററുകൾ, കൺവെൻഷൻ സെന്റർ, ഓഫീസ്, സെമിനാർ ഹാൾ, മീഡിയ റൂം, ഗസ്റ്റ് ഹൗസ് എന്നിവ ഉൾപ്പെടുന്ന വിവിധോദ്ദേശ്യ ഫിലിം ഫെസ്റ്റിവൽ കോംപ്ലക്സ് ആണ് വിഭാവനം ചെയ്യുന്നത്. ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുള്ള വിദഗ്ദ്ധരെ തെരഞ്ഞെടുക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം (ആർ.എഫ്.പി.) കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തെരഞ്ഞെടുക്കുന്ന വിദഗ്ദ്ധ ഏജൻസി ഡി.പി.ആർ. തയ്യാറാക്കുന്നതാണ്. ഇതിനുള്ള ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സിനിമാ വ്യവസായ രംഗത്ത് അടിക്കടി ഉണ്ടാകുന്ന തർക്കങ്ങൾ

58 (4069) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിനിമാ വ്യവസായ രംഗത്ത് അടിക്കടി ഉണ്ടാകുന്ന തർക്കങ്ങൾ കാരണം ഈ രംഗത്ത് പലപ്പോഴും പ്രതിസന്ധികൾ ഉണ്ടാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം തർക്കങ്ങൾ മലയാള സിനിമയുടെ വളർച്ചയെ ദോഷകരമായി ബാധിക്കുന്നതാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) ഈ രംഗത്തുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിന് സർക്കാരിന് പലപ്പോഴും കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) സിനിമാ രംഗത്ത് ചില തിയേറ്റർ ഉടമകൾ റിലീസിംഗ് സംബന്ധിച്ച് തർക്കമുണ്ടായത് ശ്രദ്ധയിൽ വന്നിരുന്നു. ഇത്തരം തർക്കങ്ങൾ മലയാള സിനിമയുടെ വളർച്ചയ്ക്ക് ഗുണകരമല്ല.

(സി) നിലവിൽ സിനിമാ മേഖലയിൽ സർക്കാരിനുള്ള പങ്ക് പരിമിതമാണ്. സംഘടനകളുടെ നിയന്ത്രണത്തിലാണ് സിനിമാ മേഖല. ഈ സ്ഥിതിവിശേഷത്തിന് മാറ്റം വരുത്തുന്നതിനും സിനിമാ മേഖലയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ഒരു സമഗ്ര പരിഷ്കാരം വരുത്തുന്നതിനുമായും ശ്രീ. അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന ശിപാർശയായ സിനിമ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായുള്ള നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## വന മ്യൂസിയം സ്ഥാപിക്കാൻ നടപടി

59 (4070) ശ്രീ. രാജു എബ്രഹാം:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം ശാസ്ത്രീയ മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) സംസ്ഥാനത്ത് വന മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) വന്യമൃഗങ്ങൾക്ക് ഭക്ഷണവും ജലവും ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനും കാട്ടിനുള്ളിലെ നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) മൃഗവേട്ടക്കാരേയും മരംവെട്ടുകാരെയും കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും അവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വനങ്ങളുടെയും വന്യമൃഗങ്ങളുടെയും സംരക്ഷണത്തിനായി വനം വകുപ്പ് ശാസ്ത്രീയമായി താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു.

1. വനമേഖലയിലെ ആശയവിനിമയം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി വയർലെസ്സ് സംവിധാനം മെച്ചപ്പെടുത്തുക.

2. വനത്തിന്റെ അതിർത്തി നിർണ്ണയിച്ച് ഓരോ റിസർവ്വ്/വെസ്റ്റഡ് ബിറ്റും സ്ഥിരം ജണ്ട നിർമ്മിച്ച് സംരക്ഷിക്കുക.

3. വനമേഖലയിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിലേയ്ക്കായി വനത്തിനകത്തു തന്നെ മഴവെള്ളം സംഭരിച്ചുനിർത്താനും അതുവഴി വനത്തിനകത്ത് ആർദ്രത നിലനിർത്താനും കാട്ടുതീയുടെ സാധ്യത കുറയ്ക്കാനും വേണ്ട നടപടികൾ. ഇതിന്റെ ഭാഗമായി നിലവിലുള്ള ജലാശയങ്ങൾ ആഴംകൂട്ടുകയും മണ്ണ് നീക്കം ചെയ്യുകയും പുതുതായി ചെക്ക് ഡാമുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി ഇനിയും തുടരുന്നതാണ്.

4. കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ ആയത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്ക വിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ള ഫോറസ്റ്റ് ഫയർ അലെർട്ട് സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്.

5. വനമേഖലകളിൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷണം നടത്തി വന-വന്യജീവി സംരക്ഷണത്തിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുക.

(ബി) ഉണ്ട്. കൊല്ലം സതേൺ സർക്കിളിൽ, കുളത്തൂപ്പുഴയിൽ വനം മ്യൂസിയം സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ കൈകൊണ്ടുവരുന്നു. ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) വന്യമൃഗങ്ങൾക്ക് ഭക്ഷണവും ജലവും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ വനമേഖലകളിൽ ഏകദേശം 500-ഓളം ജലസ്രോതസ്സുകൾ നവീകരിക്കുകയും 477 ഹെക്ടർ സ്ഥലത്ത് മുള തൈകൾ പുതിയതായി നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) മൃഗവേട്ടക്കാരെയും മരംവെട്ടുകാരെയും കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും ഇത്തരം കുറ്റകൃത്യങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന മൺസൂൺ സീസണിൽ കൂടുതൽ ആന്റിപോച്ചിംഗ് വാച്ചർമാരുടെ സേവനം ഉപയോഗപ്പെടുത്തി വനസംരക്ഷണം ഊർജ്ജിതമാക്കുന്നതാണ്. വനമേഖലയിൽ കടന്ന് ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നതിനെതിരെ നിലവിൽ സ്വീകരിച്ചു വരുന്നതുപോലെ 1980-ലെ വനസംരക്ഷണ നിയമം 1972-ലെ വന്യജീവി സംരക്ഷണ നിയമം എന്നിവ പ്രകാരം കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്തരം പ്രവൃത്തികൾ തടയുന്നതിനായി വനം വകുപ്പിലെ ഫോറസ്റ്റ് ഇന്റലിജൻസ് സെൽ രഹസ്യ വിവരശേഖരണം നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

**ഐ.എഫ്.എസ്.കേഡർ**

60 (4071) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥർക്ക് വനമേഖലയിൽ ജോലി ചെയ്യണമെന്ന നിർദ്ദേശങ്ങൾ നിലവിലുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) ഐ.എഫ്.എസ്. കേഡറിലേക്ക് പരിഗണിക്കുമ്പോൾ വനമേഖലയിൽ കുറഞ്ഞത് എത്ര വർഷത്തെ സേവനം വേണമെന്നാണ് നിയമം അനുശാസിക്കുന്നത്;

(സി) മിനിസ്റ്റീരിയൽ സ്റ്റാഫുകൾ വനമേഖലയിൽ ജോലി നോക്കിയിരിക്കണമെന്ന നിർദ്ദേശം നിലവിലുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

## ഉത്തരം

(എ) വനം വകുപ്പിലെ സംരക്ഷണ വിഭാഗം ജീവനക്കാരുടെയും റെയിഞ്ചാഫീസർ മുതൽ മുകളിലോട്ട് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ വരെയുള്ള ഉദ്യോഗസ്ഥരുടെയും അധികാരപരിധി വനമേഖലയാണ്. അതിനാൽ ഈ ഉദ്യോഗസ്ഥർ വനമേഖലയിൽ ജോലി ചെയ്യണം.

(ബി) ഐ.എഫ്.എസ്. കേഡറിലേക്ക് പരിഗണിക്കുമ്പോൾ സംസ്ഥാന വനം സർവ്വീസിൽ വരുന്ന തസ്തികകളിൽ കുറഞ്ഞത് 8 വർഷം ജോലി ചെയ്തിരിക്കണമെന്ന് നിയമം അനുശാസിക്കുന്നു.

(സി) മിനിസ്റ്റീരിയൽ ജീവനക്കാരെ വനം ഓഫീസുകളിലാണ് നിയമിക്കുന്നത്. ആസ്ഥാന ഓഫീസ് മുതൽ റെയിഞ്ചാഫീസ് തലംവരെ ഇവരെ ഓഫീസ് ജോലിക്ക് നിയോഗിക്കുന്നു. വനമേഖലയിലെ ഓഫീസുകളിൽ മിനിസ്റ്റീരിയൽ വിഭാഗത്തെ ജോലിക്ക് നിയോഗിക്കുന്നുണ്ട്.

## ഇക്കോ ടൂറിസത്തിന് പ്രോത്സാഹനം

61(4072) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി വിദ്യാഭ്യാസത്തിനും, സന്ദർശക സുരക്ഷയ്ക്കും പ്രത്യേക ഊന്നൽ നൽകിയുള്ള ഇക്കോ-ടൂറിസത്തിന് പ്രോത്സാഹനം നൽകുന്നതിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) വനാശ്രിത സമുദായത്തിൽ നിന്നും ഇക്കോ ടൂറിസം ഗൈഡുകളെ നിയമിക്കുന്ന പദ്ധതി പ്രകാരം 2016 ജൂണിന് ശേഷം എത്ര പേരെ നിയമിച്ചു;

(സി) ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട വനമേഖലയിലെ സന്ദർശനങ്ങൾകൊണ്ട് പരിസ്ഥിതിക്ക് ഉണ്ടാകുന്ന ആഘാതത്തിന്റെ ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയെന്നും അതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതിക്ക് ഉണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിന് നടപ്പിലാക്കുവാൻ പോകുന്ന കാര്യങ്ങൾ എന്തൊക്കെയെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇക്കോ ടൂറിസം മേഖലയിൽ പരിസ്ഥിതി വിദ്യാഭ്യാസം സന്ദർശക സുരക്ഷ എന്നിവ സംബന്ധിച്ച് സന്ദർശകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഇക്കോടൂറിസം കേന്ദ്രങ്ങളിൽ ഇന്റർപ്രട്ടേഷൻ സെന്ററുകൾ രൂപീകരിക്കുകയും പരിസ്ഥിതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർക്കായി ടോയ്‌ലെറ്റ് സൗകര്യങ്ങൾ ഉൾപ്പെടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. കൂടാതെ സന്ദർശക സുരക്ഷയ്ക്കായി ദിശാ സൂചികകൾ, മുന്നറിയിപ്പ് ബോർഡുകൾ, വെള്ളച്ചാട്ടങ്ങളിലും മറ്റ് അപകട സാദ്ധ്യതയുള്ള സ്ഥലങ്ങളിലും കൈവരികൾ, പടവുകൾ എന്നിവയും പരിശീലനം സിദ്ധിച്ച ഗൈഡുകളുടെ സേവനവും ഒരുക്കിയിട്ടുണ്ട്. സംസ്ഥാന വനം വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും സേഫ്റ്റി ഓഡിറ്റ് നടത്തുന്നതിനായി നാഷണൽ സേഫ്റ്റി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇക്കോ ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഗൈഡുകൾ ഉൾപ്പെടെയുള്ളവർ വനാശ്രിത സമൂഹത്തിലെ അംഗങ്ങളാണ്. വനാശ്രിതരുടെ ജീവനോപാധി വർദ്ധിപ്പിക്കലാണ് ഇക്കോ ടൂറിസത്തിന്റെ ഒരു പ്രധാന ലക്ഷ്യം. ഓരോ പദ്ധതിയുമായി ബന്ധപ്പെട്ട് 10 മുതൽ 25 വരെ വനസംരക്ഷണ സമിതികളുടെയോ ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയോ അംഗങ്ങൾ ഗൈഡുകളായി പ്രവർത്തിക്കുന്നു. പരമാവധി സ്ത്രീകളെ ഈ പ്രവൃത്തികൾക്കായി നിയോഗിക്കുന്നു. ഇത്തരത്തിൽ ഏകദേശം 500-ഓളം പേർ ഗൈഡുകളായ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്നു.

(സി & ഡി) കേരളത്തിൽ നിലവിലുള്ള 60 ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ ഓരോ ഇക്കോ ടൂറിസം കേന്ദ്രത്തിനും ഉൾക്കൊള്ളാൻ കഴിയുന്ന സന്ദർശകരുടെ എണ്ണം കണക്കാക്കുന്നതിനുള്ള പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വയനാട് വന്യജീവി സങ്കേതത്തിൽ കാട്ടുതീ ഭീഷണി**

62 (4073) <u>ശ്രീ. പാറക്കൽ അബ്ദുല്ല :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയും വേനലും കാരണം വയനാട് വന്യജീവി സങ്കേതം കാട്ടുതീ ഭീഷണിയിലാണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കർണാടകയിലെ ബന്ദിപ്പൂർ വന്യജീവി സങ്കേതത്തിൽ ഉണ്ടായ കാട്ടുതീയെ തുടർന്ന് തീറ്റയും വെള്ളവും കുറഞ്ഞ സാഹചര്യത്തിൽ വന്യജീവികൾ സംസ്ഥാനത്തിലേക്ക് കടന്നു വരാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനെ പ്രതിരോധിക്കാൻ വനം വകുപ്പ് കൈക്കൊണ്ട മുൻ കരുതൽ നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ഇപ്രകാരം കടന്നുവരുന്ന വന്യജീവികളുടെ ആധിക്യംകൂടി കണക്കിലെടുത്തുകൊണ്ട് വയനാട് വന്യജീവി സങ്കേതത്തിൽ 118 എലഫന്റ് സ്ക്വയറിംഗ് വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. ടി വാച്ചർമാർ രാപകൽ ഭേദമന്യേ വന്യമൃഗങ്ങൾ ജനവാസകേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങാതിരിക്കാൻ നിതാന്ത ജാഗ്രത പുലർത്തുന്നുണ്ട്. കൂടുതൽ പ്രശ്നബാധിത പ്രദേശങ്ങളിൽ ഡിസ്പ്ലേ ബോർഡോടുകൂടിയ എസ്.എം.എസ്. അലർട്ട് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ടി സംവിധാനത്തിന്റെ സഹായത്തോടെ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് വോയ്സ് കോളും മെസ്സേജും വഴി വന്യജീവികളുടെ സാന്നിദ്ധ്യം സംബന്ധിച്ച മുന്നറിയിപ്പ് നൽകിവരുന്നുണ്ട്. ഇതിനായി റാപ്പിഡ് റെസ്പോൺസ് ടീം, എലിഫന്റ് സ്ക്വാഡ് എന്നിവയെ ഉൾപ്പെടുത്തി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ ഒരു കൺട്രോൾ യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്.

**പാമ്പ് കടിയേറ്റ് മരിച്ച ബിജുവിന്റെ ആശ്രിതർക്ക് അനുവദിച്ച ധനസഹായം**

63 (4074) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഗണേശമംഗലത്ത് പാമ്പ് കടിയേറ്റ് മരിച്ച ബിജുവിന്റെ ആശ്രിതർക്ക് അനുവദിച്ച ധനസഹായത്തിന്റെ തുക വർദ്ധിപ്പിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് മണലൂർ എം.എൽ.എ. മുഖേന വടക്കേപ്പാട്ട് വീട്ടിൽ ശ്രീമതി മല്ലിക സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) 1980-ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്ന ആളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകാൻ കഴിയുക. വനത്തിനുള്ളിൽ വച്ചാണ് വന്യജീവിയുടെ ആക്രമണത്താൽ മരണം സംഭവിക്കുന്നതെങ്കിൽ നിലവിൽ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 96/2014/വനം തീയതി

17-11-2014 പ്രകാരം അഞ്ചുലക്ഷം രൂപ നഷ്ടപരിഹാരം നൽകാൻ കഴിയും. എന്നാൽ പരാതിയിൽ സൂചിപ്പിച്ചിട്ടുള്ള ശ്രീ. ബിജു പാമ്പുകടിയേറ്റ് മരണപ്പെട്ടത് വനത്തിന് പുറത്താകയാൽ നിലവിലെ നിയമങ്ങൾക്കനുസരിച്ച് ഒരുലക്ഷം രൂപയാണ് നഷ്ടപരിഹാരമായി നൽകാൻ കഴിയുക. ഈ തുക ടിയാന്റെ ആശ്രിതർക്ക് നൽകിയിട്ടുണ്ട്.

**തേക്ക് പ്ലാന്റേഷൻ**

64 (4075) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പ് നേരിട്ട് ഒരു ഹെക്ടർ സ്ഥലത്ത് എത്ര തേക്ക് തൈകളാണ് ഇപ്പോൾ നട്ടു വരുന്നത്;

(ബി) തൈ നടുന്നതിന് എത്ര താഴ്ചയുള്ളതും വീതിയുള്ളതുമായ കുഴികളാണ് എടുക്കുന്നത്; വിശദമാക്കുമോ;

(സി) ഒരു ഹെക്ടർ സ്ഥലത്ത് വനംവകുപ്പ് നേരിട്ട് തേക്ക് പ്ലാന്റ് ചെയ്യുന്നതിന് ഉണ്ടാകുന്ന ആകെ ചെലവ് എത്ര; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പ്ലാന്റേഷൻ ജോലി വനം വകുപ്പ് നേരിട്ട് നടത്തുന്നതിന്റെ മാനദണ്ഡം /ലാഭം എന്താണെന്ന് വിവരിക്കുമോ;

(ഇ) മത്സരസ്വഭാവമുള്ള ടെണ്ടർ വിളിച്ച് തേക്ക് പ്ലാന്റേഷൻ നടത്താത്തതെന്തുകൊണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വനം വകുപ്പ് നേരിട്ട് ഒരു ഹെക്ടർ സ്ഥലത്ത് 2500 തേക്ക് തൈകളാണ് ഇപ്പോൾ നട്ടു വരുന്നത്.

(ബി) തൈ നടുന്നതിന് 30 സെന്റീമീറ്റർ താഴ്ചയുള്ളതും 30 സെന്റീമീറ്റർ വീതിയുള്ളതുമായ കുഴികളാണ് എടുക്കുന്നത്.

(സി) ഒരു ഹെക്ടർ സ്ഥലത്ത് വനം വകുപ്പ് നേരിട്ട് തേക്ക് പ്ലാന്റ് ചെയ്യുന്നതിന് ഉണ്ടാകുന്ന ആകെ ചെലവ് ഉദ്ദേശം 99500 രൂപയാണ്. ആയതിൽ തേക്ക് തൈകൾ നടുന്ന സ്ഥലത്തിന്റെ സാധാരണ സ്ഥലം, ദുർഘട സ്ഥലം എന്നീ പ്രാദേശിക സ്വഭാവം അനുസരിച്ച് ഉദ്ദേശം 10 ശതമാനത്തോളം ഏറ്റകുറച്ചിലുകൾ ഉണ്ടാവാറുണ്ട്.

(ഡി) 22-12-1989 തീയതിയിലെ 118/89/വനം ഗവൺമെന്റ് ഉത്തരവ്

പ്രകാരമുള്ള കൺവീനർ സിസ്റ്റത്തിലാണ് പ്രസ്തുത പ്ലാന്റേഷൻ ജോലി വനം വകുപ്പ് നേരിട്ട് നടത്തുന്നത്.

(ഇ) 22-12-1989 തീയതിയിലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 118/89/വനം പ്രകാരമുള്ള കൺവീനർ സിസ്റ്റത്തിലാണ് നാളിതുവരെ പ്ലാന്റേഷൻ ജോലികൾ നടന്നുവന്നിരുന്നത്. കൺവീനർ സിസ്റ്റത്തിന് പകരം കരാർ വ്യവസ്ഥ നടപ്പാക്കുന്ന ശിപാർശ 25-7-2016 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 28/2016/വനം പ്രകാരം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

**തേക്ക് പ്ലാന്റേഷൻ**

65 (4076) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എവിടെയൊക്കെ തേക്ക് പ്ലാന്റേഷൻ പണികൾ (പുതിയ തേക്ക് തൈനടീൽ) നടക്കുന്നുണ്ട്; വിശദമാക്കുമോ:

(ബി) വനം വകുപ്പ് നേരിട്ട് നാളുകളായി ചെയ്തു വരുന്ന തേക്ക് പ്ലാന്റേഷൻ പണികൾ തീരെ നിലവാരം ഇല്ലാത്തതും വൻ അഴിമതി നിറഞ്ഞതാണെന്ന് ആക്ഷേപമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) തേക്ക് പ്ലാന്റേഷൻ പണികൾ കുറ്റമറ്റതാക്കാൻ മത്സര സ്വഭാവമുള്ള ഇ-ടെണ്ടർ ക്ഷണിച്ച് തേക്ക് തൈകൾ നട്ടുപിടിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; നിശ്ചിത വർഷത്തേക്ക് പ്രസ്തുത തേക്ക് തൈകൾ സംരക്ഷിക്കുന്നതിനും കോൺട്രാക്ടറെ ഏല്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ നടത്തിവരുന്ന തേക്ക് പ്ലാന്റേഷൻ പണികളിൽ കുഴി എടുക്കുന്നതിലും തേക്ക് തൈകൾ നടുന്നതിലും നടുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം കൂട്ടിക്കാണിച്ചും മറ്റും സർക്കാരിന്റെ പണം തട്ടിയെടുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വനം വകുപ്പിലെ റാന്നി ഡിവിഷനിൽ വടശ്ശേരിക്കര റെയിഞ്ചിൽ അടുകുഴിയിൽ 52.71 ഹെക്ടർ സ്ഥലത്തും കോന്നി ഡിവിഷനിലെ പാറക്കടവിൽ 16.5 ഹെക്ടർ സ്ഥലത്തും വയക്കരയിൽ 30.5 ഹെക്ടർ സ്ഥലത്തും നിലമ്പൂർ സൗത്ത് ഡിവിഷനിൽ 1961 റ്റി.പി. ശങ്കരംകോട്ടു തേക്കുതോട്ടം മുറിച്ചു മാറ്റുന്ന സ്ഥലത്തും കാസർകോട് ഡിവിഷനിൽ 1956 തേക്കുതോട്ടം മുറിച്ചുമാറ്റുന്ന സ്ഥലത്തും 2017-18 വർഷത്തിൽ തേക്ക് തൈകൾ നടുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) 22-12-1989 തീയതിയിലെ ഗവൺമെന്റ് ഉത്തരവ് നമ്പർ 118/89/വനം

പ്രകാരമുള്ള കൺവീനർ സിസ്റ്റത്തിലാണ് നാളിതുവരെ പ്ലാന്റേഷൻ ജോലികൾ നടന്നു വന്നിരുന്നത്. കൺവീനർ സിസ്റ്റത്തിന് പകരം കരാർ വ്യവസ്ഥ നടപ്പാക്കുന്നതിന് 25-7-2016 തീയതിയിലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 28/2016/വനം പ്രകാരം തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) നിലവിൽ നടത്തിവരുന്ന തേക്ക് പ്ലാന്റേഷൻ പണികളിൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വന്യമൃഗ ശല്യം**

66 (4077) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനാതിർത്തി മേഖലകളിൽ താമസക്കാരായ എത്ര കുടുംബങ്ങൾ നിലവിലുണ്ട്; ഇവരുടെ ജീവനും കൃഷിയും വീടും നശിപ്പിക്കുന്ന വന്യമൃഗ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ 5 വർഷക്കാലയളവിലെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) കൃഷി നശിപ്പിക്കുന്ന കാട്ടുപന്നി, കുരങ്ങ്, മയിൽ, മ്ലാവ്, കാട്ടാന ശല്യം മൂലം കഴിഞ്ഞ 5 വർഷമായി ഓരോവർഷവും എത്ര കൃഷിഭൂമി നശിപ്പിക്കപ്പെട്ടു എന്നും എത്ര പേരുടെ ജീവൻ നഷ്ടമായി എന്നും അംഗഭംഗം, പരിക്ക് എന്നിവമൂലം ഇപ്പോഴും ചികിത്സ തേടുന്നവർ എത്ര എന്നും വ്യക്തമാക്കുമോ;

(ഡി) ഇവർക്ക് വനംവകുപ്പും സർക്കാരും എന്തൊക്കെ സഹായം കഴിഞ്ഞ 5 വർഷകാലയളവിനുള്ളിൽ നാളിതുവരെ നൽകിയെന്നും മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് എന്ത് സഹായം നൽകി എന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇത്തരത്തിൽ വനാതിർത്തിയിലെ താമസക്കാർക്കുണ്ടാകുന്ന വന്യമൃഗശല്യം ഒഴിവാക്കാനായി ഈ സർക്കാർ വനംവകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വനാതിർത്തി മേഖലകളിൽ താമസക്കാരായ കുടുംബങ്ങളുടെ എണ്ണം വനം വകുപ്പ് കണക്കാക്കിയിട്ടില്ല. ഇത്തരം ആൾക്കാരുടെ ജീവനും കൃഷിയും വീടും നശിപ്പിക്കുന്ന വന്യമൃഗ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പ്രധാനമായും കുരങ്ങ്, കാട്ടുപന്നി, മ്ലാവ്, കാട്ടാന, മാൻ, മയിൽ തുടങ്ങിയ വന്യജീവികളാണ് കൃഷി നശിപ്പിക്കുന്നത്. ആന, കടുവ, കാട്ടുപന്നി തുടങ്ങിയ വന്യമൃഗങ്ങളാൽ മനുഷ്യ ജീവനാംശം ഉണ്ടാകുന്നുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ 5 വർഷക്കാലയളവിൽ നഷ്ടപരിഹാരമായി നൽകിയ തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | നൽകിയ തുക (രൂപ ലക്ഷത്തിൽ) |
|---|---|
| 2011-12 | 454.42 |
| 2012--13 | 460.74 |
| 2013-14 | 659.05 |
| 2014-15 | 782.45 |
| 2015-16 | 681.68 |

(സി) കാട്ടുപന്നി, കുരങ്ങ്, മയിൽ, മ്ലാവ്, കാട്ടാന ശല്യംമൂലം കഴിഞ്ഞ 5 വർഷമായി ഓരോ വർഷവും എത്ര കൃഷിഭൂമി നശിപ്പിക്കപ്പെട്ടു എന്ന വിവരവും അംഗഭംഗം, പരിക്ക് എന്നിവമൂലം ഇപ്പോഴും ചികിത്സ തേടുന്നവർ എത്ര എന്നുള്ള വിവരവും വനം വകുപ്പിൽ ലഭ്യമല്ല. വന്യമൃഗ ആക്രമണംമൂലം എത്ര മനുഷ്യജീവൻ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ നഷ്ടപ്പെട്ടു എന്ന വിവരം വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| വർഷം | മരണമടഞ്ഞവരുടെ എണ്ണം |
|---|---|
| 2011-12 | 13 |
| 2012-13 | 07 |
| 2013-14 | 20 |
| 2014-15 | 12 |
| 2015-16 | 13 |

(ഡി) വന്യജീവി ആക്രമണംമൂലം ജീവനാംശം സംഭവിക്കുന്നവരുടെ ആശ്രിതർക്കും കൃഷിനാശം സംഭവിച്ചവർക്കും 1980-ലെ കേരളാ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം കഴിഞ്ഞ 5 വർഷക്കാലം നഷ്ടപരിഹാരമായി നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| | നഷ്ടപരിഹാരമായി നൽകിയ തുക ലക്ഷത്തിൽ | |
|---|---|---|

| വർഷം | കൃഷിനാശം | മനുഷ്യ ജീവനാംശം (മരണം) | മറ്റുള്ളവ (വസ്തുവകകളുടെയും കന്നുകാലികളുടെയും നാശം, പാമ്പുകടി മൂലമുള്ള മരണം) | ആകെ (ലക്ഷത്തിൽ) |
|---|---|---|---|---|
| 2011-12 | 355.42 | 39 | 60 | 454.42 |
| 2012-13 | 364.74 | 21 | 75 | 460.74 |
| 2013-14 | 485.05 | 64 | 110 | 659.05 |
| 2014-15 | 586.45 | 60 | 136 | 782.45 |
| 2015-16 | 491.68 | 65 | 125 | 681.68 |

(ഇ) ഇത്തരത്തിൽ വനാതിർത്തിയിലെ താമസക്കാർക്കുണ്ടാകുന്ന വന്യമൃഗശല്യം ഒഴിവാക്കാനായി വനം വകുപ്പ് സ്വീകരിച്ച സുരക്ഷാ നടപടികൾ ചുവടെ ചേർക്കുന്നു.

1. സൗരോർജ്ജ കമ്പിവേലി നിർമ്മിച്ചുകൊണ്ടുള്ള പ്രതിരോധം.
2. ആനപ്രതിരോധ കിടങ്ങുകളുടെ നിർമ്മാണം.
3. ആനപ്രതിരോധ മതിലുകളുടെ നിർമ്മാണം.
4. റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിച്ച് വനത്തിനുവെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിലുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള നടപടികൾ.
5. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് നിരീക്ഷിച്ച് കർഷകർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.
6. പ്രശ്നബാധിത മേഖലകളിൽ വന്യജീവികൾ കാടിന് പുറത്തേയ്ക്ക് ഇറങ്ങിയതായി അറിഞ്ഞാൽ ആ വിവരം പ്രദേശവാസികൾക്ക് എസ്.എം.എസ്. മുഖാന്തരം അറിയിക്കുകയും ജാഗ്രത പാലിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്ന Early Warning SMS System വയനാട്, മൂന്നാർ എന്നീ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്.
7. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.
8. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികൾ.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവൽക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചുമാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനുമുള്ള നടപടികൾ.

11. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ഭക്ഷണലഭ്യത ഉറപ്പു വരുത്തുന്നതിനായി ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക.

12. കൃഷിയെ നശിപ്പിക്കുന്ന കാട്ടുപന്നികളെ കൃഷിയിടങ്ങളിൽ വച്ച് കർഷകർക്ക് വ്യവസ്ഥകൾക്ക് വിധേയമായി വേട്ടയാടുന്നതിനുള്ള അനുമതി.

കൂടാതെ പുതിയതായി പഞ്ചായത്ത് മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. 7-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ഒരു സമിതിയാണ് ടി ജനജാഗ്രതാ സമിതി. കൂടാതെ ജനവാസ മേഖലയിൽ ആനയോ മറ്റു വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് എസ്.എം.എസ്. മുഖാന്തരം അറിയിപ്പു നൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System മൂന്നാർ, വയനാട്, ആറളം മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. മറ്റുമേഖലകളിൽ നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുമുണ്ട്.

## സാമൂഹ്യ വനവൽക്കരണം

67 (4078) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകളുമായി ചേർന്ന് സാമൂഹ്യ വനവൽക്കരണം വ്യാപിപ്പിക്കുന്നതിന് വനം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിന് ആവശ്യമായ തസ്തികകൾ വനം വകുപ്പ് സൃഷ്ടിക്കുമോ;

(ബി) പാതയോര വനവൽക്കരണത്തിന് വനം വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ത്രിതല പഞ്ചായത്തുകളുമായി ചേർന്ന് സാമൂഹ്യവനവൽക്കരണം

വ്യാപിപ്പിക്കുന്നതിന് ഹരിത കേരളം പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ എൻ.ആർ.ഇ.ജി.എസ്. പദ്ധതിപ്രകാരം വിവിധ സോഷ്യൽ ഫോറസ്റ്റി ഡിവിഷനുകളുടെ പരിധിയിലുള്ള ബ്ലോക്ക് പഞ്ചായത്തുകളിൽ തൈകൾ ഉത്പാദിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ത്രിതലപഞ്ചായത്തുകളുമായി ചേർന്ന് വൃക്ഷതൈ വിതരണം, ഗ്രീൻ ഇന്ത്യാ മിഷൻ, ബോധവൽക്കരണ പരിപാടികൾ തുടങ്ങിയ വിവിധ പദ്ധതികളും നടത്തിവരുന്നു. ഇപ്പോൾ നിലവിലുള്ള സംവിധാനം ഉപയോഗപ്പെടുത്തിയാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഇപ്പോൾ പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ട ആവശ്യമുള്ളതായി കാണുന്നില്ല.

(ബി) പാതയോര വനവൽക്കരണത്തിന് ദേശീയപാതയുടെ വശങ്ങളിലും ലഭ്യമായ മറ്റ് പാതയോരങ്ങളിലും ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ വൃക്ഷതൈകൾ നട്ടുപിടിപ്പിച്ചുവരുന്നു. കൂടാതെ പാതയോരങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുന്ന വഴിയോരത്തണൽ പദ്ധതിയും അനുയോജ്യമായ സ്ഥലങ്ങളിൽ നടത്തിവരുന്നു.

**വന്യജീവി ആക്രമണം**

68 (4079) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാതിർത്തികളിലുള്ള ജനവാസകേന്ദ്രങ്ങളിൽ വന്യജീവി ആക്രമണം വലിയ തോതിൽ കൂടിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വന്യമൃഗ ആക്രമണങ്ങളിൽ മരണം സംഭവിക്കുന്നവർക്കും പരിക്ക് പറ്റുന്നവർക്കും കൃഷിനാശം നേരിടുന്നവർക്കും നഷ്ടപരിഹാരമായി സർക്കാർ നൽകുന്ന ധനസഹായം പര്യാപ്തമാണോ; അല്ലെങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വനാതിർത്തികളിലുള്ള ജനവാസകേന്ദ്രങ്ങളിൽ വന്യജീവി ആക്രമണം വലിയ തോതിൽ കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വന്യമൃഗങ്ങളുടെ ആക്രമണംമൂലം കാർഷിക വിളകൾക്കും വസ്തുവകകൾക്കും ഉണ്ടാകുന്ന നാശനഷ്ടത്തിന് നിലവിൽ നൽകിവരുന്ന പരമാവധി നഷ്ടപരിഹാരത്തുക 75,000 (എഴുപത്തി അയ്യായിരം) രൂപയും മനുഷ്യ ജീവനാശത്തിന് പരമാവധി നൽകിവരുന്ന നഷ്ടപരിഹാരത്തുക 5,00,000 (അഞ്ച് ലക്ഷം) രൂപയുമാണ്. വന്യമൃഗ ശല്യത്തിൽ കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് അനുവദനീയമായ നഷ്ടപരിഹാരം 8-1-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 02/2015/വനം പ്രകാരമാണ് നൽകിവരുന്നത്. നഷ്ടപരിഹാരത്തുക ഇനിയും വർദ്ധിപ്പിച്ച് നൽകുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**വേനലിൽ കാട്ടുതീ തടയുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ**

69 (4080) <u>ശ്രീ. ടി. വി. ഇബ്രാഹിം:</u>
<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. പി. കെ. ബഷീർ:</u>
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനലിൽ കാട്ടുതീ തടയുന്നതിന് വേണ്ടി സ്ഥിരം/താത്ക്കാലിക ജീവനക്കാരെ പ്രത്യേകമായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ബി) കാട്ടുതീ സാധ്യത മുൻനിർത്തി വന്യജീവി സങ്കേതങ്ങളിൽ സന്ദർശന സമയങ്ങളിൽ ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) വേനലിൽ കാട്ടുതീ തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി താൽക്കാലിക ജീവനക്കാരുടെ സേവനം ഉപയോഗിച്ചുവരുന്നു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നം. | ജില്ല | താൽക്കാലിക ഫയർ വാച്ചർമാരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 262 |
| 2 | കൊല്ലം | 378 |
| 3 | പത്തനംതിട്ട | 132 |
| 4 | കോട്ടയം | 30 |
| 5 | ഇടുക്കി | 586 |
| 6 | എറണാകുളം | 89 |
| 7 | തൃശ്ശൂർ | 284 |
| 8 | പാലക്കാട് | 318 |
| 9 | മലപ്പുറം | 198 |
| 10 | വയനാട് | 442 |
| 11 | കോഴിക്കോട് | 144 |
| 12 | കണ്ണൂർ | 71 |
| 13 | കാസർഗോഡ് | 38 |
| | ആകെ | 2972 |

(ബി) വരൾച്ച രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ കാട്ടുതീ സാധ്യത മുൻനിർത്തി

വന്യജീവി സങ്കേതങ്ങളിലും ദേശീയ ഉദ്യാനങ്ങളിലും സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇരവികുളം ദേശീയ ഉദ്യാനത്തിൽ 2017 ഫെബ്രുവരി 1 മുതൽ ഏപ്രിൽ 1 വരെയും വയനാട് വന്യജീവി സങ്കേതം, സൈലന്റ്‌വാലി ദേശീയ ഉദ്യാനം എന്നിവിടങ്ങളിൽ ഫെബ്രുവരി 21 മുതൽ മാർച്ച് 31 വരെയും സന്ദർശകർക്ക് പ്രവേശനം നിരസിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അഗസ്ത്യ വനം ബയോളജിക്കൽ പാർക്കിന് കീഴിലെ ശെന്തുരുണി ഇക്കോ ടൂറിസത്തിന്റെ ഭാഗമായുള്ള ജംഗിൾ സഫാരിയും മണ്ണാർക്കാട് ഡിവിഷനു കീഴിലെ ശിരുവാണി ഇക്കോ ടൂറിസം മേഖലയിലേയ്ക്കുള്ള സന്ദർശകർക്കുള്ള പ്രവേശനവും താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. കോഴിക്കോട് ഡിവിഷന് കീഴിലുള്ള മലബാർ വന്യജീവി സങ്കേതത്തിലേയ്ക്കുള്ള സന്ദർശക പ്രവേശന സമയങ്ങളിലും ക്രമീകരണം വരുത്തിയിട്ടുണ്ട്.

## കാട്ടുതീ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

70 (4081) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പറമ്പിക്കുളം വന്യജീവി സങ്കേതത്തിന് ഭീഷണിയായി മാറുന്ന, തമിഴ്നാട് അതിർത്തി വനത്തിൽ ഉണ്ടാവുന്ന കാട്ടുതീ തടയുന്നതിന് നിലവിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

കാട്ടുതീ തടയുന്നതിന് പറമ്പിക്കുളം ടൈഗർ റിസർവ്വിൽ താഴെപ്പറയുന്ന മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്.

1. സംസ്ഥാന അതിർത്തിയിൽ ഉടനീളം 10.4 മീറ്റർ വീതിയിൽ ഫയർലൈൻ എടുത്തിട്ടുണ്ട്. ഫയർ വാച്ചർമാരേയും ഫയർ ഗാംഗിനേയും നിയോഗിച്ചിട്ടുണ്ട്.

2. ടൈഗർ റിസർവ്വിൽ മുൻപ് കാട്ടുതീ ഉണ്ടായ ഉടനെതന്നെ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുമായി ബന്ധപ്പെടുകയും മനുഷ്യപ്രയത്നത്താൽ നേരിട്ട് തീയണക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ ഹെലികോപ്റ്ററിന്റെ സഹായത്തോടെ തീ അണച്ചിട്ടുള്ളതുമാണ്.

3. തുടർന്നും അനിയന്ത്രിതമായി കാട്ടുതീ ഉണ്ടാവുകയാണെങ്കിൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുമായി ബന്ധപ്പെടുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

4. കാട്ടുതീയുമായി ബന്ധപ്പെട്ട് തമിഴ്നാട് ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി ഫോണിലൂടെ നിരന്തരം ബന്ധപ്പെടുന്നതിന് ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

5. വനഭാഗങ്ങളിൽ വാച്ചർമാരുമായി നിരന്തരം ബന്ധപ്പെടുന്നതിന്

വയർലെസ് കമ്മ്യൂണിക്കേഷൻ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ കാട്ടുതീ ഉണ്ടായാൽ വനത്തിനകത്ത് വളരെ പെട്ടെന്ന് എത്തിച്ചേരുന്നതിന് ട്രക്ക് പാത്തുകളും റോഡുകളും അറ്റകുറ്റപ്പണികൾ നടത്തി വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്.

6. കൺട്രോൾ റൂം, ക്രൈസിസ് മാനേജ്മെന്റ് ടീം എന്നിവ രൂപീകരിച്ചിട്ടുണ്ട്.

## ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് പദ്ധതി

71 (4082) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. കെ.എസ്. ശബരീനാഥൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി)ഫോറസ്ട്രി ക്ലബ്ബുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് വിശദമാക്കുമോ;

(സി) ആരുടെയെല്ലാം സഹകരണമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ കീഴിൽ വരുന്ന കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ സോഷ്യൽ ഫോറസ്ട്രി റീജിയണുകളിൽ ആകെ 957 ഫോറസ്ട്രി ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന ഒരു ഗ്രീൻ പാർട്ട്നർഷിപ്പ് പദ്ധതിയാണ് ഫോറസ്ട്രി ക്ലബ്ബുകൾ. ഈ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധ പരിസ്ഥിതി സൗഹാർദ്ദ പദ്ധതികൾ നടന്നുവരുന്നു. ഇതിനായി സാമൂഹ്യ വനവൽക്കരണ വിഭാഗം ധനസഹായം നൽകിവരുന്നു. പരിസ്ഥിതി സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം, മാലിന്യ നിർമ്മാർജ്ജന അവബോധം, ജലസംരക്ഷണം, നീർത്തട സംരക്ഷണം, കണ്ടൽക്കാടുകൾ, പക്ഷികൾ എന്നിവയുടെ പരിപാലനം തുടങ്ങി വിവിധ ബോധവൽക്കരണ പരിപാടികൾ ഈ ക്ലബ്ബുകൾ മുഖാന്തരം പ്രധാനമായി

നടത്തിവരുന്നു. വിദ്യാർത്ഥികളിൽ പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത മനസ്സിലാക്കുന്നതിനും ഭാവിയിൽ അവർ പ്രകൃതിസംരക്ഷണത്തിന്റെ സന്ദേശ വാഹകരാകുന്നതിനും അനധികൃത മരംമുറിക്കും പരിസര മലിനീകരണത്തിനും എതിരെ ശബ്ദമുയർത്തുക, പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് സെമിനാർ, ഫോട്ടോ എക്സിബിഷൻ, ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുക, പ്രധാനപ്പെട്ട പരിസ്ഥിതി ദിനങ്ങൾ ആചരിക്കുക, അതുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കുക, പൊതുസ്ഥലങ്ങളിലും സ്കൂൾ ക്യാമ്പസുകളിലും തൈകൾ നട്ട് പരിപാലിക്കുക എന്നതാണ് പ്രധാന ലക്ഷ്യങ്ങൾ.

(സി) വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയാണ് ഫോറസ്ട്രി ക്ലബ്ബുകളുടെ മുഖ്യപങ്കാളികൾ. ഫോറസ്ട്രി ക്ലബ്ബുകളുടെ വിജയകരമായ പ്രവർത്തനങ്ങൾക്ക് എൻ.സി.സി., എൻ.എസ്.എസ്., എസ്.പി.സി. എന്നിവയുമായി സഹകരിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

**പരിസ്ഥിതി ദുർബ്ബല പ്രദേശം**

72 (4083) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ദുർബ്ബല പ്രദേശ (ഇ.എഫ്.എൽ.) നിയമപ്രകാരം ഇതുവരെ എത്ര ഹെക്ടർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്;

(ബി) പ്രസ്തുത നിയമപ്രകാരം ഏറ്റെടുത്ത ഭൂമിയിൽ എത്ര ഹെക്ടർ ഭൂമി മുൻ സർക്കാരിന്റെ കാലത്ത് ഉടമകൾക്ക് വിട്ട് നൽകിയിട്ടുണ്ട്;

(സി) ഈ നിയമപ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിൽ കോടതികളിൽ തീർപ്പാകാതെ കിടക്കുന്നുണ്ട്; തീർപ്പായ കേസ്സുകൾ എത്രയാണ്; ഇവയിൽ എത്ര കേസ്സുകളിൽ സർക്കാരിനനുകൂലമായി വിധി ലഭിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) പരിസ്ഥിതി ദുർബ്ബല പ്രദേശ (ഇ.എഫ്.എൽ.) നിയമ പ്രകാരം ഇതുവരെ 13486.984 ഹെക്ടർ ഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത നിയമപ്രകാരം ഏറ്റെടുത്ത ഭൂമിയിൽ മുൻ സർക്കാരിന്റെ കാലത്ത് 134.3472 ഹെക്ടർ ഭൂമി ഉടമകൾക്ക് വിട്ടുകൊടുത്തിട്ടുണ്ട്.

(സി) ഈ നിയമപ്രകാരം ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് 328 കേസ്സുകൾ കോടതികളിൽ തീർപ്പാകാതെ കിടക്കുന്നുണ്ട്. 138 കേസ്സുകൾ തീർപ്പായിട്ടുണ്ട്. ഇതിൽ 76 കേസ്സുകളിൽ സർക്കാരിനനുകൂലമായി വിധി ലഭിച്ചിട്ടുണ്ട്.

## വ്യാപകമായ കാട്ടുതീ

73 (4084) ശ്രീ.കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുംവരൾച്ചയുടെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ വനമേഖലകളിൽ വ്യാപകമായ കാട്ടുതീ പടർന്നു പിടിക്കുന്നതും വന്യമൃഗങ്ങൾക്കും അപൂർവ്വ സസ്യജാലങ്ങൾക്കും വ്യാപകമായ നാശനഷ്ടങ്ങൾ സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

കൊടും വരൾച്ചയുടെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ വനമേഖലകളിൽ വ്യാപകമായ കാട്ടുതീ പടർന്ന് പിടിക്കുന്നതും വന്യമൃഗങ്ങൾക്കും അപൂർവ്വ സസ്യജാലങ്ങൾക്കും വ്യാപകമായ നാശനഷ്ടങ്ങൾ സംഭവിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഈ വർഷത്തെ മഴയുടെ ലഭ്യതക്കുറവും രൂക്ഷമായ വരൾച്ചയും കേരളത്തിലെ വനമേഖലയിൽ കാട്ടുതീ ഉണ്ടാകാനുള്ള സാധ്യത കൂട്ടുന്നുണ്ട്. ആയത് മുന്നിൽ കണ്ടുകൊണ്ട് വനം വകുപ്പ് ആവശ്യമായ മുൻകരുതലുകളും പ്രതിരോധ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. പൊതുജനങ്ങളുടെ സഹകരണവും ഇക്കാര്യത്തിൽ തേടിയിട്ടുണ്ട്.

നിലവിലെ സാഹചര്യം കണക്കിലെടുത്താൽ കാട്ടുതീയിൽ ഈ വർഷം ഇതുവരെ ഉണ്ടായ വർദ്ധനവ് ആശങ്കാജനകമല്ല. മുൻകരുതലുകളിലൂടെയും പ്രതിരോധ പ്രവർത്തികളിലൂടെയും വൻതോതിലുള്ള കാട്ടുതീ ഉണ്ടാകാതെ വനം സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കാര്യത്തിൽ വനം വകുപ്പ് തുടർന്നും കർശനമായ ജാഗ്രത പുലർത്തുന്നതാണ്.

## ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ചതിനെതിരെ നടപടി

74 (4085) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണും, പട്ടികജാതി വിഭാഗാംഗവുമായ ശ്രീമതി ചന്ദ്രികാ ഷിബുവിനോട് അപമര്യാദയായി പെരുമാറുകയും ജാതിപ്പേര് വിളിച്ച് ആക്ഷേപിക്കുകയും ചെയ്തതായി ഏതെങ്കിലും വനം വകുപ്പ് ഉദ്യോഗസ്ഥനെതിരെ പരാതിയും കേസ്സും നിലനിൽക്കുന്നുണ്ടോ;

(ബി) ഈ ഉദ്യോഗസ്ഥന് മികച്ച സേവനത്തിനുള്ള അവാർഡ് നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച പരാതിയിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാർപ്പ റെയിഞ്ചിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസറായ ശ്രീ. പ്രിൻസ് ജോസഫ് തട്ടിൽ എന്ന ഉദ്യോഗസ്ഥനെതിരെ അപ്രകാരം ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) ഈ ഉദ്യോഗസ്ഥന് മികച്ച സേവനത്തിനുള്ള മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡൽ നൽകിയിട്ടുണ്ട്.

(സി) പരാതിയിന്മേൽ അന്വേഷണം നടന്നുവരുന്നു. ആരോപണം തെളിയുകയാണെങ്കിൽ നടപടി സ്വീകരിക്കും.

**ഫോറസ്റ്റ് മ്യൂസിയം ആരംഭിക്കുന്നതിനുള്ള നടപടി**

75 (4086) ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ:

ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു ഫോറസ്റ്റ് മ്യൂസിയം ആവശ്യമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ഇതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫോറസ്റ്റ് മ്യൂസിയം സ്ഥാപിക്കുവാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.

(ബി) കൊല്ലം ജില്ലയിൽ കുളത്തുപ്പുഴയിൽ ഫോറസ്റ്റ് മ്യൂസിയം സ്ഥാപിക്കുവാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

## ആലപ്പുഴയിലെ സാമൂഹ്യ വനവൽക്കരണ പദ്ധതി

76 (4087) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ സാമൂഹ്യ വനവത്കരണ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വഴിയോരങ്ങളിൽ വൃക്ഷത്തൈകൾ വച്ച് പിടിപ്പിക്കുന്നതിന് കുട്ടനാടിന് പ്രത്യേക പദ്ധതി ലഭ്യമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ സാമൂഹ്യ വനവൽക്കരണ പദ്ധതിയുടെ ഭാഗമായി എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികളിലൂടെ വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും പാതയോരങ്ങളിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിച്ച് സംരക്ഷിച്ചു വരികയും ചെയ്യുന്നു. സ്വകാര്യ വനവൽക്കരണ പദ്ധതി പ്രകാരം വച്ചുപിടിപ്പിക്കുന്ന വൃക്ഷത്തൈകൾക്ക് നിശ്ചിത കാലയളവുവരെ അർഹരായവർക്ക് ധനസഹായവും നൽകിവരുന്നു. കണ്ടൽ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുകയും അർഹരായവർക്ക് ധനസഹായവും ചെയ്തുവരുന്നു. കടലാമ സംരക്ഷണവും കുരുവിക്കൊരു കൂട്, പെലാജിക് ബേർഡ് സർവ്വേ, വെറ്റ്ലാന്റ് ബേർഡ് സർവ്വേ, ഫോറസ്ട്രി ക്ലബ്ബ് മുതലായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ആലപ്പുഴ ജില്ലയിലെ മികച്ച പരിസ്ഥിതി പ്രവർത്തകന് എല്ലാ വർഷവും വനമിത്ര പുരസ്കാരം നൽകിവരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന കാവുകളുടെ സംരക്ഷണത്തിനായി ധനസഹായം നൽകിവരുന്നു.

(ബി) വഴിയോരത്തണൽ പദ്ധതിയുടെ ഭാഗമായി കുട്ടനാടിന്റെ വിവിധ ഭാഗങ്ങളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സംരക്ഷിച്ചുവരുന്നു. കുട്ടനാടിന് മാത്രമായി പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല.

## പത്തനംതിട്ട ജില്ലയിലെ വനഭൂമി

77 (4088) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ, നിലവിൽ എത്ര ഹെക്ടർ വനഭൂമിയാണ് സർക്കാരിന്റെ കൈവശമുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ എവിടെയെങ്കിലും വനഭൂമി കയ്യേറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കയ്യേറിയ ഭൂമി പിന്നീട് പതിച്ചു നൽകി പട്ടയം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കൊക്കെ?

(ഡി) പട്ടയം നൽകിയിട്ടുള്ള ഭൂമി എത്ര ഹെക്ടർ വരുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 1,53,379.37 ഹെക്ടർ.

(ബി) പത്തനംതിട്ട ജില്ലയിലെ കോന്നി ഡിവിഷനിൽ 124.19 ഹെക്ടർ വനഭൂമിയും റാന്നി ഡിവിഷനിൽ 1908.40 ഹെക്ടർ വനഭൂമിയും കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്.

(സി) കോന്നി ഡിവിഷനിൽ 1-1-1977-ന് മുമ്പ് കയ്യേറിയതായി കണ്ടെത്തിയ 303 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ഡി) ലഭ്യമായ കണക്കുകൾ പ്രകാരം കോന്നി ഡിവിഷനിൽ 1-1-1977-ന് മുമ്പുള്ള 60 ഹെക്ടർ വനഭൂമിക്ക് കേന്ദ്ര അനുമതി ലഭിച്ചിട്ടുള്ളതും ഇതിൽ 54.14 ഹെക്ടർ വനഭൂമിക്ക് പട്ടയം നൽകിയിട്ടുള്ളതുമാണ്.

## വന്യമൃഗങ്ങൾ കാട്ടുവിട്ട് ജനവാസകേന്ദ്രങ്ങളിലേയ്ക്ക് വരുന്നത് ഒഴിവാക്കാൻ നടപടി

78 (4089) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ ഭക്ഷണത്തിനും വെള്ളത്തിനും ഉണ്ടായ ദൗർലഭ്യം കാരണം വന്യമൃഗങ്ങൾ കാട്ടുവിട്ട് ജനവാസ കേന്ദ്രങ്ങളിലേക്ക് വരുന്നത് ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വന്യമൃഗങ്ങളുടെ കടന്നുകയറ്റത്താൽ കൃഷി നശിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അനുഭവപ്പെടുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ ഭക്ഷണത്തിനും കുടിവെള്ളത്തിനും വന്യമൃഗങ്ങൾ കാടുവിട്ട് ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് വരുന്നത് ഒഴിവാക്കാൻ വനത്തിനുള്ളിൽ ഭക്ഷണത്തിന്റെയും ജലത്തിന്റെയും ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കാട്ടിനുള്ളിലെ ചെക്ക് ഡാമുകളും അഞ്ഞൂറോളം ജലസ്രോതസ്സുകളും നവീകരിക്കുകയും കുളങ്ങൾ വൃത്തിയാക്കുകയും ചെക്ക് ഡാമുകളുടെ ചോർച്ച അടച്ച് പരമാവധി ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. വനത്തിനുള്ളിലെ വയലുകളിൽ ഉണ്ടായിരുന്ന അധിനിവേശ സസ്യങ്ങളെ പൂർണ്ണമായും നീക്കം ചെയ്ത് മൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ വർഷം സംസ്ഥാനത്തെ വനമേഖലയിൽ 477 ഹെക്ടർ സ്ഥലത്ത് മുളത്തൈകൾ പുതിയതായി നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വന്യമൃഗങ്ങളുടെ കടന്നുകയറ്റത്താൽ കൃഷി നശിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥലങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വനസംരക്ഷണ വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി സമയം**

79 (4090) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനസംരക്ഷണവിഭാഗം ജീവനക്കാരെ ഡ്യൂട്ടിയുടെ ഭാഗമായി ഒരു സമയം എത്ര ദിവസമാണ് പരമാവധി ഡ്യൂട്ടിക്കായി നിയോഗിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഡ്യൂട്ടിക്ക് കോമ്പൻസേഷൻ ലീവ് അനുവദിച്ച നൽകാറുണ്ടോ; അതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഫയർഫോഴ്സിൽ അനുവദിച്ചിരിക്കുന്നതുപോലെ ഇരുപത്തിനാല് മണിക്കൂർ ഡ്യൂട്ടിക്ക് 24 മണിക്കൂർ വിശ്രമം എന്ന വ്യവസ്ഥ വനപാലകർക്കും ബാധകമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ഡി) പോലീസ് സേനാവിഭാഗങ്ങൾക്ക് അനുവദിച്ചിരിക്കുന്ന മാസ്റ്റർ ക്യാന്റീൻ സൗകര്യം വനസംരക്ഷണ ജീവനക്കാർക്കും ബാധകമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വനസംരക്ഷണ നിർവ്വഹണത്തിന്റെ ആവശ്യകതയുടെ അടിസ്ഥാന ത്തിലാണ് വനസംരക്ഷണവിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി ദിവസങ്ങൾ ക്രമീകരിക്കുന്നത്. തുടർച്ചയായി ജോലി ചെയ്യേണ്ട സാഹചര്യത്തിൽ മതിയായ വിശ്രമം ഉറപ്പുവരുത്തിയാണ് മേലുദ്യോഗസ്ഥർ വനസംരക്ഷണ വിഭാഗം ജീവനക്കാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്. ദിവസങ്ങളോളം തുടർച്ചയായി ജോലി നോക്കേണ്ട സാഹചര്യം ഉണ്ടാകാറില്ല.

(ബി) അവധി ദിവസം ഡ്യൂട്ടി നോക്കുന്ന സംരക്ഷണവിഭാഗം ജീവനക്കാർക്ക് ഓഫ് ഡേ അലവൻസ് അനുവദിച്ചിട്ടുണ്ട്.

(സി) 24 മണിക്കൂർ ഡ്യൂട്ടി വനം വകുപ്പിൽ നിലവിലില്ല. ഡ്യൂട്ടി കഴിഞ്ഞ് ആസ്ഥാനത്ത് തിരിച്ചെത്തുന്ന സംരക്ഷണവിഭാഗം ജീവനക്കാർക്ക് വിശ്രമം അനുവദിക്കുന്നുണ്ട്.

(ഡി) വനസംരക്ഷണ വിഭാഗം ജീവനക്കാർക്ക് മാസ്റ്റർ ക്യാന്റീൻ അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണനയിലില്ല.

**കാട്ടാനയടക്കമുള്ള വന്യജീവികളുടെ ആക്രമണം**

80 (4091) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ കാട്ടാനയടക്കമുള്ള വന്യജീവികളുടെ അടിക്കടിയുണ്ടാകുന്ന ആക്രമണംമൂലം വ്യാപകമായ നാശനഷ്ടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ആവശ്യമായ സംരക്ഷണം ഉറപ്പുവരുത്തുന്നതിനാവശ്യമായ സൗരോർജ്ജവേലികൾ സ്ഥാപിക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി മേഖലയിൽ റാപ്പിഡ് എലിഫെന്റ് ഫോഴ്സിന്റെ സേവനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ കാട്ടാനയടക്കമുള്ള വന്യജീവികളുടെ

ആക്രമണം നിയന്ത്രിക്കുന്നതിനായി നിലവിലുണ്ടായിരുന്ന സൗരോർജ്ജ വേലികൾ അറ്റകുറ്റപ്പണികൾ നടത്തി പരിപാലിച്ചുവരുന്നു. ഈ വർഷം ടി പ്രദേശത്തെ നായാട്ടുകുണ്ട് ഭാഗത്ത് പുതിയതായി 1.5 കി.മീ. ദൂരവും 2016 വർഷം കാരിക്കടവ് മുതൽ കരിക്കൊട്ടാലി വരെ 1.5 കി.മീ. ദൂരവും 2016-ൽ രാമവർമ്മ തേക്ക് പ്ലാന്റേഷന് ചുറ്റും 2.5 കി.മീ. ദൂരവും സൗരോർജ്ജ വേലി നിർമ്മിച്ചിട്ടുണ്ട്.

(സി) പാലക്കാട് ജില്ലയിലെ ഒലവക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന റാപ്പിഡ് റെസ്പോൺസ് ടീമിന്റെ പ്രവർത്തനം തൃശ്ശൂർ ജില്ലയിൽ അതിരപ്പിള്ളി ഉൾപ്പെടെയുള്ള വനമേഖലകളിലും വിനിയോഗിച്ചുവരുന്നുണ്ട്.

**വനങ്ങൾക്കുള്ളിലെ നദികളിൽ നിന്നും മണൽ ശേഖരണം**

81 (4092) ശ്രീ.അടൂർ പ്രകാശ്:
ശ്രീ. പി.ടി. തോമസ്:
ശ്രീ.അനൂപ് ജേക്കബ്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനങ്ങൾക്കുള്ളിലെ നദികളിൽ നിന്നും മണൽ ശേഖരണം നടത്തുന്നതിന് തീരുമാനെമടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ശേഖരിക്കുന്ന മണൽ എങ്ങനെ വിപണനം ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിവരിക്കുമോ;

(സി) പരിസ്ഥിതിക്ക് കോട്ടം വരുത്താതെ മണൽ ശേഖരണം ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള വനം വകുപ്പിന്റെ കൊല്ലം സതേൺ സർക്കിളിന്റെ പരിധിയിലുള്ള തിരുവനന്തപുരം ഡിവിഷന്റെ കീഴിലെ കുളത്തുപ്പുഴ റെയ്ഞ്ചിൽ ചോഴിയക്കോട്, മിൽപ്പാലം കടവുകളിൽ നിന്നും നിയമാനുസരണം മണൽ ശേഖരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) 4-3-2017-ലെ ജി.ഒ.(എം.എസ്.) 67/2017/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം മിൽപ്പാലം, ചോഴിയക്കോട് ഏരിയകളിലെ മണൽ ഓഡിറ്റിന്റെ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ട്. വനസംരക്ഷണ സമിതി വഴി ശേഖരിക്കുന്ന മണൽ കലവറ വഴി നേരിട്ട് അർഹരായ ഉപഭോക്താക്കൾക്ക് വിപണനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) പരിസ്ഥിതിക്ക് കോട്ടം വരുത്താതെ മണൽ ശേഖരണം ഉറപ്പുവരുത്താൻ നിലവിലുള്ള നിയമങ്ങളുടെയും കോടതി ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ അംഗീകൃത ഏജൻസി മുഖേന ശാസ്ത്രീയ പഠനം നടത്തി മണൽ ശേഖരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

## ഗജ വിജ്ഞാന കേന്ദ്രവും മ്യൂസിയവും

82 (4093) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനകളെ കുറിച്ച് പഠിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും സംസ്ഥാനത്ത് എന്തൊക്കെ സൗകര്യങ്ങളാണ് നിലവിലുള്ളത്;

(ബി) ഇതിനായി ഒരു ഗജ വിജ്ഞാന കേന്ദ്രം തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വനം വകുപ്പിന്റെ കൈവശമുള്ള ആനക്കൊമ്പുകൾ ഉൾപ്പെടെയുള്ളവ പ്രദർശിപ്പിക്കുന്നതിനായി ഒരു ആന മ്യൂസിയം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) രാജ്യത്തെ വിവിധ സർവ്വകലാശാലകൾ/ഗവേഷകർ/വിദ്യാർത്ഥികൾ തുടങ്ങിയവർ അപേക്ഷിക്കുന്ന മുറയ്ക്ക്, കാട്ടാനകളെക്കുറിച്ചും നാട്ടാനകളെക്കുറിച്ചും വേണ്ട പഠനം നടത്തുന്നതിനുള്ള അനുമതി നൽകാറുണ്ട്. ഇതല്ലാതെ ആനകളെക്കുറിച്ച് പഠിക്കുന്നതിന് മറ്റു ഗവേഷണ സൗകര്യങ്ങളൊന്നും നിലവിൽ വനം വകുപ്പിൽ ലഭ്യമല്ല.

(ബി) 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയായ KIIFB-യിൽ ഉൾപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ കോട്ടൂരിൽ ആന പുനരധിവാസ കേന്ദ്രം വികസിപ്പിക്കുന്നതിനായി 105 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഗജ വിജ്ഞാന കേന്ദ്രം ഉൾപ്പെടെ അന്താരാഷ്ട്ര നിലവാരമുള്ള ഒരു ആന പുനരധിവാസ കേന്ദ്രമാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

(സി) ആനക്കൊമ്പുകൾ ഉൾപ്പെടെയുള്ള വന്യജീവി ട്രോഫികൾ പൊതുദർശനത്തിന് ഉപയോഗിക്കരുത് എന്ന വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ നിർദ്ദേശമുള്ളതിനാൽ ഇതുസംബന്ധിച്ച് നിയമപരമായ വിശദപരിശോധനയും ആവശ്യമെങ്കിൽ കേന്ദ്ര സർക്കാരിന്റെ പ്രത്യേക അനുമതിയും തേടേണ്ടതുണ്ട്.

## കണ്ണൂർ ജില്ലയിൽ വന്യജീവി ശല്യം

83 (4094) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ വന്യജീവികളുടെ ആക്രമണത്തിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ എത്ര മനുഷ്യ ജീവനുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്; ഇവരുടെ കുടുംബങ്ങൾക്ക് എത്ര രൂപ ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് തൊഴിൽ നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പേരാവൂർ മണ്ഡലത്തിലെ വന്യജീവി ശല്യം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഈ വിഷയത്തിൽ കൂടുതൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ വന്യജീവികളുടെ ആക്രമണത്തിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ 3 മനുഷ്യ ജീവനുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്. ഇതിൽ ഒരാളുടെ കുടുംബത്തിന് നഷ്ടപരിഹാരമായി 5 ലക്ഷം രൂപ നൽകിയിട്ടുണ്ട്. മറ്റ് രണ്ട് പേരുടെ മരണാനന്തര ചെലവുകൾക്കായി 15000 രൂപ വീതം നൽകിയിട്ടുണ്ട്. പിൻതുടർച്ചാ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള രേഖകൾ ലഭിക്കുന്ന മുറയ്ക്ക് ടി രണ്ടുപേരുടെയും അനന്തരാവകാശികൾക്ക് നഷ്ടപരിഹാരം നൽകുന്നതാണ്.

(ബി) 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം വന്യജീവി ആക്രമണംമൂലം ജീവനാശം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് സർക്കാർ ജോലി നൽകുന്നതിനുള്ള വ്യവസ്ഥയില്ല.

(സി) പേരാവൂർ മണ്ഡലത്തിലെ അയ്യംകുന്ന് ഗ്രാമപഞ്ചായത്തിൽ 10 കിലോമീറ്റർ സോളാർ ഫെൻസിംഗ്, ആറളം ഗ്രാമപഞ്ചായത്തിൽ 2.5 കിലോമീറ്റർ ട്രെഞ്ച് നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കേളകം ഗ്രാമപഞ്ചായത്തിൽ 2 കിലോമീറ്റർ സോളാർ ഫെൻസിംഗ് പൂർത്തീകരിക്കുകയും 9.25 കിലോമീറ്റർ ആനപ്രതിരോധ മതിൽ നിർമ്മാണം പുരോഗമിക്കുകയും ചെയ്യുന്നുണ്ട്. കൊട്ടിയൂർ ഗ്രാമപഞ്ചായത്തിലെ 17 കിലോമീറ്റർ സോളാർ ഫെൻസിംഗ് പ്രവൃത്തിയും കണിച്ചാർ ഗ്രാമപഞ്ചായത്തിൽ 7.5 കിലോമീറ്റർ സോളാർ ഫെൻസിംഗ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ഫെൻസിംഗിന്റെ പ്രവർത്തനക്ഷമത വാച്ചർമാർ നിത്യേന പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്.

കൂടാതെ കൊട്ടിയൂർ റേഞ്ചിൽ പേരാവൂർ മണ്ഡലത്തിന്റെ കീഴിൽ വരുന്ന സ്ഥലങ്ങളിൽ നാട്ടിലിറങ്ങുന്ന വന്യജീവികളെ സമയബന്ധിതമായി തുരത്തി തിരികെ കാട്ടിലേക്ക് വിടുന്നതിന് ജീവനക്കാരും വനസംരക്ഷണ സമിതി അംഗങ്ങളും തദ്ദേശീയരായ വാച്ചർമാരും പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. ടി പ്രദേശത്ത് മനുഷ്യ-വന്യജീവി സംഘർഷവുമായി ബന്ധപ്പെട്ട അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് വനം വകുപ്പിന്റെ ദ്രുതകർമ്മ സേനയുടെ ആസ്ഥാനം തളിപ്പറമ്പിൽ നിന്നും ഇരിട്ടിയിലേക്ക് മാറ്റിയിട്ടുണ്ട്. കൂടാതെ കടുത്ത വേനലിൽ ദാഹജലത്തിനായി വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി കൊട്ടിയൂർ റേഞ്ചിന്റെ കീഴിൽ വരുന്ന നെല്ലിയോടി, പരിപ്പുതോട്, ചതിരൂർ എന്നീ വനമേഖലകളിൽ ഓരോ കുളം കുഴിച്ച് വന്യമൃഗങ്ങൾക്ക് ദാഹജലം ഉറപ്പുവരുത്തിയിട്ടുണ്ട്.

7-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗസംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും, ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്ന് രൂപീകരിക്കാൻ ഉത്തരവായിട്ടുള്ള ജനജാഗ്രതാ സമിതികളുടെ ടി മേഖലയിലെ രൂപീകരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

**കാട്ടുമൃഗങ്ങൾക്ക് കുടിവെള്ളം**

84 (4095) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വേനൽ മുൻനിർത്തി കാട്ടിലെ മൃഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ മൂന്ന് മാസത്തിനിടയിൽ കാട്ടുമൃഗങ്ങൾ ജനവാസ കേന്ദ്രത്തിലിറങ്ങിയതുമൂലമുണ്ടായ ആകെ നഷ്ടങ്ങൾ കണക്കാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇതിന്റെ ഭാഗമായി കാട്ടിനുള്ളിലെ ചെക്ക് ഡാമുകളും, ഏകദേശം അഞ്ഞൂറോളം ജലസ്രോതസ്സുകളും നവീകരിക്കുകയും കുളങ്ങൾ വൃത്തിയാക്കുകയും ചെക്ക് ഡാമുകളുടെ ചോർച്ച അടച്ച് പരമാവധി ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയവ നിർമ്മിക്കുകയും ചെയ്യുന്നുണ്ട്. വനത്തിനുള്ളിലെ വയലുകളിലുണ്ടായിരുന്ന അധിനിവേശ സസ്യങ്ങളെ നീക്കം ചെയ്ത് മൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ

സസ്യങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ വർഷം സംസ്ഥാനത്തെ വനമേഖലകളിൽ 477 ഹെക്ടർ പ്രദേശത്ത് മുള തൈകൾ പുതിയതായി നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കഴിഞ്ഞ മൂന്ന് മാസത്തിനിടയിൽ കാട്ടുമൃഗങ്ങൾ ജനവാസ കേന്ദ്രത്തിലിറങ്ങിയതുമൂലമുണ്ടായ നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകളിലെ കണക്ക് പ്രകാരം നാശനഷ്ടം ഏകദേശം 1,36,18,032 രൂപയാണ്. അപേക്ഷകളുടെ പരിശോധനയും തുടർനടപടിയും സ്വീകരിച്ചുവരുന്നു.

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രികൾ**

85 (4096) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാതെ വാടകയ്ക്ക് പ്രവർത്തിക്കുന്ന മൃഗാശുപത്രികൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രികൾക്ക് സ്വന്തമായി കെട്ടിടം പണിയുവാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1. വെറ്ററിനറി ഡിസ്പെൻസറി, കിടങ്ങന്നൂർ

2. വെറ്ററിനറി ഡിസ്പെൻസറി, മെഴുവേലി

3. വെറ്ററിനറി ഹോസ്പിറ്റൽ, കോഴഞ്ചേരി.

(ബി) നടപടി സ്വീകരിച്ചുവരുന്നു. അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകുന്നതിനുവേണ്ടി പി.ഡബ്ല്യു.ഡി.-യോട് എസ്റ്റിമേറ്റ് നൽകുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

**ശ്രീമതി നിഷ എ. യ്ക്ക് ആശ്രിത നിയമനം**

86(4097) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വെറ്ററിനറി ഹോസ്പിറ്റലിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറായി ജോലി ചെയ്ത് വരവെ 28-6-2013 ന് മരണമടഞ്ഞ ഉദയന്റെ ഭാര്യ ശ്രീമതി നിഷ.എ.-യ്ക്ക് ജോലി നൽകുന്നതിന് എന്താണ് തടസ്സമെന്നറിയിക്കാമോ;

(ബി) ശ്രീമതി നിഷ. എ.-ക്ക് ആശ്രിത നിയമനം നൽകുവാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 11-12-14-ലെ സ.ഉ.(എം.എസ്.) 297/14/കൃ.വ. പ്രകാരം ശ്രീമതി നിഷ. എ. യ്ക്ക് മൃഗസംരക്ഷണ വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്കായി നിയമിച്ച് ഉത്തരവായിരുന്നു. എന്നാൽ മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമന പ്രകാരം 18 പേർ സൂപ്പർ ന്യൂമററിയിൽ ജോലിയിൽ തുടരുകയാണ്. ശ്രീമതി നിഷയുടെ എ. സീനിയോരിറ്റി ഇവർക്കും താഴെയായിട്ടാണ്. ആയതിനാൽ സൂപ്പർ ന്യൂമററിയിൽ തുടരുന്നവരെ റഗുലറൈസ് ചെയ്താൽ മാത്രമേ ടിയാൾക്ക് നിയമനം നൽകാൻ സാധിക്കുകയുള്ളൂ. ബഹു. കേരള ഹൈക്കോടതിയുടെ 25-2-2016-ലെ WPC Nos. 33621/2015 & 5960/2016 ഉത്തരവ് പ്രകാരം സൂപ്പർ ന്യൂമററിയിലുള്ളവരെ റഗുലറൈസ് ചെയ്യുന്നതിന് സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. ആയതിനാലാണ് മൃഗസംരക്ഷണ വകുപ്പിൽ ആശ്രിത നിയമനം വൈകുന്നത്.

(ബി) ബഹു. കേരള ഹൈക്കോടതിയുടെ 25-2-2016-ലെ WPC Nos 33621/2015 & 5960/2016 ഉത്തരവ് പ്രകാരമുള്ള സ്റ്റേ ഉത്തരവ് വെക്കേറ്റ് ചെയ്യുന്ന മുറയ്ക്ക് ശ്രീമതി എ. നിഷയുടെ സീനിയോരിറ്റി അനുസരിച്ച് മൃഗസംരക്ഷണ വകുപ്പിലുണ്ടാകുന്ന ഒഴിവിൽ ആശ്രിത നിയമനം നൽകുന്നതാണ്.

**തെരുവുനായ വംശവർദ്ധന നിയന്ത്രണ പദ്ധതി**

87 (4098) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പ് തെരുവുനായ വംശവർദ്ധന നിയന്ത്രണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിവരിക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) പദ്ധതിയുടെ ഫലപ്രാപ്തിയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പ് തെരുവുനായ വംശവർദ്ധന നിയന്ത്രണ പദ്ധതി എം.ബി.സി. (ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൗതികസാഹചര്യം തെരഞ്ഞെടുത്ത 51 മൃഗാശുപത്രികളിൽ സജ്ജീകരിച്ചിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എ.ബി.സി. പദ്ധതിക്കായി പ്രോജക്ടും ഫണ്ടും ലഭ്യമാക്കിയ സ്ഥലങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. വിശദമായ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഫലപ്രാപ്തിയെക്കുറിച്ച് വിലയിരുത്തൽ നടത്തിയിട്ടില്ല.

## അതിർത്തി കടത്തിക്കൊണ്ടുവരുന്ന പക്ഷിമൃഗാദികൾക്ക് സാംക്രമികരോഗ പരിശോധന

88(4099) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലേയ്ക്ക് കർണ്ണാടക അതിർത്തി കടത്തിക്കൊണ്ടുവരുന്ന പക്ഷിമൃഗാദികൾക്ക് സാംക്രമിക രോഗങ്ങൾ ഉൾപ്പെടെയുള്ളവ ഇല്ലെന്ന കാര്യം പരിശോധിച്ച് ബോധ്യപ്പെടുന്നതിന് ജില്ലയിലെ അതിർത്തി ചെക്ക് പോസ്റ്റുകളിൽ മൃഗസംരക്ഷണ വകുപ്പിന്റെ ഇടപെടലുകൾ കാര്യക്ഷമമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

ഉണ്ട്. കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക്പോസ്റ്റുകളിൽ അന്യസംസ്ഥാനത്തുനിന്നും കൊണ്ടുവരുന്ന പക്ഷി മൃഗാദികൾക്ക് അതാത് സംസ്ഥാനത്തെ അധികാരപ്പെട്ട വെറ്ററിനറി ഉദ്യോഗസ്ഥൻ നൽകിയ ആരോഗ്യ സർട്ടിഫിക്കറ്റ് പരിശോധിച്ച് രോഗമില്ല എന്ന് ബോദ്ധ്യപ്പെടുന്നവയെ മാത്രമേ കേരളത്തിലേയ്ക്ക് കടത്തിവിടുന്നുള്ളൂ.

## കാലിത്തീറ്റ വില നിയന്ത്രിക്കാൻ നടപടി

89 (4100) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റ വില നിയന്ത്രിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) മിൽമ, കേരള ഫീഡ്സ് എന്നിവ ഉത്പ്പാദിപ്പിക്കുന്ന കാലിത്തീറ്റകൾ കൂടുതൽ സബ്സിഡിയോടുകൂടി കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കന്നുകുട്ടികൾക്ക് നാല് മാസം മുതൽ മുപ്പത് മാസം പ്രായം വരെ ശാസ്ത്രീയ പരിപാലനം ഉറപ്പാക്കുന്ന ഒരു പദ്ധതിയാണ് പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി. കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ സബ്സിഡി നിരക്കിൽ സങ്കരവർഗ്ഗ കന്നുകുട്ടിയ്ക്ക് തീറ്റ ലഭ്യമാക്കി വരുന്നുണ്ട്. കാഫ് അഡോപ്ഷൻ പ്രോഗ്രാം, ഗോവർദ്ധിനി എന്നീ സ്കീമുകൾ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി മുഖേന നടപ്പാക്കിവരുന്നു. ഇതിനുപുറമേ 2016-17 സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷം കന്നുകുട്ടികളെ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. കന്നുകുട്ടികളുടെ ശാസ്ത്രീയപരിപാലനത്തിനും ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പൊതുമേഖലാസ്ഥാപനങ്ങളായ കേരള ഫീഡ്സ് ലിമിറ്റഡും മിൽമയുമാണ് കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് കേരളത്തിലുടനീളം മിതമായ നിരക്കിൽ വിപണനം നടത്തിവരുന്നത്. എന്നാൽ ഇപ്പോൾ കാലിത്തീറ്റ ഉൽപ്പാദനത്തിന് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം ഈ സ്ഥാപനങ്ങളും പ്രതിസന്ധി നേരിടുന്നുണ്ട്. ചേരുവകളുടെ വിലക്കയറ്റത്തിനനുസരിച്ച് കാലിത്തീറ്റയുടെ വില വർദ്ധിപ്പിക്കാതിരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപരിയായി വിവിധ പരിശീലന പരിപാടിയിലൂടെ പാരമ്പര്യേതര തീറ്റകൾ കൂടി തീറ്റയിൽ ഉൾപ്പെടുത്തി (Non conventional feeds) നൽകുവാനായി കർഷകരിൽ അവബോധം സൃഷ്ടിക്കുന്നുണ്ട്.

(ബി) അസംസ്കൃത വസ്തുക്കളുടെ ക്രമാതീതമായ വിലവർദ്ധനവുമൂലം ഭീമമായ നഷ്ടത്തിൽ കർഷകർക്ക് വില കുറച്ച് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് കേരള ഫീഡ്സും മിൽമയും സ്വീകരിച്ചുവരുന്നത്. നിലവിൽ സർക്കാർ സബ്സിഡി നല്കിയാണ് ഗുണമേന്മയുള്ള കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് നൽകിവരുന്നത്. കൂടുതൽ സബ്സിഡി നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പന്നിഫാമുകൾ**

90 (*T 4101) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്നിഫാമുകൾ പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

---

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) മതിയായ ലൈസൻസുകൾ നേടിയിട്ടും പഞ്ചായത്ത് തലത്തിലുള്ള അനുമതി ലഭിക്കാത്തതിനാൽ പ്രവർത്തനം സ്തംഭിച്ച പന്നിഫാമുകളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പന്നിഫാമുകളുടെ ശരിയായ പ്രവർത്തനത്തിന് മതിയായ മാർഗ്ഗരേഖ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ടി വിഷയം കൈകാര്യം ചെയ്യുന്ന തദ്ദേശസ്വയംഭരണ വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പും 254-ാം വകുപ്പും നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് 2012 ഏപ്രിൽ 13-ന് 2012-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ടി ചട്ടത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* ടി ചട്ടപ്രകാരം അഞ്ച് പന്നികളിൽ കൂടുതലുള്ള പന്നിഫാമുകൾ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്.

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പന്നിഫാമുകൾ ഉൾപ്പെടെയുള്ള എല്ലാ ഫാമുകളുടെയും പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങളെല്ലാം തന്നെ വിശദമായി 2012-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു.

**വളർത്തുമൃഗങ്ങളുടെ വിൽപ്പനശാലകൾക്ക് നിയന്ത്രണം**

91 (4102) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർത്തുമൃഗങ്ങളുടെ വിൽപ്പനശാലകൾ പ്രവർത്തിക്കുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(ബി) അടിസ്ഥാന സൗകര്യമില്ലാത്തതും ആരോഗ്യകരമല്ലാത്തതുമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന ഇത്തരം കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) രോഗം വന്നതും രോഗ പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമായ മൃഗങ്ങളുടെ വിപണനം തടയുന്നതിന് സർക്കാർ എന്തെങ്കിലും നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ രംഗത്തെ അനാരോഗ്യകരമായ പ്രവണതകൾ തടയുന്നതിനാവശ്യമായ നിയമങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരം കേന്ദ്രങ്ങളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ച് വരുന്നു.

(ബി) അടിസ്ഥാന സൗകര്യമില്ലാത്തതും ആരോഗ്യകരമല്ലാത്തതുമായ അന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) വിവരം ശേഖരിച്ച് വരുന്നു.

**വ്യാജ പാൽ വിതരണം**

92 (4103) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ശീതീകരണത്തിന്റെ ഭാരിച്ച ചെലവ് ഒഴിവാക്കാൻ അന്യസംസ്ഥാന പാൽ ലോബികൾ പാലിൽ ആന്റിബയോട്ടിക് ഗുളികകൾ പൊടിച്ചിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര റീജിയണൽ ലബോറട്ടറികളും ജില്ലാ ലബോറട്ടറികളും ഉണ്ട്; ഇത്തരം വ്യാജ പാലുകൾ പരിശോധിക്കുന്നതിന് ഇവ പര്യാപ്തമാണോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇല്ലെങ്കിൽ ഗുരുതരമായ ആരോഗ്യ പ്രശ്നത്തിന് കാരണമാകുന്ന ഇത്തരം വ്യാജ പാലുകളുടെ വിതരണം സംസ്ഥാനത്ത് തടയാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിൽ സംസ്ഥാനത്ത് ആകെ 3 ലബോറട്ടറികൾ പ്രവർത്തിക്കുന്നു. ആയതിൽ തിരുവനന്തപുരം ജില്ലയിൽ ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറിയും, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയുമാണ് പ്രവർത്തിക്കുന്നത്. പാലിൽ ആന്റിബയോട്ടിക്കുകളുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിന് ഗ്യാസ് ക്രൊമാറ്റോഗ്രാഫ് മാസ് സ്പെക്ട്രോഫോട്ടോമീറ്റർ എന്ന ഉപകരണം തിരുവനന്തപുരം, എറണാകുളം എന്നീ ലാബുകളിൽ സ്ഥാപിച്ചിട്ടുണ്ട്. കോഴിക്കോട് ലാബിൽ ഈ സാമ്പത്തിക വർഷം തന്നെ ഈ ഉപകരണം ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലാ ലബോറട്ടറിയിൽ ആന്റിബയോട്ടിക് ഒഴികെ പാലിൽ ചേർക്കുന്ന മറ്റ് രാസപദാർത്ഥങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സജ്ജീകരണങ്ങളുണ്ട്. ഇതുകൂടാതെ സംസ്ഥാനത്തുള്ള എൻ.എ.ബി.എൽ.

(നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റേഷൻ ഉള്ള മറ്റ് ലാബുകളുടെ സഹായവും ഭക്ഷ്യസുരക്ഷാ വകുപ്പ് ലഭ്യമാക്കാറുണ്ട്.

സംസ്ഥാനത്ത് ക്ഷീര വികസന വകുപ്പിന്റെ കീഴിൽ 2 റീജിയണൽ ലബോറട്ടറികൾ കോട്ടയം, കാസർഗോഡ് എന്നിവിടങ്ങളിൽ പ്രവർത്തന സജ്ജമായി വരുന്നു. ക്ഷീരവികസന വകുപ്പിന്റെ കീഴിൽ 14 ജില്ലാ ഗുണനിയന്ത്രണ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവ ജില്ലാ ലബോറട്ടറികളായിട്ടാണ് പ്രവർത്തിക്കുന്നത്. പാലിൽ ചേർത്തിട്ടുള്ള മായങ്ങളും രാസവസ്തുക്കളും പരിശോധിക്കുന്നതിന് നിലവിൽ ജില്ലാ ഗുണനിയന്ത്രണ ഓഫീസുകളിൽ സംവിധാനമുണ്ട്. കൂടാതെ ഓണക്കാലത്ത് ചെക്ക്പോസ്റ്റുകളിൽ താൽക്കാലിക പരിശോധന സംവിധാനം ഏർപ്പെടുത്തി അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്.

മിൽമാ ഡയറികളുടെ ലബോറട്ടറികളിൽ ആന്റിബയോട്ടിക് ടെസ്റ്റ്, അഡൽട്രേഷൻ ടെസ്റ്റ്, പ്രിസർവേറ്റീവ് ടെസ്റ്റ് ബാക്ടീരിയോളജിക്കൽ ടെസ്റ്റ് എന്നീ പരിശോധനകൾ കൂടി നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ പുറമേയുള്ള NABL (National Accreditation Board for Testing and Caliberation Laboratories)Accredited ലാബുകൾ വഴി മിൽമയുടെ ഡയറികൾ ഹെവിമെറ്റൽസ്, ആന്റി ബയോട്ടിക്സ്, പെസ്റ്റിസൈഡ്സ് തുടങ്ങിയവയുടെ പരിശോധനയും കൃത്യമായി നടത്തിവരുന്നു. കൃത്യമായ ഇടവേളകളിൽ ഗവൺമെന്റ് ലാബ്/ഗവൺമെന്റ് അംഗീകൃത ലാബുകളിലൂടെയും പാലിന്റെ ഗുണനിലവാര പരിശോധന മിൽമ നടത്തുകയും ചെയ്യുന്നുണ്ട്.

(സി) 2011-ൽ ഫുഡ് സേഫ്റ്റി നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി ക്ഷീരവികസന വകുപ്പിൽ നിക്ഷിപ്തമായിരുന്ന MMPO (Milk and Milk Products Order) 1992 അധികാരം ഇല്ലാതായതിനാൽ നടപടി സ്വീകരിക്കുന്നതിന് ക്ഷീരവികസന വകുപ്പിന് അധികാരമില്ല.

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിലെ ഉദ്യോഗസ്ഥർ ശേഖരിച്ച് പ്രസ്തുത വകുപ്പിന് കീഴിലുള്ള ലാബുകളിൽ പരിശോധിക്കാറുണ്ട്. പരിശോധനാ ഫലത്തിൽ ആന്റി ബയോട്ടിക്കുകളുടെ സാന്നിദ്ധ്യം കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം നിയമനടപടികൾ സ്വീകരിക്കാറുണ്ട്. ഇതുകൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള രണ്ട് മൊബൈൽ ലാബുകളുടെ സഹായത്താൽ ചെക്ക് പോസ്റ്റുകളിൽ വച്ച് അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന പാൽ പരിശോധിക്കുവാനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

## വേനൽക്കാല ക്ഷീരോത്പാദനം

93 (4104) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്ത് ക്ഷീരോത്പാദനച്ചെലവ് വർദ്ധിക്കുകയും ക്ഷീരോത്പാദനം കുറയുകയും ചെയ്യുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016 നവംബർ, ഡിസംബർ, 2017 ജനുവരി എന്നീ മാസങ്ങളിലെ സംസ്ഥാനത്തെ ക്ഷീരസംഭരണത്തിന്റെ പ്രതിമാസകണക്ക് ലഭ്യമാക്കുമോ; ഈ കാലഘട്ടത്തിലെ പാൽ വിപണനത്തിന്റെ പ്രതിമാസ കണക്ക് ലഭ്യമാക്കാമോ;

(സി) വേനൽക്കാലത്തുണ്ടാകുന്ന ഭീമമായ നഷ്ടം സഹിക്കാൻ കഴിയാതെ ക്ഷീരോത്പാദകർ ഈ മേഖലയിൽ നിന്ന് പിൻവാങ്ങുന്നത് ഒഴിവാക്കുന്നതിനു വേണ്ടി പാലിന് സീസണലായി ഉയർന്ന സംഭരണവില നിശ്ചയിക്കുകയും കാലിത്തീറ്റക്ക് ഉയർന്ന നിരക്കിലുള്ള സബ്സിഡി അനുവദിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2016 നവംബർ, 2016 ഡിസംബർ, 2017 ജനുവരി എന്നീ മാസങ്ങളിൽ ക്ഷീരസഹകരണ സംഘങ്ങൾ മുഖേന യഥാക്രമം 17.1 ലക്ഷം ലിറ്റർ, 16.3 ലക്ഷം ലിറ്റർ, 16.2 ലക്ഷം ലിറ്റർ പാൽ സംഭരിച്ചിട്ടുണ്ട്. ഇവയിൽ യഥാക്രമം 11 ലക്ഷം ലിറ്റർ, 10.9 ലക്ഷം ലിറ്റർ, 10.4 ലക്ഷം ലിറ്റർ പാൽ മാത്രമാണ് മിൽമയ്ക്ക് നൽകിയത്. ബാക്കിയുള്ളവ ക്ഷീരസംഘങ്ങൾ പ്രാദേശിക വിപണനം നടത്തുകയാണ് ചെയ്തത്.

2016 നവംബർ, 2016 ഡിസംബർ, 2017 ജനുവരി എന്നീ മാസങ്ങളിൽ മിൽമ മുഖേന യഥാക്രമം 12.7 ലക്ഷം ലിറ്റർ, 12.7 ലക്ഷം ലിറ്റർ, 12.9 ലക്ഷം ലിറ്റർ പാൽ വിപണനം നടത്തിയിട്ടുണ്ട്.

(സി) ക്ഷീരകർഷകർക്ക് ഉണ്ടാകുന്ന ഉല്പാദനച്ചെലവ്, സംസ്ഥാനത്തും അയൽ സംസ്ഥാനങ്ങളിലും നിലവിലുള്ള പാലിന്റെ സംഭരണ-വില്പന വിലകൾ, ഉപഭോക്തൃ വില്പന വിലയും വിപണിയിലെ മത്സരവും തുടങ്ങി വിവിധ കാര്യങ്ങൾ പരിഗണിച്ചതിനുശേഷമാണ് മിൽമ പാലിന്റെ സംഭരണവില നിശ്ചയിക്കുന്നത്.

വേനൽക്കാലത്ത് ക്ഷീരകർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് മിൽമയുടെ മേഖലാ യൂണിയനുകൾ അവരുടെ ലാഭവിഹിതത്തിൽ നിന്നും സംഭരണവിലയ്ക്ക് അധികമായി വേനൽക്കാല ഇൻസെന്റീവും കാലിത്തീറ്റയ്ക്ക് സബ്സിഡിയും നൽകി വരുന്നുണ്ട്.

കൂടാതെ ഇത്തവണത്തെ കടുത്ത വരൾച്ചമൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ 2017 മാർച്ച് 1 മുതൽ 31 വരെ ക്ഷീരസഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന കാലിത്തീറ്റയ്ക്ക് 50 കിലോ, ചാക്കൊന്നിന് 100 രൂപ പ്രത്യേക കിഴിവ് നൽകി വരുന്നുണ്ട്.

## തൃശ്ശൂർ മൃഗശാല പുത്തൂരിലേയ്ക്ക് മാറ്റാനുള്ള തീരുമാനം

94 (4105) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ക്ഷീര വികസനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ മൃഗശാല കൂടുതൽ വിശാലമായ പുത്തൂരിലെ വനമേഖലയിലേക്ക് മാറ്റാനുള്ള തീരുമാനം നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ബി) മൃഗശാല മാറ്റുന്നതിന് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) വനം വകുപ്പിന് നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ഈ പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുമോ;

(ഡി) ഈ പദ്ധതി എത്ര വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂരിലെ മൃഗശാല കൂടുതൽ വിശാലമായ പുത്തൂരിലെ വനമേഖലയിലേയ്ക്ക് മാറ്റാനുള്ള തീരുമാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുത്തൂരിൽ സുവോളജിക്കൽ പാർക്കിന്റെ രൂപരേഖയും ആദ്യഘട്ടത്തിന്റെ അടങ്കലും തയ്യാറാക്കി കഴിഞ്ഞു. നടപ്പാക്കുന്നതിന് തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മൃഗശാല മാറ്റുന്നതിന് കേന്ദ്ര സൂ അതോറിറ്റിയുടെ അനുമതി ലഭിച്ചിട്ടുണ്ട്.

(സി) വനം വകുപ്പിന്റെ നിലവിലുള്ള സംവിധാനം ഉപയോഗിച്ച് ഈ പദ്ധതി നടപ്പിലാക്കുവാൻ കഴിയും.

(ഡി) ഈ പദ്ധതി നാല് വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## മൃഗശാലകളുടെ നവീകരണം

95 (4106) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗശാലകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്ന് അറിയിക്കുമോ;

(ബി) ഇവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) ഉണ്ടെങ്കിൽ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) മൃഗശാലയുടെ നവീകരണത്തിനായി കേന്ദ്ര മൃഗശാല അതോറിറ്റി അംഗീകരിച്ച മാസ്റ്റർ പ്ലാൻ പ്രകാരമുള്ള നവീകരണ പ്രവർത്തനങ്ങൾ തിരുവനന്തപുരം മൃഗശാലയിൽ നടത്തിവരുന്നുണ്ട്. ജലപക്ഷികൾക്കുള്ള വാസ സ്ഥലം, നീർനായയ്ക്കുള്ള പരിബന്ധനങ്ങളുടെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഇന്ത്യൻ കാട്ടുപോത്തുകളെ പാർപ്പിക്കുന്നതിനുള്ള പരിബന്ധനത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. അക്വേറിയത്തിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മൃഗശാല സ്റ്റോറിന്റെയും മൃഗശാല ഓഫീസിന്റെയും നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കി തുക പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഒടുക്കിയിട്ടുണ്ട്. മൃഗശാലയിൽ ഇന്റർപ്രെട്ടേഷൻ സെന്റർ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. മൃഗശാലയിലേയ്ക്ക് ജിറാഫ്, സീബ്ര, വെള്ളസിംഹം, ജാഗ്വാർ, ഏഷ്യൻ സിംഹങ്ങൾ, കഴുതപ്പുലികൾ എന്നിവയെ എത്തിക്കുന്നതിന് വേണ്ട പ്രൊപ്പോസലുകൾ കേന്ദ്ര മൃഗശാല അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

തൃശ്ശൂർ മൃഗശാല പുത്തൂർ എന്ന സ്ഥലത്തേയ്ക്ക് മാറ്റുന്ന നടപടികൾ നിലവിലുള്ളതിനാൽ അത്യാവശ്യ അറ്റകുറ്റപ്പണികളല്ലാതെയുള്ള പദ്ധതികൾ അനുവദിച്ചിട്ടില്ല.

(ബി & സി) അടിസ്ഥാന സൗകര്യങ്ങൾ ശാസ്ത്രീയമായ രീതിയിൽ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സന്ദർശകർക്ക് വേണ്ടി കുടിവെള്ളം, സ്ത്രീ സന്ദർശകർക്കായി ഇ & സ്ത്രീ സൗഹൃദ ടോയ്‌ലെറ്റും വിശ്രമകേന്ദ്രവും റെയിൻ ഷെൽട്ടർ, ഇരിപ്പിടങ്ങൾ, ബാറ്ററി വാഹനങ്ങൾ, വീൽ ചെയറുകൾ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഇന്റർപ്രെട്ടേഷൻ സെന്ററുകൾ, സ്ത്രീ സൗഹൃദ ടോയ്‌ലെറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**മൃഗശാലകളിൽ ജലക്ഷാമം നേരിടാൻ നടപടി**

96 (4107) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത വരൾച്ചയും ജലക്ഷാമവും നേരിടാൻ കേരളത്തിലെ മൃഗശാലകളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി)കാലാവസ്ഥയിലെ വ്യത്യാസം കാരണം മൃഗങ്ങൾക്ക് എന്തെങ്കിലും അസുഖം ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം മൃഗശാലയിൽ വാട്ടർ റീ സൈക്ലിംഗ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി ലഭ്യമാകുന്ന ജലമാണ് മൃഗശാലയിലെ ഗാർഡൻ ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നത്. മൃഗശാലയിൽ നിലവിൽ വെള്ളം ശേഖരിച്ചുവയ്ക്കാൻ സൗകര്യമില്ലാത്ത കൂടുകളിൽ ആവശ്യത്തിന് ശുദ്ധജലം സൂക്ഷിക്കാനുതകുന്ന തരത്തിൽ ടാങ്കുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മൃഗശാലയ്ക്കുള്ളിലെ കുളത്തിൽ നിന്നുള്ള വെള്ളം മൃഗങ്ങളുടെ കൂടുകൾ കഴുകുവാനും നിലവിൽ ഉപയോഗിച്ചുവരുന്നു. കാലാവസ്ഥയിലെ വ്യത്യാസം നേരിടുന്നതിനായി മൃഗശാലയിലെ മൃഗങ്ങൾക്ക് ഉഷ്ണമകറ്റുന്നതിനായി ഫാനുകൾ സ്ഥാപിക്കുകയും, മാംസഭോജികളെ രണ്ടുനേരം കുളിപ്പിക്കുകയും മൃഗങ്ങൾക്ക് ഇടയ്ക്കിടയ്ക്ക് ജലം സ്പ്രേ ചെയ്തു നൽകുകയും ഉഷ്ണമകറ്റുന്നതിനുവേണ്ട ഭക്ഷണപദാർത്ഥങ്ങളും മരുന്നുകളും നൽകുകയും ചെയ്യുന്നുണ്ട്.

തൃശ്ശൂർ മൃഗശാലയിൽ ആവശ്യത്തിന് ജല ലഭ്യത ഉള്ളതിനാൽ ജലക്ഷാമം അനുഭവപ്പെട്ടിട്ടില്ല.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കബനി നദിക്ക് കുറുകെ തടയണ നിർമ്മാണം**

97(4108) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിലെ കബനി നദിയിൽ ജലസേചന വകുപ്പ് നിർമ്മിച്ചു വരുന്ന തടയണയുടെ നിർമ്മാണത്തെ വനം വകുപ്പ് നിരന്തരമായി തടസ്സപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിരുന്നു. വയനാട് ജില്ലയിലെ കബനി നദിയിൽ ജലസേചന വകുപ്പ് നിർമ്മിച്ചുവരുന്ന തടയണയുടെ നിർമ്മാണത്തിൽ നിലവിൽ വനം വകുപ്പിന്റെ തടസ്സം നീങ്ങിയിട്ടുണ്ട്.

**കേരള വാട്ടർ അതോറിറ്റി ടെക്നിക്കൽ സ്റ്റാഫ്**

98 (4109) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും നോർത്ത് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും ഓഫീസിൽ ആവശ്യമായ ടെക്നിക്കൽ സ്റ്റാഫിന്റെ കുറവുണ്ടെന്ന കാര്യം സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ട് ഓഫീസുകളിലും ഇപ്പോൾ ആവശ്യമായ ജീവനക്കാരുടെയും നിലവിലുള്ളവരുടെയും എണ്ണവും തസ്തികയും വെളിപ്പെടുത്താമോ;

(സി) ഒഴിവുകളിൽ അടിയന്തരമായി നിയമനം നൽകുവാനും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയം, മലപ്പുറം

| തസ്തിക | ആവശ്യമായ ജീവനക്കാരുടെ എണ്ണം | നിലവിലുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|
| സൂപ്രണ്ടിംഗ് എഞ്ചിനീയർ | 1 | 1 |
| ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് -1 | 1 | 1 |
| ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് -2 | 2 | 2 |
| ഹെഡ് ഡ്രാഫ്റ്റ്സ്മാൻ | 1 | 0 |

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, മലപ്പുറം

| തസ്തിക | ആവശ്യമായ ജീവനക്കാരുടെ എണ്ണം | നിലവിലുള്ള ജീവനക്കാരുടെ എണ്ണം |
|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 | 1 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 5 | 5 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 11 | 8 |
| ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 1 | 17 | 13 |
| ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് 2 | 17 | 17 |
| ഓവർസീയർ | 24 | 16 |

(സി) നിലവിലുള്ള ഒഴിവുകൾ കേരള വാട്ടർ അതോറിറ്റി പി.എസ്.സി.- യെ അറിയിച്ചിട്ടുണ്ട്. നിയമനശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത ഒഴിവുകൾ നികത്തുന്നതാണ്. കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പമ്പ ഇറിഗേഷൻ പ്രോജക്ട്**

99 (4110) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ പതിനായിരക്കണക്കിന് ജനങ്ങൾക്ക് വെള്ളമെത്തിക്കുന്നതും പതിനായിരക്കണക്കിന് ഹെക്ടർ നെൽപ്പാടങ്ങളിൽ ജലസേചന സൗകര്യം എത്തിക്കുന്നതുമായ പമ്പ ഇറിഗേഷൻ പ്രോജക്ട് എന്ന് കമ്മീഷൻ ചെയ്ത പദ്ധതിയാണ്;

(ബി) പ്രസ്തുത പദ്ധതിയിലുള്ള കനാലുകളുടെ ആകെ നീളം എത്രയാണെന്നും വർഷംതോറും എത്ര അളവിൽ വെള്ളം എത്തിക്കുന്നുവെന്നും ഏതുമാസം മുതൽ ഏതു മാസം വരെയാണ് കനാലിലൂടെ വെള്ളം എത്തിക്കുന്നതെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ മെയിൻ കനാൽ ഇക്കഴിഞ്ഞ മാസം പൊട്ടിയതിനെത്തുടർന്നുണ്ടായ നഷ്ടത്തിന്റെ തോത് കണക്കാക്കിയിട്ടുണ്ടോ; ആയത് പൊട്ടാനിടയായ സാഹചര്യം എന്തെന്ന് പരിശോധിക്കുകയുണ്ടായോ; ഇത് സംബന്ധിച്ച് വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(ഡി) അരനൂറ്റാണ്ടിന് മുൻപ് നിർമ്മിച്ച ഈ പദ്ധതിയുടെ കനാലുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താതിരിക്കുന്നതിന്റെ കാരണം

വ്യക്തമാക്കാമോ; കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടെ ഓരോ വർഷവും ഇതിന്റെ അറ്റകുറ്റപ്പണിക്കായി ലഭിച്ചതും ചെലവഴിച്ചതുമായ തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ഇ) സമയാസമയങ്ങളിൽ കനാലുകളുടെ അറ്റകുറ്റപ്പണി നിർവ്വഹിക്കാത്തതു മൂലവും കനാലുകളുടെ വശങ്ങളിൽ ഉണ്ടാകുന്ന കാടുകൾ യഥാസമയം വെട്ടിനീക്കാത്തതുമൂലവും കനാലുകൾക്ക് ചോർച്ചയും അതുവഴി ജലനഷ്ടത്തിനും കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി PIP യുടെ മെയിന്റനൻസിനായി ഒരു പ്രത്യേക പദ്ധതി നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) പമ്പ ഇറിഗേഷൻ പ്രോജക്ട് 1993-ൽ കമ്മീഷൻ ചെയ്തു.

(ബി) പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ മെയിൻ കനാലും ശാഖകളും ഉപശാഖകളും കൂടി ആകെ 535 കി.മീ. ദൈർഘ്യമുണ്ട്. ഓരോ വർഷവും 300 മില്യൺ ഘനമീറ്റർ വെള്ളം ലഭ്യമാക്കുന്നുണ്ട്. സാധാരണയായി എല്ലാ വർഷവും നവംബർ മുതൽ മേയ് പകുതി വരെയാണ് കനാലിൽ കൂടി വെള്ളം തുറന്നുവിടുന്നത്.

(സി) ഉണ്ട്. പൊട്ടിയ കനാലിന്റെ ഭാഗം പുനർനിർമ്മിക്കുവാൻ 28 ലക്ഷം രൂപയുടെ കരാർ നൽകി പ്രവൃത്തി നടന്നുവരുന്നു. കനാൽ പൊട്ടാനുള്ള സാഹചര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വളരെ പഴക്കം ചെന്ന ഇടതുവശത്തെ കനാൽ ബണ്ട് (ഇരുവശവും റബിൾ പിച്ചിംഗ് ചെയ്തത്) 25 മീറ്റർ നീളത്തിലും ഏകദേശം 12 മീറ്റർ ആഴത്തിലും പൊട്ടി പൊളിഞ്ഞുപോയിട്ടുണ്ട്. പൊട്ടിയ ഭാഗത്തെ കനാൽ മണ്ണിട്ടുയർത്തി നിർമ്മിച്ചിട്ടുള്ളതാണ്. കനാലിന്റെ പുറംഭാഗങ്ങൾ നിശ്ചിത ചരിവിൽ മണ്ണിട്ടുറപ്പിച്ചിട്ടുള്ളതാണ്. കനാലിനോട് ചേർന്ന് തൊട്ടുതാഴെയായി ഒരു തോട് പോകുന്നുണ്ട്. കനാലിൽ നിന്നുള്ള വെള്ളം ഈ തോട്ടിലേയ്ക്ക് ഊർന്നിറങ്ങി കനാലിന്റെ സൈഡിലെ മണ്ണ് ഇടിഞ്ഞു താഴ്ന്നതും കാലപ്പഴക്കംമൂലം കനാലിൽ കൂടിയുള്ള ചോർച്ച വർദ്ധിപ്പിച്ചതുംമൂലമാണ് കനാലിന്റെ വശങ്ങൾ പൊട്ടി പൊളിഞ്ഞത്.

(ഡി) ബജറ്റിലനുവദിക്കുന്ന തുകയ്ക്കനുസരിച്ച് കനാലുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താറുണ്ട്. മുൻ വർഷങ്ങളിൽ കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കുവേണ്ടി ബജറ്റിൽ 4 കോടി രൂപ വകയിരുത്തിയിരുന്നു. ആയത് കനാലിന്റെ അറ്റകുറ്റ പണികൾക്കുവേണ്ടി ചെലവാക്കിയിട്ടുണ്ട്.

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) ബജറ്റിൽ ഓരോ വർഷവും അനുവദിക്കുന്ന തുക കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുവാൻ തികയാതെ വന്നിരുന്നതിനാൽ അറ്റകുറ്റപ്പണികൾ നടത്താത്ത കനാലുകളിൽ കൂടി ചോർച്ചയുണ്ടാകാറുണ്ട്. മുൻ വർഷങ്ങളിൽ കനാലുകളിലൂടെയുള്ള ജലവിതരണത്തിന് മുമ്പായി ബജറ്റിൽ അനുവദിക്കുന്ന തുക വിനിയോഗിച്ചുകൊണ്ട് കനാലിന്റെ വശങ്ങളിലുണ്ടാകുന്ന കാടുകൾ വെട്ടിമാറ്റാറുണ്ട്. ഈ വർഷം തൊഴിലുറപ്പ് പദ്ധതി മുഖേനയാണ് കാടുകൾ വെട്ടിത്തെളിച്ചത്. PIP യുടെ മെയിന്റനൻസിനായി ഒരു പ്രത്യേക പദ്ധതി നടപ്പാക്കുന്ന കാര്യം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിശോധിക്കാവുന്നതാണ്.

## ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുന്നതിനായി ജലസേചന വകുപ്പ് സമർപ്പിച്ച പദ്ധതികൾ

100 (4111) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്നതിനായി പൊതു ബജറ്റിന്റെ ഭാഗമായി ധനകാര്യ വകുപ്പ് പുറത്തിറക്കിയ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുന്നതിനായി ജലസേചന വകുപ്പ് ഏതെല്ലാം പദ്ധതികളാണ് മേജർ, മൈനർ ഇറിഗേഷൻ വിഭാഗത്തിൽ സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രീൻ ബുക്കിൽ ഉൾപ്പെടാനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഓരോ പദ്ധതിക്കും എത്ര തുകയാണ് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതികൾ എന്ത് മാനദണ്ഡത്തിലാണ് ജലസേചന വകുപ്പ് തെരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മറുപടി അനുബന്ധമായി ചേർക്കുന്നു.*

(ബി) ലെറ്റർ ഓഫ് ക്രെഡിറ്റ് സിസ്റ്റം നിലവിലുള്ള വകുപ്പുകളിൽ പഴയ സിസ്റ്റം തന്നെ തുടരുന്നതിനാണ് തീരുമാനമായിട്ടുള്ളത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്ലാനിംഗ് ആന്റ് ഇക്കണോമിക്സ് അഫയേഴ്സ് (എ) വകുപ്പിന്റെ 30-1-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 06/2017/പി.എൽ.ജി. ഉത്തരവിൽ മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) മറ്റ് സ്കീമുകളിൽ അനുമതി ലഭിക്കാത്തതും ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതുമായ പ്രവർത്തികളാണ് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്താനായി സമർപ്പിച്ചിരുന്നത്.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

101 (4112) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പ് മൈനർ ഇറിഗേഷൻ മുഖാന്തരം നടപ്പാക്കുന്ന ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം മാവേലിക്കര നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിച്ചിട്ടുള്ളതെന്നും അനുവദിച്ച തുകയും വിശദമാക്കുമോ?

ഉത്തരം

മൈനർ ഇറിഗേഷൻ മുഖാന്തരം മാവേലിക്കര നിയോജകമണ്ഡലത്തിൽ 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയിൽപ്പെടുത്തി കുളങ്ങളൊന്നും നവീകരിച്ചിട്ടില്ല.

**ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുന്നതിനായുള്ള കുടിവെള്ള പദ്ധതികൾ**

102 (4113) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിമൂന്നാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്നതിനായി പൊതു ബജറ്റിന്റെ ഭാഗമായി ധനകാര്യ വകുപ്പ് പുറത്തിറക്കിയ ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തുന്നതിനായി ജലസേചന വകുപ്പ് ഏതെല്ലാം കുടിവെള്ള പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുകയാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതികൾ എന്ത് മാനദണ്ഡത്തിലാണ് ജലസേചന വകുപ്പ് തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ജലസേചന വകുപ്പ് കുടിവെള്ള പദ്ധതികൾ ഒന്നും സമർപ്പിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പുഴയുടെ തീരങ്ങൾ ഇടിഞ്ഞ് കൃഷിഭൂമി നശിക്കുന്ന സാഹചര്യം

103 (4114) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഴക്കാലത്ത് വെള്ളം കുത്തിയൊലിക്കുന്നതുകൊണ്ടും കരയിടിച്ച് മണൽ വാരുന്നതുകൊണ്ടും പുഴയുടെ തീരങ്ങൾ ഇടിഞ്ഞ് കൃഷിഭൂമി നശിപ്പിക്കപ്പെടുന്നത് തടയാൻ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ?

### ഉത്തരം

പുഴയുടെയും തോടുകളുടെയും തീരസംരക്ഷണ പ്രവൃത്തികൾ ഫ്ലഡ് ഡാമേജ്, ഫ്ലഡ് കൺട്രോൾ, റിവർ മാനേജ്മെന്റ് ഫണ്ട് എന്നീ പദ്ധതികളിലുൾപ്പെടുത്തി പ്രവൃത്തിയുടെ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയും അനുസരിച്ചാണ് നടപ്പിലാക്കി വരുന്നത്.

## ചിമ്മിനി ഡാം തുറക്കുകയും അടയ്ക്കുകയും ചെയ്ത തീയതികൾ

104 (4115) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-1-2017 മുതൽ നാളിതുവരെ ചിമ്മിനി ഡാം തുറക്കുകയും അടയ്ക്കുകയും ചെയ്ത തീയതികൾ എതെല്ലാമാണ്;

(ബി) ഡാം അടയ്ക്കുന്നതിനും തുറക്കുന്നതിനും നിലവിൽ ഏതെങ്കിലും ചട്ടങ്ങളും ഉത്തരവുകളുമുണ്ടോ; ഡാം അടയ്ക്കുകയും തുറക്കുകയും ചെയ്തിട്ടുള്ളത് പ്രസ്തുത ചട്ടങ്ങളും ഉത്തരവുകളും പാലിച്ചിട്ടാണോ;

(സി) 2017 ജനുവരി മാസം ചിമ്മിനി ഡാം തുറന്നതിനുശേഷം അടച്ചത് ആരുടെ നിർദ്ദേശപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 18-11-2016-ന് തുറന്ന ഡാം 22-1-2017-ന് അടയ്ക്കുകയും 26-1-2017-ന് തുറന്ന ഡാം 21-2-2017-ന് അടയ്ക്കുകയുമുണ്ടായി. 6-3-2017-ന് വീണ്ടും തുറന്ന ഡാം മുഖേന ജലവിതരണം തുടർന്നുകൊണ്ടിരിക്കുന്നു.

(ബി) മഴക്കാലത്ത് ഡാമിലെ വെള്ളം ഫുൾ റിസർവോയർ ലെവലിൽ (FRL) എത്തിക്കഴിയുമ്പോൾ മഴക്കെടുതികൾ ഒഴിവാക്കുന്നതിനുവേണ്ടി ചട്ടങ്ങൾ പ്രകാരമുള്ള മുന്നറിയിപ്പുകൾ നൽകിയതിനുശേഷമാണ് ഡാമിലെ വെള്ളം തുറന്നുവിടുന്നത്. കൂടാതെ കർഷകരുടെ ആവശ്യമനുസരിച്ചും പ്രോജക്ട് അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനപ്രകാരവുമാണ് കനാൽ വഴിയുള്ള ജലവിതരണത്തിനുവേണ്ടി ഡാം ഷട്ടർ തുറക്കാറുള്ളത്.

(സി) സാധാരണയായി തൃശ്ശൂർ കോൾ ഉപദേശക സമിതിയുടെ നിർദ്ദേശങ്ങൾ കൂടി പരിഗണിച്ചാണ് ഡാം തുറക്കുകയും അടയ്ക്കുകയും ചെയ്തുവരുന്നത്. എന്നാൽ ഈ വർഷം കഠിനമായ വരൾച്ച ഉണ്ടായതിനാൽ ജില്ലാതല ദുരന്ത നിവാരണ കമ്മിറ്റിയുടെ ചെയർമാൻ കൂടിയായ ജില്ലാകളക്ടറുടെ നിർദ്ദേശപ്രകാരമാണ് ചിറകളുടെ നിർമ്മാണത്തിനായി 22-1-2017-ന് ഡാം അടയ്ക്കുകയും 26-1-2017-ന് തുറക്കുകയും ചെയ്തത്. കോൾ കൃഷിക്കാരുടെയും ഉപദേശക സമിതി അംഗങ്ങളുടെയും അഭിപ്രായങ്ങൾക്കനുസരിച്ചും 20-2-2017-ന് ബഹു. വ്യവസായ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന വരൾച്ച അവലോകന യോഗത്തിൽ തീരുമാനിച്ച പ്രകാരവുമാണ് 21-2-2017-ന് ഡാം അടച്ചത്. 4-3-2017-ന് ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന കോൾ ഉപദേശക സമിതി തീരുമാനപ്രകാരമാണ് 6-3-2017-ന് കുടിവെള്ളത്തിനുള്ള ആവശ്യത്തിലേയ്ക്കായി ഡാം തുറന്നത്.

## ചിത്താരി റെഗുലേറ്റർ കം ബ്രിഡ്ജ്

105(4116) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചിത്താരി റെഗുലേറ്റർ കം ബ്രിഡ്ജ് ഉപയോഗ യോഗ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ&ബി) ഈ പദ്ധതിക്ക് 13-ാം ധനകാര്യ കമ്മീഷനിലുൾപ്പെടുത്തി 160 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയെങ്കിലും പ്രസ്തുത പദ്ധതി കാഞ്ഞങ്ങാട്- കാസർഗോഡ് കെ.എസ്.ടി.പി. റോഡിന്റെ ഭാഗമായതിനാൽ പാലം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാനുള്ള കാലതാമസംമൂലം പദ്ധതി തുടങ്ങാൻ സാധിച്ചില്ല. എന്നാൽ പദ്ധതി തുടങ്ങാൻ തടസ്സമില്ലെന്ന് കെ.എസ്.ടി.പി. അധികൃതർ അറിയിച്ചിട്ടുണ്ട്. ഇപ്പോൾ കെ.എസ്.ടി.പി.-യുടെ പാലം പണി കഴിഞ്ഞിട്ടുണ്ട്. പാലത്തിന്റെ അടിത്തട്ട് പരിശോധിച്ചപ്പോൾ പാലത്തിന്റെ തൂണുകൾ റെഗുലേറ്ററിന്റെ ഏപ്രണിൽ കൂടിയാണ് നിർമ്മിച്ചിട്ടുള്ളത്. ആയതിനാൽ ഏപ്രൺ പൂർണ്ണമായി പരിശോധിച്ച് പുതിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

**ജലസമൃദ്ധി പദ്ധതി**

106 (4117) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജലസമൃദ്ധി പദ്ധതി നടപ്പാക്കാൻ എന്തെങ്കിലും നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിവരിക്കുമോ;

(ബി) കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും അവിടത്തെ ജല സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ ജനപ്രതിനിധികളെയും വിവിധ വകുപ്പുതല ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് തോടുകളിലും നദികളിലും മറ്റും വിവിധ തരം തടയണകളും ചെറിയ ചെക്ക് ഡാമുകളും നിർമ്മിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഹരിത കേരള മിഷനിൽ ഉൾപ്പെട്ട ജലവിഭവ സംരക്ഷണ പ്രവർത്തനങ്ങൾക്കായി രൂപം കൊടുത്ത ജലസമൃദ്ധി പദ്ധതിയുടെ ലക്ഷ്യവും പരിപാടികളും ജീവനക്കാരിലും ജനപ്രതിനിധികളിലും എത്തിക്കുന്നതിനായി പരിശീലനം നൽകുന്നതിനുള്ള കൈപുസ്തകം തയ്യാറായി വരുന്നു. ആദ്യഘട്ട പരിശീലന പരിപാടികൾ ഏപ്രിൽ ആദ്യവാരം നടപ്പിലാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ജലസമൃദ്ധി പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സാങ്കേതിക വിദഗ്ദ്ധർ, യുവജന സംഘടനകൾ, വിദ്യാർത്ഥികൾ, സന്നദ്ധസംഘടനകൾ ജലവിഭവ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങിയ സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. നീർത്തടാധിഷ്ഠിത പദ്ധതികളുമായി ബന്ധപ്പെടുത്തിക്കൊണ്ട് അനുയോജ്യമായ പ്രദേശങ്ങളിൽ നദികളിലും തോടുകളിലും വിവിധതരം തടയണകളും ചെക്ക് ഡാമുകളും നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കുക തുടങ്ങിയവ ജലസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സ്ഥലപരിശോധന നടത്തി ആവശ്യകതയുടെ അടിസ്ഥാനത്തിലും ഫണ്ടിന്റെ ലഭ്യതയനുസരിച്ചും പ്രവൃത്തികൾ ഏറ്റെടുക്കാവുന്നതാണ്.

വരൾച്ചാക്കാലത്ത് സ്രോതസ്സിലെ ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കേരള ജല അതോറിറ്റി താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പുവരുത്താറുണ്ട്.

ജലനിധി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകളിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിനായി തടയണകളുൾപ്പെടെ വിവിധതരം ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ജലനിധിയുടെ രണ്ടാം ഘട്ട പദ്ധതിയിൽ ബാച്ച് 1, 2 പഞ്ചായത്തുകളിലെ കുടിവെള്ള സ്രോതസ്സുകളിൽ തടയണകൾ കെട്ടി ജലലഭ്യത ഉറപ്പാക്കുന്നുണ്ട്.

## തോട്ടുകളിൽ പോള ശല്യം

107 (4118) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമരകം, തിരുവാർപ്പ് പ്രദേശങ്ങളിലെ തോട്ടുകളിൽ പോള ശല്യം കാരണം ജലമലിനീകരണം, ഗതാഗത തടസ്സം, ആരോഗ്യ പ്രശ്നങ്ങൾ എന്നിവ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പ്രശ്നം പരിഹരിക്കാൻ പുതിയ പദ്ധതികൾ എന്തെങ്കിലും ആവിഷ്കരിക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് കുമരകം, തിരുവാർപ്പ് പഞ്ചായത്തുകളിലുള്ള തോട്ടുകളുടെ പുനരുദ്ധാരണത്തിന് 850 ലക്ഷം രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി. കുമരകം പഞ്ചായത്തിൽ ജലക്രാന്തി അഭിയാൻ എന്ന കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുമ്പോൾ പോളയുടെ ശല്യം ഒരു പരിധി വരെ പരിഹരിക്കാൻ കഴിയുന്നതാണ്. കൂടാതെ ഇറിഗേഷൻ (മെക്കാനിക്കൽ) വിഭാഗത്തിന്റെ പക്കലുള്ള പോള വാരൽ യന്ത്രവും ഇതിനായി ആവശ്യാനുസരണം ഉപയുക്തമാക്കാവുന്നതാണ്. ഈ പ്രവൃത്തി ഹരിതകേരളം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലുൾപ്പെടുത്തുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## ചടയമംഗലത്തെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ

108 (4119) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന മൈനർ ഇറിഗേഷൻ പ്രവൃത്തികളുടെ വിശദാംശം വെളിപ്പെടുത്തുമോ ; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

വിശദാംശം താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1. | ചടയമംഗലം പഞ്ചായത്തിൽ പുങ്കോട് പുത്തൻവിള വാട്ടർ അതോറിറ്റി പമ്പ് ഹൗസിന് സമീപം ഇത്തിക്കര ആറിന് കുറുകെയുള്ള തടയണയുടെ നിർമ്മാണം | 45,00,000 | പ്രവൃത്തി പുരോഗതിയിലാണ് |
| 2. | ചടയമംഗലം പഞ്ചായത്തിൽ കുഴിയം വാട്ടർ അതോറിറ്റി പമ്പ് ഹൗസിന് സമീപം ഇത്തിക്കര ആറിന് കുറുകെയുള്ള തടയണയുടെ നിർമ്മാണം | 45,00,000 | പ്രവൃത്തി പുരോഗതിയിലാണ് |
| 3. | ഇട്ടിവ പഞ്ചായത്തിൽ കോട്ടുക്കൽ കൃഷി ഫാമിന് സമീപം ഇത്തിക്കര ആറിന് കുറുകെയുള്ള തടയണയുടെ നിർമ്മാണം | 51,50,000 | പ്രവൃത്തി പുരോഗതിയിലാണ് |

**ഏനാമാക്കൽ, ഇടിയഞ്ചിറ റിംഗ് ബോണ്ട്**

109 (4120) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റിംഗ് ബണ്ട് നിർമ്മാണത്തിനായി പ്രതിവർഷം വരുന്ന ചെലവ് എത്രയാണ്;

(ബി) വർഷം തോറുമുള്ള ആവർത്തന ചെലവ് ഒഴിവാക്കുന്നതിനും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനുമായി സ്ഥിരം സംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഏനാമാക്കൽ, ഇടിയഞ്ചിറ റിംഗ് ബണ്ട് നിർമ്മാണത്തിനായി 2015-16, 2016-17 വർഷങ്ങളിൽ ചെലവഴിച്ച തുക താഴെപ്പറയുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ തുക | വർഷം | |
|---|---|---|---|---|
| | | | 2015-16 | 2016-17 |
| 1 | ഏനാമാക്കൽ റിംഗ് ബണ്ട് | എസ്റ്റിമേറ്റ് പി.എ.സി. | 29,75,730 | 19,85,514 |
| | | എഗ്രീഡ് പി.എ.സി. | 29,40,286 | 21,84,058 |
| 2 | ഇടിയഞ്ചിറ റിംഗ് ബണ്ട് | എസ്റ്റിമേറ്റ് പി.എ.സി. | 9,28,095 | 6,11,970 |
| | | എഗ്രീഡ് പി.എ.സി. | 9,10,831 | 6,67,471 |

(ബി) ഏനാമാക്കലിലും ഇടിയഞ്ചിറയിലും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി റെഗുലേറ്ററുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ കാലപ്പഴക്കംമൂലം ഇവയിലുണ്ടാകുന്ന ചോർച്ച തടയുന്നതിനുവേണ്ടിയാണ് താൽക്കാലിക ബണ്ടുകൾ നിർമ്മിച്ചുവരുന്നത്. റെഗുലേറ്ററുകളുടെ ചോർച്ച തടയുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

**പമ്പാ നദിക്ക് സംരക്ഷണഭിത്തി**

110 (4121) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലൂടെ കടന്നു പോകുന്ന പമ്പാനദിയുടെ തീരങ്ങൾ ഇടിഞ്ഞു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി തീരങ്ങൾ ഇടിഞ്ഞുപോകുന്നത് തടയാൻ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) തീരങ്ങൾ ഇടിഞ്ഞു നാശനഷ്ടവും വസ്തുക്കളും നഷ്ടപ്പെട്ടവർ സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) പരാതികളിന്മേൽ വിശദമായ അന്വേഷണം നടത്തി സൂപ്രണ്ടിംഗ് എഞ്ചിനീയർ മുൻഗണനാ ക്രമമനുസരിച്ച് സമർപ്പിക്കുന്ന എസ്റ്റിമേറ്റുകളിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രവൃത്തികൾക്ക് അംഗീകാരം നൽകാറുണ്ട്.

## ഏറ്റുമാനൂർ പട്ടർമഠം കുടിവെള്ള പദ്ധതി

111 (4122) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ പട്ടർമഠം കുടിവെള്ള പദ്ധതിയുടെ പ്രയോജനം അതിരമ്പുഴ പഞ്ചായത്തിൽ ലഭിക്കുന്നതിന് ആവശ്യമായ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി)ഏറ്റുമാനൂർ പട്ടർമഠം കുടിവെള്ള പദ്ധതിയുടെ പ്രയോജനം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിനാവശ്യമായ ഡിസ്ട്രിബ്യൂഷൻ ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ-സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം അതിരമ്പുഴ പഞ്ചായത്തിൽ ലഭിക്കുന്നതിലേയ്ക്കായി വിതരണശൃംഖല സ്ഥാപിക്കുന്നതിന് 15.80 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇതിനാവശ്യമായ ഫണ്ട് ലഭ്യമായിട്ടില്ല. മറ്റ് പ്രദേശങ്ങളിൽ കൂടി പദ്ധതിയുടെ പ്രയോജനം വ്യാപിപ്പിക്കുന്നത് സംബന്ധിച്ച വിഷയം കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.

## ഗ്രാജ്വേറ്റ് അപ്രന്റീസ് ട്രെയിനികൾ

112 (4123) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസേചന വകുപ്പിന്റെ പെരിയാർവാലി ആലുവ ഡിവിഷനിലെ വിവിധ ഓഫീസുകളിൽ ഗ്രാജ്വേറ്റ് അപ്രന്റീസ് ട്രെയിനികളായി ജോലി ചെയ്യുന്നവരുടെ പ്രതിമാസ വേതനം പൊതുമേഖലാ സ്ഥാപനങ്ങളിലെ അപ്രന്റീസ് ട്രെയിനികളുടെ പ്രതിമാസ വേതനത്തേക്കാൾ വളരെ കുറഞ്ഞതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിച്ച് യോഗ്യതയ്ക്കനുസരിച്ച് അർഹമായ വേതനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ& ബി) ജലസേചന വകുപ്പിന്റെ പെരിയാർവാലി ആലുവ ഡിവിഷനിലെ വിവിധ ഓഫീസുകളിൽ ഗ്രാജുവേറ്റ് അപ്രന്റീസ് ട്രെയിനികൾക്ക് ഭാരത സർക്കാരിന്റെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് ട്രെയിനിംഗിന്റെ 2014 ഡിസംബർ 19-ലെ ജി.എസ്.ആർ./910(ഇ) നമ്പരായിട്ടുള്ള വിജ്ഞാപനപ്രകാരം പ്രതിമാസം 4894 രൂപ സ്റ്റൈപ്പന്റായി നൽകി വരുന്നു.

**മങ്കേരിയിൽ ജലസേചന സൗകര്യം**

113 (4124) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ മങ്കേരി പാടശേഖരസമിതി ചെയർമാൻ ശ്രീ. കെ. പി. പരമേശ്വരൻ നായർ ജലസേചനസൗകര്യം ലഭ്യമാക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനം ജലവിഭവവകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) നെൽകൃഷി പരിപോഷിപ്പിക്കുവാനും ജലദൗർലഭ്യം ഒഴിവാക്കുവാനുമായി തടയണ നിർമ്മിക്കണമെന്ന ആവശ്യം പരിഗണിക്കുമോ;

(സി) ഇത് സംബന്ധിച്ച് ജലവിഭവവകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. പ്രസ്തുത നിവേദനത്തിന്മേൽ അടിയന്തര റിപ്പോർട്ട് സമർപ്പിക്കുവാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കുട്ടനാട്ടിലെ തോടുകൾ ആഴം കൂട്ടാൻ നടപടി**

114 (4125) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ തോടുകൾ ആഴം കൂട്ടാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) തോടുകൾ ആഴം കൂട്ടി, കൃഷിക്ക് ജല ലഭ്യത ഉറപ്പ് വരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ & ബി) കുട്ടനാട് പാക്കേജിൽ ഉൾപ്പെട്ട വെള്ളപ്പൊക്ക നിയന്ത്രണ പ്രവൃത്തികളുടെ ഭാഗമായുള്ള പാടശേഖരങ്ങളുടെ പുറംബണ്ട് സംരക്ഷണത്തിനും അനുബന്ധ പ്രവൃത്തികൾക്കും തോടുകളിൽ നിന്നും ചെളിയെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ സ്വാഭാവികമായും തോടുകളുടെ ആഴം കൂടി ജലലഭ്യത കൂടും. കൂടാതെ ആലപ്പുഴ ചങ്ങനാശ്ശേരി റോഡിന് സമാന്തരമായുള്ള എ.സി. കനാൽ തടസ്സങ്ങൾ നീക്കി വിപുലീകരിക്കുന്ന പദ്ധതികളുടെ ഒന്നാം ഘട്ടമായ മനയ്ക്കൽ ചിറ മുതൽ ഒന്നാം കര വരെ പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**കുട്ടനാട്ടിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

115 (4126) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) കുട്ടനാട്ടിൽ ലിഫ്റ്റ് ഇറിഗേഷൻ കൂടുതൽ കാര്യക്ഷമമാക്കി, നെൽകൃഷി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നവീകരിക്കുന്നതിനും ഇത്തരം പദ്ധതികൾ കൂടുതൽ ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കുട്ടനാട്ടിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളൊന്നും തന്നെ നിലവിലില്ല.

(ബി&സി) കുട്ടനാട്ടിൽ കൃഷിക്ക് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആവശ്യമായി വരുന്ന പക്ഷം നടപടി സ്വീകരിക്കുന്നതാണ്.

**പെരുമ്പപുഴക്ക് കുറുകെ റെഗുലേറ്റർ കം ബ്രിഡ്ജ്**

116 (4127) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പെരുമ്പപുഴക്ക് കുറുകെ നട്ടിക്കടവിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ജലസേചന വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ബി) രൂക്ഷമായ വരൾച്ച പരിഗണിച്ച് കുടിവെള്ളത്തിന് ബുദ്ധിമുട്ടുന്ന നൂറു കണക്കിന് കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിന് സഹായകരമായ ഈ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിൽ പെരുമ്പപുഴക്ക് കുറുകെ നട്ടിക്കടവിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനുവേണ്ടി പര്യവേക്ഷണം നടത്തുന്നതിലേയ്ക്കായി 8.5 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി ചീഫ് എഞ്ചിനീയർ, ഐ.ഡി.ആർ.ബി. നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ഐ.ഡി.ആർ.ബി.) തയ്യാറാക്കി വരുന്നു.

**കുടിവെള്ള ക്ഷാമം**

117(4128) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ജില്ലകൾ തിരിച്ച് തുക കൈമാറിയിട്ടുണ്ടോ;

(ബി) കൈമാറിയിട്ടുണ്ടെങ്കിൽ വിശദ വിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 11-11-2016-ലെ സ.ഉ.(സാധാ) നമ്പർ 4743/16/ഡി.എം.ഡി. പ്രകാരം വരൾച്ചാ ദുരിതാശ്വാസത്തിനായി 20 കോടി രൂപ ജില്ലാ കളക്ടർമാർക്ക് റവന്യൂ വകുപ്പ് താഴെപ്പറയും പ്രകാരം അനുവദിച്ചിട്ടുണ്ട്. അതിൽ 7 കോടി രൂപ കുടിവെള്ള വിതരണത്തിനാണ്.

| Allotment (Rs. in crore) | | | |
|---|---|---|---|
| District | 2245-01-101-99 Drought- Supply of seeds, Fertilisers, and agricul-tural implements | 2245-01-102-99 Drought-Drinking Water Supply | Total Allotment |
| (1) | (2) | (3) | (4) |
| Thiruvananthapuram | 1.50 | 0.50 | 2.00 |
| Kollam | 1.00 | 0.50 | 1.50 |

| (1) | (2) | (3) | (4) |
|---|---|---|---|
| Pathanamthitta | 0.50 | 0.50 | 1.00 |
| Alappuzha | 0.75 | 0.50 | 1.25 |
| Kottayam | 0.75 | 0.50 | 1.25 |
| Idukki | 0.50 | 0.50 | 1.00 |
| Ernakulam | 1.00 | 0.50 | 1.50 |
| Thrissur | 1.50 | 0.50 | 2.00 |
| Palakkad | 1.25 | 0.50 | 1.75 |
| Malappuram | 1.50 | 0.50 | 2.00 |
| Kozhikode | 0.75 | 0.50 | 1.25 |
| Wayanad | 0.75 | 0.50 | 1.25 |
| Kannur | 0.50 | 0.50 | 1.25 |
| Kasargode | 0.50 | 0.50 | 1.00 |
| Total | 13.00 | 7.00 | 20.00 |

കുടിവെള്ള വിതരണത്തിനായി 22.5 കോടി രൂപ ജില്ലാ കളക്ടർമാർക്ക് 20-2-2017-ലെ സ.ഉ.(സാധാ) നം. 714/17/ആർ.ഡി. പ്രകാരം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം താഴെപ്പറയുന്നു.

| District | Amount sanctioned |
|---|---|
| (1) | (2) |
| Thiruvananthapuram | 1,50,00,000 |
| Kollam | 1,50,00,000 |
| Pathanamthitta | 1,50,00,000 |
| Alappuzha | 1,50,00,000 |
| Kottayam | 1,50,00,000 |
| Idukki | 1,50,00,000 |
| Ernakulam | 1,50,00,000 |
| Thrissur | 1,50,00,000 |
| Palakkad | 2,50,00,000 |

| (1) | (2) |
|---|---|
| Malappuram | 1,50,00,000 |
| Kozhikode | 1,50,00,000 |
| Wayanad | 2,00,00,000 |
| Kannur | 1,50,00,000 |
| Kasargode | 1,50,00,000 |
| Total | 22,50,00,000 |

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് ജില്ലകൾ തിരിച്ച് തുക കൈമാറിയിട്ടില്ല. എന്നാൽ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 40 കോടി രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 10-3-2017-ലെ സ.ഉ.(സാധാ) നമ്പർ 189/17/ജവിവ. പ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് അനുവദിച്ചിട്ടുണ്ട്.

**കൃഷിക്കാവശ്യമായ ജലസേചനത്തിന് കർമ്മപദ്ധതികൾ**

118 (4129) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷിക്കാവശ്യമായ ജലസേചനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കൃഷിക്ക് വേണ്ടി ജലം കൂടുതൽ സ്ഥലത്ത് എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിവരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം പദ്ധതികളും പ്രവൃത്തികളുമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കൃഷിക്കാവശ്യമായ ജലസേചനം നിലവിലുള്ള വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ കനാലുകൾ, ചെറുകിട ജലസേചന പദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ തുടങ്ങിയവ വഴിയാണ് നടത്തുന്നത്. ഇവയുടെ വാർഷിക അറ്റകുറ്റപ്പണികൾ പുനരുദ്ധാരണ പ്രവൃത്തികൾ എന്നിവ സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് നടത്തുന്നു. ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിൽ ചിലതിന്റെ അറ്റകുറ്റപ്പണികളും പുനഃസ്ഥാപനവും NABARD സഹായത്തോടെയും നടത്തുന്നുണ്ട്.

കൂടാതെ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച PMKSY (പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന) പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കൃഷിക്കാവശ്യമായ ഇറിഗേഷൻ പ്ലാനുകൾ (DIP-ഡിസ്ട്രിക്ട് ഇറിഗേഷൻ പ്ലാൻ) തയ്യാറാക്കിയിട്ടുണ്ട്. ഡി.ഐ.പി. യിൽ ഉൾപ്പെട്ട ജലസേചന പ്രവൃത്തികളുടെ 2016-2017-ന്റെ ആനുവൽ ആക്ഷൻ പ്ലാൻ ജലസേചന പ്രവൃത്തികളുടെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കി വരുന്നു. പൂർത്തീകരിച്ച റിപ്പോർട്ടുകൾ സെൻട്രൽ വാട്ടർ കമ്മീഷന്റെ പ്രാഥമിക പരിശോധനയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

PMKSY-യുടെ AIBP(ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം)-ൽ തിരഞ്ഞെടുത്ത 99 പ്രയോറിറ്റൈസ്ഡ് പദ്ധതികളിൽ കേരളത്തിൽ നിന്നും മൂവാറ്റുപുഴ, കാരാപ്പുഴ എന്നീ പദ്ധതികളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇവ കൂടാതെ സംസ്ഥാന പദ്ധതിയായ "ഹരിത കേരളം" പദ്ധതിയിൽ നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണ ശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജലലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്.

(ബി) നിലവിലുള്ള പദ്ധതികളുടെ കനാലുകൾ, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, കാഡ കനാലുകൾ, ചാലുകൾ തുടങ്ങിയവയുടെ പുനരുദ്ധാരണം, പുനർനിർമ്മാണം, മൈക്രോ ഇറിഗേഷൻ പദ്ധതികൾ തുടങ്ങിയവ വഴി കൃഷിക്കാവശ്യമായ ജലം കൂടുതൽ സ്ഥലങ്ങളിൽ ലഭ്യമാക്കുന്നുണ്ട്. കൂടാതെ കാർഷിക ആവശ്യങ്ങൾക്ക് ജലം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തടയണകൾ/വി.സി.ബി./ആർ.സി.ബി.- കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു.

- വയനാട് ജില്ലയിൽ കബനി സബ് ബേസിനിൽ നടപ്പ് സാമ്പത്തിക വർഷം പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 35 കോടി രൂപ ചെലവിൽ 24 ചെക്ക്ഡാമുകൾ, ഒരു റെഗുലേറ്റർ, ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി എന്നിവ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. പാലക്കാട് ജില്ലയിലെ ഭവാനി സബ് ബേസിനിൽ 3.125 കോടി രൂപ ചെലവിൽ 3 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഉൾപ്പെടെ 4 പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. 2 തടയണകളുടെ പണി പുരോഗതിയിലാണ്.

- കാസർഗോഡ് പാക്കേജിൽ 2016-2017 വർഷത്തിൽ 17 പ്രവൃത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ പാണ്ടിക്കണ്ടം ആർ.സി.ബി. നിർമ്മാണം പൂർത്തിയായി.

- കണ്ണൂർ ജില്ലയിലെ പ്രധാന പദ്ധതികളായ ചമതച്ചാൽ, കാര്യങ്കോട്, നീട്ടു പറമ്പ എന്നീ ആർ.സി.ബി.-കളുടെ പ്രവർത്തി പുരോഗമിച്ചു വരുന്നു.

- മലപ്പുറം ജില്ലയിലെ പൂക്കോട്ടുമന, ഓടായിക്കൽ, ക്ലൂട്ടലങ്ങാടി എന്നീ ആർ.സി.ബി.-കളുടെ നിർമ്മാണം പൂർത്തിയായി.

- പാലക്കാട് ജില്ലയിലെ ഭാരതപ്പുഴയിലെ ക്ലൂട്ടക്കടവ്, ചെങ്ങണാംകുന്ന് എന്നീ റെഗുലേറ്ററുകളുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

- എറണാകുളം ജില്ലയിൽ നബാർഡിന്റെ ധനസഹായത്തോടെയുള്ള പുറപ്പള്ളിക്കടവ്, പാതാളം എന്നീ ആർ.സി.ബി.-കളുടെ പ്രവൃത്തികൾ പൂർത്തിയായി ജലം ശേഖരിക്കുകയും ചെയ്തിട്ടുണ്ട്.

- തൃശ്ശൂർ ജില്ലയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ ക്ലൂട്ടിൽമുക്ക് തടയണ, മണാലി പുഴയ്ക്ക് കുറുകെ പാണഞ്ചേരി തടയണ എന്നിവയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കുറുമാലി പുഴയ്ക്ക് കുറുകെ ആറ്റപ്പിള്ളി ആർ.സി.ബി.-യുടെ ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. ചാലക്കുടിപ്പുഴയ്ക്ക് കുറുകെ തട്ടുപാറ തടയണയുടെ ശേഷിക്കുന്ന പ്രവൃത്തികളും പുരോഗമിക്കുന്നു.

(സി) മേൽപ്പറഞ്ഞ പ്രവൃത്തികൾക്കുള്ള പദ്ധതികൾ താഴെ പറയുന്നവയാണ്.

- സ്റ്റേറ്റ് പ്ലാൻ ഫണ്ടുപയോഗിച്ചുള്ള പുതിയ പ്രവൃത്തികൾ.

- നോൺ പ്ലാൻ ഫണ്ടുപയോഗിച്ചുള്ള ജലസംരക്ഷണ, പുനരുദ്ധാരണ പ്രവൃത്തികൾ.

<u>പി.എം.കെ.എസ്.വൈ.</u>

1. എ.ഐ.ബി.പി.

   നിലവിലുള്ള വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ ദ്രുതഗതിയിലുള്ള പൂർത്തിയാക്കൽ ലക്ഷ്യമിട്ടുള്ള പരിപാടി, മൂവാറ്റുപുഴ, കാരാപ്പുഴ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

2. ഹർ ഖേത് കൊ പാനി (HKKP)

ചെറുകിട ജലസേചനം വഴി പുതിയ ജല സ്രോതസ്സുകൾ സൃഷ്ടിക്കുക, നിലവിലുള്ള ജലസ്രോതസ്സുകളുടെ കേടുകൾ തീർക്കൽ, പുതുക്കൽ, പുനർനിർമ്മാണം (RRR റിപ്പയർ, റിനവേഷൻ & റെസ്റ്റൊറേഷൻ), പരമ്പരാഗത ജലസ്രോതസ്സുകളുടെ സംഭരണ ശേഷി വർദ്ധിപ്പിക്കുക, കമാന്റ് ഏരിയ വികസനം, പരമ്പരാഗത ജലസംഭരണ സമ്പ്രദായങ്ങളുടെ പുനരുജ്ജീവനം എന്നീ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

3. കമാന്റ് ഏരിയ ഡെവലപ്മെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ്

കൃഷിക്കാവശ്യമായ ജലം കൃഷി സ്ഥലങ്ങളിൽ എത്തിക്കുന്നതിനും കാഡ ചാലുകളും ഫീൽഡ് ബൂത്തികളും പ്രവർത്തന യോഗ്യമാക്കുകയും പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന പദ്ധതികളിൽ കാഡ ചാലുകളും ഫീൽഡ് ബൂത്തികളും നിർമ്മിക്കുകയും ചെയ്യുന്നു.

4. തൃശ്ശൂർ, പൊന്നാനി എന്നീ പ്രദേശങ്ങളിലെ വരൾച്ച പ്രതിരോധിക്കുന്നതിനും, കോൾ നിലങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി പ്രഖ്യാപിച്ച തലപ്പിള്ളി പാക്കേജിൽ 2013-14, 2014-2015, 2015-2016, 2016-2017 സാമ്പത്തിക വർഷങ്ങളിലായി 76 പ്രവൃത്തികൾക്ക് 19 കോടി രൂപ അനുവദിച്ചതിൽ ഇതുവരെ 257 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ തോട്ടുമുഖം, പീലാർമുഴി എന്നീ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

**പാർവതീപുത്തനാറിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി**

119 (4130) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർവതീപുത്തനാർ വൃത്തിയാക്കുന്നതിനും ആറ്റിലെ വെള്ളം കടലിലേക്ക് ഒഴുകിപ്പോകുന്നത് സുഗമമാക്കുന്നതിനുമായി മൂന്നു വർഷത്തിനിടെ ചെലവഴിച്ച തുകയും പ്രസ്തുത പ്രവൃത്തിക്കോരോന്നിനും ചെലവഴിച്ച തുകയും എത്രയാണെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ബി) പാർവതീപുത്തനാറിന്റെ ഇരു കരയിലുമുള്ള വീടുകളും സ്ഥാപനങ്ങളും കക്കൂസ് മാലിന്യമുൾപ്പെടെയുള്ള മാലിന്യങ്ങൾ ഒഴുക്കി വിടുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; ഇരു കരകളിലെയും വീടുകളിലെ കക്കൂസ് മാലിന്യം മാറ്റുന്നതിനായി ഡ്രെയിനേജ് സംവിധാനം നടപ്പാക്കുമോ;

(സി) പാർവതീപുത്തനാറിലെ മലിനജലം തിരുവല്ലം ആറിലേക്ക് ഒഴുകി വരുന്നത് തടയുന്നതിനായി ഇടയാർ പാലത്തിൽ ഒരു ഷട്ടർ നിർമ്മിക്കുമോ; ഷട്ടർ നിർമ്മിക്കുന്നതിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് ഇൻലാന്റ് നാവിഗേഷൻ വകുപ്പ് മുഖേന തയ്യാറാക്കുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) പാർവതീപുത്തനാർ വൃത്തിയാക്കുന്നതിനും ജലനിർഗ്ഗമനം സുഗമമാക്കുന്നതിനുമായി രണ്ട് പ്രവൃത്തികൾ നടപ്പിലാക്കുകയും അതിനായി 82,60,477 രൂപ(എൺപത്തിരണ്ടു ലക്ഷത്തി അറുപതിനായിരത്തി നാന്നൂറ്റി എഴുപത്തിയേഴ് രൂപ) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

1. പാർവതീപുത്തനാറിന്റെ പുനരുദ്ധാരണത്തിനായി കുന്നമണൽ ഭാഗത്ത് ചെ.4140 മീറ്റർ മുതൽ 4440 മീറ്റർ വരെയുള്ള മണൽ നീക്കുന്ന പ്രവൃത്തി- ചെലവഴിച്ച തുക -33,41,797 രൂപ
2. പാർവതീപുത്തനാറിന്റെ കോവളം മുതൽ ആക്കുളം വരെയുള്ള ക്ലീനിംഗ് പ്രവൃത്തികൾ - ചെലവഴിച്ച തുക -49,18,680 രൂപ

(ബി) നാഷണൽ ലേക്ക് കൺസർവേഷൻ സ്കീമിൽ കേന്ദ്ര വിഹിതത്തിൽ മുൻകൂറായി അനുവദിച്ച 4,298 കോടി രൂപ ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് മുഖേന ആക്കുളത്ത് സ്വീവേജ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

പാർവതീപുത്തനാറിന്റെ വള്ളക്കടവ് മുതൽ മൂന്നാറ്റുമുക്ക് വരെയുള്ള ഇരുകരകളിലും താമസിക്കുന്നവരുടെ വീടുകളിലെ കക്കൂസ് മാലിന്യമുൾപ്പെടെയുള്ള മാലിന്യങ്ങൾ ഒഴുക്കി വിടുന്നത് തടയുന്നതിന് വേണ്ടി സ്വീവറേജ് സംവിധാനം രൂപകൽപ്പന ചെയ്യുന്നതിലേയ്ക്ക് ആവശ്യമായ സർവ്വേ അടക്കമുള്ള ഇൻവെസ്റ്റിഗേഷൻ നടത്തിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തി സാങ്കേതിക ഘടകങ്ങൾ പരിഗണിച്ച് സാധ്യമായ സ്ഥലങ്ങളിൽ പ്രോജക്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി എടുത്തു വരുന്നു.

(സി) പാർവതീപുത്തനാറിന്റെ നവീകരണത്തിനായി KIIFB മുഖാന്തരം സമർപ്പിച്ച പ്രോജക്ടിൽ പാർവതീപുത്തനാറിന്റെ അലൈൻമെന്റ് തിരുവല്ലം വഴിയാണ് ഫിക്സ് ചെയ്തിരിക്കുന്നത്. ആയതിനാൽ ഇടയാർ പാലത്തിൽ ഷട്ടർ നിർമ്മിക്കുന്നത് ജലഗതാഗതം തടസ്സപ്പെടുമെന്ന് വിലയിരുത്തിയിട്ടുണ്ട്.

**മഴ, ജലം എന്നിവയുടെ ലഭ്യത**

120 (4131) ശ്രീ. കെ. കൃഷ്ണൻകുട്ടി:

ശ്രീ. സി. കെ. നാണു:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നിയോജകമണ്ഡലങ്ങളിൽ മഴ ഏറ്റവും കുറവ് ലഭിക്കുന്നതും ഏറ്റവും ജലക്ഷാമം അനുഭവപ്പെടുന്നതുമായ നിയോജകമണ്ഡലം ഏതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ നിയോജകമണ്ഡലത്തിന് കുടിവെള്ളം, ജലസേചനം, ഭൂഗർഭ ജലം എന്നീ വകുപ്പുകളിൽപ്പെട്ട പദ്ധതികൾക്കായി 2017-18 സാമ്പത്തികവർഷം എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(സി) കേരളത്തിൽ ഏറ്റവും കൂടുതൽ ജലലഭ്യതയുള്ളതും ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നതും ഏറ്റവും കൂടുതൽ നെൽകൃഷി ഉള്ളതുമായ നിയോജകമണ്ഡലം ഏതെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ നിയോജകമണ്ഡലത്തിനായി കുടിവെള്ളം, ജലസേചനം, ഭൂഗർഭജലം എന്നീ വകുപ്പുകൾക്കായി എത്ര രൂപ വകയിരുത്തിയിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിൽ മഴമാപിനികൾ സ്ഥാപിച്ചിട്ടില്ല. സ്ഥാപിച്ച മഴമാപിനികളുടെയും മറ്റ് മാർഗ്ഗേണ ലഭ്യമാകുന്ന മഴമാപിനികളുടെയും കണക്കുകളുടെ അടിസ്ഥാനത്തിൽ 2016 വർഷത്തിൽ ദേവികുളം നിയോജക മണ്ഡലത്തിലാണ് ഏറ്റവും കുറവ് മഴ ലഭ്യമായിട്ടുള്ളത്. പാലക്കാട് ജില്ലയിലെ വടകരപ്പതി, എരുത്തേനംപതി, കൊഴിഞ്ഞാമ്പാറ പ്രദേശങ്ങൾ ഉൾപ്പെടുന്ന ചിറ്റൂർ നിയോജകമണ്ഡലം പൊതുവെ മഴ കുറവുള്ള പ്രദേശമാണ്. ഭാരതപ്പുഴയിൽ ഒഴുക്ക് നിലച്ചതിനാൽ ഷൊർണ്ണൂർ, എടപ്പാൾ, തിരൂർ എന്നീ പ്രദേശങ്ങളിലും വാമനപുരം നദിയിൽ ഒഴുക്ക് നന്നേ കുറഞ്ഞതിനാൽ ആറ്റിങ്ങൽ, വർക്കല പ്രദേശങ്ങളിലും കടുത്ത ജലക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2017-2018 സാമ്പത്തിക വർഷത്തിൽ കുടിവെള്ളം, ജലസേചനം, ഭൂഗർഭജലം എന്നീ വകുപ്പുകൾക്കായി മാറ്റി വച്ചിട്ടുള്ള തുക സംബന്ധിച്ച് നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമല്ല. എന്നാൽ ഓരോ മണ്ഡലത്തിലും ഏറ്റെടുക്കുന്ന പ്രവൃത്തികൾക്കനുസരിച്ച് ലഭ്യമായ തുക വിനിയോഗിക്കുകയാണ് ചെയ്യുന്നത്.

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേരള ജല അതോറിറ്റിക്ക് 2016-2017 ൽ 40 കോടി രൂപ പ്ലാൻ ഫണ്ടിൽ ലഭ്യമാക്കിയിട്ടുണ്ട്. ഈ തുക വിവിധ ജില്ലകളിലായി മുൻഗണനാടിസ്ഥാനത്തിലുള്ള പ്രവൃത്തികൾ ചെയ്യാൻ വിനിയോഗിക്കുന്നതാണ്.

(സി) ജലവിഭവ വകുപ്പിൻ കീഴിലെ ഐ.ഡി.ആർ.ബി.-യുടെ നിയന്ത്രണത്തിൽ സ്ഥാപിച്ച മഴമാപിനികളുടെയും മറ്റ് മാർഗ്ഗേണ ലഭ്യമാകുന്ന മഴമാപിനികളുടെയും കണക്കുകളുടെ അടിസ്ഥാനത്തിൽ 2016 വർഷത്തിൽ പിറവം നിയോജക മണ്ഡലത്തിലാണ് ഏറ്റവും കൂടുതൽ മഴ ലഭ്യമായിട്ടുള്ളത്.

2013 -ലെ ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മറ്റി റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക് അമിത ചൂഷിത ബ്ലോക്കായും, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് എന്നിവ ക്രിട്ടിക്കൽ വിഭാഗത്തിലും കണ്ണൂർ ജില്ലയിലെ കണ്ണൂർ കട്ടപ്പന ബ്ലോക്ക്, പാനൂർ ബ്ലോക്ക്, തലശ്ശേരി ബ്ലോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന ബ്ലോക്ക്, നെടുങ്കണ്ടം ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക്, കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര ബ്ലോക്കുകൾ, പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക്, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല ബ്ലോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം ബ്ലോക്കുകൾ തുടങ്ങിയവ സെമിക്രിട്ടിക്കൽ വിഭാഗത്തിലും ബാക്കിയുള്ള 131 ബ്ലോക്കുകൾ സുരക്ഷിത വിഭാഗത്തിലും പെടുന്നു.

കേരളത്തിൽ ഏറ്റവും കൂടുതൽ നെൽകൃഷി ഉള്ളത് പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലാണ് എന്നാണ് കൃഷി വകുപ്പ് അറിയിച്ചിട്ടുള്ളത്.

(ഡി) 2017-2018 സാമ്പത്തിക വർഷത്തിൽ കുടിവെള്ളം, ജലസേചനം, ഭൂഗർഭജലം എന്നീ വകുപ്പുകൾക്കായി മാറ്റിവച്ചിട്ടുള്ള തുക സംബന്ധിച്ച് നിയോജകമണ്ഡലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമല്ല. എന്നാൽ, ഓരോ മണ്ഡലത്തിലും ഏറ്റെടുക്കുന്ന പ്രവൃത്തികൾക്കനുസരിച്ച് ലഭ്യമായ തുക വിനിയോഗിക്കുകയാണ് ചെയ്യുന്നത്.

## ഭൂജലനിരപ്പ്

121 (4132) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭൂജല വകുപ്പ് പഠനപ്രകാരം സംസ്ഥാനത്ത് തിരഞ്ഞെടുത്ത കിണറുകളിൽ നടത്തിയ പരിശോധനകളിൽ ഭൂജല നിരപ്പ് എത്ര താഴ്ന്നിട്ടുണ്ട് എന്ന് റിപ്പോർട്ടു ചെയ്തിട്ടുണ്ടെന്നും ഇതിനുള്ള കാരണങ്ങളായി പഠന റിപ്പോർട്ടിൽ പറയുന്നത് എന്തൊക്കെയെന്നും വ്യക്തമാക്കുമോ;

(ബി) പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഭൂജല നിരപ്പു താഴുന്നതിനു കാരണങ്ങളായ ജലോപയോഗം, മൺസൂൺ മഴ ലഭ്യതയിലെ ഘടനാമാറ്റം തുടങ്ങിയവ സംബന്ധിച്ച് ജലവിഭവ വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) വേനൽക്കാലത്ത് കഴിഞ്ഞ പത്ത് വർഷകാലയളവിലെ സംസ്ഥാന ഭൂഗർഭജലനിരപ്പ് (വർഷം തിരിച്ച്) എത്രയെന്നും ഇതിൽ ഏറ്റവും കൂടുതൽ ജലനിരപ്പ് താണത് ഏതുവർഷത്തിലാണ് എന്നും വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് ഓരോ വർഷവും കൃഷിക്കും കുടിവെള്ളത്തിനുമായി എത്ര അളവ് ഭൂഗർഭജലം ഉപയോഗിക്കുന്നുവെന്നും മൺസൂൺ തുടങ്ങി പ്രകൃത്യാ നമുക്കു ലഭിക്കുന്ന ജലലഭ്യത എത്രയെന്നും ലഭ്യമാകുന്ന ഭൂജലത്തിൽ നിന്നും നഷ്ടപ്പെടുന്ന ഭൂജലം എത്രയെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേന്ദ്ര ഭൂജല ബോർഡ് കേരള റീജിയൻ നടത്തിയ പഠനപ്രകാരം 2017 ജനുവരി മാസത്തിൽ ലഭിച്ച ജലവിതാനത്തിന്റെ കണക്കും 2016 ജനുവരി മാസത്തിൽ ലഭിച്ച ജലവിതാനത്തിന്റെ കണക്കും താരതമ്യം ചെയ്യുമ്പോൾ 71% കിണറുകളിൽ രണ്ട് മീറ്ററും 8% കിണറുകളിൽ രണ്ട് മുതൽ നാല് മീറ്റർ വരെയും ജലവിതാനത്തിൽ കുറവുള്ളതായി കാണുന്നു. പ്രധാനമായും മഴയിലുണ്ടായ ക്രമാതീതമായ കുറവാണ് ജലിതാനത്തിലെ കുറവിന് കാരണമായി കണക്കാക്കിയിട്ടുള്ളത്.

(ബി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഭൂജല വകുപ്പ് പഠനങ്ങൾ നടത്തിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന ഭൂജല വകുപ്പ് സംസ്ഥാനത്ത് നിരീക്ഷണക്കിണറുകളിൽ നിന്നും ജലവിതാനം ശേഖരിച്ച് പഠനം നടത്തി വരുന്നു. ഇതനുസരിച്ച് 2007 മുതൽ ശേഖരിച്ച ഡാറ്റാ പ്രകാരം സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും 2017 ഫെബ്രുവരി മാസത്തിലെ ജലനിരപ്പ് മറ്റു വർഷങ്ങളിലെ ശരാശരി ജലവിതാനത്തിലും താഴെയാണ്. പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജല ലഭ്യതയെ കുറിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. 2013-ലെ ഡൈനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള റിപ്പോർട്ടുപ്രകാരമുള്ള ഭൂജല ലഭ്യതയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു.* ഇതനുസരിച്ച് വാർഷിക ഭൂജല സംപോഷണത്തിന്റെ അളവ് 6.25 ബില്യൻ ക്യൂബിക് മീറ്റർ ആണ്. വാർഷിക ഭൂജലലഭ്യത 5.65 ബില്യൻ ക്യൂബിക് മീറ്ററും കാർഷിക ഉപഭോഗം 1.18 ബില്യൻ ക്യൂബിക് മീറ്ററും കുടിവെള്ളത്തിനും വ്യാവസായിക ആവശ്യങ്ങൾക്കുമായി 1.45 ക്യൂബിക് മീറ്ററും ആണ് കണക്കാക്കിയിട്ടുള്ളത്. 2013 മാർച്ചിന് ശേഷമുള്ള ഭൂജലത്തിന്റെ ലഭ്യതയുടെയും ഭൂജല ഉപഭോഗത്തിന്റെയും കണക്കുകൾ സംബന്ധിച്ച പഠനങ്ങൾ നടന്നു വരുന്നു. ഇതിൽ വാർഷിക ഭൂജലസംപോഷണത്തിന്റെ അളവായ 6.25 ബില്യൻ ക്യൂബിക് മീറ്റർ ഭൂജലം ഒഴുകി നഷ്ടപ്പെടുന്നതായാണ് കണക്കാക്കിയിട്ടുള്ളത്.

**ഭൂജലലഭ്യത**

122 (4133) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ശരാശരി ഭൂജലലഭ്യത എത്രയെന്നും ലഭ്യമായ ഭൂജലം സംരക്ഷിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും എത്ര ഭൂജലം വർഷാവർഷം നഷ്ടപ്പെടുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) നടപ്പുവർഷം ഉൾപ്പെടെ കഴിഞ്ഞ പത്ത് വർഷക്കാലയളവിൽ ഓരോ വർഷവും സംസ്ഥാനത്തിന് ലഭിച്ച മഴവെള്ളമുൾപ്പെടെയുള്ള ഭൂജലലഭ്യത എത്ര എന്നും സംസ്ഥാനത്തുള്ള ജലചൂഷണം എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഏതെല്ലാം മേഖലകളിലാണ് ജലചൂഷണം നടക്കുന്നത്; സംസ്ഥാന ഭൂജല ലഭ്യതയുടെ എത്ര ശതമാനമാണ് ഇത്; ഇതു തടയുവാൻ മുൻസർക്കാർ എന്തു നടപടി സ്വീകരിച്ചു; ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു; വിശദാംശം ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ജലമലിനീകരണത്തിന്റെ തോത് എത്ര; ഇതു തടഞ്ഞ് നദികൾ, കുളങ്ങൾ, തോടുകൾ എന്നിവയുൾപ്പെടെയുള്ള തണ്ണീർത്തട സംരക്ഷണത്തിനായി മുൻസർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു?

ഉത്തരം

(എ) ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജല ലഭ്യതയെ കുറിച്ച് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. 2013-ലെ ഡൈനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള റിപ്പോർട്ടു പ്രകാരമുള്ള ഭൂജല ലഭ്യതയുടെ കണക്ക് അനുബന്ധമായി ചേർക്കുന്നു*. ഭൂജല വിതാനം ഉയർത്തുന്നതിനായി ഫലപ്രദമായ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ അവലംബിച്ചു വരുന്നുണ്ട്.

(ബി) സംസ്ഥാന ഭൂജല വകുപ്പ് സംസ്ഥാനത്തെ നിരീക്ഷണക്കിണറുകളിൽ നിന്നും ജലവിതാനം ശേഖരിച്ച് പഠനം നടത്തുന്നുണ്ട്. ഇതനുസരിച്ച് 2017 ഫെബ്രുവരി മാസത്തിലെ ശരാശരി ജലവിതാനം കഴിഞ്ഞ 10 വർഷത്തെ ശരാശരി ജലവിതാനത്തേക്കാൾ കുറവാണെന്ന് കാണുന്നു. ജലവിതാനം ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.

(സി) ഭൂജലം, കുടിവെള്ളം, കൃഷി, വ്യാവസായിക മേഖലകൾ ഇവയിൽ വൻതോതിൽ ഉപയോഗിച്ചു വരുന്നു. കഴിഞ്ഞ വർഷം മഴയുടെ കുറവുമൂലം ഭൂജല വിതാനത്തിൽ സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്. ഭൂജല വിതാനം ഉയർത്തുന്നതിനായി ഫലപ്രദമായ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ അവലംബിച്ചു വരുന്നു.

(ഡി) സംസ്ഥാനത്തെ പുഴകളുടെ മലിനീകരണത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി കേരളത്തിലെ നദികളിൽ വിവിധ സ്ഥലങ്ങളിലായി വിവിധ സ്റ്റേഷനുകളിൽ നിന്നും മലിനീകരണ നിയന്ത്രണ ബോർഡ് വെള്ളത്തിന്റെ സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തി വരുന്നു. ബോർഡിന്റെ പരിശോധനാ ഫലങ്ങൾ അനുസരിച്ച് പുഴകളിലെ വെള്ളത്തിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലാണ്. പുഴക്കരയിലുള്ള നഗരങ്ങളിലും പട്ടണങ്ങളിലും ശാസ്ത്രീയമായ രീതിയിലുള്ള സ്വീവേജ് ശേഖരണ ശുദ്ധീകരണ സംവിധാനങ്ങളുടെ അപര്യാപ്തതയാണ് കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലായി കാണുന്നതിന്റെ കാരണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്ത് നദികളും പുഴകളും അടക്കമുള്ള ജലസ്രോതസ്സുകളിലെ മലിനീകരണ നിയന്ത്രണത്തിനായി ജലസ്രോതസ്സുകളിലേയ്ക്ക് പാഴ്ജലം ഒഴുക്കുന്നതിന് ജല നിയമം 1974 പ്രകാരം ബോർഡ് നിയന്ത്രണം ഏർപ്പെടുത്തി വരുന്നു. വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവിടങ്ങളിൽ നിന്നെല്ലാം പുറത്തുവിടുന്ന സ്വീവേജ് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജല മലിനീകരണത്തിന് കാരണമാകുന്നതിനാൽ പ്രസ്തുത സ്ഥാപനങ്ങളെ ജല നിയമ പ്രകാരമുള്ള അനുമതി പരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജല മലിനീകരണം നിയന്ത്രിച്ചു വരുന്നു.

## കേരളത്തിലെ ഭൂജലനിരപ്പ്

123 (4134) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഭൂജലവകുപ്പിന്റെ റിപ്പോർട്ടു പ്രകാരം കേരളത്തിലെ ഭൂജല നിരപ്പ് മുൻ വർഷങ്ങളിലേക്കാൾ നാല് മീറ്റർ വരെ താഴ്ന്നതായി കണ്ടെത്തിയതിനാൽ മുൻകരുതൽ എന്ന നിലയ്ക്ക് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിന്റെ കണക്ക് പ്രകാരം ഭൂജലനിരപ്പ് എത്ര വരെ താഴ്ന്നിട്ടുണ്ട്; വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷത്തിൽ ലഭിച്ച മഴയുടെ അളവിൽ ഉണ്ടായ കുറവ് നിമിത്തം ഭൂജല വിതാനത്തിൽ സാരമായ കുറവ് സംഭവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഏകദേശം 65 ലക്ഷത്തോളം തുറന്ന കിണറുകൾ ഉണ്ട്. ഈ തുറന്നകിണറുകൾ ഫലപ്രദമായി റീചാർജ്ജ് ചെയ്യുന്നതിലൂടെ കൂടുതൽ ജലം മണ്ണിലേയ്ക്ക് ആഴ്ന്നിറങ്ങി ജലവിതാനം ഉയർത്താൻ സഹായിക്കുന്നു. ഇതു കൂടാതെ തടയണകൾ, അടിയണകൾ എന്നിവ നിർമ്മിച്ചും കൂടുതൽ ഭൂജലസംപോഷണ മാർഗ്ഗങ്ങൾ അവലംബിച്ചും ഭൂജലവിതാനം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഭൂജലവകുപ്പ് സംസ്ഥാനത്തെ നിരീക്ഷണ കിണറുകളിൽ നിന്നും ജലവിതാനം ശേഖരിച്ച് പഠനം നടത്തുന്നുണ്ട്. ഇതനുസരിച്ച് 2017 ഫെബ്രുവരി മാസത്തിലെ ശരാശരി ജലവിതാനം കഴിഞ്ഞ 10 വർഷത്തെ ശരാശരി ജലവിതാനത്തെക്കാൾ കുറവായതായി കാണുന്നു. ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊട്ടാരക്കര മണ്ഡലത്തിലെ കുഴൽക്കിണർ

124 (4135) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ഭൂഗർഭ ജലവകുപ്പ് നിർമ്മിച്ച കുഴൽക്കിണറുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) അവയിൽ എത്രയെണ്ണം ഇപ്പോൾ തകരാറായിട്ടുണ്ട്; അവ നന്നാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) വരൾച്ചാകാലത്ത് ജലവിതരണം സുഗമമാക്കാൻ എത്ര കുഴൽക്കിണറുകൾ ഈ മണ്ഡലത്തിൽ നവീകരിച്ചു; അതിന് ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ)

| | | |
|---|---|---|
| എഴുകോൺ | - | 27 |
| കരിപ്ര | - | 7 |
| കൊട്ടാരക്കര | - | 14 |
| മൈലം | - | 45 |
| കുളക്കട | - | 32 |
| നെടുവത്തൂർ | - | 22 |
| ഉമ്മന്നൂർ | - | 73 |
| വെളിയം | - | 34 |
| ആകെ | - | 284 |

(ബി) 284 എണ്ണത്തിൽ 121 കുഴൽക്കിണറുകൾ ഇപ്പോൾ തകരാറിലാണ്. രാജീവ് ഗാന്ധി കുടിവെള്ള പദ്ധതിയിലുൾപ്പെടുത്തി 72 എണ്ണം റിപ്പയർ ചെയ്യാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) 72 കുഴൽക്കിണറുകൾ നവീകരിച്ചു. 18,65,161 രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## ചടയമംഗലം മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

125 (4136) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലവിഭവ വകുപ്പ് വഴി ചടയമംഗലം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ; ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ജലസേചന വകുപ്പ്

ചടയമംഗലം പഞ്ചായത്തിൽ പൂങ്കോട് പുത്തൻവിള വാട്ടർ അതോറിറ്റി പമ്പ് ഹൗസിന് സമീപം ഇത്തിക്കര ആറിന് കുറുകെയുള്ള തടയണയുടെ നിർമ്മാണം - തുക 45,00,000 പ്രവൃത്തി പുരോഗതിയിലാണ്.

ചടയമംഗലം പഞ്ചായത്തിൽ കുഴിയം വാട്ടർ അതോറിറ്റി പമ്പ് ഹൗസിന് സമീപം ഇത്തിക്കര ആറിന് കുറുകെയുള്ള തടയണയുടെ നിർമ്മാണം - 45,00,000, പ്രവൃത്തി പുരോഗതിയിലാണ്.

ഇട്ടിവ പഞ്ചായത്തിൽ കോട്ടുക്കൽ കൃഷി ഫാമിന് സമീപം ഇത്തിക്കര ആറിന് കുറുകെയുള്ള തടയണയുടെ നിർമ്മാണം - 51,50,000, പ്രവൃത്തി പുരോഗതിയിലാണ്.

കേരള ജല അതോറിറ്റി

ചടയമംഗലം മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഭൂജല വകുപ്പ്

ചടയമംഗലം മണ്ഡലത്തിലെ 9 പഞ്ചായത്തുകളിൽ (അടയമൺ, ചടയമംഗലം, ചിതറ, ഇളമാട്, ഇട്ടിവ, കടയ്ക്കൽ നിലമേൽ, കുമ്മിൾ, വെളിനെല്ലൂർ) കുഴൽക്കിണർ കൈപമ്പ് അറ്റകുറ്റപ്പണികൾക്കും ചെറുകിട കുടിവെള്ള പദ്ധതി നവീകരണത്തിനുമായി 20,10,181 രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. കടയ്ക്കൽ പഞ്ചായത്തിലെ കിണറ്റിൻമുക്ക് കോളനിയിൽ ചെറുകിട കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 7,75,299 രൂപയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. നിലമേൽ പഞ്ചായത്തിലെ വേയ്ക്കൽ മുളവിള കോളനി(7,25,800 രൂപ), പുള്ളിപച്ച കോളനി (6,61,000 രൂപ),കാവൂർ കോണം കോളനി(6,48,000 രൂപ) എന്നീ പദ്ധതികൾക്ക് എസ്.സി. ഡെവലപ്മെന്റ് കോർപ്പസ് ഫണ്ടിൽപ്പെടുത്തി ചെറുകിട കുടിവെള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഒരു പഞ്ചായത്തിൽ ഒരു കുളം**

126 (4137) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 354 കുളങ്ങൾ നവീകരിക്കുന്നതിനായി അംഗീകാരം നല്കിയതിൽ 220 കുളങ്ങളുടെ പ്രവൃത്തി പൂർത്തിയായി.

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലില്ല. ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങൾ നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചൊവ്വര ശുദ്ധജല പദ്ധതി**

127 (4138) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13 എം.എൽ.ഡി. സ്ഥാപിത ശേഷിയുള്ള ചൊവ്വര ശുദ്ധജല പദ്ധതി (പഴയത്), 63 എം.എൽ.ഡി. സ്ഥാപിത ശേഷിയുള്ള ചൊവ്വര ശുദ്ധജല പദ്ധതി (പുതിയത്) എന്നിവ ആരംഭിച്ചത് ഏതു വർഷം എന്ന് വ്യക്തമാക്കാമോ;

(ബി) 63 എം.എൽ.ഡി. സ്ഥാപിത ശേഷിയുള്ള ചൊവ്വര ശുദ്ധജല പദ്ധതി(പുതിയത്) യിൽനിന്നും നിലവിൽ വിതരണം ചെയ്യുന്ന പ്രദേശങ്ങളിൽ അല്ലാതെ മറ്റെവിടേക്കെങ്കിലും ശുദ്ധജലം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഏതൊക്കെ ആവശ്യത്തിനെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ ഒരു തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ) 1914-ൽ 3 mld സ്ഥാപിതശേഷിയോടെ ആരംഭിച്ച ചൊവ്വര ശുദ്ധജല പദ്ധതി (പഴയത്) 1941-ലും 1956-ലും നടത്തിയ വിപുലീകരണത്തോടെയാണ് സ്ഥാപിത ശേഷി 13 mld ആയി വർദ്ധിച്ചത്. 63 mld സ്ഥാപിതശേഷിയുള്ള ചൊവ്വര ശുദ്ധജല പദ്ധതി (പുതിയത്) 2006- ൽ ആരംഭിച്ചു.

(ബി) ഉണ്ട്.

(സി&ഡി) ജലനിധി-II പദ്ധതിയിൽ നെടുമ്പാശ്ശേരിക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിക്കായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു.

പഴയ 13 mld ശുദ്ധീകരണശാല പുനരുദ്ധരിച്ച് ശേഷി പൂർണ്ണതോതിൽ എത്തിച്ചും, 2019 വരെയുള്ള ശുദ്ധജല ആവശ്യകത കണക്കിലെടുത്ത് 63 mld ശുദ്ധീകരണശാലയിലെ നിലവിലുള്ള പ്രദേശങ്ങളിലെ ആവശ്യകത കഴിഞ്ഞ് അധികം വരുന്ന ജലവും ഈ ശുദ്ധീകരണശാല പുനഃരുദ്ധരിച്ച് ഉത്പാദനശേഷി കൂട്ടി ലഭിക്കുന്ന ജലവും മേൽ പ്രസ്താവിച്ച പദ്ധതിക്കായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നു.

**പ്ലാൻ ഫണ്ടിലെ പദ്ധതികൾ**

128 (4139) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനായി ജലസേചന വകുപ്പ്, ജല അതോറിറ്റി, ഭൂജല വകുപ്പ് എന്നിവ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

കേരള ജല അതോറിറ്റി

സംസ്ഥാന ബജറ്റിൽ 2016-2017-ൽ താഴെപ്പറയുന്ന വിഭാഗങ്ങളിലാണ് പ്രധാനമായും ഫണ്ട് അനുവദിച്ചിരിക്കുന്നത്.

1. നഗര പദ്ധതികളുടെ പുനരുദ്ധാരണവും മെച്ചപ്പെടുത്തലും.

2. ഗ്രാമീണ ജലവിതരണ പദ്ധതികൾ

3. ഉൽപ്പാദനവും വിതരണവും മെച്ചപ്പെടുത്തൽ

മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ഉൾപ്പെടുത്താനായി ഓരോ സ്ഥലത്തേയും ആവശ്യം അനുസരിച്ച് ഭരണാനുമതി നൽകുന്നതിനായി പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു. ഈ പ്രൊപ്പോസലുകൾ 5 കോടി രൂപ വരെയുള്ളത് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെയും 5 കോടി രൂപയ്ക്ക് മുകളിലുള്ളത് ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെയും പരിഗണനയ്ക്ക് ശേഷം ഭരണാനുമതി നല്കുന്നവ ജല അതോറിറ്റി മുഖേന നടപ്പിലാക്കുകയാണ് ചെയ്യുന്നത്.

<u>ജലസേചന വകുപ്പ്</u>

ജലസേചന വകുപ്പിന് കീഴിൽ വിവിധ പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ഓരോ വർഷങ്ങളിലും ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി അവശ്യം വേണ്ട പദ്ധതികൾ മുൻഗണനാ ക്രമത്തിൽ തരംതിരിക്കുകയും ആയവ പൂർത്തീകരിക്കുന്നതിന് ആവശ്യമായ തുകകളും ഉൾപ്പെടുത്തി വാർഷിക പദ്ധതി വിഭാവനം ചെയ്യുകയും അംഗീകാരത്തിനായി സംസ്ഥാന ആസൂത്രണ ബോർഡ് സമക്ഷം സമർപ്പിക്കുകയും ചെയ്യുന്നു. സംസ്ഥാന ആസൂത്രണ ബോർഡിലെ വിവിധ കമ്മറ്റിതല ചർച്ചകൾക്കുശേഷവും സർക്കാരുമായി വിവിധ ഉദ്യോഗസ്ഥതലത്തിലുള്ള ചർച്ചകൾക്കുശേഷവും വാർഷിക പദ്ധതിയ്ക്ക് അംഗീകാരം ലഭ്യമാക്കുകയും സംസ്ഥാന ബജറ്റായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ബജറ്റ് അംഗീകാരം ലഭിക്കുന്ന പദ്ധതികൾ ഭരണ-സാങ്കേതിക അനുമതികൾക്ക് ശേഷം നടപ്പിൽ വരികയും ചെയ്യുന്നു.

<u>ഭൂജല വകുപ്പ്</u>

വിവിധ ജനപ്രതിനിധികൾ, പഞ്ചായത്ത് സമിതികൾ, പൊതുജനങ്ങൾ എന്നിവരിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ ജലലഭ്യതാ പഠനത്തിനുശേഷം വകുപ്പിന്റെ സാങ്കേതികാനുമതിയോടു കൂടിയാണ് ഭൂജല വകുപ്പിൽ പദ്ധതികൾ നടപ്പാക്കുന്നത്. ഇങ്ങനെ സാങ്കേതികാനുമതിയോടു കൂടി പൂർത്തിയാക്കുന്ന പദ്ധതികൾക്ക് സംസ്ഥാന ബജറ്റിൽ നിന്നും ഭൂജല വകുപ്പിൽ ലഭ്യമാക്കിയിട്ടുള്ള ബജറ്റ് വിഹിതത്തിൽ നിന്നും തുക ലഭ്യമാക്കിയാണ് പദ്ധതികൾ പൂർത്തിയാക്കുന്നത്. പ്രധാനമായും കുഴൽക്കിണർ അടിസ്ഥാനമാക്കിയിട്ടുള്ള ചെറുകിട കുടിവെള്ള പദ്ധതികളും ഹാൻഡ് പമ്പ് പദ്ധതികളും വിവിധ തരം കൃത്രിമ ഭൂജല സംപോഷണ പദ്ധതികളുമാണ് ഭൂജല വകുപ്പ് വഴി നടപ്പിലാക്കുന്നത്.

## കോട്ടയം ജില്ലയിലെ കുടിവെള്ള ക്ഷാമം

129 (4140) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത്

(ബി) വേനൽക്കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ കുമരകം, ആർപ്പൂക്കര, തിരുവാർപ്പ് എന്നീ മേഖലകളിൽ വാഹനത്തിൽ ശുദ്ധജലം എത്തിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കോട്ടയം ജില്ലയിൽ 45 ചെറുകിട ശുദ്ധജല വിതരണ പദ്ധതികളും 8 വൻകിട ശുദ്ധജല പദ്ധതികളും പ്രവർത്തിച്ചു വരുന്നുണ്ട്. വർൾച്ചാക്കാലത്തെ ജലക്ഷാമം പരിഗണിച്ച് പ്രസ്തുത ജലവിതരണ പദ്ധതികളുടെ പ്രവർത്തനം മുടക്കം കൂടാതെ പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്രോതസ്സുകളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി പാല, കോസടി എന്നീ പദ്ധതികളിൽ താൽക്കാലിക ബണ്ടുകൾ നിർമ്മിച്ച് നദിയിലെ ജലവിതാനം ഉയർത്തി നിർത്തിയിട്ടുണ്ട്. നദിയിലെ കയങ്ങളിൽ നിന്നും ഡീസൽ പമ്പ് ഉപയോഗിച്ച് കിണറ്റിലേയ്ക്ക് പമ്പ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ മുണ്ടക്കയം, എരുമേലി എന്നീ പദ്ധതികളിൽ ചെയ്തിട്ടുണ്ട്.

കൂടാതെ ജില്ലയിലെ വിവിധ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് ദീർഘകാലാടിസ്ഥാനത്തിൽ പുതിയ ശുദ്ധജലവിതരണ പദ്ധതികളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കോട്ടയം ജില്ലയിൽ സ്വീകരിച്ച ദുരിതാശ്വാസ നടപടികളുടെ ഭാഗമായി ജലസ്രോതസ്സുകൾ നവീകരിച്ചു. കുഴൽ കിണറുകളുടെയും ഹാൻഡ് പമ്പുകളുടെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. ജല അതോറിറ്റിയുടെ സ്രോതസ്സുകളുടെ നവീകരണം, പമ്പിങ്ങ് സംവിധാനങ്ങളിലേയും വിതരണ ലൈനുകളിലേയും അറ്റകുറ്റപ്പണികൾ എന്നിവ പൂർത്തീകരിച്ചു. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ തടയണകൾ നിർമ്മിച്ചു. ഭൂജലവകുപ്പിന്റെ അനുമതിയില്ലാതെ കുഴൽകിണറുകൾ കുഴിക്കുന്നത് നിരോധിച്ചു. കുടിവെള്ള വിതരണത്തിനായി അനുമതി നൽകിയ പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിനായി

180 കിയോസ്കുകൾക്കുള്ള പർച്ചേസ് ഓർഡർ നൽകി വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്ലാറ്റ്ഫോമുകളുടെ നിർമ്മാണം പൂർത്തിയാക്കി. ജില്ലയിലെമ്പാടുമുള്ള ജലലഭ്യതയുള്ള പാറമടകളും കുളങ്ങളും സംബന്ധിച്ച വിവരശേഖരണം നടത്തി. കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതു വരെ വാഹനങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നത് ആരംഭിച്ചു.

(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി ഉപയോഗിച്ച് വാഹനങ്ങിൽ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട തഹസിൽദാർക്ക് ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറി 3-3-2017 -ൽ സമർപ്പിക്കുകയും അന്നുതന്നെ അനുമതി നല്കുകയും ചെയ്തു. തിരുവാർപ്പ്, കുമരകം എന്നീ ഗ്രാമപഞ്ചായത്തുകൾ ഇപ്രകാരം ഉള്ള അപേക്ഷ ഇതുവരെ തഹസിൽദാർക്ക് സമർപ്പിച്ചിട്ടില്ല. ഇത്തരത്തിൽ ടാങ്കർ ലോറികളിലേയ്ക്ക് വെള്ളം നല്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏറ്റുമാനൂർ ശുദ്ധീകരണ ശാലയിലും ചെങ്ങളം (കുമരകം തിരുവാർപ്പ് പദ്ധതി) ശുദ്ധീകരണ ശാലയിലും കേരള വാട്ടർ അതോറിറ്റീ ഏർപ്പെടുത്തിയിട്ടുണ്ട്.

**മുരിയാട് - വേളൂക്കര കുടിവെള്ള വിതരണ പദ്ധതി**

130 (4141) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച ഇരിങ്ങാലക്കുട മണ്ഡലത്തിലെ മുരിയാട് -വേളൂക്കര കുടിവെള്ള വിതരണ പദ്ധതിയുടെ ഇതുവരെ നടന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതിക്ക് എത്ര രൂപ ഇതുവരെ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഏത് ഏജൻസി മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന ഇരിങ്ങാലക്കുട മണ്ഡലത്തിലെ മുരിയാട്-വേളൂക്കര കുടിവെള്ള വിതരണ പദ്ധതിയുടെ 32.5 കോടി രൂപയുടെള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ധനലഭ്യത ഉറപ്പാക്കി പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

**ഗാർഹിക കുടിവെള്ള കണക്ഷനുകൾ**

131 (4142) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഹൈബി ഈഡൻ:
ശ്രീ. വി.ഡി.സതീശൻ:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഒരു വർഷത്തിനുള്ളിൽ നൽകുന്ന ഗാർഹിക കണക്ഷനുകളിൽ എത്രമാത്രം വർദ്ധനവുണ്ടാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; വിവരിക്കുമോ;

(സി) ഈ പ്രഖ്യാപനത്തിലുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) കണക്ഷൻ എടുക്കുന്നതിനു വേണ്ടിയുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ട്. ഗാർഹിക കണക്ഷനുകൾ വേഗത്തിൽ ലഭ്യമാക്കുന്നതിനു വേണ്ടി 2013-ൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം കണക്ഷൻ നല്കുന്നതിനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. വാട്ടർ കണക്ഷനുകൾക്കു വേണ്ടിയുള്ള അപേക്ഷകൾ ഓൺലൈൻ വഴി സമർപ്പിക്കുവാനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പ്ലംബർമാർ മുഖേനയല്ലാതെ അതോറിറ്റി വഴി നേരിട്ട് കണക്ഷൻ എടുക്കുന്നതിനുള്ള സൗകര്യവുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ എസ്.സി., എസ്.ടി., ബി.പി.എൽ. എന്നീ വിഭാഗങ്ങൾക്ക് കുടിവെള്ള കണക്ഷൻ നല്കുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കുകയും അതനുസരിച്ച് കണക്ഷൻ കൊടുക്കുകയും ചെയ്യുന്നു.

(ബി-സി) 15 ശതമാനം വർദ്ധനവ് ഉണ്ടാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഗാർഹിക കണക്ഷൻ നല്കുന്ന കാര്യത്തിൽ കേരള വാട്ടർ അതോറിറ്റിയ്ക്ക് കൂടുതൽ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കുടിവെള്ള കണക്ഷന്റെ വർദ്ധനവ് സംബന്ധിച്ച് ഡിവിഷൻ തലത്തിൽ റവന്യൂ മീറ്റിംഗിലും, സർക്കിൾ തലത്തിൽ ടാസ്ക്ക് ഫോഴ്സ് മീറ്റിംഗിലും, ഹെഡ് ഓഫീസ് തലത്തിലെ മീറ്റിംഗുകളിലും അവലോകനം ചെയ്യുകയും തുടർനടപടികൾ കൈക്കൊള്ളുകളയും ചെയ്യുന്നുണ്ട്.

**കുടിവെള്ള പദ്ധതികൾ**

132 (4143) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന അയിരൂർ, കാഞ്ഞിറ്റുകര, പെരുനാട്, അത്തിക്കയം, കോട്ടാങ്ങൽ, ആനിക്കാട്, എഴുമറ്റൂർ, കൊല്ലമുള കുടിവെള്ള പദ്ധതികൾ, ഓരോന്നിന്റെയും പുരോഗതി അറിയിക്കുമോ;

(ബി) ഓരോ പദ്ധതിയ്ക്കും വകയിരുത്തിയിരിക്കുന്നത് എത്ര രൂപയാണ്; എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ഓരോ പദ്ധതിയിലും വിഭാവനം ചെയ്തിരിക്കുന്നത്; ഓരോ പദ്ധതിയുടെയും സംഭരണശേഷി എത്രയാണ്;

(സി) ഇനി എന്തൊക്കെ പ്രവൃത്തികളാണ് ഓരോ പദ്ധതിക്കും പൂർത്തിയാവാനുള്ളത്; എന്തെങ്കിലും നിർമ്മാണ തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെ; അവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്;

(ഡി) ഓരോ പദ്ധതിയും എന്ന് കമ്മീഷൻ ചെയ്യാനാകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

**വാമനപുരം മണ്ഡലത്തിലെ വാട്ടർ സപ്ലൈ സ്കീമുകൾ**

133 (4144) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമുകൾ ഏതൊക്കെയാണ്;

(ബി) പ്രസ്തുത പദ്ധതികളിൽ പ്രവർത്തനരഹിതമായവ ഏതെങ്കിലും ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമുകൾ താഴെ പറയുന്നവയാണ്:

1. പെരിങ്ങമ്മല ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
2. ഇടിഞ്ഞാർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
3. നന്ദിയോട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
4. കല്ലറ-പാങ്ങോട്, പനവൂർ-പുല്ലംപാറ സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. വാമനപുരം ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
6. ആനാട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
7. നെല്ലനാട് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.
8. വെഞ്ഞാറമൂട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി.

(ബി) ഇല്ല. എന്നാൽ കടുത്ത വരൾച്ചമൂലം വാമനപുരം നദിയിലെ നീരൊഴുക്ക് കുറവായതിനാൽ പമ്പിംഗ് സമയത്തിൽ കാര്യമായ കുറവ് വന്നിട്ടുണ്ട്.

**വാട്ടർ അതോറിറ്റിയിലെ അംഗീകൃത സംഘടനകൾ**

134 (4145) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ഓഫീസർമാർക്ക് അംഗീകൃത സംഘടനകൾ ഉണ്ടോ;

(ബി) ഓഫീസർമാരുടെ സംഘടനകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(സി) അതോറിറ്റി ഓഫീസർമാർക്കും ഓഫീസർമാരുടെ സംഘടനകൾക്കും 1956-ലെ കൊണ്ടക്ട് റൂൾ ബാധകമാണോ;

(ഡി) ഓഫീസർമാരുടെ സംഘടനകൾക്ക് അംഗീകാരം നൽകേണ്ടത് ബോർഡാണോ അതോ സർക്കാരാണോ എന്നു വ്യക്തമാക്കാമോ; ബോർഡാണെങ്കിൽ സംഘടനകൾ പാലിക്കേണ്ട നിബന്ധനകൾ എന്താണ്;

(ഇ) ഓഫീസർമാരുടെ ഏതെങ്കിലും സംഘടന അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) നിലവിൽ ഓഫീസർമാർക്ക് റഫറണ്ടത്തിൽ പങ്കെടുക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ ഭാവിയിൽ ഓഫീസർമാർക്ക് റഫറണ്ടം നടത്താൻ അനുമതി നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഗവൺമെൻറ് സർവ്വൻസ് കൊണ്ടക്റ്റ് റൂൾ 1960-ലെ 76 മുതൽ 79 വരെയുള്ള ചട്ടങ്ങളിൽ സർവ്വീസ് ഓർഗനൈസേഷന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്നുണ്ട്.

(സി) ബാധകമാണ്.

(ഡി) ഗവൺമെൻറ് സർവ്വൻസ് കൊണ്ടക്റ്റ് റൂൾ 1960 ചട്ടം 78, 79 പ്രകാരം സർക്കാരാണ് സർവ്വീസ് ഓർഗനൈസേഷന് അംഗീകാരം നൽകേണ്ടത്. ബോർഡിന്റെ ശിപാർശയിന്മേലാണ് സർക്കാർ തീരുമാനം എടുക്കുന്നത്.

(ഇ) ഉണ്ട്.

(എഫ്) നിലവിൽ ഓഫീസർമാർക്ക് റഫറണ്ടത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയില്ല. ഭാവിയിൽ സർക്കാർ ചട്ടങ്ങൾ അനുവദിക്കുകയാണെങ്കിൽ ഓഫീസർമാർക്ക് റഫറണ്ടം നടത്താൻ അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വരൾച്ച നേരിടുന്നതിന് നടപടി**

135 (4146) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ വരൾച്ച നേരിടുന്നതിന് ജലവിഭവ വകുപ്പ് ഓരോ ജില്ലയ്ക്കും എത്ര ഫണ്ട് വീതം അനുവദിച്ചിട്ടുണ്ട്; ടി ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികളാണ് ചെയ്തു വരുന്നത്, വിശദമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽ ഇതിനായി അനുവദിച്ച തുക എത്രയാണ്; ആയത് ഉപയോഗിച്ച് എന്തെല്ലാം പ്രവർത്തനങ്ങളാണ് ചെയ്തു വരുന്നത്; വ്യക്തമാക്കുമോ?

**ഉത്തരം**

(എ&ബി) വരൾച്ച നേരിടുന്നതിനായി ജലവിഭവ വകുപ്പ് ഒരു ജില്ലയ്ക്കും പ്രത്യേകമായി ഫണ്ട് അനുവദിച്ചിട്ടില്ല.

ജലസേചന വകുപ്പിന് വിവിധ പദ്ധതികളിലായി അനുവദിച്ചിട്ടുള്ള സംസ്ഥാനഫണ്ട് ഉപയോഗിച്ച് തടയണകൾ, വി.സി.ബി., ആർ.സി.ബി., ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ എന്നിവ നടപ്പാക്കി വരുന്നു. പൂർത്തിയായ തടയണകൾ, ആർ.സി.ബി. എന്നിവയിൽ ഷട്ടർ ഇട്ട് വെള്ളം സംഭരിച്ചിട്ടുണ്ട്.

വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 40 കോടി രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കേരള ജല അതോറിറ്റിക്ക് അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് വിവിധ ജില്ലകളിലായി മുൻഗണനാടിസ്ഥാനത്തിൽ അത്യാവശ്യമുള്ള വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി വരുന്നു.

സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിന് ഭൂജല വകുപ്പിന് 1240.33 ലക്ഷം രൂപ രാജീവ്ഗാന്ധി പദ്ധതിയിൻ കീഴിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 5505 കൈ പമ്പുകളുടെ അറ്റകുറ്റപ്പണിയും 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്, ഇതിൽ 3264 കൈ പമ്പുകളുടെ അറ്റകുറ്റപ്പണികളും 105 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

മേൽ പ്രവൃത്തികൾ വഴി ഒരു പരിധിവരെ വരൾച്ച പ്രതിരോധിക്കുന്നതിന് സാധിക്കുന്നതാണ്.

## വൈപ്പിൻ ശുദ്ധജല വിതരണം

136 (4147) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജല വിതരണ ശൃംഖലയിൽ ആകെ എത്ര വാൽവുകൾ ഉണ്ടെന്നും അവ എവിടെയെല്ലാമെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത വാൽവുകളുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനും ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥരുടെ വിശദാംശം നൽകാമോ?

ഉത്തരം

(എ) വൈപ്പിൻ മണ്ഡലത്തിലെ ശുദ്ധജലവിതരണ ശൃംഖലയിൽ ആകെ 37 വാൽവുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയുടെ സ്ഥാനം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | സ്ഥാനം |
|---|---|---|
| (1) | (2) | (3) |
| 1. | പള്ളിപ്പുറം | ദേവസ്വംനട ജംഗ്ഷൻ |
| 2. | പള്ളിപ്പുറം | ദേവസ്വംനട ജംഗ്ഷൻ |
| 3. | പള്ളിപ്പുറം | വസ്തേരി പാലം |
| 4. | പള്ളിപ്പുറം | രാമവർമ്മ പാലം |
| 5. | പള്ളിപ്പുറം | കരുത്തല പാലം |
| 6. | പള്ളിപ്പുറം | ചെറായി ബീച്ച് ജംഗ്ഷൻ |
| 7. | കുഴുപ്പിള്ളി | രാമവർമ്മപ്പാലം തെക്കുവശം |
| 8. | കുഴുപ്പിള്ളി | പള്ളത്താംകുളങ്ങര |
| 9. | എടവനക്കാട് | ചാത്തങ്ങാട് പാലം |
| 10. | എടവനക്കാട് | ഇല്ലത്തുവഴി |
| 11. | എടവനക്കാട് | അണിയൽപാലം |
| 12. | എടവനക്കാട് | അണിയൽപാലം |
| 13. | എടവനക്കാട് | അണിയൽ ടാങ്ക്സൈറ്റ് |
| 14. | എടവനക്കാട് | അണിയൽ ടാങ്ക്സൈറ്റ് |
| 15. | എടവനക്കാട് | അണിയൽ ജംഗ്ഷൻ |
| 16. | നായരമ്പലം | നായരമ്പലം മോസ്ക് |
| 17. | നായരമ്പലം | ശങ്കരനാരായണ ടെമ്പിൾ |

| (1) | (2) | (3) |
|---|---|---|
| 18. | നായരമ്പലം | പഴയ പമ്പ് ഹൗസ് |
| 19. | നായരമ്പലം | പഴയ പമ്പ് ഹൗസ് |
| 20. | നായരമ്പലം | A.T.B. |
| 21. | നായരമ്പലം | പട്ടാണിപ്പാലംതെക്കുവശവും വടക്കുവശവും |
| 22. | നായരമ്പലം | മാനാട്ടു പറമ്പ് |
| 23. | ഞാറക്കൽ | K.T.X |
| 24. | ഞാറക്കൽ | ഞാറക്കൽ പാലം |
| 25. | ഞാറക്കൽ | ഞാറക്കൽ ജംഗ്ഷൻ |
| 26. | ഞാറക്കൽ | ഞാറക്കൽ മാർക്കറ്റ് |
| 27. | ഞാറക്കൽ | മെജസ്റ്റിക് |
| 28. | ഞാറക്കൽ | അപ്പങ്ങാട് പാലം |
| 29. | എളങ്കുന്നപ്പുഴ | മാലിപ്പുറം |
| 30. | എളങ്കുന്നപ്പുഴ | മാലിപ്പുറം പഴയ പമ്പ് ഹൗസ് |
| 31. | എളങ്കുന്നപ്പുഴ | പഞ്ചായത്ത് ഓഫീസ് |
| 32. | എളങ്കുന്നപ്പുഴ | ഫയർസ്റ്റേഷന തെക്കുവശം |
| 33. | എളങ്കുന്നപ്പുഴ | വളപ്പ് |
| 34. | എളങ്കുന്നപ്പുഴ | ഓച്ചം തുരുത്ത് കാട്ടാശ്ശേരി ജംഗ്ഷൻ |
| 35. | എളങ്കുന്നപ്പുഴ | ഓച്ചംതുരുത്ത് പമ്പ് ഹൗസ് |
| 36. | എളങ്കുന്നപ്പുഴ | പഴയ പമ്പ് ഹൗസ് |
| 37. | എളങ്കുന്നപ്പുഴ | പഴയ പമ്പ് ഹൗസ് |

(ബി) പ്രസ്തുത വാൽവുകളുടെ മേൽനോട്ടത്തിനും നിയന്ത്രണത്തിനുമായി പറവൂർ സബ് ഡിവിഷനിലെ അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറെയും വൈപ്പിൻ സെഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരെയുമാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

## കൃഷിക്കാവശ്യമായ ജലസേചനത്തിന് കർമ്മപദ്ധതികൾ

137 (4148) ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. രാജൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ ജലസംരക്ഷണത്തിനായി എന്തൊക്കെ ദീർഘകാല പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നദികളെ സ്ഥിരമായി സംരക്ഷിക്കുന്നതിനും, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഓരോ നദിയിലും ഇപ്പോൾ നടപ്പിലുള്ളതും നടപ്പിലാക്കാൻ സാധ്യമായതുമായ ജലസംരക്ഷണ വിതരണ പദ്ധതികൾ ശാസ്ത്രീയമായി രൂപകല്പന ചെയ്തു നടപ്പാക്കുന്നതിനുമായി സംസ്ഥാനത്ത് ഒരു റിവർബോർഡ് രൂപീകരിക്കുന്നതിന് തയ്യാറാകുമോ;

(സി) സംസ്ഥാനത്തെ വരൾച്ചാബാധിത പ്രദേശങ്ങളുടെ രേഖാചിത്രം തയ്യാറാക്കി അവിടങ്ങളിൽ ജലസംരക്ഷണ മാർഗ്ഗങ്ങൾ നടപ്പാക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) ജലസേചന വകുപ്പ്

സംസ്ഥാനത്ത് രൂക്ഷമാകുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ ഡാമുകൾ, തടാകങ്ങൾ, കുളങ്ങൾ തുടങ്ങിയ ജലസംഭരണികളിൽ ലഭ്യമായിട്ടുള്ള ജലം ശ്രദ്ധയോടുകൂടി വിനിയോഗിക്കുന്നതിനാണ് നിലവിൽ തീരുമാനമായിട്ടുള്ളത്. ഇതിനു പുറമേ, ഓരോ നീർത്തടത്തിലും നടത്തേണ്ട പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സമഗ്ര നീർത്തട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാൻ ഹരിതകേരളം മിഷന്റെ ഭാഗമായുള്ള ജലവിഭവ മിഷൻ വിഭാവനം ചെയ്യുന്നു. തുടർന്ന് നദീതട മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനുള്ള പ്രവർത്തനവും രണ്ടാം ഘട്ടത്തിൽ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. വനവൽക്കരണം, മണ്ണ് സംരക്ഷണം, കിണർ റീചാർജ്ജിംഗ് മഴക്കുഴികളുടെ നിർമ്മാണം, കൃഷിയുടെ വ്യാപനം എന്നിവയും ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള ആസൂത്രണമാണ് നടന്നുവരുന്നത്.

കേരള ജല അതോറിറ്റി

വരൾച്ചയുടെ പശ്ചാത്തലത്തിൽ കേരള ജല അതോറിറ്റി ജലസംരക്ഷണ ത്തിനായി ദീർഘകാല പദ്ധതികൾ നടപ്പിലാക്കുന്നില്ല.

ഭൂജല വകുപ്പ്

ഭൂജല വകുപ്പ് കൃത്രിമഭൂജല സംപോഷണ പദ്ധതി ഭൂജല സംരക്ഷണത്തിനായി നടപ്പിലാക്കി വരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ 40 ലക്ഷം രൂപ "ഭൂജലസംരക്ഷണവും, കൃത്രിമ ഭൂജലസംപോഷണവും എന്ന പദ്ധതിയ്ക്കായി 4702-00-1020-97 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. തടയണകൾ, അടിയണകൾ, തുറന്ന കിണർ, കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം എന്നിവ ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നു. 24 തുറന്ന കിണർ റീചാർജ്ജിംഗ് പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. 27 പദ്ധതികൾക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തികൾ വിവിധ ജില്ലകളിൽ പുരോഗമിച്ചുവരുന്നു. കൂടാതെ, കേരള ജലസേചന വകുപ്പ്, കൃഷി വകുപ്പ്, മണ്ണ് സംരക്ഷണ വകുപ്പ് തുടങ്ങിയവയുടെ സഹായത്തോടെ കൃത്രിമ ഭൂജല പരിപോഷണത്തിനായി വ്യാപകമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തുറന്ന കിണറുകൾ റീചാർജ്ജ് ചെയ്യുക വഴി ഭൂജല നിരപ്പ് ഉയരുകയും അതുവഴി കടുത്ത വരൾച്ചയെ പ്രതിരോധിക്കുവാൻ ഒരു പരിധിവരെ സംസ്ഥാനത്തിന് കഴിയുന്നതുമാണ്.

ജലനിധി

ജലനിധി പഞ്ചായത്തുകളിലെ ജല സ്രോതസ്സുകളിൽ കുടിവെള്ളലഭ്യത ഉറപ്പുവരുത്തുന്നതിനായി ഭൂജല പരിപോഷണ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ജലസംരക്ഷണത്തിനായി ജലനിധി കിണറുകളിലെ point recharge, roof water harvesting, ചെറുകിട തടയണകൾ, (small check dams), Gabion structure, Radial Arm, നീർക്കുഴികൾ, ഓട (ഓവ് ചാൽ) നിർമ്മാണം sub surface dyke (ഭൂമിയുടെ അടിയിലുള്ള തടയണകൾ) VCB (Verticle Cross Bar), മണ്ണ സംരക്ഷണം, കിണറുകളുടെ സംരക്ഷണം കുളങ്ങളുടെ സംരക്ഷണം, എന്നീ രീതികൾ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിവരുന്നു. പാഴായിപ്പോകുന്ന മഴവെള്ളത്തെ മേൽപ്പറഞ്ഞ രീതികളിലൂടെ ശേഖരിച്ച് ജലനിധിയുടെ സ്രോതസ്സുകളെ സംരക്ഷിച്ച് വരികയാണ്. ജലനിധി രണ്ടാംഘട്ട പദ്ധതിയിൽ ഇതുവരെ 1532 ഭൂജല പരിപോഷണ പദ്ധതികൾ ഏറ്റെടുത്തതിൽ 1499 പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചു. ഇതുമുഖേന എല്ലാ ജലസ്രോതസ്സുകളിലും ജലസംരക്ഷണം ഉറപ്പു വരുത്തിയിട്ടുണ്ട്.

(ബി) 2013 -ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി) ബിൽ 13-ാം നിയമസഭയുടെ പരിഗണനയിലുണ്ടായിരുന്നെങ്കിലും പ്രസ്തുത ബിൽ നിയമമാക്കുവാൻ കഴിഞ്ഞില്ല. സംസ്ഥാന തലത്തിൽ റിവർ വെറ്റ് ലാൻറ് അതോറിറ്റിയും അതിനുകീഴിൽ ഒന്നോ അതിലേറെയോ നദികൾക്കായി നദീതട ബോർഡുകളുമാണ് ഇതിൽ വിഭാവനം ചെയ്തിരുന്നത്.

നദികളുടെ സംരക്ഷണത്തിനും നീരൊഴുക്ക് സ്ഥായിയാക്കുന്നതിനുമുള്ള നടപടികൾ ഹരിതകേരളം മിഷൻെറ രണ്ടാം ഘട്ടത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പാക്കാൻ ലക്ഷ്യമിടുന്നു.

(സി) വരൾച്ചാബാധിത പ്രദേശങ്ങൾ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുള്ളത് റവന്യൂ അധികൃതരാണ്. വരൾച്ചാ ബാധിത പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രേഖാചിത്രം ജലസേചന വകുപ്പ് നിലവിൽ തയ്യാറാക്കിയിട്ടില്ല. എന്നാൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആവശ്യാനുസരണം ഓരുവെള്ളക്കയറ്റം തടഞ്ഞ് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നത് ഉൾപ്പെടെയുള്ള ജലസംരക്ഷണ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് നിർവ്വഹിച്ചുവരുന്നു.

### ഭൂജലചൂഷണം തടയാൻ നടപടി

138 (4149) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു ലഭ്യമായ ഭൂജലം സംരക്ഷിക്കാനായി മഴവെള്ള സംഭരണം പോലുള്ള സമൂഹാവിഷ്കൃത പദ്ധതികൾ നടപ്പാക്കാനും, ഭൂജലത്തിന്റെ അമിതോപയോഗം തടയുവാനും ഭൂജലചൂഷണത്തിനറുതിവരുത്താനും എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) കുഴൽക്കിണർ മാഫിയ പല മേഖലകളിലും ജലമൂറ്റലും കച്ചവടവും നടത്തുന്നതും അതുമൂലം കിണറുകളിൽ ജലലഭ്യത ഇല്ലാതാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) മറ്റു സംസ്ഥാനങ്ങൾ കേരളത്തിൽ എവിടെയൊക്കെ നിന്ന് ഭൂഗർഭജലം പല മാർഗ്ഗങ്ങൾ വഴി തട്ടിയെടുക്കുന്നുണ്ടെന്ന് അറിയിക്കുമോ; ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ഡി) സംസ്ഥാനത്ത് കുപ്പിവെള്ള കച്ചവടലോബി ഒരു വർഷം എത്ര ഭൂഗർഭജലം ഊറ്റുന്നുവെന്ന് (നിയമപരവും അല്ലാതെയുമുള്ളവ ഇനംതിരിച്ച് ) വ്യക്തമാക്കാമോ; ഇത് സംസ്ഥാന ജലലഭ്യതയിൽ ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭൂജലത്തിന്റെ ഉപഭോഗം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനുമായി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ്, 2002 നിലവിലുണ്ട്. ഇതനുസരിച്ച് സംസ്ഥാനത്ത് അമിത ജല ചൂഷണം നടക്കുന്ന ബ്ലോക്കുകൾ വിജ്ഞാപനം ചെയ്യപ്പെടുകയും ഇവിടങ്ങളിൽ ഭൂജല ഉപയോഗം നിയന്ത്രിക്കുകയും ചെയ്തിട്ടുണ്ട്. ഭൂജല സംരക്ഷണത്തിനും ഭൂജല സംപോഷണത്തിനുമായി ഭൂജല വകുപ്പ് കിണർ റീചാർജ്ജിംഗ് തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കൂടാതെ ഇതിനായി ബോധവൽക്കരണ പദ്ധതികളും സംഘടിപ്പിക്കുന്നുണ്ട്. ഹരിതകേരളം മിഷന്റെ ഭാഗമായി ജല സംരക്ഷണം നീർത്തടാടിസ്ഥാനത്തിൽ സംയോജിത മാസ്റ്റർ പ്ലാനുകളുടെ സഹായത്തോടെ നിർവ്വഹിക്കുന്നതിന് ലക്ഷ്യമിടുന്നു.

(ബി) ജലമൂറ്റലും കച്ചവടവും നടത്തുന്നതുമൂലം കിണറുകളിൽ ജലലഭ്യത ഇല്ലാതാകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം പ്രവൃത്തികൾ ഫലപ്രദമായി തടയുന്നതിന് കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002-ന്റെ ഭേദഗതി പരിശോധിച്ചു വരുന്നു.

(സി) ഭൂഗർഭ ജലസ്രോതസ്സുകൾ ഒന്നിലധികം സംസ്ഥാനങ്ങളിൽ വ്യാപിക്കുവാൻ സാധ്യതയുണ്ട്. നമ്മുടെ സംസ്ഥാനങ്ങളിൽ നിന്നും അയൽ സംസ്ഥാനത്തിലേക്കും മറിച്ച് അയൽ സംസ്ഥാനത്തിൽ നിന്നും നമ്മുടെ സംസ്ഥാനത്തിലേക്കും ഭൂഗർഭജലം വലിച്ചെടുക്കുന്നതിന് സാധ്യമാണ്. ശാസ്ത്രീയ പഠന വിധേയമാക്കിയ ശേഷമേ അത് സ്ഥിരീകരിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) സംസ്ഥാനത്ത് കുപ്പിവെള്ള കമ്പനികൾക്ക് സംസ്ഥാന ഭൂജല അതോറിറ്റിയുടെ എൻ.ഒ.സി. വാങ്ങണമെന്ന നിബന്ധന നിലവിലുണ്ട്. ഭൂജല അതോറിറ്റി എൻ.ഒ.സി. നൽകിയിട്ടുള്ള കുപ്പിവെള്ള കമ്പനികളുടെ വിവരവും അനുവദിക്കപ്പെട്ട പ്രതിദിന ഉപഭോഗത്തിന്റെ അളവും അനുബന്ധമായി ചേർക്കുന്നു.*

**കുളങ്ങളും അരുവികളും സംരക്ഷിക്കാനും നവീകരിക്കാനും പദ്ധതികൾ**

139 (4150) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കുളങ്ങളും അരുവികളും സംരക്ഷിക്കാനും നവീകരിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ ഏതെല്ലാം കുളങ്ങളാണ് നവീകരിക്കാൻ അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) ഇതിനായി അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ഹരിത കേരളം പദ്ധതി ഊന്നൽ നല്കുന്നത്. ഇതിന്റെ ആദ്യ ഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണ ശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റു പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജല ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MNREGS-ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പാക്കുന്നത്.

കുടിവെള്ള ലഭ്യത ഉറപ്പാക്കുക, കാർഷികാവശ്യങ്ങൾക്കും പാരിസ്ഥിതിക ധർമ്മങ്ങൾക്കുമാവശ്യമായ ജലം ലഭ്യമാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളോടെ തടയണകൾ, വി.സി.ബി./ആർ.സി.ബി.-കൾ എന്നിവ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നു.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കുളങ്ങൾ നവീകരിക്കാൻ അനുമതി നൽകിയിട്ടില്ല.

**ചിറ്റൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണം**

140 (T* 4151) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻവർഷങ്ങളിലേതിൽ നിന്ന് വ്യത്യസ്തമായി ചിറ്റൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണം കൂടുതൽ സുതാര്യമാക്കാനും അഴിമതിരഹിതമാക്കാനും എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ചിറ്റൂർ നിയോജകമണ്ഡലത്തിൽ കുടിവെള്ള വിതരണത്തിനായി 2016-17 സാമ്പത്തിക വർഷം ഇതുവരെ എത്ര രൂപ ചെലവഴിച്ചു; ഇതിന്റെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) കുടിവെള്ള വിതരണം സംബന്ധിച്ച പരാതികൾ സ്വീകരിക്കാനും ആയത് പരിഹരിക്കാനും എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ?

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) മറ്റു സ്ഥലങ്ങളിൽ എന്ന പോലെ തന്നെ സുതാര്യമായാണ് ചിറ്റൂർ നിയോജകമണ്ഡലത്തിലും ജലവിതരണം നടത്തുന്നത്. ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്ന് എന്തെങ്കിലും ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം നടപടികൾ സ്വീകരിക്കാറുണ്ട്. ജല അതോറിറ്റിയുടെ പദ്ധതികളിൽ നിന്നും ടാങ്കറുകൾ വഴി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ അളവ് അറിയുന്നതിന് മീറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഇത് പ്ലാൻറുകളിൽ വച്ചിരിക്കുന്ന ലോഗ് ബുക്കിൽ രേഖപ്പെടുത്താറുമുണ്ട്. ചിറ്റൂർ മണ്ഡലത്തിലെ വാട്ടർ അതോറിറ്റിയുടെ പദ്ധതികളിൽ നിന്നും ജലവിതരണം ഇല്ലാത്ത സ്ഥലങ്ങളിൽ ജലവിതരണം നടത്തുന്നത് റവന്യൂ വകുപ്പാണ്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ചിറ്റൂർ നിയോജകമണ്ഡലത്തിൽ ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| വടകരപ്പതി | 20,29,500 |
| എരുത്തേമ്പതി | 2,60,400 |
| പെരുമാട്ടി | 10,79,650 |
| പട്ടഞ്ചേരി | 3,78,000 |
| ആകെ | 37,47,550 |

(സി) ജലഅതോറിറ്റിയുടെ കുടിവെള്ള വിതരണത്തിലെ പരാതികൾ വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും സ്വീകരിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള സംവിധാനം നിലവിൽ ഉണ്ട്.

വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടപ്പിലാക്കുന്നതിനായി കൺട്രോൾ റൂമുകൾ ജില്ലാടിസ്ഥാനത്തിൽ തുറന്നിട്ടുണ്ട്. ഇത് കൂടാതെ 24x7 അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ഒരു കേന്ദ്രീകൃത കൺട്രോൾ റൂം ഹെഡ് ഓഫീസിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. കൺട്രോൾ റൂമുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പൊതുജനങ്ങളുടെ പരാതിയിന്മേൽ സത്വര നടപടികൾ സ്വീകരിക്കുന്നു എന്ന് ഉറപ്പാക്കാനും ഒരു Drought Management Cell ഹെഡ് ഓഫീസിൽ പ്രവർത്തിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള സന്ദേശങ്ങൾ ഉടനടി ഉദ്യോഗസ്ഥതലത്തിൽ കൈമാറാനും തത്സമയം ആശയവിനിമയം നടത്താനുമായി ഫീൽഡ് എഞ്ചിനീയർമാരെയെല്ലാം ഉൾക്കൊള്ളിച്ച് ഒരു വാട്സ് ആപ് ഗ്രൂപ്പും ആരംഭിച്ചിട്ടുണ്ട്.

**ചാലിക്കുളം നവീകരണ പദ്ധതി**

141 (4152) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 ബജറ്റിൽ പ്രഖ്യാപിച്ച ഇരിഞ്ഞാലക്കുട മണ്ഡലത്തിലെ മുരിയാട് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ചാലിക്കുളം നവീകരണ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദവിവരം നല്കാമോ;

(ബി) ഏത് ഏജൻസി മുഖേനയാണ് ഈ പ്രവർത്തനം നടത്തുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 2015-16-ലും 2016-17-ലും ചാലിക്കുളം നവീകരണ പദ്ധതിക്ക് ബജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമേ ഉൾക്കൊള്ളിച്ചിരുന്നുള്ളൂ. ഇപ്പോൾ ഹരിത കേരളം പദ്ധതിയിലുൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) മൈനർ ഇറിഗേഷൻ തൃശ്ശൂർ കാര്യാലയം മുഖേനയാണ് ഈ പ്രവർത്തനം നടത്തുന്നത്.

**കനാലുകളുടെ നവീകരണം**

142 (4153) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം സംസ്ഥാനത്തെ കനാലുകളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം കനാലുകളാണ് നവീകരണം പൂർത്തിയാക്കിയതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ ജലാശയങ്ങൾ മലിനമാക്കുന്നതിനെതിരെയും ജലചൂഷണത്തിനെതിരെയും എന്തെല്ലാം നിയമങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമേ;

(ഡി) മഴനിഴൽ പ്രദേശമായി അംഗീകരിച്ച ജില്ലകൾ കഠിനമായ വരൾച്ച നേരിടുന്ന സാഹചര്യത്തിൽ പ്രത്യേക സാമ്പത്തിക സഹായമോ പദ്ധതികളോ പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പദ്ധതി വിഭാഗം 1 ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനു കീഴിലെ ശിരുവാണി പ്രോജക്ട് സർക്കിളിൽപ്പെട്ട മലമ്പുഴ, മംഗലം. പോത്തുണ്ടി പദ്ധതികളിൽ ഏകദേശം 80 ശതമാനവും, ചിറ്റൂർപ്പുഴ പദ്ധതിയിൽ 88 ശതമാനവും കാഡാ കനാൽ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര വലതുകര പ്രധാനകനാലുകളിലും വിതരണികളിലും ആവശ്യമായ ഭാഗങ്ങളിൽ അറ്റകുറ്റ പണികൾ നടന്നുവരുന്നുണ്ട്. പ്രോജക്ട് സർക്കിൾ കണ്ണൂരിന് കീഴിലുള്ള പഴശ്ശി ജലസേചന പദ്ധതിയുടെ പ്രധാന കനാലിന്റെ തകർന്ന ഭാഗങ്ങളിൽ ചെയിനേജ് 300 മീറ്ററിൽ പ്രവർത്തിക്കായുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കാരാപ്പുഴ ജലസേചന പദ്ധതിയിലെ കനാൽ നവീകരണത്തിനായി ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ കനാൽ നവീകരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. നവീകരണം പൂർത്തീകരിച്ച ഭാഗങ്ങളിൽ ജലവിതരണം നടത്തിവരുന്നുണ്ട്.

പദ്ധതി വിഭാഗം 2 ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനുകീഴിലെ നെയ്യാർ, കല്ലട, ചാലക്കുടി, റിവർ ഡൈവർഷൻ സ്കീം, പെരിയാർവാലി, മൂവാറ്റുപുഴ വാലി, ചിമ്മിനി, വാഴാനി, ചീരക്കുഴി എന്നീ ജലസേചന പദ്ധതികളുടെ കനാലുകൾ കാലപ്പഴക്കം ചെന്നതിനാൽ നവീകരിക്കേണ്ടതുണ്ടെങ്കിലും ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയുടെ അപര്യാപ്തതമൂലം നവീകരണ പ്രവർത്തങ്ങൾ നടപ്പിലാക്കുവാൻ സാധിക്കുന്നില്ല. എന്നിരുന്നാലും വർഷംതോറും അനുവദിക്കുന്ന ബജറ്റ് വിഹിതം വിനിയോഗിച്ച് കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ ജലാശയങ്ങൾ മലിനമാക്കുന്നതിനെതിരെ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ജലമലിനീകരണ നിയന്ത്രണവും നിവാരണവും നിയമം, 1974 നിലവിലുണ്ട്.

(ഡി) 2017-18 വാർഷിക പദ്ധതിയിൽ ക്ലാസ്സ് 11 ചെറുകിട ജലസേചനപദ്ധതികൾക്കായി 22 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ തടയണകൾ നിർമ്മിക്കുന്നതിനും ജലം ശേഖരിക്കുന്നതിനും ഉള്ള നിർമ്മാണ പ്രവൃത്തികൾക്കും പാലക്കാട് ജില്ലയിലെ കൊല്ലംകോട്, ചിറ്റൂർ ബ്ലോക്കുകളിലെ മഴനിഴൽ മേഖലയിലുള്ള കുളങ്ങൾ നവീകരിക്കുന്നതിനും തുക വകയിരുത്തിയിരിക്കുന്നു.

കാവേരി നദീതടത്തിലെ കുളങ്ങളുടെ നവീകരണത്തിനുൾപ്പെടെ ക്ലാസ്സ് 11 ചെറുകിട ജലസേചന പദ്ധതികൾക്കായി 22 കോടി രൂപ നീക്കിവച്ചിട്ടുള്ളതിൽ ഇടുക്കി ജില്ലയിലെ മഴനിഴൽ മേഖലകളായ വട്ടവട, കാന്തല്ലൂർ എന്നീ

പ്രദേശങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിയിട്ടുണ്ട്. ജലം ശേഖരിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ, കുളങ്ങളുടെ നിർമ്മാണവും പുനരുദ്ധാരണവും എന്നീ പ്രവൃത്തികളാണ് ഈ വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്നത്. ഇടുക്കി, വയനാട്, ജില്ലകളിലെ മഴനിഴൽ മേഖലകളിൽ പ്രാധാന്യം നൽകുന്നതിനായി ആകെയുള്ള ബജറ്റ് വിഹിതത്തിൽ നിന്നും 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ അവികസിത പട്ടിക വർഗ്ഗ മേഖലയായ അട്ടപ്പാടിയിൽ ഭവാനി നദീതടത്തിൽ മഴനിഴൽ മേഖലക്കായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ചിറ്റൂർപ്പുഴ പദ്ധതിയുടെ കീഴിൽ വരുന്ന മഴനിഴൽപ്രദേശങ്ങളിൽപ്പെടുന്ന കൊഴിഞ്ഞാമ്പാറ സബ്ഡിവിഷന്റെ കീഴിൽ വരുന്ന മൂലത്തറ വലതുകര കനാൽ കോരയാർ മുതൽ വരട്ടയാർ വരെ നീട്ടുന്നതിനുള്ള പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## കാസർഗോഡ് ജില്ലയിലെ നബാർഡ് ശുദ്ധജലപദ്ധതി

143 (4154) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ നബാർഡ്-ആർ.ഐ.ഡി.എഫ്. XVIII ന്റെ ഭാഗമായി മൊഗ്രാൽ പുത്തൂർ, മധൂർ, ചെങ്കള, മൂളിയാർ എന്നീ പഞ്ചായത്തുകളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനു ആരംഭിച്ച റൂറൽ വാട്ടർ സപ്ളൈ ആന്റ് സാനിറ്റേഷൻ (RWSS)പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രവർത്തനം എപ്പോൾ ആരംഭിച്ചു എന്നും കരാറുകാരൻ ആരാണെന്നും കരാർ കാലാവധി എത്രയാണെന്നും വിശദമാക്കാമോ;

(സി) എത്ര തുകയുടെ പദ്ധതിയാണിതെന്നും ഇതുവരെ എത്ര തുകയുടെ പ്രവർത്തനം നടത്തിയെന്നും വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിയുടെ ഭാഗമായി മൂളിയാർ പഞ്ചായത്തിലെ ബോവിക്കാനത്ത് ആരംഭിച്ച ടാങ്കിന്റെ നിർമ്മാണം പൂർത്തീകരിച്ചോ എന്ന് വ്യക്തമാക്കാമോ; ഇത് പോലെ ഏതെല്ലാം പ്രദേശങ്ങളിൽ ടാങ്ക് നിർമ്മിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

(ഇ) ഈ പദ്ധതിയുടെ ഭാഗമായി എത്ര കിലോമീറ്റർ പൈപ്പ് ലൈനാണ് സ്ഥാപിക്കുന്നതെന്നും ഇതിനകം എത്ര കിലോമീറ്റർ സ്ഥാപിച്ചു കഴിഞ്ഞു എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ മൊഗ്രാൽ പുത്തൂർ, മധൂർ, ചെങ്കള, മുളിയാർ എന്നീ പഞ്ചായത്തുകളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിന 2 ഘട്ടങ്ങളിലായിട്ടുള്ള രീതിയിലാണ് റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിറ്റേഷൻ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ടം എ.ആർ.പി.യിൽ ഉൾപ്പെടുത്തിയാണ് ചെയ്തു വരുന്നത്. രണ്ടാംഘട്ടം നബാർഡ്-ആർ.ഐ.ഡി.എഫ്. XVIII-ൽ ഉൾപ്പെടുത്തിയാണ് ചെയ്തുവരുന്നത്. പദ്ധതിയുടെ പ്രവർത്തന പുരോഗതി താഴെപ്പറയും പ്രകാരമാണ്.

ഒന്നാംഘട്ടം - ജലശുദ്ധീകരണശാലയുടെ പ്രവൃത്തി ഒഴികെ എല്ലാ പ്രവൃത്തികളും പൂർത്തിയായി. പ്രസ്തുത ജലശുദ്ധീകരണശാലയുടെ പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തി പൂർത്തീകരിക്കാനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്.

രണ്ടാംഘട്ടം - ഇൻറർ കണക്ഷൻ പ്രവൃത്തികളും പമ്പ് സെറ്റ്, ട്രാൻസ് ഫോമർ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികളും ഒഴികെ ബാക്കിയെല്ലാ പ്രവൃത്തികളും പൂർത്തിയായി.

(ബി) ഒന്നാം ഘട്ടം - 13-6-2013 – ന് പ്രവൃത്തി ആരംഭിച്ചു.

രണ്ടാംഘട്ടം - 26-2-2014 -ന് പ്രവൃത്തി ആരംഭിച്ചു.

ഒന്നാംഘട്ടം - പാക്കേജ് 1&2 – റീനാ എഞ്ചിനീയർസ് & കോൺട്രാക്ടേഴ്സ്, ഗോവ കാലാവധി (1 വർഷം).

പാക്കേജ് 3 - ലക്ഷ്മി സിവിൽ എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ്, മഹാരാഷ്ട്ര കാലാവധി (1 വർഷം).

രണ്ടാംഘട്ടം - റീനാ എഞ്ചിനീയർസ് &കോൺട്രാക്ടേഴ്സ്, ഗോവ കാലാവധി (1 വർഷം.)

(സി) ഒന്നാംഘട്ടം - 1980 ലക്ഷം. ഇതിൽ 1327.05 ലക്ഷം രൂപ ചെലവായി.

രണ്ടാംഘട്ടം - 2350 ലക്ഷം. ഇതിൽ 1720.61 ലക്ഷം രൂപ ചെലവായി.

(ഡി) ബോവിക്കാനത്തുള്ള ടാങ്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. ഇതിനു പുറമേ ചെങ്കള (2 എണ്ണം), പാറക്കട്ട, ഇരിയണ്ണി, ബന്തടുക്ക എന്നിങ്ങനെ 6 ടാങ്കുകളുടെ നിർമ്മാണം പൂർത്തിയായി.

(ഇ) ഒന്നാംഘട്ടം - 4970 മീറ്റർ പ്രവൃത്തിയിൽ 4800 മീറ്റർ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തിയായി.

രണ്ടാംഘട്ടം - 75000 മീറ്റർ പ്രവൃത്തിയിൽ 70000 മീറ്റർ പൈപ്പ് ലൈൻ പൂർത്തിയായി.

## മാലിപ്പുറം ടാങ്കിന്റെ കമ്മീഷനിംഗ്

144 (4155) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തിവരുന്ന മാലിപ്പുറം ടാങ്കിന്റെ കമ്മീഷനിംഗ് വൈകുന്നത് ഇതിനോടനുബന്ധിച്ച പൈപ്പ് ലൈനുകളുടെ പണി തീരാത്തതു മൂലമാണോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം ഭാഗങ്ങളിലെ പൈപ്പ് ലൈനുകളുടെ പണികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് പ്രോജക്റ്റിൽ നിർദ്ദേശമുണ്ടായിരുന്നോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്കായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) 2012-ൽ പൂർത്തിയായ ടാങ്ക് നിർമ്മാണം കമ്മീഷൻ ചെയ്യുന്നതിനുള്ള പ്രസ്തുത തടസ്സം പരിഹരിക്കുന്നതിന് സർക്കാർ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) വല്ലാർപാടം കണ്ടെയ്നർ ടെർമിനലിൻെറ റെയിൽവേ ക്രോസിംഗ് പ്രവൃത്തികളോടനുബന്ധിച്ച് 800 മി.മീ. പ്രധാന ജലവിതരണ കുഴലിലുണ്ടായ കേടുപാടുകൾ നിമിത്തം വ്യാസം കുറഞ്ഞ 400 മി.മീ ജലവിതരണ കുഴലുകൾ സ്ഥാപിച്ച് ശുദ്ധജലവവിതരണം പുനഃസ്ഥാപിക്കേണ്ടിവന്നതും മുരിക്കുംപാടം ഞാറയ്ക്കൽ ടാങ്കുകളുടെ പണി പൂർത്തിയാകാത്തതുമാണ് മാലിപ്പുറം ടാങ്കിന്റെ കമ്മീഷനിംഗ് വൈകുവാനുള്ള കാരണം.

(ബി) എളംകുന്നപ്പുഴ നട ജംഗ്ഷൻ മുതൽ ഞാറയ്ക്കൽ ആശുപത്രി വരെ പടിഞ്ഞാറെ സൈഡിലൂടെയുള്ള വിതരണശൃംഖലയിൽ മാലിപ്പുറം തോട് ക്രോസിംഗ് ഭാഗത്ത്, 400 mm HDPE പൈപ്പ് - 100 മീറ്റർ, 110 mm PVC പൈപ്പ് - 100 മീറ്റർ എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കാനുണ്ട്.

(സി) പ്രോജക്റ്റിൽ ഈ പ്രവൃത്തികൾ വിതരണ ശൃംഖലയുടെ പാക്കേജിൽ ഉൾപ്പെടുത്തിയിരുന്നു.

(ഡി) വകയിരുത്തിയിട്ടുണ്ട്. 56.85 കോടി രൂപയുടെ (ജിഡ ധനസഹായത്തോടെ) പുതുക്കിയ ഭരണാനുമതി നൽകിയവയിൽ പ്രസ്തുത പ്രവൃത്തികളും ഉൾപ്പെട്ടിട്ടുണ്ട്.

(ഇ&എഫ്) ഞാറയ്ക്കൽ, മുരിക്കുംപാടം എന്നിവിടങ്ങളിൽ സ്ഥാപിച്ചുവരുന്ന ഉന്നതതല ജലസംഭരണികളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് കരാറുകാരന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടായി. പ്രവൃത്തി പുനഃക്രമീകരിച്ചതിലുണ്ടായ സമയനഷ്ടം കണക്കിലെടുത്ത് നിലവിലെ കരാറുകാരനെ കൊണ്ടുതന്നെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. വിതരണശൃംഖലയിലുള്ള ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ട്. 2017 ജൂൺ മാസത്തോടെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കാസർഗോഡ് പാലായിവളവിൽ ശുദ്ധജല വിതരണ പദ്ധതി**

145 (4156) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കാര്യങ്കോട് പുഴയിലെ പാലായിവളവിൽ ജലസേചന വകുപ്പ് നിർമ്മിക്കാൻ തീരുമാനിച്ച റെഗുലേറ്റർ കം ബ്രിഡ്ജിന് സമീപം ഒരു ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കാനുള്ള തീരുമാനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; നിരവധി വില്ലേജുകൾക്ക് സുലഭമായി കുടിവെള്ളം ലഭിക്കാൻ സാധ്യതയുള്ള ഈ പ്രദേശത്ത് പ്രസ്തുത പദ്ധതി ഉടൻ നടപ്പിലാക്കുമോ?

<u>ഉത്തരം</u>

കാസർഗോഡ് ജില്ലയിൽ കാര്യങ്കോട് പുഴയിലെ പാലായിവളവിൽ ജലസേചന വകുപ്പ് നിർമ്മിക്കാൻ തീരുമാനിച്ച റെഗുലറ്റർ കം ബ്രിജ് സ്രോതസ്സായി ഉപയോഗിച്ചു കൊണ്ട് താഴെ പറയുന്ന കുടിവെള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്.

തൃക്കരിപ്പൂരും സമീപത്തുമുള്ള 6 പഞ്ചായത്തുകൾക്കുമായുള്ള മുക്കടയിൽ കിണറും പമ്പ് ഹൗസും നിർമ്മിച്ച് ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 162 കോടി രൂപയുടേയും, കാര്യങ്കോട് പുഴയിലെ വലതുകരയിൽ കിനാനൂർ കരിന്തള പഞ്ചായത്തിലെ വേളൂരിൽ (അണ്ടോൾ) കിണറും പമ്പ് ഹൗസും നിർമ്മിച്ച് കാഞ്ഞങ്ങാട് നീലേശ്വരം മുൻസിപ്പാലിറ്റിക്കും കിനാനൂർ കരിന്തള പഞ്ചായത്തുകൾക്കുമായി ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 160 കോടി രൂപയുടേയും പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

**കുഴൽമന്ദം കുടിവെള്ള പദ്ധതി**

146 (4157) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കണ്ണാടി, തേക്കുറുശ്ശി, കുഴൽമന്ദം കുടിവെള്ള പദ്ധതിയുടെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ബി) 2011-ൽ ഒന്നാംഘട്ടത്തിൽ 15 കോടിയും 2013-ൽ രണ്ടാം ഘട്ടത്തിൽ 7 കോടിയും, 2016-ൽ മൂന്നാം ഘട്ടത്തിൽ 10 കോടിയും വകയിരുത്തിയ പദ്ധതിയുടെ ഓരോ ഘട്ട പ്രവർത്തനത്തിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) 2011 -ലെ ഒന്നാംഘട്ട പ്രവർത്തന ചുമതലയെടുത്ത കരാറുകാരന് രണ്ട് കോടിയിലധികം രൂപ നൽകാത്തതുമൂലം കിണറിന്റേയും ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും അവസാനഘട്ട പ്രവർത്തനം നിർത്തിവെച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ കണ്ണാടി, തേക്കുറിശ്ശി, കുഴൽമന്ദം കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ നിർമ്മാണം 70 ശതമാനം പൂർത്തീതരിച്ചു. എന്നാൽ കരാറുകാരന് ബില്ലുകൾക്കുള്ള തുക ലഭ്യമല്ലാത്തതിനാൽ കരാറുകാരൻ 30-12-2016 തീയതിയ്ക്ക് പ്രവൃത്തി നിർത്തിവക്കുകയാണെന്ന് അറിയിച്ചിരിക്കുന്നു. മേൽ പദ്ധതിയുടെ രണ്ടാംഘട്ടം പൂർത്തീകരിച്ചു. മൂന്നാംഘട്ടത്തിന്റെ എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമാക്കി.

(ബി) ഒന്നാംഘട്ടം - 9.5 എം.എൽ.ഡി. ജലശുദ്ധീകരണ ശാലയും അനുബന്ധഘടകങ്ങളും - 85 ശതമാനം പൂർത്തീകരിച്ചു. സിവിൽ വർക്കുകൾ ഏകദേശം പൂർത്തീകരിച്ചു.

നിലവിലെ കിണറിന്റെയും പമ്പ് ഹൗസിന്റെയും പുനരുദ്ധാരണം - കിണറിന്റെ പണി തറ നിരപ്പു വരെ പൂർത്തീകരിച്ചു. റോ വാട്ടർ പമ്പിംഗ് മെയിൻ, മൂന്ന് മേഖലകളിലേയ്ക്കുമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ (തേങ്കറിശ്ശി ടാങ്ക് മുതൽ വെള്ളപ്പാറ ഐ.ടി.ഐ. വരെ) - 75 ശതമാനം പൂർത്തീകരിച്ചു. ബാക്കിയുള്ള (3700-250 എം.എം. പി.വി.സി.) ഗ്രാവിറ്റി മെയിനിന് പൈപ്പുകൾ സപ്ലൈ ചെയ്യണം, മോട്ടോർ പമ്പ് സെറ്റുകൾ ട്രാൻസ് ഫോർമർ സ്ഥാപിക്കൽ - പമ്പ് സെറ്റ് സപ്ലൈ ചെയ്തു സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്.

രണ്ടാംഘട്ടം - 8.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി, മൂന്ന് പഞ്ചായത്തുകളിലേയ്ക്കുമുള്ള ക്വാളിറ്റി എഫക്റ്റഡ് ഹാബിറ്റേഷൻ പ്രദേശങ്ങളിലേയ്ക്കുള്ള ജലവിതരണ പൈപ്പുകൾ സ്ഥാപിക്കൽ - പ്രവൃത്തി 13-6-2016 - ന് പൂർത്തീകരിച്ചു. എന്നാൽ ഒന്നാംഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല.

മൂന്നാം ഘട്ടം - 7.55 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി (കണ്ണാടി) കിണാശ്ശേരി 5.5 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി (വെള്ളപ്പാറ ഐ.ടി.ഐ. കോമ്പൗണ്ട്), 3 പഞ്ചായത്തിലേക്കുമുള്ള ബാക്കി വരുന്ന വിതരണ ശൃംഖല സ്ഥാപിക്കൽ - ഇതിന്റെ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചു. കുഴൽ മന്ദം ഐ.ടി. കോമ്പൗണ്ടിൽ 5.50 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനുള്ള 8 സെൻറ് സ്ഥലം തൊഴിൽ വകുപ്പിൽ നിന്നും ഏറ്റെടുക്കുന്നതു സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. കൂടാതെ കണ്ണാടി ഗ്രാമപഞ്ചായത്തിനുവേണ്ടി ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിനു പഞ്ചായത്തിന്റെ അധീനതയിലുള്ള 10 സെൻറ് സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് പഞ്ചായത്ത് തീരുമാനം ഇതുവരെയും ലഭിച്ചിട്ടില്ല.

(സി) ഒന്നാംഘട്ട പ്രവർത്തന ചുമതല ഏറ്റെടുത്തിരിക്കുന്നത് M/s നവീൻ കൺസ്ട്രക്ഷൻസ്, കൊച്ചിയാണ്. ടി കരാറുകാരൻ പ്രവൃത്തി തുക ലഭിക്കാത്തതിനാൽ നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരന് മൊത്തം 8 ബില്ലുകൾ തയ്യാറാക്കി നൽകിയിട്ടുണ്ട്. ആയതിൽ 6 എണ്ണത്തിന്റെ തുകയായ 6,33,62,275 രൂപ കരാറുകാരന് വാട്ടർ അതോറിറ്റി നൽകിയിട്ടുണ്ട്. 7-ഉം 8-ഉം ബില്ലിന്റെ തുകയായ 10416881+13573460 = 23990341 രൂപ കരാറുകാരന് നൽകുവാനുണ്ട്. ഇതിൽ ഏഴാമത്തെ ബില്ലിന്റെ തുക കരാറുകാരൻ ബാങ്ക് ലോൺ സൗകര്യം ഉപയോഗിച്ച് അഡ്വാൻസായി കൈപ്പറ്റിയിട്ടുണ്ട്.

**കടൽഭിത്തി നിർമ്മാണം**

147 (4158) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരൂക്ഷമായ കടലാക്രമണ ഭീഷണിയുള്ള വാടാനപ്പള്ളി ബീച്ച് ഭാഗത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വാടാനപ്പള്ളി ബീച്ചിൽ കടലാക്രമണത്തിൽ തകർന്ന പൈപ്പ് ലൈൻ, റോഡ് എന്നിവ പുനർനിർമ്മിക്കാൻ ജലവിഭവ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) സ്നേഹതീരം ബീച്ച് മുതൽ ചേറ്റുവ അഴിയിലെ പുലിമുട്ട് വരെയുള്ള 8.35 കി.മി. തീരപ്രദേശം പൂനെയിലെ CWPRS മോഡൽ പഠനത്തിന് വിധേയമാക്കുകയും ഇപ്പോൾ കടൽഭിത്തി നിലവിലില്ലാത്ത, അതിരൂക്ഷമായ കടലാക്രമണം നേരിടുന്ന 3.85 കി.മി. ദൂരം സംരക്ഷിക്കുന്നതിനാവശ്യമായ ഗ്രോയിനുകളുടെയും കടൽഭിത്തിയുടെയും രൂപകൽപ്പന ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രൂപകൽപ്പനയുടെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) കടലാക്രമണംമൂലം പൈപ്പ് ലൈനുകളും ടാപ്പുകളും ഒലിച്ചുപോയ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ നീട്ടി ഭാഗികമായി കുടിവെള്ളം എത്തിച്ചിട്ടുണ്ട്. പൂർണ്ണതോതിൽ കുടിവെള്ളം നൽകുന്നതിനായി മത്സ്യ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

**ബ്ലൂബ്രിഗേഡ് സംവിധാനം**

148 (4159) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ ബ്ലൂ ബ്രിഗേഡ് സംവിധാനം പ്രവർത്തിക്കുന്നുണ്ടോ; പ്രസ്തുത സംവിധാനത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ജലവിഭവ വകുപ്പിലെ ഏതെല്ലാം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാണ് ബ്ലൂ ബ്രിഗേഡ് സംവിധാനം വഴി ലക്ഷ്യമിടുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ബ്ലൂബ്രിഗേഡ് സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇത് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. പൈപ്പ് ലൈനുകളിൽ പൊട്ടൽ പരിഹരിക്കുന്നത് പ്രധാനമായും ഒരു വർഷത്തെ കാലാവധിയുള്ള റണ്ണിംഗ് കോൺട്രാക്ട് മുഖേനയാണ്. ഇത്തരം കരാറുകൾ മിക്കവാറും എല്ലാ പദ്ധതികളിലും ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ലീക്കുകൾ സമയബന്ധിതമായി പരിഹരിക്കപ്പെടുന്നില്ലായെന്ന പരാതി പല സ്ഥലങ്ങളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ കരാറുകാരെ ഒഴിവാക്കി കേരള വാട്ടർ അതോറിറ്റി നേരിട്ടുതന്നെ പരാതി പരിഹരിക്കാനുള്ള സംവിധാനമാണ് ബ്ലൂബ്രിഗേഡ് യൂണിറ്റുകൾ. പൈപ്പ് ലീക്കുകൾക്കു പുറമേ വാൽവ് നിയന്ത്രണം, ഗാർഹിക കണക്ഷനുകളിലെ ലീക്കുകൾ പരിഹരിക്കൽ, കണക്ഷൻ വിച്ഛേദിക്കൽ, ഗാർഹിക കണക്ഷനുകൾ നൽകൽ തുടങ്ങിയവയും ബ്ലൂബ്രിഗേഡ് യൂണിറ്റുകൾ വഴി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്.

## പൂത്തുരുത്തി തോടിന്റെ തടയണ

149 (4160) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മേലൂർ പഞ്ചായത്തിലെ പൂത്തുരുത്തി തോടിൽ തടയണ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ?

ഉത്തരം

പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) തയ്യാറാക്കി വരുന്നു.

## ക്ഷേത്രച്ചിറ നവീകരണവും സംരക്ഷണവും

150 (4161) ശ്രീ മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ എളവള്ളി ശ്രീ. ദുർഗ്ഗാദേവി ക്ഷേത്രച്ചിറ നവീകരണവും സംരക്ഷണവും സംബന്ധിച്ച് ജലവിഭവ വകുപ്പിൽ നിന്നും 939093/എം.ഐ 3/2016 തീയതി 30.10.2016 പ്രകാരം ചീഫ് എഞ്ചിനീയർ (ഐ.എ)-ക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കാമോ;

(ബി) ചീഫ് എഞ്ചിനീയർ (ഐ.എ.) -യിലെ ഇതു സംബന്ധിച്ച ഫയൽ നമ്പർ നൽകാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ എളവള്ളി ശ്രീ. ദുർഗ്ഗാദേവി ക്ഷേത്രച്ചിറ നവീകരണവും സംരക്ഷണവും സംബന്ധിച്ച് ജലവിഭവ വകുപ്പിൽ നിന്നും 939093/ എം.ഐ. 3/2016 തീയതി 31-10-2016 പ്രകാരം ലഭിച്ച പരാതി തുടർനടനടികൾക്കായി സൂപ്രണ്ടിംഗ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ സെൻട്രൽ സർക്കിൾ എറണാകുളത്തിന് മേലെഴുത്തായി 29-11-2016 ൽ അയയ്ക്കുകയും അതിൻ പ്രകാരം ആദ്യഘട്ടമായി ഏഴ് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (ചെളി നിക്കം ചെയ്യുന്നതിന്) തയ്യാറാക്കി ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുള്ളതായി ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) അറിയിച്ചിട്ടുണ്ട്.

(ബി) പരാതിയുമായി ബന്ധപ്പെട്ട ചീഫ് എഞ്ചിനീയറുടെ (ജലസേചനവും ഭരണവും) കാര്യാലയത്തിലെ ഫയൽ നം.ഡബ്ല്യൂ2/ആർ/32514/16 ആകുന്നു.

## വാഹനങ്ങളിൽ ലഭ്യമാകുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം

151 (4162) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല പ്രദേശങ്ങളിലും മോശമായ കുടിവെള്ളം വാഹനങ്ങളിൽ കൊണ്ടുനടന്ന് അമിതവിലയ്ക്ക് നൽകി ജനങ്ങളെ കബളിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) ഇപ്രകാരം കുടിവെള്ളം അമിതവിലയ്ക്ക് വില്ക്കുന്ന സംവിധാനങ്ങളെ നിയന്ത്രിക്കുന്നതിനും പ്രസ്തുത വാഹനങ്ങളിലെ വെള്ളത്തിന്റെയും വാട്ടർ ടാങ്കിന്റെയും ഗുണനിലവാരവും വെള്ളത്തിന്റെ അളവും പരിശോധിക്കുന്നതിനും പ്രത്യേക സ്ക്വാഡുകളെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരത്തിൽ വാഹനങ്ങളിൽ കൊണ്ടുവന്ന് കൊടുക്കുന്ന കുടിവെള്ളത്തിന് അമിത തുക ഈടാക്കാതിരിക്കുന്നതിനായി ആവശ്യമായ ഉത്തരവ് പുറപ്പെടുവിയ്ക്കുമോ;

(ഇ) കുടിവെള്ളത്തിനായി ബുദ്ധിമുട്ടുന്ന പ്രദേശങ്ങളിൽ ലോറികളിൽ കുടിവെള്ളം എത്തിക്കാൻ വാട്ടർ അതോറിറ്റിക്ക് പദ്ധതിയുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ-സി) ഇതു സംബന്ധിച്ച പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സംസ്ഥാന ജലവിതരണ നിയമം 2008 Sec 38 A(2), 46(B), 52(A), 61(A) എന്നിവ പാലിക്കുന്നതിനും ഇത് നടപ്പിലാക്കുന്നതിന് റവന്യൂ, പോലീസ്, തദ്ദേശ സ്വയം ഭരണം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളിൽ നിന്നും ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് പരിശോധനാ ടീമിനെ നിയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥിരം ജലസ്രോതസ്സുകൾ മലിനമാക്കുന്നത് തടയുവാനായി കർശനമായ പോലീസ് കാവലും പ്രാദേശിക ഭരണകൂടത്തിൻെറയും ജനങ്ങളുടേയും മേൽ നോട്ടവും ഏർപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും കനാലുകൾ, കുളങ്ങൾ എന്നിവ വൃത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇത്തരം പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും ഏറ്റെടുത്ത് നടത്തി വരുന്നു. സംസ്ഥാനത്ത് കുടിവെള്ള ക്ഷാമം നേരിടുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡുകളിൽ വാട്ടർ കിയോസ്കുൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വാട്ടർ കിയോസ്കുകൾ പ്രായോഗികമല്ലാത്തതും രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്നതുമായ പ്രദേശങ്ങളിൽ ജി.പി.എസ്. ഘടിപ്പിച്ച വാഹനങ്ങളിൽ നേരിട്ട് കുടിവെള്ളം എത്തിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ജില്ലാ ഭരണകൂടം ആവശ്യപ്പെടുന്ന സാമ്പിളുകളും വാട്ടർ അതോറിറ്റിയുടെ ലാബിൽ പരിശോധിച്ച് ഫലം അറിയിച്ചു വരുന്നു.

(ഡി) ജില്ലാ ഭരണകൂടങ്ങൾ ഇത്തരം കാര്യങ്ങളിൽ നിയമപരമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) ടാങ്കർ വഴിയുള്ള ജലവിതരണം റവന്യൂ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് നടത്തുന്നത്. ഇത്തരത്തിൽ വിതരണം നടത്തുന്നതിന് ആവശ്യമായ കുടിവെള്ളം ജല അതോറിറ്റിയുടെ ശുദ്ധീകരണ ശാലകളിൽ നിന്നും ജല സംഭരണികളിൽ നിന്നും നൽകാനുള്ള സംവിധാനം സാദ്ധ്യമായ സ്ഥലങ്ങളിൽ എല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്.

**ശുദ്ധജലക്ഷാമം**

152 (4163) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വേനൽകാലത്ത് ശുദ്ധജലലഭ്യത ഉറപ്പുവരുത്താൻ ഓരോ ജില്ലയ്ക്കും അനുവദിച്ച ഫണ്ട് കൊണ്ട് ഏതുതരം പ്രവൃത്തികളാണ് സർക്കാർ ലക്ഷ്യം വെക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി) ഏതുതരം പ്രവൃത്തികളാണ് ഈ ഫണ്ട് കൊണ്ട് സർക്കാർ ലക്ഷ്യം വെക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി)

<u>ജലസേചന വകുപ്പ്</u>

വരൾച്ച നേരിടുന്നതിനായി ഒരു ജില്ലയ്ക്കും പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. ശുദ്ധജല ലഭ്യത ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ തടയണകൾ, വി.സി.ബി. ആർ.സി.ബി. ലിഫ്റ്റ് ഇറിഗേഷൻ എന്നിവ ജലസേചന വകുപ്പിന് വിവിധ

പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള സംസ്ഥാന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കി വരുന്നു. കൂടാതെ കേന്ദ്ര സഹായം ലഭിക്കുന്നതിനായി താൽക്കാലിക തടയണകൾക്കും മറ്റ് അറ്റകുറ്റപ്പണികൾക്കുമായി 9.38 കോടി രൂപയുടെ റിപ്പോർട്ട് ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ) വകുപ്പിന്റെ പരിഗണനയ്ക്കായി ജലസേചന വകുപ്പ് സമർപ്പിച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റി

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 40 കോടി രൂപ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് വിവിധ ജില്ലകളിലായി താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പാക്കിവരുന്നു:

1. സ്രോതസ്സുകളിലെ ജലലഭ്യത ഉറപ്പാക്കാൻ തടയണ നിർമ്മാണം അടക്കം ആവശ്യമുള്ള പ്രവൃത്തികൾ.
2. ജലശുദ്ധീകരണശാലകളിലെ അടിയന്തര അറ്റകുറ്റ പണികൾ
3. ജലവിതരണ പൈപ്പുകളുടെ ഇന്റർകണക്ഷൻ പ്രവൃത്തികൾ
4. ആവശ്യത്തിനു ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ പമ്പിംഗ് സമയം ദീർഘിപ്പിക്കൽ
5. ടാങ്കർ ഫില്ലിംങ്ങ് സ്റ്റേഷൻ നിർമ്മാണം
6. ജലലഭ്യതയുള്ള പദ്ധതികളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ
7. പമ്പുകളുടെയും മോട്ടോറുകളുടെയും അടിയന്തര അറ്റകുറ്റ പണികൾ
8. സ്റ്റാൻഡ് ബൈ പമ്പ് സെറ്റുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ പമ്പുകൾ വാങ്ങി സ്ഥാപിക്കൽ
9. അടിയന്തിര അറ്റകുറ്റ പണികൾക്ക് ആവശ്യമായ ജോയിന്റുകൾ, ഫിറ്റിങ്ങുകൾ തുടങ്ങിയവ വാങ്ങിക്കൽ
10. ജലവിതരണ നിയന്ത്രണത്തിനായി പുതിയ വാൽവുകൾ സ്ഥാപിക്കലും നിയന്ത്രണ സംവിധാനങ്ങളും
11. ട്രാൻസ്ഫോർമറുകൾ, പാനൽ ബോർഡുകൾ തുടങ്ങിയ അനുബന്ധ വൈദ്യുതോപകരണങ്ങളുടെ അടിയന്തര അറ്റകുറ്റ പണികൾ
12. വാൽവുകളുടെ അറ്റകുറ്റപ്പണികളും മറ്റ് അടിയന്തര പ്രവൃത്തികളും.

ഭൂജലവകുപ്പ്

സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ച നേരിടുന്നതിനായി 1240.33 ലക്ഷം രൂപ രാജീവ്ഗാന്ധി പദ്ധതിയിൻ കീഴിൽ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. കുഴൽ കിണർ നിർമ്മാണവും, കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും, ചെറുകിട കുടിവെള്ള പദ്ധതിയുടെ നവീകരണവുമാണ് ഭൂജലവകുപ്പ് ഏറ്റെടുത്ത് നടത്തുന്നത്. 5505 കൈ പമ്പുകളുടെ അറ്റകുറ്റപ്പണികൾക്കും, 585 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനുമുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3264 കൈപ്പമ്പുകളുടെ അറ്റകുറ്റപ്പണികളും 105 ചെറുകിട കുടിവെള്ള പദ്ധതികളുടെ നവീകരണവും ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

**പൊതുകുളങ്ങളുടെ നവീകരണത്തിനുള്ള നടപടി**

153(4164) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലസംരക്ഷണവുമായി ബന്ധപ്പെട്ട് പൊതുകുളങ്ങൾ നവീകരണത്തിന് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് അറിയിക്കാമോ;

(ബി) ഇതിൽ ബാലുശ്ശേരി മണ്ഡലത്തിൽ എത്ര കുളങ്ങൾ നവീകരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതുവഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനായുള്ള ഹരിത കേരളം പദ്ധതിയുടെ ആദ്യ ഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ ഇവ നീക്കം ചെയ്ത് അവയുടെ സംഭരണ ശേഷി വർദ്ധിപ്പിച്ച് കാർഷികാവശ്യങ്ങൾക്കും മറ്റ് പാരിസ്ഥിതിക ധർമ്മങ്ങൾക്കും ജല ലഭ്യത ഉറപ്പാക്കാൻ സാധിക്കുന്നതാണ്. ജലസേചന വകുപ്പിന്റെ നേതൃത്വത്തിൽ MNREGS-ൽ ഉൾപ്പെടുത്തി ജില്ലാ ഭരണകൂടം മുഖേനയാണ് പ്രവൃത്തി നടപ്പിലാക്കുന്നത്. ഇതിനായുള്ള വിശദാംശങ്ങൾ ജില്ലാ ഭരണാധികാരികാരികൾക്ക് നല്കിയിട്ടുണ്ട്.

(ബി) ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ 17 കുളങ്ങളുടെ നവീകരണത്തിന് വേണ്ടി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. DPR ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും)- യുടെ ഓഫീസിൽ തയ്യാറാക്കി വരുന്നു.

## പാക്കറ്റിലാക്കിയ കുടിവെള്ളം

154 (4165) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളം പാക്കിംഗ് നടത്തി വിതരണം ചെയ്യുന്ന എത്ര സ്വകാര്യ സംരംഭകർ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) എത്ര സർക്കാർ സംരംഭങ്ങൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദീകരിക്കുമോ;

(സി) കുടിവെള്ളം പാക്കിംഗ് നടത്തി വിപണം ചെയ്യുന്നതിന് ഒരു ലിറ്റർ വെള്ളത്തിന് എന്ത് നിരക്കാണ് സർക്കാർ എം.ആർ.പി.യായി നിശ്ചയിച്ചിട്ടുള്ളത്?

ഉത്തരം

(എ) ജലവിഭവവകുപ്പിൽ ഈ വിശദാംശങ്ങൾ ലഭ്യമല്ല.

(ബി) ജലവിഭവ വകുപ്പിന്റെ അധീനതയിൽ, കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.ഐ.ഐ.ഡി.സി.) എന്ന സർക്കാർ നിയന്ത്രണ പൊതുമേഖലാസ്ഥാപനം 'ഹില്ലി അക്വ' എന്ന കുപ്പിവെള്ള ഫാക്ടറി തൊടുപുഴയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ അരുവിക്കര കുപ്പിവെള്ള നിർമ്മാണ പദ്ധതിയുടെ നിർമ്മാണ ജോലികൾ 14-1-2016-ൽ ആരംഭിച്ചത് പുരോഗമിച്ചു വരുന്നു.

(സി) 'ഹില്ലി അക്വ' യുടെ 1 ലിറ്റർ കുപ്പിവെള്ളത്തിന് 15 (രൂപ പതിനഞ്ച്) രൂപയാണ് എം.ആർ.പി. ആയി നിശ്ചയിച്ചിട്ടുള്ളത്.

## വൈപ്പിനിലേയ്ക്കുള്ള ശുദ്ധജല വിതരണ പൈപ്പ് മാറ്റുന്നതിന് നടപടി

155 (4166) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം റെയിൽ ലൈനിന് താഴെ ഭാഗത്ത് താല്ക്കാലികമായി സ്ഥാപിച്ചിട്ടുള്ള, വൈപ്പിനിലേയ്ക്കുള്ള ശുദ്ധജല വിതരണ പൈപ്പ് മാറ്റുന്നതിനും വ്യാസം കൂടിയ പൈപ്പ് സ്ഥാപിക്കുന്നതിനും വൈകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യം നടപ്പാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) പ്രസ്തുത പൈപ്പ് ലൈൻ മാറ്റുന്നതിന് റെയിൽവേ അംഗീകരിച്ച പ്രകാരമുള്ള പദ്ധതി നടപ്പാക്കുന്നത് സാങ്കേതികമായി അത്യന്തം പ്രയാസകരവും വൻസാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതുമാണ് എന്നതിനാൽ കാലതാമസം നേരിട്ടു. ബദൽ മാർഗ്ഗങ്ങൾ ആലോചിക്കുന്നതിലേയ്ക്കായി സൂപ്രണ്ടിംഗ് എഞ്ചിനീയർ പി.എച്ച്. സർക്കിൾ, കൊച്ചി, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, വാസ്കോൺ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (മദ്ധ്യമേഖല) എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.ഡിവിഷൻ കൊച്ചി എന്നിവർ അംഗങ്ങളായി കേരള വാട്ടർ അതോറിറ്റി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## ഇ.എസ്.ഐ. ആശുപത്രികളിൽ അടിസ്ഥാന സൗകര്യവികസനം

156 (4167) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ രോഗികൾക്ക് മികച്ച ചികിത്സ ലഭ്യമാക്കുന്നതിനും ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിനും നടപടി സ്വീകരിക്കുമോ;

(ബി) ഇപ്പോൾ ഏതൊക്കെ വിഭാഗത്തിൽ ജോലി ചെയ്യുന്നവർക്കാണ് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ 9 ആശുപത്രികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രസ്തുത ആശുപത്രികളുമായും 143 ഡിസ്പെൻസറികളുമായും ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി 14-12-2016-ലെ സ.ഉ. (സാധാ.) നമ്പർ 1539/16/തൊഴിൽ പ്രകാരം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ കൺവീനറായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചശേഷം അതിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ. ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് പത്തോ അതിലധികമോ തൊഴിലാളികൾ ജോലിചെയ്യുന്ന താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന തൊഴിൽ സ്ഥാപനങ്ങളിലെ എല്ലാ തൊഴിലാളികൾക്കും ഇ.എസ്.ഐ. പരിരക്ഷ ലഭിക്കുന്നതാണ്. പരിരക്ഷ ലഭിക്കുന്നതിനുള്ള തൊഴിലാളികളുടെ പ്രതിമാസ വേതന പരിധി 1-1-2017 മുതൽ 21000 രൂപയാണ്.

1. വ്യവസായശാലകൾ, വ്യാപാര സ്ഥാപനങ്ങൾ
2. ഹോട്ടൽ/റെസ്റ്റോറൻറ്
3. സിനിമ തിയേറ്ററുകൾ
4. റോഡ് ഗതാഗത സ്ഥാപനങ്ങൾ
5. പത്ര മാധ്യമ സ്ഥാപനങ്ങൾ
6. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ
7. സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ
8. കൺസ്ട്രക്ഷൻ മേഖലയിലെ നിർമ്മാണ തൊഴിലാളികൾ

കൂടാതെ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പത്തോ അതിലധികമോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിലെ എല്ലാ കോൺട്രാക്ട്/ കാഷ്വൽ തൊഴിലാളികൾക്കും ഇ.എസ്.ഐ. പരിരക്ഷ ലഭ്യമാണ്.

## തുണി വ്യവസായ മേഖലയിലുള്ള സ്ത്രീ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ

157 (4168) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുണി വ്യവസായ മേഖലയിലുള്ള സ്ത്രീ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാത്തതും ഇരിക്കുന്നതിനുള്ള അനുമതി ഇല്ലാത്തതും മതിയായ വിശ്രമം അനുവദിക്കാത്തതും സംബന്ധിച്ച് തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പരിശോധനകൾ നടത്താറുണ്ടോ;

(ബി) പ്രസ്തുത പരിശോധനയിൽ കണ്ടെത്തിയ നിയമ ലംഘനങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നറിയിക്കുമോ;

(സി) ഇത്തരത്തിൽ തുടർ പരിശോധനകൾ നടത്തി ഇരിക്കാനുള്ള സൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിയമലംഘനങ്ങൾ പരിഹരിക്കാത്ത സ്ഥാപന ഉടമകൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ്, ക്ലെയിം പെറ്റീഷൻ, പ്രോസിക്യൂഷൻ എന്നീ നിയമനടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡ്**

158 (T*4169) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സ്പോർട്സും വ്യവസായവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് സർക്കാർ നല്കാനുള്ള കുടിശ്ശികത്തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിശ്ശിക തുക നല്കാത്തതിനാൽ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നല്കുന്നതിന് പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ കുടിശ്ശിക എന്ന് നല്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് 2016-17 സാമ്പത്തിക വർഷം വരെ നൽകാനുള്ള സർക്കാർ വിഹിതം 8,39,57,072 രൂപയാണ് (രൂപ എട്ട് കോടി മുപ്പത്തൊൻപത് ലക്ഷത്തി അൻപത്തേഴായിരത്തി എഴുപത്തി രണ്ട് മാത്രം)

(ബി) ഉണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷം 6-9-2016-ലെ സ.ഉ (സാധാ) 880/2016/ വ്യവ നമ്പർ ഉത്തരവ് പ്രകാരം കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിന് 29,12,000 രൂപ അനുവദിച്ചിട്ടുണ്ട്. ബാക്കി തുക സർക്കാരിന്റെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് അനുവദിക്കുന്നതാണ്.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**ജോബ്ഫെയറുകൾ മുഖേന തൊഴിലവസരങ്ങൾ**

159 (4170) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് ജോബ് ഫെയറുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്വകാര്യ തൊഴിൽ മേഖലയിലെ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്താൻ എന്തെല്ലാം കാര്യങ്ങളാണ് ഈ ഫെയറുകളിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് എത്ര ജോബ് ഫെയറുകൾ സംഘടിപ്പിച്ചുവെന്നും എത്ര പേർക്ക് ഇതുവഴി തൊഴിൽ ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് നടപ്പാക്കി വരുന്ന വൊക്കേഷണൽ ഗൈഡൻസ് ശാക്തീകരണം പദ്ധതിയുടെ ഭാഗമായി സംസ്ഥാന വ്യാപകമായി 2015 വർഷം മുതൽ 'നിയുക്തി' എന്ന പേരിൽ മെഗാ ജോബ്ഫെയറുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന എംപ്ലോയബിലിറ്റി സെന്റർ പദ്ധതി പ്രകാരവും വലുതും ചെറുതുമായ തൊഴിൽ മേളകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സംഘടിപ്പിക്കുന്ന 'നിയുക്തി' ജോബ് ഫെയറിൽ പങ്കെടുക്കുന്നതിന് ഉദ്യോഗാർത്ഥികൾക്കും ഉദ്യോഗദായകർക്കും ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ജോബ്ഫെയർ സംഘടിപ്പിക്കുന്ന അവസരത്തിൽ സമയബന്ധിതമായി ഇതിനായി വെബ്സൈറ്റ് തുറന്നു നൽകുന്നു. ഇടനിലക്കാരില്ലാതെ വകുപ്പ് നേരിട്ട് സംഘടിപ്പിക്കുന്ന ഈ തൊഴിൽ മേളകളിൽ പങ്കെടുക്കുന്നതിന് യാതൊരു വിധത്തിലുള്ള ഫീസും ഈടാക്കുന്നില്ല. തികച്ചും സൗജന്യമായാണ് ഇത്തരം തൊഴിൽ മേളകൾ നടത്തി വരുന്നത്. നിയുക്തി പോലുള്ള ജോബ്ഫെയറുകൾ വഴി

ഉദ്യോഗദായകരെയും ഉദ്യോഗാർത്ഥികളെയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്നത് വഴി ഉദ്യോഗദായകർക്ക് അവരുടെ ഒഴിവുകൾക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ നേരിട്ട് സെലക്റ്റ് ചെയ്യാവുന്നതും ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഒന്നിലധികം ഉദ്യോഗദായകരുടെ വിവിധ ഒഴിവുകളിലേക്ക് നടത്തപ്പെടുന്ന ഇന്റർവ്യൂവിൽ പങ്കെടുത്ത് അർഹമായ തൊഴിൽ നേടാനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന 3 മെഗാ ജോബ് ഫെയറും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേന 214 ജോബ് ഡ്രൈവുകളും സംഘടിപ്പിച്ചിട്ടുണ്ട്. ഇതിൽ 3338 പേർക്ക് പ്ലേസ്മെന്റും 12215 പേർക്ക് ജോബ് ഓഫറുകളും ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**ശരണ്യ സ്വയംതൊഴിൽ പദ്ധതി**

160 (4171) <u>ശ്രീ. ഇ. പി. ജയരാജൻ:</u>
<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ:</u>
<u>ശ്രീമതി വീണാ ജോർജ്ജ്:</u>
<u>ശ്രീ. എസ്. രാജേന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അശരണരും ആലംബഹീനരുമായ വനിതകളുടെ ഉന്നമനം ലക്ഷ്യമാക്കി ശരണ്യ സ്വയം തൊഴിൽ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ;

(ബി) ഏതെല്ലാം വിഭാഗത്തിലുള്ള സ്ത്രീകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ പദ്ധതിക്കായി എത്ര കോടി രൂപ ചെലവഴിച്ചെന്നും എത്ര ഗുണഭോക്താക്കൾക്ക് തുക വിതരണം ചെയ്തെന്നുമുള്ള കണക്ക് ലഭ്യമാണോ; ആണെങ്കിൽ അറിയിക്കുമോ;

(ഡി) ഭിന്നശേഷിക്കാരായ വനിതകളെയും കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും വാർഷിക കുടുംബവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തവരും പ്രായം

18-നും 55-നും മദ്ധ്യേയുള്ള (അവിവാഹിതകൾ ഒഴികെ) വിധവകൾ, നിയമാനുസൃതം വിവാഹമോചനം നേടിയവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാകുകയോ ചെയ്തവർ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ, അംഗപരിമിതരായ വനിതകൾ, നിത്യരോഗിയും ശയ്യാവലംബരുമായ ഭർത്താക്കന്മാരുള്ളവർ എന്നീ വിഭാഗത്തിലുള്ള വനിതകളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3180 ഗുണഭോക്താക്കൾക്കായി ആകെ 16 കോടി രൂപ ഈ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 28-1-2016-ലെ ജി.ഒ.(പി) നമ്പർ 18/2016/തൊഴിൽ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരായ വനിതകളെ കൂടി ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

161 (4172) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (RSBY) പ്രകാരം പ്രീമിയം ഇനത്തിൽ സർക്കാർ വിഹിതമായി എന്തു തുക ഇതേവരെ അടച്ചു എന്നതിന്റെ വർഷം തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര പേർക്കു ഇതിന്റെ പ്രയോജനം ലഭിച്ചു; ക്ലെയിം ഇനത്തിൽ എന്തു തുകയാണ് ഗുണഭോക്താക്കൾക്ക് പ്രതിവർഷം ലഭിച്ചത്;

(സി) ഈ പദ്ധതി നിർബന്ധിതമാണോ; എങ്കിൽ അങ്ങനെ നിർബന്ധിതമാക്കാനുള്ള കാരണമെന്താണ്എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത കാലയളവിൽ 40.55 ലക്ഷം ക്ലെയിമുകൾ ലഭിച്ചു. ക്ലെയിം ഇനത്തിൽ 1398.6 കോടിയുടെ ആനുകൂല്യം നാളിതുവരെ ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഈ പദ്ധതി നർബന്ധിതമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തോട്ടം മേഖലയിലെ പ്രതിദിന വേതനം

162 (4173) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം മേഖലയിൽ പണിയെടുക്കുന്നവരുടെ പ്രതിദിന വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ നിന്ന് കരാർവൽക്കരണം ഒഴിവാക്കി, ന്യായവേതനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ തോട്ടം മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ മിനിമം വേതനം ക്രമപ്പെടുത്തി 17-5-2016-ലെ സ.ഉ. (അച്ചടി) നമ്പർ 76/2016/ തൊഴിൽ പ്രകാരം ഉത്തരവായിട്ടുണ്ട്.

തോട്ടം തൊഴിലാളികളുടെ 2017 ജനുവരി മാസത്തെ മിനിമം കൂലി താഴെ പറയും പ്രകാരമാണ്:

| | അടിസ്ഥാന ശമ്പളം | ക്ഷാമ ബത്ത | ആകെ |
|---|---|---|---|
| തേയില | 256.21 | 56.50 | 312.71 |
| കാപ്പി | 256.21 | 56.50 | 312.71 |
| ഏലം | 285.21 | 56.50 | 341.71 |
| റബ്ബർ | 336.21 | 56.50 | 392.71 |

മിനിമം കൂലി നിരക്കുകൾ 2015 ജൂലൈ മാസം 1-ാം തീയതി മുതൽ പ്രാബല്യത്തിലുണ്ട്.

(ബി) 4-9-2015-ലെ സ.ഉ (എം.എസ്.) നമ്പർ 123/2015/ തൊഴിൽ പ്രകാരം കേരള മോട്ടോർ വാഹന തൊഴിലാളികൾക്ക് ന്യായവേതനം നൽകാൻ ഉത്തരവായിട്ടുണ്ട്.

## തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

163 (4174) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇപ്പോൾ എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) ബോർഡ് വഴി രജിസ്റ്റർ ചെയ്തവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ വിശദമാക്കാമോ;

(സി) തൊഴിലാളികളുടെ ആനുകൂല്യം അവസാനമായി വർദ്ധിപ്പിച്ച തെന്നാണെന്ന് വിശദമാക്കാമോ;

(ഡി) ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ഇ) ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) 775628 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1. തിരുവനന്തപുരം | - | 1,10,728 |
| 2. കൊല്ലം | - | 1,20,256 |
| 3. പത്തനംതിട്ട | - | 30,636 |
| 4. ആലപ്പുഴ | - | 58,911 |
| 5. കോട്ടയം | - | 44,384 |
| 6. ഇടുക്കി | - | 25,518 |
| 7. എറണാകുളം | - | 61,464 |
| 8. തൃശ്ശൂർ | - | 76,000 |
| 9. പാലക്കാട് | - | 33,915 |
| 10. മലപ്പുറം | - | 27,517 |
| 11. കോഴിക്കോട് | - | 88,700 |
| 12. വയനാട് | - | 13,547 |
| 13. കണ്ണൂർ | - | 65,167 |
| 14. കാസർഗോഡ് | - | 18,885 |
| ആകെ | - | 7,75,628 |

(ബി) ബോർഡുവഴി രജിസ്റ്റർ ചെയ്തവർക്ക് നൽകുന്ന ആനുകൂല്യങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

1. റിട്ടയർമെന്റ് പെൻഷൻ - 1000 രൂപ
2. ഫാമിലി പെൻഷൻ - 1000 രൂപ
3. ഡിസെബിലിറ്റി പെൻഷൻ -1000 രൂപ
4. മെമ്പർ ഡിസെബിലിറ്റി പെൻഷൻ -1000 രൂപ
5. പ്രസവാനുകൂല്യം -15000 രൂപ (അസംഘടിത മേഖലയിലെ സ്ത്രീ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യ പദ്ധതി പ്രകാരം സർക്കാരിൽ നിന്നുള്ള 13000 രൂപയും ബോർഡിന്റെ ഫണ്ടിൽ നിന്നുള്ള 2000 രൂപയും ചേർത്ത് ആകെ 15000 രൂപ പ്രസവാനുകൂല്യമായി നൽകുന്നു.)
6. ക്യാഷ് അവാർഡ് 10-ാം ക്ലാസ്സ് -1000 രൂപ
7. സ്കോളർഷിപ്പ്

| | |
|---|---|
| പ്ലസ് 1, പ്ലസ് 2 | - 1000 രൂപ |
| ബി. എ . | - 1000 രൂപ |
| ബികോം | - 1000 രൂപ |
| ബി.എസ്.സി. | - 1000 രൂപ |
| എം.എ | - 2000 രൂപ |
| എം.എസ്.സി . | - 2000 രൂപ |
| എം.കോം | - 2000 രൂപ |
| എഞ്ചിനീയറിംഗ്, എം.ബി.ബി.എസ്, ബി ഡി എസ്, ബി എ എം എസ് തുടങ്ങിയ തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് | 5000 രൂപ |

പോളിടെക്നിക്
ഡി എച്ച് എം എസ്
എൽ എൽ ബി
എം ബി എ
ബി എസ് സി
എം സി എ തുടങ്ങിയ
കോഴ്സുകൾക്ക് } 4000 രൂപ

ബി എഡ് - 700 രൂപ

ഐ റ്റി ഐ, ഐ റ്റി സി
ജനറൽ നഴ്സിംഗ് കോഴ്സുകൾക്ക് - 600 രൂപ

8. മരണാനന്തര ധനസഹായം - 25000 രൂപ

9. ചികിത്സാ ധനസഹായം - 1000-5000 രൂപ വരെ

10. വിവാഹാനുകൂല്യം

പുരുഷൻ - 1000 രൂപ

സ്ത്രീ - 2000 രൂപ

11. റിട്ടയർമെന്റ് ആനുകൂല്യം - ക്ഷേമനിധിയിൽ അടച്ച തുകയും വർഷവും കണക്കാക്കി നൽകുന്നു.

(സി) 2-3-2016 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 370/16/തൊഴിൽ ഉത്തരവ് പ്രകാരം മരണാനന്തര ധനസഹായം 25000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 6-8-2016 തീയതിയിലെ സ.ഉ. (കൈ) നമ്പർ 129/2016/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ക്ഷേമനിധി പെൻഷനുകൾ 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 20-9-2008 തീയതിയിലെ ജി.ഒ.(ആർ.റ്റി.) 2490/2008/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം സ്കോളർഷിപ്പും ക്യാഷ് അവാർഡും വർദ്ധിപ്പിച്ചു. 27-3-2012 തീയതിയിലെ ജി.ഒ.(എം.എസ്.) നമ്പർ 52/2012/ തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം അധിക പ്രസവ ധനസഹായം

13000 രൂപയായി നൽകി വരുന്നു. 30-9-2008 തീയതിയിലെ ജി.ഒ.(എം.എസ്.) നമ്പർ 136/2008/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം വിവാഹ ധനസഹായം സ്ത്രീകൾക്ക് 2000 രൂപയും പുരുഷന് 1000 രൂപയും പ്രസവാനുകൂല്യം 2000 രൂപയുമായി വർദ്ധിപ്പിച്ചു. 2-12-2005 തീയതിയിലെ സ.ഉ.(പി) നമ്പർ 100/2005/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ചികിത്സാധനസഹായം പരമാവധി 5000 രൂപയായി വർദ്ധിപ്പിച്ചു.

(ഡി&ഇ) ബോർഡിന്റെ പ്രവർത്തനത്തെപ്പറ്റി ലഭിച്ചിട്ടുള്ള പരാതികളിൻമേൽ പരിശോധന നടത്തി വരുന്നു.

**അസംഘടിത മേഖലയിൽ കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ**

164 (4175) ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസംഘടിത മേഖലയിൽ കൂടുതൽ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ ക്ഷേമത്തിനും സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും വേണ്ടി രൂപീകരിച്ചിട്ടുള്ള 2015-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകുന്നതോടെ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മുമ്പ് നിലവിലുണ്ടായിരുന്ന ക്ഷേമപദ്ധതികളിൽ നിന്നും ലഭിച്ചിരുന്ന ആനുകൂല്യങ്ങളേക്കാൾ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതായിരിക്കും. കൂടാതെ അസംഘടിത മേഖലയിലെ വിരമിച്ച തൊഴിലാളികൾക്ക് നൽകിവന്നിരുന്ന ക്ഷേമപെൻഷൻ 600 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**ഇതരസംസ്ഥാന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കൽ**

165 (4176) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികൾക്ക് അവർ കൂടുതലുള്ള പ്രദേശങ്ങളിൽ മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുന്ന വിഷയം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ അവർക്കായി എവിടെയെങ്കിലും ഭവന നിർമ്മാണ പദ്ധതി

നടന്നുവരുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) അവരുടെ വിവരശേഖരണവും ആരോഗ്യസംരക്ഷണവും മുൻനിർത്തി എന്തെങ്കിലും പുതിയ പദ്ധതികൾക്ക് രൂപം നൽകുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇത് സംബന്ധമായ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പിലാക്കി വരുന്ന ഭവന പദ്ധതികളിൽ ഒന്നാണ് 'അപ്ന ഘർ' പദ്ധതി. ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതി വഴി നടപ്പിലാക്കുന്നത്. പാലക്കാട് ജില്ലയിലെ കിൻഫ്ര പാർക്കിലാണ് ഇതിന്റെ ആദ്യ സ്കീമായ ഹോസ്റ്റലിന്റെ പണി നടന്നുവരുന്നത്. പാലക്കാട് ജില്ലയിലും പരിസരത്തും ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഡീസന്റ് ഹോസ്റ്റൽ അക്കോമഡേഷൻ ആണിത്. ഈ സ്കീമിന്റെ നിർമ്മാണം തൃശ്ശൂർ ഹെഡ് ഓഫീസിലുള്ള സർക്കാർ അംഗീകാരമുള്ള കോസ്റ്റ് ഫോർഡ് എന്ന സ്ഥാപനമാണ് നടത്തി വരുന്നത്. ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കാൻ കഴിയുന്ന 'അപ്ന ഘർ' പദ്ധതി പാലക്കാട് സ്കീമിൽ മൊത്തം 64 റൂമുകളിൽ ആണ് താമസ സൗകര്യം ഒരുക്കുന്നത്. കൂടാതെ കെട്ടിടത്തിൽ 4 നിലയിലുമായി മൊത്തം 32 അടുക്കള, 96 ടോയ്‌ലെറ്റ്, 8 ഊണ് മുറി എന്നിവയും പ്രത്യേകം യൂറിനൽസും വിശാലമായി കുളിക്കാനുള്ള സൗകര്യവും ബാത്ത് ഷവറും, വസ്ത്രം അലക്കുന്നതിനും ഉണക്കുന്നതിനുമുള്ള സൗകര്യവും ഉണ്ട്. വിശ്രമിക്കാനായി ഇരിക്കാനുള്ള ഇരിപ്പിടവും ഓരോ ഫ്ലോറിലും നൽകിയിട്ടുണ്ട്. കെട്ടിടവും പരിസരവും വൃത്തിയാക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തുന്നതാണ്. ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് (മാസം/ആഴ്ച) നൽകുന്ന ഡിസന്റ് ഹോസ്റ്റൽ അക്കോമഡേഷൻ ആണ് തയ്യാറാക്കുന്നത്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലും ഇതര സംസ്ഥാന തൊഴിലാളികൾക്ക് 'അപ്ന ഘർ' പദ്ധതി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ആവാസ് എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

പദ്ധതിയിൽ അംഗമാകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക്

ഓരോർത്തർക്കും 15,000 രൂപയുടെ സൗജന്യ ചികിത്സ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിൽ നിന്നും എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രികളിൽ നിന്നും ലഭ്യമാക്കുവാനാണ് ഉദ്ദേശിക്കുന്നത്. തൊഴിലിൽ ഏർപ്പെട്ടിരിക്കെ അപടകമരണം സംഭവിക്കുന്നവരുടെ കുടുംബാംഗങ്ങൾക്ക് 2 ലക്ഷം രൂപ ധനസഹായം നൽകുന്നതിനും ഈ പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളെയാണ് ഈ പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്.

**റോഡരികിൽ 'ഹോട്ടൽ' എന്ന ബോർഡ് പ്രദർശിപ്പിക്കുന്ന ജീവനക്കാർ**

166 (4177) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് വേതനവും തൊഴിൽ സുരക്ഷയും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) റോഡരികിൽ "ഹോട്ടൽ"എന്ന ബോർഡ് ഉയർത്തിപ്പിടിച്ച് നിൽക്കുന്ന ജീവനക്കാരന്റെ വേതനം നിശ്ചയിക്കുന്നതിനും തൊഴിൽ സമയം നിജപ്പെടുത്തുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ;

(സി) ഇരിക്കുവാൻ കസേരപോലും നൽകാതെ പകലന്തിയോളം ജോലിചെയ്യുന്ന ഈ ജീവനക്കാർ അനുഭവിക്കുന്ന യാതനകൾ ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിലാളികളുടെ വേതനവും വേതനവ്യവസ്ഥകളും തൊഴിലുറപ്പും സംരക്ഷിക്കുന്നതിന് തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുമുണ്ട്. കൂടാതെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും, വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രെഷ്, ടോയ്‌ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ) ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും വകുപ്പ് (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/അജ്യൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിവിധ നിയമപ്രകാരമുള്ള സേവനവേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥാപന പരിശോധനകൾ, സ്ക്വാഡ് ഇൻസ്പെക്ഷൻ, സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്തുന്നുണ്ട്. നാളിതുവരെ 44873 സ്ഥാപന പരിശോധനകൾ നടത്തുകയും 5936 പ്രോസിക്യൂഷൻ, 741 ക്ലെയിം പെറ്റീഷൻ എന്നിവ നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിടങ്ങൾ നൽകുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനായി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ ഭേദഗതി വരുത്തുന്നത് സർക്കാർ പരിഗണനയിലാണ്.

(ബി & സി) ഇപ്രകാരം ഏതെങ്കിലും ഹോട്ടലിനുവേണ്ടി ജോലി ചെയ്യുന്ന ജീവനക്കാരനെ പ്രസ്തുത സ്ഥാപന പരിശോധനയുടെ സമയത്ത് ശ്രദ്ധയിൽപ്പെടുന്നപക്ഷം ടി ജീവനക്കാരനെയും ആ സ്ഥാപനത്തിലെ തൊഴിലാളിയായിട്ടാണ് കണക്കാക്കുന്നത്. ടി ജീവനക്കാർക്ക് മിനിമം വേതന നിയമപ്രകാരമുള്ള ആനുകൂല്യങ്ങളും കേരള ഷോപ്പ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരമുള്ള ആനുകൂല്യങ്ങളും ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തുന്നതാണ്.

## പത്തനംതിട്ട ജില്ലയിൽ 'ഒഡെപെക്ക്' കേന്ദ്രം

167 (4178) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ ഒഡെപെക് കേന്ദ്രം സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിൽ ഒഡെപെക് കേന്ദ്രം വഴി പ്രസ്തുത ജില്ലയിൽ നിന്നും എത്ര പേർ വിദേശത്ത് ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്;

(സി) ഒഡെപെക് കേന്ദ്രം വഴിയുള്ള നിയമനം കൂടുതൽ ജനകീയമാക്കി, ജനശ്രദ്ധയാകർഷിച്ച് നിയമനം കൂടുതൽ സുതാര്യമാക്കുവാൻ നടപടികൾ

സ്വീകരിക്കുമോ;

(ഡി) ഒഡെപെക് സബ് സെന്റർ പത്തനംതിട്ടയിൽ ആരംഭിക്കുന്നതിന് സർക്കാരിന് കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടാകുമോ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ ഒഡെപെക് കേന്ദ്രം സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) വിദേശ തൊഴിൽ ലഭിച്ചവരുടെ ജില്ല തിരിച്ചുള്ള വിവരം ഒഡെപെക്കിൽ ശേഖരിച്ചിട്ടില്ല.

(സി) ഒഡെപെക്-ന്റെ പ്രവർത്തനം സുതാര്യവും ജനകീയവുമാണ്. www.odepc.kerala.gov.in എന്ന വെബ്സൈറ്റിൽ എല്ലാ ഒഴിവുകളും നോട്ടിഫിക്കേഷനായി നൽകാറുണ്ട്. അതിൽ ഉദ്യോഗാർത്ഥികൾ തുടരേണ്ട നടപടിക്രമവും വിശദീകരിക്കാറുണ്ട്. ഒഡെപെക് വഴി വിദേശത്ത് ജോലി ലഭിക്കുന്നതിനുള്ള രജിസ്ട്രേഷൻ ഓൺലൈൻ വഴിയാണ് ചെയ്യുന്നത്. ഉദ്യോഗാർത്ഥികൾക്കുള്ള വിനിമയങ്ങൾ നടത്തുന്നത് പ്രധാനമായും ഇ-മെയിൽ വഴിയും ഫോൺ മുഖാന്തരവുമാണ്. ഒഴിവുകൾ മനസ്സിലാക്കുന്നതിന് വെബ്സൈറ്റ് സന്ദർശിച്ചാൽ മതിയാകും.

(ഡി) ഉണ്ടാകും. സാമ്പത്തിക ബാധ്യത കണക്കാക്കിയിട്ടില്ല.

## അന്യസംസ്ഥാന തൊഴിലാളികളുടെ മക്കളുടെ ആരോഗ്യ-വിദ്യാഭ്യാസ കാര്യങ്ങൾ

168 (4179) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജോലി ചെയ്യുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ മക്കളുടെ ആരോഗ്യ-വിദ്യാഭ്യാസ കാര്യങ്ങൾക്ക് എന്തെങ്കിലും പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ, ഭാവിയിൽ ഇത്തരം പരിപാടികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) അപകടത്തിൽ മരണമടയുന്ന അന്യ സംസ്ഥാന തൊഴിലാളികളുടെ മൃതദേഹം നാട്ടിലേയ്ക്ക് കൊണ്ടുപോവാൻ എന്തെങ്കിലും സാമ്പത്തിക സഹായങ്ങൾ നൽകുന്നുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കളുടെ ആരോഗ്യ-വിദ്യാഭ്യാസ കാര്യങ്ങൾ സംബന്ധിച്ച് തൊഴിൽ വകുപ്പ് മുഖേന പ്രത്യേക പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

(ബി) ഈ വിഷയം പരിശോധിക്കാവുന്നതാണ്.

(സി) ഉണ്ട്. 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമായ ഇതര സംസ്ഥാന തൊഴിലാളികളുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് 5000 രൂപ മുതൽ 15000 രൂപ വരെ ധനസഹായം നൽകുന്നു.

**ഷോപ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ**

169 (4180) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഷോപ്പുകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ എത്ര;

(ബി) ഇതിൽ എത്ര പേർ ക്ഷേമനിധി അംഗങ്ങളാണ്;

(സി) ഷോപ്പുടമകൾ രജിസ്റ്റർ ചെയ്ത് അംഗീകരിച്ചിട്ടുള്ള തൊഴിലാളികളുടെ എണ്ണമെത്ര;

(ഡി) ഇവരുടെ കുറഞ്ഞ കൂലി സംബന്ധിച്ച് നിലവിൽ നിയമമുണ്ടോ;

(ഇ) ഇക്കാര്യത്തിൽ സമഗ്ര നിയമ നിർമ്മാണം കൊണ്ടുവന്ന് ഈ രംഗത്ത് ജോലി ചെയ്യുന്നവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 10,83,834

(ബി) 9,85,917 പേർ ക്ഷേമനിധി അംഗങ്ങളാണ്.

(സി) 9,37,376

(ഡി) നിയമമുണ്ട്. 21-12-2016-ലെ സ.ഉ. (അച്ചടി) നമ്പർ. 196/ 2016/ തൊഴിൽ എസ്.ആർ.ഒ നമ്പർ 785/2016 ഉത്തരവ് പ്രകാരം ഷോപ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കുള്ള മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ഇ) തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിൽ പരിശോധന നടത്തി ഈ രംഗത്ത് ജോലി ചെയ്യുന്നവരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ നിലവിലുള്ള തൊഴിൽ നിയമങ്ങളനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തിക**

170 (4181) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ എത്ര അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികകൾ നിലവിൽ ഉണ്ട്;

(ബി) ഈ തസ്തികകൾ ഏത് വർഷമാണ് നിലവിൽ വന്നത്;

(സി) അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തിക വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ) തൊഴിൽ വകുപ്പിൽ 102 അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികകളും, 13 അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് I തസ്തികകളും, 11 പ്ലാന്റേഷൻ ഇൻസ്പെക്ടർ തസ്തികകളും നിലവിലുണ്ട്.

(ബി) 15-3-1997-ലെ സ.ഉ.(എം.എസ്.) 28/1997/തൊഴിൽ, 15.11.2005-ലെ സ.ഉ.(എം.എസ്.) 95/2005/തൊഴിൽ എന്നീ ഉത്തരവുകൾ പ്രകാരം 2 അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികകളും 25-10-1984-ലെ സ.ഉ.(എം.എസ്.) 57/1984/തൊഴിൽ ഉത്തരവ് പ്രകാരം ഒരു അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് I തസ്തികയും 30-4-2012-ലെ സ.ഉ. (എം.എസ്.) 64/2012/ തൊഴിൽ പ്രകാരം ഒരു പ്ലാന്റേഷൻ ഇൻസ്പെക്ടർ തസ്തികയും നിലവിൽ വന്നു. മറ്റ് തസ്തികകൾ വകുപ്പ് നിലവിൽ വന്ന 1946 ലും ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ച 1980 ലുമായി നിലവിൽ വന്നു.

(സി) തീരുമാനിച്ചിട്ടില്ല.

**തൊഴിലാളികൾക്ക് ശമ്പളം ബാങ്ക് വഴിയാക്കുന്നതിന് നടപടികൾ**

171 (4182) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംഘടിത /അസംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് ശമ്പളം ബാങ്ക് വഴി ആക്കുന്നതിന് നടപടികൾ ആയിട്ടുണ്ടോ; വിശദാംശംങ്ങൾ നൽകുമോ;

(ബി) സംസ്ഥാനത്തെ വാണിജ്യസ്ഥാപനങ്ങളിൽ തൊഴിൽവകുപ്പ് ഓൺലൈൻ രജിസ്ട്രേഷൻ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്ക് വഴി നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും. നാളിതുവരെ 3541 സ്ഥാപനങ്ങളിൽ നിന്നും 79603 ജീവനക്കാർക്ക് 343 കോടി രൂപ ടി പദ്ധതി വഴി വിതരണം നടത്തിയിട്ടുണ്ട്.

(ബി) വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ, ഭേദഗതി എന്നിവക്ക് ഓൺലൈൻ സംവിധാനം മുഖേന സ്ഥാപനങ്ങൾക്ക് തൊഴിൽ വകുപ്പിലേക്ക് അപേക്ഷിക്കാവുന്നതാണ്. ആയതിനായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റത്തിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി 2016 വർഷം 34058 രജിസ്ട്രേഷനും 132570 റിന്യൂവലും ഓൺലൈനായി നൽകിയിട്ടുണ്ട്.

**കർഷകത്തൊഴിലാളി ക്ഷേമനിധി**

172 (4183) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി ട്ടുള്ളവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാകാത്തതു പരിഗണിച്ച്, ആയത് കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കേരള കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി ട്ടുള്ളവർക്ക് ചുവടെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.

1. റിട്ടയർമെന്റ് ആനുകൂല്യം (അതിവർഷാനുകൂല്യം)

2. മരണാനന്തര ധനസഹായം

3. വിവാഹ ധനസഹായം (അംഗങ്ങൾക്കും അംഗങ്ങളുടെ പെൺ മക്കൾക്കും)

4. പ്രസവ ധനസഹായം (വനിത അംഗങ്ങൾക്ക്)

5. ചികിത്സാ ധനസഹായം

6. വിദ്യാഭ്യാസ അവാർഡ്

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മുൻ സർക്കാരിന്റെ കാലത്ത് ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടില്ല. റിട്ടയർമെന്റ് ആനുകൂല്യം, വിവാഹ ധനസഹായം എന്നീ ഇനങ്ങളിലുള്ള കുടിശ്ശിക നൽകുന്നതിനായി അടിയന്തിര ധനസഹായം ലഭിക്കുന്നതിന് കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് സമർപ്പിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

## എംപ്ലോയബിലിറ്റി ഡെവലപ്മെന്റ് സെന്റർ

173(4184) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി ഡെവലപ്മെൻറ് സെന്റർ ആക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) ഏതെല്ലാം സാമ്പത്തിക സഹായങ്ങളാണ് കേന്ദ്ര സർക്കാരിൽ നിന്നും ഇതിനായി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരള) വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതിയാണ് "എംപ്ലോയബിലിറ്റി സെന്റർ". ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളോടൊപ്പമാണ് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. നിലവിൽ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ ഈ വർഷം എംപ്ലോയബിലിറ്റി സെന്ററുകൾ പ്രവർത്തന സജ്ജമാകും. 2016-17 വർഷം കാസർഗോഡ് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടൊപ്പം എംപ്ലോയബിലിറ്റി സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ് എന്നിവ വിവിധ അസ്സെസ്സ്മെന്റ് ടൂൾസ് ഉപയോഗിച്ച് വിലയിരുത്തി, സോഫ്റ്റ് സ്കില്ലുകൾക്കും, ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനയും തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം പരിശീലനം നൽകുന്ന അംഗീകൃത പരിശീലന കേന്ദ്രങ്ങൾ മുഖേന പരിശീലനം നൽകുകയും ഇപ്രകാരം പരിശീലനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിലെ തൊഴിലവസരം ലഭ്യമാക്കു ന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ടും ജോബ്ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികളെ തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്.

(സി) എംപ്ലോയബിലിറ്റി സെന്റർ പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിൽ നിന്നും സാമ്പത്തിക സഹായങ്ങളൊന്നും തന്നെ ലഭിക്കുന്നില്ല.

**എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം**

174(4185) ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. കെ. ബാബു:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന് കീഴിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) മെഡിക്കൽ സ്റ്റോർ, വസ്ത്ര വ്യാപാര ശാലകൾ എന്നിവ ഉൾപ്പെടെയുള്ള

കടകളിലും മറ്റ് വാണിജ്യ സ്ഥാപനങ്ങളിലും തൊഴിലെടുക്കുന്നവർക്ക് ന്യായമായ വേതനവും മറ്റു സേവനാവകാശങ്ങളും തൊഴിൽ സുരക്ഷയും കൃത്യമായി ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) തൊഴിലാളികൾക്ക് അധിക സമയ ജോലിക്ക് ഓവർടൈം അലവൻസ്, ആഴ്ച അവധി, വിശ്രമവേളകളിൽ ഇരുന്ന് വിശ്രമിക്കാനുള്ള സൗകര്യം, ടോയ് ലെറ്റ് സൗകര്യം, ഹോസ്റ്റൽ സൗകര്യം എന്നിവ നിർബന്ധമായും സജ്ജീകരിക്കണമെന്ന വ്യവസ്ഥ സംബന്ധിച്ച് എല്ലാ വ്യാപാര സ്ഥാപനങ്ങളിലും പരിശോധനയും ബോധവത്കരണവും നടത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ, ഭേദഗതി എന്നിവയ്ക്ക് ഓൺലൈൻ സംവിധാനം മുഖേന അപേക്ഷിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) നടപ്പിലാക്കിയിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി വഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948- ലെ മിനിമം വേതന നിമയപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈൻ ആയിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുവാനും കഴിയും. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ വിളിച്ച് പരിഹരിക്കാവുന്നതാണ്. എല്ലാ ഇൻസ്പെക്ടർമാർക്കും CUG സിം കാർഡ് നൽകിയിട്ടുണ്ട്. ഹെൽപ്പ് ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയം പരിഹരിക്കുന്നതിനും കഴിയുന്നു.

(ബി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടതെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും, വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും, ക്രെഷ്, ടോയ്ലെറ്റ് സൗകര്യം സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961- ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ ) ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതിയും വകുപ്പ് (ഇ-പേയ്മെന്റ്) നടപ്പിലാക്കിയിട്ടുണ്ട്. ഇത് പൂർണ്ണ തോതിൽ നടപ്പാക്കുന്നതോടെ ഈ മേഖലയിലെ തൊഴിലാളികൾക്ക് ന്യായമായ വേതനവും മറ്റ് സേവനാവകാശങ്ങളും ഉറപ്പിക്കാൻ തൊഴിൽ വകുപ്പിന് കഴിയുന്നതാണ്.

(സി) തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യസ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമ പ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. കൂടാതെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും, വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യം കൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്നും, ക്രെഷ്, ടോയ്ലെറ്റ് സൗകര്യം എന്നിവ സജ്ജീകരിക്കണമെന്നും തൊഴിലുടമകൾക്ക് വ്യക്തമായ നിർദ്ദേശം നൽകാറുണ്ട്. തുടർന്നുള്ള പരിശോധനകളിൽ ആയത് ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്താറുണ്ട്.

**കായികാദ്ധ്യാനത്തിന് മാന്യത ലഭിക്കുന്നതിന് നടപടി**

175 (4186) ശ്രീ. ആർ. രാജേഷ്:
ശ്രീ. എം. സ്വരാജ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് ദേശീയ ശരാശരിയിൽ അധികമായിരുന്നിട്ടും തദനുസൃതമായി തൊഴിലവസരങ്ങൾ വർദ്ധിക്കാതിരിക്കുന്നതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ;

(ബി) തൊഴിലില്ലായ്മ നിരക്ക് ദേശീയ തലത്തിൽ ഏറ്റവും ഉയർന്ന് നിൽക്കുന്നത് കേരളത്തിലായിരുന്നിട്ടും അതിനെക്കാൾ വളരെ താഴ്ന്ന തൊഴിലില്ലായ്മ നിരക്കുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ളവരെ സംസ്ഥാനത്ത് തൊഴിലിൽ ഏർപ്പെടുത്താൻ ഇടയാക്കുന്ന സാഹചര്യം മാറ്റിയെടുക്കാനായി കേരളത്തിലെ തൊഴിൽ സംസ്കാരത്തിൽ ഏതുവിധത്തിലുള്ള ഇടപെടലാണ് സാധ്യമായിട്ടുള്ളത്;

(സി) കായികാദ്ധ്വാനം ലഘൂകരിക്കാനും കായികാദ്ധ്വാനം ആവശ്യമായ തൊഴിലിനു സമൂഹത്തിൽ മാന്യത ലഭിക്കുന്നതിനും ഏതുവിധത്തിലുള്ള ഇടപെടൽ സാധ്യമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ച് വരികയാണ്.

(ബി & സി) തൊഴിലില്ലായ്മ നിരക്ക് ഉയർന്ന് നിൽക്കുന്ന കേരളത്തിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ളവർ കൂടുതലായി തൊഴിലിൽ ഏർപ്പെടുന്ന സാഹചര്യം സംബന്ധിച്ച് വിശദമായ പരിശോധന ആവശ്യമാണ്. മാന്യത ഉള്ളതെന്നും മാന്യത ഇല്ലാത്തതെന്നും തൊഴിലിനെ വേർതിരിക്കുന്നത് ശരിയല്ല. ഈ ദിശയിലുള്ള തൊഴിൽ സംസ്കാരം ഉയർത്തിക്കൊണ്ടുവരുന്നതിന് സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം അനിവാര്യമാണ്.

**ഐ.ടി.ഐ. -കളിലെ അടിസ്ഥാന സൗകര്യ വികസനം**

176 (4187) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഏതെങ്കിലും പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. 2016-17 വർഷത്തെ ബജറ്റിൽ വിവിധ ശീർഷകങ്ങളുടെ കീഴിലായി ഐ.ടി.ഐ.-യിലെ ട്രേഡുകൾക്കായുള്ള ഉപകരണ സംഭരണം, അഫിലിയേഷൻ, റീ-അഫിലിയേഷൻ, ട്രേഡുകളുടെ നവീകരണം, കെട്ടിട

നിർമ്മാണം, കെട്ടിടങ്ങളുടെ നവീകരണം, വനിത ഐ.ടി.ഐ.-കളുടെ നിലവാരമുയർത്തൽ തുടങ്ങിയവയ്ക്കായി തുക വകയിരുത്തിയിരുന്നു. 2016-17 സാമ്പത്തിക വർഷം അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ക്ലാസ് റൂമുകൾ, വർക്ക്ഷോപ്പ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ്, വനിതാ ട്രെയിനികൾക്കായുള്ള വിശ്രമകേന്ദ്രം, ടോയ്ലെറ്റ്, ചുറ്റുമതിൽ തുടങ്ങിയവയുടെ നിർമ്മാണത്തിനായി അനുമതി നൽകിയിട്ടുണ്ട്. ഇതുകൂടാതെ 16 ഐ.ടി.ഐ.-കളിലെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്കും 25 ഐ.ടി.ഐ.-കളുടെ വിവിധതരം ചെറുകിട മരാമത്തു പണികൾക്കും അനുമതി നൽകിയിട്ടുണ്ട്. ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരമുള്ളവയാക്കി മാറ്റുന്നത് ലക്ഷ്യമിട്ട് KIIFB പദ്ധതിയ്ക്കുകീഴിൽ 10 ഐ.ടി.ഐ.-കളെ തെരഞ്ഞെടുത്തിട്ടുണ്ട്. തിരുവനന്തപുരത്ത് ചാക്ക, കോഴിക്കോട് ഐ.ടി.ഐ.-കളുടെ നിലവാരം മെച്ചപ്പെടുത്തുവാൻ 8 കോടി രൂപ ഇതിനകം അനുവദിച്ചു നൽകിയിട്ടുണ്ട്.

## ശരണ്യ സ്വയംതൊഴിൽ പദ്ധതി

177 (4188) ശ്രീ. സണ്ണി ജോസഫ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ശരണ്യ സ്വയം തൊഴിൽ പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഈ പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ആരെയെല്ലാമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തിരിക്കുന്നതെന്ന് വിവരിക്കുമോ;

(ഡി) എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതി വഴി ലഭിക്കുന്നതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള അശരണരായ സ്ത്രീകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്നതിന് 2010-11 സാമ്പത്തിക വർഷം 'ശരണ്യ' എന്ന പേരിൽ ഒരു സ്വയംതൊഴിൽ പദ്ധതി 24-7-2010-ലെ ജി.ഒ.(പി) നമ്പർ 81/2010/ തൊഴിൽ ഉത്തരവ് പ്രകാരം ആരംഭിച്ച് നടപ്പാക്കി വരുന്നുണ്ട്.

(ബി) ഭർത്താവ് മരണപ്പെടുന്നതോടുകൂടി അല്ലെങ്കിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുകയോ, വിവാഹബന്ധം വേർപെടുത്തുകയോ, ഭർത്താവ് ശയ്യാവലംബരോ, നിത്യരോഗിയാവുകയോ ചെയ്യുന്നതോടുകൂടി മക്കളെയും വൃദ്ധരായ മാതാപിതാക്കളെയും സംരക്ഷിക്കേണ്ടിവരുന്ന അശരണരും, സാമ്പത്തികവും സാമൂഹികവുമായി പിന്നാക്കം നൽകുന്ന വനിതകൾക്കും, അംഗപരിമിതരായ വനിതകൾക്കും, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കും, പട്ടികവർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർക്കും സ്വയംതൊഴിലിലൂടെ ഒരു ജീവിതമാർഗ്ഗം കണ്ടെത്തുന്നതിന് ധനസഹായം നൽകുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഇതിലൂടെ സ്ത്രീശാക്തീകരണവും തൊഴിലില്ലായ്മ ഒരു പരിധി വരെ കുറയ്ക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതും വാർഷിക കുടുംബവരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാത്തവരും പ്രായം 18 നും 55 നും മദ്ധ്യേയുള്ള (അവിവാഹിതകൾ ഒഴികെ) വിധവകൾ, നിയമാനുസൃതം വിവാഹമോചനം നേടിയവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, പട്ടിക വർഗ്ഗത്തിലെ അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. 28-1-2016-ലെ സ.ഉ.(പി) നമ്പർ 18/2016/തൊഴിൽ ഉത്തരവ് പ്രകാരം അംഗപരിമിതരായ വനിതകളെയും, ശയ്യാവലംബരും നിത്യരോഗികളുമായ (അക്യൂട്ട് കിഡ്നി പ്രോബ്ലം, ക്യാൻസർ, മാനസികരോഗം, ഹീമോഫീലിയ) ഭർത്താക്കന്മാരുള്ള വനിതകളെയും ശരണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ശരണ്യ പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് പരമാവധി 50,000 രൂപ വരെ പലിശരഹിത വായ്പ അനുവദിക്കുന്നു. പ്രോജക്ട് നോക്കി ഒഴിച്ചുകൂടാനാവാത്ത സാഹചര്യത്തിൽ ഒരുലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. വായ്പ തുകയുടെ 50% പരമാവധി 25,000 രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നു. 50,000 രൂപയ്ക്കുമേൽ വായ്പ ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് 3% പലിശ (ഫ്ലാറ്റ് നിരക്കിൽ) 50,000 രൂപയ്ക്കുമേലുള്ള സംഖ്യയ്ക്ക് അടയ്ക്കേണ്ടതാണ്.

നല്ല രീതിയിൽ സംരംഭം നടത്തിക്കൊണ്ടു പോകുകയും ആദ്യ വായ്പയുടെ 50% എങ്കിലും തിരിച്ചടച്ചവർക്ക് സംരംഭം വിപുലീകരിക്കുന്നതിന് ജില്ലാതല സമിതിയുടെ ശിപാർശ പ്രകാരം ആദ്യ വായ്പാ തുകയുടെ 80 ശതമാനത്തിൽ കുറയാത്ത തുക തുടർവായ്പയായി (ഒരിക്കൽ മാത്രം) കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നതാണ്.

## കുട്ട മെടയൽ ഉൾപ്പെടെയുള്ള ജോലി ചെയ്തുവരുന്നവർക്ക് സംരക്ഷണം

178 (4189) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത തൊഴിൽ മേഖലകളെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ബദിയടുക്കയിലും പരിസരങ്ങളിലും ജീവിക്കുന്ന പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ പ്രധാന കുലത്തൊഴിലായ കുട്ട മെടയൽ ഉൾപ്പെടെയുള്ള ജോലി ചെയ്തുവരുന്നവർക്ക് തൊഴിൽ സംരക്ഷണമുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 2010-11 മുതൽ സംസ്ഥാനത്ത് പരമ്പരാഗത മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് ഇൻകം സപ്പോർട്ട് സ്കീം മുഖേന തൊഴിൽ വകുപ്പ് ധനസഹായം നൽകി വരുന്നു. പരമ്പരാഗത മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾക്ക് 1250 രൂപ നിരക്കിൽ പ്രതിവർഷം ധനസഹായം നൽകുന്നുണ്ട്. ഈ ഇനത്തിൽ നാളിതുവരെ 179.55 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ടി തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് ധനസഹായം നൽകുന്നതിന് 65 കോടി രൂപ പ്ലാൻ ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 32.5 കോടി രൂപ കൈത്തറി, ഫിഷറീസ്, ഖാദി, ബാംബൂ എന്നീ മേഖലയിലെ തൊഴിലാളികൾക്ക് ഇതിനകം വിതരണം നടത്തിയിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലാ പരിധിയിലുള്ള ബദിയടുക്ക എന്ന പ്രദേശത്തും പരിസരങ്ങളിലുമായി പുരാതന ഗോത്ര വിഭാഗത്തിൽപ്പെടുന്ന 'കൊറഗ' സമുദായക്കാർ ജീവിച്ചുവരുന്നുണ്ട്. തുളുഭാഷ സംസാരിക്കുന്ന ഇവർ കൂട്ടമായാണ് ജീവിക്കുന്നത്. കേരളത്തിൽ കാസർഗോഡ് ജില്ലയിലെ ബദിയടുക്ക, എൺമകജെ, മുള്ളേരിയ, മധൂർ എന്നീ സ്ഥലങ്ങളിൽ മാത്രമാണ് ഇവർ ഉള്ളത്. 530 കുടുംബങ്ങളിലായി 1803 പേർ കുട്ട/വട്ടി നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നുണ്ട്. കാടുകളിൽനിന്നും ഈറ്റ, മുള, വള്ളികൾ തുടങ്ങിയവ ശേഖരിച്ചാണ് കുട്ട ഉണ്ടാക്കുന്നത്.

കൊറഗ സമുദായക്കാർക്കുവേണ്ടി ജില്ലയിൽ 400 വീടുകൾ സർക്കാർ നിരമ്മിച്ചുനൽകിയിട്ടുണ്ട്. 30 വീടുകൾ പുതുതായി നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഇവർക്കുവേണ്ടി ഒന്നരമാസം കൂടുമ്പോൾ 15 കിലോ അരിയും ധാന്യങ്ങളും മറ്റും ഓരോ കുടുംബത്തിലും ട്രൈബൽ വകുപ്പ് മുഖേന എത്തിച്ചു കൊടുക്കുന്നുണ്ട്. ഇവർക്ക് ക്ഷേമനിധി ബോർഡുകളിൽ അംഗത്വമില്ല. അംശദായം അടയ്ക്കാൻ ഇവർ സന്നദ്ധരാകാത്തതാണ് പ്രധാന കാരണം.

**മൊറയൂർ ഐ.ടി.ഐ.**

179 (4190) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ മൊറയൂരിൽ അനുവദിച്ച ഐ.ടി.ഐ. ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) സ്ഥാപനത്തിന് സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ മണ്ഡലത്തിൽ സ്ഥലം ലഭ്യമായ മറ്റേതെങ്കിലും പ്രദേശങ്ങളിൽ ഈ ഐ.ടി.ഐ. ആരംഭിക്കുന്നതിന് തടസ്സമുണ്ടോ;

(സി) ഇല്ലെങ്കിൽ, അതിനായി വകുപ്പ് തലത്തിൽ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-സി) മലപ്പുറം മണ്ഡലത്തിലെ മൊറയൂരിൽ പുതിയ ഐ.ടി.ഐ. അനുവദിച്ചിട്ടില്ല. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കണമെന്ന നിബന്ധനയിലാണ് ഐ.ടി.ഐ.-കൾ അനുവദിച്ചുവരുന്നത്. മൊറയൂർ ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമായാൽ മാത്രമേ ഐ.ടി.ഐ. സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കാൻ സാധിക്കുകയുള്ളൂ.

**ചാലക്കുടി ജനറൽ ഐ.ടി.ഐ**

180(4191) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ജനറൽ ഐ.ടി.ഐ.- യിൽ എം.എം.വി വർക്ക് ഷോപ്പ്, ലൈബ്രറി, ഓഡിറ്റോറിയം എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആൺകുട്ടികളുടെ ജീർണ്ണാവസ്ഥയിലുള്ള ഹോസ്റ്റൽ പുതുക്കി പണിയുന്നതിനും പെൺകുട്ടികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിനും ജീവനക്കാർക്കായി ഫ്ലാറ്റ് നിർമ്മാണം നടത്തുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(ബി) എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ചാലക്കുടി ജനറൽ ഐ.ടി.ഐ.-യിൽ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ചാലക്കുടി ഐ.ടി.ഐ.-യിൽ എം.എം.വി. ട്രേഡിന്റെ ഗ്യാരേജ് നിർമ്മാണത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ അനുമതി നൽകിയിരുന്നു. കൂടാതെ എം.എം.വി. വർക്ക്ഷോപ്പ് നവീകരണത്തിനും ഓഡിറ്റോറിയം നിർമ്മാണത്തിനുമുള്ള പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് ലഭ്യമാക്കുവാൻ വേണ്ട നടപടികൾ ട്രെയിനിംഗ് ഡയറക്ടർ സ്വീകരിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾക്കുള്ള അനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

(ബി) ഈ സാമ്പത്തിക വർഷം ഐ.ടി.ഐ.-യിലെ ഇലക്ട്രിഫിക്കേഷൻ വർക്കുകൾക്കായും ടോയ്ലെറ്റ് ബ്ലോക്ക് നിർമ്മാണത്തിനു വേണ്ടിയും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 10 ഐ.ടി.ഐ.-കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയിൽ ചാലക്കുടി ഐ.ടി.ഐ.-യെ-യും ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെ അംഗീകാരം ലഭിക്കുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV)- ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് തയ്യാറാക്കിവരുന്നു. ചാലക്കുടി ഐ.ടി.ഐ.-യിലെ ഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് & കമ്പ്യൂട്ടർ സ്കിൽ ബേസിക് മോഡ്യൂളിനുപകരമായി മെക്കാനിക്ക് മെഡിക്കൽ ഇലക്ട്രോണിക്സ് അഡീഷണൽ യൂണിറ്റും പി.എൽ.സി.& ഓട്ടോമൊബൈൽ ട്രേഡിനുപകരമായി മെക്കാനിക്ക് ഓട്ടോബോഡി പെയിന്റിംഗ് ട്രേഡും അഡ്വാൻസ്ഡ് വെൽഡർ ട്രേഡിനുപകരമായി വെൽഡർ (വെൽഡിംഗ് & ഇൻസ്പെക്ഷൻ) ട്രേഡും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പള്ളിപ്പാട് ഐ.ടി.ഐ. ഒന്നാം ഗ്രേഡ് ഐ.ടി.ഐ. ആക്കുന്നതിനുള്ള നടപടി

181 (4192) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിലെ പള്ളിപ്പാട് പ്രവർത്തിക്കുന്ന ഗവൺമെന്റ് ഐ.ടി.ഐ. ഒന്നാം ഗ്രേഡ് ഐ.ടി.ഐ. ആക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ ഐ.ടി.ഐ. യുടെ വികസനത്തിന് പുതിയ കോഴ്സുകൾ, പുതിയ ട്രേഡുകൾ, ആവശ്യമായ തസ്തികകൾ എന്നിവ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഈ സ്ഥാപനത്തിന് എൻ.സി.വി.ടി. അഫിലിയേഷൻ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പള്ളിപ്പാട് ഗവ. ഐ.ടി.ഐ.-യുടെ സമഗ്രവികസനത്തിനായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ശിപാർശ ട്രെയിനിംഗ് ഡയറക്ടറുടെ പരിഗണനയിലാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു. പള്ളിപ്പാട് ഗവ. ഐ.ടി.ഐ.-യിലെ ഡ്രാഫ്റ്റ്സ്മാൻ/സിവിൽ, സർവ്വേയർ ട്രേഡുകൾക്ക് എൻ.സി.വി.റ്റി. അഫിലിയേഷൻ നേടിയെടുക്കുന്നതിന്റെ ഭാഗമായി ട്രേഡുകളിലേയ്ക്കുള്ള ഉപകരണ സംഭരണം യഥാക്രമം 56%, 46% പൂർത്തിയായിട്ടുണ്ട്. കൂടാതെ ക്ലാസ് മുറികളുടെയും വർക്ക്ഷോപ്പുകളുടെയും നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഐ.ടി. ലാബിന്റെ നിർമ്മാണത്തിനുവേണ്ടി നടപ്പു സാമ്പത്തികവർഷം അനുമതി നൽകുകയും ടി നിർമ്മാണത്തിനുവേണ്ടിയുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**നൈപുണ്യപദ്ധതി വ്യാപകമാക്കാൻ നടപടി**

182 (4193) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലത്തിന്റെ പുതിയ വെല്ലുവിളികളെ നേരിടാൻ നൈപുണ്യപദ്ധതി വ്യാപകമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നൈപുണ്യ പദ്ധതി വഴി നടപ്പാക്കി വരുന്ന പരിശീലന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിവിധ മേഖലയിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ തുടങ്ങുന്നതിലേക്കായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന പേരിൽ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കമ്പനി സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ നൈപുണ്യ വികസന പദ്ധതികൾ ഏകോപിപ്പിച്ചു നടപ്പിലാക്കുന്നതിനായി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിനെ "സ്റ്റേറ്റ് സ്കിൽ ഡെവലപ്മെന്റ് മിഷൻ" ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ പ്രത്യേക പരിശീലന പദ്ധതികൾ ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ട്. സ്വകാര്യ-വ്യാവസായിക മേഖലകൾ ആവശ്യപ്പെടുന്ന തരത്തിലുള്ള പാഠ്യപദ്ധതികളും വ്യവസായങ്ങൾക്ക് ആവശ്യമായിട്ടുള്ള സാങ്കേതിക പരിജ്ഞാനത്തിന്റെ നിലവാരം അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയർത്തിക്കൊണ്ട് വരുവാനും ലക്ഷ്യമിട്ട് വിവിധ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ബി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. മികവിന്റെ കേന്ദ്രങ്ങൾ
2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ
3. കൗശൽ കേന്ദ്രങ്ങൾ
4. എംപ്ലോയബിലിറ്റി സെന്ററുകൾ
5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)
6. കരിയർ ഡെവലപ്മെന്റ് സെന്റർ

(1) KASE വിവിധ തൊഴിൽ മേഖലകളിൽ താഴെപ്പറയുന്ന മികവിന്റെ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്.

I. <u>NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)</u>

നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി NICE (നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്) സ്ഥാപനം തിരുവനന്തപുരം ജില്ലയിലെ കിൻഫ്രയിൽ 2-7-2015 മുതൽ പ്രവർത്തിച്ചുവരുന്നു.

II. <u>CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)</u>

സെക്യൂരിറ്റി (നാഷണൽ) മേഖലയിൽ നൈപുണ്യ വികസനത്തിനായി CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി) എന്ന സ്ഥാപനം, തിരുവനന്തപുരം ജില്ലയിൽ കിൻഫ്രയിൽ 29-9-2015 മുതൽ പ്രവർത്തിച്ചുവരുന്നു.

III. <u>ESPOiR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)</u>

ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ് (ESPOiR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ 6-12-2015 മുതൽ പ്രവർത്തിച്ചുവരുന്നു.

IV. CRETT (സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)

ടീച്ചിംഗ് മേഖലയിലെ മികവിന്റെ കേന്ദ്രമായ CRETT (സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്) കോഴിക്കോട് ജില്ലയിലെ വെള്ളിപറമ്പിലെ സദ്ഭാവന ക്യാമ്പസിൽ 2-2-2016 ന് പ്രവർത്തനം ആരംഭിച്ചു.

V. CEED (സെന്റർ ഫോർ എക്സലൻസ് ഇൻ എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ്)

തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്ക് വേണ്ടി എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻഡ്യ, അഹമ്മദാബാദ് എന്ന സ്ഥാപനവുമായി ചേർന്ന് സെന്റർ ഓഫ് എക്സലൻസ് ഇൻ എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് (CEED) എന്ന മികവിന്റെ കേന്ദ്രം എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകഴിഞ്ഞു.

(2) (IIIC) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ & കൺസ്ട്രക്ഷൻ

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ & കൺസ്ട്രക്ഷൻ (IIIC)-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ച് വരുന്നു. (IIIC)-ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കുന്നുണ്ട്. ഐ.ടി.ഐ. സർട്ടിഫിക്കറ്റ്/ ഡിപ്ലോമ, എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പു വരുത്തുവാൻ IIIC-യിലൂടെ സാധിക്കും. ബിൽഡിംഗ് കൺസ്ട്രക്ഷൻ അക്കാദമി ഓഫ് സിങ്കപ്പൂർ, നാഷണൽ കൺസ്ട്രക്ഷൻ കോളേജ് ഓഫ് യുണൈറ്റഡ് കിംങ്ഡം തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അതേ നിലവാരത്തിലുള്ള പഠന സൗകര്യങ്ങളാണ് IIIC-ൽ ഒരുക്കുന്നത്. ഇതിനായി ഓപ്പറേറ്ററെ കണ്ടെത്തി കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(3) കൗശൽകേന്ദ്രങ്ങൾ

നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള ലോകോത്തര നിലവാരം പുലർത്തുന്ന സ്ഥാപനമാണ് കൗശൽ കേന്ദ്ര. ഗ്രാമീണ മേഖലയിലെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ ഉൾപ്പെടുന്ന യുവസമൂഹത്തിന് തൊഴിൽ നൈപുണ്യ പരിശീലനം ഉറപ്പാക്കുന്നതോടൊപ്പം ആഗോള മത്സര രംഗത്ത് അവരെ മുൻനിരയിലെത്തിക്കാൻ പ്രാപ്തരാക്കുക കൂടിയാണ് കൗശൽ കേന്ദ്രയിലൂടെ ലക്ഷ്യമിടുന്നത്.

സ്കൂൾ, കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി, അവർക്ക് ഉചിതമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അസെസ്സ്മെന്റ് ആന്റ് കരിയർ ഗൈഡൻസ് സെൽ, ഇംഗ്ലീഷ് ഭാഷയിൽ നൈപുണ്യ പരിശീലനം നേടുന്നതിനുള്ള ലാംഗ്വേജ് ലാബ് ഉൾപ്പെട്ട കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ്മെന്റ് സെൽ, എംപ്ലോയബിലിറ്റി സ്കിൽ ഡെവലപ്മെന്റ് സെൽ വിവിധ മേഖലകളിൽ അത്യന്താധുനിക സാങ്കേതിക പരിശീലന സൗകര്യത്തോടൊപ്പം വീഡിയോ കോൺഫറൻസിംഗ് സംവിധാനം എന്നിവ കൗശൽ കേന്ദ്രയിൽ ഒരുക്കിയിരിക്കുന്നു.

(4) എംപ്ലോയബിലിറ്റി സെന്ററുകൾ

തൊഴിലന്വേഷകരുടെ അഭിരുചിയ്ക്കനുസരിച്ച് തൊഴിൽ നേടിയെടുക്കുവാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. ഇത് പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും, കഴിവും, അഭിരുചിയും മനസ്സിലാക്കി കുറവുകൾ പരിഹരിക്കുന്നതിന് ആവശ്യമായ തരത്തിലുള്ള പരിശീലനങ്ങൾ നൽകി തൊഴിലിന് പ്രാപ്തരാക്കുകയും, എംപ്ലോയബിലിറ്റി സെന്ററിനകത്തും, പുറത്തുമായി ചെറുതും, വലുതുമായ തൊഴിൽ മേളകൾ സംഘടിപ്പിച്ച് സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

(5) കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

ഡിസൈൻ രംഗത്ത് ഊർജ്ജസ്വലരായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനുവേണ്ടിയാണ് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ സ്ഥാപിച്ചത്. കരകൗശല വിഭാഗങ്ങൾ, പ്രൊഫഷണൽ ഡിസൈനർമാർ,

പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തത്തോടെയാണ് ഇതു രൂപകൽപ്പന ചെയ്തത്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (NID, AHEMDABAD) ന്റെ സഹായത്തോടെയാണ് ഇത് ആരംഭിച്ചത്. ഡിസൈൻ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കലാണ് KSID-യുടെ പ്രാഥമിക ലക്ഷ്യം. ഇന്റഗ്രേറ്റഡ് ടെക്സ്റ്റൈൽ ആന്റ് അപ്പാരൽ ഡിസൈൻ, ഐ.ടി. ഇന്റഗ്രേറ്റഡ് കമ്മ്യൂണിക്കേഷൻ ഡിസൈൻ, ഇന്റഗ്രേറ്റഡ് ലൈഫ് സ്റ്റൈൽ പ്രോഡക്ട് ഡിസൈൻ തുടങ്ങിയ പി.ജി. ഡിപ്ലോമ കോഴ്സുകൾ നിലവിൽ നടന്നു വരുന്നു.

(6) <u>കരിയർ ഡെവലപ്‌മെന്റ് സെന്റർ</u>

എംപ്ലോയ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ ഉദ്യോഗാർത്ഥികളുടെ തൊഴിൽ സംബന്ധമായ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്നതിനുള്ള ഒരു ഏകജാലക സംവിധാനമായാണ് കരിയർ ഡവലപ്പ്മെന്റ് സെന്ററുകൾ (സി.ഡി.സി.) തുടങ്ങുന്നത്. അത്യാധുനിക ടെക്നോളജിയുടെ സഹായത്തോടെ കേരളത്തിലെ വിദൂര ഗ്രാമങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടാൻ സി.ഡി.സി. സഹായകമാകും. ഉദ്യോഗാർത്ഥികളിലെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുക, ഓരോ ഉദ്യോഗാർത്ഥിയുടെയും കഴിവുകളും കുറവുകളും കണ്ടെത്തി അത് നികത്താൻ സഹായിക്കുക, തൊഴിൽ വിപണിയെപ്പറ്റി ഉദ്യോഗാർത്ഥികളെ ബോധവാന്മാരാക്കുക, ഉദ്യോഗാർത്ഥികളിൽ സംരംഭകത്വം വളർത്തുക തടങ്ങിയവയാണ് സി.ഡി.സി.യുടെ പ്രധാന ലക്ഷ്യങ്ങൾ. എസ്.സി./എസ്.ടി. തുടങ്ങിയ പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രാധാന്യം നൽകി, അവർക്ക് പി.എസ്.സി. കോച്ചിംഗ്, വ്യക്തിത്വ വികസന ക്ലാസുകൾ എന്നിവയും ഇതിലൂടെ നൽകുന്നു. ഇത്തരത്തിൽ ഒരു സി.ഡി.സി. കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ 2017 ഫെബ്രുവരി 4-നും പാലക്കാട് ജില്ലയിലെ ചിറ്റൂരിൽ ഫെബ്രുവരി 16 നും തുടക്കം കുറിച്ചു.

## കശുവണ്ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ

183( T*4194) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കശുവണ്ടി തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

തടസ്സങ്ങളൊന്നും നിലവിൽ ഇല്ല.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

**മദ്യനയംമൂലം പൂട്ടിയ ബാർ ഹോട്ടലുകൾ**

184 (4195) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര സ്റ്റാർ പദവികളുള്ള ബാർ ഹോട്ടലുകളാണ് ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്റ്റാർ പദവിയുടെ മാനദണ്ഡം കണക്കാക്കി എണ്ണം, ജില്ല എന്നിവ തിരിച്ച് ബാറുകളുള്ള 7 സ്റ്റാർ, 5 സ്റ്റാർ, 4 സ്റ്റാർ, 3 സ്റ്റാർ, 2 സ്റ്റാർ ഹോട്ടലുകളുടെ എണ്ണം വിശദമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ പുതിയ മദ്യനയംമൂലം ഇതിൽ എത്ര ഹോട്ടലുകൾ പൂട്ടി / നിർത്തിയിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) 5 സ്റ്റാർ ക്ലാസ്സിഫിക്കേഷനുള്ള 30 ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നിലവിലുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 2 |
| ആലപ്പുഴ | 2 |
| കോട്ടയം | 2 |
| എറണാകുളം | 13 |
| തൃശ്ശൂർ | 1 |
| കോഴിക്കോട് | 1 |
| മലപ്പുറം | 1 |
| വയനാട് | 1 |
| കാസർഗോഡ് | 1 |

പുതിയ മദ്യനയംമൂലം ഇതിൽ ഉൾപ്പെട്ട ഹോട്ടലുകൾ പൂട്ടിയിട്ടില്ല.

## ഭൂമി കയ്യേറ്റം

185 (4196) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിലെ വെയിലൂർ വില്ലേജിലെ ബ്ലോക്ക് 2-ൽ റീസർവ്വേ 92/4 (മുൻ സർവ്വേ നമ്പർ 2067/5-1) ഉൾപ്പെട്ട 12.80 ആർ വിസ്തീർണ്ണമുള്ള സ്വകാര്യ വ്യക്തി കൈയടക്കിയതായി അറിയുന്ന ഭൂമി എക്സൈസ് വകുപ്പിൻെറ അധീനതയിൽ ഉണ്ടായിരുന്നതാണോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തിക്ക് പതിച്ച് നല്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വകാര്യ വ്യക്തിക്ക് നല്കിയിട്ടുണ്ടെങ്കിൽ ആയത് തിരികെ എക്സൈസ് വകുപ്പന്റേതായി മാറ്റുമോയെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) തിരുവനന്തപുരം താലൂക്കിലെ വെയിലൂർ വില്ലേജിലെ ബ്ലോക്ക് 2-ൽ റീസർവ്വേ 92/4 ഉൾപ്പെട്ട 12.80 ആർ ഭൂമി എക്സൈസ് വകുപ്പിന്റെ അധീനതയിലാണെന്ന് തെളിയിക്കുന്ന യാതൊരു രേഖയും നിലവിൽ വകുപ്പിൽ ലഭ്യമല്ല. കൂടാതെ വെയിലൂർ വില്ലേജിലെ ബി.റ്റി.ആർ. രേഖയിലുമില്ല.

(ബി) പ്രസ്തുത ഭൂമി സ്വകാര്യ വ്യക്തിക്ക് പതിച്ചുനൽകിയതായി വെയിലൂർ വില്ലേജ് ഓഫീസിലെ ബി.റ്റി.ആർ. രേഖയിലുമില്ല.

(സി) ബാധകമല്ല.

## വനിതാ എക്സൈസ് ഗാർഡ് തസ്തികകൾ

186 (4197) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ എത്ര വനിതാ എക്സൈസ് ഗാർഡുമാർ ഉണ്ട്;

(ബി) വനിതാ എക്സൈസ് ഗാർഡുമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) വനിതാ എക്സൈസ് ഗാർഡുമാരുടെ തസ്തികകൾ അവസാനമായി സൃഷ്ടിച്ചത് എന്നാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ നിലവിൽ 354 വനിതാ സിവിൽ എക്സൈസ് ഓഫീസർമാർ ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

(സി) 22-2-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്.) 39/2016/നി.വ. പ്രകാരം 140 വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ തസ്തികകളാണ് അവസാനമായി സൃഷ്ടിച്ചത്.

**വ്യാജ മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉൽപ്പാദനവും വിതരണവും**

187 (4198) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പ് എത്ര ലിറ്റർ വ്യാജമദ്യം പിടിച്ചെടുത്തിട്ടുണ്ട്;

(ബി) റെയ്ഡിൽ എത്ര കിലോ കഞ്ചാവ് സംസ്ഥാനത്ത് പിടിച്ചെടുത്തിട്ടുണ്ട്;

(സി) പുകയില ഉൽപ്പന്നങ്ങൾ അടക്കമുള്ള ലഹരി വസ്തുക്കൾ എത്ര പിടിച്ചെടുത്തിട്ടുണ്ട്;

(ഡി) വ്യാജ മദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും തടയുന്നതിന് എന്തൊക്കെ കർശന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 25-5-2016 തീയതി മുതൽ 28-2-2017 തീയതി വരെ 1327.7 ലിറ്റർ സ്പിരിറ്റ്, 2986.88 ലിറ്റർ ചാരായം 123121 ലിറ്റർ കോട, 9187.97 ലിറ്റർ അന്യസംസ്ഥാന മദ്യം, 1137.18 ലിറ്റർ മറ്റ് വ്യാജമദ്യങ്ങൾ മുതലായവ എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 25-5-2016 തീയതി മുതൽ 28-2-2017 തീയതി വരെയുള്ള കാലയളവിൽ 667.945 കിലോഗ്രാം കഞ്ചാവ് എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 25-5-2016 തീയതി മുതൽ 28-2-2017 തീയതി വരെ ഹാൻസ്, പാൻപരാഗ്, സിഗരറ്റ്, ബീഡി

തുടങ്ങിയവ അടക്കമുള്ള പുകയില ഉൽപ്പന്നങ്ങൾ 1318520 പാക്കറ്റും, 33781 കിലോയും എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്. കൂടാതെ 2256 കഞ്ചാവ് ചെടികളും 11.246 കിലോഗ്രാം ഹാഷിഷ് ഓയിലും 39.61 ഗ്രാം ഹെറോയിനും 101 ഗ്രാം ബ്രൗൺഷുഗറും പിടിച്ചെടുത്തിട്ടുള്ളതാണ്.

(ഡി) വ്യാജ മദ്യത്തിന്റെ ഉൽപ്പാദനവും വിതരണവും തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ പരിശോധനകൾ നടത്തുകയും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. വന മേഖലയിലെ വ്യാജ വാറ്റ് തടയുന്നതിന് വനം വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും അനധികൃത കടത്ത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുള്ളതും ബോർഡർ/ഹൈവേ പട്രോളിങ്ങ് യൂണിറ്റുകളുടെ പ്രവർത്തനം സജീവമാക്കിയിട്ടുള്ളതുമാണ്. എക്സൈസ് ഇന്റലിജൻസ്, ഷാഡോ എക്സൈസ് വിഭാഗങ്ങളും ഫലപ്രദമായി പ്രവർത്തിച്ചു വരുന്നു. കൂടാതെ എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ പ്രവർത്തനങ്ങളും ടി ലക്ഷ്യത്തിലേയ്ക്ക് ഫലപ്രദമായി ഉപയോഗിച്ചു വരുന്നു.

## മാറ്റി സ്ഥാപിച്ച മദ്യവില്പന കേന്ദ്രങ്ങൾ

188 (4199) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ നിന്നും നാളിതുവരെയായി എത്ര മദ്യവില്പന കേന്ദ്രങ്ങൾ മാറ്റി സ്ഥാപിച്ചു എന്നും എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) ഈ നടപടിമൂലം ബിവറേജസ് കോർപ്പറേഷന്റെ വരുമാനം കുറഞ്ഞിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 21 മദ്യവില്പനകേന്ദ്രങ്ങൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. അവയുടെ പേരുവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പരിശോധിച്ചിട്ടുണ്ട്. ബിവറേജസ് കോർപ്പറേഷന്റെ 2016 ഡിസംബർ മുതൽ 2017 ഫെബ്രുവരി വരെയുള്ള വിറ്റുവരവ് മുൻവർഷത്തെ ഇതേ കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ മദ്യത്തിന്റെ വില്പനമൂല്യം 9% ഉയർച്ചയിൽ നിന്നും 1% താഴ്ചയിലേയ്ക്ക് എത്തിച്ചേർന്നിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഫിഷിംഗ് ഹാർബറുകൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് മാഫിയ

189 (4200) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകൾ കേന്ദ്രീകരിച്ച് മയക്കുമരുന്നിന്റെയും കഞ്ചാവിന്റെയും മാഫിയകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) മയക്കുമരുന്നുകൾ കടൽ മാർഗ്ഗം സംസ്ഥാനത്ത് എത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) മത്സ്യബന്ധന തുറമുഖങ്ങളോടനുബന്ധിച്ചുള്ള പ്രദേശങ്ങളിലും ബീച്ചുകളിലും വ്യാപകമായി മയക്കുമരുന്ന്, കഞ്ചാവ് എന്നിവ വിപണനം നടത്തുന്നത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മത്സ്യബന്ധന തുറമുഖങ്ങളോടനുബന്ധിച്ചുള്ള പ്രദേശങ്ങളും ബീച്ചുകളും അടക്കമുള്ള തീരദേശ മേഖലകളിൽ എക്സൈസ് വകുപ്പ് നിരന്തരം ശക്തമായ പരിശോധനകൾ നടത്തുകയും കൃത്യമായ ഇടവേളകളിൽ കോസ്റ്റ് ഗാർഡിന്റെ സഹായത്തോടെ കടലിൽ പോയി പരിശോധനകളും നിരീക്ഷണവും നടത്തുകയും ചെയ്തു വരുന്നു. ഫിഷറീസ് വകുപ്പും തീരദേശ പോലീസുമായി ചേർന്ന് യോജിച്ചുള്ള പ്രവർത്തനങ്ങളും എക്സൈസ് വകുപ്പ് ടി മേഖലയിൽ നടപ്പാക്കി വരുന്നു. കൂടാതെ എക്സൈസ് ഇന്റലിജൻസ്, ഷാഡോ എക്സൈസ് വിഭാഗങ്ങളുടെ പ്രവർത്തനങ്ങളും പ്രസ്തുത മേഖലകളിൽ സജീവമായി നടത്തുന്നു. എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"-യുടെ പ്രവർത്തനങ്ങളും ഇത്തരം മേഖലകളിൽ ഫലപ്രദമായി നടത്തി വരുന്നു.

**മദ്യവും മയക്കുമരുന്നും വിറ്റഴിച്ചതിനും കൈവശം വച്ചതിനുമുള്ള കേസ്സുകൾ**

190 (4201) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്യവും മയക്കുമരുന്നും വിറ്റഴിച്ചതിനും കൈവശം വച്ചതിനും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 25-5-2016 തീയതി മുതൽ 28-2-2017 തീയതി വരെ മദ്യവും മയക്കുമരുന്നും വിറ്റഴിച്ചതിനും കൈവശം വച്ചതിനും അബ്കാരി നിയമപ്രകാരം 20521 കേസ്സുകളും എൻ.ഡി.പി.എസ്. നിമയപ്രകാരം 2954 കേസ്സുകളും എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | അബ്കാരി കേസ്സുകൾ | എൻ.ഡി.പി.എസ്. കേസ്സുകൾ |
|---|---|---|
| തിരുവനന്തപുരം | 1826 | 155 |
| കൊല്ലം | 1967 | 385 |
| പത്തനംതിട്ട | 1499 | 167 |
| ആലപ്പുഴ | 2533 | 207 |
| കോട്ടയം | 1625 | 301 |
| ഇടുക്കി | 787 | 287 |
| എറണാകുളം | 1662 | 371 |
| തൃശ്ശൂർ | 1763 | 268 |
| പാലക്കാട് | 1520 | 126 |
| മലപ്പുറം | 1159 | 253 |
| കോഴിക്കോട് | 1235 | 126 |
| വയനാട് | 748 | 125 |
| കണ്ണൂർ | 1376 | 137 |
| കാസർഗോഡ് | 821 | 46 |
| ആകെ | 20521 | 2954 |

## സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം

191 (4202) പ്രൊഫ. കെ. യു. അരുണൻ:

ശ്രീ. ജോർജ് എം. തോമസ്:

ശ്രീ. പി. ഉണ്ണി:

ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗം വ്യാപകമാകുന്നതായുള്ള പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് ലഹരിവസ്തുക്കളുടെ ഉപയോഗം സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനായി ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാന ലഹരിവർജ്ജന മിഷൻ- വിമുക്തിയുടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിദ്യാലയങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി'യുടെ ലഹരിക്ക് എതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., എസ്.പി.സി. എന്നിവ വഴി വിദ്യാലയങ്ങളിൽ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ഇതിനോടകം കൈക്കൊണ്ടിട്ടുണ്ട്. 2017 ജനുവരി 30-ന് വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ പ്രതിജ്ഞയും സംഘടിപ്പിക്കുകയുണ്ടായി.

## മാവേലിക്കര മണ്ഡലത്തിൽ എക്സൈസ് ഓഫീസ്

192 (4203) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ എക്സൈസ് ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഓഫീസിന് സ്വന്തമായി കെട്ടിടം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാവേലിക്കരയിൽ എക്സൈസ് റേഞ്ച് ആഫീസ്/എക്സൈസ് സർക്കിൾ ആഫീസുകൾക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കുന്നതിനായി മാവേലിക്കര താലൂക്കിൽ തഴക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 5 റീസർവ്വേ നമ്പർ 30/7 -ൽപ്പെട്ട 11.25 ആർ റവന്യൂ പുറമ്പോക്ക് ഭൂമി എക്സൈസ് വകുപ്പിന് കൈമാറി ലഭിക്കുന്നതിന് റവന്യൂ വകുപ്പുമായി ചേർന്ന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുള്ള സമീപനങ്ങൾ**

193 (4204) <u>ശ്രീ. അനിൽ അക്കര :</u>

<u>ശ്രീ. കെ. സി. ജോസഫ് :</u>

<u>ശ്രീ. പി. ടി. തോമസ് :</u>

<u>ശ്രീ. അൻവർ സാദത്ത് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ വിട്ടുവീഴ്ചയില്ലാത്ത എന്തെല്ലാം സമീപനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം ബോധവൽക്കരണ പരിപാടികളും പദ്ധതികളും ആണ് നടപ്പാക്കിയത് ; വിവരിക്കുമോ;

(സി) ആരുടെയെല്ലാം സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് സംസ്ഥാനത്ത് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന

മിഷൻ 'വിമുക്തി' എന്ന ബോധവൽക്കരണ മിഷന് 6-10-2016-ലെ ജി.ഒ. (എം.എസ്.)94/16/നി.വ. ഉത്തരവ് പ്രകാരം രൂപം നൽകിയിട്ടുണ്ട്. മദ്യ-മയക്കുമരുന്ന്, പുകയില ഉപഭോഗത്തിനെതിരെയുള്ള ബോധവൽക്കരണവും നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ കടത്തൽ, ശേഖരണം, ഉറവിടം എന്നിവ കണ്ടെത്തി പങ്കാളിത്തത്തോടുകൂടിയ പ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുമാണ് ടി മിഷൻ രൂപീകരിച്ചിട്ടുള്ളത്.

സ്കൂൾ/കോളേജ്, ലഹരിവിരുദ്ധ ക്ലബ്ബുകൾ, എസ്.പി.സി., എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, വിദ്യാർത്ഥി-യുവജന-മഹിളാ-സന്നദ്ധ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടും സഹകരണത്തോടുംകൂടി "ലഹരിമുക്ത കേരളം" എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ട്.

(ബി) അന്താരാഷ്ട്ര മയക്കുമരുന്ന് വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രവർത്തനം നടത്തുന്ന മികച്ച സംഘടന, സംഘടന പ്രവർത്തകൻ, മികച്ച പ്രവർത്തനം നടത്തുന്ന സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, ക്ലബ്ബ് പ്രവർത്തകർ, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ മാഗസിനുകൾ, മാഗസിൻ സൃഷ്ടികൾ എന്നിവയ്ക്ക് അവാർഡും പ്രശംസാപത്രവും നൽകി വരുന്നുണ്ട്. സംസ്ഥാന സ്കൂൾ കലോത്സവത്തോടനുബന്ധിച്ച് എല്ലാ വർഷവും ലഹരി വിരുദ്ധ ബോധവൽക്കരണ പവലിയൻ ഒരുക്കി പ്രദർശനം നടത്തി വരുന്നു.

“ വിമുക്തി" മിഷന്റെ നേതൃത്വത്തിൽ 2017 ജനുവരി 30- ന് സംസ്ഥാനത്തെ എല്ലാ സ്കൂൾ അസംബ്ലികളിലും വിദ്യാർത്ഥികളും, അദ്ധ്യാപകരും ലഹരിക്കെതിരെ പ്രതിജ്ഞ എടുക്കുകയുണ്ടായി. ലഹരിവിരുദ്ധ സന്ദേശം എത്തിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വീടുകളിലും 'വിമുക്തി' സ്റ്റിക്കർ പതിക്കുന്നതിനുള്ള നടപടി 2017 മാർച്ച് 8 -ന് ആരംഭിക്കുകയുമുണ്ടായി. മാർച്ച് 31 നകം ഈ പ്രവർത്തനം പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു. 'വിമുക്തി' മിഷന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി എല്ലാ കോർപ്പറേഷനുകൾക്കും

മുനിസിപ്പാലിറ്റികൾക്കും 50,000 രൂപ വീതവും എല്ലാ ബ്ലോക്ക്/ ഗ്രാമപഞ്ചായത്തുകൾക്കും 25,000 രൂപ വീതവും ഇതിനകം അനുവദിച്ച് നൽകിയിട്ടുണ്ട്. പി.റ്റി.എ.-കളുമായി സഹകരിച്ച് ലഹരിയുടെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തുന്നതിന് 2815 ബോധവൽക്കരണ ക്ലാസ്സുകളും, പൊതുവായി 2527 ഓളം ബോധവൽക്കരണ പരിപാടികളും, ചർച്ചകളും, പ്രഭാഷണങ്ങളും ഇതിനകം നടത്തിയിട്ടുണ്ട്. സ്കൂൾ പരിസരങ്ങളിൽ ലഹരിവസ്തുക്കളുടെ വിപണനവും ഉപഭോഗവും നിരോധിച്ച് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തി വരുന്നു.

മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും യുവജനങ്ങളെയും ബോധവൽക്കരിക്കുന്നതിനായി സംസ്ഥാനത്ത് സ്കൂൾ/കോളേജുകൾ കേന്ദ്രീകരിച്ച് നിലവിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. വിദ്യാർത്ഥികൾ, അദ്ധ്യാപകർ, രക്ഷിതാക്കൾ എന്നിവർക്ക് പേര് വിവരം വെളിപ്പെടുത്താതെ ലഹരി വസ്തുക്കളുടെ വിപണനം, ഉപഭോഗം എന്നിവ അറിയിക്കുന്നതിനായി 1385 സ്കൂൾ/കോളേജ് ക്യാമ്പസുകളിൽ പരാതിപ്പെട്ടി സ്ഥാപിച്ചുകഴിഞ്ഞു. മുഴുവൻ സ്കൂൾ/കോളേജ് ക്യാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരിവിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുടെ സഹകരണമാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നത്. സാമൂഹിക, ക്രിയാത്മകമായ ചുവടുവയ്പ്പുകൾ, സ്കൂൾ/കോളേജ് വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, വിവരവ്യാപന സംവിധാനങ്ങൾ, മദ്യവും മയക്കുമരുന്നും ഉപയോഗിച്ച് തുടങ്ങിയവരെ ഉദ്ദേശിച്ചുള്ള തിരുത്തൽ പ്രക്രിയ, നിയമവിരുദ്ധ ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവയാണ് പ്രവർത്തനങ്ങൾ.

## കുറ്റമറ്റതരത്തിൽ അബ്കാരിനയം

194 (4205) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിലെ പൊതുജനങ്ങൾക്ക് പരാതികൾ ഇല്ലാതെ കുറ്റമറ്റതരത്തിൽ അബ്കാരിനയം ഉണ്ടാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ബാറുകൾ പൂട്ടിയതുമൂലം എത്ര തൊഴിലാളികൾക്ക് പണി നഷ്ടപ്പെട്ടു എന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഇവരെ പുനരധിവസിപ്പിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) അബ്കാരി നയരൂപീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മദ്യനയത്തിന്റെ ഭാഗമായി പൂട്ടിയ ബാർ ഹോട്ടലുകളിൽ 7110 രജിസ്റ്റേർഡ് തൊഴിലാളികളുണ്ടായിരുന്നു. എന്നാൽ ഇത്തരം ഹോട്ടലുകൾ ബാർ ലൈസൻസിന്റെ തുടർച്ചയെന്നോണം ബിയർ ആന്റ് വൈൻ പാർലർ ലൈസൻസുകളാക്കി മാറ്റിയത്, തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് ജോലി നൽകണമെന്ന വ്യവസ്ഥയിലാണ്.

പുനർജ്ജനി 2030 എന്ന പദ്ധതിയിലൂടെ സമാഹരിച്ച തുകയിൽ നിന്നും ഓരോ തൊഴിലാളികൾക്കും ഇടക്കാല സമാശ്വാസമായി ആദ്യ ഗഡുവായി 5000 രൂപ വീതവും, രണ്ടാം ഗഡുവായി 10,000 രൂപ വീതവും, തൊഴിൽ നഷ്ടപ്പെട്ടതുമൂലം ആത്മഹത്യ ചെയ്ത തൊഴിലാളികളുടെ ആശ്രിതർക്ക് 2,00,000 രൂപ വീതവും നൽകിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4042-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

മി.സ്പീക്കർ: ഓർഡർ.........ഓർഡർ.....

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ............

മി. സ്പീക്കർ: ബഹുമാനപ്പെട്ട കെ. സുരേഷ് കുറുപ്പിന് മെൻഷൻ ചെയ്യാൻ സമയം തരാം.

റൂൾ 50 പ്രകാരം സർവ്വശ്രീ എം. വിൻസെന്റ്, പി. ഉബൈദുള്ള, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഇതേ വിഷയംതന്നെ ശ്രീ. എം. വിൻസെന്റ് ഇന്നലെ വൈകുന്നേരം സബ്മിഷനുവേണ്ടി എഴുതിത്തന്നിരുന്നു. അത് അനുവദിക്കുകയും ചെയ്തിരുന്നു. ഒന്നാമത്തെ സബ്മിഷൻ ആയി അനുവദിച്ചാൽ മതിയോ?

ശ്രീ. കെ. സി. ജോസഫ്: ഇന്നലെ മാധ്യമങ്ങൾ മുഴുവൻ ചർച്ച ചെയ്ത വിഷയമാണിത്.

മി. സ്പീക്കർ: സബ്മിഷന് നോട്ടീസ് നൽകുക, പിൻവലിക്കുക......... ഇന്നലെ വൈകുന്നേരമാണ് നിർബന്ധമായും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകിയത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നലെ നോട്ടീസ് നൽകിയ ശേഷം ഇന്ന് എല്ലാ മാധ്യമങ്ങളിലും പുതിയ വാർത്തകൾ വന്നിരിക്കുകയാണ്. ദയവായി അങ്ങ് റൂൾ 50 അനുവദിക്കണം.

## II അടിയന്തരപ്രമേയം

### വിജിലൻസ് ഡയറക്ടർക്കെതിരെയുള്ള ആരോപണങ്ങൾ

മി. സ്പീക്കർ: സംസ്ഥാന വിജിലൻസ് ഡയറക്ടറായ ശ്രീ. ജേക്കബ് തോമസിനെതിരെ ഗുരുതര അഴിമതിയാരോപണങ്ങൾ തുടർച്ചയായി ഉയർന്നു വരുന്നു. പോർട്ട് ഡയറക്ടറായിരിക്കെ നടത്തിയ ക്രമക്കേടുകളും അദ്ദേഹത്തിനെതിരെ ഫൈനാൻസ് ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തിയ ക്രമക്കേടുകൾക്കും പുറമേ, ഗവൺമെന്റിന് സമർപ്പിച്ച വസ്തുവിവര സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താതെ, തമിഴ്നാട്ടിലെ വിരുദ നഗർ ജില്ലയിൽ രാജപാളയം താലൂക്കിൽ സേത്തൂർ വില്ലേജിൽ, കൊച്ചിയിലെ 'ഇസ്ര അഗ്രോടെക് സിസ്റ്റംസ് ലിമിറ്റഡ്' എന്ന സ്വകാര്യ കമ്പനിയുടെ ഡയറക്ടർ എന്ന വിലാസത്തിൽ ജേക്കബ് തോമസ് അനധികൃതമായി സമ്പാദിച്ച സ്വത്ത് സംബന്ധിച്ചുള്ള വിവരങ്ങളും വാർത്താമാധ്യമങ്ങളിൽ ആക്ഷേപങ്ങളായി ഉയർന്നുവരുന്നതായി പറയപ്പെടുന്ന അതീവഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എം വിൻസെന്റ്, പി. ഉബൈദുള്ള, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നിലപാടെടുത്ത ഉദ്യോഗസ്ഥനെന്ന നിലയിൽ ശ്രീ. ജേക്കബ് തോമസിനെതിരെ മുമ്പും ആരോപണങ്ങളുണ്ടായിട്ടുണ്ട്. പത്രമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്ന വാർത്തകളെ മാത്രം അടിസ്ഥാനമാക്കി ഉദ്യോഗസ്ഥന്റെ വിശ്വാസ്യത തകർക്കുന്ന രീതിയിൽ സർക്കാർ നടപടി എടുക്കില്ല. എന്നാൽ ഇന്ത്യൻ പോലീസ് സർവ്വീസിലെ ഉയർന്ന ഉദ്യോഗസ്ഥൻ എന്ന നിലയിൽ പാലിക്കേണ്ടതായിട്ടുള്ള പെരുമാറ്റച്ചട്ടം പാലിക്കാൻ ബാധ്യതയുള്ള ഉദ്യോഗസ്ഥനാണ് ശ്രീ. ജേക്കബ് തോമസ്. ഇപ്പോൾ ആരോപിച്ചിട്ടുള്ള കാര്യങ്ങൾ പലതും മുൻപും ഉന്നയിച്ചിട്ടുള്ളതും സർക്കാർ പരിശോധിച്ചിട്ടുള്ളതുമാണ്. മാധ്യമ സൃഷ്ടികളുടെ പിന്നാലെ പോകുകയല്ല, വസ്തുതകൾ ഉണ്ടെങ്കിൽ അത് പരിശോധിച്ച് തീർപ്പാക്കുക എന്നതാണ് സർക്കാർ നിലപാട്. തുറമുഖ വകുപ്പ് ഡയറക്ടറായിരിക്കുമ്പോൾ അദ്ദേഹം നടത്തിയ പർച്ചേസുകളെ സംബന്ധിച്ച് ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് സമർപ്പിച്ച റിപ്പോർട്ട് 'ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ' - ന്റെ നിയമോപദേശത്തിന് സർക്കാർ അയച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമുണ്ടാകും. അദ്ദേഹം ഏതെങ്കിലും സ്വകാര്യ കമ്പനിയുടെ ഡയറക്ടർ ആയിട്ടുണ്ടോ, അതിന് സർക്കാർ അനുമതി ഉണ്ടായിരുന്നോ എന്നെല്ലാമുള്ള കാര്യങ്ങൾ വിശദമായി പരിശോധിച്ചുമാത്രമേ മറുപടി നൽകാൻ കഴിയുകയുള്ളൂ. തമിഴ്നാട്ടിലെ വിരുദ നഗറിൽ ശ്രീ. ജേക്കബ് തോമസ് വസ്തു വാങ്ങിയിട്ടുണ്ടെന്ന വിവരം, വാർത്താമാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പത്രവാർത്തകളെ മാത്രം അടിസ്ഥാനപ്പെടുത്തി സർക്കാരിന് നടപടി സ്വീകരിക്കാനാവില്ല. മുൻപും സമാനമായ വാർത്തകൾ ഉണ്ടായിട്ടുള്ളതും, അക്കാലയളവിൽ അദ്ദേഹത്തിന്റെ സ്വത്ത് സമ്പാദനത്തെ സംബന്ധിച്ച് പരിശോധിക്കപ്പെട്ടിട്ടുള്ളതുമാണ്. ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഏർപ്പെടുന്ന ഏതൊരു ഉദ്യോഗസ്ഥനും നിയമം അനുശാസിക്കുന്ന സ്വാതന്ത്ര്യവും സംരക്ഷണവും നൽകുന്നതിനും ആക്ഷേപങ്ങളുണ്ടായാൽ പരിശോധിക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഉന്നയിക്കപ്പെട്ട കാര്യങ്ങളെക്കുറിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എം. വിൻസെന്റ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തര പ്രമേയത്തിന് നൽകിയ മറുപടി ഞങ്ങൾ പ്രതീക്ഷിച്ചതുതന്നെയാണ്. അതിലൊരു പുതുമയും കാണുന്നില്ല. വിജിലൻസ് ഡയറക്ടർക്കെതിരായി 24-10-2016-ൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അടിയന്തരപ്രമേയം കൊണ്ടുവന്നപ്പോൾ നൽകിയ മറുപടിയുടെ തനിയാവർത്തനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ

നടത്തിയത്. അന്ന് മറുപടിയിൽ പറഞ്ഞത്, 'ശ്രീ. ജേക്കബ് തോമസ് വിജിലൻസിന്റെ മേധാവിയായിരിക്കുന്നു. ഇതിന്റെ ഭാഗമായി അദ്ദേഹത്തിനെതിരെ ഒട്ടേറെ നീക്കങ്ങൾ ഉണ്ടാകുന്നുണ്ടെന്ന് പൊതുസമൂഹം കാണുന്നുണ്ട്. കാര്യങ്ങൾ കൃത്യമായി നിർവ്വഹിച്ചുപോകാനാണ് അദ്ദേഹം താല്പര്യപ്പെടുന്നത്. അങ്ങനെയുള്ള ഒരു ഉദ്യോഗസ്ഥൻ കൃത്യനിർവ്വഹണത്തിൽ ഏതെങ്കിലും തരത്തിൽ ദുർബ്ബലനാകാൻ പാടില്ല എന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.' അങ്ങയുടെ മുമ്പിലേയ്ക്ക് വരുന്ന പുതിയ കാര്യങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തുകയും, അതിനെതിരെ നടപടി സ്വീകരിക്കുകയുമാണ് മുഖ്യമന്ത്രി എന്ന നിലയിൽ അങ്ങ് ചെയ്യേണ്ടത്. അത് ചെയ്യുന്നതിനുപകരം പഴയ നിലപാടുകൾതന്നെ ആവർത്തിച്ചത് തികച്ചും ദൗർഭാഗ്യകരമാണ്. സംസ്ഥാനത്ത് അഴിമതിയും ക്രമക്കേടുകളും അന്വേഷിച്ച് കണ്ടെത്തി കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ ചുമതലപ്പെട്ട സർക്കാരിന്റെ കീഴിലുള്ള പ്രധാനപ്പെട്ട ഏജൻസിയാണ് 'വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ'. നാട്ടിൽ അഴിമതി നടക്കുമ്പോൾ ജനങ്ങൾ പ്രതീക്ഷിക്കുന്നത് ഈ അഴിമതി വിജിലൻസ് വകുപ്പ് അന്വേഷിച്ച് കണ്ടെത്തുമെന്നാണ്. അഴിമതിയില്ലാത്ത ഒരു സമൂഹത്തെ സ്വപ്നം കാണുന്ന ജനങ്ങൾ വളരെ പ്രതീക്ഷയോടെ വിജിലൻസിൽ വിശ്വാസമർപ്പിച്ചിരിക്കുകയാണ്. എന്നാൽ വിജിലൻസിന്റെ ഡയറക്ടർ സ്ഥാനത്തിരുന്നുകൊണ്ട് ഡോ. ജേക്കബ് തോമസ് ഐ.പി.എസ്. നടത്തിയിട്ടുള്ള ഞെട്ടിപ്പിക്കുന്ന ക്രമക്കേടുകൾ ഞാൻ ഈ സഭയുടെ മുമ്പാകെ അവതരിപ്പിക്കുകയാണ്.

1968-ലെ ആൾ ഇൻഡ്യാ സർവ്വീസ് ചട്ടങ്ങളിലെ റൂൾ 16 സബ്ക്ലോസ് 2-ൽ പറഞ്ഞിരിക്കുന്നത് എല്ലാ ഉദ്യോഗസ്ഥൻമാരും അവരുടെ സ്വത്ത് വിവരങ്ങൾ സർക്കാരിന് സമർപ്പിക്കണമെന്നാണ്. എന്നാൽ ശ്രീ. ജേക്കബ് തോമസ് 2001-ൽ വിരുദ നഗർ ജില്ലയിലെ സേത്തൂർ സബ്രജിസ്ട്രാർ ഓഫീസ് മുഖേന 1905/2001, 1906/2001 എന്നീ രണ്ട് ആധാരങ്ങൾ പ്രകാരം രാജപാളയം താലൂക്കിലെ സേത്തൂർ വില്ലേജിൽ 36 സർവ്വേ നമ്പറുകളിലായി വാങ്ങിക്കൂട്ടിയ 50 ഏക്കർ ഭൂമിയെ സംബന്ധിച്ചുള്ള വിവരങ്ങൾ 2017-ൽ അദ്ദേഹം സമർപ്പിച്ച അസറ്റ് ഡിക്ലറേഷനിൽ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ അസറ്റ് സ്റ്റേറ്റ്മെന്റിന്റെ കോപ്പിയാണ് എന്റെ കയ്യിൽ ഇരിക്കുന്നത്. Statement of immovable property return for the year 2016 as on 1st January 2017; Name of Officer in full: D.r. Jacob Thomas. ഇതിൽ ഈ ഭൂമിയിടപാട് അദ്ദേഹം മറച്ചുവയ്ക്കുകയാണ്.

അഴിമതിക്കെതിരെ സ്വയംപ്രഖ്യാപിത പോരാളി ഈ വിവരങ്ങൾ സർക്കാരിൽനിന്നും മറച്ചുവച്ചത് ഗുരുതരമായ ക്രമക്കേടാണ്. ഒരു ഉദ്യോഗസ്ഥൻ തന്റെ സ്വത്ത് മറച്ചുവയ്ക്കുന്നുവെന്നത് ഗൗരവതരമായ കാര്യമാണെങ്കിലും അത് മാത്രമായിരുന്നെങ്കിൽ ഞങ്ങൾ ഇത് സഭയിൽ ഉന്നയിക്കുമായിരുന്നില്ല. അതിനേക്കാൾ വിസ്മയകരവും ഗൗരവതരവും ക്രമക്കേടുകൾ നിറഞ്ഞതും ദുരൂഹവുമായ ഇടപാടുകളാണ് ഇതിന്റെ പിന്നിൽ നടത്തിയിട്ടുള്ളത്. ഈ സ്ഥലം വാങ്ങുമ്പോൾ അദ്ദേഹം കൊച്ചി സിറ്റി പോലീസ് കമ്മീഷണർ ആയിരുന്നു. ആ സ്ഥലം വാങ്ങുന്നതിന് അദ്ദേഹം നൽകിയത് അദ്ദേഹത്തിന്റെ സ്വന്തം മേൽവിലാസമായിരുന്നില്ല. കൊച്ചിയിലെ ഒരു ബിസിനസ്സുകാരന്റെ അഡ്രസ്സാണ് നൽകിയിരിക്കുന്നത്. അദ്ദേഹം രജിസ്റ്റർ ചെയ്ത ആധാരത്തിന്റെ ഒന്നാമത്തെ പേജാണിത് (ആധാരത്തിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ് ഉയർത്തിക്കാണിച്ചു) സ്വാഭാവികമായും അതിലാണ് പേരും അഡ്രസ്സും അച്ഛന്റെ പേരും എല്ലാമുണ്ടാകുന്നത്. അതിൽ അദ്ദേഹം തൊഴിൽ സിറ്റി പോലീസ് കമ്മീഷണറെന്നോ അദ്ദേഹത്തിന്റെ അഡ്രസ്സോ വച്ചിട്ടില്ല. .......... (ബഹളം)............ നിങ്ങൾക്കെതിരെയോ സർക്കാരിനെതിരെയോ അല്ല പറയുന്നത്.

<u>മി. സ്പീക്കർ</u>: നിങ്ങൾ ശബ്ദമുണ്ടാക്കാതിരിക്കൂ. ശ്രീ. വിൻസെന്റ് അങ്ങ് ചെയറിനോട് സംസാരിക്കൂ.

<u>ശ്രീ. എം. വിൻസെന്റ്</u>: നമ്മുടെ സംസ്ഥാനത്തെ വിജിലൻസ് മേധാവി നടത്തിയ ക്രമക്കേടുകളെക്കുറിച്ച് സംസാരിക്കുമ്പോൾ ഇവർ അസ്വസ്ഥരാകേണ്ട കാര്യമെന്താണ്; ആ ആധാരത്തിൽ ജേക്കബ് തോമസ് കൊച്ചി പോലീസ് കമ്മീഷണർ എന്നല്ല ഡോ. ജേക്കബ് തോമസ്, ഡയറക്ടർ, ഇസ്ര അഗ്രോടെക് എന്നാണ് എഴുതിയിരിക്കുന്നത്. സർവ്വീസ് ചട്ടപ്രകാരം ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥൻ ഒരു സ്വകാര്യ കമ്പനിയുടെ ഡയറക്ടറായിരിക്കാൻ പാടില്ല. ഇതിന്റെ മാനേജിംഗ് ഡയറക്ടർ വ്യവസായിയായ ബേബി തോമസ് എട്ടുരുത്തിൽ സേവ്യറും ഡയറക്ടർ അദ്ദേഹത്തിന്റെ മകനുമാണ്. ഞാൻ ശ്രീ. ജേക്കബ് തോമസിനെക്കൊണ്ട് കമ്പനിക്കുവേണ്ടി ഈ ഭൂമി വാങ്ങിയെന്നാണ് ടൈംസ് ഓഫ് ഇന്ത്യ എന്ന പത്രത്തിന്റെ ലേഖകന് ഈ കമ്പനിയുടെ എം.ഡി. ബേബി തോമസ് കൊടുത്ത മറുപടി. 15-ാം തീയതിയിലെ ടൈംസ് ഓഫ് ഇന്ത്യയിൽ പറഞ്ഞിരിക്കുന്നു, Jacob Thomas bought land on our behalf : ISRA.

കമ്പനിയുടെ ഒരു നിർണ്ണായക സമയത്ത് അദ്ദേഹത്തിന്റെ പേരിൽ ഭൂമി വാങ്ങി അദ്ദേഹം ഞങ്ങൾക്ക് തന്നുവെന്നാണ് എം.ഡി.-യുടെ വെളിപ്പെടുത്തൽ. ഞാൻ വിനീതനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുകയാണ് കൊച്ചി സിറ്റി പോലീസ് കമ്മീഷണർ ഒരു സ്വകാര്യ കമ്പനിയുടെ ബിനാമിയാണോ; ഒരു സ്വകാര്യകമ്പനിക്കുവേണ്ടി ഭൂമി ഇടപാടിൽ ഇടനില നിൽക്കേണ്ട ആളാണോ; ഭൂമി വാങ്ങി ഒരു കമ്പനിക്ക് കൊടുക്കേണ്ട ബ്രോക്കറായി ഒരു പോലീസ് ഓഫീസർ തരം താഴാൻ പാടുണ്ടോ? അത് ഗൗരവമുള്ള കാര്യമാണ്. അതാണ് ഞങ്ങൾ ഇവിടെ ഉന്നയിക്കാനാഗ്രഹിക്കുന്നത്. മിനിസ്ട്രി ഓഫ് കോർപ്പറേറ്റ് അഫയേഴ്സ് രേഖകൾ പ്രകാരം 2000 ഒക്ടോബർ 3-ാം തീയതി ഇൻകോർപ്പറേറ്റ് ചെയ്ത ഒരു കമ്പനിയാണിത്. ഇതിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ഈ കമ്പനിക്ക് ഇസ്രായേലുമായി ബന്ധമുണ്ടെന്ന് വ്യക്തമായി പറയുന്നുണ്ട്. ഈ കമ്പനിയിൽ ഇസ്രായേലി പൗരന്മാരായ രണ്ടുപേർ ഷെയർ എടുത്തിട്ടുണ്ട്. ഇല്ല്യാഹു ബെസേലിൻ, ഇല്ല്യാഹു ബാരക് എന്നീ രണ്ട് ഇസ്രായേലികൾ ഈ കമ്പനിയിലെ പാർട്ട്ണർമാരായി മാറിയിരിക്കുകയാണ്. അഗ്രികൾച്ചറൽ ആക്ടിവിറ്റീസ് നടത്തുന്ന ഒരു കമ്പനിയിൽ വിദേശികൾക്ക് പാർട്ട്ണർഷിപ്പ് കൊടുക്കാൻ പാടില്ല. ഇത് FEMA-യുടെ ലംഘനം കൂടിയാണെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ; 2001-ൽ കമ്പനിക്കുവേണ്ടിയാണ് ഡോ. ജേക്കബ് തോമസ് ഈ ഭൂമി വാങ്ങി കൊടുത്തിരുന്നതെങ്കിൽ എന്തുകൊണ്ടാണ് 2017-ലും ഈ പ്രോപ്പർട്ടി അദ്ദേഹത്തിന്റെ പേരിൽ തന്നെ ഇരിക്കുന്നത്; 16 കൊല്ലം കഴിഞ്ഞിട്ടും അദ്ദേഹത്തിന്റെ പേരിൽ തന്നെയിരിക്കുകയാണ്. ഇപ്പോഴും ഈ ഭൂമിയുടെ encumbrance certificate-ൽ അദ്ദേഹത്തിന്റെ പേര് തന്നെയാണുള്ളത്. ഇതുവരെ പേരുപോലും മാറ്റിയിട്ടില്ല. വേണമെങ്കിൽ ഈ ജേക്കബ് തോമസ് ഞാനല്ല വേറൊരു ജേക്കബ് തോമസാണെന്ന് അദ്ദേഹത്തിന് വാദിക്കാം. ആ വാദവും നിലനിൽക്കുകയില്ല. കാരണം 2002-ൽ അദ്ദേഹം കൊടുത്തിട്ടുള്ള അസറ്റ് ഡിക്ലറേഷനിൽ ഈ ഭൂമിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. അതിൽ ഈ ഭൂമി അദ്ദേഹത്തിന്റെ ഭാര്യയുടെ ഉടമസ്ഥതയിലുള്ള ഭൂമിയാണെന്നാണ് പറഞ്ഞിരിക്കുന്നത്. സ്വന്തം ഭൂമി ഭാര്യയുടെ പേരിൽ മാറ്റാതെ സർക്കാരിന് കൊടുത്തിട്ടുള്ള അസറ്റ് ഡിക്ലറേഷനിൽ ഇത് ഭാര്യയുടെ ഭൂമിയാണെന്ന് പറയുന്ന ഒരു ഉദ്യോഗസ്ഥൻ സത്യസന്ധനായ ഒരു ഉദ്യോഗസ്ഥനാണെന്ന് ഗവൺമെന്റ് പറയുമ്പോൾ....., 2002-ലും 2003-ലും അദ്ദേഹം സമർപ്പിച്ചിട്ടുള്ള അസറ്റ് ഡിക്ലറേഷനിലും ഇതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. ഇത് മൊത്തം misrepresentation ആണ്. അദ്ദേഹം സ്വന്തം മേൽവിലാസം തന്നെ

മാറ്റിയിരിക്കുന്നു. ഈ ഭൂമി ഇടപാട് നടന്ന അതേ നിമിഷംതന്നെ ഇതിൽ ദുരൂഹതയും എന്തോ ക്രമക്കേടുകളും എന്തെങ്കിലും മറച്ചുവയ്ക്കാനും ഉണ്ടെന്നുള്ളത് അദ്ദേഹത്തിന് ബോധ്യമുള്ളതുകൊണ്ടാണ് അദ്ദേഹം ഇത് മാറ്റിയിരിക്കുന്നത്. പോലീസ് കമ്മീഷണറെന്ന് അതിൽ പരാമർശിച്ചിട്ടേയില്ല, പകരം ഇസ്രോയുടെ ഡയറക്ടർ എന്നാണ് അദ്ദേഹം അതിൽ പറഞ്ഞിരിക്കുന്നത്. തന്റെ പേരിലുള്ള ഭൂമി ഭാര്യയുടെ പേരിലാണെന്ന് അദ്ദേഹം സർക്കാരിനെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. ഈ വർഷത്തെ അസറ്റ് ഡിക്ലറേഷനിലും അദ്ദേഹം ഇക്കാര്യം മറച്ചുവച്ചിരിക്കുകയാണ്. ഈ കമ്പനിയുടെ ഓഡിറ്റ് റിപ്പോർട്ടിൽ വളരെ വിചിത്രമായ കാര്യങ്ങളാണ് പറഞ്ഞിരിക്കുന്നത്. Mr. Baby Thomas, Managing Director has given an affidavit affirming that the properties are in the absolute possession and enjoyment of the company and that Dr. Jacob Thomas has signed the Sale Deed in his capacity as a Director and has no right, title over this property എന്നുപറഞ്ഞിട്ട് അടുത്ത വരിയിൽ പറഞ്ഞിരിക്കുന്നത് However, he is not a Director of the company. തൊട്ടുമുകളിലത്തെ വരിയിൽ ഡയറക്ടറെന്നും അതിനുതാഴെ ഡയറക്ടറല്ലെന്നും പറയുന്നു. പരസ്പര വിരുദ്ധമായ കാര്യങ്ങളുള്ള ഒരു കമ്പനിയിലാണ് അദ്ദേഹം ഡയറക്ടറെന്ന് അവകാശപ്പെട്ടിരിക്കുന്നത്. ഇങ്ങനെ പരസ്പരവിരുദ്ധവും തെറ്റിദ്ധരിപ്പിക്കുന്നതുമായ രേഖകളുള്ളൊരു കമ്പനി അവിഹിതമായ സ്വത്തുക്കൾ മറച്ചുവച്ചും നിരവധി നിയമങ്ങളുടെ ലംഘനം നടത്തിയും ഡോ. ജേക്കബ് തോമസ് നടത്തിയിട്ടുള്ള ഇടപാടുകൾ ദുരൂഹത നിറഞ്ഞതും ഞെട്ടിക്കുന്നതുമാണ്. കള്ളന്റെ കയ്യിലാണ് താക്കോൽ ഏൽപ്പിച്ചിരിക്കുന്നതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

മി. സ്പീക്കർ: അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്....

ശ്രീ. എം. വിൻസെന്റ്: ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ പോർട്ട് ഡയറക്ടറായിരുന്നപ്പോൾ നടത്തിയ ഗുരുതരമായ ക്രമക്കേടുകൾ സംസ്ഥാന ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് കണ്ടെത്തി. ചീഫ് സെക്രട്ടറി നടപടി സ്വീകരിക്കണമെന്ന ശിപാർശയോടുകൂടി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നിയമോപദേശം തേടിയിരിക്കുന്നുവെന്നതാണ് ഇന്ന് മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നത്. മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുകയും മാധ്യമ പ്രശസ്തി ദൗർബല്യമായി കാണുകയും ചെയ്യുന്ന ജേക്കബ് തോമസ് എന്തുകൊണ്ടാണ് കഴിഞ്ഞ മൂന്നുദിവസങ്ങളായി പത്രങ്ങളിൽ തനിക്കെതിരെ വാർത്ത വന്നിട്ടും നിശബ്ദത പാലിക്കുന്നത്; അദ്ദേഹം പലപ്പോഴും പോക്കറ്റിൽ കൊണ്ടുനടക്കുന്നുവെന്ന് പത്രക്കാർക്ക് കാണിച്ചുകൊടുത്തിട്ടുള്ള

സെല്ലോ ടേപ്പ് അദ്ദേഹത്തിന്റെ വായിൽ ഒട്ടിച്ചിരിക്കുകയാണോ; ഇന്ന് അഴിമതി വീരന്മാർ ആഹ്ലാദത്തിലാണ്. കാരണം അവർ കള്ളന്മാരാണെങ്കിൽ അവരെക്കുറിച്ച് അന്വേഷിക്കേണ്ടയാൾ കള്ളന് കഞ്ഞിവച്ചയാളാണ്. ഒരു കാലത്ത് പോർട്ട് ഡിപ്പാർട്ട്മെന്റിന് മുകളിലൂടെ പറന്ന ഈ തത്ത ഇന്ന് കേരളത്തിന്റെ അതിർത്തിയും കഴിഞ്ഞ് തമിഴ്നാട്ടിലേയ്ക്ക് പോയിരിക്കുകയാണ്. ഇപ്പോൾ ഈ തത്ത അഴിമതിയുടെ ചിറക് വിരിച്ച് കർണ്ണാടകയിലും എത്തിയിരിക്കുക യാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇനി ഏതെല്ലാം സംസ്ഥാനങ്ങളിലാണ് എത്തിച്ചേരുന്നതെന്ന് അറിയില്ല.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.. കയ്യിൽ ഇരിക്കുന്ന പേപ്പറിലുള്ളത് മുഴുവനും വായിക്കണമെന്നില്ല.

ശ്രീ. എം. വിൻസെന്റ്: സർ, തന്റെ പൂർവ്വകാല അഴിമതിക്കഥകൾ മറച്ചുപിടിക്കാൻ എടുത്തണിഞ്ഞ മുഖാവരണം മാത്രമാണ് അഴിമതി വിരുദ്ധത. വേദമോതുന്നൊരു ചെകുത്താനെയാണ് ഈ ജേക്കബ് തോമസ് അനുസ്മരിപ്പിക്കുന്നത്. ജേക്കബ് തോമസിനെ സംരക്ഷിക്കുന്നതിലൂടെ ഈ സർക്കാർ അവകാശപ്പെടുന്ന അഴിമതി വിരുദ്ധതയുടെ മൂടുപടമാണ് അഴിഞ്ഞുവീണിരിക്കുന്നത്. അദ്ദേഹം ചുവപ്പ് കാർഡും മഞ്ഞ കാർഡും എടുത്തുകാണിക്കുകയാണ്. നിയമപരമായി നടപടി സ്വീകരിക്കേണ്ട ഒരു പോലീസ് ഉദ്യോഗസ്ഥൻ പൊതുപ്രവർത്തകരെ ചുവപ്പ് കാർഡും മഞ്ഞ കാർഡും കാണിച്ച് മാധ്യമങ്ങളിലൂടെ വിരട്ടിക്കൊണ്ടിരുന്നത് നമ്മളെല്ലാവരും കണ്ടതാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഈ ഉദ്യോഗസ്ഥനെതിരെ ചുവപ്പ് കാർഡ് കാണിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഇത്രയും ഗുരുതരമായ ക്രമക്കേടുകൾ നടത്തിയ ഈ ഉദ്യോഗസ്ഥൻ കേരളത്തിന്റെ വിജിലൻസിനും അഴിമതി വിരുദ്ധ സ്വഭാവമുള്ള കേരള സമൂഹത്തിനും അപമാനമാണ്. ഇത്തരത്തിലുള്ള ഗുരുതരമായ സാഹചര്യത്തെക്കുറിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ഉന്നയിച്ച കാര്യങ്ങൾ 2001-ലുള്ള ഒരു ആധാരവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. അതുമായി ബന്ധപ്പെട്ട് ചില പത്രവാർത്തകൾ വന്നിരിക്കുന്നുവെന്നത് ശരിയാണ്. പത്രവാർത്തകൾ പല തരത്തിലാണല്ലോ വരുന്നത്. ഏതെല്ലാം തരത്തിൽ പത്രവാർത്തകൾ വരുമെന്ന് നമുക്ക് അറിയാവുന്നതാണ്. പത്രങ്ങളിൽ ഒരു കൂട്ടർ എഴുതും ജേക്കബ് തോമസിനെ വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്നും മാറ്റാൻ പോകുകയാണെന്ന്, ഉടൻതന്നെ അതിനെപ്പറ്റി ചർച്ചവരും. ഇതാണ് ഇപ്പോഴത്തെ രീതി. ജേക്കബ് തോമസ് ആ സ്ഥാനത്ത് നിന്നും മാറണമെന്ന് ആഗ്രഹിക്കുന്ന

ധാരാളം ആളുകളുണ്ട്. അവരോട് എനിക്ക് പറയാനുള്ളത്, 'ആ കട്ടിൽ കണ്ട് പനിക്കേണ്ട' എന്നാണ്. 'ഇങ്ങനെ ഒരു വാർത്ത കൊടുത്തതുകൊണ്ട് മുഖ്യമന്ത്രിക്ക് നിയമസഭയിൽ ഇങ്ങനെ പറയേണ്ടി വന്നു. മാറ്റാൻ നീക്കമുണ്ടായിരുന്നു, അത് വാർത്ത വന്നതുകൊണ്ട് മാറ്റി' എന്നാകും അടുത്ത വാർത്ത. ശരിയല്ലാത്ത വാർത്ത കൊടുത്തതിനെ ന്യായീകരിക്കാനാണ് പിന്നെ ശ്രമിക്കുന്നത്. ഇത് നമ്മുടെ നാട്ടിൽ നടക്കുന്ന ഒരു രീതിയാണ്. ഇതുസംബന്ധിച്ച് ഏതെങ്കിലും ക്രമവിരുദ്ധ നടപടികൾ ഉണ്ടായിട്ടുണ്ടോയെന്നാണ് ഇപ്പോൾ അന്വേഷിക്കേണ്ടത്. ഇദ്ദേഹത്തിന്റെ ചില കാര്യങ്ങളെക്കുറിച്ച് നേരത്തേതന്നെ ഗൗരവമായ അന്വേഷണം നടന്നിരുന്നു. അത് അപ്പുറത്തിരിക്കുന്നവർക്കും അറിയാവുന്ന കാര്യമാണ്. ഇപ്പോൾ പത്രവാർത്തയിലാണ് കാര്യങ്ങൾ വന്നിട്ടുള്ളത്. ബഹുമാന്യനായ അംഗം രേഖ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞ കാര്യങ്ങൾ സംബന്ധിച്ച് പരിശോധിക്കാതെ ഒറ്റവാക്കിൽ മറുപടി പറയാൻ സാധിക്കില്ല. ബഹുമാന്യനായ അംഗം ഇവിടെ ആരോപിക്കപ്പെട്ട ഭൂമിയിടപാട് എങ്ങനെയാണ് വന്നത് എന്നതുസംബന്ധിച്ച് പരിശോധിച്ച് മാത്രമേ മറുപടി പറയാൻ സാധിക്കൂ. പക്ഷേ സിറ്റി പോലീസ് കമ്മീഷണറായി രിക്കുമ്പോഴാണെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണോയെന്ന് സംശയമുണ്ട്. എന്റെ ഓർമ്മ ശരിയാണെങ്കിൽ 1997-98 കാലയളവിലാണോ അദ്ദേഹം അവിടെ സിറ്റി പോലീസ് കമ്മീഷണറായതെന്ന സംശയം വരികയാണ്. 1999 മുതൽ 2003 വരെ അദ്ദേഹം ലീവ് എടുത്തിരുന്നുവെന്ന് നേരത്തേ പറയുന്നത് കേട്ടിട്ടുണ്ട്. ആ ഘട്ടത്തിൽ ഒരു ഗവൺമെന്റ് ജോലിയിലും അദ്ദേഹമുണ്ടായിരുന്നില്ല. നിയമപ്രകാരമുള്ള നടപടികളാണോ അന്നേരം സ്വീകരിച്ചതെന്നുള്ള കാര്യങ്ങൾ ഇതിനുമുമ്പുതന്നെ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതാണ്. എന്നാൽ ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്, ഒരു കമ്പനിയിൽ ഡയറക്ടറായിരു ന്നുവെന്നാണ്. അത് ശരിയാണോയെന്ന് പരിശോധിക്കണം. സാധാരണ നിലയിൽ അനുമതിയുണ്ടെങ്കിലേ ഡയറക്ടർ സ്ഥാനത്ത് ഇരിക്കാൻ സാധിക്കൂ. ആ വസ്തുത ഇപ്പോൾ എനിക്ക് പറയാൻ കഴിയുന്നതല്ല. 1999 മുതൽ 2003 വരെ അദ്ദേഹം ലോംഗ് ലീവിലായിരുന്നുവെന്നത് വസ്തുതയാണ്. ഇവിടെ അദ്ദേഹത്തെപ്പറ്റി പറഞ്ഞ കാര്യങ്ങളെക്കുറിച്ച് കൂടുതലായി എനിക്ക് പറയാനില്ല. ഒരു കാര്യം മാത്രമേ ചൂണ്ടിക്കാണിക്കാനുള്ളൂ. ഇവിടെ എന്തെങ്കിലും തെറ്റായ നടപടികളുണ്ടായിട്ടുണ്ടെങ്കിൽ അതിനെ സംരക്ഷിക്കുന്ന നിലപാട് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. വിജിലൻസ് സംവിധാനത്തിൽ വന്നിട്ടുള്ള ചില പാളിച്ചകൾ ഹൈക്കോടതി ചൂണ്ടിക്കാണിച്ചിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ആ നിലപാട് സ്വാഗതാർഹമാണ്. അതിനനുസൃതമായ ചില മാറ്റങ്ങൾ ഉണ്ടാകേണ്ടതായിട്ടുണ്ട്.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ലഭിക്കുന്ന പരാതികൾ പരിശോധിക്കാമെന്ന് അങ്ങ് വിജിലൻസിന്റെ യോഗത്തിൽ ഉദ്യോഗസ്ഥരോട് പറഞ്ഞതായി മലയാള മനോരമ പത്രത്തിൽ വാർത്ത വന്നിരുന്നു. അതിനെ വെല്ലുവിളിച്ചുകൊണ്ട്, ലഭിച്ച പരാതികൾ മുഴുവൻ അഡീഷണൽ ചീഫ് സെക്രട്ടറി (ഹോം)-ന് അങ്ങയുടെ പ്രിൻസിപ്പൽ സെക്രട്ടറി അയച്ചുകൊടുത്തതായി വാർത്ത വന്നിരിക്കുന്നു. അത് അങ്ങയോടുള്ള വെല്ലുവിളിയല്ലേ, അങ്ങ് അതിനെ അങ്ങനെ കാണുന്നില്ലേ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇവിടെ വിജിലൻസ് വകുപ്പിന്റെ പ്രവർത്തനം എങ്ങനെ വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അത് ഹൈക്കോടതി നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് പറഞ്ഞിട്ടുള്ളത്. ആ കാര്യത്തിൽ തന്നെ സർക്കാർ ഉറച്ചുനിൽക്കുകയാണ്. മാത്രമല്ല ഇക്കാര്യത്തിൽ ഞങ്ങൾ മാർഗ്ഗനിർദ്ദേശങ്ങളുണ്ടാക്കുമെന്ന് ഹൈക്കോടതി നേരത്തേ പറഞ്ഞു. അതിനെ സ്വാഗതം ചെയ്യുന്ന നിലപാടാണ് ഈ സർക്കാർ സ്വീകരിച്ചത്. ഹൈക്കോടതി സിംഗിൾ ബെഞ്ച് ചില മാനദണ്ഡങ്ങളുണ്ടാക്കേണ്ടതുണ്ടെന്ന് ഈ സഭയിൽ ഞാൻ നേരത്തേ പറഞ്ഞിരുന്നു. അതിന് രണ്ട് അഡ്വക്കേറ്റുമാരെ അമിക്കസ് ക്യൂറിമാരായി നിശ്ചയിക്കാനൊരു നീക്കമുണ്ടായി. അതിന്മേൽ ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന മുൻഗവൺമെന്റ് ഡിവിഷൻ ബെഞ്ചിൽ അപ്പീലിന് പോയി. അങ്ങനെ ഡിവിഷൻ ബെഞ്ചിൽ സ്റ്റേ കിടക്കുകയാണ്. അത് നേരത്തേ ഞാൻ വ്യക്തമാക്കിയ കാര്യമാണ്. അതിനുശേഷം ആ സ്റ്റേ വെക്കേറ്റ് ചെയ്യേണ്ടതാണെന്നും അതിനുള്ള അപേക്ഷ കോടതി മുമ്പാകെ നൽകണമെന്നും അഡ്വക്കേറ്റ് ജനറലിനോട് പറഞ്ഞിട്ടുണ്ട്. സ്റ്റേ വെക്കേറ്റ് ചെയ്യുകയാണെങ്കിൽ ആ നിർദ്ദേശമനുസരിച്ച് നടപടി സ്വീകരിക്കാൻ സാധിക്കും. സർക്കാരിനെ സംബന്ധിച്ചിടത്തോളം ഇതിൽ തുറന്ന സമീപനമാണുള്ളത്. അഴിമതിക്കാർ ആരും രക്ഷപ്പെടാൻ പാടില്ല. അഴിമതിക്കെതിരെയുള്ള നടപടികൾ സുതാര്യമായി നടക്കണം. മാനദണ്ഡങ്ങൾക്കനുസൃതമായി വിജിലൻസ് പ്രവർത്തിക്കണം. അഴിമതിക്കെതിരെയുള്ള നീക്കങ്ങളാണ് വിജിലൻസ് നടത്തേണ്ടത്. ചട്ടവിരുദ്ധമായ കാര്യങ്ങൾ ഏതെങ്കിലും ഉദ്യോഗസ്ഥൻ ചെയ്താൽ സാധാരണ നിലയ്ക്ക് അത് ഡിപ്പാർട്ടുമെന്റാണ് നോക്കേണ്ടത്. ബന്ധപ്പെട്ട വകുപ്പിന് അതുസംബന്ധിച്ച് നടപടി സ്വീകരിക്കാൻ സാധിക്കും. സ്വാഭാവികമായും അതിനകത്ത് വിജിലൻസിന്റെ ഭാഗം വരുന്നില്ല. വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ വകുപ്പുകൾ സ്വീകരിക്കണം, വിജിലൻസ് ചെയ്യേണ്ട കാര്യങ്ങൾ വിജിലൻസ് ചെയ്യണം എന്നതാണ് സർക്കാർ സ്വീകരിക്കുന്ന നിലപാട്. അക്കാര്യത്തിൽ ഹൈക്കോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ കൂടി വരുമ്പോൾ കുറെക്കൂടി വ്യക്തതയുണ്ടാക്കാൻ കഴിയും. ഇത് മുഴുവൻ നടന്നത് ഒരു ഡയറക്ടറുടെ തെറ്റായ നടപടിമൂലമാണെന്ന നിഗമനത്തിലേയ്ക്ക് ഇപ്പോൾ സർക്കാർ

എത്തിയിട്ടില്ല. പാളിച്ചകൾ ഹൈക്കോടതി തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ചൂണ്ടിക്കാണിച്ച കാര്യങ്ങൾ നേരായ രീതിയിൽ കൊണ്ടുപോകുന്നതിനുള്ള നടപടികൾ തന്നെയാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പത്രറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ കഴിയില്ല. വസ്തുതകളുടെ അടിസ്ഥാനത്തിൽ മാത്രമേ നടപടിയെടുക്കാൻ സാധിക്കൂ. ഇവിടെ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ പ്രശ്നം വന്നപ്പോഴും ഈ നിലപാട് തന്നെയാണ് സർക്കാർ സ്വീകരിച്ചത്. അഴിമതിക്കെതിരെ നടപടിയെടുക്കാനുള്ള വിജിലൻസിന്റെ നിയമാനുസൃതമായ സ്വാതന്ത്ര്യത്തെ സർക്കാർ സംരക്ഷിക്കും. ഇക്കാര്യത്തിൽ ഒരു ആശയക്കുഴപ്പവുമില്ല. അഴിമതിക്കാരുടെ മേൽ കർശന നടപടി സ്വീകരിക്കും. വിജിലൻസിന് നിയമമനുവദിക്കുന്ന സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്യും. ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ പ്രത്യേകമായി പരിശോധിക്കേണ്ടതാണ്. ഇവിടെ പറഞ്ഞതിൽ കൂടുതൽ കാര്യങ്ങൾ അതുമായി ബന്ധപ്പെട്ട് ഇപ്പോൾ എന്റെ മുമ്പിലില്ല എന്നതാണ് വസ്തുത. ഇപ്പോൾ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഒരു അടിയന്തര പ്രാധാന്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, മുഖ്യമന്ത്രിക്ക് ഏത് ഉദ്യോഗസ്ഥനെ നിയമിക്കാനും മാറ്റാനുമുള്ള അധികാരമുണ്ട്. ജനാധിപത്യ സംവിധാനത്തിൽ അത് ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ്. സാധാരണ ഒരു ഉദ്യോഗസ്ഥന്റെ കാര്യമല്ല, സംസ്ഥാനത്തെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ തലവൻ നടത്തിയ ചില ക്രമക്കേടുകളെയും അഴിമതികളെയും സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ, ശ്രീ. എം. വിൻസന്റ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഗവൺമെന്റ് അതിനെ വളരെ ലാഘവത്തോടുകൂടിയാണ് കാണുന്നതെന്നാണ് മുഖ്യമന്ത്രിയുടെ മറുപടിയിൽനിന്നും മനസ്സിലാകുന്നത്. അഴിമതി ആര് കാണിച്ചാലും ഗൗരവത്തോടുകൂടി കാണേണ്ടത് ജനാധിപത്യ സംവിധാനത്തിൽ ഒരു സർക്കാരിന്റെ കടമയും ഉത്തരവാദിത്വവുമാണ്. ആ ഉത്തരവാദിത്വം നിറവേറ്റാനുള്ള ബാധ്യത ഗവൺമെന്റിനുണ്ട്. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ വിശ്വാസ്യതയുടെ പ്രശ്നമാണ് ഇവിടെ ഉയർന്നുവരുന്നത്. ഒരു സ്ഥാപനത്തിന് വിശ്വാസ്യതയുണ്ടെങ്കിൽ മാത്രമേ നല്ല നിലയിൽ പ്രവർത്തിക്കാൻ കഴിയൂ. പൊതുജനങ്ങൾക്ക് വിശ്വാസ്യതയുണ്ടെങ്കിൽ

10.00 AM]

മാത്രമേ അഴിമതി സംബന്ധിച്ച പരാതികളുമായി ആ സ്ഥാപനത്തെ സമീപിക്കാൻ സാധിക്കുകയുള്ളൂ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു വകുപ്പിന്റേയും പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകാൻ നടപടി സ്വീകരിക്കുന്നില്ല, ഉദ്യോഗസ്ഥന്റെ മേൽ നിയന്ത്രണമില്ല, ഉദ്യോഗസ്ഥന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ സർക്കാരിന് കഴിയുന്നില്ല എന്നിവയ്ക്ക് ഏറ്റവും നല്ല ഉദാഹരണമാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ നേതൃത്വത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. വന്നുവന്ന് കോടതിയേയും തത്ത കൊത്താൻ തുടങ്ങിയിരിക്കുന്നു, ഇപ്പോൾ തത്ത സർക്കാരിനെയും കൊത്താൻ തുടങ്ങിയിരിക്കുന്നു. ഇവിടെ അഴിമതി തടയേണ്ട വ്യക്തിയുടെ നിലപാടുകൾ കോടതിക്കെതിരെയാണ്. ഞാൻ ഹൈക്കോടതിയിൽ കൊടുത്ത ഒരു കേസ്സിന്മേലായിരുന്നു ജസ്റ്റിസ് ഉബൈദ് വിധിപ്രഖ്യാപനം നടത്തിയത്. സംസ്ഥാനത്തെ നാല് എ.ഡി.ജി.പി.-മാർക്ക് ഡി.ജി.പി.-മാരായി പ്രൊമോഷൻ നൽകാൻ സ്ക്രീനിംഗ് കമ്മിറ്റി സ്ക്രൂട്ടിണൈസ് ചെയ്ത തീരുമാനം ക്യാബിനറ്റ് അംഗീകരിച്ചു. ഇപ്പോഴത്തെ ക്യാബിനറ്റും അത് ശരിവച്ചു. മുൻ മുഖ്യമന്ത്രിക്കും എനിക്കും അന്നത്തെ ചീഫ് സെക്രട്ടറിക്കുമെതിരായി വിജിലൻസ് അന്വേഷണം ആവശ്യമാണെന്ന് കോടതി പറഞ്ഞപ്പോൾ ആ നടപടിയുമായി മുന്നോട്ടുപോയി. തിരുവനന്തപുരം വിജിലൻസ് കോടതിയെയും ഹൈക്കോടതി വിമർശിച്ചു. വിജിലൻസ് കോടതി ഞങ്ങളുടെ പേരിൽ ഏത് ഘട്ടത്തിലും എഫ്.ഐ.ആർ. എടുക്കാമെന്നാണ് പറഞ്ഞത്. അങ്ങനെയെങ്കിൽ പിന്നെ ഈ ക്യാബിനറ്റ് എങ്ങനെ പ്രവർത്തിക്കും? ഏതെങ്കിലും ഗവൺമെന്റിന് പ്രവർത്തിക്കാൻ കഴിയുമോ? ഞങ്ങളുടെ ഗവൺമെന്റല്ല. ഈ ഗവൺമെന്റായിരുന്നെങ്കിൽ പ്രവർത്തിക്കാൻ കഴിയുമോ? ബഹുമാനപ്പെട്ട ഹൈക്കോടതി അന്നാണ് ഇത് വിജിലൻസ് രാജാണോ എന്ന് ചോദിച്ചത്. അതിന്റെ പിറ്റേദിവസം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ നോട്ടീസ് ബോർഡിൽ ഒരു നോട്ടീസ് പ്രത്യക്ഷപ്പെട്ടു. ഉന്നതന്മാരുടെ പരാതികളൊന്നും ഇവിടെ സ്വീകരിക്കില്ല; വൻകിട അഴിമതികളുമായി ബന്ധപ്പെട്ട ഒരു പരാതിയും ഇവിടെ സ്വീകരിക്കില്ല എന്നാണ് അതിൽ പറയുന്നത്. ഇത് ഞങ്ങൾക്കെതിരായിട്ടുള്ളതല്ല. ശ്രീ. പിണറായി വിജയന് എതിരായിട്ടുള്ള നടപടിയാണ്; കോടതിക്കെതിരായ നടപടിയാണ്; സർക്കാരിനെതിരായ നടപടിയാണ്. അതിൽ ഒരു നടപടിയുമുണ്ടായില്ല. രണ്ടാമത്, ബഹുമാന്യനായ

മുഖ്യമന്ത്രി നിയമസഭയിൽ ഞങ്ങളെപ്പറ്റി പറഞ്ഞ ചില വിമർശനങ്ങളുണ്ട്. ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിഞ്ഞത് ശരിയാണോയെന്ന് അദ്ദേഹമാണ് പറയേണ്ടത്. വിജിലൻസിന്റെ ജില്ലാതലത്തിലുള്ള ഉദ്യോഗസ്ഥരുടെ യോഗം കൂടിയപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിജിലൻസിന്റെ പ്രവർത്തനങ്ങളെപ്പറ്റി ചില നിർദ്ദേശങ്ങളും വിമർശനങ്ങളും ഉന്നയിച്ചു. അതിന്റെ പരിണിതഫലം എന്തായിരുന്നു? വിജിലൻസ് ഡയറക്ടർ ഇന്നലെ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ പേരിലുള്ള എല്ലാ പരാതികളും ഒരു പാഴ്സലായി ആഭ്യന്തര വകുപ്പുസെക്രട്ടറിക്ക് അയച്ചുകൊടുക്കുകയാണുണ്ടായത്. ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് പരാതി അയച്ചാൽ അതിന്റെ അർത്ഥമെന്താണ്; മുഖ്യമന്ത്രിക്ക് തന്നെ ആ പരാതി പാഴ്സലായി വിജിലൻസ് ഡയറക്ടർ അയച്ചുവെന്നുള്ളതല്ലേ? തത്ത കോടതിയെയും കൊത്തുന്നു, ഇപ്പോൾ ഗവൺമെന്റിനെയും കൊത്തുന്നു; അതാണ് ഞാൻ പറഞ്ഞത്. നമ്മുടെ സംസ്ഥാനത്ത് നിയമങ്ങൾ ലംഘിക്കാൻ ഒരു ഉദ്യോഗസ്ഥനും അധികാരമില്ല. വിജിലൻസിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് വിജിലൻസ് മാന്വലുണ്ട്, ഈ രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങളുണ്ട്, കോടതിവിധികളുണ്ട്. അതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് വിജിലൻസ് പ്രവർത്തിക്കുന്നത്. ആ വിജിലൻസിന്റെ പ്രവർത്തനം ഇന്ന് കൈവിട്ടുപോകുന്നുവെന്നുള്ളതാണ് ഏറ്റവും ഗുരുതരമായ പ്രശ്നം. ഞാനും കുറച്ചുകാലം വിജിലൻസ് വകുപ്പിന്റെ ചുമതലയുണ്ടായിരുന്ന ആളാണ്. വിജിലൻസിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള നിയമാവലികളും നടപടിക്രമങ്ങളും ചട്ടങ്ങളും അറിയാവുന്ന ഒരാളാണ് ഞാൻ. പക്ഷേ ഇന്ന് വിജിലൻസിന്റെ പ്രവർത്തനം ആ നിലയിലല്ല പോകുന്നത്. വിജിലൻസിന്റെ പ്രവർത്തനം ചട്ടങ്ങളുടെയും നിയമാവലികളുടെയും വിജിലൻസ് മാന്വലിന്റെയും ലംഘനങ്ങളായിട്ടാണ് മുന്നോട്ടുപോകുന്നത്. ഒരാളുടെ പേരിൽ എഫ്.ഐ.ആർ. എടുക്കാൻ ഡിവൈ.എസ്.പി.-ക്ക് അനുവാദം കൊടുക്കുന്ന ഡയറക്ടറുടെ നടപടിയാണ് ഗവൺമെന്റ് ന്യായീകരിക്കുന്നത്. ഒരു പെറ്റീഷൻ ലഭിച്ചാൽ താഴെയുള്ള ഡിവൈ. എസ്.പി.-മാർ അത് പരിശോധിച്ച് ഒരാളിന്റെ പേരിൽ എഫ്.ഐ.ആർ. എടുക്കാമെന്ന് പറയുന്നത് ഏത് മാന്വലിന്റെ പേരിലാണ്; അങ്ങനെയാണെങ്കിൽ ഈ സഭയിലിരിക്കുന്ന, രാജ്യത്തുള്ള ആരുടെ പേരിൽ വേണമെങ്കിലും എഫ്.ഐ.ആർ. ഇടാൻ കഴിയില്ലേ? ഇത്തരം powers delegate ചെയ്യാൻ ഏത് അധികാരമാണ് വിജിലൻസ് ഡയറക്ടർക്ക് നൽകിയിട്ടുള്ളത്; അതുമായി ബന്ധപ്പെട്ട് അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ നിയമവിരുദ്ധവും വിജിലൻസ് മാന്വലിന്റെ നഗ്നമായ

ലംഘനവുമാണ്. ഇതൊന്നും ഗവൺമെന്റ് പരിശോധിക്കില്ലേ; ഇതൊന്നും മുഖ്യമന്ത്രി പരിശോധിക്കില്ലേ; ഇങ്ങനെയൊരു ഡയറക്ടറെ കയറൂരി വിടുകയാണോ ഗവൺമെന്റ് ചെയ്യേണ്ടത്; അങ്ങനെയാണെങ്കിൽ ഭാവിയിൽ ആർക്കെതിരെ വേണമെങ്കിലും കേസ് എടുക്കാമെന്ന നിലയിലേയ്ക്ക് പോകും. ഇന്ന് എന്താണ് സംഭവിക്കുന്നത്? ആരെങ്കിലും ഒരു പരാതി കൊടുത്താൽ ആ പരാതി ലഭിച്ചയുടൻതന്നെ എഫ്.ഐ.ആർ. ഇടുന്നു. പൊതുസമൂഹത്തിൽ അയാളെ അഴിമതിക്കാരനായി ചിത്രീകരിക്കുന്നു. വർഷങ്ങളോളം പൊതുജീവിതമുള്ള നിരവധി നല്ല വ്യക്തികളെ ഈ നിലയിൽ അഴിമതിക്കാരായി ചിത്രീകരിക്കുന്നത് ഇന്ന് നമ്മുടെ നാട്ടിൽ ഒരു പ്രാക്ടീസായി മാറിക്കഴിഞ്ഞിട്ടുണ്ട്. ഒരു വ്യക്തി വിജിലൻസ് കോടതിയിൽ 40 പെറ്റീഷനാണ് കൊടുത്തിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതി കഴിഞ്ഞ ദിവസം അതിനെ രൂക്ഷമായി വിമർശിച്ചു. എങ്ങനെയാണ് അയാൾക്ക് കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ലഭിക്കുന്നത്; അയാളെ ഉപയോഗിച്ചുകൊണ്ട് ആളുകളെ അപകീർത്തിപ്പെടുത്താനും വ്യക്തിപരമായ പകപോക്കൽ നടത്താനും ശ്രമിക്കുന്നു. ഈ വിജിലൻസ് ഡയറക്ടർക്കെതിരെ പരാതി കൊടുത്ത സത്യൻ നരവൂർ എന്ന വ്യക്തിയെ വിജിലൻസ് അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്തിരിക്കുകയാണ്. ഇത് പകപോക്കലല്ലേ? വിജിലൻസ് ഡയറക്ടർക്കെതിരെ പരാതി കൊടുത്ത കണ്ണൂർ ജില്ലയിലുള്ള സത്യൻ നരവൂർ എന്ന ആളിനെ ഇന്നലെ പോലീസ് റിമാൻഡ് ചെയ്തിരിക്കുകയാണ്. എന്താണ് ഈ നാട്ടിൽ നടക്കുന്നത്? വേലി തന്നെ വിളവ് തിന്നുന്നു എന്നുള്ളതല്ലേ ഇതിൽ കാണാൻ കഴിയുന്നത്; സംസ്ഥാനത്ത് വിജിലൻസിനെ നിയന്ത്രിക്കുന്ന കാര്യത്തിൽ മുഖ്യമന്ത്രിയും ഗവൺമെന്റും പരാജയപ്പെട്ടിരിക്കുന്നു. ജേക്കബ് തോമസിനെ മാറ്റണമെന്ന് ഞങ്ങളാരും പറഞ്ഞില്ല. ഇവിടെ ശ്രീ. ഇ. പി. ജയരാജന്റെ കേസ്സിൽ വിജിലൻസ് ഡയറക്ടർ ഒരു അഫിഡവിറ്റ് കൊടുത്തിരിക്കുന്നു. സർക്കാർ വേറൊരു അഫിഡവിറ്റ് കൊടുത്തിരിക്കുന്നു. സർക്കാരും വിജിലൻസ് ഡയറക്ടറും വ്യത്യസ്തമായ അഫിഡവിറ്റ് കൊടുത്താൽ അതിന്റെ അർത്ഥമെന്താണ്? ഹൈക്കോടതിയിൽ വരുന്ന ഓരോ കേസ്സും പരിശോധിച്ചാൽ ഒന്നുംരണ്ടും അഫിഡവിറ്റുകൾ കൊടുക്കുന്നതായാണ് കാണുന്നത്. വ്യത്യസ്തമായ അഫിഡവിറ്റുകൾ കൊടുക്കുകയാണ്. ഇതാണോ ഭരണം; സംസ്ഥാനത്ത് ധനകാര്യ വകുപ്പ് മന്ത്രിയുണ്ടല്ലോ; ഇടക്കംപോലും കുറിക്കാത്ത കിഫ്ബിക്കെതിരെയും വിജിലൻസിന്റെ റെയ്ഡുണ്ടായി. ഇതെന്ത് ന്യായമാണ്? ഹൈക്കോടതിയിൽ വ്യത്യസ്തമായ അഫിഡവിറ്റുകൾ ആരാണ് കൊടുക്കുന്നത്? നിയമപരമായി സ്വീകരിക്കേണ്ട സമീപനങ്ങൾ മനസ്സിലാക്കാതെ വ്യക്തിപരമായ

ഇഷ്ടാനിഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരെ പ്രതിക്കൂട്ടിൽ നിർത്താൻ ശ്രമിക്കുന്നു. ധനകാര്യ വകുപ്പുസെക്രട്ടറിയുടെ കാര്യം നിരവധി തവണ നമ്മൾ ചർച്ച ചെയ്തതാണ്; നിരവധി ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ കാര്യവും ചർച്ച ചെയ്തതാണ്. ഐ.എ.എസ്. ഉദ്യോഗസ്ഥരടക്കം ആര് അഴിമതി കാണിച്ചാലും അവർക്കെതിരെ നടപടിയുണ്ടാകുന്നതിനെ ഞങ്ങളാരും ചോദ്യം ചെയ്യുന്നില്ല. പക്ഷേ വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളുടെ പേരിൽ, അനിഷ്ടത്തിന്റെ പേരിൽ ഉദ്യോഗസ്ഥർക്ക് നേരെയുണ്ടാകുന്ന പ്രതികാരനടപടികൾ ഭരണരംഗത്തെ മുഴുവൻ സ്തംഭനാവസ്ഥയിലേയ്ക്ക് എത്തിച്ചിരിക്കുന്നുവെന്നുള്ളതല്ലേ യാഥാർത്ഥ്യം. ബഹുമാന്യനായ മുഖ്യമന്ത്രി ജേക്കബ് തോമസിനെ ന്യായീകരിച്ചു. ഞങ്ങൾക്കാർക്കും പരാതിയില്ല. ഗവൺമെന്റിനുവേണ്ടി പ്രവർത്തിക്കുന്ന ഒരുദ്യോഗസ്ഥനെ ന്യായീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ബാദ്ധ്യതയുണ്ടാകാം. പക്ഷേ, യാഥാർത്ഥ്യങ്ങൾക്കുനേരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കണ്ണടയ്ക്കരുത്. ഈ സംസ്ഥാനത്ത് നടക്കുന്ന ഭരണസ്തംഭനത്തിന്റെ മുഖ്യ ഉത്തരവാദി വിജിലൻസ് ഡയറക്ടറാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതുകൊണ്ട് ഒരു സ്ഥാപനത്തിന്റെ അന്തസ്സ് സംരക്ഷിക്കാൻ, ക്രെഡിബിലിറ്റി സംരക്ഷിക്കാൻ, പൊതുജനങ്ങളുടെ വിശ്വാസ്യത വീണ്ടെടുക്കാനുള്ള നടപടികളാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. അതുകൊണ്ടാണ് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. അതിന് തയ്യാറാകാത്ത സർക്കാരിന്റെ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, രണ്ട് കാലിലും മന്തുള്ള ആളാണ് നാട്ടിലുള്ള എല്ലാവരെയും മന്തുകാലാ എന്ന് വിളിച്ചുനടന്നിരുന്നതെന്ന് ഇപ്പോഴാണ് മനസ്സിലാകുന്നത്. ഇപ്പോൾ രാജപാളയം താലൂക്കിൽ വിരുദ നഗറിൽ 50 ഏക്കർ ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ പ്രതിയാണെന്നുള്ള രീതിയിൽ പത്രവാർത്ത വന്നിരിക്കുന്നു. നമ്മൾ പത്രവാർത്തകളൊന്നും നോക്കുകയേ വേണ്ട എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഈ രാജ്യത്ത് നമ്മൾ എല്ലാ കാര്യങ്ങളും ഇതുപോലെയുള്ള വാർത്തകളുടെ അടിസ്ഥാനത്തിലല്ലേ അന്വേഷിക്കുന്നത്? ഇത് വിജിലൻസ് ഡയറക്ടർക്ക് നേരെയുള്ള ഒരു കടന്നാക്രമണമാണ്, അദ്ദേഹത്തെ നിശബ്ദനാക്കാനുള്ള ചില അടവുകളാണെന്ന് മുൻവിധിയോടുകൂടി അങ്ങ് ആദ്യം തന്നെ പറയരുതെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട്

പറയാനുള്ളത്. ഈ വാർത്തകളിൽ കഴമ്പുണ്ടോയെന്ന് നോക്കേണ്ട പ്രധാനപ്പെട്ട ഉത്തരവാദിത്വം ഏറ്റെടുക്കാനാണ് അങ്ങയോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നത്. കാരണം ഇത് വളരെ ഗൗരവമായ വിഷയമാണ്. ഇതിനകത്തുള്ള ഡയറക്ടർ തന്നെ, ഇതിന്റെ പ്രൊമോട്ടർ ആയിട്ടുള്ള ബേബി തോമസ് തന്നെ പറയുന്നത്, ഈ ഭൂമി ഞാൻ ഇവിടെ ഇല്ലാത്തതുകൊണ്ട് കമ്മീഷണറായിരിക്കുന്ന സമയത്ത് വാങ്ങി നൽകിയിട്ടുള്ളത് ജേക്കബ് തോമസാണ് എന്നാണ്. അത് ബിസിനസ്സ് താൽപ്പര്യമല്ല, അദ്ദേഹത്തിന് കൃഷിയോടുള്ള അടങ്ങാത്ത അഭിനിവേശമാണ് താൻ കമ്മീഷണറാണെന്നുപോലും ചിന്തിക്കാതെ ഭൂമി വാങ്ങിക്കൊടുക്കാനുള്ള ഒരു സാഹചര്യമുണ്ടാക്കിയത്. കമ്മീഷണറായിരിക്കുന്ന ഒരാൾ അദ്ദേഹത്തിന്റെ കൃഷിയോടുള്ള ആഭിമുഖ്യംകൊണ്ട് എല്ലാംമറന്ന് ഭൂമി കച്ചവടത്തിൽ പങ്കാളിയാവുകയെന്ന് പറയുന്നതിൽതന്നെ ചില ചീഞ്ഞുനാറലുകൾ ഇല്ലേ എന്നുള്ളത് വളരെ ഗൗരവമായി പരിശോധിക്കേണ്ടതാണ്. മാത്രമല്ല, ഈ ഭൂമിയുമായി ബന്ധപ്പെട്ട് അദ്ദേഹം ഡയറക്ടറാണെന്ന് പറയുന്നു, ഡയറക്ടറല്ലായെന്ന് പറയുന്നു. സത്യത്തിൽ ഡയറക്ടറാണോ; ഈ കാര്യമെങ്കിലും കേരളത്തിലെ ജനങ്ങൾ അറിയണ്ടേ? കാരണം, അദ്ദേഹം വെറും ജേക്കബ് തോമസാണെങ്കിൽ നമുക്ക് പ്രശ്നമില്ല. അദ്ദേഹം ഇന്ന് വിജിലൻസ് ഡയറക്ടറാണ്. ആന്റി കറപ്ഷനെന്ന് പറഞ്ഞുകൊണ്ട് ബാക്കിയുള്ള എല്ലാ ആളുകളുടെയും പേരിൽ കേസുകളെടുക്കുന്നതിനുവേണ്ടി സർക്കാർ ഇടപെട്ടാലും ഇല്ലെങ്കിലും സ്വതന്ത്രമായ ഒരു തത്തയെപ്പോലെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിലൊന്നും ആർക്കുമൊരു പ്രതിഷേധവുമില്ല. പക്ഷേ, ആ ആൾതന്നെ ഈ രീതിയിൽ കുഴപ്പക്കാരനാണെന്ന് വരുമ്പോൾ അതല്ലായെന്ന് ബോദ്ധ്യപ്പെടുത്തേണ്ട ഉത്തരവാദിത്വം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുണ്ട്. ഞാൻ നിയമിച്ചിരിക്കുന്ന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ ഇതിനൊക്കെ അപ്പുറത്താണെന്ന് ബോദ്ധ്യപ്പെടുത്തിക്കൊടുക്കേണ്ട ഒരാവശ്യം ഗവൺമെന്റിനുണ്ട്. അദ്ദേഹം വെല്ലുവിളിച്ച് വെല്ലുവിളിച്ച് അവസാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെത്തന്നെ വെല്ലുവിളിച്ചിരിക്കുകയാണ്. 62 കേസ്സുകളും ഇ-മെയിലിൽ വന്നിട്ടുള്ള എല്ലാ പരാതികളും ഇനി വേണമെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നോക്കിക്കൊള്ളൂ. നിങ്ങൾ ഏത് ഐ.എ.എസ്. ഉദ്യോഗസ്ഥർക്കാണ് ഇത് കൊടുക്കേണ്ടതെന്ന് വച്ചാൽ കൊടുത്തോളൂവെന്ന് പറയുന്ന ഒരു ധിക്കാരം കാണിച്ചിട്ടും അങ്ങേയ്ക്ക് അദ്ദേഹത്തിന്റെ അപദാനങ്ങൾ ഈ അസംബ്ലിയിൽ പറയേണ്ടിവരുന്നത് അങ്ങേയറ്റം ദയനീയമായ ഒരു കാര്യമാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇതുപോലെ നമ്മൾ കേൾക്കുന്ന വാർത്ത ചെറുതാണെങ്കിലും അന്വേഷിക്കണം. ഇപ്പോൾ മറ്റൊരു വാർത്തകൂടി കേൾക്കുന്നുണ്ട്. ഇദ്ദേഹം മറ്റൊരിടത്ത് ആരുടെയോ കൈവശമുള്ള 700 ഏക്കർ ഭൂമിയുടെ പവർ ഓഫ് അറ്റോർണി വാങ്ങി വച്ചിട്ടുണ്ട്. റിട്ടയർ ചെയ്ത് കഴിഞ്ഞാൽ ഈ 700 ഏക്കർ

ഭൂമിയും തന്റേതാക്കി മാറ്റുന്നതിനുള്ള ശ്രമം നടക്കുന്നതായി ഒരു വാർത്തയും കേൾക്കുന്നുണ്ട്. ഞങ്ങൾ ഇത് പറയുന്നതിന്റെ പേരിൽ അങ്ങ് ഇത് വിശ്വസിക്കണമെന്നില്ല. പക്ഷേ, മുഖ്യമന്ത്രിയെന്നുള്ള നിലയ്ക്ക് ഞങ്ങൾ ഈ നിയമസഭയിൽ ഇങ്ങനെയൊരു സംശയം ഉന്നയിച്ച സാഹചര്യത്തിൽ അങ്ങനെയൊരു പവർ ഓഫ് അറ്റോർണി ഉണ്ടോയെന്ന് പരിശോധിക്കേണ്ട ബാദ്ധ്യത ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഉണ്ടെന്നുകൂടി അറിയിച്ചുകൊള്ളുന്നു. അങ്ങ് ഈ വിഷയം ഗൗരവമായി എടുക്കണം. കാരണം, ചങ്ങലയ്ക്ക് ഭ്രാന്ത് പിടിച്ചാൽ പിന്നെ എവിടെപ്പോയി ചികിത്സിക്കുമെന്നതിനെക്കുറിച്ചുള്ള ഒരാശങ്കയിലാണ് കേരളത്തിലെ ജനങ്ങളെന്നുള്ളതുകൊണ്ട് ഈ വിഷയം ഗൗരവമായി എടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, അഴിമതിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനുള്ള സംവിധാനമുണ്ടാകണം. വിജിലൻസിന്റെ പ്രവർത്തനങ്ങളെ ശാക്തീകരിക്കുകയെന്നതും അഴിമതിക്കെതിരെ ശക്തമായ നിലപാടെടുക്കുകയെന്നതും ഗവൺമെന്റിന്റെ നയമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയ്ക്കകത്തും പുറത്തും ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. പക്ഷേ, വിജിലൻസ് അത്തരത്തിലല്ല പ്രവർത്തിക്കുന്നതെന്നും കൃത്യമായ അജണ്ട വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് വിജിലൻസ് ഡയറക്ടറുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നത് എന്നുള്ളതാണ് ആവർത്തിച്ചുവരുന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ നമ്മൾ മനസ്സിലാക്കേണ്ടത്. ഇതിനെ സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചു. കോടതിയിൽ നിന്നുള്ള രൂക്ഷമായ വിമർശനങ്ങൾ ആവർത്തിച്ച് നേരിടേണ്ടിവന്നപ്പോഴാണ് വിജിലൻസിന് പ്രവർത്തിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയാനിടയായത്. അപ്പോഴാണ് ഇത്തരത്തിലുള്ള ഒരു മാർഗ്ഗനിർദ്ദേശത്തെക്കുറിച്ച് ഗവൺമെന്റ് ചിന്തിക്കുന്നത്. വിജിലൻസിന് ഒരു മാന്വലുണ്ട്. ആ മാന്വലിനനുസൃതമായല്ല വിജിലൻസ് പ്രവർത്തിക്കുന്നതെന്നത് സംബന്ധിച്ച് വിവിധ വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ ഗവൺമെന്റ് തയ്യാറാകുന്നത്. വിജിലൻസ് മാന്വൽപോലും കാറ്റിൽപ്പറത്തുമ്പോൾ സർക്കാർ മുന്നോട്ടുവയ്ക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ വിജിലൻസ് ഡയറക്ടർ ഉൾക്കൊള്ളുമെന്ന് നമുക്ക് പറയാൻ കഴിയുമോ? വാർത്തകളുടെ

അടിസ്ഥാനത്തിൽ തീരുമാനങ്ങളെടുക്കണമെന്ന് ഞങ്ങളാരും ഗവൺമെന്റിനോടും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പറയുന്നില്ല. പക്ഷേ, വരുന്ന വാർത്തകൾ മുഖവിലയ്ക്കെടുക്കാമല്ലോ; ഇന്നത്തെ മലയാള മനോരമ പത്രത്തിലാണ് അത്തരത്തിലുള്ള വാർത്തകൾ വന്നിട്ടുള്ളത്. സർക്കാരിനോട് വിജിലൻസ് ഡയറക്ടർ ആവശ്യപ്പെടുന്നു എന്ന് പറഞ്ഞാൽ മുഖ്യമന്ത്രിയോടാണ് ആവശ്യപ്പെടുന്നത്. അങ്ങനെയാണെങ്കിൽ വിജിലൻസ് ഡയറക്ടർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെത്തന്നെ വെല്ലുവിളിക്കുന്നുവെന്നതാണ്. ജനാധിപത്യ രീതിയിൽ തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിനെ ഒരുദ്യോഗസ്ഥൻ വെല്ലുവിളിക്കുന്ന നിലയിലേയ്ക്ക് മാറുന്നുവെന്നുള്ളത് വളരെ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ്. ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾക്കനുസരണമായി മുന്നോട്ടുപോകാൻ ഒരു ഉദ്യോഗസ്ഥൻ തയ്യാറല്ലെങ്കിൽ ആ ഉദ്യോഗസ്ഥന്റെ നടപടികൾ പരിശോധിക്കാൻ സർക്കാരിന് ബാദ്ധ്യതയുണ്ട്, ഉത്തരവാദിത്വമുണ്ട്. ഇത്രയും ഗൗരവമേറിയ ഒരു വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. സി. എഫ്. തോമസ്:</u> സർ, ഇവിടെ ഒരു ചർച്ച നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകേണ്ടതായിരുന്നു. അദ്ദേഹം ഗവൺമെന്റിന്റെ പോളിസിയെക്കുറിച്ച് പറഞ്ഞു. അത് നല്ലതാണ്. അഴിമതിക്കെതിരായ ശക്തമായ നിലപാടിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. അഴിമതി ആര് കാണിച്ചാലും, അത് മന്ത്രിമാരായാലും ജനപ്രതിനിധികളായാലും ഉദ്യോഗസ്ഥരായാലും അതിനെ വളരെ ഗൗരവത്തോടുകൂടി കണ്ടുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കണം. അത് നല്ല നിലപാടാണ്. ഇന്ന് ഇങ്ങനെയൊരു ചർച്ച മുഖ്യമന്ത്രിക്ക് കൂടുതൽ സഹായകരമാകുമെന്ന് പറഞ്ഞതിന്റെ കാരണം, ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ ഈ കാര്യത്തിൽ വളരെ സജീവമായി ഇടപെട്ടിരിക്കുന്നതുകൊണ്ടാണ്. വിജിലൻസിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ഗുരുതരമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിരിക്കുന്നത്. മാർഗ്ഗനിർദ്ദേശങ്ങളും കൊടുത്തിരിക്കുന്നു. അഴിമതി അന്വേഷിക്കാൻ ചുമതലപ്പെട്ട ഡിപ്പാർട്ട്മെന്റും അതിന്റെ അദ്ധ്യക്ഷനും ഇത്തരത്തിൽ പോയാൽ സംസ്ഥാനത്തെ ജനങ്ങൾ എങ്ങനെ ഈ ഡിപ്പാർട്ട്മെന്റിനെ വിശ്വസിക്കും. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ തലവനെതിരായി വളരെ ഗൗരവമുള്ള ആരോപണങ്ങൾ വന്നിരിക്കുന്നു. ഹൈക്കോടതി ശക്തമായി ഇടപെട്ടിരിക്കുന്നു; ഹൈക്കോടതിയുടെ

നിലപാടിനെ മുഖ്യമന്ത്രി നല്ല ഉദ്ദേശ്യത്തോടുകൂടി സ്വാഗതം ചെയ്യുന്നുവെന്ന് പറയുന്നു. അങ്ങനെയാണെങ്കിൽ ഒരു നല്ല ചർച്ച നടത്തിയിരുന്നെങ്കിൽ അത് നമ്മുടെ സംസ്ഥാനത്തെ അഴിമതി പരമാവധി നിയന്ത്രിക്കാനും ഇല്ലാതാക്കാനുമുള്ള പരിശ്രമങ്ങൾ നമുക്കൊരുമിച്ച് നടത്താൻ സഹായകരമായ ഒരു ചർച്ചയായി മാറുമായിരുന്നു. അത്തരത്തിലുള്ള ഒരു ചർച്ച വേണ്ടെന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. എഫ്. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും ഹാജരായി.)

മി. സ്പീക്കർ: ഇന്ന് ഈ സെഷന്റെ അവസാനത്തെ ദിവസമായതുകൊണ്ട് അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് സബ്മിഷനുകളുടെ എണ്ണം വർദ്ധിപ്പിച്ചിരിക്കുകയാണ്. 4 ബില്ലുകളും 18 സബ്മിഷനുകളും ക്രമപ്രശ്നങ്ങളും ചട്ടങ്ങളുടെ ഭേദഗതിയെ സംബന്ധിച്ച കാര്യങ്ങളുമുണ്ട്. വളരെ ചുരുങ്ങിയ സമയമെന്ന് പറഞ്ഞാലും വീണ്ടും വീണ്ടും പ്രസംഗം നീട്ടിക്കൊണ്ടുപോകുന്ന പതിവാണ് നമ്മൾ സ്വീകരിക്കുന്നത്. അതുകൊണ്ട് 2 മിനിട്ടുകൊണ്ട് ശ്രദ്ധ ക്ഷണിക്കൽ കഴിയണം. അതുപോലെതന്നെ സബ്മിഷനുകൾ ഒരു മിനിട്ടുകൊണ്ട് അവതരിപ്പിക്കാനും കഴിയണം. മറുപടിയും അങ്ങനെ ചുരുക്കി പറഞ്ഞ് സഹകരിക്കണം.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) മരുന്നുകളുടെ ജനറിക് നാമം

ശ്രീ. ഇ. കെ. വിജയൻ: സർ, ഏറെ കാലികവും പ്രസക്തവുമായ ഒരു വിഷയമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഇന്ന് സംസ്ഥാനത്ത് മരുന്ന് വാങ്ങാത്തതായ ഒരു വീടുമുണ്ടാകില്ല. മെഡിക്കൽ ഷോപ്പുകളെ ആശ്രയിക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ കൊടിയ ചൂഷണമാണ് ഈ രംഗത്ത് നടക്കുന്നത്. അങ്ങനെയാണ് ഡോക്ടർമാർ ജനറിക് മരുന്നുകൾ എഴുതണമെന്ന് മെഡിക്കൽ കൗൺസിൽ തീരുമാനിച്ചത്. ബ്രാൻഡഡ് മരുന്നുകളുടെ തുല്യപ്രവർത്തനശേഷിയുള്ളതും രാസപരമായും ഘടനാപരമായും തത്തുല്യമായതും വിലക്കുറവുള്ളതുമാണ് ജനറിക് മരുന്നുകൾ. 75 ശതമാനം വരെ

വില കുറച്ച് ഈ മരുന്നുകൾ നൽകാൻ കഴിയും. അതിന്റെ ലിസ്റ്റ് എന്റെ കൈവശമുണ്ട്. ഗവേഷണം നടത്തി പേറ്റന്റ് വാങ്ങിയാൽ 20 വർഷമാണ് കാലാവധി. അതിനുശേഷം ആർക്കുവേണമെങ്കിലും, ഏത് കമ്പനിക്കു വേണമെങ്കിലും മരുന്നുകൾ നിർമ്മിക്കുവാൻ ഇന്ന് കഴിയും. മരുന്നുൽപ്പാദകരും ഇടനിലക്കാരും മെഡിക്കൽ രംഗത്തെ ലാഭക്കൊതിയന്മാരായ ആളുകളും ചേർന്ന് രോഗികളിൽ നിന്ന് വലിയ വില ഈടാക്കുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. ഇപ്പോൾ അമോക്സിലിൻ എന്ന മരുന്നിന്റെ കുറിപ്പുമായി ഒരാൾ മെഡിക്കൽ ഷോപ്പിലെത്തിയാൽ മരുന്നെടുത്തുകൊടുക്കുന്ന ആൾ മെഡിക്കൽ ഷോപ്പിലുള്ള ഏറ്റവും വില കൂടിയ ബ്രാൻഡഡ് മരുന്നായിരിക്കും എടുത്തുകൊടുക്കുന്നത്. പാരസെറ്റമോൾ വാങ്ങാത്തവരായി ഈ സഭയിൽ ആരുംതന്നെ കാണില്ല. ആ മരുന്ന് എഴുതിയാലും ഈ പ്രവണത നമുക്ക് കാണാൻ കഴിയും. ഇത്തരം ചൂഷണം സമൂഹത്തിൽ ഉയർന്നുവരുമ്പോൾ അത് പരിഹരിക്കാനുള്ള കൂട്ടായ പരിശ്രമമാണ് വേണ്ടത്. ഡോക്ടർമാർ മരുന്ന് കുറിക്കുമ്പോൾ രസതന്ത്രനാമങ്ങൾ മാത്രം എഴുതുകയാണെങ്കിൽ ജനറിക് മരുന്നുകൾ ഫാർമസിയിൽനിന്നും നൽകാൻ സാധിക്കും. ഡോക്ടറുടെ കുറിപ്പടിയുമായി മെഡിക്കൽ ഷോപ്പിൽ ചെല്ലുമ്പോൾ കച്ചവടക്കാരന് ഏറ്റവും കൂടുതൽ ലാഭം നേടിത്തരുന്ന മരുന്ന് കൊടുത്ത് കൊള്ളലാഭമുണ്ടാക്കാനുള്ള സാഹചര്യം ഇന്ന് മെഡിക്കൽ ഷോപ്പുകളിലുണ്ട്. അതൊഴിവാക്കാൻ സത്യസന്ധരായ ഫാർമസിസ്റ്റുകൾ വിചാരിച്ചാലേ സാധിക്കുകയുള്ളൂ. അത് അപ്രായോഗികമാണ്. മെഡിക്കൽ റെപ്രസന്റേറ്റീവുമാർ, ഡോക്ടർമാർ, ഫാർമസിസ്റ്റുകൾ എന്നിവരുമായി ബന്ധപ്പെട്ട മാർക്കറ്റിംഗ് തന്ത്രത്തിലൂടെയാണ് കൊള്ള നടത്തുന്നത്. ജനറിക് മരുന്നുകൾ കുറിക്കുന്നതിനെതിരെ ഡോക്ടർമാർ ചൂണ്ടിക്കാണിക്കുന്നത് നിലവാര തകർച്ചയാണ്. രോഗികളുടെ ജീവൻ ഇതുവച്ച് പന്താടാൻ ഞങ്ങൾ തയ്യാറല്ലെന്ന് പറയുന്ന നിലയും വരാറുണ്ട്. കേരളീയ സമൂഹത്തെയാകെ ഇക്കാര്യത്തിൽ ബോധവാന്മരാക്കാനുള്ള വലിയ ശ്രമങ്ങൾ നടന്നിട്ടുണ്ട്. അത് സംബന്ധിച്ച് ശാസ്ത്രസാഹിത്യ പരിഷത്തും ഡോക്ടർമാരും യുവജനസംഘടനകളുമൊക്കെ വലിയ ചർച്ചകൾ നടത്തിയതാണ്. ഈ മേഖലയിലെ ഗുരുതരമായ പ്രശ്നം പരിഹരിക്കാൻ ജനറിക് മരുന്നുകളുടെ വ്യാപനം വർദ്ധിപ്പിക്കണം. ആർദ്രം പദ്ധതിയിലൂടെ കേരളീയ സമൂഹത്തിന് ജനറിക് മരുന്നുകൾ നൽകാൻ ഗവൺമെന്റിന് കഴിയും. ആ നിലയിലേയ്ക്ക് അതിനെ ഉയർത്തിക്കൊണ്ടുവരേണ്ടതുകൊണ്ട് ജനറിക് മരുന്നുകൾ നിർദ്ദേശിക്കുന്നത് വ്യാപകമാക്കാനുള്ള സൗകര്യമൊരുക്കണം. അതുപോലെ സംസ്ഥാനത്ത് ക്വാളിറ്റി പരിശോധനാ സംവിധാനങ്ങൾ അപര്യാപ്തമാണെന്ന കാര്യംകൂടി പരിശോധിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 21-9-2016-ലെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നോട്ടിഫിക്കേഷൻ പ്രകാരം ഇന്ത്യൻ മെഡിക്കൽ കൗൺസിൽ, 2002 ഭേദഗതി ചെയ്തുകൊണ്ടുള്ള ഉത്തരവ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ വലിയ അക്ഷരത്തിൽ ജനറിക് മരുന്നുകളുടെ പേരിൽ മാത്രമേ ഡോക്ടർമാർ മരുന്നിന്റെ കുറിപ്പടി എഴുതാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കാർ ഡോക്ടർമാർ ജനറിക് നാമത്തിൽത്തന്നെ കുറിപ്പടികളെഴുതണമെന്നും ഇതിനുവിരുദ്ധമായി കുറിപ്പടികളെഴുതുന്ന ഡോക്ടർമാർ അച്ചടക്കനടപടിക്ക് വിധേയരാകുമെന്നും സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സർക്കാർ ആശുപത്രികളിലൂടെ ജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യുന്നത് പൂർണ്ണമായും ജനറിക് മരുന്നുകളാണ്. ഇടനിലക്കാരായ മൊത്ത വ്യാപാരികളെ ഒഴിവാക്കി തുച്ഛമായ ലാഭവിഹിതം മാത്രമെടുത്തുകൊണ്ട് നിർമ്മാതാക്കളിൽനിന്നും മരുന്ന് നേരിട്ട് സംഭരിച്ച് എം.ആർ.പി.യെക്കാളും വില കുറച്ച് വിതരണം ചെയ്യുന്ന നീതി, കാരുണ്യ, മാവേലി ഫാർമസികളും സംസ്ഥാന സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആഭ്യന്തര വിതരണത്തിനായി മരുന്ന് ഫോർമുലേഷനുകൾക്ക് അവയുടെ ജനറിക് നാമത്തിൽമാത്രം അനുമതി നൽകിയാൽ മതിയാകുമെന്ന് ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുനിർമ്മാണ കമ്പനികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ ബ്രാൻഡ് നാമം ചേർത്ത് വിപണനം നടത്തുന്നതിന് നിയമതടസ്സങ്ങൾ നിലവിലില്ല. കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിൽ ഇതുസംബന്ധിച്ച് ഭേദഗതികൾ വരുത്തിയാൽ മാത്രമേ ബ്രാൻഡ് നാമത്തിലുള്ള മരുന്നുവിതരണം നിയമപരമായി ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. ഇ. കെ. വിജയൻ : സർ, ആശുപത്രികളിൽ ജനറിക് മരുന്നുകളുടെ അളവ് വർദ്ധിപ്പിച്ച് നൽകാനും ആശുപത്രികളിൽ അതിനുള്ള സംവിധാനം സൃഷ്ടിക്കാനും നടപടിയുണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും നേരത്തേ പറഞ്ഞ പൊതുവിതരണ സംവിധാനത്തിലൂടെയും സർക്കാർ ആശുപത്രികളിലെ കുറിപ്പടികളിലൂടെയുമെല്ലാം ജനറിക് നാമംമാത്രം ഉപയോഗിക്കാനുള്ള ശ്രമം നടത്തിവരികയാണ്. അത് വർദ്ധിപ്പിക്കുന്നതിലൂടെ സ്വാഭാവികമായും ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. നിയമം മാറ്റുന്നതോടുകൂടി ബ്രാൻഡഡ് നാമവും ഇല്ലാതാക്കാൻ സാധിക്കും. ഈ വിഷയം ആത്യന്തികമായി പരിഹരിക്കാൻ ദീർഘവീക്ഷണത്തോടുകൂടി പലതും ചെയ്യേണ്ടതുണ്ട്.

## (2) രജിസ്ട്രേഷൻ കോംപ്ലക്സ് നിർമ്മാണം

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, 150 വർഷം പിന്നിട്ടിരിക്കുന്ന രജിസ്ട്രേഷൻ വകുപ്പിൽ ഒട്ടനവധി നവീകരണ പ്രവർത്തനങ്ങളും ആധുനിക പദ്ധതികളുമൊക്കെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിഭാവനം ചെയ്തിരുന്നു. ഈ സർക്കാർ പുതിയ ആശയങ്ങൾ കൊണ്ടുവന്ന് നിരവധി പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. ഈ ഡിപ്പാർട്ട്മെന്റിലെ ജീവനക്കാർക്ക് പരിശീലനം നൽകാനും പുതിയ പദ്ധതികൾ അവരിലേയ്ക്ക് വേഗം എത്തിക്കാനും പുതിയതായി നിയമനം ലഭിക്കുന്നവർക്ക് ഡിപ്പാർട്ട്മെന്റിന്റെ വിവിധ പദ്ധതികൾ നേരിട്ട് മനസ്സിലാക്കാനും കാര്യക്ഷമത വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടുകൊണ്ടാണ് ഒരു ട്രെയിനിംഗ് സെന്റർ എന്ന ആശയം കഴിഞ്ഞ ഗവൺമെന്റ് മുന്നോട്ടുവച്ചത്. കഴിഞ്ഞ ഗവൺമെന്റ് 30-11-2015-ൽ ഇതിന് ഭരണാനുമതി നൽകുകയുമുണ്ടായി. അന്ന് രണ്ട് കോടി രൂപയുടെ ഭരണാനുമതിയാണ് ഇതിന്റെ ആദ്യഘട്ടം ഇംപ്ലിമെന്റ് ചെയ്യുന്നതിനുവേണ്ടി നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും 4-3-2016-ൽ വർക്ക് എഗ്രിമെന്റ് വയ്ക്കുകയും നിർമ്മാണ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. പിന്നീട് പൊതു തെരഞ്ഞെടുപ്പ് വരികയും വർക്ക് തൽക്കാലം നിർത്തിവയ്ക്കുകയും ചെയ്തു. പുതിയ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ഇതിന്റെ വർക്ക് പുനരാരംഭിച്ചിട്ടില്ല. ഇതിന്റെ സൈറ്റ് ഹാന്റോവർ ചെയ്യണമെന്ന് പറഞ്ഞ് രജിസ്ട്രേഷൻ വകുപ്പിന് പൊതുമരാമത്ത് വകുപ്പ് ആവർത്തിച്ച് കത്തുകളെഴുതിയിട്ടും രജിസ്ട്രേഷൻ വകുപ്പ് ഓരോ മുട്ടുന്യായങ്ങൾ പറഞ്ഞ് സൈറ്റ് ക്ലിയർ ചെയ്യാതെ വച്ചുകൊണ്ടിരിക്കുകയും 9-11-2016-ലെ സർക്കാർ ഉത്തരവുപ്രകാരം എറണാകുളം ജില്ലയിൽ കൂത്താട്ടുകുളത്ത് അനുവദിച്ച ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം ജില്ലയിലെ നേമത്തേയ്ക്ക് മാറ്റി സ്ഥാപിക്കാൻ തീരുമാനിക്കുകയുമാണുണ്ടായത്. സാധാരണ ഒരു പദ്ധതിക്ക് ആരംഭം കുറിച്ചുകഴിഞ്ഞാൽ മാറ്റുന്ന സാഹചര്യമുണ്ടാകാറില്ല. സാധാരണയായി അത് മാറ്റുമ്പോൾ ഒന്നുകിൽ പുതിയ ഗവൺമെന്റിന്റെ നയവുമായി ചേരാത്ത ഒന്നായിരിക്കണം, അല്ലെങ്കിൽ ആ പദ്ധതിയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകളുണ്ടായിരിക്കണം. അത്തരത്തിലൊരു സാഹചര്യങ്ങളും ഇവിടെ ഉണ്ടാകുന്നില്ല. ഗവൺമെന്റുകൾ മാറിമാറി വരുമ്പോൾ തുടക്കംകുറിച്ച പദ്ധതികൾ സ്വാഭാവികമായും തുടർന്നുകൊണ്ടുപോകുന്നതാണ് ഇതുവരെ നമ്മൾ കണ്ടിട്ടുള്ളത്. അങ്ങ് നീതിയുക്തമായി പ്രവർത്തിക്കുന്ന ഒരു മന്ത്രിയാണ്. എൽ.ഡി.എഫ്., യുഡി.എഫ്. വ്യത്യാസമൊന്നും കാണിക്കാതെതന്നെ

പൊതുമരാമത്ത് വകുപ്പിൽ എല്ലാ കക്ഷിയിൽപ്പെട്ട എം.എൽ.എ.മാർക്കും വർക്കുകൾ തത്തുല്യമായി കൊടുത്തിട്ടുണ്ട്. അതുകൊണ്ടുതന്നെ ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നത്, അങ്ങ് ഇതിന്റെ ബാക്ക് ഫയൽ ഒന്ന് പരിശോധിക്കണം. ഈ പദ്ധതിക്ക് ആരംഭം കുറിച്ച അന്നുമുതൽ പദ്ധതി വേണ്ടെന്നോ അല്ലെങ്കിൽ പദ്ധതി അവിടെനിന്നും മാറ്റിക്കൊണ്ട് പോകുന്നതിനോ ഉള്ള ഒട്ടനവധി കുറിപ്പുകൾ അങ്ങേയ്ക്ക് ഫയലിൽ കാണാൻ കഴിയും. പദ്ധതി മാറ്റുവാൻവേണ്ടി 9-11-2016-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവിൽ പറഞ്ഞിരിക്കുന്ന കാരണമാണ് ഏറ്റവും വിചിത്രം. രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാർക്ക് എറണാകുളത്തുള്ള നിർദ്ദിഷ്ട ട്രെയിനിംഗ് സെന്ററിൽ എത്തിച്ചേരാനുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ട്രെയിനിംഗ് സെന്റർ തിരുവനന്തപുരം ജില്ലയിലെ നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിൽ തുടങ്ങുന്നതിന് അനുയോജ്യമാണെന്ന് ഐ.ജി. റിപ്പോർട്ട് ചെയ്തിരിക്കുന്നുവെന്നാണ്. എറണാകുളം ജില്ലയിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടുണ്ടെന്ന് പറയുമ്പോൾ കേരളത്തിന്റെ മദ്ധ്യഭാഗത്തുള്ള, വടക്കുനിന്നും തെക്കുനിന്നും ഒരേ സന്ദർഭത്തിൽ എത്തിച്ചേരാൻ കഴിയുന്ന ഒരു പ്രദേശത്ത് എത്തിച്ചേരാൻ കഴിയില്ലെന്ന കണ്ടെത്തൽ വളരെ വിചിത്രമായാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ടാണ് ഞാൻ അങ്ങയോട് അതിന്റെ ബാക്ക് ഫയൽ പരിശോധിക്കണമെന്ന് ആവശ്യപ്പെടുന്നത്. ഇതിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കാനും ട്രെയിനിംഗ് സെന്റർ കൂത്താട്ടുകുളത്ത് ലഭ്യമാക്കാനുമുള്ള നടപടിയുണ്ടാകണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, കൂത്താട്ടുകുളം രജിസ്ട്രേഷൻ വകുപ്പിന്റെ സബ് രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിൽ ജീവനക്കാർക്ക് ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിന് 29-12-2014-ന് അന്നത്തെ ഗവൺമെന്റ് ഭരണാനുമതി നൽകുകയുണ്ടായി. അതിന്റെ ഡി.പി.ആർ. തയ്യാറാക്കി നിർമ്മിക്കുന്നതിന് 2015-16 വർഷത്തിൽ 2 കോടി രൂപയും നൽകിയിരുന്നു. ബഹുമാനപ്പെട്ട അംഗം അന്ന് രജിസ്ട്രേഷൻ വകുപ്പുമന്ത്രിയായിരുന്നു. അന്നും അതിനുശേഷവും അകത്തുനിന്നും പുറത്തുനിന്നും ഇതിന് വലിയ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായതായി കാണുന്നുണ്ട്. ഇത് സംസ്ഥാന വ്യാപകമായിട്ടുള്ളതാണ്. എറണാകുളം പട്ടണത്തിൽനിന്നും പിന്നെയും ദൂരെ പോകുന്ന സ്ഥലത്ത് വയ്ക്കുന്നതുകൊണ്ടുള്ള പ്രയാസങ്ങൾ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ തന്നെയാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മന്ത്രി കാര്യാലയത്തിൽനിന്ന് അറിയിപ്പുകളൊന്നും പോയിട്ടില്ല. വേറെ സ്ഥലം ലഭ്യമാണോയെന്ന് ആരായാൻ പറഞ്ഞിരുന്നു. രജിസ്ട്രേഷൻ വകുപ്പുതന്നെ

അന്വേഷിച്ച് തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽനിന്നും 8 കിലോമീറ്റർ അകലെ നാഷണൽ ഹൈവേയ്ക്ക് അരികിൽ നേമം സബ് രജിസ്ട്രാർ ഓഫീസ് കോമ്പൗണ്ടിൽ 56 സെന്റ് സ്ഥലമുണ്ട്, അവിടെ സ്ഥാപിക്കാൻ കഴിയുമെന്ന് രജിസ്ട്രേഷൻ ഐ.ജി. ആണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ആ വകുപ്പ് പരിശോധിച്ച് ട്രെയിനിംഗ് സെന്റർ നേമം സബ്‌രജിസ്ട്രാർ ഓഫീസിലുള്ള 56 സെന്റിൽ നിർമ്മിക്കാമെന്ന് 9-11-2016-ൽ തത്വത്തിൽ അനുമതി നൽകി ഉത്തരവായി. അത് പ്ലാനിലും എസ്റ്റിമേറ്റിലും ഉൾപ്പെടുത്താൻ പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. യാതൊരു പ്രത്യേക തകരാറുകളുമില്ലാത്ത കൂത്താട്ടുകുളം സബ് രജിസ്ട്രാർ ഓഫീസ് ഇതിനുവേണ്ടി പൊളിച്ചു പണിയേണ്ട കാര്യമില്ലെന്ന് സർക്കാർ പറയുകയുണ്ടായിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിന്റെ ചരിത്രത്തിൽ മഹാഭൂരിപക്ഷം സബ്‌രജിസ്ട്രാർ ഓഫീസുകളെപ്പോലെ തന്നെ സാധാരണ ചരിത്രമാണ് കൂത്താട്ടുകുളം സബ് രജിസ്ട്രാർ ഓഫീസിനുള്ളത്. തലസ്ഥാന നഗരം, യാത്രാസൗകര്യം, സ്ഥലസൗകര്യം തുടങ്ങിയ സൗകര്യങ്ങൾ നേമത്തുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനമെടുത്തതെന്ന് ഐ.ജി. രജിസ്ട്രേഷൻ അറിയിച്ചിട്ടുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, ചരിത്ര പ്രാധാന്യം കൂത്താട്ടുകുളത്തിന് വളരെയേറെയുണ്ട്. അങ്ങേയ്ക്ക് തന്നെ അറിയാം. സ്വാതന്ത്ര്യ സമരവുമായൊക്കെ ബന്ധപ്പെട്ട് ഒട്ടനവധി ചരിത്ര പ്രാധാന്യമുള്ള സ്ഥലമാണ് കൂത്താട്ടുകുളം. കേരളത്തിൽ ആരംഭിച്ച ആദ്യത്തെ സബ്‌രജിസ്ട്രാർ ഓഫീസുകളിൽ ഉൾപ്പെടുന്ന ഒന്നാണിത്. അതിന് 100 വർഷത്തിലേറെ പഴക്കമുണ്ട്. അതുകൊണ്ട് ചരിത്ര പ്രാധാന്യം വളരെയേറെയുണ്ട്. ഗവൺമെന്റിന്റെ തീരുമാനമെന്നുള്ള നിലയിലുള്ള ഒരു മറുപടിയാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായത്. ഏതായാലും ഈ പദ്ധതി അവിടെത്തന്നെ ആരംഭിക്കണമെന്നുള്ളത് ഞാൻ വീണ്ടും ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്. ഈ ട്രെയിനിംഗ് സെന്ററിൽ ആധാരമെഴുത്തുകാർക്കുകൂടി ഈ പദ്ധതിയുടെ പ്രയോജനം വ്യാപിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്നുള്ള കാര്യം കൂടി ചോദിക്കാനുണ്ട്.

ശ്രീ. ജി. സുധാകരൻ : സർ, ആധാരമെഴുത്തുകാർക്ക് ഇതിൽ എങ്ങനെ സൗകര്യം കൊടുക്കാൻ കഴിയുമെന്നത് സംബന്ധിച്ച് പരിശോധിക്കാം. ഇത് മാറ്റുന്നത് സംബന്ധിച്ച് വകുപ്പിന്റെ ഉന്നത ഉദ്യോഗസ്ഥരുടെ കടുത്ത ശിപാർശയാണുള്ളത്. ഗവൺമെന്റ് കൂടുതൽ ഇടപെടുന്നില്ല. കൂത്താട്ടുകുളം സബ് രജിസ്ട്രാർ ഓഫീസ് പൊളിക്കാതെ അവിടെ വകുപ്പിന് പൊതുവായിട്ടുള്ള എന്തെങ്കിലും നിർമ്മിക്കാൻ കഴിയുമെങ്കിൽ അതിനെപ്പറ്റിയും പരിശോധിക്കാം.

## IV സബ്മിഷൻ

### (1) ബാലികയുടെ ആത്മഹത്യ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കൊല്ലം ജില്ലയിൽ കുണ്ടറ പെരിനാട് പഞ്ചായത്തിൽ നന്തിരിക്കൽ എന്ന സ്ഥലത്ത് ആറാം ക്ലാസ്സുകാരിയായ ഒരു പെൺകുട്ടി ജനുവരി 15-ന് വീട്ടിലെ ജനാലയിൽ തൂങ്ങി മരിച്ചനിലയിൽ കാണപ്പെട്ടു. ക്രൂരമായ ലൈംഗിക പീഡനത്തെത്തുടർന്നാണ് കുട്ടി മരണമടഞ്ഞതെന്നാണ് പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്. കുട്ടിയുടെ ശരീരത്തിൽ 22 മുറിവുകളുണ്ടായിരുന്നു. ജനുവരി 15-ന് നടന്ന പോസ്റ്റുമോർട്ടത്തിന്റെ റിപ്പോർട്ട് പിറ്റേന്നുതന്നെ കൊട്ടാരക്കര റൂറൽ എസ്.പി.-ക്കും എഴുകോൺ സി.ഐ.-ക്കും ലഭിച്ചു. അതിൽ ക്രൂരമായ ലൈംഗിക പീഠനത്തിന്റെ തെളിവുകൾ അക്കമിട്ട് പറഞ്ഞിട്ടുണ്ട്. പക്ഷേ പോലീസ് അനങ്ങിയില്ല. കുട്ടിയുടെ മൃതദേഹത്തിനടുത്ത് നിന്നുകിട്ടിയ കുറിപ്പിൽ വീട്ടിൽ സമാധാന മില്ലാത്തതിനാലാണ് മരിക്കുന്നതെന്ന് എഴുതിയിരുന്നു. 6-ാം ക്ലാസ്സുകാരിയുടെ എഴുത്തായിരുന്നില്ല ഇത്. ഇതുപോലും പോലീസ് പരിശോധിച്ചില്ല. മകൾ ആത്മഹത്യ ചെയ്തതല്ലെന്ന് പറഞ്ഞ് പിതാവ് പലതവണ പോലീസ് സ്റ്റേഷനിൽ കയറിയിറങ്ങി നടന്നിട്ടും പോലീസ് തിരിഞ്ഞു നോക്കിയില്ല. വാളയാറിലുണ്ടായ അതേ സംഭവമാണ് ഇവിടെയും ഉണ്ടായത്. പോലീസിന്റെ അനാസ്ഥമൂലമാണ് ഈ സംഭവം ഉണ്ടായത്. കുണ്ടറയിൽ മാത്രമല്ല കേരളത്തിന്റെ പല ഭാഗത്തും സ്ത്രീകൾക്കും കുട്ടികൾക്കും എതിരായിട്ടുള്ള അതിക്രമങ്ങൾ വർദ്ധിക്കുകയാണ്. അതിന് ഞാൻ ആരേയും കുറ്റപ്പെടുത്തുന്നില്ല. പക്ഷേ ഇത് നമ്മുടെ സമൂഹം ഉണർന്നു പ്രവർത്തിക്കേണ്ട ഒരു സന്ദർഭമായി ഞാൻ കണക്കാക്കുകയാണ്. ഏത് പത്രമെടുത്താലും ഒരു പേജ് ഇപ്പോൾ സ്ത്രീകൾക്കും കുട്ടികൾക്കും എതിരായിട്ടുള്ള പീഡനങ്ങളുടെ കദന കഥകളാണുള്ളത്. നമ്മുടെ സമൂഹം വളരെ ഗൗരവത്തോടുകൂടി കാണേണ്ട ഒരു വിഷയമാണ്. ഇന്ന് കുട്ടികൾ സ്കൂളിൽ പോയാൽ മടങ്ങി വരുന്നതുവരെ ആകാംക്ഷയോടെ കാത്തിരിക്കുന്ന മാതാപിതാക്കളെയാണ് നമുക്ക് കാണാൻ കഴിയുന്നത്. വളരെ ഗൗരവതരമായ ഒരു വിഷയമാണിത്. ദേശീയ-അന്താരാഷ്ട്ര തലത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കേസ്സുകൾ അന്വേഷിക്കുന്നതിന് ചില മാനദണ്ഡങ്ങൾ നിലവിലുണ്ട്. ഉദാഹരണത്തിന് ഡൽഹിയിൽ കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമ കേസുകൾ പോലീസ് കമ്മീഷണർ ചെയർമാനും കളക്ടർ, ഡോക്ടർ, അഭിഭാഷകൻ, കൗൺസിലർ,

സോഷ്യൽ വർക്കർ എന്നിവർ അംഗങ്ങളുമായ സമിതിയുടെ മേൽനോട്ടത്തിലാണ് അന്വേഷിക്കുന്നത്. കേസ് അന്വേഷിക്കാൻ പോകുന്ന ഉദ്യോഗസ്ഥൻ യൂണിഫോമിലായിരിക്കരുത്. വനിതാ പോലീസ് ഉദ്യോഗസ്ഥ, ഡോക്ടർ, സോഷ്യൽ വർക്കർ, അഭിഭാഷകൻ എന്നിവരുടെ സാന്നിദ്ധ്യം അന്വേഷണ സംഘത്തിൽ ഉറപ്പുവരുത്തണം. ഇത്തരം കേസ്സുകൾ അന്വേഷിക്കാൻ വിദഗ്ധരും സത്യസന്ധരുമായ പോലീസിന്റെ പ്രത്യേക ടീമിനെ ഓരോ ജില്ലയിലും നിയോഗിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. കേരളത്തിന്റെ പല ഭാഗത്തും ഇത്തരം സംഭവങ്ങളുണ്ടാകുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത കാട്ടേണ്ടതായിട്ടുണ്ട്. കുണ്ടറ സി.ഐ.-യെ സസ്പെന്റ് ചെയ്തു എന്നുള്ള വാർത്ത ഇപ്പോൾ ഞാൻ ചാനലിൽ കാണുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് നിരവധി പോലീസ് ഉദ്യോഗസ്ഥർ അനാസ്ഥ കാട്ടിയിട്ടുള്ളതുകൂടി അന്വേഷിച്ച് നടപടി എടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കുണ്ടറ കേസന്വേഷണത്തിൽ വീഴ്ച വരുത്തിയ പോലീസ് ഇൻസ്പെക്ടർ ശ്രീ. ആർ. ഷാബു, എസ്.ഐ. ശ്രീ. ഡി. രാജേഷ് കുമാർ എന്നിവരെ അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. കുണ്ടറ പോലീസ് സ്റ്റേഷൻ പരിധിയിലെ എടവട്ടഞ്ചേരിയിൽ 10 വയസ്സുള്ള വിദ്യാർത്ഥിനി 15-1-2017-ന് രാവിലെ 9.30-നും 10 -നും ഇടയിൽ വീട്ടിൽ കെട്ടിത്തൂങ്ങി തറയിൽ മരിച്ചിരുന്നതായി കാണപ്പെട്ടു. ഇക്കാര്യത്തിന് കുട്ടിയുടെ മാതാവിന്റെ അച്ഛൻ നൽകിയ മൊഴി പ്രകാരം കുണ്ടറ പോലീസ് സ്റ്റേഷനിൽ സി.ആർ.പി.സി. 174-ാം വകുപ്പ് പ്രകാരം ക്രൈം നമ്പർ 156/17 ആയി കേസ് രജിസ്റ്റർ ചെയ്തു. കുണ്ടറ സി.ഐ.-യുടെ ചുമതലയുണ്ടായിരുന്ന എഴുകോൺ സർക്കിൾ ഇൻസ്പെക്ടർ നടപടിക്രമങ്ങൾ പൂർത്തിയാക്കി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പോസ്റ്റ്മോർട്ടം നടത്തിയശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ടുകൊടുത്തു. വീട്ടിൽനിന്ന് കണ്ടെത്തിയ ആത്മഹത്യാ കുറിപ്പിന്റെ കൈപ്പട ഒത്തുനോക്കി പരിശോധിക്കുന്നതിനായി ഫോറൻസിക് സയൻസ് ലാബിലേയ്ക്ക് അയച്ചിട്ടുള്ളതാണ്. പോസ്റ്റുമോർട്ടം നടത്തിയ ഡോക്ടറുടെ മൊഴിയിൽനിന്നും തൂങ്ങി മരണമാണെന്നും കുട്ടി ലൈംഗിക പീഡനത്തിന് ഇരയായിട്ടുണ്ടെന്നും വെളിവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കേസ് സി.ആർ.പി.സി. 174 ഒഴിവാക്കി ഐ.പി.സി. 375 (എ), 376 1(N), പോക്സോ 3 (എ) , 4, 5 (1), 6 എന്നീ വകുപ്പുകൾ ചേർത്തിട്ടുള്ളതാണ്. 18-2-2017-ന് ഈ കേസ്സിന്റെ അന്വേഷണം കുണ്ടറ സി.ഐ. ഏറ്റെടുത്ത് മരിച്ച കുട്ടിയുടെ രക്ഷിതാക്കൾ, ബന്ധുക്കൾ, അയൽവാസികൾ തുടങ്ങിയ ആളുകളെ കണ്ട് ചോദിച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. മരിച്ച കുട്ടിയുടെ സഹോദരിക്ക് ഈ കുട്ടിയുടെ കാര്യത്തിൽ അറിവുണ്ടാകുമെന്ന അനുമാനത്തിൽ കുട്ടിയെ കൗൺസിലിംഗ്

നടത്തി. മരിച്ച കുട്ടിയുടെ മാതാവും മറ്റു ബന്ധുക്കളും അന്വേഷണ ഉദ്യോഗസ്ഥനോട് സഹകരിച്ചിരുന്നില്ല. കേസ്സിന്റെ സുഗമമായ അന്വേഷണവും പ്രാധാന്യവും കണക്കിലെടുത്ത് കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ മേൽനോട്ടത്തിൽ കൂടുതൽ സമഗ്രമായ അന്വേഷണം നടത്തുന്നതിനായി കൊട്ടാരക്കര ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞ കാര്യത്തിൽ സർക്കാർ നടപടി സ്വീകരിക്കാൻ തന്നെയാണ് ഉദ്ദേശിക്കുന്നത്. നമ്മുടെ സമൂഹത്തിൽ വലിയതോതിലുള്ള വൈകൃതമായിട്ടുതന്നെ ഇത് വളർന്നുകൊണ്ടിരിക്കുകയാണ്. ഇതിനെതിരെയുള്ള ജാഗ്രത പൊതുവിൽ സമൂഹം പാലിക്കേണ്ടതുണ്ട്. അതോടൊപ്പം ഫലപ്രദമായ മറ്റു നടപടികളും സ്വീകരിക്കുന്നതായിരിക്കും.

## (2) കെട്ടിട നിർമ്മാണത്തിനുള്ള തടസ്സങ്ങൾ

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഈ വർഷം മൂന്നാറിലെ തണുപ്പ് മൈനസ് 2 ഡിഗ്രിയായിരുന്നു. എൽ.ഡി.എഫ്.-ന്റെ ഗവൺമെന്റ് വരുമ്പോഴെല്ലാം അവിടത്തെ പാരിസ്ഥിതിക സ്ഥിതി വളരെ പ്രയാസത്തിലാണെന്നും യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എല്ലാം വളരെ സുരക്ഷിതമാണെന്നുമുള്ള നിലയിലാണ് പ്രചരണങ്ങൾ വരുന്നത്. 2007-ൽ ശ്രീ. സുരേഷ് കുമാർ ഐ.എ.എസ്. -ന്റെ കാലഘട്ടത്തിൽ കുറേ കെട്ടിടങ്ങൾ പൊളിക്കാനും മറ്റുമൊക്കെ ശ്രമിച്ചിരുന്നു. പിന്നീട് 5 വർഷക്കാലം യാതൊരു പ്രശ്നവുമില്ല. വീട് വയ്ക്കുന്നതിനും മറ്റ് കെട്ടിടങ്ങൾ പണിയുന്നതിനുമുള്ള അനുവാദം നൽകണമെന്ന് ഈ സഭയിൽത്തന്നെ പല ഘട്ടങ്ങളിലും ആവശ്യപ്പെട്ടിരുന്നു. ഒടുവിൽ ഇക്കാര്യവുമായി ബന്ധപ്പെട്ട് ശ്രീ. രാജൻ മധേക്കർ, ശ്രീമതി നിവേദിത പി. ഹരൻ എന്നിവരുടേയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും ഒട്ടനവധി പരാമർശങ്ങളും വിധികളും വന്നിരുന്നു. മൂന്നാർ പ്രദേശത്ത് മാത്രമാണ് ഈ പ്രശ്നങ്ങളുണ്ടാകുന്നത്. ഇപ്പോൾ അവിടെയുള്ള ചില കെട്ടിടങ്ങൾ പൂട്ടിയിടാനും പ്രവർത്തനരഹിതമാക്കാനുമുള്ള നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. കഴിഞ്ഞ ദിവസം ഇവിടെ സമർപ്പിക്കപ്പെട്ട പരിസ്ഥിതി സമിതിയുടെ ശിപാർശകൾ ചർച്ച ചെയ്യപ്പെടാറും അംഗീകരിക്കാറുമില്ല. പക്ഷേ വിധി പുറപ്പെടുവിക്കുകയും ഒട്ടനവധി പ്രയാസങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ഈ നില തുടർന്നാൽ 500-ൽപ്പരം കെട്ടിടങ്ങൾ പൂട്ടിപ്പോകുകയും ആയിരക്കണക്കിനാളുകളുടെ തൊഴിൽ നഷ്ടപ്പെടുകയും ചെയ്യും. അങ്ങ് ഇടപെട്ട് സർവ്വകക്ഷി യോഗം വിളിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്തുകയോ അല്ലെങ്കിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയോ ചെയ്യണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല):സർ, പോയിന്റ് ഓഫ് ഓർഡർ......നിയമസഭാ കമ്മിറ്റി എന്നാൽ നിയമസഭ തന്നെയാണ്. നിയമസഭയുടെ എല്ലാ അധികാരങ്ങളും കമ്മിറ്റിക്കുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ടിനെ ഒരംഗം ഇവിടെ വിമർശിക്കുന്നത് നിയമസഭയെ വിമർശിക്കുന്നതിന് തുല്യമാണ്. അത് അങ്ങയുടെ അനുവാദത്തോടുകൂടിയാണോ എന്ന് അറിയണമെന്ന് മാത്രമേ ഉള്ളൂ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച ഒരു കാര്യം ശരിയാണെന്ന് തോന്നുന്നില്ല. മൂന്നാർ അടക്കം ഇടുക്കിയിലെ ജനങ്ങൾ കഴിഞ്ഞ ഗവൺമെന്റിനെ നല്ല മനോഭാവത്തോടുകൂടിയാണ് കാണുന്നതെന്ന് ആർക്കും പറയാൻ കഴിയില്ല. മറ്റു പ്രദേശങ്ങളെപ്പോലെ തന്നെയാണ് അവിടെയും കഴിഞ്ഞ ഗവൺമെന്റിനെ കാണുന്നത്. 21-1-2010-ൽ കേരള ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം ഇടുക്കിയിൽ മൂന്നാർ പ്രദേശത്ത് നിർമ്മാണങ്ങൾ നടത്തുന്നതിന് ജില്ലാ കളക്ടറുടെ, അല്ലെങ്കിൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ എൻ.ഒ.സി. വാങ്ങിയിരിക്കണമെന്ന് നിർദ്ദേശമുണ്ട്. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് മൂന്നാർ പ്രദേശത്ത് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. നിർബന്ധമാക്കിയത്. 2010-ലെ മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ചിന്നക്കനാൽ, കണ്ണൻ ദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തുവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ വില്ലേജുകൾ മൂന്നാർ പ്രദേശത്തിൽ ഉൾപ്പെട്ട് വരുന്നതാണ്. ഈ പ്രദേശങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. ലഭിക്കുന്നതിന് വേണ്ടി ആകെ 129 അപേക്ഷകളാണ് ഇതുവരെ ലഭിച്ചിട്ടുള്ളത്. അതിൽ 115 എണ്ണത്തിന് എൻ.ഒ.സി. നൽകിക്കഴിഞ്ഞു, 2 എണ്ണം നിരസിച്ചു, 12 എണ്ണം തീർപ്പാക്കാനുണ്ട്. തീർപ്പാക്കാനുള്ളവ സൈറ്റ് വിസിറ്റ് നടത്തി ഉടൻതന്നെ തീർപ്പാക്കാൻ കഴിയുന്നതാണെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. നിയമപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് മൂന്നാർ പ്രദേശത്ത് നിലവിൽ തടസ്സങ്ങളൊന്നുമില്ല.

## (3) പെൺകുട്ടിയെ കാണാതായ സംഭവം

ശ്രീ. പി. ടി. തോമസ്: സർ, എന്റെ മണ്ഡലമായ തൃക്കാക്കരയിൽ ഒരു പെൺകുട്ടി ഗുരുതരമായി പീഡിപ്പിക്കപ്പെട്ട സംഭവം ഈ സഭയിൽ അവതരിപ്പിക്കാൻ ഞാൻ നിർബന്ധിതനായിരിക്കുകയാണ്. ഏകദേശം രണ്ടര മാസം മുൻപ് ഈ വിവരം സി.പി.ഐ.(എം) ന്റെ കൗൺസിലറായ ശ്രീ. നിഷാദ്

പോലീസിനെ അറിയിച്ചിരുന്നെങ്കിലും യാതൊരു നടപടിയുമെടുത്തില്ല. കഴിഞ്ഞ ദിവസം വാർഡ് കൗൺസിലറും മഹിളാ കോൺഗ്രസ്സ് നേതാവുമായ ശ്രീമതി ഷീലാ ചാരു, പോലീസിൽ രേഖാമൂലം പരാതികൊടുക്കുകയും, നടപടിയെടുത്തില്ലെങ്കിൽ പോലീസ് സ്റ്റേഷനിൽ നിന്ന് പോകില്ലെന്ന് ശാഠ്യം പിടിക്കുകയും ചെയ്തപ്പോൾ മാത്രമാണ് ഈ കേസ്സിൽ പോലീസ് നടപടിയെടുക്കാൻ തയ്യാറായത്. മറ്റു ചില സംഭവങ്ങളെപ്പോലെ തന്നെ സിനിമാക്കമ്പവും ഈ കേസ്സിന് പിന്നിൽ പറയപ്പെടുന്ന ഒരു കാര്യമാണ്. ഈ കുട്ടി പീഡിപ്പിക്കപ്പെടാൻ ഇടയായ കാരണങ്ങളിലൊന്ന്, അതാണോ എന്നു കൂടി അന്വേഷിക്കേണ്ടതുണ്ട്. തെന്നിന്ത്യയിലെ അതിപ്രശസ്തയായ നടിക്ക് നേരെ ഉണ്ടായ അതിക്രമം, പൾസർ സുനിയിൽ മാത്രം ഒതുക്കി കേസ്സ് അവസാനിപ്പിക്കാൻ ശ്രമിക്കുന്നതും ഇതുമായി കൂട്ടി വായിക്കുന്നതും സി.പി.ഐ.(എം) ന്റെ കൗൺസിലർ രേഖാമൂലം പോലീസിൽ അറിയിച്ചിട്ടും രണ്ടരമാസക്കാലം നടപടി എടുത്തില്ലെന്നത് പോലീസിന്റെ വീഴ്ചയായി കാണേണ്ടി വരുമെന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 'ഡെൻമാർക്കിലെന്തോ ചീഞ്ഞു നാറുന്നു' എന്ന് പറയുന്നതുപോലെ നമ്മുടെ പോലീസിന് എന്താണ് പറ്റുന്നത് എന്നതിനെപ്പറ്റി ഗൗരവമായി ആലോചിക്കണം. നിഷ്കളങ്കരായ നൂറുകണക്കിന് പെൺകുട്ടികൾ സിനിമാക്കമ്പത്തിന്റെ മറവിലും അല്ലാതെയും പീഡിപ്പിക്കപ്പെടുന്ന നാടായി കേരളം മാറിയിരിക്കുന്നു. എന്റെ മണ്ഡലമായ തൃക്കാക്കരയിലെ കാക്കനാടുണ്ടായ ഈ സംഭവം അവസാനത്തേതായി തീരട്ടേ എന്ന് ആശിച്ചുകൊണ്ട് കർക്കശമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എറണാകുളം കാക്കനാട് ചെമ്പുമുക്ക്കരയിൽ 17 വയസ്സുകാരി 4-3-2017-ന് സുഹൃത്തിനെ കാണാനെന്നു പറഞ്ഞ് പോയിട്ട് മടങ്ങി വരാത്ത കാര്യത്തിന്, പിതാവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ തൃക്കാക്കര പോലീസ് ക്രൈം നമ്പർ 436/17 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ച് കണ്ടെത്തി, 10-3-2017-ന് കൂട്ടിക്കൊണ്ടുവന്നു. പെൺകുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ ഇടപ്പള്ളി, പോണേക്കര, വാഴക്കാല, തൃശ്ശൂർ, ചാവക്കാട് സ്വദേശികളായ 6 പേർ ചേർന്ന് 2013 മുതൽ 2017 വരെയുള്ള കാലയളവിൽ പലപ്പോഴായി ബൈക്കിലും, ഓട്ടോയിലും കയറ്റി പല സ്ഥലങ്ങളിലും കൊണ്ടു പോയി ലഹരി വസ്തുക്കൾ നൽകി, ലൈംഗികമായി പീഡിപ്പിച്ചുവെന്ന് അറിവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞവരെ പ്രതിസ്ഥാനത്ത് ചേർത്ത് കേസ്സിൽ ഐ.പി.സി. 366, 328, 376, 34 പോക്സോ

ആക്ട് 3, 4, 7, 8 എന്നീ വകുപ്പുകൾ ചേർത്ത് അന്വേഷണം തുടരുന്നു. പെൺകുട്ടിയുമായി ശാരീരിക ബന്ധം പുലർത്തിയെന്നു പറയുന്ന പ്രതികളുടെ ഫോട്ടോ ഫെയ്സ്ബുക്കിൽ നിന്ന് ശേഖരിച്ച് പെൺകുട്ടി തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി 6 പ്രതികളേയും അറസ്റ്റ് ചെയ്ത് കുറ്റകൃത്യത്തിന് ഉപയോഗിച്ച വാഹനങ്ങൾ ബന്തവസ്സിലെടുത്തിട്ടുണ്ട്. സി.ആർ.പി.സി. 164 പ്രകാരം പെൺകുട്ടിയുടെ മൊഴി ബന്ധപ്പെട്ട കോടതി രേഖപ്പെടുത്തിയിട്ടുമുണ്ട്. ബഹുമാന്യനായ അംഗം പൾസർ സുനിയുടെ കാര്യം സൂചിപ്പിച്ചു, പൾസർ സുനി അന്ന് ആ ഘട്ടത്തിൽ അറസ്റ്റിലാകുന്നതിന് താമസം വന്നത് അങ്ങയുടെ ഫോൺ സംഭാഷണത്തിലൂടെയാണ് എന്നത് നമ്മൾ മറക്കാൻ ഇടവരരുത്. അങ്ങവിടെ നിൽക്കുമ്പോൾ ആണല്ലോ അദ്ദേഹത്തെ ബന്ധപ്പെടുന്നത്. ഏതായാലും വിളിക്കു വിളിക്കു എന്നു പറഞ്ഞിട്ടാണല്ലോ ഫോൺ വിളിക്കുന്നത്.

ശ്രീ. പി.ടി. തോമസ്: (.....മൈക്ക് ഓഫ്....) ഞാൻ സംസാരിച്ചിട്ടില്ല. ഞാൻ സംസാരിച്ചത് തെളിയിക്കാമോ? ഞാൻ സംസാരിച്ചുവെന്ന് തെളിയിച്ചാൽ എന്റെ എം.എൽ.എ. സ്ഥാനം ഞാൻ ഇപ്പോൾ തന്നെ രാജിവെയ്ക്കാം. എന്റെ അടുത്തു നിൽക്കുന്ന ആൾ ഫോണിൽ സംസാരിക്കുന്നത് ഞാൻ എങ്ങനെ അറിയാനാണ്. ഞാൻ ഒന്നും പറഞ്ഞിട്ടില്ല, അങ്ങയുടെ എ.സി., അസിസ്റ്റന്റ് കമ്മീഷണർ തൃക്കാക്കര സാക്ഷിയാണ്. അദ്ദേഹത്തെ വിളിച്ച് അന്വേഷിച്ചാൽ അറിയാം, അങ്ങയെപ്പോലെ ഒരാൾ ഇങ്ങനെ ഉത്തരവാദിത്വരഹിതമായി പറയുന്നതിൽ വലിയ ഖേദമുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഏതായാലും പൾസർ സുനിയെ അറസ്റ്റ് ചെയ്യുന്നതിന് അതൊന്നും തടസ്സമായി വന്നിട്ടില്ല. മറ്റു കാര്യങ്ങൾ ശക്തമായി നീങ്ങിക്കൊണ്ടിരിക്കുകയാണ് പൊതുവിൽ ഈ കാര്യങ്ങൾ നമുക്ക് ശക്തമായിട്ടു തന്നെ നേരിടേണ്ടതായിട്ടുണ്ട്.

## (4) വേമ്പനാട്ട് കായൽ വികസന അതോറിറ്റി

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, വേമ്പനാട് കായൽ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്നതാണ് എന്റെ ആവശ്യം. ഇൻഡ്യയിലെ ഏറ്റവും വലിയ ഓരുജല തടാകങ്ങളിലൊന്നാണ് കേരളത്തിലെ മൂന്ന് ജില്ലകളിൽ കൂടി ഒഴുകുന്ന വേമ്പനാട് കായൽ. എറണാകുളം, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന ഈ കായൽ സംസ്ഥാനത്തിന്റെ വ്യാവസായിക-വാണിജ്യ-മത്സ്യബന്ധന-വിനോദസഞ്ചാര മേഖലകളുടെ സാമ്പത്തിക അഭിവൃദ്ധിയുടെ അടിത്തറയാണ്. നീർത്തടങ്ങളുടെ സംരക്ഷണത്തിന്റെയും

ഫലവത്തായ ഉപയോഗത്തിന്റെയും ആവശ്യകതയ്ക്കായി സംഘടിപ്പിച്ച റാംസർ കൺവെൻഷനിൽ അന്തർദ്ദേശീയ പ്രാധാന്യമർഹിക്കുന്ന കായലുകളുടെ ലിസ്റ്റിൽ വേമ്പനാട്ടു കായലും ഉൾപ്പെടുത്തിയത് ഈ കായലിന്റെ പ്രാധാന്യം വിളിച്ചോതുന്നു. 100 വർഷങ്ങൾക്കുമുമ്പ് 290.85 കിലോ മീറ്റർ സ്ക്വയർ വിസ്തീർണ്ണമുണ്ടായിരുന്ന കായൽ നികത്തലും കയ്യേറ്റവുംമൂലം യഥാർത്ഥ വിസ്തീർണ്ണത്തിൽ നിന്നും 40 ശതമാനത്തോളം ഇന്ന് കുറഞ്ഞിരിക്കുകയാണ്. കായലുകളുടെയും പുഴകളുടെയും നീർത്തടങ്ങളുടെയും അശാസ്ത്രീയമായ നികത്തലും ഡ്രെഡ്ജിംഗും മാലിന്യ നിക്ഷേപവുമെല്ലാം വേമ്പനാട്ടുകായലിന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയായിരിക്കുകയാണ്. മാലിന്യ നിക്ഷേപവും കാര്യക്ഷമമല്ലാത്ത ഡ്രെഡ്ജിംഗും പശ്ചിമ കൊച്ചിയിലെ കായലുകളുടെയും പുഴകളുടെയും ആഴം ഏഴ് മീറ്ററിൽ നിന്നും ഒന്നര മീറ്ററായി കുറച്ചിരിക്കുകയാണ്. ഇത് ഉൾനാടൻ മത്സ്യബന്ധനത്തെയും കൊച്ചിയിലെയും ആലപ്പുഴ, കോട്ടയം ജില്ലകളിലെയും വ്യവസായവാണിജ്യ, മത്സ്യ-ബന്ധന, വിനോദ-സഞ്ചാര മേഖലകളെയും തീരദേശവാസികളുടെ ജീവിതത്തെയും ഗുരുതരമായി ബാധിച്ചിരിക്കുകയാണ്. ആയതിനാൽ വേമ്പനാട് കായലിന്റെ ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കാനും കായൽ കയ്യേറ്റം തടയാനും മത്സ്യത്തൊഴിലാളികളുടെ ജീവിതം സുരക്ഷിതമാക്കാനും വേമ്പനാട്ടുകായൽ വികസന അതോറിറ്റി രൂപീകരിക്കാനും ഡ്രെഡ്ജിംഗ് നടത്തി കിട്ടുന്ന ചെളിയും മണ്ണും ഉപയോഗിച്ച് പശ്ചിമ കൊച്ചിയിലെ തീരദേശ റോഡ് നിർമ്മിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വേമ്പനാട് കായലിന്റെ മലിനീകരണം നിയന്ത്രിക്കുന്നതിന് വ്യവസായ സ്ഥാപനങ്ങൾക്കും ആശുപത്രികൾക്കും ഫ്ലാറ്റുകൾ, ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയ്ക്കും പാരിസ്ഥിതിക അനുമതി നിർബന്ധമാക്കിയിട്ടുണ്ട്. കായലിൽ ഹൗസ്ബോട്ടുകളിൽ നിന്നുള്ള സ്വീവേജ്, ഗാർബേജ്, എഞ്ചിനിൽനിന്നുള്ള എണ്ണ എന്നിവ കൊണ്ടുണ്ടാകുന്ന മലിനീകരണത്തിന് ഒരു നിയന്ത്രണ വ്യവസ്ഥയുണ്ട്. കുമരകത്തും ആലപ്പുഴ-നീലംപേരൂർ പഞ്ചായത്തിലെ കുന്നമ്മം വില്ലേജിലും ഹൗസ് ബോട്ടുകളിൽ നിന്നുള്ള സ്വീവേജ് സംസ്കരിക്കുന്നതിനായി ഓരോ പൊതുമലിനജല ശുദ്ധീകരണ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. സ്വീവേജ് മാലിന്യം കരയിലെ സ്വീവേജ് സംസ്കരണ സംവിധാനം വഴിയോ പൊതുമലിനജല ശുദ്ധീകരണ സംവിധാനം വഴിയോ സംസ്കരിക്കുന്ന ഹൗസ്ബോട്ടുകൾക്കു മാത്രമേ പ്രവർത്തനാനുമതി പുതുക്കി നൽകുന്നുള്ളൂ. കപ്പൽ ചാനലുകൾ ഒഴിച്ചുള്ള ഡ്രെഡ്ജിംഗിന് നിയന്ത്രണ മേർപ്പെടുത്തിയിട്ടുണ്ട്. ഗവൺമെന്റ് ഏജൻസികൾക്കൊപ്പം കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ്, റിസർച്ച് ഏജൻസികൾ, സർക്കാർ ഇതര സംഘടനകൾ,

പ്രദേശവാസികൾ എന്നിവരുടെ സഹകരണത്തോടെ കേരളത്തിലെ മുഴവൻ തണ്ണീർത്തടങ്ങളുടെയും സമഗ്ര പരിപാലനത്തിനായുള്ള സ്റ്റേറ്റ് വെറ്റ്ലാന്റ് അതോറിറ്റി-കേരള, തണ്ണീർത്തട സംരക്ഷണം, കൃഷി, ജലവിഭവം, മത്സ്യബന്ധനം, ഗ്രാമവികസനം, ആവാസ വ്യവസ്ഥയുടെ സംരക്ഷണം, പ്രകൃതി വിഭവങ്ങളുടെ സുസ്ഥിര വികസനം എന്നീ പ്രധാനപ്പെട്ട കർത്തവ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. ഈ അതോറിറ്റി രൂപീകരിച്ച സാഹചര്യത്തിൽ വേമ്പനാട്ട് വികസന അതോറിറ്റി രൂപീകരണം സർക്കാരിന്റെ പരിഗണനയിൽ ഇപ്പോഴില്ല

## (5) കോട്ടയം ക്യാമ്പസ്സിലെ അക്രമം

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഈ സഭാ സമ്മേളനത്തിൽ ഏറ്റവും കൂടുതൽ വേട്ടയാടപ്പെട്ട ഒരു വിദ്യാർത്ഥി പ്രസ്ഥാനമായിരുന്നു എസ്.എഫ്.ഐ. എന്നാൽ യഥാർത്ഥത്തിൽ എസ്.എഫ്.ഐ.യെ ആയിരുന്നു കേരളത്തിൽ വേട്ടയാടിയത്. കഴിഞ്ഞ മാർച്ച് മാസം 10-ാം തീയതി എം.ജി. യൂണിവേഴ്സിറ്റി ക്യാമ്പസ്സിൽ എസ്.എഫ്.ഐ.യുടെ കോട്ടയം ജില്ലാ പ്രസിഡന്റ് അരുൺ, ക്യാമ്പസ്സ് യൂണിയൻ ജനറൽ സെക്രട്ടറിയും അംഗപരിമിതനുമായ സച്ചു സദാനന്ദൻ എന്നിവരെ കെ.എസ്.യു., യൂത്ത് കോൺഗ്രസ് വാടകയ്ക്കെടുത്ത ക്വട്ടേഷൻ സംഘം ക്രൂരമായി വെട്ടി പരിക്കേൽപ്പിച്ചു. കെ.എസ്.യു.-ന്റെ ജില്ലാ പ്രസിഡന്റിനും യൂത്ത് കോൺഗ്രസ് മണ്ഡലം പ്രസിഡന്റിനുമുൾപ്പെടെ ഇതിൽ പങ്കുണ്ടെന്നാണ് പറയപ്പെടുന്നത്. ഇവർ ക്വട്ടേഷനെടുത്തത് 29-ഓളം കൊടും ക്രിമിനൽ കേസ്സുകളിലുൾപ്പെട്ട അരുൺ ഗോപൻ ഉൾപ്പെടെയുള്ള ആളുകളെയാണ്. യൂണിവേഴ്സിറ്റി കവാടത്തിൽ വച്ചായിരുന്നു അക്രമം നടത്തിയത്. അക്രമം നടത്തിയവർ അംഗപരിമിതനായ സച്ചുവിനോട് പറഞ്ഞത്, ഏതായാലും നിനക്ക് ഒരു കൈ ഇല്ല മറ്റേ കൈ ഞങ്ങൾ വെട്ടിയെടുക്കുന്നു എന്നാണ്. അക്രമരാഷ്ട്രീയത്തെക്കുറിച്ച് വാതോരാതെ പ്രസംഗം നടത്തുന്ന കെ.എസ്.യു.വും കോൺഗ്രസ്സും ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കണം. അതുമാത്രമല്ല അവിടത്തെ ബഹുമാനപ്പെട്ട എം.എൽ.എ. കൗണ്ടർ കേസ്സിൽ വ്യാജമായി കടന്നവരെ കാണാൻ പോയി. അക്രമ രാഷ്ട്രീയത്തിനെതിരെ വാതോരാതെ പ്രസംഗിക്കുന്നവർ എന്തുകൊണ്ടാണ് അവിടെ വെട്ടേറ്റ് കിടക്കുന്ന അംഗപരിമിതനായ എസ്.എഫ്.ഐ. പ്രവർത്തകനെ കാണാൻ പോകാത്തത്? ഇങ്ങനെ സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന ദളിത് വിഭാഗത്തിൽപ്പെട്ട ഒരു വിദ്യാർത്ഥി നേതാവിനെയാണ് ഈ രീതിയിൽ വേട്ടയാടി ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ അക്രമം നടത്തി പരിക്ക് പറ്റിയവരെ കാണാൻ പോയി. എന്നാൽ

എസ്.എഫ്.ഐ. നേതാക്കന്മാരെ അദ്ദേഹം കാണാൻ പോയിട്ടില്ല. മാത്രമല്ല ഇപ്പോൾ യൂത്ത് കോൺഗ്രസ്സിനെ ഉപയോഗിച്ചുകൊണ്ട് കേരളത്തിന്റെ ക്രമസമാധാനം തകർന്നുവെന്ന് വരുത്തി തീർക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് യു.ഡി.എഫ്.-ന്റെ ഭാഗത്തു നിന്നുണ്ടാകുന്നത്. അരുവിക്കരയിൽ കണ്ടത് വൃദ്ധയായ സ്ത്രീയെ അവിടത്തെ എം.എൽ.എ.-യുടെ ഗുണ്ടാസംഘമാണ് ആക്രമിച്ചത്. മാപ്പ് പറഞ്ഞിട്ട് കാര്യമില്ല. ഇത്തരം ആക്രമണങ്ങൾക്ക് യൂത്ത് കോൺഗ്രസ്സിനെ ഉപയോഗിക്കുന്നത് സംബന്ധിച്ച് കോൺഗ്രസ് അഭിപ്രായം പറയണം. സച്ച സദാനന്ദൻ എന്ന വിദ്യാർത്ഥി നേതാവിന്റെ കൈ വെട്ടിയെടുത്തതുമായി ബന്ധപ്പെട്ട ഉന്നതതല ഗൂഢാലോചന പുറത്തുകൊണ്ടുവരണം. കോൺഗ്രസ് നേതൃത്വത്തിന് ആ വധശ്രമത്തിൽ പങ്കുണ്ടെന്നാണ് ഞങ്ങൾ ആരോപിക്കുന്നത്. അതിലെ മുഴുവൻ പ്രതികളെയും പുറത്തുകൊണ്ടുവരുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, പോയിന്റ് ഓഫ് ഓർഡർ....

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : എന്താണ് പോയിന്റ് ?

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഇവിടെ സൂചിപ്പിച്ചത് എന്റെ നിയോജക മണ്ഡലമല്ല. സ്ഥലം എം.എൽ.എ. പോയില്ല എന്നു പറഞ്ഞത് ശ്രീ. കെ. സുരേഷ് കുറുപ്പിനെ ആയിരിക്കുമെന്ന് കരുതിയാണ് ഞാൻ മിണ്ടാതിരുന്നത്. അദ്ദേഹത്തിന് ഏരിയ അറിയില്ല, സ്ഥലവും അറിയില്ല. അതുകൊണ്ടാണ് ശ്രീ. കെ. സുരേഷ് കുറുപ്പ് പ്രതിനിധീകരിക്കുന്ന ഒരു നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഞാനാണെന്നുള്ള തെറ്റിദ്ധാരണയിൽ പറഞ്ഞത്. ഞാൻ മെഡിക്കൽ കോളേജിലാണ് പോയത്. യൂത്ത് കോൺഗ്രസ്സിന്റെ അതിരംപുഴ മണ്ഡലം പ്രസിഡന്റ് ജിമ്മിന്റെ തോൾ അടിച്ചുതകർത്തു. അദ്ദേഹത്തെ കാണാൻ വേണ്ടി ഞാൻ പോയതാണ്. ഒരു പൊതുപ്രവർത്തകനെന്നുള്ള നിലയിൽ എനിക്ക് പോകാതിരിക്കാൻ പറ്റില്ല. ഈ അക്രമ സംഭവവുമായി ഇതിങ്ങനെ കൂട്ടിച്ചേർത്തു പറയുന്നത് ശരിയാണോ? ശ്രീ. എ.എൻ ഷംസീറിന് ഈ പ്രദേശം ഒന്നും അറിയില്ലല്ലോ, മുഖ്യമന്ത്രിക്ക് അറിയാമല്ലോ? കാര്യങ്ങൾ മനസ്സിലാക്കാൻ മുഖ്യമന്ത്രി അവിടുത്തെ എസ്.പി.-യോട് അന്വേഷിച്ചാൽ മതിയായിരുന്നു. എന്റെ പണി അതൊന്നുമല്ല. എന്നെ തെരഞ്ഞെടുത്തിരിക്കുന്നത് ഈ നിയമസഭയിൽ വരാനും ജനങ്ങളുടെ പ്രശ്നം ഇവിടെ അവതരിപ്പിക്കാനും വേണ്ടിയാണ്. ശ്രീ. കെ. സുരേഷ് കുറുപ്പ് ....ഒരക്ഷരം പറയുന്നില്ലല്ലോ ...

മി. ഡെപ്യൂട്ടി സ്പീക്കർ : .....പ്ലീസ്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, മണ്ണാർക്കാട് എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീനോട് ചോദിച്ച് മലപ്പുറത്തെ കാര്യം എന്തിനാണ് പറയുന്നത്, അവിടെ പറയാൻ ആളില്ലാത്തതുകൊണ്ടും സത്യമല്ലാത്തതുകൊണ്ടുമല്ലേ എന്നതാണ് അങ്ങയുടെ argument. സത്യമല്ലാത്തതുകൊണ്ടല്ലേ സുരേഷ് കുറുപ്പ് പറയാത്തതും ഈ കാര്യത്തിൽ ഇടപെടാത്തതും എന്ന് ഈ argument ഞാൻ തിരിച്ചു ചോദിച്ചാൽ. .... 500 കി.മീറ്റർ അകലെയുള്ള ഒരു നിയോജകമണ്ഡലത്തിലെ പ്രതിനിധിയാണ് ഇങ്ങനെ പറയുന്നത്. ഇത് എന്ത് ന്യായമാണ് ? ആളുകളെ ആക്ഷേപിക്കാൻ ......ബഹളം........ഈ പറഞ്ഞ കാര്യങ്ങൾ റൂൾ 307 അനുസരിച്ച് സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പരിശോധിച്ച് വേണ്ടത് ചെയ്യാം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ എസ്.എഫ്.ഐ. വിദ്യാർത്ഥികൾക്ക് പരിക്ക് പറ്റിയ സംഭവം മുൻ എസ്.എഫ്.ഐ. നേതാവായ ബഹുമാന്യനായ അംഗം ഉന്നയിക്കുന്നതിൽ യാതൊരു അപ്രസക്തിയുമില്ല. അത് പ്രസക്തം തന്നെയാണ്. 10-3-2017-ന് വൈകിട്ട് അഞ്ച് മണിയോടെ കോട്ടയം മാന്നാനം കെ.ഇ.കോളേജിലെ എസ്.എഫ്.ഐ. യൂണിറ്റ് ഭാരവാഹിയും പി.ജി. വിദ്യാർത്ഥിയും അംഗപരിമതനുമായ സച്ചു സദാനന്ദൻ, അവിടത്തെ വിദ്യാർത്ഥിയും എസ്.എഫ്.ഐ. ജില്ലാ പ്രസിഡന്റുമായ അരുൺ എന്നിവരെ എം.ജി. യൂണിവേഴ്സിറ്റി ക്യാമ്പസ്സിന് മുൻവശം റോഡിൽ വച്ച് ഗാന്ധിനഗർ പോലീസ് സ്റ്റേഷനിലെ റൗഡി ലിസ്റ്റിൽപ്പെട്ടതും നിരവധി ക്രിമിനൽ കേസ്സുകളിൽ പ്രതിയും കാപ്പ ആക്ട് പ്രകാരം കരുതൽ തടങ്കൽ അനുഭവിച്ചിട്ടുള്ള ആളുമായ സിബി ജോണിന്റെ നേതൃത്വത്തിൽ ഐ.എൻ.റ്റി.യു.സി. പ്രവർത്തകരായ അനീഷ്, ജയമോഹൻ, റോഹിൻ കുര്യൻ എന്നിവരും കണ്ടാലറിയാവുന്ന മറ്റ് നാലുപേരും തടഞ്ഞു നിർത്തി വടിവാൾ കൊണ്ട് വെട്ടി പരിക്കേൽപ്പിക്കുകയുണ്ടായി. ഇതിൽ സച്ചു സദാനന്ദന്റെ പരാതി പ്രകാരം ഗാന്ധിനഗർ പോലീസ് സ്റ്റേഷനിൽ ക്രൈം 416/2017 ആയി കേസ് രജിസ്റ്റർ ചെയ്തു. വലതു കൈത്തണ്ടയിൽ ഗുരുതരമായ മുറിവും അസ്ഥിക്ക് പൊട്ടലുമേറ്റ സച്ചു സദാനന്ദനും ഇടതു കൈക്ക് വെട്ടേറ്റ അരുണും കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. അക്രമം ആവർത്തിക്കാതിരിക്കുന്നതിന് സ്ഥലത്ത് പോലീസിന്റെ സാന്നിദ്ധ്യം എപ്പോഴും ഉണ്ടാകത്തക്കവിധം ശക്തമായ പോലീസ് പട്രോളിംഗ് നടത്തിവരുന്നു. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രി പരിസരത്ത് കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുമുണ്ട്.

11.00 AM]

ശ്രീ .കെ. സുരേഷ് കുറുപ്പ്: സർ, ശ്രീ. എ. എൻ. ഷംസീർ നടത്തിയ ഒരു പരാമർശത്തെത്തുടർന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്റെ പേര് അതിൽ വലിച്ചിഴയ്ക്കേണ്ട കാര്യമില്ല. ...(ബഹളം)............ അത് തിരുത്തിയാൽ മതിയല്ലോ. സുരേഷ് കുറുപ്പ് പോയില്ല, മിണ്ടാതിരിക്കുന്നു. ഇവിടെ ശ്രീ. എ. എൻ. ഷംസീർ ഉത്തരവാദിത്വത്തോടുകൂടി .......(ബഹളം)......... ഞാൻ പറയട്ടെ, താങ്കൾ സംസാരിച്ചപ്പോൾ ഞാൻ എഴുന്നേറ്റില്ലല്ലോ. ശ്രീ. എ. എൻ. ഷംസീർ ഉത്തരവാദിത്വത്തോടുകൂടി അത് ഉന്നയിക്കുന്നതുകൊണ്ട് ഞാൻ മിണ്ടാതിരുന്നതാണ്. എന്റെ നിയോജകമണ്ഡലത്തിൽ നടന്ന എസ്.എഫ്.ഐ പ്രവർത്തകരുമായി ബന്ധപ്പെട്ട ഒരു കാര്യം, അടുത്തകാലത്ത് എസ്.എഫ്.ഐ.-യുടെ ഭാരവാഹി സ്ഥാനം ഒഴിഞ്ഞ ശ്രീ. എ.എൻ. ഷംസീർ ഉന്നയിച്ചതുകൊണ്ടാണ് ഞാൻ മിണ്ടാതിരുന്നത്. അവിടെ നഗ്നമായ അക്രമണമാണ് യൂത്ത് കോൺഗ്രസ്സുകാരും കെ.എസ്.യു.ക്കാരും വാടകഗുണ്ടകളെക്കൊണ്ട് നടത്തിയത്. അതിനെതിരായി ശക്തമായ നടപടികൾ സ്വീകരിക്കണം.

## (6) പ്രായപരിധി ഉയർത്തൽ

ശ്രീ. എ. എം. ആരിഫ് : സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയത് മുതൽ സർക്കാർ സർവ്വീസിൽ പുതിയതായി ജോലിയിൽ പ്രവേശിക്കുന്നവരുടെ പെൻഷൻ പ്രായം 60 ആണ്. പെൻഷൻ പ്രായം വർദ്ധിപ്പിച്ചുവെങ്കിലും പി.എസ്.സി. മുഖേന ജോലിക്ക് അപേക്ഷിക്കാനുള്ള പ്രായം പഴയതുപോലെതന്നെ തുടരുകയാണ്. ജോലിക്ക് അപേക്ഷിക്കാനുള്ള പ്രായം മാറാതെ വിരമിക്കാനുള്ള പ്രായം മാറുന്നത് നീതിയുക്തമല്ല. വിരമിക്കൽ പ്രായം 55 ആയിരുന്നപ്പോഴുള്ളതാണ് ഇപ്പോൾ അപേക്ഷിക്കാനുള്ള പ്രായം. വിരമിക്കൽ പ്രായം അഞ്ച് വയസ് വർദ്ധിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ അപേക്ഷിക്കാനുള്ള പ്രായവും ആ നിലയിൽ വർദ്ധിപ്പിച്ച് ക്രമീകരിക്കേണ്ടതുണ്ട്. ഇത് ലക്ഷക്കണക്കിനുവരുന്ന തൊഴിലന്വേഷകർക്ക് വലിയ ആശ്വാസമായിരിക്കും. അതനുസരിച്ച് സംവരണ സമുദായങ്ങളുടെ പ്രായവും ആനുപാതികമായി വർദ്ധിപ്പിക്കണം. യഥാസമയം പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്താത്തതിന്റെ ഫലമായി റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞതിനാൽ നിയമനം ലഭിക്കാത്ത ഉദ്യോഗാർത്ഥികൾക്കും വലിയ ഉപകാരമായിരിക്കും. അതോടൊപ്പം സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും ഇത് ബാധകമാകത്തക്കതരത്തിലുള്ള ഉത്തരവുണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽവന്ന കാരണത്താൽ വിരമിക്കൽ പ്രായം 56 വയസിൽനിന്ന് 60 ആയി ഉയർത്തിയിട്ടുണ്ട്. എന്നാൽ 2012 ഏപ്രിൽ 1-ന് ശേഷം സർവ്വീസിൽ വരുന്ന ഉദ്യോഗാർത്ഥികൾക്കുമാത്രമാണ് ഈ നിയമം ബാധകമാകുന്നത്. 2013-നുശേഷം സർവ്വീസിൽ വരുന്ന ഉദ്യോഗാർത്ഥികൾ വിരമിക്കുന്നത് ഏകദേശം 25 മുതൽ 30 വർഷങ്ങൾക്കുശേഷമായിരിക്കുമെന്നതിനാൽ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നിയമനത്തിനുള്ള പ്രായപരിധി 40 വയസ്സായി ഉയർത്തണമെന്ന ആവശ്യത്തിന് പ്രസക്തിയില്ല. അതുകാരണം നിലവിലുള്ള ഉദ്യോഗ സാധ്യതയിൽ കുറവ് സംഭവിക്കുന്നുയെന്നത് വസ്തുതയല്ല. സംവരണ വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികളുടെ പ്രായപരിധിയും ക്രമാനുഗതമായി ഉയർത്തിയിട്ടുണ്ട്. ഇക്കാരണത്താൽ ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ നിയമന സാധ്യതയിലും ഒരു കുറവും വരുന്നില്ല. പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് പുനഃപരിശോധന വേണമെന്ന ആവശ്യവും സർക്കാർ പരിശോധിക്കുകയാണ്. അതോടൊപ്പം പ്രഗത്ഭരും പ്രാപ്തരുമായ പുതുതലമുറയെ പബ്ലിക് സർവ്വീസുകളിലേയ്ക്ക് ആകർഷിക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

## (7) സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, സർക്കാർ നിബന്ധനയനുസരിച്ച് 2014-ൽ ആരംഭിച്ച സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതി നടപ്പാക്കുന്ന വിദ്യാലയങ്ങൾക്ക് തുടർ സാമ്പത്തിക സഹായം അനുവദിക്കുന്നതുമായി ബന്ധപ്പെട്ടാണ് എന്റെ സബ്മിഷൻ. സംസ്ഥാന ആഭ്യന്തര വകുപ്പ് സ്കൂളുകളിൽ നടപ്പാക്കുന്ന മാതൃകാ പ്രോജക്ടാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് അഥവാ കുട്ടിപ്പോലീസ്. ഇന്ന് ഈ പദ്ധതി പ്രതിസന്ധിയിലും പാതിവഴിയിലുമാണ്. 2008-ൽ പരീക്ഷണാടിസ്ഥാനത്തിൽ പെരുമ്പാവൂർ ഇരിങ്ങോൾ ഹയർ സെക്കന്ററി സ്കൂളിലും കോലഞ്ചേരി സെന്റ് പീറ്റേഴ്സ് സ്കൂളിലുമാണ് ഈ പദ്ധതിയാരംഭിച്ചത്. 2012-ൽ എസ്.പി.സി. അംഗങ്ങൾക്ക് എസ്.എസ്.എൽ.സി. ഗ്രേസ് മാർക്ക് അനുവദിച്ചതോടെ ഒട്ടേറെ സ്കൂളുകൾ ഈ പദ്ധതിക്ക് ആവശ്യക്കാരായി. അങ്ങനെ ആവശ്യക്കാർ വർദ്ധിച്ചതോടെ 2014-ൽ സർക്കാർ പദ്ധതിക്ക് നിബന്ധനവച്ചു. അങ്ങനെയാണ് രണ്ട് വർഷത്തെ നടത്തിപ്പിനായി 5 ലക്ഷം രൂപ ബാങ്കിൽ നിക്ഷേപിക്കുന്ന സ്കൂളുകൾക്ക് പദ്ധതി അനുവദിച്ചത്. രണ്ട് വർഷത്തിനുശേഷം സർക്കാർ ധനസഹായം നൽകുമെന്നായിരുന്നു അന്നത്തെ ഉറപ്പ്. എന്നാൽ അത്തരം സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച് യാതൊരു അറിയിപ്പും ഗവൺമെന്റ് നൽകിയിട്ടില്ല. എന്നാൽ ആദ്യഘട്ടത്തിൽ ആരംഭിച്ച സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകുന്നുമുണ്ട്. ഇത് ഒരേ കാര്യത്തിൽ രണ്ട് നീതി പുലർത്തുന്നതിന് ഇടയാക്കിയിരിക്കുന്നു. സർക്കാർ ഇക്കാര്യത്തിൽ ഇടപെട്ട് എസ്.പി.സി. നടപ്പിലാക്കിയിട്ടുള്ള സ്കൂളുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വ്യാപിപ്പിക്കുവാൻ 2014-15-ൽ ഫണ്ട് അനുവദിച്ചിരുന്നില്ല. എന്നാൽ ഫണ്ട് ലഭ്യമല്ലാതിരുന്നിട്ടും പുതിയ സ്കൂളുകളിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കുകയാണുണ്ടായത്. ഇതിനായുള്ള ചെലവ് പൂർണ്ണമായും സ്കൂൾ അധികാരികൾതന്നെ വഹിക്കേണ്ടതാണെന്ന വ്യവസ്ഥയിലാണ് ഇവ ആരംഭിച്ചത്. സ്കൂൾ-പോലീസ് അധികൃതർ സംയുക്തമായി ആരംഭിക്കുന്ന ഒരു ദേശസാൽകൃത ബാങ്ക് അക്കൗണ്ടിൽ 5 ലക്ഷം രൂപ മുൻകൂറായി നിക്ഷേപിക്കണമെന്നും കൂടാതെ ഒരു പോലീസ് സ്റ്റേഷൻ പരിധിയിൽ രണ്ടിൽ കൂടുതൽ സ്കൂളുകളിൽ അനുവദിക്കരുതെന്നുമുള്ള വ്യവസ്ഥയിൽ എസ്.പി.സി. യൂണിറ്റ് ആരംഭിക്കുകയായിരുന്നു. അതായത്, പ്രസ്തുത സ്കൂളുകളിൽ പദ്ധതി സ്വന്തം ചെലവിൽ നടപ്പിലാക്കാനാണ് അന്ന് അനുമതി നൽകിയിരുന്നത്. മേൽപ്പറഞ്ഞ തീരുമാനപ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി.) പദ്ധതി നടപ്പാക്കിയ സ്കൂളുകളിൽ മറ്റൊരു തീരുമാനമുണ്ടാകുന്നതുവരെ സ്വന്തം ചെലവിൽത്തന്നെ എസ്.പി.സി. പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാവുന്നതാണ്. എസ്.പി.സി. പദ്ധതി ഈ വർഷം 100 പുതിയ സർക്കാർ സ്കൂളുകളിൽക്കൂടി വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഉപദേശക സമിതിയുടെ ശിപാർശ പ്രകാരം അടുത്ത അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽത്തന്നെ ഈ സ്കൂളുകൾ ഏതൊക്കെയാണെന്ന് തീരുമാനിക്കും

## (8) ധനസഹായം

ശ്രീ. ബി. സത്യൻ: സർ, ഇന്നലെ വൈകിട്ട് വേനൽമഴയോടൊപ്പമുണ്ടായ ശക്തമായ ഇടിമിന്നലേറ്റ് എന്റെ മണ്ഡലത്തിൽ രണ്ടുപേർ ഒരേസമയം മരണപ്പെടുകയുണ്ടായി. കിളിമാനൂർ മേഖലയിലെ പുളിമാത്ത് കൊടുവഴന്നൂർ ചെമ്പ്രാംകാട് എന്ന സ്ഥലത്ത് നിർദ്ധനനായ പെട്ടിക്കട നടത്തുന്ന അബ്ദുൽ വഹാബ്-റൈഹാനത്ത് ബീവി ദമ്പതികളുടെ ഏകമകൻ 17 വയസ്സുള്ള പ്ലസ് ടു വിദ്യാർത്ഥി ഉമറുൽ ഫാറൂക്ക്, മരംവെട്ട് തൊഴിലാളി നഗരൂർ കോട്ടയ്ക്കൽ വിഷ്ണുഭവനിൽ ഭാസ്കരൻ മകൻ തുളസീധരൻ എന്നിവരാണ് മരണപ്പെട്ടത്. ഇന്നലെ രാത്രി ഞാൻ ഈ സ്ഥലത്ത് പോയിരുന്നു. മരണപ്പെട്ട രണ്ടുപേരും വളരെ പാവപ്പെട്ട കുടുംബത്തിലുള്ളവരാണ്. മരണപ്പെട്ട ഉമറുൽ ഫാറൂക്ക് എന്ന പ്ലസ് ടു വിദ്യാർത്ഥി ജോലി ചെയ്താണ് വിദ്യാഭ്യാസം നടത്തിയിരുന്നത്. ആ കുട്ടി ആ കുടുംബത്തിന്റെ ഏക വരുമാന മാർഗ്ഗമായിരുന്നു. 17 വയസ്സുള്ള ഏക മകന്റെ ആകസ്മിക മരണം ആ കുടുംബത്തെ തകർത്തിരിക്കുകയാണ്. ഭാര്യയും മക്കളും മാതാപിതാക്കളുമടങ്ങുന്ന വളരെ പാവപ്പെട്ട കുടുംബമാണ് തുളസീധരന്റേത്. കുടുംബത്തിന്റെ ഏക വരുമാന മാർഗ്ഗമായിരുന്നു. അദ്ദേഹത്തിന്റെ മരണത്തോടെ ആ കുടുംബവും ആകെ തകർന്ന അവസ്ഥയിലാണ്. നിർദ്ധനരായ ഈ കുടുംബങ്ങളെ സഹായിക്കുന്നതിന് പരമാവധി ധനസഹായം പ്രഖ്യാപിക്ക ണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. ബി. സത്യൻ ഇവിടെ ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. ഇന്നലെ വേനൽ മഴയെത്തുടർന്നുണ്ടായ ഇടിമിന്നലിൽ സംഭവിച്ച മരണം അത്യന്തം ദൗർഭാഗ്യകരവും ദാരുണവുമാണ്. ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂർ ചെമ്പ്രാംകാട് ഒരു പ്ലസ് ടു വിദ്യാർത്ഥിയുൾപ്പെടെ രണ്ട് പേരാണ് ഇന്നലെ ഇടിമിന്നലേറ്റ് മരിക്കാനിടയായത്. 23-7-2015-ലെ സർക്കാർ ഉത്തരവ് 343/2015 പ്രകാരം ഇടിമിന്നലേറ്റ് മരിക്കുന്നത് സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നോംസിൽ അതുൾപ്പെടുന്നില്ലെങ്കിലും സംസ്ഥാന ഗവൺമെന്റ് അത് ദുരന്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. അപ്രകാരം ഇടിമിന്നലേറ്റ് മരിക്കുന്നവരുടെ കുടുംബത്തിന് നാല് ലക്ഷം രൂപ സംസ്ഥാന ദുരന്ത നിവാരണ നിധിയിൽനിന്ന് ദുരിതാശ്വാസമായി നൽകാൻ കഴിയും. അടിയന്തര സഹായമായി മരണാനന്തര ചടങ്ങുകൾക്കും മറ്റുമായി 10,000 രൂപ നൽകാവുന്നതാണ്. മരണപ്പെട്ടവരുടെ കുടുംബത്തിന് 10,000 രൂപ അടിയന്തരമായി നൽകുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 4 ലക്ഷം രൂപയിൽ ബാക്കി തുക ഉടൻതന്നെ നൽകുന്നതിനുള്ള സംവിധാനമുണ്ടാക്കുന്നതാണ്.

### (9) ബണ്ട് നിർമ്മാണം

ശ്രീ. സി. കൃഷ്ണൻ: സർ, എന്റെ മണ്ഡലത്തിലെ കരിവള്ളൂർ പെരളം പഞ്ചായത്തിൽ കണിയൽ പടിഞ്ഞാറേക്കര തോടിനുകുറുകെ പാടശേഖര സമിതിക്കാർ താല്ക്കാലികമായി പ്രതിരോധ ബണ്ട് നിർമ്മിച്ചാണ് ഇതുവരെ കൃഷി ചെയ്തുവന്നിരുന്നത്. ഇപ്പോൾ താല്ക്കാലിക ബണ്ട് പൂർണ്ണമായും തകർന്ന് ഉപ്പുവെള്ളം കയറി ഏക്കർ കണക്കിന് നെൽക്കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. കരിവള്ളൂർ പെരളം പഞ്ചായത്തിൽ ചാലിയപ്പള്ളി ഉപ്പുവെള്ള പ്രതിരോധ ബണ്ടും കാലപ്പഴക്കത്താൽ തകർന്ന് ഉപ്പുവെള്ളം കയറി ഏക്കർ കണക്കിന് നെൽകൃഷി നശിച്ചുകൊണ്ടിരിക്കുന്നു. അതുപോലെ കാങ്കോൽ, ആലപ്പടമ്പ് പഞ്ചായത്തിലെ കരിങ്കുഴിത്തോടിന് കുറുകെ നിർമ്മിച്ച റെഗുലേറ്ററും കാലപ്പഴക്കത്താൽ തകർന്ന് കൃഷി സ്ഥലത്തേയ്ക്ക് വെള്ളമെത്തിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ ഈ റെഗുലേറ്ററുകൾ പുതുക്കി നിർമ്മിക്കുന്നതിനും നെൽവയലുകൾ കൃഷിയോഗ്യമാക്കി മാറ്റുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലെ മൂന്ന് പ്രതിരോധ തടയണകൾ സംബന്ധിച്ചാണ് സൂചിപ്പിച്ചത്. പെരളം പഞ്ചായത്തിലെ കണിയൽ തോടിന് കുറുകെ കുറച്ചുനാളുകളായി കൃഷിക്കാരാണ് താൽക്കാലിക ബണ്ട് നിർമ്മിച്ചുവരുന്നത്. ജനപ്രതിനിധികളുടെയും ബഹുമാനപ്പെട്ട അംഗത്തിന്റെയും ആവശ്യപ്രകാരം ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിച്ച് പ്രതിരോധ ബണ്ട് ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ചാലിപ്പള്ളി-മുങ്ങം പാലത്തിന് സമീപത്തുള്ള ക്രോസ് ബാർ 50 വർഷം പഴക്കമുള്ളതാണ്. നിർമ്മിച്ചത് ഡിപ്പാർട്ടുമെന്റാണെങ്കിലും പഞ്ചായത്തിന് കൈമാറി അവർ പരിരക്ഷിച്ച് വരികയായിരുന്നു. ഇപ്പോൾ അത് പൂർണ്ണമായും നശിച്ച അവസ്ഥയിലാണ്. താല്കാലികമായി മണ്ണിട്ട് ഉപ്പുവെള്ളം കയറുന്നത് തടയാൻ ശ്രമിച്ചിട്ടും വിജയിച്ചിട്ടില്ല. അതുകൊണ്ട് ഏക്കറോളം പാടശേഖരം തരിശായി കിടക്കുന്നുണ്ട്. ആ ബണ്ട് നന്നാക്കിയെടുക്കുന്നതിനേക്കാൾ നല്ലത് കുറച്ചുകൂടി കിഴക്കുവശത്തായി ഒരു ഉപ്പുവെള്ള പ്രതിരോധ തടയണ നിർമ്മിക്കുന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മൂന്നാമത് ചൂണ്ടിക്കാണിച്ച കാങ്കോൽ, ആലപ്പടമ്പ് പഞ്ചായത്തിലെ കരിങ്കുഴി തോടിന് കുറുകെയുള്ള റെഗുലേറ്ററും കാലപ്പഴക്കത്താൽ ഉപയോഗശൂന്യമായിട്ടുണ്ട്. ഇവിടെ പാലത്തോടുകൂടിയ റെഗുലേറ്റർ നിർമ്മിക്കുന്നതിനായി വിശദമായ എസ്റ്റിമേറ്റ് മലബാർ പാക്കേജിലും പിന്നീട് നബാർഡിനും സമർപ്പിച്ചെങ്കിലും അനുമതി ലഭ്യമായിട്ടില്ല. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## (10) പെർമിറ്റ് ഇല്ലാത്ത പ്രൈവറ്റ് ബസ് സർവ്വീസ്

ശ്രീമതി വീണാ ജോർജ്ജ്: സർ, കെ.എസ്.ആർ.ടി.സി. അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി അഭിമുഖീകരിക്കുന്ന കാലഘട്ടമാണിത്. പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ടെർമിനലിന്റെ നിർമ്മാണം ഏതാണ്ട് മുക്കാൽഭാഗം പൂർത്തിയായിട്ടും സാമ്പത്തിക പ്രതിസന്ധിമൂലം ആഴ്ചകളായി നിർത്തി വച്ചിരിക്കുകയാണ്. കളക്ഷൻ പരിധിയായ 10,000 രൂപയിൽ 500 രൂപയോ 1,000 രൂപയോ കുറഞ്ഞാൽപ്പോലും ഗ്രാമീണ റോഡുകളിലെ ഒറ്റ സർവ്വീസ് പോലും മുടക്കുന്ന സാഹചര്യമുണ്ട്. ഈ സാഹചര്യത്തിലാണ് അതിഗുരുതരമായിട്ടുള്ള വെളിപ്പെടുത്തലുകൾ ചില വാർത്താ ചാനലുകൾ നടത്തിയിട്ടുള്ളത്. പ്രൈവറ്റ് ബസ്സുകളെ സഹായിക്കാൻ പത്തനംതിട്ടയിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ അജസ്റ്റ് ചെയ്ത് ഓടിക്കുന്നതിന്റെ ദൃശ്യങ്ങളും സംഭാഷണങ്ങളും ഉൾപ്പെടെയുള്ള

വാർത്ത കഴിഞ്ഞ ദിവസം മനോരമ ന്യൂസ് പുറത്തുവിട്ടിരുന്നു. ഒരു ബസ്സിന്, ഒരു റൂട്ടിന് 500-ഉം 1000-ഉം രൂപയാണ് കെ.എസ്.ആർ.ടി.സി.-യിലെ കണ്ടക്ടർമാർക്കും ഡ്രൈവർമാർക്കും പ്രതിഫലമായി ലഭിക്കുന്നത്. ഇതുകൂടാതെ പെർമിറ്റ് ഇല്ലാത്ത റൂട്ടുകളിലൂടെ പ്രൈവറ്റ് ബസ്സുകൾ യഥേഷ്ടം ഓടുകയാണ്. ഒരു പെർമിറ്റ് വച്ച് 10 മിനിട്ട് വ്യത്യാസത്തിൽ ഒരു ബസ് മുതലാളിയുടെ 4-ഉം 5-ഉം ബസ്സുകൾ ഒരേ റൂട്ടിൽ ഓടുകയണ്. ഇതിൽ വളരെ ശക്തമായിട്ടുള്ള ഇടപെടൽ ഉണ്ടാകണം. 500-ഉം 1000-ഉം രൂപ വാങ്ങുന്നവർ മാസാരംഭത്തിൽ 5-ാം തീയതി ശമ്പളം കിട്ടിയില്ലെങ്കിൽ സമരവും നടത്തുന്നുണ്ട്. സാധാരണക്കാരെ ബുദ്ധിമുട്ടിച്ച് കെ.എസ്.ആർ.ടി.സി.-യെ ഇല്ലാതാക്കുന്ന ഇത്തരം ജീവനക്കാർക്കെതിരെ അതിശക്തമായ നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പത്തനംതിട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ഇവിടെപ്പറഞ്ഞ കാര്യങ്ങളിൽ പ്രാഥമിക അന്വേഷണം നടത്തി കൊണ്ടിരിക്കുകയാണ്. മലയാള മനോരമ ചാനൽ ഇത്തരം ദൃശ്യങ്ങൾ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. ഇത് വിജിലൻസ് വിഭാഗത്തെക്കൊണ്ട് അന്വേഷിപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. വേലിതന്നെ വിളവ് തിന്നുന്ന രൂപത്തിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നാണ് അംഗം ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളത്. അക്കാര്യത്തിൽ സർക്കാർ കർശന നടപടി സ്വീകരിക്കുന്നതാണ്. പത്തനംതിട്ടയിലും പരിസര പ്രദേശങ്ങളിലും പെർമിറ്റില്ലാതെ സ്വകാര്യ ബസ് ഉടമസ്ഥർ അനധികൃത സമാന്തര സർവ്വീസുകൾ നടത്തുന്നുവെന്നത് വസ്തുതയാണ്. ഒരു പെർമിറ്റ് ഉപയോഗിച്ച് പല സർവ്വീസുകൾ നടത്തുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 10-ാം തീയതി മുതൽ ഇന്നലെവരെ 40-ഓളം ബസ്സുകൾ ഇത്തരത്തിൽ കുറ്റകൃത്യങ്ങൾ ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 7 ബസ്സുകളുടെ പെർമിറ്റ് റദ്ദാക്കാനുള്ള നിർദ്ദേശം കൊടുത്തുകഴിഞ്ഞു. സ്വകാര്യ ബസ് മുതലാളിമാരുടെ ആളുകൾ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് നേരെ കല്ലേറ് നടത്തുന്ന സംഭവമാണ് ഇന്നലെയും ഇന്നുമായി അവിടെ ഉണ്ടായിട്ടുള്ളത്. ഏഴോളം ബസ്സുകളാണ് അത്തരത്തിൽ തകർന്ന് കിടക്കുന്നത്. സ്വകാര്യ ബസ്സുകൾ ഒരു തരത്തിലുള്ള ഗുണ്ടാവിളയാട്ടം നടത്തുന്നുയെന്നുള്ളത് വളരെ വേദനിപ്പിക്കുന്ന കാര്യമാണ്. അത്തരം കാര്യങ്ങളിൽ ട്രാൻസ്പോർട്ട് കോർപ്പറേഷനും മോട്ടോർ വാഹന വകുപ്പും പോലീസ് അധികൃതരുടെ സഹായത്തോടെ കർശന നടപടി സ്വീകരിക്കും. വേലി തന്നെ വിളവ് തിന്നുന്ന സമ്പ്രദായമനുവദിക്കാൻ സാധ്യമല്ല. പത്തനംതിട്ട ഡിപ്പോയുടെ പ്രവർത്തനം 90 ശതമാനവും പൂർത്തിയായിട്ടുണ്ട്.

പ്രതിപക്ഷ നേതാവ് ഹരിപ്പാടുള്ള ഇതേ വിഷയവും എഴുതിത്തന്നിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിതന്നെയാണ് അതിന് കാരണം. സാമ്പത്തിക സ്ഥിതി മെച്ചമാകുന്ന മുറയ്ക്ക് മുൻഗണന നൽകി ഇത്തരം പ്രവൃത്തികൾ പൂർത്തിയാക്കി ജനങ്ങൾക്ക് പ്രയോജനകരമാംവിധം പ്രാവർത്തികമാക്കുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇത്തരം കോംപ്ലക്സുകൾ പണിയുമ്പോൾ കടമുറികൾ നേരത്തേ ലേലം ചെയ്ത് അങ്ങനെ കിട്ടുന്ന പണംകൂടിയുപയോഗിച്ച് പകുതി പൂർത്തിയായ പത്തനംതിട്ട, ഹരിപ്പാട് കോംപ്ലക്സുകളുടെ പണി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്, പ്രാവർത്തികമാക്കാൻ പറ്റിയ നല്ല മാർഗ്ഗമാണെന്നത് പ്രവൃത്തിയിൽ തെളിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ അത്തരത്തിലൊരു പരീക്ഷണം നടത്തിയപ്പോൾ നല്ല പ്രതികരണമാണുണ്ടായിട്ടുള്ളത്. ആ പരീക്ഷണം ഓരോ സ്ഥലത്തെയും പ്രത്യേകതകളനുസരിച്ച് എങ്ങനെ പ്രാവർത്തികമാക്കാൻ കഴിയുമെന്നത് ഗൗരവമായി പരിശോധിക്കുന്നതാണ്.

## (11) നിർമ്മാണ മേഖലയിലെ സ്തംഭനം

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊല്ലം ജില്ലയിലെ നിർമ്മാണ മേഖലയിലുണ്ടായിട്ടുള്ള സ്തംഭനാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 2017 നവംബർ മാസം വരെ ഖനനാനുമതി കൊടുത്തിട്ടുള്ള പാറപ്പണികൾപോലും ഇപ്പോൾ ചെയ്യാൻ പറ്റാത്ത ഒരവസ്ഥയുണ്ട്. ഇപ്പോൾ കൊല്ലം ജില്ലയിൽ മാത്രമാണ് ഈ പ്രശ്നം നിലനിൽക്കുന്നത്. നവംബർ മാസം വരെയുള്ള 1 കോടി രൂപയിലധികംവരുന്ന റോയൽറ്റി അടച്ചതായും കേൾക്കുന്നുണ്ട്. പല സ്ഥലങ്ങളിലും ആവശ്യമായ റോയൽറ്റി അടച്ചിട്ടും വർക്ക് ചെയ്യാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ചെറിയ വീടുകൾ നിർമ്മിക്കുന്നതിന് എടുക്കുന്ന മണ്ണ് അവിടെത്തന്നെ ഇടണമെന്ന് പറയുമ്പോൾ കെട്ടിടം കെട്ടാൻ സ്ഥലമില്ലാത്ത ഒരു പ്രശ്നവുമുണ്ട്. കലം നിർമ്മാണ മേഖലയും സ്തംഭിച്ചിരിക്കുകയാണ്. റോഡുകൾ പണിയുന്നതിന് മെറ്റീരിയൽസ് മറ്റ് ജില്ലകളിൽനിന്നും കൊണ്ടുവരേണ്ടതുകൊണ്ട് ഇരട്ടിയിലധികം പൈസ കൊടുക്കേണ്ട സ്ഥിതിയുമുണ്ടായിട്ടുണ്ട്. അഡ്വാൻസ് റോയൽറ്റിയും കളക്ടറുടെ ക്വാറി സേഫ്റ്റി ഫണ്ടും അടച്ചതിനുപോലും ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി

വന്നുവെന്ന കാരണത്താൽ സ്റ്റോപ് മെമ്മോ കൊടുത്തിരിക്കുകയാണ്. ഇത്തരം പ്രശ്നങ്ങളിൽ അടിയന്തരമായി ഇടപെട്ട്, നിർമ്മാണ മേഖല സുഗമമാക്കുന്നതിനും മെറ്റീരിയൽസ് കിട്ടുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, എല്ലാത്തരം ചെറുകിട ധാതുക്കളുടെയും ഖനനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിക്കൊണ്ട് സുപ്രീംകോടതി വിധി പുറപ്പെടുവിച്ചിരുന്നു. എന്നാൽ 18-5-2012-ന് മുമ്പ് 5 ഹെക്ടറിൽ താഴെ വിസ്തീർണ്ണം വരുന്ന സ്ഥലങ്ങൾക്ക് അനുവദിച്ചിരുന്ന ദീർഘകാല ക്വാറിയിംഗ് ലീസുകൾക്ക് അവയുടെ കാലാവധി തീരുന്നതുവരെ പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടില്ല. സംസ്ഥാനത്ത് ദീർഘകാല ക്വാറിയിംഗ് ലീസ് പ്രകാരം പ്രവർത്തിച്ചിരുന്ന 502 ക്വാറികളും ഒരുവർഷ കാലാവധിയുള്ള പെർമിറ്റുകൾ സമ്പാദിച്ച് പ്രവർത്തിച്ചിരുന്ന ഏകദേശം 2500 ചെറുകിട ക്വാറികളുമുണ്ടായിരുന്നു. സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന 2500 ഓളം ചെറുകിട ക്വാറികൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പാരിസ്ഥിതികാനുമതി നിർബന്ധമാക്കി കൊണ്ട് വിവിധ സമയങ്ങളിൽ പുറപ്പെടുവിച്ച വിധിന്യായങ്ങളെത്തുടർന്ന് 2015-ന്റെ ആരംഭം മുതൽ അടച്ചുപൂട്ടാൻ നിർബന്ധിതമായി. എന്നിരുന്നാലും 07-12-2015-ൽ ലഭിച്ച ഇടക്കാല സ്റ്റേ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏകദേശം തൊള്ളായിരത്തോളം ചെറുകിട ക്വാറികൾ തുറന്ന് പ്രവർത്തിച്ചുവന്നിരുന്നു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അന്തിമവിധിയോടെ ഒട്ടനവധി ക്വാറികൾക്ക് പ്രവർത്തിക്കാനാവാത്ത സാഹചര്യം നിലവിൽവന്നു. ആയതിനാൽ ചുരുക്കത്തിൽ സംസ്ഥാനത്തിന്റെ ചെറുകിട ധാതു ഉപയോഗം ക്വാറിയിംഗ് ലീസ് പ്രകാരമുള്ള ക്വാറികളെ ആശ്രയിച്ചുമാത്രമായി. കൂടാതെ വീട് നിർമ്മാണമുൾപ്പെടെയുള്ള എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും സർക്കാരിന്റെ വികസന പ്രവർത്തനങ്ങളോടനുബന്ധിച്ചും മണ്ണ് ഖനനം ചെയ്യുന്നതിന് ഇളവുകൾ അനുവദിച്ചിരുന്ന ചട്ടങ്ങൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റദ്ദ് ചെയ്തിരുന്നുവെങ്കിലും 8-3-2017-ന് ഇതിന് സ്റ്റേ ലഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ ചെറുകിട ക്വാറികളടക്കം 108 ക്വാറികൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിച്ച വന്നിരുന്നുവെങ്കിലും 2-12-2016-ലെ അന്തിമവിധിയിലെ ഉത്തരവിലൂടെ നിലവിൽ ക്വാറിയിംഗ് ലീസുള്ള 8 ക്വാറികൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാതല പാരിസ്ഥിതിക ആഘാത നിർണ്ണയ സമിതിയാണ് ചെറുകിട

ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നത്. 20-1-2016-ൽ ജില്ലാതല പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റികളും അപ്രൈസൽ കമ്മിറ്റികളും രൂപീകരിച്ചുകൊണ്ട് കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാത്രമാണ് ജില്ലാതല അതോറിറ്റികളും അപ്രൈസൽ കമ്മിറ്റികളും പ്രവർത്തനക്ഷമമാക്കുന്നതിനു വേണ്ടിയുള്ള ഇടപെടലുകൾ നടത്തിയിട്ടുള്ളത്. വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പരിസ്ഥിതി വകുപ്പ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റി, റവന്യൂ വകുപ്പ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ജില്ലാതല അതോറിറ്റികളും കമ്മിറ്റികളും രൂപീകരിക്കുന്നതിനും തുടർന്ന് പാരിസ്ഥിതിക അനുമതി നൽകുന്നതു സംബന്ധിച്ചുള്ള പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും യോഗങ്ങൾ ചേരുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-12-2016-ന് നിർമ്മാണമേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് യോഗം ചേരുകയും തീരുമാനങ്ങളെടുക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാതലത്തിൽ പാരിസ്ഥിതിക അനുമതിക്കായുള്ള അപേക്ഷകൾ ലഭിച്ചാൽ താമസം കൂടാതെ അവ തീർപ്പാക്കാനുള്ള നടപടികൾ സർക്കാർ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു. പാരിസ്ഥിതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ധാതുഖനനം സാധ്യമാകുകയും ഈ രംഗത്തുള്ള തൊഴിൽ സ്തംഭനത്തിന് വിരാമമാകുകയും ചെയ്യും. കൊല്ലം ജില്ലയിൽ പാരിസ്ഥിതികാനുമതി ലഭിക്കുന്നതിന് ഇതിനകം 5 അപേക്ഷകൾ സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ഉടനെ അതിന്മേൽ നടപടി സ്വീകരിക്കുന്നതാണ്.

## (12) കളിമണ്ണിന്റെ ദൗർലഭ്യം

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, കളിമണ്ണ് അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന ഓട്, ഇഷ്ടിക തുടങ്ങിയ വ്യവസായങ്ങൾ ഇന്ന് കളിമണ്ണ് ലഭ്യമല്ലാത്തതിനാൽ കടുത്ത പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. നിരവധി ഓട്ടുകമ്പനികളും ഇഷ്ടിക കമ്പനികളും അടച്ചുപൂട്ടി. സംസ്ഥാനത്ത് ഈ മേഖലയിൽ ചെറുതും വലുതുമായ നിരവധി ഫാക്ടറികൾ പ്രവർത്തിക്കുകയും പതിനായിരക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുകയും ചെയ്യുന്നുണ്ട്. കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ ഓട് വ്യവസായത്തെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന ആയിരക്കണക്കിന് കുടുംബങ്ങളുണ്ട്. കോഴിക്കോട് ജില്ലയിൽമാത്രം

മൂവായിരത്തിലധികം തൊഴിലാളികൾ ഈ മേഖലയിൽ നേരിട്ട് ജോലി ചെയ്യുന്നുണ്ട്. എന്നാൽ ഇന്ന് നിരവധി ഇഷ്ടിക കളങ്ങൾ നിർത്തി. ഓട്ടു കമ്പനികൾ അടച്ചുപൂട്ടി. ഈ വ്യവസായം നിലനിൽക്കണമെങ്കിൽ അത്യാവശ്യം വേണ്ട അസംസ്കൃത വസ്തുവായ കളിമണ്ണ് ലഭ്യമല്ലാത്തതിനാൽ ഫാക്ടറികൾ പൂർണ്ണ ഉത്പാദനശേഷിയിൽ പ്രവർത്തിക്കുന്നില്ല. നിലവിൽ അടച്ചുപൂട്ടിയിട്ടില്ലാത്ത ഫാക്ടറികളിൽ മൂന്നുദിവസം ജോലിയും മൂന്നുദിവസം ലേ ഓഫും നൽകിയാണ് പ്രവർത്തിക്കുന്നത്. ഇതുകാരണം തൊഴിലാളി കുടുംബങ്ങൾ വലിയ ദുരിതത്തിലും പട്ടിണിയിലുമാണ്. ഇപ്പോൾ ചെറിയ തോതിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കമ്പനികളിൽപ്പോലും ലഭ്യമായ കളിമണ്ണ് മാർച്ച് മാസത്തോടുകൂടി തീരും. അതോടുകൂടി കമ്പനികൾ പൂർണ്ണമായും അടച്ചിടേണ്ട സ്ഥിതിയാണുള്ളത്. ഈ സ്ഥിതി മറികടക്കണമെങ്കിൽ കളിമണ്ണ് ഖനനം ചെയ്യാൻ സാധിക്കണം. കളിമണ്ണ് ഖനനത്തിൽ പലവിധ എതിർപ്പുകളും തടസ്സങ്ങളുമുണ്ട്. അവയ്ക്ക് ശാശ്വത പരിഹാരം കാണാൻ കഴിയണം. ഉപഗ്രഹ പരിശോധനവഴി കളിമണ്ണ് ശേഖരം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായി അറിയുന്നു. എന്നാൽ അതിന് ഏറെ സമയം വേണ്ടിവരും. പെട്ടെന്ന് പ്രായോഗികമായ നടപടികൾ സ്വീകരിക്കണം. ഇപ്പോൾ ഒരുതരത്തിലും നെൽകൃഷിക്ക് അനുയോജ്യമല്ലാത്ത സ്ഥലങ്ങളിലുള്ള കളിമണ്ണ് ഖനനം ചെയ്യുന്നതിന് നടപടി സ്വീകരിക്കണം. മുൻകാലങ്ങളിൽ ഇത്തരത്തിലുള്ള നടപടി സ്വീകരിച്ചതായി കാണാം. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണം. 150 വർഷത്തിലേറെ പഴക്കമുള്ള, ഇതുയുംകാലം വളരെ നല്ലനിലയിൽ പ്രവർത്തിച്ച ഫാക്ടറികൾപോലും ഇന്ന് പ്രവർത്തനം നിർത്തുകയാണ്. ബേപ്പൂർ നിയോജകമണ്ഡലത്തിൽ ഫറോക്-ചെറുവണ്ണൂർ മേഖലയിലെ നിരവധി കുടുംബങ്ങൾ ഈ വ്യവസായത്തെ നേരിട്ടും പരോക്ഷമായും ആശ്രയിച്ച് ജീവിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ മറ്റ് മേഖലകളിലും തൃശ്ശൂർ ജില്ലയിലും ഇന്ന് ഓട് വ്യവസായം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ലഭ്യമായ മണ്ണ് പോലും കൊണ്ടുപോകാൻ സാധിക്കുന്നില്ല. പോലീസ് അത്തരം ലോറികൾ കസ്റ്റഡിയിലെടുക്കുകയും വലിയ ഫൈൻ ഈടാക്കുകയും ചെയ്യുന്നു. അതുകൊണ്ട് തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനാവശ്യമായ സഹായം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. അനാവശ്യമായി ലോറികൾ കസ്റ്റഡിയിലെടുത്ത് ഫൈൻ ഈടാക്കുന്ന നടപടി നിർത്തിവയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി ഞാനഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരളത്തിൽ കളിമണ്ണ് അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് വളരെ കുറഞ്ഞ അളവിൽമാത്രമേ കളിമണ്ണ് ലഭിക്കുന്നുള്ളൂ എന്നതിനാൽ ഈ സ്ഥാപനങ്ങളും അവിടത്തെ തൊഴിലാളികളും പ്രതിസന്ധിയിലാണെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കളിമണ്ണെടുക്കുന്നതിനുള്ള ഭൂമിയുടെ ലഭ്യതക്കുറവ്, കൃഷി സ്ഥലങ്ങളെയും മനുഷ്യവാസ കേന്ദ്രങ്ങളെയും ഹാനികരമാക്കുന്നുവെന്നുള്ള ജനങ്ങളുടെ ഉത്കണ്ഠ, അതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും മറ്റ് ബന്ധപ്പെട്ട ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽനിന്നും കളിമൺ ഖനനത്തിന് ഏർപ്പെടുത്തിയിരിക്കുന്ന കർശന നിയന്ത്രണം എന്നീ കാരണങ്ങളാലാണ് ഈ പ്രതിസന്ധി ഉടലെടുത്തത്. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കളിമണ്ണ് കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ വേണ്ടത്ര വിജയിക്കുന്നുമില്ല. ഈ മേഖലയിലെ തൊഴിലാളികളുടെ നന്മയ്ക്കായി തൃശ്ശൂർ കേന്ദ്രമാക്കി 'ടെറാടൈൽ കൺസോർഷ്യം' എന്ന ഒരു ക്ലസ്റ്റർ ആരംഭിച്ചിരുന്നു. എന്നാൽ കളിമണ്ണിന്റെ ദൗർലഭ്യം കാരണം അതിപ്പോൾ പ്രവർത്തനരഹിതമാണ്. ഈ പ്രശ്നത്തിനൊരു പരിഹാരമെന്ന നിലയ്ക്ക് മംഗലം ഡാം ഡീസിൽറ്റ് ചെയ്ത് കളിമണ്ണ് ലഭ്യമാക്കുന്നത് സംബന്ധിച്ച് 16-10-2015-ൽ ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ ചർച്ച ചെയ്തിരുന്നെങ്കിലും ഇക്കാര്യത്തിൽ ഫലപ്രദമായ പുരോഗതിയുണ്ടായിട്ടില്ല. ഡാം ഡീസിൽറ്റ് ചെയ്തുകിട്ടുന്ന കളിമണ്ണ് ഈ ആവശ്യത്തിനുപയോഗപ്പെടുത്താൻ കഴിയുന്നതാണ്. ആ കാര്യം ഗവൺമെന്റ് ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്. ചാലക്കുടി റിഫ്രാക്ടറീസ് എന്ന പൊതുമേഖലാ സ്ഥാപനമിപ്പോൾ പ്രവർത്തിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഈ മേഖലയിലെ പ്രവർത്തന രഹിതമായ യൂണിറ്റുകൾ പുനരാരംഭിക്കുകയെന്നത് പ്രായോഗികമല്ല. കളിമണ്ണിന്റെ ലഭ്യതയ്ക്കനുസരിച്ച് നിയന്ത്രിതമായി കുറച്ച് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുക, മറ്റുള്ളവയുടെ ആസ്തികൾ ഇത്തരം പ്രശ്നങ്ങളില്ലാത്ത മറ്റ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ തുടങ്ങാൻ പ്രയോജനപ്പെടുത്തുക, ഈ മേഖലയിൽ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികൾക്കും ബീഡി തൊഴിലാളികൾക്ക് നൽകിയതുപോലുള്ള പുനരധിവാസ പാക്കേജ് തയ്യാറാക്കുക തുടങ്ങിയവയാണ് പരിഹാരമാർഗ്ഗങ്ങൾ. 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ നിലവിലിരുന്ന കാലഘട്ടത്തിൽ ഗവൺമെന്റ് ഉത്തരവിലൂടെ ഓട്, ഇഷ്ടിക, പരമ്പരാഗത മൺപാത്ര നിർമ്മാണം എന്നീ വ്യവസായങ്ങൾക്കനുയോജ്യമായ കളിമണ്ണ് ലഭ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും ഖനനത്തിനാവശ്യമായ

മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഉത്തരവായിട്ടുള്ളതാണ്. അന്ന് നിലവിലുണ്ടായിരുന്ന കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളെ അടിസ്ഥാനമാക്കി രൂപപ്പെടുത്തിയിരുന്ന മാർഗ്ഗനിർദ്ദേശങ്ങളായിരുന്നു പ്രസ്തുത ഉത്തരവിലുണ്ടായിരുന്നത്. ഇപ്രകാരം 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിന്റെ പരിധിയിൽ വരാത്ത ഭൂമി കണ്ടെത്തി പാരിസ്ഥിതിക ആഘാത സാധ്യതകൾ വിലയിരുത്തി, ഖനനത്തിന്റെ ഫലമായി ഉണ്ടാകുന്ന കുഴികൾ പൂർണ്ണമായും നികത്തി പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഒരു മോണിറ്ററിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും ഓട്, ഇഷ്ടിക, പരമ്പരാഗത മൺപാത്ര നിർമ്മാണം തുടങ്ങിയ വ്യവസായങ്ങൾക്കനുയോജ്യമായ കളിമണ്ണ് ഖനനം ചെയ്യുന്നതിനുള്ള സർക്കാർ നിർദ്ദേശങ്ങൾ നടപ്പിൽവരുത്തുകയുമുണ്ടായി. സംസ്ഥാനത്തുനിന്ന് ലഭ്യമായതും വളരെ കുറഞ്ഞ അളവിൽമാത്രം ഖനനം ചെയ്യാൻ സാധിക്കുന്നതും എന്നാൽ പരമ്പരാഗത വ്യവസായ സംരക്ഷണത്തിന് അത്യന്താപേക്ഷിതവുമായ അസംസ്കൃത ധാതുവായതിനാലും വളരെ കുറഞ്ഞ ആഴത്തിൽമാത്രമേ ഖനനം ചെയ്യാൻ സാധിക്കുവെന്നതിനാലും കളിമണ്ണ് ഖനനത്തെ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിൽനിന്നും 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഒഴിവാക്കിയിരുന്നു. എന്നാൽ 15-1-2016-ലെ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ ഉത്തരവിന്റെയും ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന്റെയും അടിസ്ഥാനത്തിൽ കളിമണ്ണടക്കമുള്ള എല്ലാ ചെറുകിട ധാതുക്കളും ഖനനം ചെയ്യുന്നതിനും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതാണ്. ഇത് നിലവിൽ കളിമൺ മേഖലയിലേതടക്കമുള്ള സംസ്ഥാന ധാതു ഖനനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. എന്നാൽ 5 ഹെക്ടറിൽ താഴെ വിസ്തീർണ്ണം വരുന്ന സ്ഥലത്തേയ്ക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാതല പാരിസ്ഥിതിക ആഘാത നിർണ്ണയ അതോറിറ്റി നിലവിൽ വന്നിട്ടുള്ളതിനാൽ കാലതാമസമുണ്ടാകുന്നതല്ല. 2008-ന് മുമ്പായി നികത്തപ്പെട്ടതും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരാത്തതുമായ പ്രദേശങ്ങളിൽ പരിസ്ഥിതിക്ക് കോട്ടം തട്ടാതെ ഖനനം ചെയ്യുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുന്നതിനായി പഠനം നടത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിനെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിന്റെ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് ഇത്തരം കാര്യങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (13) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും തുറമുഖ നിർമ്മാണവും

ശ്രീ. വി. എസ്. ശിവകുമാർ: സർ, പൂന്തുറ-വലിയതുറ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം ആരംഭിക്കണമെന്നും വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസ പദ്ധതികൾ അടിയന്തരമായി നടപ്പിലാക്കണമെന്നുമുള്ളതാണ് എന്റെ സബ്മിഷൻ. ഏറ്റവും കൂടുതൽ മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന രണ്ട് മേഖലകളാണ് പൂന്തുറ-വലിയതുറ പ്രദേശം. ഈ പ്രദേശത്തുള്ള തൊഴിലാളികൾ ഇപ്പോൾ വിഴിഞ്ഞത്തുപോയാണ് മത്സ്യബന്ധനം നടത്തുന്നത്. പ്രതിവർഷം 9 കോടിയോളം രൂപ ഇതിലേയ്ക്ക് അവർക്ക് യാത്രാച്ചെലവുതന്നെ ആകുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്. പൂന്തുറയിൽ മോഡൽ സ്റ്റഡി നടത്തുകയും പരിസ്ഥിതി ക്ലിയറൻസിന് പോകുകയും ചെയ്തിട്ടുണ്ട്. അവിടെനിന്ന് 500 മീറ്റർ വടക്കോട്ട് മാറണമെന്നുള്ള ആവശ്യം തീരദേശവാസികളുന്നയിച്ചപ്പോൾ അഡീഷണലായി സ്റ്റഡി നടത്തുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഉമ്മൻ ചാണ്ടി അവതരിപ്പിച്ച ബജറ്റിൽ 5 കോടി രൂപ തുറമുഖ നിർമ്മാണത്തിനുവേണ്ടി പ്രഖ്യാപിച്ചിരുന്നു. അതുപോലെതന്നെ വലിയതുറയിൽ 20 ലക്ഷം രൂപ ചെലവഴിച്ച് മോഡൽ സ്റ്റേഡിയം, എൻവയോൺമെന്റൽ സ്റ്റഡി നടത്തി ക്ലിയർ ചെയ്തിരിക്കുകയാണ്. ആ തുറമുഖത്തിനും കഴിഞ്ഞ ബജറ്റിൽ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിനുതന്നെ ക്ലിയറൻസ് നൽകാൻ കഴിയുന്ന തരത്തിലുള്ള പ്രോജക്റ്റാണ് തയ്യാറാക്കിയിട്ടുള്ളത്. ഫിഷ് ലാന്റിംഗ് സെന്ററിന്റെ ആനുവൽ ലോഡിംഗ് പതിനായിരം ടൺ എന്ന നിലയ്ക്കാണ് നൽകിയിട്ടുള്ളത്. അതുകൊണ്ട് സ്റ്റേറ്റിനുതന്നെ ഇതിനുവേണ്ട ക്ലിയറൻസ് നൽകുന്നതിന് സാധിക്കും.

സംസ്ഥാന സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ലാതെ ഫിഷിംഗ് ഹാർബറുകൾ നബാർഡിന്റെ സഹായത്തോടുകൂടി നിർമ്മിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്. ഫീസിബിലിറ്റി സ്റ്റഡിയോടൊപ്പം നബാർഡിന്റെ സഹായം തേടുന്നതിനുള്ള നടപടികളും ആരംഭിക്കാവുന്നതാണ്. അതോടൊപ്പംതന്നെ കിഫ്ബിയിൽ ഈ രണ്ട് പദ്ധതികൾ ഉൾപ്പെടുത്താൻ കഴിയുമോ എന്നുള്ളതും ആലോചിക്കണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം, വിഴിഞ്ഞം തുറമുഖ പദ്ധതിയോടനുബന്ധിച്ച് ഏകദേശം 475 കോടി രൂപയുടെ പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. അത് അംഗീകരിച്ചിട്ടുണ്ട്. 2015-16-ൽ അത് നടപ്പിലാക്കണമെന്നാണ് തീരുമാനിച്ചതെങ്കിലും ഇതുവരെ യാതൊരു നടപടിക്രമങ്ങളും ആരംഭിച്ചിട്ടില്ല. രണ്ടുദിവസത്തിനുമുമ്പ് തിരുവനന്തപുരത്ത്

സെക്രട്ടേറിയറ്റിന് മുന്നിൽ അയ്യായിരത്തോളം കമ്പവല തൊഴിലാളികൾ ഒരു സമരം നടത്തിയിരുന്നു. പ്രധാനപ്പെട്ട നേതാക്കന്മാരെല്ലാം അതിൽ പങ്കെടുത്തതാണ്. അവർക്ക് ഉപരിതല മത്സ്യബന്ധനം നടത്താൻ കഴിയാത്തൊരു സാഹചര്യമാണുള്ളത്. 475 കോടി രൂപയുടെ പാക്കേജിൽ 350 കോടി രൂപ പനത്തുറ മുതൽ വലിയവേളിവരെയുള്ള തൊഴിൽ നഷ്ടപ്പെട്ട ആളുകൾക്ക് വീടുവച്ചുകൊടുക്കുന്നതിനും തൊഴിൽ നഷ്ടപ്പെടുന്ന അടിമലത്തുറ മുതൽ പൊഴിയൂർ വരെയുള്ള മേഖലകളിലെ തൊഴിലാളികളുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലേയ്ക്കും വേണ്ടിയാണ്. ആ പ്രവർത്തനങ്ങൾ വളരെ അടിയന്തരമായി നടപ്പിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിൽ പ്രഖ്യാപിച്ച ബജറ്റിൽ അതിന് 50 കോടി രൂപ അനുവദിച്ചിരുന്നു. അതുപോലെതന്നെ ഈ പാക്കേജ് നടപ്പിലാക്കണമെന്ന് നമ്മൾ പ്രഖ്യാപിച്ചതിനുശേഷം കളക്ടറേറ്റിൽ വളരെയധികം പരാതികൾ ലഭ്യമായിട്ടുണ്ട്. ആ പരാതികൾകൂടി പരിശോധിച്ച് പുനരധിവാസ പാക്കേജ് വളരെ പെട്ടെന്നുതന്നെ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കണം. കാലവർഷം വരാൻപോവുകയാണ്. വീടും തൊഴിലും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് അടിയന്തര ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി 475 കോടി രൂപ അടങ്കൽ തുകയുള്ള ഒരു പ്രത്യേക പാക്കേജ് അംഗീകരിക്കപ്പെട്ടിരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പുനരധിവാസം, തിരുവനന്തപുരം ജില്ലയിലെ മറ്റ് പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ തീരദേശത്തുനിന്നുള്ള പുനരധിവാസം, ആഴക്കടൽ മത്സ്യബന്ധന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, അനുബന്ധ പരിശീലനങ്ങൾ, സ്വയംസഹായ സംഘങ്ങളുടെ ശാക്തീകരണം, കടൽ സുരക്ഷാ സംവിധാനങ്ങൾ, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസം തുടങ്ങി നിരവധി പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. അതോടൊപ്പം മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് 350 കോടി രൂപയുടെ പ്രത്യേക പാക്കേജും വിഭാവനം ചെയ്തിരുന്നു. പനത്തുറ മുതൽ വലിയവേളിവരെയുള്ള തീരപ്രദേശത്തെ

മൂവായിരത്തോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി അമ്പത് ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് 150 കോടി രൂപയും ഫ്ലാറ്റ് നിർമ്മാണത്തിന് 150 കോടി രൂപയും മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കായി 30 കോടി രൂപയുമുൾപ്പെടെ 330 കോടി രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പുനരധിവാസത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം രണ്ട് കോടി നാൽപ്പത്തിനാല് ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിക്കുകയുണ്ടായി. പ്രസ്തുത തുക വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന് നൽകിയിട്ടുണ്ട്. അവർ അത് ചിപ്പിത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിനാണ് വിനിയോഗിച്ചിട്ടുള്ളത്. വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാര പുനരധിവാസ പാക്കേജിൽ ഗുണഭോക്താക്കളെ യഥാസമയം കണ്ടെത്തി യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഒരു മിഷൻ മാതൃക അവലംബിക്കേണ്ടതുണ്ട്. ഇതിനായി പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് രൂപീകരിച്ച് പുനരധിവാസ പാക്കേജ് നടപ്പിലാക്കാനുള്ള സത്വര നടപടി സ്വീകരിക്കുന്നതാണ്. പുനരധിവാസത്തിനാവശ്യമായ തുക കണ്ടെത്തുന്നതിനും ടി പ്രദേശത്ത് നടപ്പിലാക്കേണ്ട വിവിധ ജീവനോപാധി പദ്ധതികളെക്കുറിച്ച് ആവശ്യമായ സർവ്വേ നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഈ പാക്കേജിന് ഇത്ര കോടി രൂപ എന്നു പറഞ്ഞതല്ലാതെ ബജറ്റിൽ ആ പണം പ്രൊവൈഡ് ചെയ്തിരുന്നില്ല. ഇപ്പോഴും അത് പറഞ്ഞിട്ടേയുള്ളൂ. പ്രോജക്ട് തയ്യാറാക്കിക്കൊടുക്കുന്ന മുറയ്ക്ക് ആ പ്രൊവിഷനിലേയ്ക്ക് നമുക്ക് പോകാം. പിന്നീട് അദ്ദേഹം പൂന്തുറ - വലിയവേളി ഹാർബറിനെക്കുറിച്ച് പറഞ്ഞു. കേരളത്തിൽ നിലവിൽ 20 ഹാർബറുകളാണുള്ളത്. ഈ 20 ഹാർബറുകളിൽ 10 എണ്ണത്തിൽ താഴെ മാത്രമാണ് ഇന്ന് ഫലപ്രദമായി വിനിയോഗിക്കുന്നത്. ബാക്കി ഹാർബറുകളിലെല്ലാം കോടിക്കണക്കിന് രൂപ ഇൻവെസ്റ്റ് ചെയ്യുകയും അത് തൊഴിലാളികൾക്ക് ഗുണപ്രദമല്ലാതാ യിരിക്കുകയുമാണ്. അതിന്റെ കൂട്ടത്തിലാണ് പുതിയ പുതിയ ഹാർബറുകൾക്ക് ഇങ്ങനെ 5 കോടി രൂപ വയ്ക്കുകയും പഠനം നടത്തുകയും ചെയ്യുന്നത്. ജനങ്ങൾ അവിടെ സമ്മർദ്ദം ചെലുത്തുമ്പോൾ പ്രദേശം മാറ്റണമെന്ന ആവശ്യം വീണ്ടും വരും. അപ്പോൾ വീണ്ടും ഒരു പഠനം, പരിസ്ഥിതി ക്ലിയറൻസ് ഇങ്ങനെ പോകുകയാണ്. അതുകൊണ്ട് ഈ ഗവൺമെന്റ് തിരുവനന്തപുരം അടക്കമുള്ള ജില്ലകളിൽ അത്യാവശ്യം ഹാർബറുകൾവേണ്ട സ്ഥലങ്ങളെക്കുറിച്ച് ഒരു മാസ്റ്റർ സർവ്വേ നടത്താൻ ആലോചിക്കുകയാണ്. ഇപ്പോൾ

വിഴിഞ്ഞം തുറമുഖത്തിന്റെ സൗകര്യം വർദ്ധിപ്പിക്കാൻ ആലോചിക്കുന്നുണ്ട്. അഞ്ചും ആറും കിലോമീറ്ററിനിടയിൽ ഒരു ഹാർബർ വന്ന് കോടികൾ ഇൻവെസ്റ്റ് ചെയ്യുക, അത് ഫലപ്രദമായി തൊഴിലാളികൾക്ക് ഉപയോഗിക്കാൻ കഴിയാതിരിക്കുക എന്ന സ്ഥിതിക്കപ്പുറം ഇൻവെസ്റ്റ് ചെയ്യുന്നത് പൂർണ്ണമായും തൊഴിലാളികൾക്ക് ഗുണകരമായി ഉപയോഗിക്കാൻ സാധിക്കുന്ന സ്ഥലത്തിനാണ് ഗവൺമെന്റ് പ്രയോറിറ്റി കൊടുക്കുന്നത്. തീർച്ചയായും ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പറഞ്ഞ കാര്യങ്ങളടക്കം പരിശോധിക്കുന്നതാണ്.

## (14) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ

ശ്രീ. ആർ. രാമചന്ദ്രൻ : സർ, കശുവണ്ടി സംസ്കരണ കയറ്റുമതി മേഖലകളിൽ കേരളത്തിന്റെ പങ്കാളിത്തം വളരെ ശ്രദ്ധേയമാണ്. ഏകദേശം 800 കശുവണ്ടി സംസ്കരണ ഫാക്ടറികളാണ് കേരളത്തിൽ പ്രവർത്തിക്കുന്നത്. ഇവ പ്രവർത്തിക്കുന്നതിന് പ്രതിദിനം നൂറ് മെട്രിക് ടൺ തോട്ടണ്ടി ആവശ്യമാണെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ ഫാക്ടറികളിൽ രണ്ടര ലക്ഷം തൊഴിലാളികളാണുള്ളത്. ഇതിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. കേരളത്തിലെ കശുവണ്ടി തൊഴിലാളികൾ പത്ത് ശതമാനം മാത്രമാണ് പൊതുമേഖലയിലുള്ള കശുവണ്ടി കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികളിൽ തൊഴിലെടുക്കുന്നത്. ഈ മേഖലയിലെ 90 ശതമാനം തൊഴിലാളികളും സ്വകാര്യ ഫാക്ടറികളിൽ പണിയെടുക്കുന്നവരാണ്. സംസ്ഥാനത്തെ നാനൂറിലധികം വരുന്ന സ്വകാര്യ ഫാക്ടറികൾ അടഞ്ഞുകിടക്കുകയാണ്. നിരന്തര സമരത്തെത്തുടർന്ന് സമവായത്തിലൂടെ തുറക്കുമെന്ന് ധാരണയിലെത്തിയ ഫാക്ടറികളും അടഞ്ഞുതന്നെ കിടക്കുന്നു. സമൂഹത്തിലെ അടിസ്ഥാന വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾ പണിയെടുക്കുന്ന ഈ രംഗത്തെ തൊഴിലില്ലായ്മ ഗ്രാമീണ മേഖലയിൽ അതിരൂക്ഷമായ ദാരിദ്ര്യത്തിനും പട്ടിണിക്കും ഇടയാക്കിയിരിക്കുകയാണ്. ഫാക്ടറികളിൽ പണിയില്ലാത്തതുകാരണം തൊഴിലാളികളുടെ ഇ.എസ്.ഐ. ആനുകൂല്യങ്ങൾ നിഷേധിക്കപ്പെട്ടിരിക്കുന്നു. വിവിധ കാരണങ്ങളാൽ അടഞ്ഞുകിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ എത്രയും വേഗം തുറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഒരുതരത്തിലും തുറക്കാൻ സാധ്യതയില്ലാത്ത ഫാക്ടറികൾ ഗവൺമെന്റ് ഏറ്റെടുത്ത് തുറന്ന് പ്രവർത്തിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. കശുവണ്ടി വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനും സംരക്ഷണത്തിനുമുതകുന്ന ഒരു പാക്കേജ് പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കണം. കശുവണ്ടി വ്യവസായ രംഗത്ത് തോട്ടണ്ടി സംഭരണത്തിനും ഫാക്ടറി നവീകരണത്തിനും കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുമായി എഴുപത്തിയെട്ടര കോടി രൂപ ബജറ്റിൽ

വകകൊള്ളിച്ചിരിക്കുന്നത് ആശ്വാസകരമാണ്. 140 കോടി രൂപ ആവശ്യമുള്ള സ്ഥാനത്താണ് ഈ പ്രഖ്യാപനമുണ്ടായിട്ടുള്ളത്. പൊതുമേഖലാ ഫാക്ടറികളിലെ 2011 മുതൽ 2016 വരെയുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക 56 കോടി രൂപയാണ്. സംസ്ഥാനത്തെ ചില സ്വകാര്യ ഫാക്ടറികൾ നാമമാത്രമായി പ്രവർത്തിക്കുന്നുവെങ്കിലും ഇവിടങ്ങളിൽ കടുത്ത നീതി നിഷേധവും തൊഴിലാളി ചൂഷണവുമാണ് നടക്കുന്നത്. സ്വകാര്യ ഫാക്ടറികൾ നാളിതുവരെയായി മിനിമം വേജസ് നടപ്പിലാക്കിയിട്ടില്ല. തൂക്കത്തിൽ കൃത്രിമം കാണിച്ച് തൊഴിലാളികളുടെ കൂലി വെട്ടിക്കുന്ന സമ്പ്രദായവും ഇവർ പിൻതുടരുന്നു. തൊഴിലാളി ചൂഷണം അവസാനിപ്പിക്കുന്നതിനും എല്ലാ ഫാക്ടറികളിലും മിനിമം കൂലി നടപ്പിലാക്കുന്നതിനുംവേണ്ടി സർക്കാർ അടിയന്തരമായി ഇടപെടണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>) : സർ, സംസ്ഥാനത്ത് 800-ലധികം സ്വകാര്യ കശുവണ്ടി ഫാക്ടറികളാണുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ മിക്കവാറും എല്ലാ ഫാക്ടറികളും അടഞ്ഞുകിടക്കുകയായിരുന്നു. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തര ഇടപെടലിനെത്തുടർന്ന് 428-ലധികം ഫാക്ടറികൾ ഇതിനകം തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. തുറന്ന് പ്രവർത്തിക്കുന്ന ഫാക്ടറികളിൽ മിനിമം വേജസ് നൽകുന്നില്ലെന്ന പരാതി ലഭിച്ചിട്ടില്ല. പരാതികൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ ഉടമസ്ഥതയിലുള്ള കാഷ്യൂ കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് മുൻ എൽ.ഡി.എഫ്. സർക്കാർ 2010 വരെയാണ് ഗ്രാറ്റുവിറ്റി നൽകിയിരുന്നത്. പിന്നീട് വന്ന യു.ഡി.എഫ്. സർക്കാർ ഒരു വർഷത്തെ ഗ്രാറ്റുവിറ്റിപോലും നൽകിയിട്ടില്ല. ഇപ്പോൾ 2016 വരെയുള്ളത് due ആണ്. ഏപ്രിൽ മാസത്തോടുകൂടി കുറച്ച് ഗ്രാറ്റുവിറ്റി കൊടുക്കാൻ ഈ ഗവൺമെന്റ് ആലോചിക്കുന്നതാണ്. ഡെപ്യൂട്ടി ലേബർ കമ്മീഷണർ മുമ്പാകെ 841 ഗ്രാറ്റുവിറ്റി കേസ്സുകൾ ഫയൽ ചെയ്തിരുന്നതിൽ 607 എണ്ണവും തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. കശുവണ്ടി ഫാക്ടറികൾ അടഞ്ഞു കിടക്കുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളിൽ കൊല്ലം ജില്ലാ ലേബർ ഓഫീസിൽ നടത്തിയ അനുരഞ്ജന ചർച്ചകളിൽ കുറേയധികം ഫാക്ടറികൾ തുറന്നിട്ടുണ്ട്. മാനേജ്മെന്റ് ഹാജരാകാത്ത അഞ്ചോളം ഫാക്ടറികൾ അഡ്ജ്യൂഡിക്കേഷന് റഫർ ചെയ്തിരിക്കുകയാണ്. അനുരഞ്ജന ചർച്ചകളിൽ ഒത്തുതീർപ്പാകാത്ത പരാതികൾ പ്രശ്നപരിഹാരത്തിനായി കൊല്ലം റീജണൽ ലേബർ കമ്മീഷണർക്ക് കൈമാറിയിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കു ന്നതിനുള്ള നടപടികൾ വിവിധ തലങ്ങളിൽ

നടന്നുവരികയാണ്. ഇവ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഏറെ പരിമിതികളുണ്ട്. അടഞ്ഞുകിടക്കുന്ന എല്ലാ ഫാക്ടറികളും ഏറ്റെടുക്കുകയെന്നത് സർക്കാരിന്റെ നയമല്ല. എന്നാൽ തുറന്ന് പ്രവർത്തിപ്പിക്കാൻ ശേഷിയുണ്ടായിട്ടും മനഃപൂർവ്വം ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കാത്ത ഫാക്ടറി ഉടമകൾക്കെതിരെ സർക്കാർ നിയമ നടപടി സ്വീകരിക്കും. അതിന്റെ ഭാഗമായി കാഷ്യൂ സ്പെഷ്യൽ ഓഫീസർ നിയമ നടപടി സ്വീകരിച്ചുവരികയാണ്. Kerala Cashew Factories Acquisition Act, 1974 പ്രകാരം 3 ഫാക്ടറികൾക്ക് ഇതിനകം തന്നെ നോട്ടീസ് നൽകിയിട്ടുണ്ട്. തോട്ടണ്ടി ദൗർലഭ്യവും ധനകാര്യ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന ജപ്തി നടപടികളുമാണ് ചെറുകിട കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതിന് പ്രധാനകാരണം. വ്യവസായികളുടെ ബാങ്ക് അക്കൗണ്ടുകൾ നോൺ പെർഫോമിംഗ് അസറ്റായി പ്രഖ്യാപിച്ചതുമൂലമുള്ള പ്രശ്നങ്ങളാണ് ഇപ്പോൾ അവർ നേരിട്ടുവരുന്നത്. ഏറ്റവും അവസാനം ഫാക്ടറികൾ തുറപ്പിക്കുന്നതിനായി 5-12-2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ച് യോഗം ചേരുകയും ചെറുകിട സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ എന്നിവരടങ്ങിയ ഒരു എസ്.പി.വി. രൂപീകരിക്കാൻ തീരുമാനിക്കുകയും അങ്ങനെ രൂപീകരിക്കപ്പെടുന്ന എസ്.പി.വി., പ്രശ്നങ്ങൾ പഠിച്ച് സർക്കാരിന് നിർദ്ദേശങ്ങൾ സമർപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചു വരികയാണ്. ചെറുകിട സ്വകാര്യ കശുവണ്ടി വ്യവസായികൾ ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള കടത്തെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ സർക്കാരിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ഇപ്പോൾ ലഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ വ്യവസായികളുടെയും ബാദ്ധ്യത സംബന്ധിച്ച് ബന്ധപ്പെട്ട ബാങ്കുമായി ചർച്ച ചെയ്യുന്നതിനും അവരുടെ കുടിശ്ശിക തീർപ്പാക്കാനുള്ള വ്യവസ്ഥകളെക്കുറിച്ച് ആലോചിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനായി സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടരും. കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിന് സർക്കാർ ഈ വർഷത്തെ ബജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രായോഗികമായി ഇതെങ്ങനെ നടപ്പിലാക്കണമെന്നാലോചിക്കുന്നതിനുവേണ്ടി വ്യവസായികളുടെയും ട്രേഡ് യൂണിയനുകളുടെയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഐ.ആർ.സി. ഉടൻ വിളിച്ചുചേർക്കും. ഐ.ആർ.സി.-യിൽ വിശദമായി ഇതിനെക്കുറിച്ച് ചർച്ച നടത്തി എങ്ങനെ സ്വകാര്യ വ്യവസായികളെ സഹായിക്കാമെന്നതിനെക്കുറിച്ച് തീരുമാനമെടുക്കും.

## (15) കെട്ടിട നിർമ്മാണം

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ മണ്ഡലത്തിലെ അട്ടപ്പാടി ആർട്സ് & സയൻസ് കോളേജിൽ ഇപ്പോൾ മുടങ്ങിക്കിടക്കുന്ന പുതിയ കെട്ടിടത്തിന്റെ നിർമ്മാണം അടിയന്തരമായി പുനരാരംഭിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഈ കോളേജ് 2012-ലാണ് നിലവിൽ വന്നത്. 7 കോഴ്സുകൾ അനുവദിച്ചെങ്കിലും സ്ഥലമില്ലാത്തതുകൊണ്ട് 4 കോഴ്സുകളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. താൽക്കാലിക കെട്ടിടത്തിലാണ് ഇത് പ്രവർത്തിക്കുന്നത്. ഇതിൽ പ്രത്യേകമായി ശ്രദ്ധിക്കേണ്ട ഒരു കാര്യം, കേരളത്തിൽ തന്നെ 50 ശതമാനം ആദിവാസി കുട്ടികൾക്ക് സംവരണമുള്ള ഏക കലാലയമാണ് അട്ടപ്പാടി ആർട്സ് & സയൻസ് കോളേജ്. കോളേജിന് സ്വന്തം കെട്ടിടത്തിനായി ഞങ്ങൾ സ്ഥലം കണ്ടെത്തുകയും അവിടെ കൊളീജിയേറ്റ് എഡ്യൂക്കേഷൻ 1.72 കോടി രൂപയുടെ നിർമ്മാണപ്രവൃത്തികൾക്കുവേണ്ടി തീരുമാനിക്കുകയും ചെയ്തു. 2014-15-ൽ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് ഞാൻ ഒരു കോടി രൂപ കൊടുത്തു. ഹാബിറ്റാറ്റാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തത്. 75 ശതമാനം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. പക്ഷേ ഹാബിറ്റാറ്റ്, കൊളീജിയേറ്റ് എഡ്യൂക്കേഷന് ഇപ്പോൾ സമർപ്പിച്ചിട്ടുള്ള ഒരു ഇടക്കാല ബില്ലിന് പേമെന്റ് നൽകാത്തതുകൊണ്ട് കഴിഞ്ഞ മൂന്നുമാസമായി പ്രവൃത്തി മുടങ്ങിക്കിടക്കുകയാണ്. സ്ഥലപരിമിതിമൂലവും, നിലവിലുള്ള താൽക്കാലിക കെട്ടിടത്തിൽ റേഡിയേഷന്റെ അടക്കം ഒരുപാട് പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെയുള്ളവർക്ക് ഇതുസംബന്ധിച്ച് പല തവണ കത്ത് നൽകി. ഹാബിറ്റാറ്റിനെ പല തവണ വിളിച്ചു. കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടറോട് പറഞ്ഞു. പക്ഷേ പരിഹാരമുണ്ടാകുന്നില്ല. വിദ്യാർത്ഥികളും നാട്ടുകാരും സമരപാതയിലാണ്. അടിയന്തരമായി നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാനും അടുത്ത അദ്ധ്യയനവർഷം ക്ലാസ് മാറ്റാനും നടപടി സ്വീകരിക്കണം. ഇപ്പോൾ പ്രവൃത്തിയൊന്നും നടക്കുന്നില്ല. ഈ അദ്ധ്യയനവർഷം അവസാനിക്കാൻ ഇനി ദിവസങ്ങൾ മാത്രമേയുള്ളൂ. ഇനിയുള്ള മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങൾ കൊണ്ട് ജോലി പൂർത്തീകരിച്ച് പുതിയ അദ്ധ്യയന വർഷത്തിൽ, കുട്ടികൾക്ക് അവിടെ പഠിക്കാൻ സാധിക്കണം. പുതിയ കെട്ടിടത്തിലേയ്ക്ക് മാറിയാൽ ബാക്കിയുള്ള 3 കോഴ്സുകൾ കൂടിയാരംഭിക്കാനും ഇതിനെ നല്ലൊരു ക്യാമ്പസ് ആയി മാറ്റാനും സാധിക്കും. ഇപ്പോഴുള്ള ഈ തടസ്സം നീങ്ങിക്കിട്ടലാണ് ഇതിന്റെ പ്രധാനപ്പെട്ട

പ്രശ്നം. മന്ത്രി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിക്കണമെന്ന് ഞാൻ നേരത്തേ ആവശ്യപ്പെട്ടിരുന്നു. ഹാബിറ്റാറ്റിന്റെയും കൊളീജിയേറ്റ് എഡ്യൂക്കേഷന്റെയും പ്രതിനിധികൾ, കോളേജ് പ്രിൻസിപ്പാൾ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ഭാരവാഹികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു യോഗം വിളിച്ചുചേർക്കേണ്ടത് ആവശ്യമാണ്. ജനപ്രതിനിധിയെന്നുള്ള നിലയിൽ ഞാനും പങ്കെടുക്കാം. അതിലുപരി ഹാബിറ്റാറ്റ് കൊടുത്തിട്ടുള്ള ഈ ബിൽ കൊളീജിയേറ്റ് എഡ്യൂക്കേഷൻ അടിയന്തരമായി കൊടുത്തുതീർത്ത് ഈ പ്രവൃത്തി പുനരാരംഭിക്കാനുള്ള നടപടിയുണ്ടാകണം. കേരളത്തിലെ ആദിവാസികൾക്ക് സംവരണമുള്ള ഏക കോളേജിന്റെ ഈ അവസ്ഥയിൽ സർക്കാർ അടിയന്തരമായി ഇടപെടണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, അട്ടപ്പാടി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് കെട്ടിടം നിർമ്മിക്കുന്നതിന് 135 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത തുകയിൽ ഒരു കോടി രൂപ സ്ഥലം എം.എൽ.എ.-യുടെ ആസ്തി വികസനഫണ്ടിൽ നിന്നും തുക ലഭ്യമാകുമ്പോൾ തിരിച്ചടയ്ക്കണമെന്ന വ്യവസ്ഥയിൽ 2202-03-102-71 - സ്റ്റേറ്റ് അവാർഡ് ഫണ്ട് ഫോർ യൂണിവേഴ്സിറ്റി എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുകയും ചെയ്തിരുന്നു. കോളേജിന് അധികമുറികൾ ആവശ്യമുണ്ടെന്ന കോളേജ് അധികൃതരുടെ അഭ്യർത്ഥന പ്രകാരം ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് 172 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി 172 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയും ഈ ആവശ്യത്തിലേയ്ക്ക് അധിക തുകയായ 72 ലക്ഷം രൂപ ധനപുനർവിനിയോഗം വഴി കണ്ടെത്താനും നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കെട്ടിട നിർമ്മാണത്തിനാവശ്യമായി വരുന്ന തുക ധനപുനർവിനിയോഗം വഴി അനുവദിക്കുന്ന പ്രൊപ്പോസൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. കൂടാതെ കെട്ടിട നിർമ്മാണത്തിന് എം.എൽ.എ. ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ലഭ്യമാക്കാനുള്ള ശിപാർശയും ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ കോളേജ് അഹാഡ്സിന്റെ ഇൻസ്പെക്ഷൻ ബംഗ്ലാവിലാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ ബി.എ. ഹിസ്റ്ററി, ബി.എ. ഇംഗ്ലീഷ്, ബി.എ. മലയാളം, ബി.കോം എന്നീ കോഴ്സുകൾ നടത്തുന്നതിനുള്ള 12 ക്ലാസ് മുറികൾ, സെക്കന്റ് ലാംഗ്വേജ് ക്ലാസ് റൂം, ലൈബ്രറി, ഓഫീസ്, പ്രിൻസിപ്പാളിന്റെ മുറി, കമ്പ്യൂട്ടർ ലാബ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ താൽക്കാലിക കെട്ടിടത്തിലെ വളരെ പരിമിതമായ സ്ഥലത്താണ് പ്രവർത്തിക്കുന്നതെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ സയൻസ് വിഷയത്തിൽ അനുവദിച്ച രണ്ട് കോഴ്സുകൾ സ്ഥലപരിമിതി കാരണം ഇതുവരെ ആരംഭിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. കോളേജിന് ലഭ്യമാകേണ്ട അധിക ഫണ്ട് അനുവദിക്കുന്നതിന്

അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. കോളേജിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും സുഗമമാക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കും. ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആവശ്യമനുസരിച്ച് യോഗം വിളിക്കുകയും ചെയ്യാം.

## (16) ശുചീകരണ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ

ശ്രീ. എം. നൗഷാദ്: സർ, കൊല്ലം കോർപ്പറേഷനിൽ ശുചീകരണ തൊഴിലാളികളുടെ അഭാവംമൂലം ജനങ്ങൾ അനുഭവിക്കുന്ന ദുരിതവും നിലവിൽ സി.എൽ.ആർ. വ്യവസ്ഥയിൽ തൊഴിലെടുക്കുന്നവരെ സ്ഥിരപ്പെടുത്താത്തതുമൂലം തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുമാണ് എനിക്ക് സബ്മിഷനായി ഉന്നയിക്കാനുള്ളത്. 2000-ലാണ് കൊല്ലം കോർപ്പറേഷനായത്, ഇപ്പോൾ 2017 ആയി. അന്ന് മുനിസിപ്പാലിറ്റിയായിരുന്നപ്പോഴുള്ള 198 ശുചീകരണ തൊഴിലാളികൾ മാത്രമാണ് ഇപ്പോഴുമുള്ളത്. കോർപ്പറേഷനായി ഇത്രയും വർഷം കഴിഞ്ഞിട്ടും ശുചീകരണ പ്രവർത്തനങ്ങൾക്ക് ഒരാളെ പോലും അധികമായി അനുവദിക്കാൻ ഇതുവരെ തയ്യാറായിട്ടില്ല. തിരുവനന്തപുരം, കോഴിക്കോട് കോർപ്പറേഷനുകളിൽ ആയിരക്കണക്കിന് ശുചീകരണ തൊഴിലാളികളുണ്ട്. ഇവിടെ വെറും 198 ശുചീകരണ തൊഴിലാളികളാണുള്ളത്. ഇവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം. അതോടൊപ്പം ഈ 198 തൊഴിലാളികൾ അവിടെയുള്ളപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 100 പേരെ 2006-ൽ നിയമിച്ചിരുന്നു. 198 പേരിൽ 42 പേർ പിരിഞ്ഞുപോയി അല്ലെങ്കിൽ മരണപ്പെട്ടുപോയി. 42 ഒഴിവുകളുണ്ട്. 2006-ൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സംവരണക്രമങ്ങളെല്ലാം പാലിച്ചുകൊണ്ട് നിയമിച്ച ആ ലിസ്റ്റിലുള്ളവരെ ഇപ്പോൾ നിലവിലുള്ള 42 ഒഴിവുകളിലേയ്ക്ക് സ്ഥിരപ്പെടുത്തുന്നതിനുള്ള അനുമതിക്കായി അപേക്ഷിച്ചിട്ട് നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല. ധനകാര്യ വകുപ്പിന്റെ അനുമതി വേണമെന്ന് പറഞ്ഞിട്ടാണ് ആ ഫയൽ പോയിട്ടുള്ളത്. നിലവിലുള്ള ഒഴിവുകളിൽ ആളുകളെ നിയമിക്കുന്നതിന് എന്തിനാണ് ധനകാര്യ വകുപ്പിന്റെ അനുമതി. അതേ സമയം നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിക്ക് കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ നിയമനാധികാരി മുനിസിപ്പൽ കൗൺസിലറാണ്. പുതിയതായി തസ്തിക സൃഷ്ടിക്കുന്നതിന് മാത്രമാണ് സർക്കാർ അനുമതി ആവശ്യമുള്ളത്. ഈ സാഹചര്യത്തിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് നിലവിലുള്ള ലിസ്റ്റിൽ നിന്നും സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നിയമിക്കേണ്ടത് ബന്ധപ്പെട്ട നഗരസഭാ കൗൺസിലാണ് - ഈ ഒരു ഉത്തരവ് മതി. പക്ഷേ നാളിതുവരെ അത് ലഭിച്ചിട്ടില്ല. ഇപ്പോൾ പലരും റിട്ടയർ ചെയ്തു, 2006-ൽ വന്നവർ 11 വർഷമായി തൊഴിലെടുക്കുന്നു. അവരെ നിലവിലുള്ള ഒഴിവുകളിൽ നിയമിക്കുന്നതിനുള്ള അനുമതി അടിയന്തരമായി നൽകണമെന്ന് ആവശ്യപ്പെടുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, കേരളത്തിലെ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സ്ഥിരം ശുചീകരണ തൊഴിലാളികളെ നിയമിക്കുന്നതിന് ബന്ധപ്പെട്ട കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും അധികാരം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൊല്ലം കോർപ്പറേഷനിൽ ഒഴിവ് വന്നിട്ടുള്ള തസ്തികകളിലേയ്ക്ക് സ്ഥിരനിയമനം ലഭിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചതെന്നാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞത്. എന്നാൽ എംപ്ലോയ്മെന്റ് ഓഫീസർ നൽകിയിട്ടുള്ള വിവരം, താൽക്കാലിക തൊഴിലാളികളെ നിയമിക്കുന്നതിനാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് ലിസ്റ്റ് ആവശ്യപ്പെട്ടത് എന്നുള്ളതാണ്. ഏതായാലും ഇതുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിന് അയച്ചിട്ടുണ്ട്. എത്രയും പെട്ടെന്ന് തീർപ്പുണ്ടാക്കി പ്രശ്നപരിഹാരത്തിന് ശ്രമിക്കുമെന്നുള്ള കാര്യം സഭയെ അറിയിക്കുകയാണ്.

## (17) കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം

ശ്രീ. പി. സി. ജോർജ്: സർ, ഗാർഹിക ഉപഭോക്താക്കളുടെ മേൽ അമിത ഭാരം അടിച്ചേൽപ്പിക്കുന്ന ഇലക്ട്രിസിറ്റി ബോർഡിന്റെ നയം തിരുത്തണമെന്ന് പുതിയതായി ചാർജ്ജെടുത്ത ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാൻ വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഗാർഹിക ഉപഭോക്താക്കൾക്ക് അറിഞ്ഞുകൊണ്ട് മൂന്ന് പ്രാവശ്യവും അറിയാതെ അഞ്ച് പ്രാവശ്യവും ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. ആരും അറിയാതെ ചെറിയ വർദ്ധനവാണ് വരുത്തുന്നത്. Current charge arrears due from private sector as on 30-9-2016. എത്രയാണെന്ന് അറിയാമോ; കേട്ടാൽ ഞെട്ടിപ്പോകും, ഈ ദിവസം വരെ ഇലക്ട്രിസിറ്റി ബോർഡിന് നാന്നൂറ്റി പതിനാറ് കോടി പതിനഞ്ച് ലക്ഷത്തി അറുപത്തി എണ്ണായിരത്തി നാന്നൂറ്റി എഴുപത്തി ഒൻപത് രൂപ കിട്ടാനുണ്ട്. ഇലക്ട്രിസിറ്റി ബോർഡിന് ഒരു പ്രശ്നവുമില്ല. സമ്പന്നന്മാർക്ക് ഒരു പ്രശ്നവുമില്ല, ഹൈടെൻഷനാണ്. ഇവരൊക്കെ കാശ് അടയ്ക്കാതെ വീണ്ടും വൈദ്യുതി ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. കോട്ടയത്തെ ഗവൺമെന്റ് പോളിടെക്നിക്കിൽ പ്രിൻസിപ്പാളിന്റെ പോക്കറ്റിൽ നിന്ന് ഒന്നര ലക്ഷം രൂപ മുടക്കി ബിൽ അടച്ചു. ഒന്നര ലക്ഷം രൂപ ചാർജ്ജ് അടയ്ക്കണം, ഒരു ദിവസം പോലും അനുവദിക്കാതെ

ഫ്യൂസ് ഊരാൻ വന്നിരിക്കുകയാണ് ഇലക്ട്രിസിറ്റി ബോർഡിലെ ഉദ്യോഗസ്ഥൻ. നല്ലവനായ പ്രിൻസിപ്പാൾ പോക്കറ്റിൽ നിന്ന് ഒന്നര ലക്ഷം രൂപ മുടക്കി ബിൽ അടച്ചു. എന്ത് ക്രൂരതയാണിത്. ഇവിടെ ഞാൻ പറഞ്ഞ നാന്നൂറ്റി പതിനാറ് കോടി പതിനഞ്ച് ലക്ഷത്തി അറുപത്തി എണ്ണായിരത്തി നാന്നൂറ്റി എഴുപത്തി ഒൻപത് രൂപ അടയ്ക്കാനുള്ള മുതലാളിക്ക് സ്റ്റേയുമില്ല ഫ്യൂസ് ഊരലുമില്ല. ഇത് ഇങ്ങനെ അനുസ്യൂതം തുടരുകയാണ്. ഇത് ഇങ്ങനെ അനുവദിക്കാൻ പറ്റുമോ? ഇവിടെയുള്ള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനിൽ എനിക്ക് വിശ്വാസമുണ്ട്. ഇലക്ട്രിസിറ്റി ബോർഡ് കൊടുത്ത കണക്കനുസരിച്ച് അവർ ചാർജ്ജ് വർദ്ധിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പാവപ്പെട്ടവന്റെയും തൊഴിലാളികളുടെയും പ്രതിനിധിയാണ്. അങ്ങയുടെ കാലത്തെങ്കിലും അന്യായമായ ചാർജ്ജ് വർദ്ധനവ് നിർത്തിക്കൊണ്ട് സമ്പന്നന്മാർ അടയ്ക്കാനുള്ള പണം കൃത്യമായി ഇലക്ട്രിസിറ്റി ബോർഡിന് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് ഗാർഹിക ഉപഭോക്താക്കളെ രക്ഷിക്കണമെന്നാണ് എന്റെ അഭ്യർത്ഥന. ഈ പണം കിട്ടുകയാണെങ്കിൽ മുഴുവൻ പാവപ്പെട്ട കുടുംബങ്ങളിലും സൗജന്യമായി വൈദ്യുതി കൊടുക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകും. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വൈദ്യുതി വകുപ്പുമന്ത്രി ആയിരുന്നപ്പോൾ 1676 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിച്ചത് എങ്ങനെയാണ്? അന്നുവരെ മുടങ്ങിക്കിടന്ന പദ്ധതികൾ മുഴുവൻ അദ്ദേഹം സമയബന്ധിതമായി നടപ്പാക്കി. ഇപ്പോൾ 15 കൊല്ലം കാലാവധിയുള്ള 20-ഓളം പദ്ധതികൾ കിടക്കുകയാണ്. അപ്പോഴാണ് അതിരപ്പിള്ളി പദ്ധതിയെന്നും പറഞ്ഞ് നടക്കുന്നത്. ഈ പദ്ധതികൾ നടപ്പാക്കി കേരളത്തിന്റെ വൈദ്യുതി ക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാൻ എന്തുകൊണ്ട് ശ്രമിക്കുന്നില്ല. ഇക്കാര്യത്തിൽ മന്ത്രി ശക്തമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, 30-9-2016 വരെയുള്ള കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കണക്ക് പ്രകാരം വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് വൈദ്യുതി ചാർജ്ജ് കുടിശ്ശികയായി കിട്ടാനുള്ള തുക 416.15 കോടി രൂപയാണ്. ഇതിൽ 194.43 കോടി രൂപ വിവിധ കോടതികളിൽ വ്യവഹാരത്തിൽ ഏർപ്പെട്ട് കിടക്കുന്നതാണ്. ഇത്തരം കേസ്സുകൾ പരമാവധി വേഗത്തിൽ തീർപ്പുണ്ടാക്കുന്നതിനുള്ള ഇടപെടലുകളാണ് സർക്കാർ നടത്തി വരുന്നത്. ബാക്കി കുടിശ്ശികയിൽ 19.62 കോടി രൂപ ഇക്കാലയളവിൽ പിരിച്ചെടുത്തിട്ടുണ്ട്. ശേഷിച്ച 202.1 കോടി രൂപ പിരിച്ചെടുക്കുന്നതിനായി

കുടിശ്ശിക വരുത്തിയിട്ടുള്ളവരുടെ വൈദ്യുതി ബന്ധം വിച്ഛേദിച്ചും റവന്യൂ റിക്കവറി നടപടി മുഖേനയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിയമപരമായ തടസ്സങ്ങളുള്ളതോ തവണ വ്യവസ്ഥകൾ അനുവദിക്കപ്പെട്ടത് അടച്ചുവരുന്നതോ അല്ലാത്ത കുടിശ്ശിക വരുത്തിയിട്ടുള്ള സ്വകാര്യ സ്ഥാപനങ്ങളുടെ വൈദ്യുതി ബന്ധം സമയാസമയങ്ങളിൽ വിച്ഛേദിക്കുന്നതിന് വൈദ്യുതി ബോർഡ് നടപടി സ്വീകരിക്കുന്നുണ്ട്. കോട്ടയം ജില്ലയിലെ ഗവൺമെന്റ് കോളേജിൽ വൈദ്യുതി വിച്ഛേദിച്ചതുമായി ബന്ധപ്പെട്ട പത്ര വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാട്ടകം ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലാണ് ഈ കോളേജുള്ളത്. ഈ സ്ഥാപനം 2016 നവംബറിൽ 37,598 രൂപ, ഡിസംബറിൽ 35,920 രൂപ, 2017 ജനുവരിയിൽ 43,512 രൂപ എന്നിങ്ങനെ നിരന്തരമായി വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിരുന്നു. എന്നാൽ സർക്കാർ സ്ഥാപനമാണെന്ന പ്രത്യേക പരിഗണനയിൽ ഈ സമയങ്ങളിൽ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിന് നോട്ടീസ് നൽകുകയല്ലാതെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചിരുന്നില്ല. ഇങ്ങനെ വലിയ തുക കുടിശ്ശികയായതിനെത്തുടർന്ന് 31-1-2017-ൽ വീണ്ടുമൊരു ഡിസ്‌കണക്ഷൻ നോട്ടീസ് നൽകുകയുണ്ടായി. ഈ നോട്ടീസിനെ തുടർന്ന് 6-2-2017-ൽ നവംബർ മാസത്തെ കുടിശ്ശികയായ 37,727 രൂപ മാത്രം അടയ്ക്കാൻ കോളേജ് തയ്യാറായി. ഡിസംബർ, ജനുവരി മാസങ്ങളിലെ ബില്ലിന് പുറമേ ഫെബ്രുവരി മാസത്തിലെ 27,209 രൂപ കുടിശ്ശിക വന്നു. അനന്തര നടപടികൾക്കായി ജീവനക്കാർ 1-3-2017-ന് നാട്ടകം ഗവൺമെന്റ് കോളേജിൽ ചെല്ലുകയും കുടിശ്ശിക അടയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ലെങ്കിൽ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതടക്കമുള്ള നടപടികളിലേയ്ക്ക് പോകേണ്ടി വരുമെന്ന് കോളേജ് അധികൃതരെ അറിയിക്കുകയും ചെയ്തു. തുക അടയ്ക്കുന്നതിനായി ഒരു ദിവസത്തെ സാവകാശം നൽകണമെന്ന് മേൽപ്പടി കോളേജിലെ പ്രിൻസിപ്പാൾ അഭ്യർത്ഥിക്കുകയുണ്ടായി. അടുത്ത ദിവസം (2-3-2017-ൽ) സർചാർജ് ഉൾപ്പെടെയുള്ള കുടിശ്ശിക തുകയായ 1,08,805 രൂപ ഉപഭോക്താവ് അടയ്ക്കുകയുണ്ടായി. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വാർഷിക വരവ് കണക്കുകൾ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഡിറ്റ് ചെയ്ത് സർട്ടിഫിക്കറ്റ് നൽകുന്ന കണക്കുകളാണ് കമ്മീഷന് സമർപ്പിക്കുന്നത്. അക്കൗണ്ടുകളുടെ പകർപ്പും നൽകാറുണ്ട്. തെറ്റായ കണക്കുകൾ നൽകി കമ്മീഷനെ കബളിപ്പിക്കാൻ സാധിക്കില്ല. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് കഴിഞ്ഞ 15 വർഷമായി ആരംഭിച്ച് പൂർത്തീകരിക്കാത്ത ജലവൈദ്യുത

പദ്ധതികളൊന്നും നിലവിലില്ല. കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് പണി ആരംഭിച്ച പള്ളിവാസൽ, തോട്ടിയാർ, ചാത്തൻകോട് നട തുടങ്ങിയ പദ്ധതികൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സ്തംഭനത്തിലായിരുന്നു. സാങ്കേതികവും അല്ലാത്തതുമായ കുറേയേറെ അനിശ്ചിതത്വങ്ങൾ ഉള്ളതാണ് ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണം. മണ്ണിന്റെയും പാറയുടെയും ഘടന, വ്യതിയാനം, മണ്ണിടിച്ചിൽ തുടങ്ങിയ സാങ്കേതിക പ്രശ്നങ്ങൾ കൂടി ഏറ്റെടുത്തതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ, പാറപൊട്ടിക്കുന്നതിൽ നാട്ടുകാരുടെയും കോടതിയുടെയും ഇടപെടൽ, തൊഴിലാളികൾ നടത്തുന്ന സമരങ്ങൾ, ഇതിനോടനുബന്ധിച്ച് ഉണ്ടാകുന്ന പ്രശ്നങ്ങൾ, മഴ, വെള്ളപ്പൊക്കം തുടങ്ങിയ നിരവധി ഘടകങ്ങൾ ജലവൈദ്യുതി പദ്ധതികളുടെ നിർമ്മാണത്തെ ബാധിക്കുന്നുണ്ട്. കോൺട്രാക്ടർമാരുടെ സാമ്പത്തിക പ്രതിസന്ധിയും സാങ്കേതിക മികവിലെ അഭാവവും നിർമ്മാണത്തെ സ്വാധീനിക്കാറുണ്ട്. ഈ ഘട്ടത്തിൽ ആവശ്യമായ തീരുമാനമെടുത്ത് മുന്നോട്ട് പോകുന്നതിൽ വരുന്ന വീഴ്ചയും കാലതാമസത്തിന് ഇടയാക്കുന്നുണ്ട്. ഒരുകാര്യം വളരെ വ്യക്തമാണ്, ബോർഡ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്ന കാര്യത്തിൽ വിവേചനപരമായി പെരുമാറുന്നില്ല. അങ്ങനെ ഏതെങ്കിലും കേസ് ഉന്നയിച്ചാൽ അതിന്മേൽ നിയമപരമായ നടപടി സ്വീകരിക്കുമെന്നുള്ള കാര്യം സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

## (18) കരാർ തൊഴിലാളി സംരക്ഷണ നിയമം

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ കരാർ തൊഴിലാളികളായി ജോലി ചെയ്യുന്നവരിൽ ലൈൻ വർക്കർമാർ, മീറ്റർ റീഡർമാർ, സബ് സ്റ്റേഷൻ ഓപ്പറേറ്റർമാർ, സബ് എഞ്ചിനീയർമാർ, സീനിയർ അസിസ്റ്റന്റുമാർ, ജനറേഷൻ വിഭാഗത്തിലുള്ള തൊഴിലാളികൾ, സ്വീപ്പർമാർ തുടങ്ങിയവർ ഉൾപ്പെടുന്നു. പതിനായിരത്തോളം വരുന്ന കരാർ തൊഴിലാളികൾക്ക് അഞ്ച് വർഷം മുതൽ 25 വർഷം വരെ സർവ്വീസുണ്ട്. സ്ഥിരം തൊഴിലാളികൾക്ക് തുല്യമായ ജോലിയാണ് ഇവർ ചെയ്യുന്നതെങ്കിലും നാലിലൊന്ന് കൂലി പോലും ലഭിക്കുന്നില്ല. കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ 2004-ൽ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ഉത്തരവിട്ടെങ്കിലും ബോർഡ് മേൽകോടതിയിൽ അപ്പീൽ നൽകി കേസ് നീട്ടിക്കൊണ്ട് പോയതിനാൽ 13 വർഷങ്ങൾക്ക് ശേഷവും സ്ഥിരപ്പെടുത്തൽ യാഥാർത്ഥ്യമായിട്ടില്ല. നാട്ടുകാർക്ക് വൈദ്യുതി എത്തിക്കാനുള്ള ശ്രമത്തിനിടയിൽ

മരിച്ച കരാർ ലൈൻ വർക്കർമാരുടെ ആശ്രിതർക്ക് സ്ഥിരം നിയമനം നൽകണമെന്ന ആവശ്യവും പരിഗണിക്കപ്പെട്ടിട്ടില്ല. അവർക്ക് ബോണസും നൽകുന്നില്ല. സംസ്ഥാന സർക്കാരിന്റെ പുതിയ ഫോർമുല പ്രകാരം കരാർ തൊഴിലാളികളുടെ വേതനം പരിഷ്കരിച്ചുകൊണ്ടുള്ള ബോർഡ് ഉത്തരവ് 4-6-2016-ൽ ഇറങ്ങിയെങ്കിലും അപ്രകാരമുള്ള വേതന വർദ്ധനവ് ഇതുവരെയും നൽകിയിട്ടില്ല. കരാർ തൊഴിലാളികൾക്ക് തുല്യ ജോലിക്ക് തുല്യ വേതനം നൽകണമെന്ന് സുപ്രീം കോടതി ഉത്തരവിട്ടെങ്കിലും കരാർ തൊഴിലാളികളുടെ കാര്യത്തിൽ ഇത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ഇവരുടെ സംരക്ഷണത്തിന് ഫലപ്രദമായ നിയമം നിലവിലില്ലാത്തതാണ് ഈ ദുരവസ്ഥയ്ക്ക് കാരണം. ആയതിനാൽ 1958-ൽ തമിഴ്നാട് സർക്കാർ പാസ്സാക്കിയ തമിഴ്നാട് ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പോലെ കേരളത്തിലെ കരാർ തൊഴിലാളികൾക്കായി നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കണമെന്നും അതുപോലെ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സമയത്ത് അപകടത്തിൽപ്പെട്ട് മരിക്കുന്നെങ്കിൽ അവരുടെ ആശ്രിത നിയമനത്തിന്റെ കാര്യത്തിലും അടിയന്തരമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

12.00 Noon]

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിവിധ ഓഫീസുകളിൽ ചിലപ്പോൾ ചില തസ്തികകളിൽ താല്ക്കാലികമായി ഒഴിവുണ്ടാകുമ്പോൾ ഉപഭോക്താക്കൾക്ക് നൽകിവരുന്ന സേവനങ്ങൾക്ക് തടസ്സമുണ്ടാകാതിരിക്കുന്നതിനുവേണ്ടി താല്ക്കാലികമായി ആളുകളെ ജോലിക്ക് നിയമിക്കാറുണ്ട്. അതുകൂടാതെ ബോർഡിന്റെ ജോലികൾ കോൺട്രാക്ട് എടുക്കുന്ന കോൺട്രാക്ടർമാർ ആളുകളെ ജോലിക്ക് നിയമിക്കാറുണ്ട്. എന്നാൽ ഇത്തരത്തിലുള്ള ആളുകളെ ബോർഡിൽ സ്ഥിരപ്പെടുത്താൻ നിലവിൽ നിയമമില്ല. ബോർഡിന്റെ നിയമനങ്ങളെല്ലാം പി.എസ്.സി. മുഖാന്തരമാണ് നടത്തുന്നത്. യഥാകാലങ്ങളിൽ പി.എസ്.സി. നിയമനങ്ങൾ നടത്താറുണ്ട്. അല്ലാതെ ബോർഡ് നേരിട്ട് ആരെയും സ്ഥിരമായി നിയമിക്കുന്നില്ലെന്നതാണ് വസ്തുത. ഇപ്പോൾത്തന്നെ മുപ്പത്തിമൂവായിരം തൊഴിലാളികൾ ബോർഡിൽ ജോലി ചെയ്യുന്നുണ്ട്. അത് വളരെ കൂടുതലാണെന്നുള്ള അഭിപ്രായമാണ് റെഗുലേറ്ററി കമ്മീഷനുള്ളത്. അനാവശ്യമായി തൊഴിലാളികളെ നിയമിച്ചെന്ന വിമർശനവും അവർ ഉന്നയിക്കുന്നുണ്ട്. ഏതായാലും മുപ്പത്തിമൂവായിരത്തിലധികം തൊഴിലാളികൾ ബോർഡിൽ ജോലി

ചെയ്യുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. അടുത്ത സമയത്ത് കുറച്ച് ആളുകളുടെ നിയമനം നടത്തിയതും പി.എസ്.സി. മുഖാന്തരമാണ്. അല്ലാതെ ബോർഡ് നേരിട്ട് നിയമനം നടത്തുന്ന സമ്പ്രദായമില്ല. ബോർഡ് വലിയ സാമ്പത്തിക ബാധ്യതയിലാണ്. ഏതാണ്ട് 6500 കോടി രൂപയോളം ബാധ്യതയുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. തൊഴിലാളികളുടെ എണ്ണം ഇപ്പോൾത്തന്നെ കൂടുതലാണെന്ന റെഗുലേറ്ററി കമ്മീഷന്റെ വിമർശനമുള്ളപ്പോൾ കൂടുതൽ ആളുകളെ അങ്ങനെ നിയമിക്കാൻ കഴിയില്ല. കോൺട്രാക്ട് അടിസ്ഥാനത്തിലോ കരാർ അടിസ്ഥാനത്തിലോ ജോലിക്ക് വരുന്ന ആളുകളെ നിയമിക്കുക എന്നത് ബോർഡിന്റെ സാമ്പത്തിക നിലനിൽപ്പിനെത്തന്നെ പ്രതികൂലമായി ബാധിക്കുമെന്നുള്ളതുകൊണ്ട് അത്തരം കാര്യങ്ങൾ ചെയ്യാൻ നിർവ്വാഹമില്ല. ബഹുമാനപ്പെട്ട മെമ്പർ തമിഴ്നാട്ടിലെ ഒരു നിയമത്തിന്റെ കാര്യം പറഞ്ഞു. തമിഴ്നാട്ടിൽ പാസ്സാക്കിയ നിയമം തമിഴ്നാടിനുമാത്രം ബാധകമാകുന്നതാണ്. ഇവിടെ അത് അപ്രായോഗികമാണ്. കേരളത്തിൽ അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം സംഘടിപ്പിക്കാൻ കഴിയില്ലെന്നതാണ് യാഥാർത്ഥ്യം. പാലക്കാട്ടെ ഒരു കോടതിവിധിയെ സംബന്ധിച്ച് അദ്ദേഹം ഇവിടെ ഉന്നയിച്ചു. ആ ലിസ്റ്റ് പി.എസ്.സി.-ക്ക് അയച്ചിട്ടുണ്ട്. പി.എസ്.സി. അതിന് നടപടിയെടുക്കുക യാണെങ്കിൽ അത്തരം ആളുകളെ നിയമിക്കുന്ന കാര്യത്തിൽ ബോർഡിനോ ഗവൺമെന്റിനോ വിരോധമില്ല. അല്ലാതെ ബോർഡിന് നേരിട്ട് നിയമനം നടത്താൻ നിലവിൽ നിയമമില്ല. ബോർഡ് ഒരിക്കലും അത്തരം നടപടി സ്വീകരിക്കാറില്ലെന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

## (19) നാലുവരിപ്പാത നിർമ്മാണം

ശ്രീ. ബി. ഡി. ദേവസ്സി: സർ, ദേശീയപാത 47-ൽ ഇടപ്പള്ളി മുതൽ മണ്ണുത്തി വരെയുള്ള നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് കരാറിൽ ഉൾപ്പെട്ട അനുബന്ധ നിർമ്മാണ പ്രവർത്തനങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ സർവ്വീസ് റോഡുകൾ, ബസ് ബേകൾ, ബസ് ഷെൽട്ടറുകൾ, ഡ്രെയിനേജുകൾ, സ്ട്രീറ്റ് ലൈറ്റുകൾ തുടങ്ങിയ പല പ്രവൃത്തികളും പൂർത്തിയാക്കിയിട്ടില്ല. കരാറിൽ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിക്കാതെ എല്ലാ വർഷവും ടോൾ വർദ്ധിപ്പിക്കുകയും ടോൾ ബൂത്തിനടുത്തുണ്ടായിരുന്ന ചെറിയ വാഹനങ്ങളുടെ യാത്രാ സൗകര്യം നിഷേധിക്കുകയും ചെയ്യുന്ന നടപടികളാണുണ്ടായത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ എൻ.എച്ച്.എ.ഐ. ഉദ്യോഗസ്ഥരും കരാർ കമ്പനി പ്രതിനിധികളും ജനപ്രതിനിധികളും പങ്കെടുത്ത

യോഗത്തിൽ കരാറിൽ ഉൾപ്പെട്ട പ്രവൃത്തികൾ 2016 ഡിസംബർ 31-നകം പൂർത്തിയാക്കുന്നതിനും കരാറിലില്ലാത്ത അത്യാവശ്യ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി എൻ.എച്ച്.എ.ഐ.-ക്ക് സമർപ്പിക്കുന്നതിനും തീരുമാനിച്ചു. എങ്കിലും ഈ രണ്ട് കാര്യങ്ങളിലും ഇനിയും നടപടികൾ പൂർത്തീകരിച്ചിട്ടില്ല. ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിൽ ഇടയ്ക്കിടയ്ക്കുണ്ടാകുന്ന അപകട മരണങ്ങളും പതിവായുള്ള ഗതാഗതക്കുരുക്കും പരിഹരിക്കുന്നതിനായി തൊട്ടടുത്ത കോടതി ജംഗ്ഷനിൽ മുരിങ്ങൂർ മോഡൽ സംവിധാനം ഏർപ്പെടുത്തുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ ചേർന്ന സർവ്വകക്ഷി യോഗം തീരുമാനിക്കുകയും ആയത് കളക്ടർ മുഖേന എൻ.എച്ച്.എ.ഐ.-യെ അറിയിച്ചിട്ടുള്ളതുമാണ്. നാളിതുവരെയായിട്ടും പ്രസ്തുത നിർമ്മാണമാരംഭിച്ചിട്ടില്ല. ആയത് ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം. കൊരട്ടി ജംഗ്ഷനിൽ ഫ്ലൈ ഓവർ, പേരാമ്പ്രയിൽ സബ് വേ, പോട്ട ആശ്രമം ജംഗ്ഷനിൽ ഫ്ലൈ ഓവർ, സർവ്വീസ് റോഡുകൾ, ഡ്രെയിനേജുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, ബസ് ബേകൾ, ബസ് ഷെൽട്ടറുകൾ, സുരക്ഷാ സംവിധാനങ്ങൾ എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നയുടനെ ഞാൻ നൽകിയ നിവേദനത്തെത്തുടർന്ന് ബഹുമാനപ്പെട്ട പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിന്റെ ഭാഗമായി കുറച്ച് പുരോഗതിയുണ്ടായി. വീണ്ടും ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ടവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു അവലോകന യോഗം നടത്തണമെന്നും തുടർ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ഒൻപത് വികസന കാര്യങ്ങളാണ് ബഹുമാനപ്പെട്ട ചാലക്കുടി അംഗം ശ്രീ. ബി. ഡി. ദേവസ്സി ഉന്നയിച്ചത്. ചാലക്കുടി ജംഗ്ഷനിൽ ഏഴ് മീറ്റർ വീതിയോടുകൂടിയ അണ്ടർ പാസ്സേജ് നിർമ്മിക്കുന്നതിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ ഡിസൈനിംഗ് വർക്ക് പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. കൊരട്ടി ജംഗ്ഷനിലെ ഫ്ലൈ ഓവറിന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ അംഗീകാരമില്ല. അവർക്ക് അതിൽ താല്പര്യമില്ല. എന്നാൽ സിഗ്നൽ സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. ഫുട് ഓവർ ബ്രിഡ്ജ് (കാൽനട യാത്രക്കാരുടെ സുരക്ഷയ്ക്കുവേണ്ടി) നിർമ്മിക്കുന്നതിനുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഡിസൈനിംഗ് വർക്ക് പുരോഗമിക്കുകയാണ്. പേരാമ്പ്രയിൽ സബ്‌വേ-യും അണ്ടർ പാസ്സേജും നിർമ്മിക്കുന്നതിന് എൻ.എച്ച്.എ.ഐ.-ക്ക് പദ്ധതിയില്ല. കാൽനട യാത്രക്കാർക്കുവേണ്ടി ഫുട് ഓവർ ബ്രിഡ്ജ് നിർമ്മിക്കാനുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്. പെഡസ്ട്രിയൻ അണ്ടർ

പാസ്സേജ് നിർമ്മിക്കുന്നതിനുവേണ്ടി എൻ.എച്ച്.എ.ഐ. 4 കോടി രൂപയുടെ പ്രൊപ്പോസൽ തന്നിട്ടുണ്ട്. അത് പരിശോധിച്ചു വരികയാണ്. പോട്ട ആശ്രമം ജംഗ്ഷനിലെ ഫ്ലൈ ഓവറിനും എൻ.എച്ച്.എ.ഐ. -ക്ക് പദ്ധതിയില്ല. എന്നാൽ കാൽനട യാത്രക്കാരുടെ സുരക്ഷ മുൻനിർത്തി ഫുട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിനുള്ള പദ്ധതി അംഗീകരിച്ചിട്ടുണ്ട്. ഡിസൈൻ പ്രവൃത്തി നടക്കുകയാണ്. 30.34 കോടി രൂപയ്ക്ക് പോട്ട ആശ്രമം ജംഗ്ഷനിൽ അടിപ്പാത നിർമ്മിക്കുന്നതിനുവേണ്ടി എൻ.എച്ച്.എ.ഐ. സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. എഗ്രിമെന്റ് പ്രകാരം 52.4 കിലോമീറ്റർ സർവ്വീസ് റോഡ് നിർമ്മിക്കാനുള്ളതിൽ 51.8 കിലോമീറ്ററും നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനോട് ബന്ധപ്പെട്ട് 450 മീറ്റർ സർവ്വീസ് റോഡ് നിർമ്മാണം പോട്ട ഫ്ലൈ ഓവർ ഏരിയയിൽ പുരോഗമിച്ചുവരികയാണ്. ബാക്കി 150 മീറ്റർ സർവ്വീസ് റോഡ് നിർമ്മാണം പുതുക്കാട് അടിപ്പാതയോട് ചേർത്താണ് ചെയ്യുന്നത്. കരാറിലില്ലാത്ത പുതിയ 22 കിലോമീറ്റർ സർവ്വീസ് റോഡ് നിർമ്മിക്കുന്നതിനുള്ള 81.8 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. അത് സർക്കാരിന്റെ പരിഗണനയിലാണ്. എഗ്രിമെന്റ് പ്രകാരം 38 കിലോമീറ്റർ നീളത്തിലാണ് ഡ്രെയിനേജ് നിർമ്മിക്കേണ്ടതെങ്കിലും 40 കിലോമീറ്റർ നീളത്തിൽ ഡ്രെയിനേജ് നിർമ്മിച്ചുകഴിഞ്ഞിട്ടുണ്ട്. ചില സ്ഥലങ്ങളിൽ സ്ഥലമുടമകൾ തടസ്സപ്പെടുത്തിയതുകൊണ്ട് നിർമ്മാണം നടക്കുന്നില്ല. അവിടെ എല്ലാവരും കൃത്യമായി ഇടപെടണം. എഗ്രിമെന്റ് പ്രകാരമുള്ള 29 ബസ് ബേ, ബസ് ഷെൽട്ടർ എന്നിവ അക്വയർ ചെയ്ത സ്ഥലങ്ങളിൽ നിർമ്മിച്ചിട്ടുണ്ട്. എഗ്രിമെന്റ് പ്രകാരമുള്ള സുരക്ഷാ സംവിധാന പ്രവൃത്തികളും റോഡ് സേഫ്റ്റി എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ ഒരു അവകാശ ലംഘന നോട്ടീസ് അങ്ങേയ്ക്ക് നൽകിയിട്ടുണ്ട്. അങ്ങയുടെ ഒരു റൂളിംഗിനെക്കുറിച്ച് ഈ സഭയിലെ ബഹുമാനപ്പെട്ട ഒരു അംഗം അങ്ങയെ വ്യക്തിപരമായി അപമാനിക്കുന്ന തരത്തിലും സഭയെ അപമാനിക്കുന്ന തരത്തിലും ചാനൽ ചർച്ചയിൽ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. ആ ചാനൽ ചർച്ചയുടെ അവതാരകനും അതിൽ പങ്കെടുത്ത മറ്റ് ചിലരും അത്തരത്തിൽ പരാമർശങ്ങൾ നടത്തുകയുണ്ടായി. സഭയേയും സഭയുടെ സ്പീക്കറായ അങ്ങയേയും അങ്ങയുടെ തീരുമാനത്തെയും വ്യക്തിപരമായി അധിക്ഷേപിക്കുന്ന പരാമർശങ്ങളാണ് ആ ചർച്ചയിലുടനീളം നടന്നത്. ഈ അവകാശലംഘന നോട്ടീസിന്മേൽ തീരുമാനമെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ചെയർ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

## V ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

### (1) 2016-ലെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ് (എസ്.ആർ.ഒ. നമ്പർ 636/2016)

മി. സ്പീക്കർ: 2016-ലെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് (സെക്കന്റ് അമെന്റ്മെന്റ്) റൂൾസ്, എസ്. ആർ. ഒ. നമ്പർ 636/2016-നുള്ള ഭേദഗതി നോട്ടീസിന്റെ പരിഗണനയ്ക്ക് സർവ്വശ്രീ. എൻ. ഷംസുദ്ദീൻ, വി. പി. സജീന്ദ്രൻ, വി. ഡി. സതീശൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നിവരാണ് നോട്ടീസ് നൽകിയത്. ശ്രീ. എൻ. ഷംസുദ്ദീന് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ "The S.R.O. No.636/2016 shall be annulled" എന്ന ഭേദഗതി അവതരിപ്പിക്കുന്നു. എസ്.ആർ.ഒ.നമ്പർ 636/2016 റദ്ദ് ചെയ്യണം. റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെടുന്ന ഈ എസ്.ആർ.ഒ. നമ്പർ 636/2016 നിലവിലുള്ള സ്പെഷ്യൽ റൂളിനും KS&SSR-ലെ പൊതുചട്ടങ്ങൾക്കും സർക്കാർ ഉത്തരവ് 199/2007-നും വിരുദ്ധമാണ്. അതുകൊണ്ടാണ് ഇത് റദ്ദ് ചെയ്യണമെന്ന് പറയുന്നത്. 636/2016-ൽ KS&SSR-ലെ ബൈ-ട്രാൻസ്ഫർ വ്യവസ്ഥകൾ പ്രകാരം റൂൾ-27 അനുസരിച്ചാണ് സീനിയോറിറ്റി നിർണ്ണയിക്കേണ്ടത്. റൂൾ 27 (എ)-ൽ പറയുന്നത്, ബൈ-ട്രാൻസ്ഫർ നിയമനത്തിന്റെ സീനിയോറിറ്റി date of appointment order അടിസ്ഥാനമാക്കിയാണ് നിർണ്ണയിക്കേണ്ടതെന്നാണ്. അതുപോലെ 27 (സി)-ൽ പി.എസ്.സി. നിയമനങ്ങൾക്ക് അഡ്വൈസ് തീയതി അടിസ്ഥാനമാക്കി സീനിയോറിറ്റി നിർണ്ണയിക്കണമെന്നാണ് പറയുന്നത്. സെക്രട്ടേറിയറ്റ് സ്റ്റാഫിൽ രണ്ടു വിഭാഗത്തിലുള്ളവരുണ്ടാകും. ഒന്ന്, ബൈ-ട്രാൻസ്ഫർ വഴി വരുന്ന ജീവനക്കാരും മറ്റൊന്ന്, അതേ പോസ്റ്റിലേയ്ക്ക് പി.എസ്.സി. വഴി വരുന്നവരും. ബൈ-ട്രാൻസ്ഫർ നിയമനത്തിൽ ടൈപ്പിസ്റ്റ്, സി.എ. മുതലായ ആളുകളാണ് വരുന്നത്. ഇത് രണ്ടും പൂർണ്ണമായി അവഗണിച്ചുകൊണ്ട് ഈ കാറ്റഗറിയിൽപ്പെട്ടവരുടെ സീനിയോറിറ്റി നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡമാണ് എസ്.ആർ.ഒ.-യിൽ പറഞ്ഞിട്ടുള്ളത്. 27 (7)-ൽ 3rd proviso മാത്രം പരിഗണിച്ച് സീനിയോറിറ്റി നിർണ്ണയിക്കണം. 27-ന്റെ മറ്റുഘടകങ്ങളെല്ലാം മാറ്റിവച്ചുകൊണ്ട് നിലവിലുള്ള എസ്.ആർ.ഒ.-യിൽ അങ്ങനെയാണ് പറയുന്നത്. ഈ 3rd proviso എന്നു പറയുന്നത് ചില പ്രത്യേക സന്ദർഭങ്ങളിൽ വിനിയോഗിക്കാനുള്ളതാണ്. അതിനൊരു പൊതുവൽക്കരണം നടത്തുകയെന്നുള്ളത് ശരിയല്ല. 3rd proviso എന്ന് പറയുന്നത്, ചില ഘട്ടങ്ങളിൽ ബി.ഡി.ഒ. പോലുള്ള തസ്തികകളിലൊക്കെ ഡയറക്ട് അപ്പോയിന്റ്മെന്റ്

വരുന്നതുമായി ബന്ധപ്പെട്ട് പി.എസ്.സി. ലിസ്റ്റില്ലെങ്കിൽ ചെയ്യാവുന്നതാണ്. എന്നാൽ പി.എസ്.സി.-യിൽ നിന്ന് ആളുവന്നാൽ അത് ക്യാൻസൽ ചെയ്യണമെന്ന് പറയുന്ന ഒരു വ്യവസ്ഥ മാത്രമാണ് 3rd proviso. 3rd proviso എന്ന് പറയുന്നത് പൊതുവായി പരിഗണിക്കാൻ കഴിയില്ല; അത് പി.എസ്.സി. അപ്പോയിന്റ്മെന്റ് നടത്താൻ കഴിയാത്ത സാഹചര്യങ്ങളിൽ ചെയ്യാനുള്ളതാണ്. അതുകൊണ്ടാണ് എസ്.ആർ.ഒ. റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെടുന്നത്. ഇവിടെ ഗവൺമെന്റ് ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം, ഈ വിഷയം തിരുത്താൻവേണ്ടി സർക്കാരിന് കത്ത് നൽകിയിട്ടുള്ളതാണ്. അതിനുമുമ്പ് സഭയുടെ മേശപ്പുറത്തുവച്ചതുകൊണ്ട് ഇത് വിത്ത്ഡ്രോ ചെയ്യാൻ കഴിയില്ല. ആ ഒരു സാഹചര്യത്തിൽ ഇത് ക്ലിയർ ചെയ്യാൻ ഇങ്ങനെയൊരു എസ്.ആർ.ഒ. ഭേദഗതി മാത്രമാണുള്ളത്. ശ്രീമതി ഷീലാ തോമസ്, അഡീഷണൽ ചീഫ് സെക്രട്ടറി ടു ദ ഗവൺമെന്റ്, സെക്രട്ടറി, കേരള ലെജിസ്ലേറ്റീവ് അസംബ്ലി, തിരുവനന്തപുരത്തിന് ഇതിനായി കത്തും തന്നിട്ടുണ്ട്. അതിൽ പറയുന്നതും ഇതുതന്നെയാണ്. " In the above circumstances, Government had decided to re-examine the matter and then issue amended SRO. Hence I request you to allow the Government to withdraw the SRO No.636/2016 for re-examining and modifying the same." ഇത് പുനരാലോചിക്കാനും ഭേദഗതി വരുത്താനും വേണ്ടി ഈ പറയപ്പെടുന്ന എസ്.ആർ.ഒ. പിൻവലിക്കാൻ ഞങ്ങളെ അനുവദിക്കണമെന്നാവശ്യപ്പെട്ട് 25-2-2017-ന് കത്ത് നൽകിയിട്ടുണ്ട്. ആയതിനാൽ ഈ എസ്.ആർ.ഒ. റദ്ദ് ചെയ്യണമെന്നുള്ളതാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ അവതരിപ്പിച്ച അമെന്റ്മെന്റിനെ ഞാനും പിന്താങ്ങുകയാണ്. " The S.R.O. No.636/2016 shall be annulled" എന്ന ഭേദഗതി ഞാൻ ഇവിടെ അവതരിപ്പിക്കുകയാണ്. അദ്ദേഹം അതിനെ സംബന്ധിച്ച് ഇവിടെ വിശദമായി പറഞ്ഞു, സെക്രട്ടേറിയറ്റ് സർവ്വീസിലെ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയിലേയ്ക്ക് ബൈ-ട്രാൻസ്ഫർ നിയമനം ലഭിക്കുന്നവരുടെ സീനിയോറിറ്റി നിർണ്ണയിക്കുന്നതിനുള്ള വ്യവസ്ഥ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ പരാമർശിക്കുന്നുണ്ട്. ബൈ-ട്രാൻസ്ഫർ നിയമനങ്ങളുടെ സീനിയോറിറ്റി നിയമന ഉത്തരവിന്റെ തീയതിയുടെ അടിസ്ഥാനത്തിലും PSC മുഖേന നിയമിതരാകുന്നവരുടെ സീനിയോറിറ്റി date of advice-ഉം

അടിസ്ഥാനമാക്കി നിർണ്ണയിക്കുമെന്നുള്ള KS&SSR-ലെ ചട്ടങ്ങൾക്ക് വിരുദ്ധമായ രീതിയിലാണ് ഈ എസ്.ആർ.ഒ. 636/2016 തയ്യാറാക്കിയിരിക്കുന്നത്. അതുപോലെതന്നെ ഈ എസ്.ആർ.ഒ.-യ്ക്ക് 2007 ജനുവരി 13 മുതൽ മുൻകാലപ്രാബല്യം നൽകിയതും ശരിയായിട്ടില്ല. സെക്രട്ടേറിയറ്റിലെ എൻട്രി കേഡർ തസ്തികയിൽ PSC മുഖേന നേരിട്ടും ടൈപ്പിസ്റ്റ്, സി.എ. വിഭാഗത്തിൽനിന്നും തസ്തികമാറ്റം വഴിയുമാണ് നിയമനം നടത്തുന്നത്. KSSR-ലെ റൂൾ-27-ലെ എ, ബി, സി ക്ലോസുകൾ പരിശോധിച്ച് സീനിയോറിറ്റി നിർണ്ണയിക്കുന്നതാണ് ശരിയായ നടപടി. എന്നാൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന എസ്.ആർ.ഒ. KSSR-ലെ ചട്ടങ്ങൾക്ക് വിരുദ്ധമായതും വ്യക്തതയില്ലാത്തതും ആശയക്കുഴപ്പം ഉണ്ടാക്കുന്നതുമാണ്. അതുകൊണ്ട് ഈ എസ്.ആർ.ഒ. റദ്ദ് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഈ എസ്.ആർ.ഒ. നടപ്പാക്കിയാൽ വ്യവഹാരങ്ങളുടെ ഒരു പ്രളയമായിരിക്കുമുണ്ടാകാൻ പോകുന്നത്. കാരണം ഇതേ രീതിയിൽ ചട്ടം നടപ്പിലാക്കിയാൽ ബൈ-ട്രാൻസ്ഫർ നിയമനം ലഭിക്കുന്ന ജീവനക്കാർ പ്രസ്തുത തസ്തികയിൽ ജോലിക്ക് പ്രവേശിക്കുന്നതിനുമുമ്പുതന്നെ അവരുടെ തസ്തികയിൽ സീനിയോറിറ്റി നിശ്ചയിച്ചു നൽകുന്ന സ്ഥിതിയുണ്ടാകും; റീ-ഫിക്സ് ചെയ്യുന്ന സ്ഥിതിയാണുണ്ടാകുന്നത്. ഇത് സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമാണ്. തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നവർക്ക് നിയമന ഉത്തരവ് തീയതി മുതൽ മാത്രമേ പുതിയ തസ്തികയിൽ സീനിയോറിറ്റി നൽകാവൂ എന്നത് പൊതുസർവ്വീസ് ചട്ടമാണ്. അതിനെ അവഗണിച്ചുകൊണ്ടാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്. മാത്രമല്ല, പേരന്റ് റൂളിന് വിരുദ്ധമായിട്ടാണ് ഈ എസ്.ആർ.ഒ. തയ്യാറാക്കിയിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ ഇത് 2007 ജനുവരി 13 മുതൽ അഡ്മിനിസ്ട്രേറ്റീവ്, ഫിനാൻസ്, ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ ചട്ടപ്രകാരം നടത്തിയിട്ടുള്ള സീനിയോറിറ്റി നിർണ്ണയത്തെ അട്ടിമറിക്കുകയും ചെയ്യുന്നു. ഇതിനുമുമ്പ് നടത്തിയിരിക്കുന്ന സീനിയോറിറ്റി ഫിക്സ് ചെയ്തിരിക്കുന്നതുപോലും അട്ടിമറിക്കുന്ന തരത്തിൽ, പരസ്പരം ബന്ധപ്പെട്ട കേസ്സുകളുടെ ഒരു ഒഴുക്കുതന്നെയായിരിക്കും ഉണ്ടാകാൻ പോകുന്നത്. അതുകൊണ്ട് ഇത് ചട്ടങ്ങൾക്കനുസൃതമായി ഭേദഗതി ചെയ്യണം. ഇത് നിലവിലുള്ള പൊതു സർവ്വീസ് ചട്ടങ്ങൾക്കെതിരാണ്. എങ്ങനെയാണ് ഇങ്ങനെയൊരു ചട്ടം രൂപീകരിച്ചത്; എവിടെ നിന്നാണ് ഇതിന്റെ ആശയം ഒറിജിനേറ്റ് ചെയ്തത് എന്ന് വ്യക്തമാകുന്നില്ല? ഇത് നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾക്ക് എതിരാണ്. അതുകൊണ്ട് എസ്.ആർ.ഒ. 636/2016 റദ്ദ് ചെയ്യണം.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഈ ചട്ടം റദ്ദ് ചെയ്യണമെന്ന തന്നെയാണ് ഞാനും പറയുന്നത്. സ്പെഷ്യൽ റൂൾ ഭേദഗതിക്ക് അടിസ്ഥാനമായ സർക്കാർ ഉത്തരവിലെ (199/2007/GAD) വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്പെഷ്യൽ റൂളിൽ ഭേദഗതി നിർദ്ദേശിച്ചത് എസ്.ആർ.ഒ. ആയി മാറിയപ്പോൾ മിസ് ക്വാട്ട് ചെയ്ത് വന്നതാണെന്നാണ് മനസ്സിലാകുന്നത്. അതുകൊണ്ട് അത് ക്യാൻസൽ ചെയ്യുന്നതോടൊപ്പംതന്നെ മുൻകാല പ്രാബല്യം നൽകുന്ന ഒരു അവസ്ഥാവിശേഷം ഉണ്ടാകരുത്. കാരണം എസ്.ആർ.ഒ. 636/2016 വരുന്നതിനുമുമ്പുതന്നെ എസ്.ആർ.ഒ. നമ്പർ 9/2016 എന്ന തരത്തിലുള്ള ഒരു എസ്.ആർ.ഒ. നേരത്തേ ഇറങ്ങിയിട്ടുണ്ട്. അതുകൂടി കണക്കിലെടുത്തുകൊണ്ട് വേണം ഇതിന്റെ കാര്യങ്ങൾ ചെയ്യാൻ. അതുകൊണ്ട് ഈ എസ്.ആർ.ഒ. റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതാണ്. എസ്.ആർ.ഒ. നം. 636/2016 വിജ്ഞാപനത്തിലെ അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സീനിയോറിറ്റി നിശ്ചയിക്കുന്ന കാര്യത്തിൽ പ്രസ്തുത ഭേദഗതി വിജ്ഞാപനത്തിൽ അപാകതയുണ്ടെന്ന് കണ്ട് 25-2-2017-ൽ നിയമസഭാ സെക്രട്ടേറിയറ്റിനോട് ഇക്കാര്യം പുനഃപരിശോധിക്കാനും ഭേദഗതി ചെയ്യാനും സർക്കാർ ആവശ്യപ്പെട്ടു. 8-3-2017-ൽ അത് ലഭിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ വിജ്ഞാപനം തള്ളാനല്ല ഭേദഗതി ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനാൽ ബഹുമാനപ്പെട്ട അംഗങ്ങളുടെ ആവശ്യം പരിഗണിച്ച് അതേപടി അംഗീകരിക്കാൻ കഴിയില്ലെങ്കിൽപോലും ഭേദഗതിയോടുകൂടിയ വിജ്ഞാപനം പിന്നീട് സഭയുടെ മുമ്പിൽ അവതരിപ്പിക്കും.

ശ്രീ. വി.ഡി. സതീശൻ: At present അതിന്റെ ലീഗൽ പൊസിഷൻ എന്താണ്?

ശ്രീ. എ. കെ. ബാലൻ: ഞാൻ വ്യക്തമാക്കി. ഇത് ഗവൺമെന്റ് വളരെ ഗൗരവമായി പരിശോധിച്ചതാണ്. വിജ്ഞാപനം തള്ളാനല്ല ഭേദഗതി ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിനാൽ ബഹുമാനപ്പെട്ട അംഗങ്ങളുടെ ആവശ്യം അതേപടി അംഗീകരിക്കാൻ നിർവ്വാഹമില്ല. ഭേദഗതിയോടുകൂടിയ വിജ്ഞാപനം പിന്നീട് സഭയുടെ മുമ്പാകെ അവതരിപ്പിക്കും.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ;

ശ്രീ. എൻ. ഷംസുദ്ദീൻ: പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

### (2) 2016-ലെ കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) റൂൾസ് എസ്.ആർ.ഒ. നമ്പർ 752/2016

ശ്രീ. പി. ഉബൈദുള്ള: സർ, 28-2-2017 -ൽ സഭയുടെ മേശപ്പുറത്തുവച്ച കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) റൂൾസ്, 2016 (എസ്.ആർ.ഒ. നമ്പർ 752/2016)-നുള്ള ഭേദഗതി അവതരിപ്പിക്കുന്നു.

" The Amendment to Chapter XXI for rule 7 vide clause 2 shall be annulled"

2016-ലെ കേരള എഡ്യൂക്കേഷൻ അമെന്റ്മെന്റ് റൂൾസിൽ ഭേദഗതി വരുത്തുന്നതിന് ജി.ഒ. (പി) നമ്പർ 199/2016/ ജനറൽ എഡ്യൂക്കേഷൻ dt. 3-12-2016 മുഖേന പുറപ്പെടുവിച്ചിട്ടുള്ള എസ്.ആർ.ഒ. നം. 752/2016 അസാധുവാക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. 1958-ലെ കെ.ഇ.ആർ Chapter XXI rule 7-ന് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത് ചട്ടപ്രകാരമല്ല. കെ.ഇ.ആർ. പ്രകാരം ഇപ്പോൾ ടീച്ചേഴ്സ് ബാങ്ക് നിലവിലില്ല. കാലാകാലങ്ങളിൽ സർക്കാരിന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഉണ്ടാക്കപ്പെടുന്ന ഒരു താൽക്കാലിക സംവിധാനമാണ് ടീച്ചേഴ്സ് ബാങ്കെന്ന് ഇതിന്റെ ഉത്തരവിൽ തന്നെ പറയുന്നുണ്ട്. ഇതിന്റെ ഘടന വ്യക്തമായി നിർവ്വചിക്കപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ ആന്റിസിപ്പേറ്റ് ചെയ്ത് നിയമന ചട്ടം നിർമ്മിക്കുകയെന്നത് യുക്തിസഹമല്ല. ആക്ടിന് വിരുദ്ധമായി ചട്ടങ്ങൾ നിർമ്മിക്കാൻ പാടില്ലെന്ന് പലതവണ ഈ വിഷയത്തിൽ ഇടപെട്ട് ബഹുമാനപ്പെട്ട കോടതി തന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. എയ്ഡഡ് വിദ്യാലയങ്ങളിൽ division fall- കാരണം ജോലി നഷ്ടപ്പെട്ട് പുറത്തുപോകുന്ന പ്രോട്ടക്റ്റഡ് അദ്ധ്യാപകർക്ക് പ്രൊട്ടക്ഷൻ നൽകുകയെന്നത് ഒരു വെൽഫെയർ സ്റ്റേറ്റിന്റെ കടമയാണെങ്കിലും ഈ വിഷയത്തിൽ അവരെ നിയമിച്ച മാനേജർമാർക്കുകൂടി ധാർമ്മിക ഉത്തരവാദിത്വമുണ്ട്. അവർ അത് നിർവ്വഹിക്കേണ്ടത് തന്നെയാണ്. 2015-16-ലെ കണക്കുകൾ പ്രകാരം കേരളത്തിൽ 12882 വിദ്യാലയങ്ങളുണ്ട്. അതിൽ 4619 സർക്കാർ സ്കൂളുകളും (36 ശതമാനം) 7140 എയ്ഡഡ് വിദ്യാലയങ്ങളും (55 ശതമാനം) ബാക്കി അൺ എയ്ഡഡ് വിദ്യാലയങ്ങളുമാണ്. പകുതിയിലധികം വരുന്ന എയ്ഡഡ്

വിദ്യാലയങ്ങളിൽ 2016-17 വർഷം ഫിക്സേഷൻ നടത്തിയിട്ടില്ല. 2015-16 വർഷത്തെ നില തുടരാനാണ് ഇപ്പോൾ പറഞ്ഞിരിക്കുന്നത്. അതുപ്രകാരമാണ് അദ്ധ്യാപക ബാങ്ക് രൂപീകരിച്ചത്. തസ്തിക നിർണ്ണയം പൂർത്തീകരിക്കാതെ ജോലി നഷ്ടപ്പെട്ട് പുറത്തിരിക്കുന്നവരുടെ എണ്ണം എങ്ങനെയാണ് നമുക്ക് ലഭ്യമാകുക; അദ്ധ്യാപക ബാങ്ക് നിലവിലുണ്ടെന്ന് നമുക്ക് എങ്ങനെ പറയാൻ കഴിയും; സംരക്ഷിത അദ്ധ്യാപകരുടെ കൃത്യമായ കണക്കില്ലാതെ അദ്ധ്യാപക ബാങ്കിൽ നിന്നും നിയമിക്കണമെന്നു പറഞ്ഞാൽ എങ്ങനെ അവരെ നിയമിക്കാൻ കഴിയുമെന്നതാണ് പ്രധാനപ്പെട്ട പ്രശ്നം. അതിന് നിയമത്തിന്റെ പിൻബലമില്ലെന്നതാണ് യാഥാർത്ഥ്യം. സംരക്ഷിത അദ്ധ്യാപകരെ അവരുടെ റവന്യൂ ജില്ലയിൽ തന്നെ ബന്ധപ്പെട്ട ഡി.ഡി.-യുടെ അനുമതിയോടെ നിയമിക്കണമെന്നാണ് വ്യവസ്ഥയിൽ പറയുന്നത്. എന്നാൽ ഏറ്റവും കൂടുതൽ വിദ്യാലയങ്ങളുള്ള മലപ്പുറം ജില്ലയുൾപ്പെടെ പലയിടത്തും ഇപ്പോൾ സംരക്ഷിത അദ്ധ്യാപകരില്ലെന്നാണ് വിദ്യാഭ്യാസ വകുപ്പിന്റെ കണക്കുകൾ തന്നെ വ്യക്തമാക്കുന്നത്. K.E.R. ക്ലോസ് 10-Qualification, 11-Appointment of Teachers in Aided Schools, 12-Condition of Service of Aided School Teachers എന്നിവയ്ക്കെല്ലാം എതിരായിട്ടാണ് പ്രസ്തുത എസ്.ആർ.ഒ. കൊണ്ടുവന്നിട്ടുള്ളത്. ഈ പ്രത്യേക സാഹചര്യത്തിൽ സർക്കാരിന്റെ ഒരു അനുമതിയും കൂടാതെ അഡീഷണൽ തസ്തികയുണ്ടാക്കി നിയമനം നടത്തുകയാണെങ്കിൽ അത് നിരോധിക്കേണ്ടതുണ്ട്. നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് ശമ്പളം കിട്ടുന്നില്ലെന്ന സ്ഥിതി നിൽക്കുകയാണ്. തസ്തിക നിർണ്ണയം കൃത്യമായി നടത്താത്തതുകാരണം ഒഴിവുകൾ നിർവ്വചിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. സംരക്ഷിത അദ്ധ്യാപകരുടെ എണ്ണം തിട്ടപ്പെടുത്തിയാൽ മാത്രമേ അവരെ പുനർവിന്യസിക്കുന്ന കാര്യം തീരുമാനിക്കാൻ കഴിയുകയുള്ളൂ. കേന്ദ്ര വിദ്യാഭ്യാസ നിയമപ്രകാരം 10 ശതമാനത്തിൽ കൂടുതൽ ഒഴിവുകൾ ഉണ്ടാകാൻ പാടില്ലെന്ന് പറയുന്നതിലൂടെ സർക്കാർ സ്കൂളുകളിൽ ഒരു അപ്രഖ്യാപിത നിയമന നിരോധനം ഇപ്പോൾ വന്നിരിക്കുകയാണ്. എയ്ഡഡ് സ്കൂളുകളിൽ മാത്രമല്ല സർക്കാർ സ്കൂളുകളിൽപ്പോലും അപ്രഖ്യാപിത നിയമന നിരോധനം വന്നിരിക്കുന്നുവെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 22-5-1979-നുശേഷം അനുവദിച്ച വിദ്യാലയങ്ങൾ, 38 വർഷം പിന്നിട്ടിട്ടും ഇപ്പോഴും newly opened school ആയി നിൽക്കുകയാണ്. ഈ എസ്.ആർ.ഒ. ഭേദഗതിമൂലം പ്രസ്തുത വിദ്യാലയങ്ങളിലെ രാജി, മരണം, റിട്ടയർമെന്റ് ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അദ്ധ്യാപക ബാങ്കിൽ നിന്നും മാത്രമേ നികത്താൻ പാടുള്ളൂവെന്നാണ് പറയുന്നത്. കേരള വിദ്യാഭ്യാസ ചട്ടത്തിൽ ഇങ്ങനെയൊരു വേർതിരിവില്ല. കെ.ഇ.ആർ.,

പ്രീ-കെ.ഇ.ആർ എന്നീ രണ്ട് കാറ്റഗറികൾ മാത്രമേ ഇപ്പോൾ നിലവിലുള്ളൂ. ചട്ടം 11 അനുസരിച്ച് നിയമിക്കാനുള്ള അധികാരംകൂടി എടുത്തുകളയുന്നതോടെ മാനേജർമാർ ഈ സംവിധാനത്തിൽനിന്നും ഒഴിഞ്ഞുമാറിയാൽ പ്രസ്തുത വിദ്യാലയങ്ങൾ ഏറ്റെടുക്കുകയെന്നത് സർക്കാരിന് വലിയൊരു ബാധ്യതയായി മാറുന്നതാണ്. മലാപ്പറമ്പ് അതിന് ഏറ്റവും വലിയൊരു ഉദാഹരണമായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. മലാപ്പറമ്പ് മോഡൽ വിദ്യാലയങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഇനിയും വർദ്ധിച്ചുവരുമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നമ്മൾ ആരംഭിക്കാൻ പോകുകയാണ്. ഇത്തരമൊരു ഘട്ടത്തിൽ വേണ്ടത്ര അദ്ധ്യാപകരെ നിയമിക്കാതെ, നിയമിച്ചവർക്ക് അംഗീകാരം നൽകാതെ എങ്ങനെ നമ്മുടെ വിദ്യാലയങ്ങളിലെ പഠന നിലവാരം വർദ്ധിപ്പിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് വിദ്യാലയങ്ങളെ മാറ്റിയെടുക്കാൻ കഴിയുമെന്നത് കൂടി ആലോചിക്കേണ്ടതുണ്ട്. ഒരു നിയന്ത്രണവും ഇല്ലാതെ, കണക്കുകൾ പെരുപ്പിച്ച് കാണിച്ച് നിയമനങ്ങൾ നടത്തി, സംരക്ഷിത അദ്ധ്യാപക സമൂഹത്തെ സൃഷ്ടിച്ച് സർക്കാരിന് കൂടുതൽ ബാധ്യത വരുത്തുന്ന എയ്ഡഡ് മാനേജ്മെന്റിനെ നിയന്ത്രിക്കേണ്ടതുണ്ട്. നിയമങ്ങളുടെ പിൻബലത്തോടെ അവരെ കർശനമായി നിയന്ത്രിക്കുന്നതോടൊപ്പം നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകാനും സർക്കാരിന് ബാധ്യതയുണ്ട്. വളരെ പ്രധാനപ്പെട്ട വിഷയമെന്ന നിലയിൽ മാനേജ്മെന്റ് പ്രതിനിധികളും അദ്ധ്യാപക സംഘടനാ പ്രതിനിധികളുമായി ഈ വിഷയം ഒരുമിച്ചിരുന്ന് ചർച്ച ചെയ്യുന്നതിന് ഗവൺമെന്റ് തയ്യാറാകണം. ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി ഞാൻ ഉന്നയിച്ച പ്രധാന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നില്ല. മാത്രമല്ല ബഹുമാനപ്പെട്ട ഹൈക്കോടതി ഇപ്പോൾ ഇത് സ്റ്റേ ചെയ്തിട്ടുമുണ്ട്. ഇതിനുമുമ്പ് ഇറക്കിയ ജി.ഒ. (പി) നം.10/2010 ഉത്തരവിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സ്റ്റേയും നിലവിലുണ്ട്. നിലവിലെ ചട്ടപ്രകാരം അങ്ങുതന്നെ കഴിഞ്ഞ ദിവസം സഭയിൽ നൽകിയ റൂളിംഗിന്റെ അടിസ്ഥാനത്തിൽ ഈ എസ്.ആർ.ഒ. സഭയിൽ വരുന്നതിനുമുമ്പ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോകേണ്ടതാണ്. സബ്ജക്ട് കമ്മിറ്റിയിൽ വിശദമായ ചർച്ച നടത്തിയതിനുശേഷം മാത്രമേ എസ്.ആർ.ഒ. സഭയിൽ വരാൻ പാടുള്ളൂ. അതുകൊണ്ട് ഒട്ടേറെ അബദ്ധങ്ങൾ ഈ എസ്.ആർ.ഒ.യിൽ കടന്നുകൂടിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ വരാത്ത സാഹചര്യത്തിൽ ഈ എസ്.ആർ.ഒ. റദ്ദ് ചെയ്യുകയും നിയമപ്രകാരം സബ്ജക്ട് കമ്മിറ്റി സ്ക്രൂട്ടിണിയോടുകൂടി ഒരു എസ്.ആർ.ഒ. കൊണ്ടുവരണമെന്നതാണ് എന്റെ ഭേദഗതി. ഇത് അംഗീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര നിയമനങ്ങൾ കേരള

വിദ്യാഭ്യാസ ചട്ടം 1958-ലെ സെക്ഷൻ-11 പ്രകാരം അതത് മാനേജർമാരിൽ നിക്ഷിപ്തമാണ്. മേൽ ചട്ടങ്ങൾ പ്രകാരം വർഷംതോറും തസ്തിക നിർണ്ണയം നടത്തി അദ്ധ്യാപക നിയമനം നടത്തിവരുന്നു. എന്നാൽ കുട്ടികളുടെ കുറവുമൂലം തസ്തിക നഷ്ടം വന്ന് പുറത്തുപോകേണ്ടിവരുന്ന മാനേജർമാർ നിയമിച്ച ഇത്തരം അദ്ധ്യാപകരുടെ ദീർഘനാളത്തെ സേവനം കണക്കിലെടുത്ത് സർക്കാർ മാനുഷിക പരിഗണനയോടുകൂടിയുള്ള ഒരു സമീപനം സ്വീകരിക്കുകയും അവരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി സംരക്ഷണം നൽകിവരികയും ചെയ്യുന്നു. തുടക്കത്തിൽ സംരക്ഷിത അദ്ധ്യാപകരുടെ എണ്ണം കുറവായിരുന്നുവെങ്കിലും ഇത്തരം അദ്ധ്യാപകരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയാണുണ്ടായത്. നിലവിൽ സംസ്ഥാനത്ത് വിവിധ കാറ്റഗറികളിലായി അയ്യായിരത്തോളം സംരക്ഷിത അദ്ധ്യാപകരുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. സംരക്ഷിത അദ്ധ്യാപകരുടെ ജോലി സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിലേയ്ക്കും ഇത്തരം അദ്ധ്യാപകരുടെ എണ്ണം വർദ്ധിക്കുന്നത് നിയന്ത്രിക്കുന്നതിലേയ്ക്കുമായിട്ടാണ് എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന അധിക അദ്ധ്യാപക തസ്തികകളിലേയ്ക്ക് അദ്ധ്യാപക ബാങ്കിൽ നിന്നും സംരക്ഷിത അദ്ധ്യാപകൻ, പുതിയതായി നിയമിക്കുന്ന അദ്ധ്യാപകൻ എന്നിവരെ 1:1 എന്ന അനുപാതത്തിൽ മാനേജർമാർ നിയമിക്കണമെന്ന ഭേദഗതി കെ.ഇ.ആർ. അദ്ധ്യായം 21, ചട്ടം 7 (2)-ൽ നിദ്ദേശിച്ചിട്ടുള്ളത്. ഈ ചട്ടം റദ്ദ് ചെയ്താൽ കുട്ടികളുടെ കുറവുമൂലം തസ്തിക നഷ്ടപ്പെട്ട് പുറത്തുപോകേണ്ടി വരുന്ന അദ്ധ്യാപകരെ സംരക്ഷിക്കാൻ കഴിയാത്ത ഗുരുതരമായ അവസ്ഥയുണ്ടാകും. കുട്ടികൾ കൊഴിഞ്ഞു പോകുന്ന പ്രവണത കൂടിക്കൂടി വരികയാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി തിരിച്ചൊരു പ്രതീക്ഷയുണ്ട്. ആ പ്രതീക്ഷ സാക്ഷാത്ക്കരിക്കുന്നതുവരെ മേൽപ്പറഞ്ഞ സവിശേഷ സാഹചര്യം കൂടി കണക്കിലെടുത്ത് എസ്.ആർ.ഒ. 752/2016-ാം നമ്പർ വിജ്ഞാപനത്തിന് നിർദ്ദേശിച്ചിട്ടുള്ള ഭേദഗതി പരിഗണിക്കാൻ നിർവ്വാഹമില്ല.

ശ്രീ. പി. ഉബൈദുള്ള: ഇത് അംഗീകരിക്കാൻ നിർവ്വാഹമില്ലെങ്കിൽ വിശദമായി ചർച്ച ചെയ്യാൻ അവസരമുണ്ടാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: മാനേജർമാരുമായിട്ട് ചർച്ച ചെയ്യാം.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ഉബൈദുള്ള: പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

## (3) 2016-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) പദ്ധതി (എസ്.ആർ.ഒ. നമ്പർ 767/2016)

മി. സ്പീക്കർ: 2016-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) പദ്ധതി (എസ്.ആർ.ഒ. നമ്പർ 767/2016)-ലേയ്ക്കുള്ള ഭേദഗതി നോട്ടീസിന്റെ പരിഗണന - ശ്രീ. വി. ഡി. സതീശൻ, ശ്രീ. ടി. വി. ഇബ്രാഹിം എന്നിവർ നോട്ടീസ് നൽകിയത്. ഭേദഗതി നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകിയ ശ്രീ. വി. ഡി. സതീശന് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

1. ഖണ്ഡിക 19-ലെ ഉപഖണ്ഡിക 2-ൽ "കരൾ രോഗം," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "ഹീമോഫീലിയ ഉൾപ്പെടെയുള്ള മാരക ജനിതക രോഗങ്ങൾ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

ഇതിൽ ഹീമോഫീലിയ പോലുള്ള മാരകമായ ജനിതക രോഗങ്ങൾ എന്നതുകൂടി ചേർക്കണം. കാരണം അവർക്കാണ് ഏറ്റവും കൂടുതൽ പണം ആവശ്യമായി വരുന്നത്.

മി. സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിമിനുവേണ്ടി ശ്രീ. സി. മമ്മൂട്ടിക്ക് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. ടി. വി. ഇബ്രാഹിമിനുവേണ്ടി ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

2. ഖണ്ഡിക 19-ലെ ഉപഖണ്ഡിക 2-ൽ "രക്തസ്രാവവുമായി ബന്ധപ്പെട്ടുള്ള അസുഖം" എന്നീ വാക്കുകൾക്കുശേഷം "സുഷുമ്നാനാഡിക്കുണ്ടാകുന്ന തകരാറുമൂലം ശരീരഭാഗങ്ങൾ തളർന്നു പോകുന്ന അവസ്ഥ" എന്നീ വാക്കുകൾ കൂടി ചേർക്കുക.

എസ്.ആർ.ഒ. നമ്പർ 767/2016-ൽ രണ്ടാമത്തെ കോളത്തിൽ പറഞ്ഞിട്ടുള്ള ഹൃദ്രോഗം, ക്യാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾരോഗം, രക്തസ്രാവവുമായി ബന്ധപ്പെട്ടുള്ള അസുഖം എന്നീ വാക്കുകൾക്കുശേഷം "സുഷുമ്നാനാഡിക്കുണ്ടാകുന്ന തകരാറുമൂലം ശരീരഭാഗങ്ങൾ തളർന്നുപോകുന്ന അവസ്ഥ" എന്നീ വാക്കുകൾകൂടി ചേർക്കണം. മാരക രോഗമായതുകൊണ്ട് അതുകൂടി ചേർക്കണമെന്നാണ് എന്റെ ഭേദഗതി.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ ഭേദഗതികളുടെ ആവശ്യമില്ല. ഇതൊക്കെ നിലവിലുള്ള വ്യവസ്ഥയിൽ തന്നെ പറയുന്നുണ്ട്. ഖണ്ഡിക 19(2) ഹൃദ്രോഗം, ക്യാൻസർ, വൃക്ക സംബന്ധമായ അസുഖം, കരൾരോഗം, ശ്വാസകോശ സംബന്ധമായ അസുഖം, തലച്ചോറിൽ രക്തസ്രാവവുമായി ബന്ധപ്പെട്ടുള്ള അസുഖം അഥവാ സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും മാരകരോഗങ്ങൾ തുടങ്ങിയ ഏത് രോഗവും ഇതിൽ ഉൾപ്പെടുത്തുന്നതിന് ഒരു ബുദ്ധിമുട്ടുമില്ല.

ശ്രീ. സി. മമ്മൂട്ടി: സർ, കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ഗുരുതരമായ രോഗങ്ങൾ ഇതിൽ ഉൾപ്പെടുത്താൻ കഴിയില്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, അതിൽ ധാരാളം രോഗങ്ങൾ ഉൾക്കൊള്ളും. വിജ്ഞാപനംവഴി കാലാകാലങ്ങളിൽ ഉചിതമെന്ന് തോന്നുന്ന രോഗങ്ങൾകൂടി ഉൾപ്പെടുത്താനുള്ള അധികാരം ചട്ടപ്രകാരം ഗവൺമെന്റിനുണ്ട്. നേരത്തേ ഇവിടെ പറഞ്ഞതുപ്രകാരം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചികിത്സാധനസഹായം 75,000 രൂപയിൽ നിന്നും 1,50,000 രൂപയായി ഉയർത്തിയിട്ടുണ്ട്. 60 വയസ് പൂർത്തീകരിച്ചവർക്കുള്ള പെൻഷൻ പ്രതിമാസം 1000 രൂപയിൽ നിന്നും 2000 രൂപയായി വർദ്ധിപ്പിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 70,00,000 രൂപയായിരുന്ന നീക്കിയിരിപ്പ് സംഖ്യ. സെസ് പിരിവ് കാര്യക്ഷമമാക്കിയതിനെത്തുടർന്ന് കഴിഞ്ഞ ആറ് മാസംകൊണ്ട് 8 കോടി രൂപയായി. സെസ് കളക്ഷനിൽ വീഴ്ചവരുത്തുന്ന തിയേറ്റർ ഉടമകൾക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ചതിന്റെ ഭാഗമായിട്ടാണ് ഈ വരുമാന വർദ്ധനവുണ്ടായത്. രോഗത്തെ ഉൾപ്പെടുത്തുന്നതിൽ ഒരു ബുദ്ധിമുട്ടുമില്ല; ഏത് രോഗം വേണമെങ്കിലും ഇതിൽ ഉൾപ്പെടുത്താം.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

## (4) 2016-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി)ചട്ടങ്ങൾ (എസ്.ആർ.ഒ. നമ്പർ 791/2016)

മി. സ്പീക്കർ: 2016-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) ചട്ടം (എസ്.ആർ.ഒ. നമ്പർ 767/2016)-ലേയ്ക്കുള്ള ഭേദഗതി നോട്ടീസിന്റെ പരിഗണന – നോട്ടീസ് നൽകിയ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾക്ക് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

1. 2-ാം വകുപ്പിൽ 2(ii)-ൽ "ചെയർമാന് അടിയന്തരം എന്ന് ബോദ്ധ്യപ്പെടുന്ന കാര്യമോ" എന്നതിനുപകരം "അടിയന്തരമായിപരിഗണിക്കപ്പെടണമെന്ന് ചെയർമാന് ബോദ്ധ്യപ്പെടുന്ന കാര്യമോ" എന്ന് മാറ്റുക.

2. 9-ാം വകുപ്പിൽ 2-ാം ഉപവകുപ്പിൽ താഴെപ്പറയുംപ്രകാരം ചേർക്കുക: " ഒരു യോഗത്തിന്റെ യോഗനടപടിക്കുറിപ്പ് തൊട്ടടുത്ത ബോർഡ് യോഗത്തിൽ ഔപചാരികമായി അംഗീകരിക്കേണ്ടതും യോഗനടപടിക്കുറിപ്പിൽ ഏതെങ്കിലും ഭേദഗതി വരുത്തുന്നപക്ഷം അത്തരം മാറ്റത്തോടെ അംഗീകരിച്ച് ചെയർമാൻ ഒപ്പ് വയ്ക്കേണ്ടതും മാറ്റത്തിനനുസൃതമായി തുടർനടപടി സ്വീകരിക്കേണ്ടതുണ്ടെങ്കിൽ ആ നടപടി താമസംവിനാ സ്വീകരിക്കേണ്ട ഉത്തരവാദിത്വം സെക്രട്ടറിക്കായിരിക്കുന്നതുമാണ്."

3. 9(5)-ൽ "അക്കം തുടരേണ്ടതും" എന്നത് ഒഴിവാക്കി "അക്കമിട്ട്" എന്നാക്കുക.

4. 9(5)(2)-ൽ "ബോർഡിന്റെ പണ ഇടപാടുകൾ എല്ലാം 1-ാം നമ്പർ ഫാറത്തിന്റെ മാതൃകയിലുള്ള ക്യാഷ് ബുക്കിലും പുറമെ ചെക്ക് വിതരണം ചെയ്യുന്നത് സംബന്ധിച്ചുള്ള വിവരങ്ങൾ 2-ാം നമ്പർ ഫാറത്തിലുള്ള ചെക്ക് ഇഷ്യൂ രജിസ്റ്ററിലും, ഇംപ്രസ്റ്റ് മണി ഇടപാടുകൾ 3-ാം നമ്പർ ഫാറത്തിലുള്ള പെർമനന്റ് അഡ്വാൻസ് രജിസ്റ്ററിലും, ഓഫീസിൽ ലഭിക്കുന്ന ചെക്ക്/ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ 4-ാം നമ്പർ ഫോറത്തിലുള്ള രജിസ്റ്റർ ഓഫ് വാല്യുബിൾസിലും ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്." എന്നാക്കുക.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇങ്ങനെ ഭേദഗതി ചെയ്താലും അർത്ഥത്തിലൊന്നും ഒരു വ്യത്യാസവും വരില്ല. ഉദാഹരണത്തിന്, നിലവിലുള്ള വ്യവസ്ഥ 2-ാം വകുപ്പിൽ 2(ii)-ൽ "ചെയർമാന് അടിയന്തരം എന്ന് ബോദ്ധ്യപ്പെടുന്ന കാര്യമോ" എന്നതിനാണ് ഭേദഗതി, ഭേദഗതിയിൽ അടിയന്തരവും ഭേദഗതി ബോദ്ധ്യപ്പെടുന്ന കാര്യവുമുണ്ട്. ഈ ഭേദഗതിയുടെ ആവശ്യമെന്താണ്? "അടിയന്തരമായി പരിഗണിക്കപ്പെടണമെന്ന് ചെയർമാന് ബോദ്ധ്യപ്പെടുന്ന കാര്യമോ" എന്നതാണ് ഭേദഗതി, നിലവിലുള്ള വ്യവസ്ഥ 2-ാം വകുപ്പിൽ 2(ii)-ൽ "ചെയർമാന് അടിയന്തരം എന്ന് ബോദ്ധ്യപ്പെടുന്ന കാര്യമോ" ആ ഭേദഗതിക്ക് പ്രത്യേക അർത്ഥമൊന്നുമില്ല. രണ്ടാമത്തെ ഭേദഗതി " ഒരു യോഗത്തിന്റെ യോഗനടപടിക്കുറിപ്പ് തൊട്ടടുത്ത ബോർഡ് യോഗത്തിൽ ഔപചാരികമായി അംഗീകരിക്കേണ്ടതും യോഗ നടപടിക്കുറുപ്പിൽ ഏതെങ്കിലും ഭേദഗതി വരുത്തുന്നപക്ഷം അത്തരം മാറ്റത്തോടെ അംഗീകരിച്ച് ചെയർമാൻ ഒപ്പ് വയ്ക്കേണ്ടതും" ഇതുതന്നെയാണ് ഭേദഗതി, "മാറ്റത്തിനനുസൃതമായി തുടർനടപടി സ്വീകരിക്കേണ്ടതുണ്ടെങ്കിൽ ആ നടപടി താമസംവിനാ സ്വീകരിക്കേണ്ട ഉത്തരവാദിത്വം സെക്രട്ടറിക്കായിരിക്കുന്നതുമാണ്." നിലവിലുള്ളത് വളരെ ലളിതമാണ്, ഇപ്പോൾ പറയുന്ന ഭേദഗതി മനസ്സിലാക്കാൻ സാധിക്കാത്തതാണ്. ചട്ടത്തിലുള്ള ഭേദഗതിയെന്നുപറയുന്നത് നിയമനിർമ്മാണത്തോളം പ്രാധാന്യമുള്ളതാണ്. ആ രൂപത്തിലുള്ള ഒരു മാറ്റവും ഇതിലില്ല. മൂന്നാമത്തെ ഭേദഗതിയിൽ, അപ്രകാരം അക്കമിട്ട് ഒന്നാം ഉപചട്ടത്തിനുശേഷം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതാണ്. ഒറിജിനൽ ചട്ടത്തിൽ എന്താണുള്ളത്, 11-ാം ചട്ടത്തിലെ നിലവിലുള്ള ചട്ടത്തിന് ഒന്നാം ഉപചട്ടമായി അക്കം തുടരേണ്ടതും അപ്രകാരം അക്കമിട്ട ഒന്നാം ഉപചട്ടത്തിനുശേഷം താഴെപ്പറയുന്ന ഉപചട്ടം ചേർക്കേണ്ടതുമാണ്. ഒരുകാര്യം തന്നെയാണ് തിരിച്ചും മറിച്ചും പറയുന്നത്. അവസാനത്തെ ഭേദഗതിയിൽ ഒറിജിനൽ ചട്ടത്തിൽ 'ക്യാഷ്' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്, അതിന് പകരം 'പണം' എന്ന വാക്ക് ചേർത്താൽ പ്രത്യേകിച്ചൊരു ഗുണവുമില്ല. അതുകൊണ്ട് ഈ ഭേദഗതികളുടെ ആവശ്യമില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

## (5) 2017-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) പദ്ധതി (എസ്.ആർ.ഒ. നമ്പർ 44/2017)

മി. സ്പീക്കർ: 2017-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി

(ഭേദഗതി) പദ്ധതി (എസ്.ആർ.ഒ. നമ്പർ 44/2017)-ലേയ്ക്കുള്ള ഭേദഗതി നോട്ടീസിന്റെ പരിഗണന - നോട്ടീസ് നൽകിയ ശ്രീ. വി. ഡി. സതീശന് ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, 28-2-2017-ൽ സഭയുടെ മേശപ്പുറത്തുവച്ച 2017-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി (ഭേദഗതി) പദ്ധതിയിൽ എസ്.ആർ.ഒ. നമ്പർ 44/2017-നുള്ള ഭേദഗതി മൂവ് ചെയ്യുന്നു.

41 A ഖണ്ഡികയിലും തലക്കെട്ടിലും അംഗത്തിന്റെ എന്ന വാക്കിന് ശേഷം "ഗൃഹനിർമ്മാണ ചെലവ്, മക്കളുടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള ചെലവ്" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. 19-1-2017-ലെ ഭേദഗതി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അംഗങ്ങളുടെ ഗൃഹനിർമ്മാണ ചെലവ്, മക്കളുടെ ഉന്നതവിദ്യാഭ്യാസത്തിനുള്ള ചെലവ് എന്നിവയുംകൂടി പ്രോവിഡന്റ് ഫണ്ട് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ നിന്ന് തിരിച്ചടയ്ക്കേണ്ടതില്ലാത്ത വായ്പ അനുവദിക്കുന്ന ഭേദഗതി പരിഗണനാർഹ മാണെങ്കിലും ഇത്തരത്തിലുള്ള ഒരു ഭേദഗതി കൊണ്ടുവരുന്നതിന് ക്ഷേമനിധി ബോർഡിനുള്ള അവകാശത്തിൽ ഇപ്പോൾ സർക്കാരിന് കൈകടത്താനാവില്ല. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി സ്വീകാര്യമാണെങ്കിലും അത് ബോർഡ് വഴി നടപ്പാക്കാൻ കഴിയുമെന്നാണ് പറയുന്നത്. അത് ബോർഡിന് അയച്ചുകൊടുക്കാം.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, അങ്ങ് അവതരിപ്പിച്ച ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി.ഡി സതീശൻ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

## VI ക്രമപ്രശ്നം

### (1) ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ഉന്നയിക്കുന്ന ഈ ക്രമപ്രശ്നം, 2000-ലെ സ്പോർട്സ് ആക്റ്റിന് സമൂലമായ ഭേദഗതി വരുത്തിക്കൊണ്ട് 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്റ്റ് പാസ്സാക്കുകയുണ്ടായി. 2000-ലെ ആക്റ്റിന് അനുസൃതമായി 2008-ൽ സ്പോർട്സ് ചട്ടങ്ങളും നിലവിൽ വന്നു. 2008-ലെ സ്പോർട്സ് ചട്ടങ്ങൾ എന്നുപറയുന്നത് ഒരുപാട് വകുപ്പുകൾക്കുള്ള റൂൾസാണ്. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അങ്ങ് പല തവണ റൂൾ ചെയ്തിട്ടുള്ളതാണ്. 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്റ്റ് നിലവിൽ വന്നതിനുശേഷം ഇതുവരെ 2015-ൽ പുതുക്കിയ ആക്റ്റിനനുസരിച്ചുള്ള ചട്ടങ്ങൾ നിലവിൽ വന്നിട്ടില്ല. 2015-ലെ ആക്റ്റ് വന്നതോടുകൂടി 2000-ലെ ആക്റ്റ് അസാധുവായി. 2000-ലെ ആക്റ്റനുസരിച്ച് 2008-ലെ ചട്ടങ്ങൾ നിലവിലുണ്ട്. പക്ഷേ 2015-ലെ ആക്റ്റിന് ഇതുവരെ ചട്ടം വരാത്തതുകൊണ്ട് സ്പോർട്സ് ആക്റ്റ് ഇംപ്ലിമെന്റ് ചെയ്യാൻ കഴിയാതെ സ്തംഭിച്ചുനിൽക്കുകയാണ്. ഇതിൽ ഒന്നുരണ്ട് ചെറിയ കാര്യങ്ങൾ മാത്രമേ ചൂണ്ടിക്കാണിക്കുന്നുള്ളൂ. പഴയ ആക്റ്റിലെ സെക്ഷൻ 13 പ്രകാരം ജില്ലാ സ്പോർട്സ് കൗൺസിലിന് പ്രസിഡന്റും വൈസ് പ്രസിഡന്റുമാണുള്ളത്. പുതിയ നിയമമനുസരിച്ച് ചെയർമാനും പ്രസിഡന്റുമാണുള്ളത്. അതുകൊണ്ട് തന്നെ അതുമായി ബന്ധപ്പെട്ട റൂൾസിൽ കാര്യമായ മാറ്റങ്ങൾ വരുത്തേണ്ടിവരും. ഇന്ന് അതിനെക്കുറിച്ച് ഒരു വ്യക്തതയില്ലാത്തതുകൊണ്ട് അക്കാര്യങ്ങൾ നമുക്ക് നടപ്പാക്കാൻ കഴിയുന്നില്ല. അതുപോലെ സെക്ഷൻ 30, തർക്കപരിഹാര സമിതികളുടെ രൂപീകരണവുമായി ബന്ധപ്പെട്ടുള്ളതാണ്. അതിലും 2000-ലെ ആക്റ്റും 2015-ലെ ആക്റ്റും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അതിന്റെ ഉപവകുപ്പ് (3) ജില്ലാതല തർക്കപരിഹാര സമിതി, അതിലെ (7)-ൽ തർക്കപരിഹാര സമിതിയും ജില്ലാതല തർക്കപരിഹാര സമിതിയും തർക്കങ്ങൾ തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ആയിരിക്കുന്നതാണ്. ഈ നടപടിക്രമങ്ങൾ റൂൾസിലാണ് വരേണ്ടത്. ഇതുവരെ റൂൾസ് വന്നിട്ടില്ല. സെക്ഷൻ 31-ൽ നിർണ്ണയിക്കപ്പെടാവുന്ന ഫോറത്തിലും അങ്ങനെയുള്ള നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമാകും എന്നീ വാക്കുകൾക്ക് പകരം എന്നുപറയുന്നിടത്തും ഈ ഭേദഗതിക്ക് ആസ്പദമായ റൂൾസ് വേണ്ടിവരും. അത് വന്നിട്ടില്ല. സെക്ഷൻ (32) പ്രകാരവും റൂൾസിൽ മാറ്റങ്ങൾ വരേണ്ടിവരും.

അതുപോലെ 34 (എ) എന്ന ഒരു പുതിയ വകുപ്പുണ്ട്. അത് ദീർഘമായതാണ്. ഇതൊക്കെ നടപടിക്രമങ്ങളാണ്. സ്പോർട്സിലുള്ള മികവ് പ്രോൽസാഹിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾക്ക് സഹായം ലഭിക്കുക എന്നതാണ് അതിനകത്ത് പറയുന്നത്. 34 (എ)-യിൽ പറയുന്ന 'സംസ്ഥാന സ്പോർട്സ് വികസന നിധി' എന്നത് പഴയ ആക്ടിൽ ഇല്ലാത്തതാണ്. പഴയ സ്പോർട്സ് ആക്ടിൽ ഒരു സംസ്ഥാന സ്പോർട്സ് വികസന നിധി ഇല്ല. ഈ നിധി എങ്ങനെ വിനിയോഗിക്കണം എന്നുള്ളത് സംബന്ധിച്ച് റൂൾസ് ഇല്ലാതെ ഒന്നും ചെയ്യാൻ കഴിയില്ല. ഇപ്പോൾ സ്പോർട്സ് ആക്ട് സ്തംഭിച്ചുനിൽക്കുകയാണ്. നമ്മുടെ കായികരംഗം വളരെ പ്രധാനമല്ലേ; നമ്മുടെ ചെറുപ്പക്കാരെയൊക്കെ നല്ല കായിക മികവോടുകൂടി വളർത്തിയെടുക്കുന്നതിനുവേണ്ടിയാണ് 2000-ലെ ആക്ടിന് 2015-ൽ സമൂലമായ ഭേദഗതി വരുത്തിയത്. പക്ഷേ റൂൾസ് വരാതെ നിൽക്കുകയാണ്. ചിലപ്പോൾ ഈയൊരു കാര്യത്തിന് തർക്കമുണ്ടായിരിക്കാം. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് രൂപീകരിച്ച സ്പോർട്സ് കൗൺസിലുകളും ഉപസമിതിയുമൊക്കെ അതുമായി ബന്ധപ്പെട്ടതായിരിക്കാം. പക്ഷേ ആ ഒരു പ്രശ്നത്തിന്റെ പേരിൽ ഇത് ഇങ്ങനെ സ്തംഭിപ്പിക്കേണ്ട കാര്യമില്ല. ബാക്കി കാര്യങ്ങളൊക്ക നടക്കട്ടെ. ഗവൺമെന്റുകൾ മാറിവരുമ്പോൾ സ്പോർട്സ് കൗൺസിലിലെ ആളുകളും മാറും. അതൊക്കെ സ്വാഭാവികം. പക്ഷേ ഇതിൽ റൂൾസ് കൊണ്ടുവരാത്തത് വലിയൊരു അപാകതയാണ്. 2000-ലെ സ്പോർട്സ് ആക്ടിന് 2008-ലാണ് റൂൾസ് വന്നത്. അത്രയും റൂൾസാണ് എന്റെ കയ്യിലുള്ളത്. 100 പേജുണ്ടാകും. അതുകൊണ്ട് ഇതൊരു ശ്രമകരമായ ദൗത്യം തന്നെയാണ്. 2015-ൽ സ്പോർട്സ് ആക്ടിൽ വരുത്തിയ ഭേദഗതിക്കനുസൃതമായ ചട്ടങ്ങൾ അടിയന്തരമായി പുറപ്പെടുവിക്കാനുള്ള റൂളിംഗ് അങ്ങയുടെ ഭാഗത്തു നിന്നുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): സർ, 2000-ലെ സ്പോർട്സ് ആക്ടിൽ സമൂലമായ ഭേദഗതി വരുത്തിക്കൊണ്ട് 2015-ലെ സ്പോർട്സ് ഭേദഗതി ആക്ട് 2015 സെപ്റ്റംബർ 18-ാം തീയതി പ്രാബല്യത്തിൽ വരികയുണ്ടായി. പ്രധാനമായും 2000-ലെ സ്പോർട്സ് ആക്ടിലെ വകുപ്പ് (3) ഉൾപ്പെടെയാണ് ഭേദഗതി വന്നത്. പ്രധാന ആക്ടിലെ 3-ാം വകുപ്പിലെ 'തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് പകരമായി 'നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളെ' ഉൾപ്പെടുത്തിക്കൊണ്ടാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. പുതിയ ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിലും

പുനഃസംഘടിപ്പിക്കുകയും ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റുമാരെ സർക്കാർ നാമനിർദ്ദേശം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത നാമനിർദ്ദേശങ്ങൾക്കെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഹർജികൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ചട്ടങ്ങൾ രൂപീകരിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. അതേ സമയം സ്പോർട്സ് കൗൺസിലുകളിലേയ്ക്ക് നാമനിർദ്ദേശത്തിനുപകരം വീണ്ടും തെരഞ്ഞെടുക്കപ്പെട്ട കൗൺസിലുകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ചട്ടങ്ങൾ രൂപീകരിക്കുന്ന നടപടി ത്വരിതപ്പെടുത്തുന്നതാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നിലവിൽ ഒരു നിയമം ഉണ്ടാകുമ്പോൾ അതിനുള്ള റൂൾസുണ്ടാകണം. നിയമത്തിന് ഭേദഗതി വരുത്തുമ്പോൾ അതിനനുസരിച്ചുള്ള റൂൾസ് അപ്പോൾ വരണം. ഇത് കുറഞ്ഞ ഒരു സ്പാൻ ഓഫ് ടൈമിൽ ചെയ്യേണ്ട കാര്യമാണ്. അതുകൊണ്ട് അങ്ങയുടെ റൂളിംഗിൽ ഈ ഒരു പോരായ്മ ചൂണ്ടിക്കാണിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. എ.സി. മൊയ്തീൻ: സർ, 2000-ലെ ആക്ടിന് വിധേയമായി 2008-ലാണ് റൂൾസ് വന്നത്. കോടതിയിലെ കേസ്സുകൾ കാരണം കാലതാമസമുണ്ടായിട്ടുണ്ട്. അടിയന്തരമായി ആ നിയമത്തിന് വിധേയമായി ചട്ടങ്ങൾ കൊണ്ടുവരും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആക്ട് നിലവിൽ വരികയും റൂൾ ഇല്ലാതെ പോകുകയും ചെയ്യുക എന്നതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. ഉദാഹരണമായി സ്പോർട്സ് ആക്ട് ചൂണ്ടിക്കാണിച്ചതാണ്. അതോടൊപ്പം നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള ആക്ടിന് റൂളില്ലാത്തതുകൊണ്ട് ഇത് ഇംപ്ലിമെന്റ് ചെയ്യാൻ നിവൃത്തിയില്ല. ആക്ട് നിലവിൽ വന്നിട്ടും റൂൾ ഇല്ലാത്തതുകൊണ്ട് നടപ്പാക്കാൻ കഴിയാതെ പോയിട്ടുള്ള എല്ലാ കാര്യങ്ങളും പരിശോധിച്ച് അതിന്റെയടിസ്ഥാനത്തിലുള്ള റൂളിംഗ് ആവശ്യമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, മറുപടിയിൽ ഒരു പ്രശ്നമുണ്ട്. അങ്ങ് ശ്രദ്ധിക്കാതെ പറഞ്ഞതായിരിക്കും. ഇനിയും ആക്ട് ഭേദഗതി ചെയ്യാൻ പോകുകയാണ്. അതുകൊണ്ട് അതുകൂടി ചേർത്ത് റൂൾസ് ഭേദഗതി ചെയ്യാമെന്ന് സഭയിൽ പറയുന്നതിൽ impropriety ഉണ്ട്. ആക്ടിന് റൂൾസുണ്ടാകണമെന്നുള്ളത് ഭരണഘടനാപരമായും നിയമപരമായും സർക്കാരിന്റെ ബാദ്ധ്യതയാണ്. എല്ലാ ആക്ടും മാറിക്കൊണ്ടിരിക്കും. ആക്ടിന്റെ ഭേദഗതികൾ ഉണ്ടായിക്കൊണ്ടിരിക്കും. ചില ആക്ടുകൾക്ക് ഒരുവർഷമോ രണ്ടു വർഷമോ കൂടുമ്പോൾ ഭേദഗതിയുണ്ടാകും. അതെല്ലാംകൂടി ചേർത്താണ് റൂൾസുണ്ടാകുന്നത്. നിലവിലെ ആക്ടിന്റെ ഭേദഗതിക്കാണ് റൂൾസ് വേണ്ടത്.

## (2) ആന്വൽ സ്റ്റേറ്റ്മെന്റും ആഡിറ്റ് റിപ്പോർട്ടും യഥാസമയം സമർപ്പിക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: സർ, ശ്രീ. കെ. സുരേഷ് കുറുപ്പ് ഇവിടെ അവതരിപ്പിച്ച പ്രിവിലേജുമായി ബന്ധപ്പെട്ട് ഒരു കാര്യം ചൂണ്ടിക്കാണിക്കാനാണ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് എഴുതി നൽകിയ ക്രമപ്രശ്നം അതല്ല.

ശ്രീ. പി. ടി. തോമസ്: സർ, അത് ഞാൻ പിന്നീടാണ് പറയുന്നത്. ഇത് ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിരുന്നു.

മി. സ്പീക്കർ: എഴുതി നൽകിയത് കഴിയട്ടെ. അത് അവതരിപ്പിക്കൂ.

ശ്രീ. ഇ. പി. ജയരാജൻ: സർ, സഭയിൽ പ്രിവിലേജായി ഉന്നയിച്ചത് ചോദ്യം ചെയ്യാൻ പാടില്ല.

ശ്രീ. പി. ടി. തോമസ്: സർ, അങ്ങനെയല്ല. കാര്യം ഞാൻ വിശദീകരിക്കാം.

മി. സ്പീക്കർ: എഴുതിനൽകിയ ക്രമപ്രശ്നം ഉന്നയിക്കൂ.

ശ്രീ. പി. ടി. തോമസ്: സർ, കേരള ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ട്, 1948 സെക്ഷൻ 69 (4) & (5) അനുസരിച്ച് ആന്വൽ സ്റ്റേറ്റ്മെന്റും ഓഡിറ്റ് റിപ്പോർട്ടും മേശപ്പുറത്ത് വയ്ക്കണമെന്നാണ്. അതിന്റെ സെക്ഷൻ 69 (4)-ൽ പറഞ്ഞിരിക്കുന്നത്,

'(4) The accounts of the Board as certified by the Comptroller and Auditor General of India or any other person authorized by him in this behalf together with the audit report thereon shall be forwarded to the Authority and to the State Government within six months of the close of the year to which the accounts and audit report relate and that Government may issue such instructions to the Board in respect thereof as it deems fit and the Board shall comply with such instructions.' സബ്സെക്ഷൻ 69 (5) -ൽ പറയുന്നത്,

(5) The State Government shall-

(a) Cause the accounts of the Board together with the audit report thereon forwarded to it under sub-section (4) to be laid annually before the State Legislature; എന്നാണ്. ഇലക്ട്രിസിറ്റി ബോർഡ് ഈ വർഷം ആന്വൽ സ്റ്റേറ്റ്മെന്റും ആഡിറ്റ് റിപ്പോർട്ടും സമർപ്പിച്ചിട്ടില്ല. നമ്മുടെ സഭ ഇന്ന് പിരിയുകയാണ്. വീണ്ടും സഭ ചേരുന്നത് മാർച്ച് 31-നുശേഷമാണ്. ഇത് വളരെ ഗുരുതരമായ വീഴ്ചയാണ്. അത് ചൂണ്ടിക്കാണിക്കാനാണ് ഉദ്ദേശിക്കുന്നത്.

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. എം. എം. മണി</u>): സർ, നമ്മുടെ രാജ്യത്ത് നിലനിന്നിരുന്ന 1948-ലെ ഇലക്ട്രിസിറ്റി ആക്ട് ഇപ്പോൾ നിലവിലില്ല. ഇപ്പോൾ 2013-ലെ ഇലക്ട്രിസിറ്റി ആക്ടാണ് നിലവിലുള്ളത്. കാരണം, അഖിലേന്ത്യാ തലത്തിലുള്ള നിയമത്തിന് വിധേയമായി കമ്പനിയായാണ് ബോർഡ് പ്രവർത്തിക്കുന്നത്. അതനുസരിച്ച് സി. ആന്റ് എ.ജി. നിയോഗിക്കുന്ന ഓഡിറ്റർമാർ ഓഡിറ്റ് ചെയ്ത് കണക്ക് അംഗീകരിച്ച് സർട്ടിഫിക്കറ്റ് തരുന്ന മുറയ്ക്കാണ് സഭയുടെ മുമ്പാകെ കണക്കുകൾ വയ്ക്കേണ്ടത്. എന്നാൽ 2013 നവംബർ ഒന്ന് മുതൽ വൈദ്യുതി ബോർഡ് ഒരു കമ്പനിയായാണ് പ്രവർത്തിക്കുന്നത്. ബോർഡ് എന്ന നിലയിലും കമ്പനി ആയതിനുശേഷവും കണക്കുകൾ തയ്യാറാക്കുന്നതും ഓഡിറ്റ് ചെയ്യുന്നതും വ്യത്യസ്ത രീതികളിലാണ്. സി. ആന്റ് എ.ജി. നിശ്ചയിക്കുന്ന ചാർട്ടേർഡ് അക്കൗണ്ടന്റുമാരാണ് കമ്പനിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്യുന്നത്. ഇത് വീണ്ടും സി. ആന്റ് എ.ജി. പരിശോധിച്ചാണ് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നത്. ഇങ്ങനെ സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം മറ്റ് നടപടിക്രമങ്ങളും പൂർത്തിയാക്കിയിട്ടാണ് കണക്ക് പ്രിന്റ് ചെയ്ത് സഭയിൽ വയ്ക്കുന്നത്. 2013-14, 2014-15, 2015-16 വർഷങ്ങളിലെ കണക്കുകൾക്ക് ഇങ്ങനെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാനുണ്ട്. ബോർഡ് തലത്തിൽ ഈ വർഷങ്ങളിലെ കണക്കുകൾ തയ്യാറാക്കിയിട്ടുണ്ട്. സി. ആന്റ് എ.ജി. തലത്തിലുണ്ടാകുന്ന കാലതാമസമാണ് കണക്കുകൾ സഭയിൽ സമർപ്പിക്കുന്നതിന് തടസ്സമാകുന്നത്. ഇത് ഇപ്പോഴുണ്ടായ പ്രശ്നമല്ല. മുൻവർഷങ്ങളിലും ഈ കണക്കുകൾ സമർപ്പിച്ചിരുന്നില്ല. സഭയിൽ കണക്കുകൾ വയ്ക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡിനോ സർക്കാരിനോ തടസ്സമില്ല.

<u>മി. സ്പീക്കർ:</u> ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച വിഷയം ഈ സഭയുടെ ശ്രദ്ധയിൽ മുമ്പും വന്നിട്ടുള്ളതാണ്. ഉന്നയിക്കപ്പെട്ട ക്രമപ്രശ്നത്തിന്മേൽ വിശദമായ റൂളിംഗ് ചെയറിൽനിന്ന് നേരത്തേയും ഉണ്ടായിട്ടുണ്ട്. സഭ പാസ്സാക്കുന്ന നിയമങ്ങൾക്ക് ചട്ടങ്ങളുണ്ടാകുകയെന്നത് നിർബന്ധമായ കാര്യമാണ്. ഇന്നലെ ഉന്നയിക്കപ്പെട്ട ഒരു ക്രമപ്രശ്നം ഒന്നുകിൽ ചട്ടങ്ങൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾ അറിയാതെ രൂപീകരിക്കപ്പെട്ട് നടപ്പാക്കുന്നു, അല്ലെങ്കിൽ ചട്ടങ്ങൾ ഉണ്ടാകുന്നില്ല എന്നതാണ്. ഇത് ഏത് ഭാഗത്തുനിന്നായാലും വളരെ പെട്ടെന്നുതന്നെ തിരുത്തേണ്ടതാണ്. ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്കുപുറത്ത് എന്ന സമീപനം സ്വീകരിക്കുന്നത് ശരിയല്ല. അതുകൊണ്ട് നിയമസഭ പാസ്സാക്കിയ നിയമങ്ങൾക്ക് എത്രയും പെട്ടെന്ന് ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് വീണ്ടും റൂൾ ചെയ്യുകയാണ്. സഭ പാസ്സാക്കിയ നിയമങ്ങൾ അനുസരിച്ചുള്ള ചട്ടങ്ങൾ യഥാസമയം നിർമ്മിക്കുകയും അവ കരട് രൂപത്തിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികൾക്ക് മുൻകൂർ പരിശോധനയ്ക്കായി നൽകുകയും ചെയ്യുന്ന കാര്യത്തിൽ നേരത്തേ ചെയറിൽ നിന്നുണ്ടായ നിർദ്ദേശം ഗൗരവപൂർവ്വം പരിഗണിക്കണമെന്ന് വീണ്ടും റൂൾ ചെയ്യുന്നു.

രണ്ടാമത്തേത്, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയുടെ വിശദീകരണം നമ്മൾ കേൾക്കുകയുണ്ടായി. യഥാർത്ഥത്തിൽ റൂൾ 303 പ്രകാരമുള്ള ക്രമപ്രശ്നത്തിന്റെ പരിധിയിൽ വരുന്ന ഒരു പ്രശ്നമായിരുന്നില്ല അങ്ങ് ഇവിടെ ഉന്നയിച്ചത്. ഏതായാലും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൽ പരാമർശിച്ചിരിക്കുന്ന പ്രകാരമുള്ള നടപടികളെല്ലാം സർക്കാരിൽ നിന്നുണ്ടാകണമെന്ന് റൂൾ ചെയ്യുന്നു.

ശ്രീ. പി. ടി. തോമസ്: (മൈക്ക് ഓഫ്) സർ, ഓഡിറ്റ് ചെയ്ത കണക്ക് സഭയിൽ വയ്ക്കേണ്ടെന്നാണോ അങ്ങ് പറയുന്നത്.

മി. സ്പീക്കർ: നയം തീരുമാനിക്കേണ്ടത് സർക്കാരാണ്.

ശ്രീ. വി. ഡി. സതീശൻ: (മൈക്ക് ഓഫ്) സർ, റൂൾ 303-ൽ വരില്ലെന്ന് അങ്ങ് പറഞ്ഞത് തെറ്റാണ്. കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻസ് വയലേറ്റ് ചെയ്താലും റൂൾ 303 പ്രകാരം കൊണ്ടുവരാം. റൂൾസ് ഓഫ് പ്രൊസീജ്യവർ വയലേറ്റ് ചെയ്താൽ മാത്രമല്ല റൂൾ 303 പ്രകാരം കൊണ്ടുവരാവുന്നത്.

ശ്രീ. പി. ടി. തോമസ്: സർ,...(മൈക്ക് ഓഫ്)

മി. സ്പീക്കർ: ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്തല്ലോ?

ശ്രീ. പി. ടി. തോമസ്: സർ, ഇത് അതല്ല. വേറെ വിഷയമാണ്.

മി. സ്പീക്കർ: ക്രമപ്രശ്നമാണോ, പോയിന്റ് ഓഫ് ഓർഡറാണോ?

ശ്രീ. പി. ടി. തോമസ്: സർ, ഇവിടെ ബഹുമാന്യനായ കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച പ്രിവിലേജ് മോഷൻ, ബഹുമാനപ്പെട്ട സ്പീക്കർക്ക് ചെറിയ തോതിൽപ്പോലും പോറലേൽക്കാൻ പാടില്ലെന്ന വ്യക്തമായ അഭിപ്രായമുള്ള ആളുകളാണ് പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങളെല്ലാവരും.

മി. സ്പീക്കർ: ഇതിപ്പോൾ പറയാൻ കാരണമെന്താണ്?

ശ്രീ. പി. ടി. തോമസ്: സർ, ഞാനിത് പറയാൻ കാരണം, കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട കെ. മുരളീധരൻ ഒരു കാര്യം പറഞ്ഞു, 'ധിം തരികിടതോം' പോലുള്ള പരിപാടികളിൽ എം.എൽ.എ.-മാരെയും ജനപ്രതിനിധികളെയും മോശമായി അവതരിപ്പിക്കുന്നുവെന്ന് പറഞ്ഞപ്പോൾ അങ്ങ് ഒരു റൂളിംഗ് പോലെ നൽകിയത് ഉന്നതമായ ജനാധിപത്യമൂല്യം നിലനിർത്താൻ അത്തരം വിമർശനങ്ങൾ ആവശ്യമാണെന്നാണ്. ഞാൻ 1991-ലും 2001-ലും ഈ സഭയിൽ അംഗമായിരുന്നു. അത്യപൂർവ്വമായ അവസരത്തിൽ മാത്രമേ ഇത്തരം പ്രിവിലേജുകൾ സഭയിൽ ഉന്നയിക്കാറുള്ളൂ. സഭ പിരിയുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ ഇന്നയിന്ന പ്രിവിലേജുകൾ കിട്ടിയിട്ടുണ്ടെന്ന് പറയുന്നതാണ് കീഴ്വഴക്കം. ഉദാഹരണത്തിന്, ശ്രീ. എസ്. ശർമ്മയ്ക്കെതിരെയും ബി. രാഘവനെതിരെയും കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ മർദ്ദനമുണ്ടായി. അത് സഭയിൽത്തന്നെ ഉന്നയിച്ചു. റാന്നി എം.എൽ.എ. എം. സി. ചെറിയാനെ വാഹനം തടഞ്ഞുനിർത്തി പോലീസ് ആക്ഷേപിച്ചു. അതും ഈ സഭയിൽ ഉന്നയിച്ചു. സി. എം. സുന്ദരത്തെ ചെറൂസ്

എന്ന പത്രപ്രവർത്തകൻ ആക്ഷേപിച്ചപ്പോൾ, ഇവിടെ കൂട്ടുകെട്ടി അദ്ദേഹത്തെ വിസ്തരിച്ച് ശിക്ഷിച്ചു. അത് ഈ സഭയുടെ പാരമ്പര്യമാണ്. എന്നാൽ അതുപോലെ പണ്ടുള്ള കീഴ്‌വഴക്കങ്ങൾ ലംഘിച്ചുകൊണ്ട് ഇങ്ങനെയൊരു പ്രിവിലേജ് മോഷൻ കൊണ്ടുവരുന്നതിന് ചട്ടപ്രകാരം അങ്ങേയ്ക്ക് അധികാരമുണ്ട്. പക്ഷേ അത് കീഴ്‌വഴക്കങ്ങൾക്ക് എതിരാണ്. ഈ നടപടി ശരിയാണെന്നാണ് അങ്ങ് വിചാരിക്കുന്നതെങ്കിൽ ഞങ്ങൾക്ക് വിരോധമില്ല.

## റൂളിംഗ്

<u>മി. സ്പീക്കർ:</u> ശ്രീ. പി. ടി. തോമസ്, ഇത് ചട്ടപ്രകാരം ശരിയായിട്ടുള്ള കാര്യമാണെന്ന് അങ്ങുതന്നെ പറയുകയുണ്ടായി.

" 154. <u>പ്രിവിലേജ് പ്രശ്നങ്ങൾ:-</u> ഒരംഗത്തിന്, സ്പീക്കറുടെ സമ്മതത്തോടു കൂടി, ഒന്നുകിൽ ഒരംഗത്തിന്റെയോ അല്ലെങ്കിൽ സഭയുടെയോ അതിന്റെ ഒരു കമ്മിറ്റിയുടെയോ അവകാശലംഘനം അന്തർഭവിച്ചിട്ടുള്ള പ്രശ്നം ഉന്നയിക്കാവുന്നതാണ്.

157 <u>ഒരു പ്രിവിലേജ് പ്രശ്നം ഉന്നയിക്കേണ്ട രീതി:-</u> (1) സ്പീക്കർ, 154-ാം ചട്ടത്തിൻകീഴിൽ അനുമതി നൽകുകയും ചർച്ച ചെയ്യാനുദ്ദേശിച്ചിരിക്കുന്ന സംഗതി ക്രമപ്രകാരമുള്ളതാണെന്ന് അദ്ദേഹം തീരുമാനിക്കുകയും ചെയ്യുന്നപക്ഷം, ചോദ്യോത്തര വേളയ്ക്കുശേഷം കാര്യവിവരപ്പട്ടികയിലേയ്ക്ക് കടക്കുന്നതിനു മുൻപ്....."

എന്നും അതുപോലെതന്നെ "ഏതൊരു സമയത്തും ഒരു പ്രിവിലേജ് പ്രശ്നം ഉന്നയിക്കാൻ അനുമതി നൽകാവുന്നതാണ്" എന്നും ചട്ടത്തിൽ പറയുന്നുണ്ട്. അദ്ദേഹം ഉന്നയിച്ച അവകാശലംഘന പ്രശ്നം സഭയിൽ അദ്ദേഹം തന്നെ മെൻഷൻ ചെയ്തതിൽ തെറ്റുള്ളതായി ചെയർ കാണുന്നില്ല.

1.00 PM]

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ):</u> സർ, ബഹുമാനപ്പെട്ട സ്പീക്കർ ചെയ്തതിൽ ഒരു അപാകതയുമില്ല. ചട്ടം 159 പ്രകാരം, "ഈ ചട്ടങ്ങളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഏത് പ്രിവിലേജ് പ്രശ്നവും സ്പീക്കർ പരിശോധനയ്ക്കോ അന്വേഷണത്തിനോ റിപ്പോർട്ടിനോ വേണ്ടി പ്രിവിലേജസ് കമ്മിറ്റിക്ക് വിടാവുന്നതാണ്." അതിനെയാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. തോമസ് ഇവിടെ ചോദ്യം ചെയ്തത്. ഇത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഇവിടെ സ്പീക്കർ ഒരു റൂളിംഗ് കൊടുക്കുക, ആ റൂളിംഗ് പുനഃപരിശോധിക്കാൻ വേണ്ടി സ്പീക്കറെ സമ്മർദ്ദത്തിലാക്കുക. ഇത് ശരിയായ കീഴ്‌വഴക്കമല്ല.

മി. സ്പീക്കർ: ഇത് നിർഭാഗ്യകരമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. എ. കെ. ബാലൻ ലോക്സഭയിൽ അംഗമായിരുന്നയാളാണ്, സാധാരണഗതിയിൽ ലോക്സഭയിലാണെങ്കിലും പ്രിവിലേജ് നോട്ടീസ് കിട്ടിയാൽ സ്പീക്കർ മെൻഷൻ ചെയ്യുകയാണ് പതിവ്. മെൻഷൻ ചെയ്യാൻ അംഗങ്ങളെ പലപ്പോഴും അനുവദിക്കാറില്ല. അങ്ങ് അനുവദിച്ചു, അത് അങ്ങയുടെ ഡിസ്ക്രീഷനാണ്. അതാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. സാധാരണഗതിയിൽ അത് ഡിസ്പോസ് ചെയ്യുമ്പോഴാണ് സഭ അതിനെക്കുറിച്ച് കൂടുതൽ അറിയുന്നത്. വേണമെങ്കിൽ മെമ്പർക്ക് മെൻഷൻ ചെയ്യാനുള്ള അവസരം കൊടുക്കാമെന്ന് മാത്രമേയുള്ളൂ.

മി. സ്പീക്കർ: അതേ ഉണ്ടായിട്ടുള്ളൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് അത്യപൂർവ്വമായ സന്ദർഭങ്ങളിലേ ഉണ്ടാകാറുള്ളൂ. ലോക്സഭയിലാണെങ്കിലും അങ്ങനെ മെൻഷൻ ചെയ്യാൻ അത്യപൂർവ്വമായി മാത്രമേ അവസരം കൊടുക്കാറുള്ളൂ. അല്ലാത്തപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ മെൻഷൻ ചെയ്യുകയാണ് ചെയ്യുന്നത്.

മി. സ്പീക്കർ: മെൻഷൻ ചെയ്യാനുള്ള അവകാശം നമ്മുടെ ചട്ടങ്ങളിലുണ്ട്. അതിനെ എതിർക്കാനുള്ള അവകാശവുമുണ്ട്. എതിർക്കുന്ന സമയത്ത് അദ്ദേഹത്തിന് അതിനുള്ള പിന്തുണയുണ്ടോയെന്ന് പരിശോധിക്കാൻ അവകാശമുണ്ട്. 15 അംഗങ്ങളുടെ പിന്തുണയുണ്ടെങ്കിൽ അവകാശലംഘനം സഭയിൽ ഉന്നയിക്കാമെന്ന് ചട്ടം പറയുന്നുണ്ട്. ചട്ടപ്രകാരം ഇക്കാര്യത്തിൽ എന്തെങ്കിലും അവ്യക്തതയുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

## VII നിയമനിർമ്മാണകാര്യം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ

മി. സ്പീക്കർ: തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്റർ സംസാരിക്കുന്നുണ്ടോ?

ശ്രീ. ജി. സുധാകരൻ : സർ, സംസാരിക്കുന്നില്ല. സബ്ജക്ട് കമ്മിറ്റി നല്ല നിലയിൽ ചർച്ച ചെയ്തിട്ടുണ്ട്.

മി. സ്പീക്കർ : ശ്രീമതി ഗീതാ ഗോപി ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. ചിറ്റയം ഗോപകുമാറിന് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീമതി ഗീതാ ഗോപിക്കുവേണ്ടി ശ്രീ. ചിറ്റയം ഗോപകുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലാളികൾക്ക് അനുകൂലമായ തീരുമാനമെടുക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നത്. വ്യവസായ മേഖലയിൽ ഇന്ന് കോർപ്പറേറ്റ് മുതലാളിമാർ കടന്നുവരികയാണ്. ഇത് സമസ്ത മേഖലയിലുമുള്ള തൊഴിലാളികളെ പ്രതിസന്ധിയിലാക്കിയിരിക്കുകയാണ്. അവർ തൊഴിൽ നിയമങ്ങളെല്ലാം ലംഘിച്ചു കൊണ്ടിരിക്കുകയാണ്. വൻകിട മുതലാളിമാരുടെ കടന്നുവരവോടുകൂടി കയർ, കശുവണ്ടി, കൈത്തറി തുടങ്ങിയ പരമ്പരാഗത മേഖലകളും കർഷക തൊഴിലാളികളും തോട്ടം മേഖലയിലടക്കമുള്ള തൊഴിലാളികളും വലിയ പ്രതിസന്ധിയിലായിരിക്കുകയാണ്. നേരത്തേ പാർലമെന്റ് പാസ്സാക്കിയതിനു നുബന്ധമായ ഒരു ബില്ലാണിത്. പശ്ചിമ ബംഗാൾ അടക്കമുള്ള സംസ്ഥാനങ്ങൾ ഈ ബിൽ നേരത്തേ പാസ്സാക്കിയിരുന്നു. ഈ ബില്ലിൽ തൊഴിലാളികളുടെ നിർവ്വചനത്തിൽ പറഞ്ഞിരിക്കുന്നത് ക്ലെറിക്കൽ, സൂപ്പർവൈസർ എന്നുമാത്രമായിരുന്നു. എന്നാൽ ഇപ്പോൾ അതിന്റെ കൂടെ work for the promotion of sales എന്നുകൂടി ഉൾപ്പെടുത്തിയിട്ടുള്ള ഭേദഗതിയാണ് കൊണ്ടുവന്നിരിക്കുന്നത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ശ്രീ. ചിറ്റയം ഗോപകുമാർ സൂചിപ്പിച്ചതുപോലെ 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി തൊഴിലാളി എന്ന നിർവ്വചനത്തിന്റെ വ്യാപ്തി കൂട്ടിക്കൊണ്ടുള്ള ഒന്നാണ്. അതുകൊണ്ടുതന്നെ നിലവിൽ തൊഴിലാളിയെന്ന രീതിയിൽ ഏതെല്ലാം വിഭാഗങ്ങൾക്ക് ആനുകൂല്യം ലഭിച്ചു കൊണ്ടിരുന്നോ; അതിനപ്പുറത്തേയ്ക്ക് തൊഴിൽ മേഖലയിലെ കുറേക്കൂടി തൊഴിലാളികൾ ഈ ബിൽ പാസ്സാകുന്നതോടെ ഇതിന്റെ പരിധിയിലേയ്ക്ക് വരുമെങ്കിലും തർക്കങ്ങളുണ്ടാകുന്ന ഒരു സാഹചര്യമുണ്ടാകും. അൽപ്പംകൂടി മുന്നോട്ട് പോകുന്നത് ഗുണകരമാകുമെന്നാണ് എനിക്ക് തോന്നുന്നത്. ഒരു വ്യവസായ സ്ഥാപനത്തിൽ ഡിസിപ്ലിനറി ആക്ഷൻ എടുക്കാൻ കഴിയുന്ന അതോറിറ്റിയെയോ അല്ലെങ്കിൽ മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുള്ള അതോറിറ്റിയെയോ ഒഴിച്ചുനിർത്തി മറ്റുള്ളവരെയെല്ലാം ബില്ലിന്റെ പരിധിയിൽ കൊണ്ടുവന്നാൽപ്പോലും തെറ്റുണ്ടാകില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഈ നിയമം അല്ലെങ്കിൽ ഭേദഗതി വരുന്നതോടുകൂടി ഇത്തരം തർക്കങ്ങൾ ചർച്ച ചെയ്യപ്പെടാനുള്ള സാഹചര്യമുണ്ടാകുന്നുവെന്ന യാഥാർത്ഥ്യമുണ്ടെങ്കിലും ഇത്തരം തർക്കങ്ങളൊക്കെ ചർച്ച ചെയ്യാനുള്ള വേദിയുണ്ടെങ്കിലും, ഇത്തരം തർക്കങ്ങളുടെ റിസൾട്ട് അനന്തമായി നീണ്ടുപോകുന്ന ഒന്നാണ്. ഇന്ന് ഏതെങ്കിലും തർക്കങ്ങൾ വന്നാൽ നേരെ പോകുന്നത് ജില്ലാ ലേബർ ഓഫീസറുടെ കീഴിലാണ്. അവിടെ നടക്കുന്നത് conciliation process ആണ്. ഈ പ്രോസസ്സ് വളരെക്കാലം നീണ്ടുപോകും. അത് കഴിഞ്ഞ് അതിന് തൊട്ട് മുകളിൽ ജോയിന്റ് ലേബർ കമ്മീഷണറുടെ അടുത്തേയ്ക്കും അവിടെ നിന്ന് ലേബർ കമ്മീഷണറേറ്റിലേയ്ക്കും പോകുന്നു. അങ്ങനെ ഒരു തൊഴിലാളിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന തർക്കങ്ങൾ പരിഹരിച്ച് കിട്ടുന്നതിന് ധാരാളം കാലതാമസമെടുക്കും. നിലവിലുള്ള ആക്ടനുസരിച്ച് ലേബർ കോർട്ടിൽ പോയാൽ മൂന്നുമാസംകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കണമെന്നാണ് നിർദ്ദേശമെങ്കിലും മൂന്ന് കൊല്ലം കഴിഞ്ഞാലും പരിഹരിക്കാൻ കഴിയുന്നില്ലെന്നുള്ളൊരു യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. അങ്ങനെയുള്ള പ്രശ്നങ്ങൾക്ക് ഒരുത്തരവ് ഉണ്ടായിക്കഴിഞ്ഞാൽ മാനേജ്മെന്റിന് വേണമെങ്കിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയെയോ സുപ്രീം കോടതിയെയോ സമീപിക്കാം.

ബിൽ ഇന്നുകൊണ്ടുവന്ന്, ഇതിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതുമൂലം കൂടുതൽ തൊഴിലാളികൾക്ക് അവസരം കിട്ടുമെങ്കിലും തൊഴിൽ തർക്കങ്ങൾക്കുള്ള പരിഹാരം പഴയതുപോലെ അനന്തമായി നീളുകയാണ്. ഗവൺമെന്റ് നിയമംമൂലം സമയബന്ധിതമായി ഇത്തരം തർക്കങ്ങൾ പരിഹരിച്ച് തൊഴിലാളിക്ക് മാന്യമായ അവകാശങ്ങൾ ലഭിക്കാനുള്ള സാഹചര്യമുണ്ടാക്കിയില്ലെങ്കിൽ നമ്മൾ ഏത് നിയമം കൊണ്ടുവന്നാലും പ്രയോജനമില്ല.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : സർ, ഇവിടെ വളരെ ഫലപ്രദമായി തൊഴിൽതർക്കത്തെ സംബന്ധിച്ചാണ് പറയുന്നത്. ഇൻഡസ്ട്രിയൽ ക്രൈസിസുണ്ടെന്ന മാനദണ്ഡംവച്ചുകൊണ്ട് തീർപ്പുകൽപ്പിച്ച് വിധി പറഞ്ഞതിൽപ്പോലും ഇപ്പോഴും ശാശ്വതമായി പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ലെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീ. എ. പി. അനിൽ കുമാർ</u> : സർ, ഞാൻ സൂചിപ്പിച്ചതും അതേകാര്യമാണ്. നമ്മൾ നിയമമുണ്ടാക്കുന്നു, ആ നിയമത്തിന്റെ പേരിൽ പ്രൊട്ടക്ഷൻ തൊഴിലാളിക്ക് കൊടുക്കുന്നു. പക്ഷേ അതിന്റെ റിസൾട്ട്, നമുക്കില്ലാത്ത സാഹചര്യം ഉണ്ടെന്നുള്ളതാണ് യഥാർത്ഥ വസ്തുത. അതുകൊണ്ട് ഒരു തൊഴിൽ തർക്കമുണ്ടായാൽ, തൊഴിലാളിക്ക് മാന്യമായി ലഭിക്കേണ്ട നീതി, അനന്തമായി നീണ്ടുപോകുന്നത് ന്യായീകരിക്കാൻ കഴിയാത്ത കാര്യമാണ്. അവിടെ നമുക്ക് എന്തുചെയ്യാൻ കഴിയുമെന്നാണ് ഗവൺമെന്റ് ആലോചിക്കേണ്ടത്. അതിന് നിയമത്തിലൂടെ പരിരക്ഷ നൽകുകയെന്നത് ഏറ്റവും അത്യാവശ്യമായ കാര്യമാണ്. തൊഴിലാളികൾക്ക് ഇന്ന് സംരക്ഷണം നൽകുന്ന സാഹചര്യമുണ്ടാക്കിക്കൊണ്ട് ഈ ഭേദഗതി വരുമ്പോൾ മറുഭാഗത്ത് തൊഴിലാളികൾ ഏറ്റവും വലിയ പ്രതിസന്ധി നേരിടുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽപ്പോലും ഇന്ന് തൊഴിലാളികളുടെ എണ്ണം കുറച്ചുകൊണ്ടുവരുന്നു. ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ സ്ഥാപനങ്ങൾ ഇന്ന് അടയ്ക്കാൻപോകുന്നു. കേരളത്തിൽ തന്നെ ഏറ്റവും പ്രധാനപ്പെട്ടതും നമ്മളെല്ലാപേരും അറിയുന്നതും ലാഭകരമായി പ്രവർത്തിക്കുന്ന ഒരു പൊതുമേഖലാസ്ഥാപനമായ വെള്ളൂരിലുള്ള ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ വിൽപ്പനയുമായി ബന്ധപ്പെട്ട് കേന്ദ്രഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. അതുപോലെ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനമായ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസ് ലിമിറ്റഡിന്റേയും വിൽപ്പനയെക്കുറിച്ച് ആലോചിക്കുകയാണ്. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ ഓഹരികൾപോലും വിറ്റഴിക്കുന്നതിനെപ്പറ്റി ആലോചിക്കുന്നുവെന്ന് പറയുമ്പോൾ, ഇത്തരത്തിലുള്ള നടപടികളുമായി കേന്ദ്ര

ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ, തൊഴിലാളികൾക്ക് ഒരു ഭാഗത്ത് നിയമത്തിലൂടെ സംരക്ഷണം കൊണ്ടുവരുന്നുണ്ട്. പക്ഷേ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കുന്നതുവഴി ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്നത് തൊഴിലാളികളാണ്. ഇതിനെ ശക്തമായി നേരിടാൻ സംസ്ഥാന ഗവൺമെന്റുകൾ തയ്യാറാകേണ്ടിയിരിക്കുന്നു. അത് ഏത് രീതിയിൽ നമുക്ക് ചെയ്യാൻ കഴിയുമെന്നതുകൂടി ആലോചിക്കേണ്ടതുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകണമെങ്കിൽ തൊഴിൽ ഉണ്ടാകണം. തൊഴിൽ ഉള്ളിടത്ത് മാത്രമേ തർക്കങ്ങൾ ഉണ്ടാവുകയുള്ളൂ. പക്ഷേ നിലവിലുള്ള തൊഴിൽപോലും നഷ്ടപ്പെടുന്ന ഒരു സാഹചര്യം കേന്ദ്ര ഗവൺമെന്റിന്റെ ഇന്നത്തെ വ്യവസായ നയത്തിന്റെ ഭാഗമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. അത്തരം കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റ് ശക്തമായ ഇടപെടലുകൾ നടത്താൻ തയ്യാറാവുക എന്നുള്ളത് പ്രധാനമാണ്. ഇത്തരത്തിലുള്ള നിയമം കൊണ്ടുവന്ന് തൊഴിലാളികൾക്ക് തൊഴിൽ സംരക്ഷണവും നീതിയും ലഭിക്കാനുള്ള കാര്യങ്ങൾ നടപ്പാക്കുന്നതോടൊപ്പം അവർക്ക് മാന്യമായി തൊഴിൽ ചെയ്യുവാനുള്ള അവസരമുണ്ടാക്കുന്നതിനുള്ള ശ്രമംകൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കേന്ദ്ര ഗവൺമെന്റ് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ വിൽക്കുന്നതിനുള്ള നിലപാടെടുക്കുന്നതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ശക്തമായ നിലപാടെടുക്കണമെന്നും അത്തരം സ്ഥാപനങ്ങളെ സംരക്ഷിക്കണമെന്നുമാണ് പല അംഗങ്ങളും ചൂണ്ടിക്കാണിച്ചത്. അതിന്റെ ചരിത്രത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കാനുള്ള നടപടി തുടങ്ങിയത് ബഹുമാനപ്പെട്ട അംഗത്തിന്റെകൂടി പാർട്ടി അധികാരത്തിൽ ഇരിക്കുമ്പോഴായിരുന്നു. രാഷ്ട്രീയമായി പറയുകയല്ല. അന്നൊക്കെ നമ്മൾ എതിർത്തിരുന്നതാണ്. ഇപ്പോഴത്തെ ഗവൺമെന്റ് അതിനേക്കാൾ ശക്തമായി മുന്നോട്ടുപോകുന്നു. ഈ പ്രക്രിയ നടക്കുകയാണ്. ഇതിനെ ശക്തമായി എതിർത്ത സംസ്ഥാനമാണിത്. ഇവിടെ വന്നിട്ടുള്ള പ്രശ്നം, നാഷണൽ ബില്ലായതുകൊണ്ട് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി തൊഴിലാളികളുടെ നിർവ്വചന പരിധിക്കുള്ളിൽ ഉൽപ്പന്നങ്ങളുടെ വിൽപ്പനയ്ക്ക് പ്രൊമോട്ട് ചെയ്യുന്നവരെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഭേദഗതി മാത്രമാണുള്ളത്. ആ ഭേദഗതി നേരത്തേ അവതരിപ്പിച്ചു, സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തു, അത് അതുപോലെ പാസ്സാക്കണമെന്നാണ് അഭിപ്രായം.

മി. സ്പീക്കർ: ശ്രീ. ചിറ്റയം ഗോപകുമാർ അവതരിപ്പിച്ച '1 എ' ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ചിറ്റയം ഗോപകുമാർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച '2 ബി' ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ ..................................

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri. N. Samsudheen: Sir, I move the following amendment.

127. In clause 2, after the words "promotion of sales", the words "and service" shall be added.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

Shri M. Ummer: Sir, I move the following amendments.

106. In the Preamble, delete the word "further".

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല. ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

In the enacting formula, for the words "sixty seven" the words "sixty eight" shall be substituted.

In sub clause (1), for the figures "2016" the figures "2017" shall be substituted.

പ്രിയാമ്പിളിന് ഭേദഗതിയുടെ ആവശ്യമില്ല. Enacting formula-യ്ക്കാണ് ഭേദഗതി ഒഫീഷ്യലായിട്ട് ഞാൻ വാചാരൂപത്തിൽ ഇവിടെ അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് ഓറൽ അമെന്റ്മെന്റ് കൊണ്ടുവരാൻ അവകാശമുണ്ട്. പക്ഷേ ഫ്ലോറിൽ at the point of time വരുന്ന ഒരു അമെന്റ്മെന്റിന് ഇപ്പുറത്തുനിന്നും വേണമെങ്കിൽ അമെന്റ്മെന്റ് കൊടുക്കാൻ അവകാശമുണ്ട്. ഞാനിത് തർക്കത്തിനുവേണ്ടി പറഞ്ഞതല്ല. പ്രതിപക്ഷത്തിന്റെ അവകാശത്തെക്കുറിച്ച് പറഞ്ഞുവെന്ന് മാത്രമേയുള്ളൂ.

മി. സ്പീക്കർ: ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016-ലെ വ്യാവസായിക തർക്കങ്ങൾ (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

(ii) 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജി. സുധാകരൻ: ഈ ബില്ലിനെ സംബന്ധിച്ച് കൂടുതലൊന്നും സംസാരിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല. സബ്ജക്ട് കമ്മിറ്റി ഇത് വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടാണ് നമ്മുടെ സഭയിലുള്ളത്. ഇതിൽ പ്രത്യേകിച്ച് ഡിസെന്റുകൾ ഉള്ളതായി കാണുന്നില്ല. ഇതിന്റെ അവതരണസമയത്തുതന്നെ നല്ലൊരു ചർച്ച നടന്നിട്ടുണ്ട്. ഞാൻ അതിനോട് പ്രതികരിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതലായി ഒന്നും പറയാനില്ല.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ സംബന്ധിച്ച് എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു.

സബ്ജക്ട് കമ്മിറ്റിയിൽ എന്റെ ഒരു വിയോജനക്കുറിപ്പ് ഉണ്ടായിരുന്നു. പരാതിക്കാരന് 1,000 രൂപയെന്നത് വലിയ തുക ആയതുകൊണ്ടും പരാതി കൊടുക്കാൻ തൊഴിലാളി മടിക്കുമെന്നതുകൊണ്ടുമാണ് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയത്. അത് അംഗീകരിച്ചതിനെ സ്വാഗതം ചെയ്യുകയാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ഇ. കെ. വിജയൻ)

തുല്യജോലിക്ക് തുല്യവേതനം പ്രാവർത്തികമാക്കിയിട്ടില്ലാത്ത ഒട്ടനവധി തൊഴിൽ മേഖലകൾ ഇന്നും നമ്മുടെ നാട്ടിലുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി തുല്യജോലിക്ക് തുല്യവേതനം എന്ന സുപ്രധാനമായ വിധി ഉണ്ടാക്കിയിട്ടും അത് പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ഒരേ സ്ഥാപനത്തിൽ ഒരേ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കരാർ അടിസ്ഥാനത്തിലോ അല്ലെങ്കിൽ മറ്റേതെങ്കിലും വ്യവസ്ഥയിലോ ആണെങ്കിലും തുല്യ വേതനത്തിന് അർഹതയുണ്ടെന്ന സുപ്രധാന വിധി സുപ്രീംകോടതിയുടെ ജസ്റ്റീസ് ജെ. എസ്. ഖേക്കർ, ജസ്റ്റീസ് എസ്. എ. ബോബ്ഡെ എന്നിവരടങ്ങുന്ന ബെഞ്ചാണ് പ്രസ്താവിച്ചത്. Minimum Wages Act, Payment of Bonus Act, E S I Act, Workmen Compensation Act, Employees Provident Fund Act, Factories Act, Industrial disputes Act, Equal Remuneration Act, Industrial Employment Act എന്നിങ്ങനെ പതിനഞ്ചോളം നിയമങ്ങൾ തൊഴിൽ സംരക്ഷണവും സാമൂഹിക സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി നമ്മുടെ രാജ്യത്ത് നിലവിലുണ്ട്. എങ്കിൽപ്പോലും പല മേഖലകളിലും ഇപ്പോഴും inequality തുടരുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. ടൂറിസം മേഖല എടുത്താലും നിർമ്മാണ മേഖല എടുത്താലും പരമ്പരാഗത തൊഴിൽ മേഖല എടുത്താലും പ്രൊഫഷണൽ മേഖല എടുത്താലും ഇതേ സ്ഥിതിതന്നെ തുടരുകയാണ്. പ്രൊഫഷണൽ മേഖലയിൽ എല്ലാം equal ആണെന്ന തോന്നലാണ് നമുക്കുള്ളത്. ടെക്കികൾ പത്തും പന്ത്രണ്ടും മണിക്കൂറാണ് ജോലി ചെയ്യുന്നത്. ടെക്കികളുടെ ജോലിക്കായി ഇന്റർവ്യൂവിന് ചെല്ലുമ്പോൾ അവരോട് ഓവർടൈം ചെയ്യാൻ പറ്റുമോ എന്നാണ് പലപ്പോഴും ചോദിക്കുന്നത്. കൂടുതൽ ജോലി ചെയ്താൽ മാത്രമേ നിങ്ങൾക്ക് ഈ ജോലി ലഭിക്കുകയുള്ളൂ എന്നുള്ളതാണ് ആ ചോദ്യത്തിൽനിന്നുതന്നെ മനസ്സിലാക്കാൻ കഴിയുന്നത്. സ്ത്രീകൾ പ്രസവാവധി എടുത്താൽ പലപ്പോഴും അവരെ ജോലിയിൽനിന്ന് പുറത്താക്കുന്ന സ്ഥിതിയും അവിടെയുണ്ട്. പലപ്പോഴും കോടതിയിൽ പോയിട്ടാണ് ജോലിചെയ്യുന്ന സ്ത്രീകൾക്ക് വീണ്ടും അവിടെത്തന്നെ തുടരാനുള്ള സാഹചര്യമുണ്ടാകുന്നത്.

<u>ശ്രീ. പി. ടി. തോമസ്</u>: ബഹുമാനപ്പെട്ട മെമ്പർ, ദൃശ്യ മാധ്യമങ്ങളിൽ ജോലി ചെയ്യുന്നവർക്ക് സമയക്ലിപ്തതയില്ല എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, പക്ഷേ ദൃശ്യമാധ്യമങ്ങളിൽ ജോലി ചെയ്യുന്ന ആളുകൾ അതിന് തയ്യാറാണോ എന്നതിനെക്കുറിച്ച് അറിയില്ല. ഇവിടെ പ്രൊഫഷണൽ കോഴ്സുകൾ പഠിച്ചിറങ്ങുന്ന, എഞ്ചിനീയർമാരായിട്ടുള്ള ആളുകൾക്കുപോലും കുറഞ്ഞ കൂലിയാണ് കൊടുക്കുന്നത് എന്നുള്ളത് നമ്മൾ പലരും കണ്ടില്ലെന്നു നടിച്ചു പോകുകയാണ്. 5000 രൂപയ്ക്ക് പോലും ജോലി ചെയ്യുന്ന എഞ്ചിനീയർമാരെ പല സ്ഥലങ്ങളിലും കാണാൻ കഴിയും. എന്തുകൊണ്ട് ഇത്തരത്തിൽ ജോലി ചെയ്യുന്നു എന്നു ചോദിച്ചാൽ മറ്റൊരു ജോലി ഭാവിയിൽ കിട്ടുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റിനുവേണ്ടി വർഷങ്ങളോളം ജോലിയെടുക്കാൻ ബാധ്യസ്ഥനാവുകയാണ് ചെയ്യുന്നത്. നല്ല ശമ്പളമുള്ള മറ്റൊരു ജോലി കിട്ടുന്നതുവരെ നിസ്സാര തുകയ്ക്ക് ജോലിയെടുക്കാൻ അവർ തയ്യാറാകുന്നതാണ് നമുക്ക് കാണാൻ കഴിയുന്നത്. നമ്മുടെ സംസ്ഥാനത്ത് ഇതര സംസ്ഥാന തൊഴിലാളികൾ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. അതിൽ ബംഗാളികൾ, ആസ്സാമികൾ അങ്ങനെ ഒട്ടനവധി സംസ്ഥാനങ്ങളിൽ നിന്ന് ഇവിടേയ്ക്ക് വന്നവരുണ്ട്. സത്യത്തിൽ പല മേഖലകളിലും അവരെ ഇപ്പോൾ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. നമ്മുടെ നാട്ടിലെ ആളുകൾ ജോലി ചെയ്യുന്നു, കൂലി വാങ്ങിക്കുന്നു, അപ്പോൾ അവർക്കും അതിനുള്ള അർഹതയില്ലേ? അർഹതയുണ്ട്, പക്ഷേ പലയിടത്തും മലയാളികൾക്ക് കൊടുക്കുന്ന കൂലി അവർക്ക് കൊടുക്കുന്നില്ലെന്നു മാത്രമല്ല, അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പോലും കൊടുക്കാൻ തയ്യാറാകുന്നില്ല. എറണാകുളം ജില്ലയിൽ ഏറ്റവും കൂടുതൽ അന്യസംസ്ഥാന തൊഴിലാളികൾ ജോലിയെടുത്തുകൊണ്ടിരിക്കുന്നത് കുന്നത്തുനാട് താലൂക്കിലാണ്. കുന്നത്തുനാട് താലൂക്കിൽ പെരുമ്പാവൂർ പ്രദേശങ്ങളിലൊക്കെ ഏകദേശം 1500-ഓളം പ്ലൈവുഡ് കമ്പനികളുണ്ട്. അവിടെ മുഴുവൻ ജോലിയെടുത്തുകൊണ്ടിരിക്കുന്നത് അന്യ സംസ്ഥാന തൊഴിലാളികളാണ്. അവരുടെ കൂലിയുടെ കാര്യത്തിൽ നമ്മൾ ഇതുവരെ യാതൊരു ചർച്ചയും നടത്തിയിട്ടില്ല. അവർ കൊടുക്കുന്ന കൂലി വാങ്ങി പോകുന്ന ഒരവസ്ഥയാണുള്ളത്. നമ്മൾ ഒരു നിയമം നിർമ്മിക്കുമ്പോൾ തീർച്ചയായും അവരുടെ കാര്യം കൂടി പരിഗണിക്കേണ്ടതുണ്ട്. കാരണം വലിയ വലിയ സ്ഥാപനങ്ങളിലും നിർമ്മാണ മേഖലകളിലുമെല്ലാം ഇത്തരത്തിലുള്ള അനീതി നടക്കുന്നുണ്ടെന്നുള്ളത് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

കഴിഞ്ഞ ദിവസങ്ങളിൽ അഞ്ച് സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിനുശേഷം ഒട്ടനവധി ചർച്ചകൾ ഈ നിയമസഭയിൽ നടക്കുകയുണ്ടായി. ബി.ജെ.പി.-യും കേന്ദ്ര ഗവൺമെന്റും ഇന്ന് നടത്തുന്ന ജനാധിപത്യ ധ്വംസനം കണ്ടില്ലെന്ന് നടിക്കാൻ കഴിയില്ല. പഞ്ചാബിലും മണിപ്പൂരിലും ഗോവയിലും കോൺഗ്രസ്സാണ് ഏറ്റവും വലിയ ഒറ്റകക്ഷി. ഇതിൽ രണ്ട് സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിന് മന്ത്രിസഭയുണ്ടാക്കാൻ കഴിയാത്തതിനെ ആക്ഷേപിച്ചുകൊണ്ടാണ് അപ്പുറത്തിരിക്കുന്ന ആളുകൾ സംസാരിക്കുന്നത്. കഴിഞ്ഞ എത്രയോ പതിറ്റാണ്ടുകളായി രാജ്യം ഭരിച്ച ഒരു പാർട്ടിയാണ് കോൺഗ്രസ്. പലപ്പോഴും ഇതേ സാഹചര്യം അന്നും കേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ വന്നിട്ടുണ്ട്. ഗവർണർക്കും അതുപോലെ മറ്റുള്ള ആളുകൾക്കും ഈ രാജ്യത്തെ കീഴ്വഴക്കങ്ങൾ അറിയാമല്ലോ? ഈ രാജ്യത്തെ കീഴ്വഴക്കങ്ങൾ അറിയാത്തവരായി ആരുമില്ല. ഇവിടെ എം.എൽ.എ. മാരെപ്പോലും മസിൽപവറും മണിപവറും അധികാരവും ഉപയോഗിച്ചുകൊണ്ട്, ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെ അട്ടിമറിക്കാൻ ശ്രമം നടത്തുന്നത് നമ്മൾ യോജിച്ച് എതിർക്കേണ്ടതായിട്ടുണ്ട്. ഒരു മതേതര ഗവൺമെന്റ് ഉണ്ടാക്കാനാണ് നമ്മൾ ശ്രമിച്ചത്. എൽ.ഡി.എഫ്. ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് മതേതര ഗവൺമെന്റ് ഉണ്ടാക്കാൻ കോൺഗ്രസ്സിനെ സപ്പോർട്ട് ചെയ്തു, ശ്രീമതി സോണിയാ ഗാന്ധിയെ സപ്പോർട്ട് ചെയ്തു, അങ്ങനെ ശ്രീ. മൻമോഹൻ സിംഗ് അധികാരത്തിൽ വന്നു. നിങ്ങൾ ആണവ കരാറിന്റെ പേരിൽ പിന്തുണ പിൻവലിച്ചു. രണ്ടാമത് മറ്റു കക്ഷികളെ കൂട്ടുപിടിച്ചുകൊണ്ട് കേന്ദ്രത്തിൽ ഭരണമുണ്ടാക്കേണ്ട സാഹചര്യം ഉണ്ടായി. ഇടതുപക്ഷം തുടർന്നും മുന്നോട്ട് പോയിരുന്നുവെങ്കിൽ വീണ്ടും അധികാരത്തിൽ വരുമായിരുന്നു, സംശയമില്ല. പക്ഷേ ഇടതുപക്ഷം ഓരോ കാരണമുണ്ടാക്കിക്കൊണ്ട് കോൺഗ്രസ്സിനെ അധികാരത്തിൽ നിന്ന് പുറത്താക്കുന്ന, പഴയകാല സമീപനം വീണ്ടും ഒന്നാം യു.പി.എ. ഗവൺമെന്റിന്റെ അവസാന കാലഘട്ടങ്ങളിൽ പരീക്ഷിച്ചു, അതിന്റെ റിസൽറ്റാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇവിടെ ഇന്നലെയും, മിനിഞ്ഞാന്നുമായി ഒട്ടനവധി ചർച്ചകൾ നടത്തി, കോൺഗ്രസ്സിൽ നിന്ന് ആളുകൾ പോയിട്ടുണ്ട്. സി.പി.ഐ.(എം)-ൽനിന്നും ആളുകൾ പോയിട്ടുണ്ടല്ലോ, അത് നമ്മൾ പരിശോധിക്കേണ്ട കാര്യമാണ്. ഇപ്പോൾ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ സി.പി.ഐ.(എം) ഇല്ലാത്തതുകൊണ്ട് അവിടെ നിന്നും പോകാൻ ആളില്ല. കേരളത്തിൽ സി.പി.ഐ.(എം) ഉണ്ട്, കേരളത്തിൽ നിന്ന് എത്രയോ ആളുകൾ പോയിരിക്കുന്നു, വസ്തുതയല്ലേ? അത് പരിശോധിക്കാനുള്ള ചർച്ചകളാണ് വേണ്ടത്. ശ്രീ. എസ്. ശർമ്മ ഇവിടെ സംസാരിച്ചപ്പോൾ ശ്രീ. അൽഫോൻസ് കണ്ണന്താനത്തെക്കുറിച്ച് പറഞ്ഞു, അദ്ദേഹം ഞങ്ങളുടെ പാർട്ടി മെമ്പറല്ല. അതൊക്കെ നമുക്ക് സാങ്കേതികമായി പറയാമെന്നേ ഉള്ളൂ. കോൺഗ്രസ്സിനെ തോൽപ്പിക്കാൻ വേണ്ടി, വഴിയേ പോകുന്നവനെ പിടിച്ച്

സ്ഥാനാർത്ഥിയാക്കുമ്പോൾ ഇതുപോലെ റിസൽറ്റുണ്ടാകുമെന്ന് ഇനിയെങ്കിലും മനസ്സിലാക്കണം. നിങ്ങൾ ഇപ്പോഴും കോൺഗ്രസ്സിനെ തോൽപ്പിക്കാൻ വേണ്ടി ഇതുപോലെയുള്ള പരീക്ഷണങ്ങൾ നടത്തുകയാണ്. അരുവിക്കര ഉപതെരഞ്ഞെടുപ്പ് നടക്കുന്ന സമയത്ത് വെള്ളനാട് പഞ്ചായത്തിൽ ചെന്നപ്പോൾ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്, അവിടെ സി.പി.ഐ.(എം)-ന്റെ ഏര്യാ സെക്രട്ടറിയായിരുന്ന കൃഷ്ണകുമാർ, അദ്ദേഹത്തിന്റെ ഭാര്യ ഗിരിജ, അവർ രണ്ടുപേരും പഞ്ചായത്ത് പ്രസിഡന്റുമാരായിരുന്നു, സി.പി.ഐ.(എം)-ന്റെ കറതീർന്ന നേതാക്കളായിരുന്നു. അവർ രണ്ടുപേരും ബി.ജെ.പി.-യിലേയ്ക്ക് പോയി. ഞാൻ അവിടെ ചെല്ലുമ്പോൾ ബി.ജെ.പി.-യുടെ ഇലക്ഷൻ കമ്മിറ്റി ചെയർമാൻ ശ്രീ. കൃഷ്ണകുമാർ ആണ്. കേരളത്തിൽ ഇങ്ങനെ എല്ലാ സ്ഥലങ്ങളിൽ നിന്നും പോയിട്ടുണ്ട്. എം.എൽ.എ.-മാരോ അതുപോലെയുള്ള തലങ്ങളിലുള്ള ആളുകളോ പോകുമ്പോൾ മാത്രമേ വാർത്തകൾ വരാറുള്ളൂ. പക്ഷേ പ്രാദേശികമായി ഒട്ടനവധി ആളുകൾ സി.പി.ഐ. (എം)- ൽ നിന്ന് ബി.ജെ.പി.-യിലേയ്ക്ക് പോയിട്ടുണ്ടെന്നത് വസ്തുതയാണ്. ഇതുസംബന്ധിച്ച് ഒരു ആത്മപരിശോധന നടത്തി നിങ്ങൾ മുന്നോട്ട് പോകണമെന്നാണ് എനിക്ക് പറയാനുള്ളത്. എൽ.ഡി.എഫ്. എപ്പോഴും ബി.ജെ.പി.-ക്കെതിരായ നിലപാടെടുക്കുന്ന ഒരു രാഷ്ട്രീയ പ്രസ്ഥാനമാണെന്ന് ഇവിടെ പ്രസ്താവനകളിലൊക്കെ കാണാറുണ്ട്, മുഖ്യമന്ത്രി ഇവിടെ ആവർത്തിച്ച് ആവർത്തിച്ച് പറയാറുണ്ട്. എനിക്ക് ചോദിക്കാനുള്ള ചോദ്യം, കണ്ണൂരിൽ സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രസംഗിക്കാൻ പോയ സ്റ്റേജിന് മുന്നിൽ ബോംബ് എറിഞ്ഞ ബി.ജെ.പി.- ക്കാരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞോ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഭ്യന്തര വകുപ്പ് കൈയ്യാളുന്നു, അറസ്റ്റ് ചെയ്യാൻ കഴിഞ്ഞോ? യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. കേരള തൊഗാഡിയ എന്നറിയപ്പെടുന്ന ബി.ജെ.പി.-യുടെ സംസ്ഥാന സെക്രട്ടറി ശ്രീ. കെ. സുരേന്ദ്രൻ മംഗലാപുരത്ത് വച്ച് നടത്തിയ വിഷലിപ്തമായ പ്രസംഗത്തിന്റെ പേരിൽ അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? ഇല്ല.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ...... അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരു പ്രധാനപ്പെട്ട, ഗൗരവമാർന്ന പ്രശ്നമാണ് റെയ്സ് ചെയ്തിട്ടുള്ളത്. കഴിഞ്ഞ നിയമസഭയിൽ ആഭ്യന്തര മന്ത്രിയായിരുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അദ്ദേഹം ഇപ്പോൾ സി.പി.ഐ.(എം)-ന്റെ സംസ്ഥാന സെക്രട്ടറിയാണ്. അദ്ദേഹം കണ്ണൂരിൽ പ്രസംഗിച്ചുകൊണ്ടിരുന്ന വേദിക്ക് സമീപം ബോംബ് എറിഞ്ഞ കേസ്സിലെ പ്രതികളെ പോലീസ് പിടികൂടിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞത് യഥാർത്ഥ പ്രതിയല്ല എന്നാണ്.

അപ്പോൾ യഥാർത്ഥ പ്രതി ആരാണ്? അദ്ദേഹത്തിന് അത് അറിയാമെങ്കിൽ അത് ഈ നിയമസഭയിൽ വെളിപ്പെടുത്തണം, പ്രതികളെ പോലീസ് പിടികൂടിയിട്ടുണ്ട്. ബി.ജെ.പി., ആർ.എസ്.എസ്. സംഘമാണ് ബോംബ് എറിഞ്ഞിട്ടുള്ളത്, അത് യഥാർത്ഥ പ്രതികളല്ല എന്നാണ് അദ്ദേഹത്തിന്റെ വെളിപ്പെടുത്തൽ. ആ യഥാർത്ഥ പ്രതികളാരാണെന്ന് വെളിപ്പെടുത്താൻ അദ്ദേഹം തയ്യാറാകണം,

മി.ചെയർമാൻ: യെസ്, ...

ശ്രീ. വി. പി. സജീന്ദ്രൻ: സർ, കണ്ണൂരിൽ പ്രതികളാകുന്നതും കുറ്റം ചെയ്യുന്നതുമൊക്കെ ആരാണെന്നത് ഈ നാട്ടിലെ മുഴുവൻ ആളുകൾക്കും അറിയാവുന്നതാണ്. അത് ഞാൻ പറയേണ്ട കാര്യമില്ലല്ലോ, ആരാണ് കൃത്യം ചെയ്യുന്നതെന്നും ആരാണ് പ്രതികളാകുന്നതെന്നും ആരാണ് ജയിലിൽ പോകുന്നതെന്നും അവർ പുറത്തിറങ്ങുന്നതുമൊക്കെ നാട്ടിലുള്ള കൊച്ചുകുട്ടികൾക്കു പോലും അറിയാം. അതുകൊണ്ട് ഞാൻ ഇതിന് മറുപടി പറയുന്നില്ല. ഞാൻ ചോദിക്കുന്നത് ഈ രണ്ട് കേസ്സുകളിലും പ്രതികളെ പിടിക്കാത്തതിന്റെ സംശയം പൊതുജനങ്ങൾക്കുണ്ട്. ഇതുകൊണ്ടാണ് തിരുവനന്തപുരത്ത് മസ്കറ്റ് ഹോട്ടലിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബി.ജെ.പി. നേതാക്കളും തമ്മിൽ നടത്തിയ രഹസ്യ ചർച്ചകളെക്കുറിച്ച് പൊതുസമൂഹത്തിന് സംശയമുണ്ടെന്നുള്ളത് ഞാൻ പറയുന്നത്. കുറുംതോട്ടിക്ക് വാതം പിടിച്ചാൽ എന്തു ചെയ്യും. കഴിഞ്ഞ രണ്ടുമൂന്ന് ദിവസങ്ങളായി ഈ സഭയിൽ സഭാനേതാവ് തന്നെ അസഹിഷ്ണുത പ്രകടിപ്പിക്കുകയാണ്. സഭാനേതാവ് ഇവിടുത്തെ മുഴുവൻ ആളുകളുടേയും നേതാവാണ്, അദ്ദേഹത്തെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ അദ്ദേഹം മൂന്നുകോടി ജനങ്ങളുടെ മുഖ്യമന്ത്രിയാണ്, ഇവിടെ ആർക്കെങ്കിലും തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ച് തിരുത്തുവാൻ ബാദ്ധ്യസ്ഥനായ അദ്ദേഹം തന്നെ അസഹിഷ്ണുത പ്രകടിപ്പിക്കുകയാണ്. കോട്ടയത്ത് തിരുനക്കര മൈതാനത്ത് സി.പി.ഐ.(എം)-ന്റെ സംസ്ഥാന സമ്മേളനം നടന്നപ്പോൾ, അദ്ദേഹം അന്ന് പാർട്ടി സെക്രട്ടറിയായിരുന്നു, ആ പാർട്ടി സെക്രട്ടറി അല്ല ഇവിടെ ഒന്നാം നമ്പർ കസേരയിൽ ഇരിക്കുന്ന കേരളത്തിന്റെ മുഖ്യമന്ത്രി. ഈ ചെയറിൽ ഇരിക്കുന്നത് ബഹുമാനപ്പെട്ട സ്പീക്കറാണ്. ഇവിടെ ഉഷാ ഉതുപ്പല്ല ബഹുമാനപ്പെട്ട സ്പീക്കറുടെ ചെയറിൽ ഇരിക്കുന്നത്. ഞങ്ങൾ പ്രതിപക്ഷം ഇവിടെ ഉഷാ ഉതുപ്പിന്റെ ഗാനമേള കാണുവാൻ വന്നവരല്ല. ഇവിടെ പ്രതിപക്ഷത്തിരിക്കുന്ന ഞങ്ങൾ ഓടുപൊളിച്ച് കയറിൽ തൂങ്ങി വന്നവരല്ല. ഞങ്ങളിവിടെ ജനങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾ, അസഹിഷ്ണുത പ്രകടിപ്പിച്ചിട്ട് ഞങ്ങളുടേ നേരെ കൈചൂണ്ടേണ്ട

കാര്യം മുഖ്യമന്ത്രിക്കില്ലെന്നുള്ളത് ഓർമ്മിപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഞങ്ങൾ ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എല്ലാവിധ സംരക്ഷണവും കൊടുക്കുന്ന ആളുകളാണ്. ഒരു കാര്യം കൂടി ആവർത്തിച്ച് പറയുകയാണ്, ഇരട്ടചങ്കനായ മുഖ്യമന്ത്രി ധൈര്യമായിട്ട് ഇനി പഞ്ചാബിലോട്ട് പൊയ്ക്കോ, ഞങ്ങൾക്ക് അവിടെയേ സഹായിക്കാൻ പറ്റുകയുള്ളൂ, പഞ്ചാബിൽ പോയാൽ ഞങ്ങൾ അവിടെ സ്വീകരിക്കും, അദ്ദേഹത്തിന് പ്രസംഗിക്കാനുള്ള അവസരം കൊടുക്കും, അദ്ദേഹത്തെ തിരിച്ച് കേരളത്തിലേയ്ക്ക് പറഞ്ഞയയ്ക്കാനുള്ള എല്ലാ സംവിധാനങ്ങളും ചെയ്യും. ഞങ്ങൾക്ക് മണിപ്പൂരും, ഗോവയിലും കൂടി ഭരണമുണ്ടായിരുന്നുവെങ്കിൽ അദ്ദേഹത്തിന് അവിടെക്കൂടി പോകാമായിരുന്നു, യാതൊരു സംശയവും വേണ്ട. ഞാൻ ദീർഘിപ്പിക്കുന്നില്ല, ഇന്ന് അവസാന ദിവസമായതുകൊണ്ട് മറ്റ് അംഗങ്ങൾക്കുകൂടി സമയം കിട്ടേണ്ടതുള്ളതുകൊണ്ട് ഞാൻ എന്റെ പ്രസംഗം നിർത്തുന്നു.

<u>ശ്രീ. മുരളി പെരുനെല്ലി</u> : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മിനിമം വേതനം സംബന്ധിച്ച് തൊഴിലാളികൾ ഉയർത്തുന്ന ആവശ്യങ്ങൾക്ക് 15-ാം ലേബർ കോൺഗ്രസ്സിന്റെ അംഗീകാരമുണ്ട്. സ്ഥിരം ജീവനക്കാർക്കുള്ള അതേ വേതനം കരാർ /ദിവസക്കൂലി തൊഴിലാളികൾക്കും പാർട്ട്ടൈം ജീവനക്കാർക്കും നടപ്പാക്കണമെന്നുള്ള സുപ്രീംകോടതി വിധി കൃത്യമായി നടപ്പാക്കേണ്ടതാണ്. അഞ്ച് വർഷം കൂടുമ്പോഴാണ് മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത്. ഇപ്പോൾ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിരിക്കുന്നത് 37 മേഖലകളിലാണ്. എൽ.ഡി.എഫ്. സർക്കാർ ലേബർ കമ്മീഷനെയും മിനിമം വേതന ഉപദേശക സമിതിയെയും ചുമതലപ്പെടുത്തി ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണ്. മിനിമം വേതനം നടപ്പാക്കേണ്ട നിരവധി മേഖലകളുണ്ട്. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ട ബലരാമൻ കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശകളുണ്ട്. അവർക്ക് മിനിമം വേതനം ഉറപ്പാക്കാനുള്ള നിലപാടുകൾ എടുക്കേണ്ടതുണ്ട്. ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് മേഖലകളിലെ തൊഴിലാളികൾക്കും മിനിമം വേതനം ഉറപ്പാക്കുന്നതിനാവശ്യമായ നിലപാടെടുത്ത് മുന്നോട്ട് പോകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. വിദേശ രാജ്യങ്ങളിൽ അടുത്ത അഞ്ചോ പത്തോ വർഷത്തേയ്ക്ക് ഉണ്ടാകാൻ പോകുന്ന തൊഴിൽ

സാധ്യതകളെപ്പറ്റി പരിശോധിക്കുന്നതിനും അതുവഴി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ഒരു അന്താരാഷ്ട്ര ഗവേഷണ പദ്ധതിക്ക് സർക്കാർ തുടക്കം കുറിച്ചിട്ടുണ്ട്. തീർച്ചയായും ഈ പദ്ധതിമൂലം തൊഴിലവസരങ്ങൾ വർദ്ധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. മിനിമം വേതനം ഇല്ലാത്ത മേഖലകളിൽ തൊഴിലാളികളെയും തൊഴിലുടമകളെയും ഉൾക്കൊള്ളിച്ച് കമ്മിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എല്ലാ പിന്തുണയും നൽകിക്കൊണ്ട് നിർത്തുന്നു.

മി. ചെയർമാൻ : ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. എം. ഉമ്മറിന് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞിനുവേണ്ടി ശ്രീ. എം. ഉമ്മർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി)ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ ആദ്യം അവതരിപ്പിച്ചപ്പോൾ ക്ലോസ് 3 -ൽ '500 രൂപയ്ക്കു പകരം '5000' രൂപ എന്നാണ് ചേർത്തിരുന്നത്. എന്നാൽ ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണന കഴിഞ്ഞുവന്നപ്പോൾ '500' രൂപയ്ക്ക് പകരം '1,00,000' രൂപയായി ഉയർത്തിയിട്ടുണ്ട്. അത് വലിയൊരു മാറ്റമാണ്. ബിൽ പൈലറ്റ് ചെയ്തതിനുശേഷം സഭയിൽ ചർച്ചയ്ക്ക് വരികയും സബ്ജക്ട് കമ്മിറ്റിയിൽ പോയി വന്നപ്പോൾ '500' രൂപയ്ക്ക് പകരം '5000' രൂപയാക്കിയത് '1,00,000' രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്വാഭാവികമായും സബ്ജക്ട് കമ്മിറ്റിയിൽ പോയി വരുമ്പോൾ ഒരു ചെറിയ തുക വർദ്ധിപ്പിക്കാറുണ്ട്. '5000' രൂപ എന്നുള്ളത് '1,00,000' രൂപ ആക്കിയത് വലിയ വർദ്ധനവാണ്. അത് യുക്തിസഹമല്ല. പ്രസിഡന്റിന്റെ അസന്റ് കിട്ടേണ്ട ഒരു നിയമമാണ്. പ്രസിഡന്റിന്റെ അനുമതി കിട്ടാത്ത പല ബില്ലുകളുണ്ട്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചയ്ക്ക് പോയപ്പോൾ ബിൽ പൈലറ്റ് ചെയ്തു പോയതിനേക്കാൾ വളരെ വലിയ വ്യത്യാസം വരാനുണ്ടായ കാരണമെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഇത്തരത്തിൽ ഒരു വലിയ മാറ്റമുണ്ടായാൽ രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുമോ എന്നുള്ളതാണ് പരിശോധിക്കേണ്ടത്. ഒന്നുകിൽ ബിൽ അവതരിപ്പിച്ചപ്പോൾ നോക്കണ മായിരുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒന്നായതുകൊണ്ടാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. നാലാം വകുപ്പിൽ ബഹുമാനപ്പെട്ട മന്ത്രി ഒരു ഔദ്യോഗിക ഭേദഗതി കൊണ്ടുവരുന്നുണ്ട്. “ (3) Not withstanding anything contained in section 29 of the Code of Criminal Procedure, 1973 (Central Act 2 of

1974), it shall be lawful for the Magistrate to impose a fine for an amount exceeding ten thousand rupees" . ഇത് ഒരു ബിൽ പൈലറ്റ് ചെയ്യപ്പോൾ കാണേണ്ടതാണ്. അല്ലെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ പോയപ്പോൾ കാണേണ്ടതാണ്. സബ്ജക്ട് കമ്മിറ്റിയിലും ബിൽ പൈലറ്റ് ചെയ്യപ്പോഴും കാണാതെ സി.ആർ.പി.സി.യിൽ ഒരു ഭേദഗതി കൊണ്ടുവരത്തക്കവിധത്തിലുള്ള വളരെ ഗുരുതരമായ ഒരു പ്രശ്നം ബഹുമാനപ്പെട്ട മന്ത്രി ഒരു ഒഫിഷ്യൽ ഭേദഗതിയിൽ കൂടി കൊണ്ടുവന്നത് ശരിയല്ലെന്നാണ് എന്റെ അഭിപ്രായം. ഇതിൽ നിയമപരമായ പ്രശ്നങ്ങളുമുണ്ട്. 1962-ലാണ് ഈ ബിൽ ആദ്യമായി അവതരിപ്പിച്ചത്. ബഹുമാനപ്പെട്ട ഹൈക്കോടതി അന്ന് സ്റ്റേ ചെയ്തുകൊണ്ടാണ് 1962-ൽത്തന്നെ ഈ ബിൽ അവതരിപ്പിക്കാനുണ്ടായ സാഹചര്യമുണ്ടായത്. അതുപോലെ ഫൈൻ ഇനത്തിൽ 1,00,000 രൂപ എന്നത് 5,00,000 രൂപയാക്കുകയാണ്. ഇങ്ങനെ ഒരു തത്വദീക്ഷയുമില്ലാതെ ചെയ്യുന്നത് കാണുമ്പോൾ മനസ്സിലാകുന്നത് ലേലം വിളിച്ച് തുക കൂട്ടിയിരിക്കുകയാണെന്നാണ്. ഇത് നീതിക്ക് യോജിക്കുന്നതല്ല. 5000 രൂപയിൽ നിന്ന് 1,00,000 ആക്കുക, അതുപോലെ 5 ലക്ഷം രൂപ വരെ ഫൈൻ കൊടുക്കാൻ പറയുക. അങ്ങനെ ഒരു കൃത്യനിഷ്ഠയില്ലാതെ നിയമമാകുമ്പോൾ, അതിനൊരു വ്യവസ്ഥയും നിയമവ്യക്തതയും ആവശ്യമാണ്. തൊഴിലാളികളുടെ മിനിമം വേജസ് ഉറപ്പുവരുത്തുക, അത് കൊടുക്കാത്തതിന്റെ പേരിൽ നടപടി എടുക്കുക തുടങ്ങിയ കാര്യങ്ങളിൽ പൂർണ്ണമായ യോജിപ്പാണ്, മിനിമം വേജസ് കൊടുക്കാത്ത തൊഴിലുടമകളുടെ പേരിൽ കർശന നടപടികളുണ്ടാകണം. അതിൽ സംശയം വേണ്ട. പക്ഷേ അത് നിലനിൽക്കുന്ന ഒരു നിയമമാകണം. ഒരു നിയമം ഇവിടെ പാസ്സാക്കിയിട്ട് അത് കോടതിയിൽ ചോദ്യം ചെയ്തേ പോകാവൂ എന്ന രീതിയിൽ കാണരുത്. ഈ നിയമം കോടതിയിൽ പോയാൽ നിലനിൽക്കില്ലെന്നാണ് എനിക്ക് തോന്നുന്നത്. മജിസ്ട്രേറ്റിന്റെ peculiar jurisdiction കണക്കാക്കിയുള്ള ഒരു തുകയാണ് ആദ്യം നിശ്ചയിക്കുന്നത്. എന്നുപറഞ്ഞാൽ ഒരു ബിൽ സഭ മുമ്പാകെ വരുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മിനിസ്റ്റർ കാണണം, മന്ത്രാലയം കാണണം, അതിനുശേഷം ലാ ഡിപ്പാർട്ട്മെന്റിൽനിന്നും വെറ്റ് ചെയ്തുവരണം. ഇവിടെ നിയമസഭയിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് പോയതിനുശേഷം 5,000-ൽ നിന്നും 1,00,000 രൂപയായി മാറുകയാണ് ചെയ്തത്. ഇത് സി.ആർ.പി.സി.യോടും നിയമത്തോടും നമ്മുടെ സഭയോടും വേണ്ട വിധത്തിൽ ആലോചിക്കാതെ കൊണ്ടുവന്നതാണെന്ന് സംശയിക്കുകയാണ്. ഇതിന് രാഷ്ട്രപതിയുടെ അംഗീകാരം കിട്ടുമോ എന്ന് പരിശോധിക്കണം. കാഷ്വൽ വർക്കേഴ്സിനുവേണ്ടി ബഹുമാനപ്പെട്ട ശ്രീ. ഉമ്മൻ ചാണ്ടി കൊണ്ടുവന്ന ഒരു നിയമമുണ്ട്. Kerala Casual, Temporary and Badli Workers (Wages) Act, 1989-ൽ പാസ്സാക്കിയതിനുശേഷം രാഷ്ട്രപതി

പുനഃപരിശോധനയ്ക്കായി തിരിച്ചയച്ചു. രാഷ്ട്രപതി ബിൽ പുനഃപരിശോധനയ്ക്കായി തിരിച്ചയച്ചത് 1989 മാർച്ച് 18-നാണ്. ബിൽ പുന:പരിശോധന നടത്തി പാസ്സാക്കിയ തീയതി 1989 ഓഗസ്റ്റ് 11 ആണ്. 1977-ൽ പാസ്സാക്കിയ നിയമം പുനഃപരിശോധനയ്ക്ക് വരുന്നത് വർഷങ്ങൾക്കുശേഷമാണ്. ഒരു ബിൽ പാസ്സാക്കപ്പെടുമ്പോൾ അതിന് അവധാനതയും ഉദ്ദേശ്യവുമില്ലെങ്കിൽ അതിന്റെ ഗുണം തൊഴിലാളികൾക്ക് ലഭിക്കുകയില്ല. മറ്റൊരുകാര്യം പറയാനുള്ളത് മിനിമംകൂലി കൊടുക്കാത്ത പല മേഖലകളിലൊന്നാണ് പ്ലാന്റേഷൻ മേഖല. ഏത് ഗവൺമെന്റിന്റെ കാലത്തായാലും ഒരു സർക്കുലറിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യുകയാണ്. തോട്ടം മേഖലയിൽ മിനിമം വേജസ് നിജപ്പെടുത്തിയിട്ടുണ്ട്. മരം വെട്ടുന്ന കാര്യത്തിൽ പ്ലാന്റേഷൻ കോർപ്പറേഷനിലുള്ള തർക്കം കാരണം നിജപ്പെടുത്തിയ കൂലിപോലും കൊടുക്കുന്നില്ല. മിനിമംകൂലി വർദ്ധിപ്പിച്ചപ്പോൾ നിലവിൽ 300 മരം വെട്ടിയിരുന്ന സ്ഥാനത്ത് 400 മരം വെട്ടണമെന്ന നിബന്ധന വന്നു. ഇങ്ങനെ വന്നപ്പോൾ തൊഴിലാളികൾക്ക് കൂലി വർദ്ധനയുടെ പ്രയോജനം ലഭിക്കുന്നില്ല. വനമേഖലയിൽ കാടും മലയും കയറി 400 മരം വെട്ടുക എന്നത് അവരുടെ തൊഴിൽ ഭാരം വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്ലാന്റേഷൻ രംഗത്ത് ആയിരക്കണക്കിന് ഏക്കർ ഭൂമി പല ആളുകളുടെയും കൈവശമാണ്. പ്ലാന്റേഷൻ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളുടെ തൊഴിൽ സുരക്ഷിതത്വത്തെ കരുതിയാണ് യഥാർത്ഥത്തിൽ മിച്ചഭൂമിയുടെ സീലിംഗ് തോട്ടം മേഖലയിൽ നടപ്പിൽ വരുത്താത്തത്. കശുവണ്ടി, തേങ്ങ, നെൽപ്പാടങ്ങൾ തുടങ്ങിയ മേഖലയിലൊക്കെ മിച്ചഭൂമി കൃത്യമായി നിജപ്പെടുത്തി, പരിധി നിശ്ചയിച്ച്, ബാക്കി ഭൂമി ഗവൺമെന്റ് പിടിച്ചെടുത്തു. എന്നാൽ പ്ലാന്റേഷൻ രംഗത്ത് പതിനായിരക്കണക്കിന് ഏക്കർ ഭൂമി യഥേഷ്ടം കൈവശം വയ്ക്കാൻ അനുവാദം ലഭിച്ചത് തൊഴിലാളികളുടെ താല്പര്യം സംരക്ഷിക്കാനാണ്. തൊഴിലാളികൾക്കുള്ള മിനിമം വേജസ്, ബോണസ്, മറ്റ് ആനുകൂല്യങ്ങൾ ഇവയൊക്ക കൊടുക്കണം. തൊഴിലാളി താല്പര്യങ്ങൾ മുൻനിർത്തിക്കൊണ്ടുള്ള ആ നിയമത്തെ ഇല്ലാതാക്കുന്ന വിധത്തിലുള്ള നടപടികളാണ് ഇപ്പോൾ കണ്ടുവരുന്നത്. ആ ഉത്തരവ് വന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ അവസാനകാലഘട്ടത്തിലാണെന്ന് തോന്നുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ പല ഉത്തരവുകളും പുനഃപരിശോധിക്കുന്നുണ്ടല്ലോ? തൊഴിലാളി താല്പര്യങ്ങൾക്ക് വിരുദ്ധമായ ഉത്തരവുകളും, സർക്കുലറുകളും, മറ്റ് വ്യവസ്ഥകളും ഉണ്ടായിട്ടുണ്ടെങ്കിൽ അവയെല്ലാം പുന:പരിശോധിച്ചുകൊണ്ട്, തൊഴിലാളികൾക്കനുകൂലമായ നടപടികൾ കൈക്കൊള്ളണം. തൊഴിൽ സമയം വർദ്ധിപ്പിച്ച് തൊഴിൽ ബാധ്യത ഉണ്ടാക്കുന്നത് ന്യായീകരിക്കത്തക്കതല്ല. ഇത്തരം മേഖലയിൽ മിനിമം വേജസ് കൊടുക്കുന്നത് നിർത്തിവച്ചിരിക്കുകയാണ്. മിനിമം

വേജസിനേക്കാൾ 50 രൂപ കുറവാണ് ഇവിടങ്ങളിലെല്ലാം നൽകുന്നത്. ഉദാഹരണമായി, മലബാർ മേഖലയിലെ 'സുൽത്താന എസ്റ്റേറ്റ്', ഇത് ഇംഗ്ലീഷുകാർ സ്ഥാപിച്ച എസ്റ്റേറ്റാണ്. ഇവിടെ മിനിമം വേജസ് കൊടുക്കുന്നില്ല. 300 മരം എന്നത് 400 ആക്കിയപ്പോൾ തർക്കം കാരണം മിനിമം വേജസിന്റെ പകുതി പിടിച്ചുവച്ച് ബാക്കിയാണ് നൽകുന്നത്. 'കൊല്ലങ്കോട് എസ്റ്റേറ്റ്' - ഇവിടെ തൊഴിലാളികളെ പിരിച്ചുവിടുകയാണ്. പ്ലാന്റേഷൻ ലേബർ ആക്ട് പോലുള്ളവ തൊഴിൽ സുരക്ഷിതത്വത്തിന് വേണ്ടിയുള്ളതാണ്. ആയിരക്കണക്കിന് സ്ഥിരം തൊഴിലാളികളുണ്ടായിരുന്നിടത്ത്, ഇന്ന് അവരുടെ എണ്ണം കുറച്ചുകൊണ്ട് കാഷ്വൽ തൊഴിലാളികൾ എന്ന രൂപത്തിൽ കൊണ്ടുവരികയാണ്. അവർക്ക് യാതൊരാനുകൂല്യവും നൽകാതെ വലിയ ചൂഷണം നടക്കുകയാണ്. തൊഴിലാളികൾ സംഘടിച്ച്, സമരം ചെയ്ത് വ്യവസ്ഥാപിതമായി തൊഴിൽ സുരക്ഷിതത്വം നേടിയെടുത്തിട്ടുള്ള മേഖലകളിൽപ്പോലും ഈ അവസ്ഥയാണുള്ളത്. പല ഗവൺമെന്റുകളുടെ കാലത്തും ഇത്തരം തൊഴിൽ ധ്വംസനങ്ങൾ ഉണ്ടായിട്ടുണ്ട്, ഇന്നും അത് തുടരുകയാണ്. അതുകൊണ്ട് മിനിമം വേജസ് ഉറപ്പു വരുത്തുന്നതിനായി കൊണ്ടുവന്ന ഈ നിയമം നടപ്പിലാക്കുമ്പോൾ പ്ലാന്റേഷൻ രംഗത്തും മറ്റ് തൊഴിൽ മേഖലകളിലും തൊഴിലാളികൾ ചൂഷണത്തിനും പീഡനത്തിനും വിധേയമാകുന്നത് നാം ശ്രദ്ധിക്കണം. നേരത്തേ സൂചിപ്പിച്ച സുൽത്താന എസ്റ്റേറ്റിൽ ജനറൽ വർക്കേഴ്സ് ആയി 21 തൊഴിലാളികളാണുള്ളത്. കുടിക്കാനുള്ള വെള്ളം വേണമെന്ന് പറഞ്ഞാൽപ്പോലും അവരെ പീഡിപ്പിക്കുകയാണ്. ഇത് തൊഴിലാളികൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിലും ഞാൻ നേരിട്ട് മനസ്സിലാക്കിയതനുസരിച്ചും പറയുന്നതാണ്. അങ്ങനെയുള്ള തൊഴിലുടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കണം. തൊഴിലാളികളുടെ പേര് പറഞ്ഞ് അധികാരത്തിലെത്തിയ ഒരു ഗവൺമെന്റല്ലേ? ഈ മേഖലയിൽ നടക്കുന്ന അമിത ചൂഷണം തടയാനും മിനിമം വേജസ് നടപ്പിലാക്കാത്ത സ്ഥലങ്ങളിൽ അത് നടപ്പിലാക്കാനും നടപടി സ്വീകരിക്കണം. മിനിമം വേജസ് നടപ്പാക്കാത്ത തൊഴിലുടമകൾക്ക് ഫൈൻ കൊണ്ടു വരിക എന്നത് നല്ലതാണ്. പക്ഷേ ഫൈൻ ചുമത്താൻ ഈ നിയമം പര്യാപ്തമാണോയെന്ന് പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

മി. ചെയർമാൻ: ശ്രീ. മുരളി പെരുനെല്ലി, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മുരളി പെരുനെല്ലി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. മുരളി പെരുനെല്ലി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഉമ്മർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016 -ലെ ഏറ്റവും കുറഞ്ഞ കൂലി(കേരള ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പ്രമേയം സഭ അംഗീകരിച്ചു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബിൽ പരിഗണനയ്ക്കെടുക്കുംമുൻപ് കുറച്ച് സംസാരിക്കാനുണ്ട്.

മി. ചെയർമാൻ: അങ്ങേയ്ക്ക് സംസാരിക്കാം.

ശ്രീ. ജി. സുധാകരൻ: സർ, ഇവിടെ ശ്രീ. വി. പി. സജീന്ദ്രൻ വസ്തുതാ വിരുദ്ധമായ ഒരു രാഷ്ട്രീയപ്രസംഗം നടത്തി. അതിന് മറുപടി പറയുന്നില്ല. പൊളിറ്റിക്കൽ ഡിബേറ്റായിരുന്നെങ്കിൽ കൃത്യമായ മറുപടി പറയാമായിരുന്നു. ഇന്നലെ ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയും പറഞ്ഞതിന് നേർവിപരീതമായിട്ടാണ് ശ്രീ. വി. പി. സജീന്ദ്രൻ സംസാരിച്ചത്. രാജ്യത്ത് ഒരു പുതിയ സ്ഥിതിവിശേഷം വന്നിരിക്കുന്നു. അവിടെ യോജിക്കേണ്ട മേഖലകളിൽ യോജിക്കണമെന്ന് പറഞ്ഞതിന് മറുപടിയായി, കോൺഗ്രസ്സിനെ ഇല്ലാതാക്കുന്നതിന് മാർക്സിസ്റ്റ് പാർട്ടി ശ്രമിക്കുന്നതുകൊണ്ടാണ് തോൽവി സംഭവിച്ചതെന്നുപറഞ്ഞു. ഞാൻ നിങ്ങളെ വിനയപൂർവ്വം ചില കാര്യങ്ങൾ ഓർമ്മപ്പെടുത്തുകയാണ്. ഗോവ പോർച്ചുഗലിന്റെ കയ്യിലായിരുന്നു. നമ്മൾ അത് തിരിച്ചുപിടിക്കാൻ പട്ടാളത്തെ അയച്ചു. ആ നടപടിയോട് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി യോജിക്കുകയാണ് ചെയ്തത്, യോജിച്ചില്ലെങ്കിലും പോകുമായിരുന്നിരിക്കും. ബംഗ്ലാദേശിന്റെ വിമോചനത്തിന് പട്ടാളത്തെ അയയ്ക്കാൻ പാർലമെന്റിന്റെ അംഗീകാരം വേണം, അന്ന് രണ്ട് കയ്യുംപൊക്കി കമ്മ്യൂണിസ്റ്റുകാർ യോജിച്ചു. ഈ രാജ്യം കണ്ട ഏറ്റവും മികച്ച രണ്ട് നിയമങ്ങളാണ് ബാങ്ക് നാഷണലൈസേഷനും പ്രിവിപഴ്സ് അബോളിഷൻ ബില്ലും. കമ്മ്യൂണിസ്റ്റുകാരുടെ പിന്തുണയില്ലെങ്കിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷമുണ്ടാകുമായിരുന്നില്ല. ഇന്ദിരാഗാന്ധിക്ക് പിന്തുണ

കൊടുത്തതിനാൽ ആ നല്ല നിയമങ്ങൾ പാസ്സായി. ശ്രീലങ്കയിലേയ്ക്ക് പട്ടാളത്തെ അയയ്ക്കാൻ അന്നത്തെ പ്രധാനമന്ത്രി രാജീവ്ഗാന്ധി തീരുമാനിച്ചപ്പോൾ ഞങ്ങൾ പിന്തുണച്ചു. പഞ്ചായത്ത് നഗരപാലികാ ബിൽ പാസ്സാക്കാൻ മൂന്നിൽരണ്ട് ഭൂരിപക്ഷം ഇല്ലാതിരുന്നപ്പോൾ ഞങ്ങൾ ഡിമാന്റ് വച്ചു. ഡൽഹിയിൽ നിന്നുള്ളവരെ പിരിച്ചുവിടാമെന്ന ക്ലോസ് എടുത്തുകളയാൻ പറഞ്ഞു. രാജീവ് ഗാന്ധി അങ്ങനെ ചെയ്തപ്പോൾ ഞങ്ങൾ പിന്തുണച്ചു, ബിൽ പാസ്സായി. ഇനിയും എത്രയോ ഉദാഹരണങ്ങൾ പറയാനുണ്ട്. എല്ലാ നല്ല കാര്യത്തിനും ഞങ്ങളുടെ പിന്തുണയുണ്ട്. എന്നാൽ കോൺഗ്രസ് പാർട്ടിയുടേയും കമ്മ്യൂണിസ്റ്റ് പാർട്ടിയുടേയും ഐഡിയോളജി രണ്ടാണ്. ഞാൻ വിശദീകരിക്കുന്നില്ല. നിങ്ങൾ ഈ വ്യവസ്ഥിതി നിലനിർത്താനാഗ്രഹിക്കുന്നു, ഞങ്ങൾ ഈ വ്യവസ്ഥിതി ഇല്ലാതാക്കി നല്ലൊരു വ്യവസ്ഥയുണ്ടാക്കാൻ ആഗ്രഹിക്കുന്നു, അതാണ് നമ്മൾ തമ്മിലുള്ള വ്യത്യാസം.

മുഖ്യമന്ത്രിയെപ്പറ്റി പറഞ്ഞതിന് അദ്ദേഹംതന്നെ ഇന്നലെ വ്യക്തമായി മറുപടി പറഞ്ഞിരുന്നു. അതിനേക്കാൾ നല്ല മറുപടി ഞങ്ങൾക്കെങ്ങനെ പറയാൻ കഴിയും. നിങ്ങൾ ഇങ്ങനെയൊക്കെ ഇടയ്ക്കിടയ്ക്ക് പറഞ്ഞുകൊണ്ടിരിക്കും. അതിനെപ്പറ്റിയൊന്നും ഞാൻ പറയുന്നില്ല. വളരെ ഉത്തരവാദിത്തത്തോടെ ഇന്ത്യയിലെ കമ്മ്യൂണിസ്റ്റുകാരും ഇടതുപക്ഷക്കാരും പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. വർഗ്ഗീയശക്തികളെ കേരളത്തിൽ പ്രധാനമായും തടഞ്ഞുനിർത്തിയിരിക്കുന്നത് ഇടതുപക്ഷമാണെന്ന് ആർക്കാണ് അറിയാത്തത്.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, .......

<u>ശ്രീ. ജി. സുധാകരൻ</u>: ഞാൻ നിങ്ങളെപ്പറ്റി ഒന്നും പറയുന്നില്ലല്ലോ. ഇത്രയെങ്കിലും പറഞ്ഞില്ലെങ്കിൽ ഞാനൊരു ഇടതുപക്ഷ മന്ത്രിയാകുന്നതെങ്ങനെയാണ്?

ശ്രീ. എം. ഉമ്മർ കാര്യങ്ങൾ മനസ്സിലാക്കാതെയാണ് പറയുന്നത്. സഭയിൽ ബില്ലുകൾ അവതരിപ്പിക്കുമ്പോൾ നല്ലതുപോലെ ചർച്ച ചെയ്യണമെന്ന് ഇന്നലെ ഞാൻ പറഞ്ഞിരുന്നു. പക്ഷേ അങ്ങ് കണ്ണടച്ച് ഇരുട്ടാക്കുന്നതെന്തിനാണ്? തൊഴിലാളിക്ക് മിനിമം കൂലി നിഷേധിച്ചാൽ തൊഴിലുടമയിൽനിന്ന് ഒരു ലക്ഷം രൂപ വരെ പിഴ ഈടാക്കാനാണ് കേന്ദ്ര ഗവൺമെന്റ് നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്, അത് വായിച്ചുനോക്കണം. മിനിമം കൂലി നൽകുന്നതിൽ വീഴ്ച വരുത്തുന്ന മുതലാളിക്കുവേണ്ടിയല്ല വാദിച്ചതെങ്കിലും ഫലത്തിൽ അങ്ങനെയാണ്

വരുന്നത്. അതിന്റെ ആവശ്യമില്ല. തൊഴിലാളികൾക്ക് മിനിമം കൂലി നിഷേധിക്കുന്ന തൊഴിലുടമയിൽനിന്ന് ഈടാക്കിയിരുന്ന പിഴ 500 രൂപയിൽനിന്ന് 5000 രൂപയാക്കാൻ തീരുമാനിച്ചപ്പോൾ സബ്ജക്ട് കമ്മിറ്റി അത് ഒരു ലക്ഷം രൂപയാക്കി. വ്യാജ പരാതികൾ നൽകുന്ന തൊഴിലാളികൾക്കുള്ള പിഴ 1000 രൂപയായി നിർദ്ദേശിച്ചത് സബ്ജക്ട് കമ്മിറ്റി 100 രൂപ മതിയെന്ന് നിർദ്ദേശിച്ചിരിക്കുന്നു. കേന്ദ്ര ഗവൺമെന്റുതന്നെ പ്രിൻസിപ്പൽ ആക്ടിൽ ഒരു ലക്ഷം എന്ന് മാറ്റിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രസിഡന്റിന്റെ അസന്റ് കിട്ടുമോയെന്ന് സംശയിക്കുന്നതെന്തിനാണ്? അസന്റ് കിട്ടിയില്ലെങ്കിൽ വേണ്ടെന്നുവയ്ക്കാം. അല്ലാതെ എന്തുചെയ്യാൻ കഴിയും. അസന്റ് കിട്ടാനല്ലേ അയയ്ക്കുന്നത്. അസന്റ് കിട്ടാതിരിക്കാൻ ഭരണഘടനാ വിരുദ്ധമായി ഇതിൽ എന്തെങ്കിലുമുണ്ടോ. ഭരണഘടനാപരമല്ലാത്ത കാരണങ്ങളാൽ അസന്റ് കിട്ടുന്നില്ലെങ്കിൽ അത് വേറെ കാര്യമാണ്. അത് ഇപ്പോഴേ ആന്റിസിപ്പേറ്റ് ചെയ്യേണ്ട. പ്രസിഡന്റ് അങ്ങനെയൊന്നും ചെയ്യുന്ന ആളല്ല. ഇപ്പോഴത്തെ പ്രസിഡന്റ് ബഹുമാന്യനായ പ്രണബ് മുഖർജിയാണ്. അദ്ദേഹം മനഃപൂർവ്വം ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

ഇത് മിനിമം വേജസ് കൂട്ടാനുള്ള ബിൽ അല്ല. കൂലി കുറവാണെന്നൊക്കെ പ്രസംഗത്തിൽ പറയാം. അത് ഇന്നലെ ചർച്ച ചെയ്തുകഴിഞ്ഞു. തീരുമാനിക്കപ്പെട്ട മിനിമം വേജസ് കൊടുക്കാതിരുന്നാൽ ഉണ്ടാകുന്ന ഭവിഷ്യത്തുകളും ശിക്ഷകളും മറ്റ് കാര്യങ്ങളുമൊക്കെയാണ് ഇതിൽ പറയുന്നത്. മിനിമം വേജസ് കൂട്ടുന്നത് മിനിമം വേജസ് കമ്മിറ്റിയുടെ ചുമതലയാണ്. ഓരോ വ്യവസായത്തിനും മിനിമം വേജസ് കമ്മിറ്റിയുണ്ട്. എല്ലാ യൂണിയൻകാരും അവിടെയില്ലേ; ആ വ്യവസായത്തിന്റെ സ്ഥിതിയനുസരിച്ച് മിനിമം വേജസ് കൂട്ടാവുന്നതാണ്. ഈ ബിൽ പബ്ലിഷ് ചെയ്തത് യു.ഡി.എഫ്. ഗവൺമെന്റാണ്. ഞങ്ങൾ ബില്ലിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. സബ്ജക്ട് കമ്മിറ്റിയിൽ വരുത്തിയ മാറ്റങ്ങളേയുള്ളൂ. സബ്ജക്ട് കമ്മിറ്റിയിൽ വരാത്ത ചില മാറ്റങ്ങൾ ഈ ബില്ലിനെ സമ്പുഷ്ടമാക്കാൻവേണ്ടി ഇവിടെ അവതരിപ്പിക്കുന്നു. ഇപ്പോഴാണ് ബിൽ സമ്പുഷ്ടമാകുന്നത്. ബിൽ പബ്ലിഷ് ചെയ്യുമ്പോൾ അത് കരട് ആണ്. സബ്ജക്ട് കമ്മിറ്റി ഒന്നുകൂടി സമ്പുഷ്ടമാക്കും. അത് പൂർണ്ണതയിലാക്കി ആക്ടാക്കി മാറ്റുന്ന നിയമപരമായ രാസപ്രക്രിയ നടക്കുകയാണ്. ഈ ബിൽ യു.ഡി.എഫ്. അവതരിപ്പിച്ചു, നാം അത് നിയമസഭയിൽ കൊണ്ടുവന്ന് ചർച്ച ചെയ്തു. സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് അത് ഫൈനലായി പാസ്സാക്കുകയാണ്. സബ്ജക്ട് കമ്മിറ്റി രണ്ട് അമെന്റ്മെന്റ് വരുത്തിയിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിൽ വരാത്ത ഒരു അമന്റ്മെന്റുകൂടി എനിക്ക് അവതരിപ്പിക്കാനുണ്ട്. മജിസ്ട്രേട്ടിന്റെ

കാര്യമൊക്കെയാണ് അതിൽ പറയുന്നത്. ഒരിക്കൽ ശിക്ഷ കിട്ടിക്കഴിഞ്ഞിട്ടും തെറ്റ് ആവർത്തിച്ചാൽ കുറച്ചുകൂടി പണിഷ്മെന്റ് വരും. അതിലേയ്ക്കൊന്നും ഇപ്പോൾ കടക്കുന്നില്ല. തികച്ചും ശരിയായ രീതിയിലാണ് ഇത് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. വർക്ക്ലോഡ് കൂട്ടി, മിനിമം വേജസ് വർദ്ധിപ്പിച്ചപ്പോൾ വർക്ക്ലോഡ് കൂട്ടിയത് ട്രേഡ് യൂണിയൻ ചർച്ച ചെയ്യണം. അതിലേയ്ക്ക് നമ്മൾ കടക്കേണ്ടതില്ല. അവർ അവരുടെ അഭിപ്രായം പറഞ്ഞിട്ടുണ്ടാകും. അതൊന്നും എനിക്കറിയില്ല. വളരെ ശക്തവും തൊഴിലാളി സ്നേഹവുമുള്ള ട്രേഡ് യൂണിയൻ കേരളത്തിലുണ്ട്. അവർ തൊഴിലാളികളെ വഞ്ചിക്കുന്നവരാണെന്ന വിശ്വാസം എനിക്കില്ല. അങ്ങനെയുള്ള ചരിത്രമൊന്നുമില്ല. അതെല്ലാം ട്രേഡ് യൂണിയൻ തലത്തിൽ ഫൈറ്റ് ചെയ്യേണ്ട കാര്യമാണ്. ഇത്രയും കാര്യങ്ങളാണ് ബില്ലുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ളത്.

മി. ചെയർമാൻ : ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

Shri. V. P. Sajeendran: Sir, I move the following amendments.

119. In clause 2(a), for the words " Deputy Labour Commissioner" thewords " Joint Labour Commissioner" shall be substituted.

122. In section 20 (5) (b) of the principal Act proposed to be substituted by clause 2 (c), for the word " revenue" the word " tax" shall be substituted.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 119, 122 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

Minister for Public Works and Registration (Shri. G. Sudhakaran): Sir, I move the following official amendment.

123. In clause 3, after the word and figures " section 22" the words " of the principal Act" shall be inserted.

Shri. V. P. Sajeendran: Sir, I move the following amendments.

125. In clause 3, for the words " one lakh rupees" the words " fifty thousand rupees" shall be substituted.

126. In clause 3, for the words " one lakh rupees" the words " fifteen thousand rupees" shall be substituted.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 123-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 125, 126 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

Minister for Public Works and Registration (Shri. G. Sudhakaran): Sir, I move the following oral amendment.

127. In section 22 A of the Principal Act proposed to be substituted by clause 4, after sub section (2), the following sub section shall be inserted.

" (3) Notwithstanding anything contained in section 29(2) of the Code of Criminal Procedure, 1973 (Central Act 2 of 1974), it shall be lawful for the Magistrate to impose a fine for an amount exceeding ten thousand rupees" .

കേന്ദ്ര ഗവൺമെന്റ് തന്നെ ഓവർറൈഡ് ചെയ്ത് നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട് 1881-ൽ ഭേദഗതി പാസ്സാക്കിയതാണ്. The Negotiable Instruments Act 1881-ൽ അതിന്റെ ഭേദഗതി .

143. Power of Court to try cases summarily- Notwithstanding anything contained in the Code of Criminal Procedure, 1973 (2 of 1974), all officers under the chapter shall be tried by a Judicial Magistrate of the first class or by etc.

ഇവിടെ Judicial Magistrate ആണ്. കേന്ദ്ര ഗവൺമെന്റുതന്നെ ഭേദഗതി ചെയ്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ നിയമങ്ങളും ഭേദഗതി ചെയ്തിട്ടുണ്ട്. മിനിമം കൂലി സംബന്ധിച്ച പരാതികളിൽ പിഴ 10,000 രൂപയിൽ കൂടിയാൽ മറ്റൊരു മജിസ്ട്രേട്ടിന്റെ അടുത്ത് പോകേണ്ടിവരും. അതുകൊണ്ട് ഈ മജിസ്ട്രേട്ടിന് അധികാരം കൊടുക്കാൻ കേന്ദ്രഗവൺമെന്റുതന്നെ നിയമം പാസ്സാക്കിയിട്ടുണ്ട്. കേരളത്തിലും നിയമനിർമ്മാണസഭ ഇത് പാസ്സാക്കിയിട്ടുണ്ട്. അതാണ് ഇവിടെ എടുക്കുന്നത്.

Section 22(2) Code of Criminal Procedure ഓവർറൈഡ് ചെയ്യുന്നത് " the Court of a Magistrate of the first class may pass a sentence of imprisonment for a term not exceeding 3 years or of 5 or not exceeding 10,000 rupees or of both" . ഇതാണ് ഓവർ റൈഡ് ചെയ്തിരിക്കുന്നത്.

Shri. V. P. Sajeendran : Sir, I move the following amendments.

129. In section 22 A (1) proposed to be substituted in the Principal Act by clause 4, the words " two lakh" shall be substituted with the words " three lakh" .

130. In section 22 A (1) proposed to be substituted in the Principal Act by clause 4, the words "two thousand" shall be substituted with the words "five hundred".

131. In section 22 A (1) proposed to be substituted in the Principal Act by clause 4, the words "two thousand" shall be substituted with the words "two thousand five hundred".

142. In section 22 A (2) of the Principal Act proposed to be substituted by clause 4 for the words "five lakh rupees" the words "three lakh rupees" shall be substituted.

Shri. K. M. Shaji: Sir, I move the following amendment.

137. In section 22 A (2) proposed to be substituted in the Principal Act by clause 4, for the words "with fine which shall not be less than one lakh rupees but which may extend to five lakh rupees" shall be substituted with the words "with a fine not exceeding rupees five lakh".

Prof. Abid Hussain Thangal: Sir, I move the following amendment.

138. In section 22 A (2) proposed to be substituted in the Principal Act by clause 4, the words "which shall not be less than one lakh rupees but which may extend to five lakh rupees" shall be substituted with the words "upto rupees on lakh".

Shri. Anwar Sadath: Sir, I move the following amendment.

141. In section 22 A (2) proposed to be substituted in the Principal Act by clause 4, for the words "one lakh rupees but which may extend to five lakh rupees" substitute the words "fifteen thousand rupees but which may extend to one lakh rupees".

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 127-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 129, 130, 131, 142 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ......

അനുകൂലിക്കുന്നവർ ...........

പ്രതികൂലിക്കുന്നവർ .............

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

2.00 PM]

1-ാം വകുപ്പും പീഠികയും പേരും

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

109. In the enacting formula, for the words “ Sixty seventh” substitute the word “ Sixty Eighth”

അംഗങ്ങൾ തന്ന ഭേദഗതി preamble-ന്റെ ഭാഗത്താണ് വരുന്നത്. preamble-ന് സാധാരണഗതിയിൽ ഭേദഗതിയുടെ ആവശ്യമില്ല. തൊട്ടുതാഴെയുള്ള Enacting formula യിൽ ആ ഭേദഗതി ഉൾപ്പെടുത്തണം.

മി. സ്പീക്കർ: അംഗങ്ങളുടെ ഭേദഗതിയാണോ ?

ശ്രീ. ജി.സുധാകരൻ: ഔദ്യോഗിക ഭേദഗതി ഓറലായി അവതരിപ്പിച്ചതാണ്; Clause 1-ൽ subsection 1, for the figure 2016 the figure 2017 shall be substituted. തന്നിട്ടുള്ള ഭേദഗതി ഔദ്യോഗിക ഭേദഗതിയാക്കാൻ ഗവൺമെന്റിന് അധികാരമുണ്ട്. നിയമസഭയിൽ അങ്ങനെ ചെയ്തിട്ടുണ്ട്. ഭേദഗതി തന്നിരിക്കുന്നത് preamble-ലാണ്. പീഠികയ്ക്ക് ഭേദഗതിയില്ല. നിങ്ങൾ ഉദ്ദേശിച്ചത് ശരിയാണെങ്കിൽ enacting formula-യിലേയ്ക്ക് മാറ്റണം. നിങ്ങളുടെ ഭേദഗതി നിരാകരിക്കാതെ, അംഗീകരിച്ച് ഒഫിഷ്യലാക്കുകയാണ് ചെയ്തത്. നിയമപരമായി തെറ്റുണ്ടെങ്കിൽ പറയണം. ഇതിനുമുമ്പും ചെയ്തിട്ടുണ്ട്. ബില്ലിൽ ഉൾപ്പെടാത്തതുകൊണ്ട് ഗവൺമെന്റ് ചെയ്യേണ്ട കാര്യമായിരുന്നു.

ശ്രീ. എം. ഉമ്മർ: ഇത്തരത്തിൽ ഒഫിഷ്യൽ ഭേദഗതി ഇതിനുമുമ്പും കൊണ്ടുവന്നിട്ടുണ്ട്. ഈ രാസപ്രക്രിയയിൽ പ്രതിപക്ഷത്തിനും ഒരു പങ്കാളിത്തം വേണ്ടേ? ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും മാത്രം നടത്തിയാൽ മതിയോ? ഇന്നലെ നാല് ബില്ലുകൾ കിട്ടിയപ്പോൾ പി.എ. യുടെ സേവനം കൂടി ഉപയോഗപ്പെടുത്തിയാണ് ഭേദഗതി തയ്യാറാക്കിയത്. മന്ത്രിക്ക് അധികാരമുണ്ടെങ്കിലും അംഗങ്ങൾ ഭേദഗതി കൊടുത്താൽ അത് അംഗീകരിക്കുകയാണ് മര്യാദ.

ശ്രീ. കെ. സി. ജോസഫ്: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചത് ഓറലായിട്ടാണ്. 1-ാം വകുപ്പിന് ശ്രീ. വി. ഡി. സതീശന്റെ റിട്ടൺ ഭേദഗതി തന്നിട്ടുണ്ട്. അത് അംഗീകരിക്കുകയാണ് സാമാന്യ മര്യാദ.

ശ്രീ. ജി. സുധാകരൻ: മര്യാദയുടെ പ്രശ്നമല്ല; എല്ലാം നിയമമാണ്. ഈ സഭയിൽത്തന്നെ അംഗങ്ങൾ കൊണ്ടുവരുന്ന ഭേദഗതി ഗവൺമെന്റ് ഏറ്റെടുത്ത് അവതരിപ്പിക്കാറുണ്ട്. ഗവൺമെന്റിന് യാതൊരു വാശിയുമില്ല. സ്പീക്കർ തീരുമാനിക്കട്ടെ.

മി. സ്പീക്കർ: അങ്ങനെ ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് അധികാരമുണ്ട്, ചട്ടപ്രകാരം തെറ്റുമില്ല. നേരത്തേ തന്ന ഭേദഗതി ഉണ്ടെങ്കിൽ അത് ഗവൺമെന്റിന് സ്വീകരിക്കാവുന്നതാണ്.

ശ്രീ. ജി. സുധാകരൻ: അത് സ്വീകരിക്കാം.

Shri. M. Ummer: Sir, I move the following amendments:

106. In the title, the figures " 2016" shall be substituted with the figures " 2017" .

108. In the Preamble, the word " further" shall be deleted;

111. In the Preamble, for the word " Sixty-seventh" substitute the words " Sixty-eighth"

Shri. V.D. Satheesan: Sir, I move the following amendments:

113. In clause 1(1), the figures " 2016" shall be substituted with the figures " 2017" .

Shri. V.P.Sajeendran: Sir, I move the following amendment:

117. In clause 1(3), for the words " at once" the words " on the date notified in the official gazette" shall be substituted.

118. In clause 1(3), for the words " at once" the words and the figure " on April 1 of 2017" shall be substituted.

മി. സ്പീക്കർ: 107-ാം നമ്പർ ഭേദഗതി 106-ന് തുല്യവും 109, 110, 112 എന്നീ നമ്പർ ഭേദഗതികൾ 111-ന് തുല്യവും 114, 115, 116 എന്നീ നമ്പർ ഭേദഗതികൾ 113-ന് തുല്യവും ആയതിനാൽ അവതരിപ്പിക്കേണ്ടതില്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 106, 108, 111 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 117, 118 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016-ലെ ഏറ്റവും കുറഞ്ഞ കൂലി (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

### (iii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി)ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ

അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജി. സുധാകരൻ: സർ, ബില്ലിന്റെ അവതരണവേളയിൽത്തന്നെ പ്രധാനപ്പെട്ട എല്ലാ കാര്യങ്ങളും സംസാരിച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതിൽ വരാത്ത ചില വാക്കാൽ ഭേദഗതികളുണ്ട്. അത് പ്രസക്തമായ ഭാഗത്ത് അവതരിപ്പിക്കുന്നതാണ്. കേരളത്തിലെ നിയമനിർമ്മാണത്തിൽ തൊഴിലാളികൾക്ക് അനുകൂലമായിട്ടുള്ള മറ്റൊരു കാര്യം കൂടി കൂട്ടിച്ചേർക്കുകയാണ്. നേരത്തേ സൂചിപ്പിച്ചിട്ടുള്ളതുകൊണ്ട് ഇപ്പോൾ സംസാരിക്കുന്നില്ല. അംഗങ്ങൾ ഇതുസംബന്ധിച്ച് പറയുകയാണെങ്കിൽ അപ്പോൾ പ്രതികരിക്കാം.

ശ്രീ. ഷാഫി പറമ്പിലിന് വേണ്ടി ശ്രീ. പി. ടി. തോമസ്: സർ, സബ്ജക് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മൂന്നാം വകുപ്പിൽ സബ് സെക്ഷൻ 4-ന്റെ ഭേദഗതിയായി 2 വർഷം എന്നുള്ളത് ഒരു വർഷമായി ചുരുക്കണമെന്ന ആവശ്യം പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഈ നിയമം വളരെ പുരോഗമനപരമായ നിയമമാണ്. 1960-ൽ പട്ടം താണുപിള്ള സാറാണ് സംസ്ഥാനത്ത് ഈ നിയമം കൊണ്ടുവന്നത്. കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്ട് ഒട്ടേറെ പുരോഗമനപരമായി അക്കാലത്ത് ചിത്രീകരിക്കപ്പെട്ടെങ്കിലും കാലത്തിന്റെ നീണ്ട യാത്രക്കിടയിൽ കാലോചിതമായ ധാരാളം പരിഷ്കാരങ്ങൾ വരേണ്ടതായിട്ടുണ്ട്. നിർഭാഗ്യവശാൽ അത് ഉണ്ടാകുന്നില്ല. 2007-ൽ വെൽഫെയർ ബോർഡ് നിലവിൽ വന്നെങ്കിലും പ്രവർത്തനം വളരെ നാമമാത്രമാണ്. മുതലാളിയും തൊഴിലാളിയും മാസം 20 രൂപവീതം നൽകുമ്പോൾ ഒരു വർഷം 480 രൂപയാണ് ഈ മേഖലയിൽ വരുന്ന തുക. ഇതിൽ പ്രസവാനുകൂല്യമുൾപ്പെടെയുള്ള നിരവധി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഇതിൽ കോൺട്രഡിക്ടറി ആയിട്ടുള്ള ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. സെൻട്രൽ ആക്ടാണ് മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട്. യഥാർത്ഥത്തിൽ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ട് ഐ.ടി. മേഖലയിലെ സഹോദരിമാർക്കും ലഭിക്കേണ്ടതാണ്. എന്നാൽ അവരെയെല്ലാം ഷോപ്പ്സ് ആന്റ്

എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിലാണ് പരിഗണിക്കുന്നത്. മെറ്റേണിറ്റി ബെനിഫിറ്റ് സെൻട്രൽ ആക്ട് പരിഗണിച്ചിരുന്നെങ്കിൽ 40,000 രൂപ ശമ്പളമുള്ള ഒരു ഐ.ടി. ജീവനക്കാരിക്ക് പ്രസവാനുകൂല്യമായി 1,60,000 രൂപയ്ക്ക് അർഹതയുണ്ടാകുമായിരുന്നു. ഈ നിയമത്തിന്റെ പരിധിയിൽ വരുന്നതുകൊണ്ട് മാസത്തിൽ കേവലം 5,000 രൂപയുടെ ആനുകൂല്യമാണ് കിട്ടുന്നത്. അങ്ങനെയുള്ള നിരവധി പോരായ്മകൾ ഈ നിയമത്തിലുണ്ട്. കഴിഞ്ഞ ഗവൺമെന്റായാലും ഈ ഗവൺമെന്റായാലും എല്ലാവരുടെയും പെൻഷൻ ഏകീകരിച്ചു. എല്ലാവർക്കും 1000 രൂപയ്ക്ക് മുകളിൽ പെൻഷൻ ലഭിക്കുന്നുണ്ട്. ഇതിലുള്ള പെൻഷൻ 1150 രൂപയാണ്. തൊഴിലാളി കോൺട്രിബ്യൂട്ട് ചെയ്യുമ്പോൾ അവർക്കും ഗവൺമെന്റ് യൂണിവേഴ്സലായി കൊടുക്കുന്ന പെൻഷന് മാത്രമേ അർഹതയുള്ളുവെന്ന് പറയുന്നത് അശാസ്ത്രീയമാണ്. അതുകൊണ്ട് കോൺട്രിബ്യൂട്ടറി പെൻഷനുകൾ 5000 രൂപയെങ്കിലുമാക്കാനുള്ള നടപടി ഉണ്ടാകേണ്ടതുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ബിൽ പുരോഗമനപരമാകണമെങ്കിൽ നമ്മുടെ സമൂഹത്തിലും മറ്റ് സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും നിലനിൽക്കുന്ന നിയമത്തിന്റെ റിഫ്ലെക്ഷൻ ഉണ്ടാകണം. അങ്ങ് മെറ്റേണിറ്റി ലീവിനെക്കുറിച്ച് പറഞ്ഞു. ഇപ്പോൾ പെറ്റേണിറ്റി ലീവ് വരെയുണ്ട്. ഈ ബിൽ പുരോഗമനപരമാകാനായി പെറ്റേണിറ്റി ലീവുകൂടി ഉൾക്കൊള്ളിക്കത്തക്കതരത്തിൽ വിപുലപ്പെടുത്തണമെന്ന് അങ്ങേയ്ക്ക് ആഗ്രഹമില്ലേ?

ശ്രീ. പി. ടി. തോമസ്: സർ, തീർച്ചയായും ഉണ്ട്. ലോകത്തെമ്പാടും ഭാര്യമാരുടെ പ്രസവവുമായി ബന്ധപ്പെട്ട് പുരുഷന്മാർക്ക് ശമ്പളത്തോടുകൂടി അവധി കൊടുക്കുന്ന രീതി വന്നുകഴിഞ്ഞു. അതൊക്കെ ഇന്നല്ലെങ്കിൽ നാളെ നമുക്കും വേണ്ടിവരും. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ പുരോഗമനപരമായ ഒരാശയമാണ്. ഇൻഡ്യയ്ക്ക് മാതൃകയായി നമ്മുടെ സംസ്ഥാനത്ത് ഏകദേശം 32 ക്ഷേമനിധികൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ക്ഷേമനിധികളെയും കാലോചിതമായി പരിഷ്കരിക്കേണ്ടത് അനിവാര്യമാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 43-ലാണ് വേജസിനെ സംബന്ധിച്ച് പറയുന്നത്. ഒരാളിന് ജീവിക്കാനുള്ള മാന്യമായ ജീവനോപാധിയെന്നുള്ള നിലയിലാണ് വേതനത്തെ സംബന്ധിച്ച് പറയുന്നത്. എന്നാൽ അങ്ങനെ ജീവിക്കാനാവശ്യമായ വേതനം കൊടുക്കണമെന്നാണ് നിയമമെങ്കിലും നമ്മൾ മിനിമം വേജസ് എന്നാണ് പറയുന്നത്. 1957-ലെ ഗൈഡ്‌ലൈൻ അനുസരിച്ചാണ് ഇന്നും മിനിമം വേജസ് നിശ്ചയിച്ചിരിക്കുന്നത്. അതിന് കുറേ മാനദണ്ഡങ്ങളുണ്ട്. 2400 കലോറി പുരുഷന്മാർക്കും 2300 കലോറി

സ്ത്രീകൾക്കും 1800 കലോറി വീതം രണ്ട് കുട്ടികൾക്കും ലഭിക്കുന്നതിനാവശ്യമായ ഭക്ഷണ സാധനങ്ങൾക്കുവേണ്ടിവരുന്ന തുകയും ഒരുവർഷം 72 മീറ്റർ തുണി, ഇതിന് തത്തുല്ല്യമായ 25% വരുന്ന മെഡിക്കൽ, റിക്രിയേഷൻ ആനുകൂല്യം, ചെറിയ വാടകനിരക്കിൽ താമസിക്കാവുന്ന ഒരു കെട്ടിടം എന്നിവയാണ് മിനിമം കൂലിയുടെ പരിധിയിൽ വരുന്നത്. 1957-ലെ നിയമമാണ്. ഇതിന് കാലോചിതമായ മാറ്റം വരണം. ഇവിടെ ഒരു വാർത്ത ഞാൻ വായിക്കാം. 'കേരള ശബ്ദത്തിൽ' ശ്രീ. ജയചന്ദ്രൻ എഴുതിയതാണ്. 'പ്രസവിക്കാനും പാലൂട്ടാനും അനുവദിക്കൂ' ഇത് കുസുമം പുന്നപ്ര എന്നുപറയുന്ന ഒരു സ്ത്രീ ടെക്കികളുടെ ദുരവസ്ഥ കണ്ട് രംഗത്തുവന്ന് ബഹുജനശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹാരം കാണാൻ ശ്രമിച്ച ഒരു സംഭവമാണ്. സ്ത്രീകൾക്കുനേരെ നടക്കുന്ന ഈ വിവേചനത്തിനെതിരെ വലിയ തോതിലുള്ള ബഹുജനാഭിപ്രായം ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. Gender Diversity Benchmark for Asia 2011 - പണി എടുക്കുന്ന സ്ത്രീകളിൽ മഹാഭൂരിപക്ഷവും തൊഴിലിടങ്ങളിലെ പീഡനങ്ങൾ മാത്രമല്ല വല്ലാത്ത അവഗണനയും ദുരിതവും നേരിടുന്നുവെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. അതിലേറ്റവും പ്രധാനപ്പെട്ട കാര്യം 'right to sit and right to pee' ഇതൊരു പ്രാഥമിക അവകാശമാണ്. അതുപോലും നിഷേധിക്കപ്പെടുന്നുവെന്നാണ് പറഞ്ഞിരിക്കുന്നത്. ശ്രീമതി സാറാ ജോസഫ് ഇതിനെ സംബന്ധിച്ച് പറഞ്ഞൊരു കാര്യമുണ്ട്. ടെക്സ്റ്റൈൽ മേഖലയിൽ പണിയെടുക്കുന്ന ഒരു പാവപ്പെട്ട സ്ത്രീ മടുത്തപ്പോൾ അൽപ്പമൊന്ന് ഇരിക്കാൻ തുടങ്ങിയതുമായി ബന്ധപ്പെട്ട് കേരളത്തിലുണ്ടായ ബഹളങ്ങളൊക്കെ നമുക്കറിയാം. അതുകൊണ്ട് ഈ രംഗത്ത് ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിന്റെ പരിധിയിൽ വരുന്ന സ്ത്രീകൾക്കെങ്കിലും ആവശ്യമായ സംരക്ഷണം കൊടുക്കാനുള്ള നടപടിയുണ്ടാകണമെന്ന് ഞാനഭ്യർത്ഥിക്കുകയാണ്. പ്രത്യേകിച്ച് ഇൻഡ്യയുടെ കോർപ്പറേറ്റ് രംഗത്തെ സ്ത്രീ പ്രാതിനിധ്യം മറ്റ് ഏഷ്യൻ രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്. ജൂനിയർ തലത്തിൽ 28.7 ശതമാനവും മിഡിൽ മാനേജ്മെന്റ് തലത്തിൽ 14.9 ശതമാനവും സീനിയർ തലത്തിൽ 9.3 ശതമാനവുമാണ് ഇൻഡ്യൻ കമ്പനികളിൽ സ്ത്രീകളുടെ സാന്നിദ്ധ്യം. ഏറ്റവും കുറഞ്ഞ സ്ത്രീ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ മാത്രമല്ല, ഏറ്റവും കൂടുതൽ സ്ത്രീകൾ തൊഴിൽരംഗത്തുനിന്ന് കൊഴിഞ്ഞുപോകുന്ന കാര്യത്തിലും ഇൻഡ്യ തന്നെയാണ് ലോകത്ത് മുൻപന്തിയിലുള്ളത്. ചൈന, ഹോങ്കോങ്, ജപ്പാൻ, മലേഷ്യ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങളെ പരിഗണിക്കുമ്പോൾ നമ്മുടെ സ്ഥിതി വളരെ ദയനീയമാണ്. അതുപോലെതന്നെ പ്രതിഫലം ലഭിക്കുന്ന തൊഴിലുകളിലെ

സ്ത്രീ പ്രാതിനിധ്യത്തിലെ കുറവിനെക്കുറിച്ചാണ് ഇവിടെ പ്രതിപാദിക്കുന്നത്. പ്രത്യേകം ഓർമ്മിക്കേണ്ട ഒരു കാര്യം കൂലി ലഭിക്കാത്ത ജോലികൾ ഭൂരിഭാഗവും ചെയ്യുന്നത് സ്ത്രീകൾ തന്നെയാണ്. ഇങ്ങനെ വല്ലാത്തൊരു ദുരിതമാണ് ഈ മേഖലയിൽ സ്ത്രീകളേറ്റുവാങ്ങുന്നത്. അതിനൊക്കെ പരിഹാരമായി ഈ നിയമത്തിൽ കാലോചിതമായ പരിഷ്കരണം വരേണ്ടതായിരുന്നു. അതുകൊണ്ട് ഇത്തരം കാര്യങ്ങളെ സംബന്ധിച്ചുകൂടി ഗൗരവതരമായി ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഏതായാലും സബ്സെക്ഷൻ 3(4)-ൽ രണ്ടു വർഷം എന്നുള്ളത് ഒരുവർഷമായി ചുരുക്കിയാൽ അത്രയും ആനുകൂല്യങ്ങൾ കൂടി അവർക്ക് കിട്ടും. അതുകൊണ്ട് നിയമങ്ങൾ കാലോചിതമായി പൊളിച്ചെഴുതണമെന്ന ആവശ്യംകൂടി മുന്നോട്ടുവച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രൊഫ. കെ. യു. അരുണൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, നിയമത്തിലെ ഭേദഗതിക്കകത്തുള്ളത് രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ്. സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ ജോലി കിട്ടിപ്പോയാൽ രണ്ട് വർഷമെങ്കിലും തുടർച്ചയായി അംശദായം അടച്ച ഒരംഗം നിധിയിൽ നിന്നും ഒരാനുകൂല്യവും കൈപ്പറ്റിയിട്ടില്ലെങ്കിൽ തൊഴിലാളി വിഹിതമായി അടച്ച തുക നൽകുന്നതിനും മരണാനന്തര ധനസഹായം ലഭിക്കാൻ അർഹതയില്ലാതെ മരണമടയുന്ന അംഗങ്ങളുടെ ആശ്രിതർക്ക് ആ അംഗം നിധിയിലേയ്ക്ക് അംശദായമായി അടച്ച തുക നൽകുന്നതിനുമാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. മുമ്പ് മരിക്കുന്ന ആളിന്റെ അവകാശികൾക്ക് ആ തുക കിട്ടാനുള്ള അവകാശമില്ലായിരുന്നു. ഇത് രണ്ടും വളരെ ജനാധിപത്യപരമായ അവകാശമാണ്. ഈ ബില്ലിനകത്ത് അത്രയും മാത്രമേ ഉദ്ദേശിക്കുന്നുള്ളൂ. പെൻഷൻ 4000 രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും പ്രസവാവധിയുടെ കാര്യത്തിലും പുതിയ നിയമം കൊണ്ടുവരേണ്ടതുണ്ട്. പ്രസവാവധി ഇപ്പോൾ സർക്കാർ സർവ്വീസിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമൊക്കെ ആറ് മാസമാണ്. തൊഴിലാളികൾക്ക് മൂന്ന് മാസമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പെൻഷന്റെ കാര്യത്തിൽ ഇൻഡ്യയ്ക്കുതന്നെ ഒരു വഴി കാണിച്ചുകൊടുത്തത് കേരളമാണ്.

പ്രത്യുൽപ്പാദനശേഷി നഷ്ടപ്പെടുന്നവരാണ് 60 വയസ്സിന് മുകളിലുള്ളവരെന്ന് പറഞ്ഞിരുന്ന തെറ്റായ കാഴ്ചപ്പാട് ഓവർറൈഡ് ചെയ്തുകൊണ്ട് 1980-ലെ നായനാർ ഗവൺമെന്റാണ് ആദ്യമായി കർഷകത്തൊഴിലാളിക്ക് പെൻഷൻ നൽകിയത്. ഇപ്പോൾ അത് ആയിരത്തി ഒരുന്നൂറും ആയിരത്തി ഇരുന്നൂറുമായി മാറി. ക്ഷേമനിധി ബോർഡിനെപ്പറ്റിയുള്ള ശ്രീ. കെ. കെ. രാമചന്ദ്രൻ നായരുടെ ചോദ്യത്തിന്റെ ഉത്തരം ഞാൻ പരിശോധിക്കുകയുണ്ടായി. തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളിൽമാത്രം 77 ലക്ഷം തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ പെൻഷൻ കിട്ടുന്നവർ 9 ലക്ഷമാണെന്നും കർഷക തൊഴിലാളികളൊന്നും അതിനകത്ത് വരുന്നില്ലെന്നുമാണ് പറഞ്ഞിരിക്കുന്നത്. കേരളത്തിലെ തൊഴിലാളി വർഗ്ഗത്തിന്റെ മൊത്തം എണ്ണത്തിൽ ബഹുഭൂരിപക്ഷം ക്ഷേമനിധികളും വന്നുകഴിഞ്ഞു, ഈ ബജറ്റിലാണ് പെൻഷൻ 1100 രൂപയാക്കി മാറ്റിയത്. ഞങ്ങൾ അധികാരമൊഴിയുമ്പോൾ 400 രൂപയായിരുന്നു, കഴിഞ്ഞ ഗവൺമെന്റ് 600 രൂപയാക്കി. ഞങ്ങളത് 500 രൂപകൂടി വർദ്ധിപ്പിച്ച് 1100 രൂപയാക്കി. ഏത് ഗവൺമെന്റായാലും പെൻഷൻ വർദ്ധിപ്പിക്കും എന്നാൽ ഇടതുപക്ഷം അധികാരത്തിൽ വരുമ്പോൾ കൂടുതൽ വർദ്ധിപ്പിക്കും. കാരണം, ഞങ്ങളതിന് പ്രതിജ്ഞാബദ്ധരാണ്. കഴിഞ്ഞ ഗവൺമെന്റും വർദ്ധിപ്പിച്ചിട്ടുണ്ട്. അത് മുന്നോട്ടുതന്നെ പോകുകയാണ്. തൊഴിലെടുത്തുകഴിഞ്ഞാൽ സർക്കാർ സർവ്വീസിലുള്ളവർക്കും മജിസ്ട്രേറ്റുമാർക്കും ജഡ്ജിമാർക്കും പട്ടാളക്കാർക്കും കിട്ടുന്നതുപോലെ തൊഴിലാളിക്കും അവകാശമുണ്ടെന്നുള്ള തത്വം കേരളമാണ് പ്രാവർത്തികമാക്കുന്നത്. ലോകത്ത് ഒറ്റ മുതലാളിത്ത രാജ്യത്തും തൊഴിലാളികൾക്ക് പെൻഷനില്ല. തൊഴിലില്ലായ്മ വേതനമൊക്കെയുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ തൊഴിലാളികൾക്ക്, അടിസ്ഥാനവർഗ്ഗത്തിന് പെൻഷനൊന്നുമില്ല. ഇന്ത്യയിൽ എവിടെയുമില്ല. കേരളമാണ് അതിന് മാതൃക കാണിച്ചത്. ഓരോ ഗവൺമെന്റ് വരുമ്പോഴും ആ ആശയം ശക്തിപ്പെടുത്തുകയാണ് ചെയ്യുന്നത്. ആ കാര്യങ്ങളൊക്കെ നമുക്ക് ഗവൺമെന്റിന്റെ നയങ്ങളുമായി ബന്ധപ്പെടുത്തി പരിഗണിക്കാവുന്നതാണ്. പ്രസവകാലാവധി ആറ് മാസമാണ്. ഗവൺമെന്റ്-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗവൺമെന്റ് സർവ്വീസിലും അങ്ങനെയാണ്. ചില രംഗങ്ങളിൽ പുരുഷൻമാർക്കും ഒരു ചെറിയ കാലത്തെ അവധി കൊടുക്കുന്നുണ്ട്. അത് വ്യാപകമായിട്ടില്ല. ആ തത്വവും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കാരണം ഭാര്യയെ നോക്കണ്ടേ? അതെല്ലാം ഭാവിയിൽ

വരും. ഇതെല്ലാം സാമൂഹിക നീതിയുടെ ഭാഗമായി ഭരണഘടനയിൽ പറയുന്ന Directive principles of State Policy -യുടെ ഭാഗം വികസിച്ച് വികസിച്ചാണ് വരുന്നത്. അതാണ് ഏറ്റവും പ്രധാനപ്പെട്ട ഭാഗം. ഫണ്ടമെന്റൽ റൈറ്റ്സ് പ്രധാനമല്ലെന്നല്ല. രണ്ടുംതമ്മിൽ ഒരു കോൺഫ്ലിക്റ്റ് വന്നാൽ എവിടെ നിൽക്കുമെന്ന് നെഹ്റുവിനോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത്, ഞാൻ Directive principles of State Policy-യുടെ ഭാഗത്തുനിൽക്കും. സാമൂഹിക നീതി, പട്ടികജാതി/പട്ടികവർഗ്ഗം, പിന്നോക്ക സമുദായങ്ങൾ, പരമ്പരാഗത വ്യവസായികൾ, തൊഴിൽ നഷ്ടപ്പെട്ടവർ, വികലാംഗർ, വിധവകൾ, കുട്ടികൾ, വളരെ പ്രായമായവർ ഇങ്ങനെയുള്ള എല്ലാവരുടെയും കാര്യം അവിടെയാണ്. വളരെ മഹത്തായൊരു ഭാഗമാണ്. തീർച്ചയായും നമ്മുടെ രാജ്യത്ത് ഭരണഘടനയിലെ ആ ഭാഗമെടുത്ത് നടപ്പിലാക്കിയത് കേരളമാണ്. പിന്നെ നമ്മൾ മനസ്സിലാക്കേണ്ട പുതിയൊരു പ്രവണത വരുന്നുണ്ട്. ആ പ്രവണത കാണിക്കുന്നവർക്ക് അവകാശമുണ്ടെങ്കിലും ഒരിക്കൽപ്പോലും കാൽ ചെളിയിൽ വയ്ക്കാത്തവർ, ഒരിക്കൽപ്പോലും ഒരു തൊഴിലെടുക്കാത്തവർ, ഫിസിക്കൽ ലേബർ ചെയ്യാത്തവർ - ഇവർക്കുവേണ്ടി വാദിച്ചുകൊണ്ടിരിക്കുകയാണ്. അദ്ധ്വാനത്തെ സംബന്ധിച്ചും അദ്ധ്വാനിക്കുന്നവർക്ക് ന്യായമായിട്ടുള്ള പ്രതിഫലവും അവകാശവും ലഭിക്കുന്നതിനെ സംബന്ധിച്ചും അടികൊണ്ടും വെടിയേറ്റും മരണപ്പെട്ടും ജയിലിൽകിടന്നും കഷ്ടപ്പെട്ട് തൂക്കുമരത്തിൽവരെ പോയി അവകാശങ്ങൾ സ്ഥാപിച്ചെടുത്ത കേരളത്തിൽ ഒരുതുള്ളി വിയർപ്പുപോലും ഒഴുക്കാതെ മാധ്യമങ്ങളുടെ പിന്തുണയുണ്ടെങ്കിൽ തൊഴിലാളി നേതാക്കൻമാരാകുന്ന, ഒരാളുടെ പേര് ഇവിടെ പറഞ്ഞു. ഞാൻ പേരൊന്നും ആവർത്തിക്കുന്നില്ല. അതുകൊണ്ട് ഞാൻ അവരെ ആ പട്ടികയിൽത്തന്നെ പെടുത്തുകയാണ്. മാനവികത അവകാശത്തിനുവേണ്ടി പറയാം. പക്ഷേ ട്രേഡ് യൂണിയനെ ചോദ്യം ചെയ്തുകൊണ്ട് പറയാൻ ആർക്കാണ് അവകാശം? ട്രേഡ് യൂണിയൻ പ്രസ്ഥാനം ഇല്ലായെങ്കിൽ ഈ സമൂഹമില്ല. കേരളത്തിന് അഭിമാനിക്കാം. 1948-ൽ ആണല്ലോ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് വന്നത്. തിരുവിതാംകൂറിൽ 1936-ൽ ശ്രീമൂലം അസംബ്ലിയിൽ ഇവിടത്തെ ഇടതുപക്ഷക്കാർക്കും ദേശീയവാദികൾക്കും ആദ്യത്തെ ട്രേഡ് യൂണിയൻ നിയമമുണ്ടാക്കാൻ കഴിഞ്ഞു. അത് 1938-ൽ രജിസ്റ്റർ ചെയ്യപ്പെട്ടു. ആദ്യത്തെ തൊഴിലാളി സംഘടന ഏതാണെന്നറിയാമോ? തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ. രണ്ടാമത്തേത് മുഹമ്മ, മൂന്നാമത്തേത് ചേർത്തല,

നാലാമത്തേത് വൈക്കം. ആ സമയത്ത് മലബാർ ബ്രിട്ടീഷ് ഇന്ത്യയിലായിരുന്നു. തൊഴിലാളികളാണ് പുന്നപ്ര-വയലാർ സമരം നടത്തിയത്. അങ്ങനെയൊരു പാരമ്പര്യമിവിടെയുണ്ട്. തൊഴിലാളികൾ രാജവാഴ്ചക്കാലത്തും ബ്രിട്ടീഷ് ഭരണകാലത്തും പോരാടിയിരുന്നവരാണ്. ബോംബെയിലെയും മദ്രാസിലെയും ഗോൾഡൻ റോക്കിലേയും പണിമുടക്കിലേയ്ക്കൊന്നും കടക്കുന്നില്ല. തൊഴിലാളികളാണ് ചരിത്രം സൃഷ്ടിച്ചത്. കൃഷിക്കാർ അവരുടെ കൂടെയാണ്. അവരുടെകൂടെ പ്രവർത്തിച്ച് ജീവിതം അതിനുവേണ്ടി സമർപ്പിച്ചവരെ ബഹുമാനിക്കുന്ന പാരമ്പര്യമാണ് ഈ നാടിനുള്ളത്. മറ്റുള്ളവരെ ബഹുമാനിക്കരുതെന്നല്ല. ദയവായി കൊയ്യാനും മെതിക്കാനും പോകൂ, അല്ലെങ്കിൽ അവരുടെ ട്രേഡ് യൂണിയനിൽ പ്രവർത്തിക്കൂ. അങ്ങനെയൊന്നും ചെയ്യാതെ വ്യതിയാനപരമായ സാമൂഹിക നീതിയുടെ പ്രചരണമാണ് നടക്കുന്നത്. ഞാൻ അതിനെ എതിർക്കുകയല്ല. പക്ഷേ അതുകൊണ്ട് യഥാർത്ഥ സാമൂഹിക നീതി കൈവരിക്കാനുള്ള പോരാട്ടത്തിന് ആളുണ്ടാവില്ലെന്ന് പറഞ്ഞുവെന്നുമാത്രമേയുള്ളൂ. ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ശ്രീ. പി. ടി. തോമസ്, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചു.

പ്രൊഫ. കെ. യു. അരുണൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

പ്രൊഫ. കെ. യു. അരുണൻ : സർ. ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : പ്രൊഫ. കെ. യു. അരുണൻ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2016-ലെ കേരള ഷോപ്പ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്കെടുക്കുന്നു.

<u>രണ്ടാം വകുപ്പ്</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

121. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (ജി)-ൽ " രണ്ട് " എന്ന വാക്കിനുപകരം "ഒരു" എന്ന വാക്ക് ചേർക്കുക.

146. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (ജി)-ൽ " ഒരാനുകൂല്യവും കൈപ്പറ്റിയിട്ടില്ലാത്ത പക്ഷം " എന്ന വാക്കുകൾ ഒഴിവാക്കുക.

151. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (ജി)-ൽ " മാത്രം " എന്ന വാക്കിനുപകരം "മുഴുവൻ" എന്ന വാക്ക് ചേർക്കുക.

160. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (എച്ച്)-ൽ " അടച്ച തുക " എന്നതിനുശേഷം "മുഴുവൻ " എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

123. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(4) (ജി)-ൽ "രണ്ടു വർഷമെങ്കിലും" എന്നത് "ഒന്നര വർഷമെങ്കിലും" എന്ന് മാറ്റുക.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

129. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (4) (ജി) - ൽ " സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ " എന്നത് "സർക്കാർ - അർദ്ധസർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ " എന്ന് മാറ്റുക.

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

132. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (4) (ജി) - ൽ " അർദ്ധസർക്കാർ " എന്നതിന് ശേഷം " പൊതുമേഖലാ " എന്ന് ചേർക്കുക.

133. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (4) (ജി) - ൽ " അർദ്ധസർക്കാർ " എന്നതിന് ശേഷം "സ്ഥാപനങ്ങളിലോ മറ്റേതെങ്കിലും സ്വകാര്യ സ്ഥാപനങ്ങളിലോ " എന്ന് ചേർക്കുക.

137. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (4) (ജി) - ൽ " സ്ഥാപനങ്ങളിൽ " എന്നതിനുശേഷം "സ്ഥിരമായി " എന്ന് ചേർക്കുക.

148. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (4) (ജി) - ൽ " തൊഴിലാളി വിഹിതമായി " എന്നതിന് പകരം " അംശദായമായി " എന്ന് ചേർക്കുക.

155. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (4) (എച്ച്) - ൽ " ലഭിക്കുവാൻ അർഹതയില്ലാതെ" എന്നീ വാക്കുകൾക്ക് പകരം "ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കാലയളവിന് മുൻപ് " എന്നീ വാക്കുകൾ ചേർക്കുക.

159. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (4) (എച്ച്) - ൽ " അടച്ച തുക " എന്നതിനുശേഷം "മാത്രം " എന്ന് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

135. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (4) (ജി) - ൽ " അർദ്ധസർക്കാർ " എന്ന വാക്കിനു ശേഷം "സ്വകാര്യ" എന്ന വാക്ക് ചേർക്കുക.

സർ, ഇതിനകത്ത് ഒരു പ്രധാനപ്പെട്ട പ്രശ്നമുണ്ട്. സർക്കാർ-അർദ്ധസർക്കാർ

സ്ഥാപനങ്ങളിൽ ജോലി കിട്ടിയവർക്ക് മാത്രമാണ് ഈ പൈസ റീ-ഇംബേഴ്സ് ചെയ്ത് കൊടുക്കുന്നത്. അത് ഡിസ്ക്രിമിനേഷനാണ്. വേറെ ഏതെങ്കിലും സെക്ടറിൽ ജോലി കിട്ടുന്ന ആൾക്ക് പൈസ കൊടുക്കില്ല എന്നാണതിന്റെ അർത്ഥം. അത് clear case of discrimination ആണ്. അതുകൊണ്ട് "സ്വകാര്യ സ്ഥാപനങ്ങൾ" എന്നുകൂടി ചേർക്കണം.

<u>ശ്രീ. പി. ടി. തോമസ്</u> : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

136. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (4) (ജി)-ൽ " സ്ഥാപനങ്ങളിൽ " എന്നത് "സ്ഥാപനത്തിൽ " എന്ന് മാറ്റുക.

144. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (4) (ജി)-ൽ " ഒരാനുകൂല്യവും " എന്നതിന് പകരം "യാതൊരാനുകൂല്യവും " എന്ന് ചേർക്കുക.

149. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (4) (ജി) - ൽ " വിഹിതമായി അടച്ച തുക മാത്രം " എന്നതിന് പകരം " വിഹിതമായി അടച്ച തുകയും പൊതുമേഖലാ ബാങ്കിൽ നിലവിലുള്ള സേവിംഗ്സ് അക്കൗണ്ടിന്റെ പലിശയും ചേർന്ന തുക മാത്രം" എന്ന് ചേർക്കുക.

157. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (4) (എച്ച്) - ൽ " അംശദായമായി അടച്ച തുക നൽകുന്നതിന് " എന്നീ വാക്കുകൾക്കു പകരം " അംശദായമായി അടച്ച തുകയും പൊതുമേഖലാ ബാങ്കിൽ നിലവിലുള്ള സേവിംഗ്സ് അക്കൗണ്ടിന്റെ പലിശയും ചേർന്ന തുക നൽകുന്നതിന് " എന്ന് ചേർക്കുക.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

156. ഖണ്ഡം 2 മുഖേന പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 (4) (എച്ച്)-ൽ " നിധിയിലേക്ക് അംശദായമായി അടച്ച തുക " എന്നതിനുപകരം "നിധിയിലേയ്ക്ക് അംശദായമായി അടച്ച തുക കാലാകാലങ്ങളിൽ പ്രസ്തുത തുകയ്ക്കുള്ള സേവിംഗ്സ് അക്കൗണ്ട്

പലിശസഹിതം " എന്ന് ചേർക്കുക.

മി. സ്പീക്കർ: 122, 138, 140, 143 എന്നീ നമ്പർ ഭേദഗതികൾ 121, 137, 139, 142 എന്നീ നമ്പർ ഭേദഗതികൾക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ശ്രീ. വി. ഡി. സതീശൻ പറഞ്ഞതിനെക്കുറിച്ച് എനിക്ക് തോന്നുന്നത് സർക്കാർ സർവ്വീസിൽ കയറിയാൽ നിയമപരമായി തുക അവർക്ക് കിട്ടില്ല, മറ്റ് തൊഴിൽ വിഭാഗത്തിൽ പോയാൽ അങ്ങോട്ട് ട്രാൻസ്ഫർ ചെയ്യാൻ പ്രൊവിഷൻ ഉണ്ട് എന്നതാണ്. ഇപ്പോൾ നമുക്കത് ഉൾക്കൊള്ളിക്കാനാവില്ല. ഇപ്പോൾ നമുക്ക് ഈ ബിൽ പാസ്സാക്കാം. എന്തുകൊണ്ടാണ് അങ്ങനെ വന്നതെന്ന് ഭാവിയിൽ നോക്കാം. അത് അവതരിപ്പിച്ച കാലത്തുതന്നെ ഇങ്ങനെയാണ് വന്നത്. സബ്ജക്ട് കമ്മിറ്റി ഭേദഗതി ചെയ്തു, കൂടുതലായിട്ടൊന്നും വന്നിട്ടില്ല.

മി. സ്പീക്കർ : ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 121, 146, 151, 160 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 132, 133, 137, 148, 155, 159 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 136, 144, 149, 157 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ ......

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

108. പീഠികയിൽ " അറുപത്തിയേഴാം" എന്നത് "അറുപത്തിയെട്ടാം"എന്ന് മാറ്റുക.

115. ഖണ്ഡം 1 (1)-ൽ " 2016 " എന്നത് " 2017 " എന്ന് മാറ്റുക.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

107. പീഠികയിൽ "യുക്തമായിരിക്കുകയാൽ" എന്നത് "യുക്തമായിരിക്കുമെന്ന്" എന്ന് മാറ്റുക.

113. പീഠികയിൽ "താഴെ പറയും" എന്നത് "ഇനി പറയും" എന്ന് മാറ്റുക.

120. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക.

" ഇത് സർക്കാർ ഗസറ്റിൽ പ്രസിദ്ധം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിക്കേണ്ടതില്ല. ശുദ്ധിപത്രം പുറപ്പെടുവിച്ച സാഹചര്യത്തിൽ 106-ാം നമ്പർ ഭേദഗതി ക്രമപ്രകാരമല്ല. 109, 110, 111, 112 എന്നീ നമ്പർ ഭേദഗതികൾ 108-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്. 114-ാം നമ്പർ ഭേദഗതി 113-ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്. 116, 117, 118, 119 എന്നീ നമ്പർ ഭേദഗതികൾ 115- ാം നമ്പർ ഭേദഗതിക്ക് തുല്യമാണ്. മിനിസ്റ്റർ, ഏതെങ്കിലും ഭേദഗതി അംഗീകരിക്കുന്നുണ്ടോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 108, 115 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു.

മി. സ്പീക്കർ : ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 108, 115 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 107, 113, 120 എന്നീ

നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ .......

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, 2016- ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2016- ലെ കേരള ഷോപ്പ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ .......

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

(iv) 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ

അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, എം.എൽ.എ.മാരുടെ സ്റ്റാഫിൽ നിയമിതരായ ജീവനക്കാരുടെ അലവൻസും എം.എൽ.എ.-മാരുടെ വാഹന വായ്പയും ഭവനവായ്പയും വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട രണ്ട് ഭേദഗതികളാണ് ഈ ബില്ലിലുള്ളത്. ജീവനക്കാർക്ക് നിലവിലുള്ള അലവൻസ്, മാസം 12500 രൂപ എന്നുള്ളത് 20000 രൂപയായി വർദ്ധിപ്പിക്കുകയാണ്. എം.എൽ.എ.-മാരുടെ വാഹന വായ്പ 5 ലക്ഷം രൂപ എന്നുള്ളത് 10 ലക്ഷം രൂപയായും ഭവനവായ്പ 10 ലക്ഷം രൂപ എന്നുള്ളത് 20 ലക്ഷം രൂപയായും വർദ്ധിപ്പിക്കുകയാണ്.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

## 2-ഉം 3-ഉം വകുപ്പുകൾ

(ഭേദഗതിയില്ല)

മി. സ്പീക്കർ: 2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ....

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഞാൻ ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു. ഇത് ഇഫക്റ്റിൽ വരുന്ന ഒരു തീയതിയെ സംബന്ധിച്ചാണ്.

ഒന്നാം ഖണ്ഡത്തിലെ (2)-ാം ഉപഖണ്ഡത്തിന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കേണ്ടതാണ്

" (2) Section 3 shall be deemed to have come into force on the 20th day of June 2016 and the remaining Section shall come into force at once" .

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2017-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

## VIII അവകാശലംഘന പ്രശ്നങ്ങൾ

### ചെയറിന്റെ പരിഗണനയിലിരിക്കുന്നവ

1) 13-3-2017-ൽ സ്പീക്കർ നിയമസഭയിൽ നൽകിയ റൂളിംഗിന്റെ പേരിൽ സ്പീക്കറെ ആക്ഷേപിച്ചുകൊണ്ടും അന്യായമായ പക്ഷപാതം ആരോപിച്ചുകൊണ്ടും നിയമസഭാ സ്പീക്കർ എന്ന പദവിയെ മനഃപൂർവ്വം ഇകഴ്ത്തുന്ന തരത്തിലും അവമതിപ്പ് ഉണ്ടാകുന്ന തരത്തിലുമുള്ള പരാമർശങ്ങൾ അന്നേ ദിവസം 8.30 മണിക്ക് മാതൃഭൂമി ചാനലിൽ സംപ്രേഷണം ചെയ്ത പരിപാടിയിൽ ഉള്ളതായി ആരോപിച്ചുകൊണ്ട് പ്രസ്തുത പരിപാടിയിൽ പങ്കെടുത്തവർക്കും മറ്റ് ബന്ധപ്പെട്ടവർക്കുമെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സുരേഷ് കുറുപ്പ് ചട്ടം 155 പ്രകാരം നോട്ടീസ് നൽകിയിരുന്നു. നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

2) പതിനാലാം കേരള നിയമസഭയുടെ നടപ്പുസമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1645-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടി മനഃപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ആരോപിച്ചുകൊണ്ട് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കെതിരെ അവകാശ ലംഘന പ്രശ്നം ഉന്നയിക്കാൻ അനുമതി നൽകണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജ് ചട്ടം 155 പ്രകാരം നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

## IX പ്രമേയം

### സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ

ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ.കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചു.

## X അവലോകനം

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....,

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. ഫെബ്രുവരി മാസം 23-ാം തീയതി ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് ഈ സമ്മേളനം ആരംഭിച്ചത്. 2017-18 വർഷത്തെ ബജറ്റ് മാർച്ച് 3-ാം തീയതി സഭയിൽ അവതരിപ്പിക്കപ്പെട്ടു.

നാലാം സമ്മേളനം ആകെ 15 ദിവസമാണ് സമ്മേളിച്ചത്. അതിൽ ഗവൺമെന്റ് കാര്യങ്ങൾക്കായി 4 ദിവസവും അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി ഒരു ദിവസവും വിനിയോഗിച്ചു. ധനവിനിയോഗ ബില്ലുകളടക്കം 8 ബില്ലുകൾ ഈ സമ്മേളനത്തിൽ പാസ്സാക്കുകയും 2017-ലെ കേരള ധനകാര്യ ബിൽ സഭയിൽ അവതരിപ്പിക്കുകയും ചെയ്തു. 12 അടിയന്തര പ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസ് സഭ പരിഗണിച്ചു. 390 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 4205 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 45 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. 24 ശ്രദ്ധ ക്ഷണിക്കൽ നോട്ടീസുകളിലൂടെയും 136 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു. ചട്ടം 300 അനുസരിച്ച് സമ്മേളനക്കാലയളവിൽ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ഒരു പ്രസ്താവന നടത്തുകയുണ്ടായി. തങ്ങളുടെ വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും യഥാസമയം മറുപടി നൽകിക്കൊണ്ട് ബഹു. വൈദ്യുതി, ജലവിഭവം, കൃഷി, പൊതുമരാമത്തും രജിസ്ട്രേഷനും, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും എന്നീ വകുപ്പുമന്ത്രിമാർ മാതൃകാപരമായ ഒരു സമീപനമാണ് കൈക്കൊണ്ടത് എന്ന് അറിയിക്കുവാൻ ചെയറിന് അങ്ങേയറ്റത്തെ സന്തോഷമുണ്ട്. ഇക്കാര്യത്തിൽ അവരെ അനുമോദിക്കുകയും ചെയ്യുന്നു. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ മേൽ സൂചിപ്പിച്ച വകുപ്പുമന്ത്രിമാരുടെ മാതൃക എല്ലാ മന്ത്രിമാരും സ്വീകരിക്കേണ്ടതാണെന്നും ഇനിയും

മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായ മറുപടി ചട്ടം അനുശാസിക്കുന്ന വിധം യഥാസമയം ലഭ്യമാക്കാൻ ബഹുമാനപ്പെട്ട മന്ത്രിമാർ ശ്രദ്ധിക്കണമെന്നും ചെയർ ഓർമ്മിപ്പിക്കുന്നു. ചോദ്യങ്ങളുടെ നോട്ടീസിന്റെ രജിസ്ട്രേഷൻ മുതലുള്ള എല്ലാ ജോലികളും LAIS (Legislative Assembly Interpellation System) വഴി പൂർണ്ണമായി ഓൺലൈനായാണ് നിർവ്വഹിച്ചത്. സർവ്വശ്രീ തോമസ് ചാണ്ടി, കെ. എം. മാണി, പി. ജെ. ജോസഫ്, സി. എഫ് തോമസ്, റോഷി അഗസ്റ്റിൻ, മോൻസ് ജോസഫ്, ഒ. രാജഗോപാൽ, ഇ. കെ. വിജയൻ, വി. ടി. ബൽറാം, എ. പി. അനിൽ കുമാർ, പി. കെ. ബഷീർ, ഡോ. എൻ. ജയരാജ് എന്നീ സാമാജികർ നാന്നൂറിലേറെ നോട്ടീസുകൾ ഓൺലൈനായി സമർപ്പിച്ചിരുന്നു. പ്രസ്തുത അംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നതോടൊപ്പം എല്ലാ അംഗങ്ങളും LAIS പ്രയോജനപ്പെടുത്തണമെന്ന് ഈ അവസരത്തിൽ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്താൻ ചെയർ ആഗ്രഹിക്കുന്നു.

ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെതിരെ ഉയർന്നുവന്ന വധഭീഷണിക്കെതിരേയും കോട്ടയം ജില്ലയിലെ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും രണ്ട് പ്രമേയങ്ങൾ ഈ സമ്മേളനത്തിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

നിയമസഭാംഗമായി 50 വർഷം പൂർത്തീകരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എം. മാണിയെ 15-3-2017-ന് സഭ അനുമോദിക്കുകയുണ്ടായി. കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടനവും നിയമസഭാംഗങ്ങൾക്കായുള്ള മൊബൈൽ ആപ്ലിക്കേഷന്റെ ലോഞ്ചിംഗും ഈ സമ്മേളനകാലത്തു തന്നെ നിർവ്വഹിക്കാൻ കഴിഞ്ഞു.

ഇ. അഹമ്മദ്, പി. വിശ്വംഭരൻ, ഹമീദലി ഷംനാദ്, എൻ.സി. സത്യപാലൻ എന്നീ മുൻ സാമാജികരുടേയും ഫിഡൽ കാസ്ട്രോ, ജെ. ജയലളിത, ഡോ. എം. ബാലമുരളീകൃഷ്ണ എന്നീ മഹദ് വ്യക്തിത്വങ്ങളുടെയും നിര്യാണത്തിൽ സഭ അനുശോചനം രേഖപ്പെടുത്തുകയുണ്ടായി.

ഈ സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച സഭാനേതാവിനോടും മറ്റു മന്ത്രിമാരോടും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും മറ്റെല്ലാ അംഗങ്ങളോടും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടത്തിപ്പിനായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയറ്റിലേതടക്കമുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യ മാധ്യമ

പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ...ഓർഡർ..... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയ ഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.38-ന് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No.600/Table-1/2017/Leg.

Dated, Thiruvananthapuram, 16th March, 2017

In exercise of the powers conferred by sub-clause (a) of clause (2) of Article 174 of the Constitution of India, the Governor of the State of Kerala hereby prorogues the Fourth Session of the Fourteenth Kerala Legislative Assembly with effect from March 16, 2017 at the conclusion of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണർ പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനം 2017 മാർച്ച് 16-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതുമുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

V.K. BABU PRAKASH,

Secretary